032.3M961:13
F8.2

MURUGAN BINDING
WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

032:3M961:13/F8.2
NARAYANA PILLAI.
Amirhamsa.

94235

MUL
094235

DOCTRINA-VIM-PROMOVET INSITAM

Madras University Library.

Call Number 032:3M961:13 F8.2

Accession Number 94235

Available for loan from

This book should be returned on or before the date last marked below.

O. 61

# അമീർഹംസ

## രണ്ടാം ഭാഗം.

പരിഭാഷകൻ:—

എം. ആർ. നാരായണപിള്ള.

പ്രകാശകന്മാർ:—

കെ. ആർ. ബ്രദർസ്,

ഒന്നാംപതിപ്പ്—കോപ്പി 400.

കെ. ആർ. ബ്രദർസ് അച്ചുക്കൂടം,

കോഴിക്കോട്.

1936.

V. BOOK DEPOT & PRINTING WORKS
PRINTERS, PUBLISHERS
BOOK SELLERS ETC.
TRIVANDRUM, TRICHUR.

22 MAR 19
94235
032: 3M961:13
F8·2

# അമീർഹംസ.

## രണ്ടാം ഭാഗം.

### പതിന്നാലാം അദ്ധ്യായം.

വേട്ടയ്ക്കെന്ന വ്യാജേന വനയാത്ര പുറപ്പെട്ട നൌഷർവാൻബാദുഷാ നാല്പതു ദിവസം കഴിഞ്ഞശേഷം തന്റെ രാജധാനിയായ മദായിൻപട്ടണത്തിൽ മടങ്ങി എത്തി. പട്ടണം ആകമാനം അലങ്കോലമായി കിടക്കുന്ന കാഴ്ച കണ്ടപ്പോൾതന്നെ അദ്ദേഹത്തിന് അടക്കവഹിയാത്ത ഖേദം ജനിച്ചു. കൊട്ടാരത്തിനകത്തു കടന്നു പരിശോധിച്ചപ്പോൾ അവിടെ ആരെയും കാണ്മാനില്ലായിരുന്നു. എന്നു മാത്രമല്ല, സിംഹാസനം തുടങ്ങിയുള്ള സാധനസാമഗ്രികളെല്ലാം താറുമാറാക്കി ഇട്ടിരിക്കുന്നതായും സൈന്യത്താവളം ശൂന്യമായി കിടക്കുന്നതായും കണ്ടു. തന്റെ കൊട്ടാരമായിരുന്നുവോ എന്നുപോലും സംശയം ജനിക്കത്തക്കവിധം അതു അത്ര ശോച്യമായ ഒരവസ്ഥയിലാക്കി ഇട്ടിരിക്കുന്നതു കണ്ട നൌഷർവാൻബാദുഷായ്ക്കു ദുഃഖം അതീവ വളർന്നു കണ്ണുകൾരണ്ടും അശ്രുസമ്പൂർണ്ണമായി. അദ്ദേഹം അടുത്തുനിന്നിരുന്ന ബുസർജംഹറിനെ നോക്കി തൊണ്ടയിടറി ഇങ്ങിനെ പറഞ്ഞു. "പ്രിയഗുരോ! ഈ ദയനീയഘട്ടത്തിൽ ഞാൻ എന്താണു ചെയ്യുക. എനിക്കിങ്ങിനെ ഒരവസ്ഥ വന്നുചേർന്നുവല്ലോ. ഈ വിധം ഒരു കാഴ്ച കാണ്മാനിടയായതിൽ എനിക്കടക്കവഹിയാത്ത സങ്കടമുണ്ട്. അന്നൊരിക്കൽ ഞാൻ കണ്ട സ്വപ്നവും അതിന് അങ്ങു പറഞ്ഞ ഫലവും ഇപ്പോൾ ഇതാ ഫലിച്ചിരിക്കുന്നു. അതിൽ ദുഃഖഘട്ടം ഇങ്ങിനെ കഴിഞ്ഞു. ഇനി ബാക്കിയുള്ള സന്തോഷാവസരം എനിക്കെപ്പോഴാണാവോ ഉണ്ടാകാൻ പോകുന്നതു്?".

ബുസർ:—അങ്ങ് ഇതേപ്പററിയൊന്നും ചിന്തിച്ചു ദുഃഖിക്കുകയേ വേണ്ട. വരാനുള്ളതെല്ലാം വന്നു തീരുകതന്നെ വേണം. ഇതെല്ലാം ദൈവസങ്കല്പങ്ങളാണ്. അങ്ങേയ്ക്കു സന്തോഷജനകമായ സംഗതിയും അടുത്തുതന്നെ വരുന്നുണ്ട്. ആ വർത്തമാനം ഇന്നല്ലെങ്കിൽ അടുത്ത ദിവസം അറിയാം. അതുവരെ സമാധാനമായിരിക്കുക. ഇപ്പോഴുള്ള ദുഃഖമെല്ലാം അതോടുകൂടി നിശ്ശേഷം അസ്തമിച്ചുപോകും.

ഈ ഭാഗം ഇങ്ങിനെ നിൽക്കട്ടെ. ബാദുഷ വേട്ടയ്ക്കു പോയിരുന്ന അവസരത്തിൽ ഹസ്സാംകൈബറുമായുള്ള യുദ്ധത്തിൽ ഏററുപെട്ടു മരണം പ്രാപിച്ചവരൊഴിച്ചു ബാക്കി ജീവരക്ഷാർത്ഥം ഓടിപ്പോയ ബാദുഷയുടെ ഭടന്മാരിൽ ഒരു കൂട്ടർ ബഹത്തക് എന്നയാളുടെ സമീപത്തിൽ ചെന്നു വസ്തുതകളെല്ലാം ഗ്രഹിപ്പിച്ചശേഷം ഇങ്ങിനെ പറഞ്ഞു:—"പ്രഭോ! ഇതു മാതിരി ഘോരമായ സമരവും മററനർത്ഥങ്ങളുമെല്ലാമുണ്ടാകുവാൻ പ്രധാന കാരണം ആ ബുസർജംഹർ ഒരുവനാണ്. ബാദുഷയെ വേട്ടയ്ക്കായി ഇവിടെനിന്നും അയാൾ പറഞ്ഞയയ്ക്കാതിരുന്നുവെങ്കിൽ ഹസ്സാമിനു നമ്മുടെ രാജ്യം കൈവശമാക്കുവാനോ ഇവിടെ ഇതുമാതിരിയുള്ള നാശങ്ങൾ ചെയ്വാനോ സാധിക്കുമായിരുന്നില്ല. നമ്മുടെ ആളുകളിൽ അധികപക്ഷവും മരിച്ചു. ബാക്കി ശേഷിച്ചവരിൽ അനേകം പേരെയും അവർ തടവുകാരാക്കി കൊണ്ടുപോകയുംചെയ്തു. തടവിൽപെട്ടവർ ഇപ്പോൾ അനുഭവിച്ചുവരുന്ന സങ്കടങ്ങളെപ്പററി ഓർത്താൽ ആർക്കുംതന്നെ അശേഷം മനസ്സമാധാനമുണ്ടാകയില്ല. നമ്മെയെല്ലാം മനഃപൂർവ്വം നശിപ്പിക്കണമെന്നുള്ള വൈരാഗ്യത്തോടുകൂടിയായിരിക്കണം ബുസർജംഹർ കരുതിക്കൂട്ടി ഈ പ്രവൃത്തി ചെയ്തിട്ടുള്ളതു്. അതുകൊണ്ടു ഞങ്ങൾക്കുവേണ്ടി അങ്ങു ബാദുഷയോടു് ഈ സംഗതികളെല്ലാം പറഞ്ഞു് എന്തെങ്കിലും ഒരു നിവാരണമാർഗ്ഗമുണ്ടാക്കിത്തരണം."

ഈ അവസരത്തിൽ നൌഷർവാൻബാദുഷയുടെ പരിചാരകന്മാരിൽ ഒരുവൻ അദ്ദേഹത്തിന്റെ മുൻപിൽ വലിയ തിടുക്കത്തിൽ ഓടി എത്തി അദ്ദേഹത്തെ അഭിവന്ദിച്ചശേഷം തലകുനിച്ചുനിന്നു. ഇതുകണ്ടു ബാദുഷ അവനോടു് "നീ ഇത്ര ബദ്ധപ്പെട്ടു് ഓടി എത്തിയ കാരണം എന്താണ്? വിശേഷാൽ വല്ല സംഗതിയും ധരിപ്പിക്കേണ്ടതായിട്ടുണ്ടോ?" എന്നു ചോദിച്ചു. അതിന്നു് "അല്ലയോ ബാദുഷ! നമ്മുടെ ഈ മദായിൻപട്ടണത്തെ കീഴ്പ്പെടുത്തി എഴുപതിനായിരത്തിലധികരിച്ച നമ്മുടെ സൈന്യങ്ങളേയും ബന്ധിച്ചു ജയഭേരി മുഴക്കിപ്പോയ ആ ഹസ്സാമെന്നവനെ അമിർഹംസയെന്നയാൾ വഴിക്കുവെച്ചെതിർത്തു കൊലപ്പെടുത്തുകയും അതിന്നടയാളമായി അവന്റെ ശിരസ്സു വെട്ടിയെടുത്തു് മക്ബൂൽ എന്ന മഹാൻവശം കൊടുത്തു് ഹസ്സാമിനാൽ ബന്ധനസ്ഥനാക്കപ്പെട്ടിരുന്ന നമ്മുടെ ഭടന്മാരോടൊന്നിച്ച് ഇങ്ങോട്ടയയ്ക്കുകയും ചെയ്തിരിക്കുന്നു. ഹസ്സാം കീഴ്പ്പെടുത്തി ബന്ധിച്ച നമ്മുടെ എല്ലാ സൈന്യനായകന്മാരേയും അദ്ദേഹം സ്വതന്ത്രരാക്കി വിട്ടിരിക്കുന്നു. ഈ സന്തോഷവർത്തമാനവുംകൊണ്ടു വന്നിരിക്കുന്ന മക്ബൂൽ എന്നയാൾ അമിർഹംസയുടെ പ്രധാന സ്നേഹിതന്മാരിൽ ഒരാളാണ്" എന്നു് അവൻ മറുപടി പറഞ്ഞു.

ഈ വൎത്തമാനം നൌഷർവാനെ എത്രകണ്ടു സന്തോഷഭരിതനാക്കിത്തീൎത്തുവെന്നു പറയേണ്ടതില്ലല്ലൊ. നൌഷർവാൻബാദുഷ പെട്ടെന്നു് ഇരിപ്പിടം വിട്ടു ചാടി എണീററു തന്റെ ഗുരുഭൂതനും ഉപദേഷ്ടാവുമായ ബുസർജംഹറിന്റെ അടുക്കൽ എത്തി അദ്ദേഹത്തിന്റെ മാറിൽ കെട്ടി അണഞ്ഞു സന്തോഷാശ്രുക്കൾ പുറപ്പെടുവിച്ചശേഷം വസ്തുതകളെല്ലാം അദ്ദേഹത്തെ ഗ്രഹിപ്പിക്കുകയും തന്റെ മന്ത്രിമുഖ്യന്മാർ തുടങ്ങിയുള്ള ഉദ്യോഗസ്ഥന്മാരെ അയച്ചു് മക്ബൂൽകൂട്ടരെ ആദരപൂർവ്വം സ്വീകരിച്ചുകൊണ്ടുവരുന്നതിലേക്കു വേണ്ട ഏൎപ്പാടുകൾ ചെയ്യണമെന്നു ശട്ടംകെട്ടുകയും ചെയ്തു.

ബാദുഷ കല്പിച്ചതനുസരിച്ചു ബുസർജംഹർ ബാദുഷയുടെ സഭാംഗങ്ങളായ ഉദ്യോഗസ്ഥന്മാരെയും, വേണ്ട അനുചരന്മാരെയും, മക്ബൂലിനേയും ആൾക്കാരേയും സ്വീകരിച്ചുകൊണ്ടു വരുന്നതിലേക്കായി നിയോഗിച്ചയച്ചു. വിവരമറിഞ്ഞു പരമസന്തുഷ്ടന്മാരായിത്തീൎന്ന അവരെല്ലാം അടുത്ത മാത്രയിൽതന്നെ വേണ്ട ഒരുക്കങ്ങളോടുകൂടി പുറപ്പെട്ടു തങ്ങളുടെ രാജ്യാതിൎത്തിയിൽ എത്തി മക്ബൂലും സംഘവും വന്നു ചേരുന്നതുവരെ കാത്തുനിന്നു് ഒടുവിൽ അവരോടുകൂടി ബാദുഷയുടെ കൊട്ടാരത്തിൽ വന്നുചേൎന്നു. മക്ബൂൽ ആദ്യമായി നൌഷർവാന്റെ സിംഹാസനത്തിനടുത്തുചെന്നു രാജവിധിപ്രകാരമുള്ള ആചാരോപചാരങ്ങൾ ചെയ്തു് അദ്ദേഹത്തെ വന്ദിച്ചശേഷം അമീർ കൊടുത്തയച്ചിരുന്ന എഴുത്തു് ഭക്തിബഹുമാനാദികളോടുകൂടി അദ്ദേഹത്തിന്റെ പക്കൽ കൊടുത്തു. നൌഷർവാൻ അത്യന്തം സന്തോഷത്തോടുകൂടി അതിനെ വാങ്ങി പൊളിച്ചു വായിച്ചു വസ്തുത ഗ്രഹിച്ചശേഷം ബുസർജംഹറിന്റെ കൈക്കൽ ഏല്പിച്ചു് ഈ സംഗതി തന്റെ രാജ്യത്തുള്ള എല്ലാ ജനങ്ങളേയും അറിയിക്കണമെന്നേൎപ്പാടു ചെയ്തു. അമീർഹംസയുടെ എഴുത്തു വായിച്ചു വിവരമറിഞ്ഞപ്പോൾ ബാദുഷയുടെ സഭയിൽ കൂടിയിരുന്ന ബുസർജംഹറിനു വിപരീതം പ്രവൎത്തിക്കണമെന്നു കരുതിയ കൂട്ടർ, ഇളിഭ്യന്മാരായിത്തീൎന്നുപോയി. കൂടാതെ ഈ വിജയത്തെ അഭിനന്ദിച്ചു മംഗളധ്വനികൾ മുഴക്കുകയും ചെയ്തു. അനന്തരം നൌഷർവാൻ മക്ബൂലിനു് അനവധി വിലപിടിച്ച സമ്മാനങ്ങളെല്ലാം കൊടുത്തു തൃപ്തിപ്പെടുത്തി, മദായിൻ വിട്ടുപോകുന്നതുവരെ എല്ലാ ദിവസവും തന്റെ ഡർബാറിൽ വരണമെന്നും ആജ്ഞാപിച്ചു. തന്നെ കാണുന്നതിലേക്കായി മക്ബൂൽ ഏതവസരത്തിൽ വന്നാലും യാതൊരു തടസ്സവും പറയാതെ അദ്ദേഹത്തെ അകത്തു കടത്തി വിടണമെന്നു കൊട്ടാരം ഉദ്യോഗസ്ഥന്മാർക്കും ബാദുഷ പ്രത്യേകം ആജ്ഞ കൊടുത്തു.

മക്ബൂൽ മദായിൻപട്ടണത്തിൽ എത്തി ബാദുഷായെ സന്ദർശിച്ച ദിവസംമുതൽ അതിവിശേഷമായ ഒരു പക്ഷി ബാദുഷയുടെ തോട്ടത്തിൽ

പതിവായി വന്നിരിക്കുന്നതിനെ നാട്ടുകാരിൽ പലരും കൊട്ടാരം ഉദ്യോഗസ്ഥന്മാരെല്ലാവരും കാണുകയും അത്യന്തം അതിശയിക്കുകയും ചെയ്തു. ആ പക്ഷിയുടെ കണ്ഠത്തിൽ കൃഷ്ണവർണ്ണമുള്ള ഒരു സർപ്പം ചുററിയിരുന്നിരുന്നു എന്നുള്ളതായിരുന്നു അതിനുള്ള പ്രത്യേകവിശേഷം. ആളുകളുടെ ശ്രദ്ധ അതിൽ സവിശേഷം പതിയുവാനുണ്ടായ കാരണവും ഇതായിരുന്നു. ഈ സംഗതി ഉദ്യോഗസ്ഥന്മാർ ബാദുഷയ്ക്കറിവുകൊടുത്തു. വിവരമറിഞ്ഞ ബാദുഷ കുറേനേരം ചിന്താഗ്രസ്തനായിരുന്നശേഷം ഇങ്ങിനെ പറഞ്ഞു. "ആ പക്ഷി നമ്മുടെ തോട്ടത്തിൽ വന്നുചേർന്നിരിക്കുന്നതു അതിനു നേരിട്ടിട്ടുള്ള വലുതായ സങ്കടം ഹേതുവാലായിരിക്കണം. അതുകൊണ്ടു കഴിയുന്നതുംവേഗത്തിൽ അതിൻെറ കഴുത്തിൽ ചുററിയിരിക്കുന്ന ആ പാമ്പിനെ അസ്ത്രമെയ്തു കൊന്നു് അതിനെ രക്ഷിക്കണം. അസ്ത്രപ്രയോഗത്തിൽ അത്രമാത്രം വൈദഗ്ദ്ധ്യമുള്ളവരായി ഇവിടെ ആരെങ്കിലുമുണ്ടെങ്കിൽ അവർ എണീററു എൻെറ മുൻപാകെ വരട്ടെ".

ബാദുഷയുടെ സദസ്സിൽ അസ്ത്രപ്രയോഗവിദഗ്ദ്ധന്മാരായ അനവധി ആളുകൾ ഉണ്ടായിരുന്നുവെങ്കിലും പക്ഷിക്കു യാതൊരു പരുക്കുമേൽക്കാതെ പാമ്പിനെ മാത്രം എയ്തുമുറിക്കുവാനുള്ള ധൈര്യം ആർക്കുമുണ്ടായില്ല. അവർ ഓരോരുത്തരും അന്യോന്യം നോക്കിയിരുന്നു് അതുമിതുമാലോചിച്ചു സമയം കളഞ്ഞതല്ലാതെ ആരും എഴുനേററതുമില്ല. ഇങ്ങനെ കുറച്ചുനേരം കഴിഞ്ഞു എന്നുകണ്ടപ്പോൾ ചുണക്കുട്ടിയായ മക്ബൂൽ ഇരിപ്പിടംവിട്ടു ചാടിഎണീററു ബാദുഷയുടെ സമീപമടുത്തു് അദ്ദേഹത്തിൻെറ പാദത്തിൽ തൊട്ടുവന്ദിച്ചുശേഷം ഇങ്ങിനെ പറഞ്ഞു. "ബഹുമാനപ്പെട്ട ബാദുഷ! ആ പക്ഷിക്കു യാതൊരു പരുക്കുമേൽക്കാതെ അതിൻെറ കഴുത്തിൽ ബന്ധിച്ചുകിടക്കുന്ന പാമ്പിനെ ഞാൻ തൽസ്ഥാനത്തു നിന്നും എയ്തു മാററാം". മക്ബൂലിൻെറ ധൈര്യപൂർവ്വമായ ഈ വാക്കു ബാദുഷയെ അതിററം സന്തോഷിപ്പിച്ചു. അനന്തരം ബാദുഷയുടെ അനുവാദം വാങ്ങിക്കൊണ്ടു മക്ബൂൽ ഉദ്യാനത്തിലേക്കു തിരിച്ചു. മക്ബൂലിൻെറ ഈ ഒരുമ്പാടിൽ അസൂയാലുക്കളായിത്തീർന്നിരുന്ന രാജഭടന്മാരും അവിടെ നടക്കുവാൻ പോകുന്ന സംഭവങ്ങൾ കാണ്മാനായി അദ്ദേഹത്തെ അനുഗമിച്ചു. മക്ബൂൽ ഉദ്യാനത്തിൽ എത്തി ഒരു നീളമുള്ള വടിയെടുത്തു് അതിൻെറ അററത്തിൽ ഒരു കണ്ണാടി വച്ചുകെട്ടി രാജഭടന്മാരിൽ ഒരുവൻെറ പക്കൽ കൊടുത്തിട്ടു് അതിനെ പക്ഷിയുടെ പ്രതിച്ഛായ പതിഞ്ഞുകാണത്തക്ക വിധത്തിൽ ഉയർത്തിപ്പിടിക്കുവാൻ പറഞ്ഞു. ഇതിൻെറ രഹസ്യം എന്താണെന്നറിയാതെ കാണികളെല്ലാം വളരെ ആശ്ചര്യപ്പെട്ടു. മക്ബൂലിൻെറ ആജ്ഞാനുസരണം ഭടൻ ആ കണ്ണാടി ഉയർത്തിപ്പിടിച്ചു. അപ്പോൾ പക്ഷിയുടെയും പാമ്പിൻെറയും രൂപം എല്ലാവർക്കും നല്ലതുപോലെ അതിൽ

കാണാമായിരുന്നു. പാമ്പിന്റെ രൂപം കണ്ണാടിയിൽ പ്രതിഫലിച്ചു കണ്ടപ്പോൾ അതു തന്റെ ശത്രുവായ മററവല്ല പാമ്പായിരിക്കുമെന്നുള്ള വൈരാഗ്യത്തോടുകൂടി യഥാർത്ഥപാമ്പു പെട്ടെന്നു തലയുയർത്തി ഫണം വിടർത്തുകൊണ്ടു കണ്ണാടിയിൽതന്നെ ദൃഷ്ടിയുറപ്പിച്ചു നിലയായി. ഈ തക്കത്തിൽ വില്ലാളിവീരനായ മക്ബൂൽ ഒരസ്ത്രംതൊടുത്തു പാമ്പിന്റെ ശിരസ്സിനെ ലക്ഷ്യമാക്കി എയ്യുകയും പക്ഷികൾ യാതൊരു പരുക്കുമേല്ക്കാതെ അസ്ത്രമൊന്നിച്ചു പാമ്പു പാഞ്ഞു ദൂരത്തുപോയിവീണു ചാകുകയും ചെയ്തു. മക്ബൂലിന്റെ ബുദ്ധിപൂർവ്വമായ ഈ പ്രവൃത്തികണ്ടു ജനങ്ങളെല്ലാം വളരെ സന്തോഷിക്കുകയും അദ്ദേഹത്തെ അഭിനന്ദിക്കുകയും ചെയ്തു. ബാദുഷ അനവധി വിലയേറിയ രത്നങ്ങളും പട്ടുവസ്ത്രങ്ങളും അദ്ദേഹത്തിനു സമ്മാനം നൽകി. അനന്തരം ബാദുഷ, മക്ബൂലിനെ യാത്രയയയ്ക്കുവാനുള്ള ഒരുക്കങ്ങൾ കൂട്ടിത്തുടങ്ങി. അദ്ദേഹം, അമീറിന്റെ എഴുത്തിനു മറുപടി എഴുതി അതും മററു പലേ വിലയുയർന്ന പദാർത്ഥങ്ങളും ബഫ്ത്തക്കിന്റെ പക്കൽ കൊടുത്തിട്ട് അയാളോടിങ്ങനെ പറഞ്ഞു. "ഈ എഴുത്തും സാമാനങ്ങളും നമ്മുടെ പ്രധാന സൈന്യാധിപന്മാരായ സക്കാൺ, ഹൂറാൻ എന്നിവരുടെ പക്കൽ കൊടുത്ത് അമീർവശം കഴിയുന്നത്ര വേഗത്തിൽ കൊണ്ടുചെന്നെത്തിക്കുവാൻ ഏർപ്പാടുചെയ്യണം".

കപടതന്ത്രപടുവായ ബഫ്ത്തക് അങ്ങിനെതന്നെയെന്നു സമ്മതിച്ചു ബാദുഷയോടു യാത്രപറഞ്ഞു പിരിഞ്ഞശേഷം അമീറിനുള്ള എഴുത്തു പൊളിച്ച് അതിൽ ബാദുഷ എന്താണെഴുതിയിരിക്കുന്നതെന്നു പരിശോധിക്കുവാൻ തുടങ്ങി. ആ എഴുത്തിൽ ഇങ്ങിനെയാണെഴുതിയിരുന്നത്. "അല്ലയോ വീര്യപരാക്രമിയായ അമീർ! നീ ഇപ്പോൾ എനിക്കുവേണ്ടി ചെയ്തിരിക്കുന്ന അളവററ സഹായം നിന്നെ ഞാൻ ദത്തുപുത്രനായി സ്വീകരിച്ചതിനുള്ള യഥാർത്ഥമായ കടമയെ നിർവ്വഹിച്ചിരിക്കുന്നു. എന്റെ പോയ്പ്പോയ അഭിമാനത്തേയും യശസ്സിനേയും എന്നെന്നേക്കുമായി വീണ്ടെടുത്തുതന്നു എന്നെ സഹായിച്ചതിനു ഞാൻ നിനക്കെന്തുതന്നെ തന്നാലും മതിയാകുന്നതല്ല. എങ്കിലും എന്നാൽ കഴിവുള്ളിടത്തോളമുള്ള ചില സമ്മാനങ്ങൾ ഇതാ എന്റെ സൈന്യാധിപന്മാരായ സക്കാൺ, ഹൂറാൻ എന്നീ രണ്ടുപേരുടേയും പക്കൽ കൊടുത്തയയ്ക്കുന്നു. ഇവ സ്വീകരിച്ചുകൊണ്ടു ഹസ്സാമിൽനിന്നും വീണ്ടെടുത്തിട്ടുള്ള എന്റെ കിരീടവുമായി നീ എത്രയും വേഗത്തിൽ ഇവിടെ വന്നു ചേരണം. നിന്റെ കോമളവദനം കാണ്മാൻ എന്റെ നയനങ്ങൾ കൊതിക്കുന്നു." എഴുത്തുവായിച്ചതിന് എന്തൊക്കെയോ ആലോചിച്ചുകൊണ്ടു നിന്നശേഷം ബഫ്ത്തക് ഈ എഴുത്ത് അപഹരിച്ചുകൊണ്ടു അമീറിനായി മറെറാരെഴുത്തെഴുതി. അതിങ്ങനെയായിരുന്നു. "എടാ അറബി! നിന്റെ വർഗ്ഗക്കാരായ സകല അറബികളേയും സഹകരിക്കണ

മെന്നുള്ള വൈരാഗ്യം എന്നിൽ അംകുരിച്ചിട്ടു കുറെകാലമായി. അതിലേക്കു ള്ള ശരിയായ ഒരവസരം കിട്ടാതെ ഞാൻ വിഷാദിച്ചിരിക്കയുമായിരുന്നു. എന്നാൽ നീ ഇപ്പോൾ എന്റെ ശത്രുവായ ഹസ്സാമിനെ വധിച്ച് എന്റെ ശ്രമത്തെ ലഘൂകരിച്ചിരിക്കയാൽ ഞാൻ ആദ്യത്തെ ആ സ്ഥിരനിശ്ചയ ത്തെ ഭേദപ്പെടുത്തിയിരിക്കുന്നു. നീ ചെയ്ത ഉപകാരത്തിനു സമ്മാനമായി ചില വിലപിടിച്ച പദാൎത്ഥങ്ങൾ എന്റെ പ്രധാന സൈന്യാധിപന്മാരും ഫയൽമാന്മാരുമായ ഹുറാണു, സക്കാൺ എന്നിവരുടെ പക്കൽ കൊടുത്തയയ്ക്കുന്നു.”

ബഹ്തക് ഈ എഴുത്തും മററു സമ്മാനപദാൎത്ഥങ്ങളും സൈന്യാധിപന്മാരുടെ പക്കൽ കൊടുത്തു ബാദുഷയുടെ ആജ്ഞയനുസരിച്ച് അമീറി ന്റെ സമീപത്തിലേക്കയച്ചു.

ഇനി നമുക്ക് അമീറിനെത്തന്നെ അനുഗമിക്കാം. അദ്ദേഹം ഹസ്സാ മിനെ വധിച്ചു ജയഭേരി മുഴക്കിക്കൊണ്ടു മെക്കയിലേക്കു തിരിച്ചുവല്ലൊ. പോകുംവഴി രാഫിൽ എന്നു പേരായ അത്യുന്നതവും അഭേദ്യവുമായ ഒരു മലക്കോട്ടയുടെ സമീപം ചെന്നുചേൎന്നു. അവിടെ ആദി എന്നു പേരോടു കൂടിയ ഒരുവൻ അനേകായിരം ഭടന്മാരോടുകൂടി മരായിൻ കവൎച്ചചെയ്തു മതിമറന്നുവരുന്ന ഹസ്സാമിനോട് ഒരു കൈ നോക്കണമെന്നുള്ള വൈരാഗ്യ ത്തോടും അതിനുള്ള മുൻകരുതലുകളോടുംകൂടി കാത്തിരിക്കുന്നുണ്ടായിരുന്നു. ഹസ്സാമും കൂട്ടരും ഇതുവഴിക്കുതന്നെ വരുമെന്നു അയാൾക്കു നിശ്ചയമുണ്ടാ യിരുന്നു. എന്നാൽ അമീർ ഹസ്സാമുമായി എതിരിട്ടതും വിജയം നേടിയതു മായ വസ്തുതകളൊന്നും അയാൾ മനസ്സിലാക്കിയിരുന്നുമില്ല. ഹസ്സാം വ ന്നിച്ച ഒരു മേതാവാരത്തിനാൽ അയാളോടെതിരിടത്തക്ക കരുക്കളെല്ലാം ആദി കരുതിയിരുന്നു. പതിനെണ്ണായിരം ആൾക്കാരോടുംകൂടി അയാൾ പാതയരുകിലുള്ള ഒരു കാട്ടിൽ ഹസ്സാമിന്റെ വരവിനെത്തന്നെ പ്രതീക്ഷി ച്ചുകൊണ്ടു ഒളിഞ്ഞിരിക്കുകയായിരുന്നു. അപ്പോൾ അയാളാൽ മുൻകൂട്ടി നിയോഗിച്ചിരുന്ന ഒരുവൻ ഓടിവന്ന് ഇങ്ങിനെ അറിയിച്ചു. “നാം കാ ത്തിരിക്കുന്ന ഹസ്സാമെന്നവനേയും സൈന്യങ്ങളേയും അമീർ എന്നു പേരോ ടുകൂടിയ ഒരു അറബി നശിപ്പിച്ച് അവരുടെ പക്കലുണ്ടായിരുന്ന വസ്തുവക കളെല്ലാം കൈക്കലാക്കിക്കൊണ്ടു മെക്കയിലേക്കു പോകുവാനായി ഇതാ ഇതുവഴിക്കു വരുന്നുണ്ടു.” ഇതുകേട്ട് ആദി വല്ലാതെയൊന്നാശ്ചൎയ്യപ്പെട്ടു എങ്കിലും അയാൾ ഉത്തരക്ഷണത്തിൽതന്നെ ആശ്വാസചിത്തനായി. “അതിനെന്താണ്? ഹസ്സാമായാലും അമീറായാലും നമുക്കു തുല്യംതന്നെ. എങ്ങിനെയും നാം ഉദ്ദേശിച്ചിട്ടുള്ള വക നമുക്കു കിട്ടണം. അതു് ഇന്നാരിൽ നിന്നുമേ ആകാവൂ എന്നില്ല” എന്നു പറഞ്ഞിട്ടു അയാൾ തന്റെ കൂട്ടുകാ രെയെല്ലാം ഒന്നുകൂടി ഊൎജ്ജിതപ്പെടുത്തിയിരുന്നു.

അധികം താമസിയാതെതന്നെ അമീറും സംഘവും ഈ സ്ഥലത്തു വന്നുചേൎന്നു. ഇടുങ്ങിയതും സഞ്ചാരത്തിനു വൈഷമ്യമേറിയതുമായിരുന്ന ഇവിടത്തെ പാതകളിൽകൂടി കടന്നുപോകുന്നതിനു അമീറിനും കൂട്ടൎക്കും അത്ര എളുപ്പത്തിൽ സാധിക്കുകയില്ലെന്നും ഇവിടെവെച്ചു നിശ്ചയമായും അവരെ തങ്ങൾക്കു കീഴ്പെടുത്തി ഉദ്ദിഷ്ടം നിറവേററാമെന്നുമായിരുന്നു ആദി തീൎച്ചയാക്കിയതു്. മാൎഗ്ഗക്ലേശത്താൽ അമീർ വിഷമിക്കുന്നുണ്ടെന്നു കണ്ടപ്പോൾ ആദി തന്റെ കൂട്ടത്തിൽനിന്നും ഒരുവനെ അവിടത്തെ സ്ഥിതിഗതികൾ അറിഞ്ഞു വരുന്നതിലേക്കും തങ്ങളുടെ ഉദ്ദേശം ഗ്രഹിപ്പിക്കുന്നതിലേക്കുമായി പറഞ്ഞയച്ചു. അയാൾ അമീറിന്റെ സമീപം എത്തി അദ്ദേഹത്തോടു സധൈൎയ്യം ഇങ്ങനെ പറയാൻ തുടങ്ങി. "ഹേ അറബി! ബലശാലിയായ ഹസ്സാമിനോടെതിരിടുവാനും അയാളെ കവൎച്ചചെയ്യാനുമായി ഞങ്ങൾ ഇവിടെ കാത്തിരിക്കുകയായിരുന്നു. അങ്ങിനെയിരിക്കെ നിങ്ങൾ അയാളെയും കൂട്ടരെയും വധിച്ചു് അവരുടെ സകല വസ്തുവകകളും സ്വാധീനമാക്കിക്കളഞ്ഞു. യഥാൎത്ഥത്തിൽ അവരുടെ സ്വത്തിനെല്ലാം ഞങ്ങളാണവകാശികൾ. എന്നാൽ ഞങ്ങളുടെ ശ്രമത്തെ നിങ്ങൾ ലഘൂകരിക്കുക നിമിത്തം അതിൽ പകുതി നിങ്ങൾ എടുത്തുകൊള്ളുക. ബാക്കി പകുതി, വേഗം ഞങ്ങൾക്കു തന്നു ഞങ്ങളുടെ ബാദ്ധ്യത തീൎക്കുക. അങ്ങിനെ ചെയ്താൽ യാതൊരുപദ്രവവും കൂടാതെ നിങ്ങൾക്കു നിങ്ങളുടെരാജ്യത്തു ചെന്നുചേരാം. അല്ലാത്തപക്ഷം ആ സ്വത്തു മുഴുവൻ ഞങ്ങൾ ബലം പ്രയോഗിച്ചു കൈക്കലാക്കുമെന്നു മാത്രമല്ല, നിങ്ങളുടെ വകയായിട്ടുള്ളതുകൂടിയും പിടിച്ചെടുത്തു വിടും. അതുകൊണ്ടു് ഉപദ്രവങ്ങൾക്കൊന്നും ഇടവരുത്തിവയ്ക്കാതെ വേഗം പറഞ്ഞപ്രകാരം കാൎയ്യങ്ങൾ നിറവേററുക".

അയാളുടെ ഈ വാക്കുകൾ കേട്ടു് അമീർ പൊട്ടിച്ചിരിച്ചുപോയി. അനന്തരം അദ്ദേഹം പറയാൻ തുടങ്ങി. "ഹേ മനുഷ്യ! നിങ്ങൾ എന്താണു പറയുന്നതു്. കഴിയുന്നത്ര സമാധാനമായും സന്തോഷമായും കാൎയ്യങ്ങൾ നേടണമെന്നാണു ഞങ്ങളുടെ മോഹം. സമാധാനമായി വേർപിരിയണമെന്നുള്ള ആശ നിങ്ങൾക്കുണ്ടെങ്കിൽ ആകാം. അതല്ല, യുദ്ധം നടത്താനാണൊരുക്കമെങ്കിൽ ഞങ്ങളും തയാർതന്നെ. ആയുധങ്ങളെല്ലാം ഞങ്ങളുടെ പക്കൽ തയാറുണ്ടു്. ന്യായം വിട്ടു പ്രവൎത്തിക്കുന്ന കൂട്ടരല്ല ഞങ്ങൾ. ഈ വിവരം നീ നിന്റെ സംഘനേതാവിനോടു പറയുക".

അമീറിന്റെ സംസാരരീതിയും സ്വഭാവഗുണവും മനസ്സിലാക്കിയ ആ മനുഷ്യനു് അദ്ദേഹത്തിന്റെ പേരിൽ എന്തോ വലുതായ ഒരു ബഹുമാനം അയാളറിയാതെതന്നെ ഉണ്ടായിപ്പോയി. അയാൾ അമീറിനെ വിനയപുരസ്സരം വന്ദിച്ചു യാത്ര ചോദിച്ചുകൊണ്ടു് ആദിയുടെ സമീപത്തിലേക്കു നടന്നു. അവിടെ ചെന്നു വസ്തുതകളെല്ലാം അയാൾ ആദിയെ

അറിയിച്ചു. അനന്തരം അയാൾ വീണ്ടും സംസാരം തുടൎന്നു. "പ്രഭോ! അദ്ദേഹം ഞാൻ വിചാരിക്കുന്ന തരത്തിലൊന്നുമുള്ള ഒരാളല്ല. നമ്മുടെ ജീവിതകാലമത്രയും തെരഞ്ഞു നടന്നാലും അദ്ദേഹത്തെപ്പോലെ ഉദാരമനസ്സനും യുദ്ധതന്ത്രനിപുണനുമായ ഒരാളെ നമുക്കു കണ്ടുകിട്ടുന്നതുമല്ല. ലോകം മുഴുവൻ അടക്കിഭരിക്കത്തക്ക പ്രാപ്തിയും വൈഭവവുമുള്ള ഒരു ദിവ്യപുരുഷനാണദ്ദേഹം. അതുകൊണ്ട് അദ്ദേഹവുമായി പിണക്കത്തിനിട കൊടുക്കാതെ അനുകൂലിച്ചുനിന്നു വേണ്ടതു പ്രവൎത്തിച്ചാൽ നമുക്കു രക്ഷയുണ്ട്. അല്ലാത്തപക്ഷം നമ്മെയെല്ലാം അദ്ദേഹം നശിപ്പിച്ചു നാമാവശേഷമാക്കിത്തീൎക്കുന്നതിനും പുറമേ നമ്മുടെ രാജ്യവും സ്വാധീനപ്പെടുത്തിക്കളയുന്നതാണ്."

ധീരപരാക്രമിയായ ആദി ഈ വാക്കുകൾ കേട്ടതോടുകൂടി രോഷാന്ധനായി ഭവിക്കുകയാണു ചെയ്യുന്നത്. അമീറിനോട് ഒരു ശരിയായ യുദ്ധം തന്നെ നടത്തി തന്റെ സാമൎത്ഥ്യം പ്രകടിപ്പിക്കുവാൻ അയാൾ തീൎച്ചയാക്കി വേണ്ട ഒരുക്കങ്ങൾ ധ്രുതഗതിയിൽ ആരംഭിച്ചു. പിറേറദിവസം പ്രഭാതമായതോടുകൂടി അയാൾ പതിനെണ്ണായിരം ഭടന്മാരോടുകൂടി യുദ്ധസന്നദ്ധനായി അമീറും കൂട്ടരും താവളമുറപ്പിച്ചിരിക്കുന്ന സ്ഥലത്തിനു സമീപം ചെന്നെത്തി. ആദിയുടെ യുദ്ധോദ്യമത്തെപ്പററി ഗ്രഹിച്ചതോടുകൂടി അമീറും അവനോടു ശരിയായ ഒരു സമരം നടത്തണമെന്നുതന്നെ തീൎച്ചയാക്കി തന്റെ സൈന്യബലത്തേയും ഉറപ്പിച്ചു ശരിയാക്കി. താമസം വിനാ രണ്ടു സംഘങ്ങളും യുദ്ധത്തിനു വേണ്ട എല്ലാ ഒരുക്കങ്ങളോടുംകൂടി തയാറായി നിന്നു. അമീറിനെ ദൂരത്തുകണ്ടപ്പോൾ ആദി കോപം സഹിക്കവഹിയാതെ മദയാനയെപ്പോലെ ഇളകിയാടി തന്റെ കുതിരയെ അതിവേഗത്തിൽ അടിച്ചുതുരത്തി അദ്ദേഹത്തിന്റെ ഏററവും സമീപത്തു വന്നു നിന്നു. ലേശവും ഭയസങ്കോചം കൂടാതെ അവൻ ധൈൎയ്യപൂൎവ്വം അമീറിന്റെ സമീപം എന്തിനും സന്നദ്ധനായി ആയുധപാണിയായി വന്നുനിന്നതുകണ്ടപ്പോൾ, അമീറിന്റെ സൈന്യങ്ങൾ ആകമാനം അവന്റെ അസാമാന്യമായ കായശക്തിയിൽ ഭയപ്പെട്ടുപോയി. ക്രമാതീതമായ ഉയരവും ഘനവും അവന്റെ രൂക്ഷാകൃതിക്ക് ഒന്നുകൂടി ശക്തിവൎദ്ധിപ്പിച്ചിരുന്നതിനാൽ അവനെ ഒരു മനുഷ്യനാണെന്നുതന്നെ വിശ്വസിക്കുവാനുള്ള ശക്തി എതിർസംഘത്തിനുണ്ടായില്ല. സമൎത്ഥനായ ഉമറിനുതന്നെയും ആദിയുടെ അപ്പോഴത്തെ ഒരുമ്പാടിൽ ഭയമുണ്ടായിപ്പോയി. അയാൾ അമീറിനോടു പറഞ്ഞു. "സ്നേഹിതാ! ഇതേവരെ, തന്നെ ജയിച്ചുപോകത്തക്ക ഒരു ശത്രു ലോകത്തൊരിടത്തുമില്ലെന്നുള്ള ധൈൎയ്യം നിങ്ങൾക്കുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അതെല്ലാം അസ്തമിച്ചു പോകുമെന്നാണു തോന്നുന്നത്. യുദ്ധംചെയ്തു ജയംനേടാൻ നിങ്ങൾ പ്രാപ്തനാകുമോ എന്നു

നിങ്ങളാരെതന്നെയും സംശയമുള്ളതായിട്ടാണ നിങ്ങളുടെ ഇപ്പോഴത്തെ ഭാവംകൊണ്ടു ഞാൻ ഊഹിക്കുന്നതു്". ഉമറിന്റെ ഈ വാക്കുകൾ കേട്ടു് അമീർ ഉച്ചത്തിൽ ചിരിച്ചുപോയി. 'ഉമർ! ഇത്രയും നാളുകളായിട്ടും നിനക്കെന്നെ മനസ്സിലാകുവാൻ കഴിഞ്ഞിട്ടില്ലെന്നുതോന്നുന്നു. ശക്തിയിലും പരാക്രമത്തിലും എത്രത്തോളം മേൽത്തരമായ ഒരു പ്രതിയോഗിയെ ലഭിക്കുന്നുവോ അത്രമാത്രം എനിക്കു സന്തോഷവും ഉത്സാഹവും ഊർജ്ജിതവും ഏറുന്നതാണെന്നു നീ മനസ്സിലാക്കിയിട്ടില്ലായിരിക്കാം. ദൈവസഹായം എന്നിലുള്ളിടത്തോളം എനിക്കധൈര്യമോ വിജയത്തിൽ സംശയമോ ഇല്ല' എന്നുപറഞ്ഞുകൊണ്ടു തന്റെ കുതിരയെ ആദിയുടെ മുന്നിലേക്കു പായിച്ചു. സിയാദ് എന്ന ആ കുതിര ആദിയുടെ കുതിരാഭിമുഖമായി നന്നേ ചേർന്നുനിലകൊണ്ടു. ഉടനെതന്നെ അമീർ തന്റെ ഇടത്തുകൈയിലിരുന്ന ഒരു പരിശകൊണ്ടു് ആദിയുടെ കുതിരയെ ശക്തിമത്താംവിധം താഴോട്ടു് ഒന്നമർത്തി. അതോടുകൂടി കുതിര പാദത്തോളം താഴ്ന്നു. അമീറിന്റെ തള്ളൽമൂലമുണ്ടായ വേദന സഹിക്കവഹിയാതെ ആ കുതിര ശരീരംമുഴുവൻ കുടഞ്ഞുതുടങ്ങി. കൈകാൽ ബലഹീനങ്ങളായിത്തീരുകനിമിത്തം അതു നില്ക്കുവാൻതന്നെ നിവ്വാഹമില്ലാതെ കുഴഞ്ഞുപോയി. അതോടുകൂടി അമീറിന്റെ ശക്തിയിൽ ആദിക്കു ശരിയായ ഒരു മതിപ്പുണ്ടായി. അനന്തരം അവൻ 'ഒരസാമാന്യശക്തനാണിവനെന്നതിൽ തെല്ലും സംശമില്ല' എന്നു മനസ്സിൽ കരുതിക്കൊണ്ടു് അമീറിനോടിങ്ങനെ പറഞ്ഞു. "അല്ലയോ യുവാവേ! നിങ്ങൾക്കു് എത്രത്തോളം ശക്തിയുണ്ടെന്നു ഞാൻ മനസ്സിലാക്കിക്കഴിഞ്ഞു. അതിനാൽ നിങ്ങളുടെ പേരെന്താണെന്നും രാജ്യം ഏതാണെന്നുംഅറിഞ്ഞാൽകൊള്ളാമെന്നാശിക്കുന്നു. എന്തുകൊണ്ടെന്നാൽ, നിങ്ങളെപ്പോലെ ധീരപരാക്രമികളായിട്ടുള്ള ഫയൽമാന്മാർ ഊരുംപേരുമറിയാതെ എന്റെ കൈയാൽ നശിക്കുന്നതു് എനിക്കത്ര ഇഷ്ടമല്ല. നിങ്ങൾ കാഴ്ചയിൽ ബഹുസുമുഖനായുമിരിക്കുന്നു. ധൈര്യത്തിലും അഗ്രിമൻ. അങ്ങിനെയുള്ള നിന്നെ കൊലപ്പെടുത്തുന്നതിലും എനിക്കു നല്ല തൃപ്തിയില്ല. അതു് എന്റെ പേരിനുതന്നെയും ഒരു വലിയ കളങ്കമായി തീർന്നേക്കാൻ ഇടയുണ്ടു്".

അമീർ:—ഹേ മനുഷ്യ! ഒരു യഥാർത്ഥധീരന്റെ പേർ, അവൻ കൈയിൽ ധരിച്ചിരിക്കുന്ന വാളിന്റെ പിടിയിലും വില്ലിന്റെ മദ്ധ്യത്തിലും അസ്ത്രത്തിന്റെ അഗ്രത്തിലും എഴുതിപ്പതിച്ചിട്ടുണ്ടായിരിക്കുമെന്നുള്ള വസ്തുത നിങ്ങൾ ഗ്രഹിച്ചിട്ടില്ലേ? ഇല്ലെങ്കിൽ ഇപ്പോൾതന്നെ ഞാൻ മനസ്സിലാക്കിത്തരാം. നിന്റെ ബലവീര്യപരാക്രമങ്ങളും വെട്ടു്, കുത്തു്, അടി, ഇടി മുതലായവകളുടെ മാതൃകകളും മനസ്സിലാക്കാനായിട്ടാണ ഞാനിപ്പോൾ ഇവിടെ വന്നിരിക്കുന്നതു്. അതുകൊണ്ടു

നിന്റെ ആവക വൈദഗ്ദ്ധ്യത്തെ ഇവിടെ അല്പം പ്രദർശിപ്പിക്കുക. ഞാൻ ഒന്നുകാണട്ടെ. നിന്റെ വാളെവിടെ? അതെടുത്തൊന്നു വീശുക. സാമർത്ഥ്യം ഞാനൊന്നുനോക്കട്ടെ.

ആദി:— (കോപം അടക്കവഹിയാതെ, ആയുധങ്ങളിൽ ഒന്നായ കരിശ്ശു വലിച്ചെടുത്തു ചുഴററി, അമീറിന്റെ ശിരസ്സിനെ ലക്ഷ്യമാക്കി ഓങ്ങിക്കൊണ്ടു്) എടാ ധിക്കാരിയായ യുവാവേ! ഇതാ ഈ അടിയോടുകൂടി നിന്റെ ജീവിതം അവസാനിക്കുവാൻപോകുന്നു. നിന്റെ ഹൃദയത്തിൽ തിങ്ങിനിറഞ്ഞിരിപ്പുള്ള ജീവിതാശ ഈ നിമിഷത്തിൽ കലാശിക്കും. ഇതിൽനിന്നും നിശ്ചയമായും നീ രക്ഷപ്പെടുകയില്ല. (എന്നു പറഞ്ഞു അടിക്കുവാനായി ഭാവിച്ചു.)

അമീർ ഒരു പുഞ്ചിരിയോടുകൂടി ആദിയുടെ കൈയിൽ ഒന്നുതട്ടി. ആയുധം ദൂരെത്തെറിച്ചുവീണു. അതൊന്നും താനത്രഗൗനിക്കുന്നില്ല എന്നുള്ള നാട്യത്തിൽ അമീർ അയാളോടു പറഞ്ഞുതുടങ്ങി. "നിനക്കിനിയും പലേ വേലകളും അറിവുണ്ടല്ലോ. അതിൽ ഏതെങ്കിലുമൊന്നുകൂടി കാണിക്കുക. സംശയിക്കേണ്ടാ. നിന്റെ അടി ഇത്തവണയും ഞാൻ തടുക്കുവാൻ ശക്തനാകുന്നപക്ഷം ഒരു പുതിയതരം അടി നിനക്കു ഞാൻ കാണിച്ചുതരാം." അമീറിന്റെ ഈ പരിഹാസപൂർവ്വമായ വാക്കുകൾ കേട്ടുകൊണ്ടു നില്ക്കുവാൻ ആദി ശക്തനായില്ല. അവന്റെ കോപം പൂർവ്വാധികം ഉജ്വലിച്ചുതുടങ്ങി. അമീറിനോടു യാതൊരു പ്രത്യുത്തരവും പറയാതെ അവൻ തന്റെ കുതിരയെ അങ്ങോട്ടുമിങ്ങോട്ടുമൊന്നു ചാടിച്ചുവീണ്ടും അമീറിന്റെ സമീപം ചേർന്നുനിന്നു് ഒരൊററ വെട്ടോടുകൂടി അമീറിനെ കൊലപ്പെടുത്തണമെന്നുതന്നെ തീർച്ചയാക്കി വാൾ വലിച്ചൂരിയെടുത്തു് അമീറിന്റെ ശിരസ്സിനെ ലക്ഷ്യമാക്കി ഒരു വെട്ടുവെട്ടി. എന്നാൽ ആ വെട്ടേല്ക്കും മുമ്പേതന്നെ അമീർ അവന്റെ ഉയർത്തിയ കൈ താഴാത്ത മട്ടിൽ ഒരു കൈകൊണ്ടു് പിടിച്ചു ബലപ്പെടുത്തിനിർത്തി. അനന്തരം മററെ കൈകൊണ്ടു് അദ്ദേഹം അവന്റെ അരപ്പട്ടമേലും കടന്നുപിടിച്ചു. കാര്യം അപകടത്തിലായെന്നു കണ്ടപ്പോൾ ആദി തന്റെ സകല ശക്തിയും പ്രയോഗിച്ചു അമീറിനോടു പലേ തന്ത്രങ്ങളും എടുത്തുനോക്കി. ഇതെല്ലാം കണ്ടുകൊണ്ടു ദൂരത്തു നിന്നിരുന്ന ഉമർ ക്ഷണത്തിൽ ഇവരുടെ സമീപം ഓടിഅടുത്തു് തന്റെ സ്വതസ്സിദ്ധമായ വിനോദസ്വരത്തിൽ ഇങ്ങിനെ പറഞ്ഞു. "അല്ലേ ഫയൽമാന്മാരെ! നിങ്ങളെന്തു കളിയാണു കളിക്കുന്നതു്. മാടുകൾ തമ്മിൽകൂടി ഇടിക്കുന്ന മാതിരിയാണോ പ്രസിദ്ധ പരാക്രമികളായ നിങ്ങൾതമ്മിൽ യുദ്ധം നടത്തേണ്ടതു്? ഇതു വലിയ പോരായ്മതന്നെ. നിങ്ങളുടെ ബലാബലം പരീക്ഷിച്ചറിയുംമുമ്പേതന്നെ നിങ്ങളുടെ കുതിരകളുടെ നട്ടെല്ലുകൾ ഒടിഞ്ഞു് അവ താഴെ വീഴുമെന്നു തോന്നുന്നു. അന്യോന്യമുള്ള ബലപരീക്ഷ

നടത്താനാണു ഭാവമെങ്കിൽ നിങ്ങൾ ഈ സാധുകുതിരകളെ ഉപദ്രവിക്കാതെ താഴത്തിറങ്ങിനിന്നു തല്ലുകയോ പരിക്ഷിക്കുകയോ എന്തെങ്കിലും ചെയ്യുവിൻ."

ഉമറിൻെറ വാക്കനുസരിച്ച് അമീറും ആദിയും ഉടൻതന്നെ തങ്ങളുടെ കുതിരകളെ വിട്ടു താഴത്തിറങ്ങി അന്യോന്യം സമരത്തിനുഭാവിച്ചു. അപ്പോൾ ആദി അമീറിനോടിങ്ങിനെ പറഞ്ഞു. "വെട്ടിലും കുത്തിലും നാം നമ്മുടെ സാമൎത്ഥ്യം ശരിയായി പ്രയോഗിച്ചുകഴിഞ്ഞു. അതിൽ നാം രണ്ടാളും തുല്യ യോഗ്യന്മാർതന്നെ. അതുകൊണ്ട് ഇനി നമുക്കു നമ്മുടെ ബലപരീക്ഷ ചെയ്യുവാൻ പററിയ മല്ലയുദ്ധംതന്നെ തുടങ്ങിക്കളയാം."

അമീർ:—നിങ്ങളുടെ ഇഷ്ടം ഏതോ അതുപ്രകാരം ചെയ്യുവാൻ ഞാൻ തയാർതന്നെ. എന്തുയുദ്ധം വേണമെങ്കിലും ഞാൻ നടത്താം. മല്ലയുദ്ധമെങ്കിൽ മല്ലയുദ്ധം എന്നു പറഞ്ഞു പല്ലമറി ഗംഭീരമായ ഒരു ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് കാൽ തമ്മിൽ പിണച്ചു താഴത്തിരുന്നുകൊടുത്തു. ആദി പഠിച്ചവിദ്യ പതിനെട്ടും പയററിനോക്കി. അമീറിനെ തള്ളിമലൎത്തുവാൻ അയാൾ അശക്തനായിത്തീൎന്നു. ഒടുവിൽ ക്ഷീണിച്ച്, നില്ക്കുവാൻ നിവൃത്തിയില്ലാതെ അയാൾ അമീറിനോടു പറഞ്ഞു. "ഞാൻ എൻെറ ശക്തി മുഴുവൻ പ്രയോഗിച്ചിട്ടും താങ്കളെ മലൎത്തുവാൻ സാധിക്കുന്നില്ല. എൻെറ ശരീരത്തിലുള്ള രോമകൂപങ്ങളിൽ നിന്നും രക്തം ചിന്നുന്നതുവരെ ഞാൻ ശ്രമിച്ചിട്ടും താങ്കളോടുയാതൊന്നും സാധിച്ചില്ല; മേലാൽ സാധിക്കുന്നതുമല്ല. അതുകൊണ്ട് ഇനി ഞാൻ ഇരിക്കാം. നിങ്ങൾ എന്നെ മലൎത്തുക."

അമീർ അതുപ്രകാരം സമ്മതിച്ചു അദ്ദേഹം ഉടൻതന്നെ ആദിയെ ഇരുത്തി പിടിച്ചുപിടിയാൽ അരക്കെട്ടിൽ തൂക്കിയെടുത്തു തലയ്ക്കുമേൽ ഉയൎത്തി നാലഞ്ചുകറക്കി. കാണികളെല്ലാം ഇതുകണ്ടു ആൎത്തട്ടഹസിച്ചു. അമീർ അയാളെ താഴത്തടിക്കുവാനായി ഓങ്ങിക്കൊണ്ട് ഇങ്ങിനെ ചോദിച്ചു. "ധൈൎയ്യപരാക്രമിയായ ആദി! ഇതാ നിന്നെ ഞാൻ നിലത്തടിച്ചു കൊല്ലുവാൻ പോകുന്നു. നിനക്കെന്തെങ്കിലും പറയുവാനുണ്ടോ? നിനക്കിനി എന്തെങ്കിലും അഭിലാഷം സാധിക്കേണ്ടതായുണ്ടോ?"

വിഭ്രാന്തചിത്തനായിത്തീൎന്ന ആദി ഇങ്ങിനെ സമാധാനം പറഞ്ഞു. "പ്രഭോ! അറിവില്ലായ്മയാൽ ഞാൻ ചെയ്തുപോയ അപരാധങ്ങളെല്ലാം ക്ഷമിച്ചു എനിക്കു മാപ്പുതരണം. ഞാൻ ഈ നിമിഷം മുതൽ അങ്ങയുടെ ഒരു വിനീതനായ അടിമയാണ്. അങ്ങ് എന്താജ്ഞാപിക്കുന്നുവോ അതുപ്രകാരം പ്രവൎത്തിക്കുവാൻ ഞാൻ തയാറുമാണ്."

ഉദാരമനസ്കനായ അമീർ, ആദിയെ പെട്ടെന്നു താഴത്തിറക്കി. അയാൾ അളവററ ഭക്തിബഹുമാനാദികളോടുകൂടി അമീറിൻെറ പാദ

ത്തിൽവീണു നമിക്കുകയും മാപ്പപേക്ഷിക്കുകയും ചെയ്തു. അനന്തരം ആദി അമീറിനേയും അദ്ദേഹത്തിന്റെ ആൾക്കാരേയും കൂട്ടിച്ചു തന്റെ കോട്ടയ്ക്കുള്ളിൽ കൊണ്ടുപോയി ബഹുമാനപൂർവ്വം ഉപചരിച്ചു. അമീർ അത്യന്തം സന്തുഷ്ടനായും തീൎന്നു. കൂടാതെ അദ്ദേഹം പലേ വിലയുയൎന്ന സാധനങ്ങളും അവൎക്കു സമ്മാനിച്ചു.

ഇങ്ങിനെ രണ്ടുമൂന്നുദിവസം കഴിഞ്ഞു അമീറിനും കൂട്ടൎക്കും സ്വദേശത്തേക്കു പുറപ്പെടുവാനുള്ള ബദ്ധപ്പാടായി. അപ്പോൾ അമീർ ആദിയെ അടുക്കൽവിളിച്ചുപറഞ്ഞു. “അല്ലയോ ആദി! നിങ്ങളെല്ലാവരും വളരെ സന്തോഷത്തോടും സമാധാനത്തോടും കൂടി ഇവിടെത്തന്നെ വസിക്കുക. ഞങ്ങൾക്കു സ്വദേശത്തേക്കു പുറപ്പെടുവാനുള്ള സമയംഅധികരിച്ചിരിക്കുന്നു. ഇനി ഞങ്ങൾക്കു ഒട്ടുംതന്നെ ഇവിടെ താമസിക്കുവാൻ നിവൃത്തിയില്ല. ഞങ്ങളുടെ മാതാപിതാക്കന്മാരെല്ലാം ഞങ്ങളെ കാണ്മാനുള്ള ആസ്ഥയോടുകൂടി കാത്തിരിക്കുകയാണ്. അതിനാൽ ഞങ്ങളെ പോകാനനുവദിക്കുക.”

ആദി:—പ്രഭോ! അങ്ങയുടെ ഒരെളിയ അടിമയായ എന്നെ ഇവിടെ ഉപേക്ഷിച്ചുപോകയോ? എന്നെക്കൂടി ഒന്നിച്ചു കൊണ്ടുപോകുന്നതിനു മടിക്കുന്നതു് ഒരുപക്ഷെ ഞാൻ വലിയ തീൻപണ്ടമാണെന്നു കരുതിയായിരിക്കുമോ? അത്രവലിയ വയറനല്ല ഞാൻ. അല്പമാത്രമായ ആഹാരംകൊണ്ടു ഞാൻ വേണ്ടുവോളം തൃപ്തിപ്പെട്ടുകൊള്ളാം.

ഒരു വലിയ ഭോജനപ്രിയനായിരുന്നു ആദി. ഏതാണ്ടു പത്തുപേരുടെ ആഹാരം അയാൾ ഒററയ്ക്കു തട്ടിവിടും. ഈ വസ്തുത ഉമറിനു നല്ലതുപോലെ അറിയാമായിരുന്നു. അതിനാൽ ആദിയുടെ വാക്കുകൾ കേട്ടപ്പോൾ അയാൾക്കു ചിരി അടക്കുവാൻ കഴിയാതായി. അയാൾ ഉടനെ ഇങ്ങിനെ പറഞ്ഞു. “അല്ലയോ അമീർ! ഇദ്ദേഹത്തിനു വിശപ്പു ലേശവും ഉണ്ടാകാറില്ലെന്നാണു തോന്നുന്നതു്. ദീപനശക്തി ശരിക്കില്ലായിരിക്കാം. അല്ലെങ്കിൽ ചെറിയതരത്തിലുള്ള ഭക്ഷണംകൊണ്ടു് തൃപ്തിപ്പെടുവാനിടയില്ല. ശരീരസ്ഥിതിക്കു തക്കതല്ലെങ്കിലും യോജ്യമായ ഭക്ഷണം ഉപയോഗിക്കേണ്ടേ? അതുകൊണ്ടു ദഹനശക്തിയുണ്ടാകത്തക്ക ഏതെങ്കിലും നല്ല ഔഷധങ്ങൾ നമുക്കു ഇദ്ദേഹത്തിനു വാങ്ങിക്കൊടുക്കണം. അല്ലെങ്കിൽ ഈ സാധു വലിയ കഷ്ടത്തിലായിപ്പോകും”.

അമീർ:—(ആദിയെ നോക്കി) മനുഷ്യനുവേണ്ട ആഹാരങ്ങൾ നൽകുന്നതു സാക്ഷാൽ ജഗദീശനാണു്. ഒരാളെക്കൊണ്ടു മറെറാരാളെ തൃപ്തിപ്പെടുത്തുവാനൊ സംരക്ഷിക്കുവാനൊ കഴിഞ്ഞു എന്നു വരുന്നതല്ല. എല്ലാം ഈശ്വരസങ്കല്പം പോലെ തന്നെ സംഭവിക്കും. നിങ്ങൾകൂടി

ഞങ്ങളോടൊന്നിച്ചു വരുന്നെങ്കിൽ വന്നുകൊള്ളുക. എനിക്കതിൽ സന്തോഷമേയുള്ളൂ.

അനന്തരം ആദി അമീറിനോടു യോജിക്കുകയും തൻെറ പതിനെണ്ണായിരത്തിൽ അധികരിച്ച സൈന്യസംഘത്തെ കൂടി അമീറിൻെറ സംഘത്തിൽ ചേർത്തു് എല്ലാവരും ഒരുമിച്ചു മെക്കയിലേക്കു പുറപ്പെടുകയും ചെയ്തു.

---

## പതിനഞ്ചാം അദ്ധ്യായം.

റാഹിൽ എന്ന മലങ്കോട്ടയിൽ നിന്നും പുറപ്പെട്ട അമീറും സംഘവും താമസംവിനാ മെക്കയിൽ എത്തി തങ്ങളുടെ എല്ലാവക വിജയങ്ങളെയും പുരസ്കരിച്ചു കാബ എന്ന പുണ്യദേവാലയത്തിൽ ദർശനാദികൾ നടത്തി അബ്ദുൽമുത്തലിബ്ബിൻെറ വസതിയിലേക്കു തിരിച്ചു. ഈ അവസരത്തിൽ വിജയശ്രീലാളിതനായി മടങ്ങിവന്നിരിക്കുന്ന അമീറിനെ സ്വീകരിക്കുന്നതിലേക്കായി അബ്ദുൽമുത്തലിബ്ബ് പല ജനപ്രമാണികളോടൊന്നിച്ചു യാത്രപുറപ്പെടുകയും ഇവരുമായി മാർഗ്ഗമദ്ധ്യത്തിൽ വെച്ചു സന്ധിക്കുകയും ചെയ്തു. പിതാവിനെ കണ്ട മാത്രയിൽ അമീർ അദ്ദേഹത്തിൻെറ പാദത്തിൽ വീണു നമസ്കരിച്ചു. അനന്തരം അബ്ദുൽമുത്തലിബ്ബ് മകനെ പിടിച്ചെഴുന്നേല്പിച്ചു തൻെറ മാറോടു ചേർത്തണച്ചു ശിരസ്സിൽ പലവുരു ചുംബിച്ചശേഷം വേണ്ട ആശീർവ്വാദങ്ങളോടുകൂടി താൻ കൊണ്ടുവന്നിട്ടുണ്ടായിരുന്ന പല വിശിഷ്ടവസ്തുക്കളും സമ്മാനമായി നൽകി. അതിനെത്തുടർന്നു അദ്ദേഹമൊന്നിച്ചു വന്നിരുന്ന ജനപ്രമാണികളെല്ലാം വിലയേറിയ പല വസ്തുക്കളും അനവധി സ്വർണ്ണനാണയങ്ങളും അമീറിനു സമ്മാനിച്ചു് അദ്ദേഹത്തിൻെറ ദീർഘായുസ്സിനും വിജയങ്ങൾക്കുമായി ഈശ്വരപ്രാർത്ഥന നടത്തി.

അധികം താമസിയാതെ എല്ലാവരും അവിടംവിട്ടു ഗൃഹത്തിലേക്കു നടന്നു. അവിടെ എത്തിയശേഷം അമീർ തന്നോടൊന്നിച്ചുണ്ടായിരുന്നവരെയെല്ലാം തൻെറ കേളിസദനത്തിനു പുറംഭാഗത്തുള്ള വിശാലമായ സ്ഥലത്തിലിരുത്തിയശേഷം അവർക്കു വേണ്ട മററു സൌകര്യാദികൾ ഉണ്ടാക്കിക്കൊടുക്കുന്നതിൽ ബദ്ധശ്രദ്ധനായി. ഇതിനകം അമീറിൻെറ തിരിച്ചുവരവിനെപ്പററി അറിഞ്ഞ നാട്ടുകാരെല്ലാം അദ്ദേഹത്തെ കാണുന്നതിനും ആശീർവ്വദിക്കുന്നതിനുമായി അവിടെ വന്നുകൂടിക്കഴിഞ്ഞു. അനന്തരം അമീർ തന്നോടൊന്നിച്ചു വന്നിട്ടുണ്ടായിരുന്ന മുനജ്ജർഷാ, ഹസ്സാം ബിൻ, അലക്മാ, കൈബർ, സഹീൽയമനി, സുൽത്താൻബത്, തൌഖ്ഹാൻ, ആദി മുതലായ എല്ലാവർക്കും അബ്ദുൽമുത്തലിബ്ബിനേയും

അദ്ദേഹമൊന്നിച്ച് അവിടെ സന്നിഹിതരായിരുന്ന ജനനേതാക്കന്മാരെയും പരിചയപ്പെടുത്തിക്കൊടുത്തു. മാത്രമല്ല ഇവരിൽ ഓരോരുത്തരുടേയും യഥാർത്ഥയോഗ്യതകൾ കൂടി അമീർ പിതൃസമക്ഷം വെളിപ്പെടുത്തി. അപ്പോൾ അബ്ദുൽമുത്തലിബ് അവരുടെ ഓരോരുത്തരുടേയും യോഗ്യതക്കനുസരണമായ സല്ക്കാരാദികൾ നടത്തി അവരെ പ്രത്യേകംപ്രത്യേകം ബഹുമാനിച്ചു സംതൃപ്തരാക്കി.

അനന്തരം ഏതാനും ദിവസങ്ങൾ കഴിഞ്ഞു. ഒരു ദിവസം അമീറും തന്റെ സ്നേഹിതന്മാരായ മററു രാജാക്കന്മാരും കൂടി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ അവസരത്തിൽ തനിക്കും മക്ബൂൽ ഉമർ എന്നിവർക്കും പാൽനൽകി വളർത്തിയ ലത്തിഫ്ഭാനു എന്ന സ്ത്രീരത്നത്തിന്റെ പുത്രനാണ് ആദിയെന്നു മനസ്സിലായി. അപ്പോൾ അദ്ദേഹത്തിനുണ്ടായ ആനന്ദത്തിനതിരില്ലായിരുന്നു. തന്റെ വളർത്തമ്മയുടെ പുത്രനാകയാൽ ആദിയെ ഒരു സ്വന്തസഹോദരനെപ്പോലെ അമീർ ഭാവിച്ചു ബഹുമാനിക്കുകയും അയാളെ സർവ്വസൈന്യങ്ങളുടേയും അധിപനാക്കിത്തീർക്കുകയും ചെയ്തു. അതോടുകൂടിത്തന്നെ അദ്ദേഹം ആദിക്കു അനേകവിധങ്ങളായ സമ്മാനങ്ങളും ബഹുമാനപദവികളും നൽകി. ആദി എത്ര വലിയ പ്രതാപശാലിയായിരുന്നാലും ഉമറിന്റെ ദൃഷ്ടിയിൽ അയാളെ ഒരു നിസ്സാരനായിട്ടേ കാണപ്പെട്ടിരുന്നുള്ളു. തരം കിട്ടുമ്പോഴെല്ലാം അയാളെ പരിഹസിക്കണമെന്നേ ഉമറിന്നാശയമുണ്ടായിരുന്നുള്ളു. ആദിയുടെ ആഹാരക്കാര്യത്തിലുള്ള മേൽനോട്ടം മുഴുവൻ അമീർ ഉമറിൽ ചുമത്തിയിരിക്കുകയായിരുന്നു. ഒരുദിവസം അമീറിന്റെ ആജ്ഞയനുസരിച്ച് ഉമർ ആദിയുടെ സമീപംചെന്ന് ഇങ്ങിനെ ചോദിച്ചു. “സഹോദരാ! ആഹാരത്തിനു നിങ്ങൾക്കെന്തെല്ലാം സാധനങ്ങളാണു വേണ്ടത്? എന്താവശ്യമുണ്ടെങ്കിലും ചോദിച്ചുകൊള്ളുക. തരുവാൻ ഞങ്ങൾ തയ്യാറാണ്. പാകം ചെയ്തുകിട്ടേണ്ട സാധനങ്ങളേതൊക്കെയെന്നും അല്ലാതെ വേണ്ടതിന്നതിന്നവയെന്നും അറിയിക്കുക. നിങ്ങൾക്കാവശ്യമുള്ളതു തരുവാൻ ഞങ്ങൾ തയ്യാറാണ്.”

ആദി:—വളരെ സന്തോഷം. അത്രവളരെ ആഹാരപദാർത്ഥങ്ങളൊന്നും എനിക്കു ആവശ്യമില്ല. രാവിലെ ലഘുഭക്ഷണത്തിനായി പ്രതിദിനവും ഓരോ ഒട്ടകത്തെ പൊരിച്ചു കൊടുത്തയക്കുന്നതിന് അരിവെപ്പുകാരനോടു ഏർപ്പാടുചെയ്യുക്കുക. മദ്ധ്യാഹ്നത്തേക്കു ഒരു മാൻ, ഒരു ആട് ഇവയുടെ മാംസം പ്രത്യേകം പ്രത്യേകം തയ്യാറാക്കിയതും ഏതാനും കൂട്ടം ദ്രാക്ഷാരസവും മതിയാകും. രാത്രി ഭക്ഷണത്തിനു രാവിലേയും മദ്ധ്യാഹ്നസമയത്തും കൂടിയുള്ളിടത്തോളം സാധനങ്ങൾ കൊണ്ടു ഞാൻ വല്ലവിധേനയും പകുതി വയർ നിറച്ചു തൃപ്തിപ്പെട്ടുകൊള്ളാം. എന്റെ ആഗ്രഹംപോലെ ഇവിടെ നടക്കുവാൻ നിവ്വാ

ഹമില്ലാത്തതിനാൽ ഇങ്ങനെ പകുതിവയറെങ്കിലും നിറച്ച് തൃപ്തനായി കഴിച്ചുകൂട്ടാം.

ഉമർ ആശ്ചര്യപരതന്ത്രനായി കുറച്ചുനേരം മൌനം ദീക്ഷിച്ചു നിന്നശേഷം അമീറിൻെറ സമീപത്തിൽ എത്തി ഈ വിവരങ്ങളെല്ലാം ഗ്രഹിപ്പിച്ചു. അതനുസരിച്ച് ആദിക്കു വേണ്ട ഭക്ഷണപദാൎത്ഥങ്ങൾ കൃത്യസമയങ്ങളിൽ എത്തിച്ചുകൊടുക്കുവാൻ അദ്ദേഹം തൻെറ പരിചാരകന്മാരോടു പ്രത്യേകം ശട്ടംകെട്ടി.

അമീറിൻെറ ആജ്ഞാനുസരണം ആദിക്കു പ്രതിദിനവും യാതൊരു തടസ്സവുംകൂടാതെ ഭക്ഷണപദാൎത്ഥങ്ങൾ കൊടുത്തുവന്നു. ഇങ്ങിനെയിരിക്കെ ഒരുദിവസം പരിചാരകന്മാരിൽ ഒരുവൻ അമീറിൻെറ സമീപം എത്തി അദ്ദേഹത്തോടിങ്ങനെ അറിയിച്ചു. "പ്രഭോ! അങ്ങയെ കാണുന്നതിലേക്കായി നൌഷർവാൻെറ ചില ആൾക്കാർ ഇവിടത്തേക്കു വരുന്നുണ്ട്. അങ്ങേക്കു തരുന്നതിലേക്കായി ഒരു എഴുത്തും അനവധി വിലയേറിയ സാധനങ്ങളും അവരുടെ പക്കലുണ്ട്."

ഈ വൎത്തമാനം അറിഞ്ഞ മാത്രയിൽ അമീർ തൻെറ പിതാവിനേയും മററു പല ജനനേതാക്കന്മാരേയും കൂട്ടിച്ചുകൊണ്ട് തന്നെ കാണുന്നതിലേക്കായി വരുന്ന ആളുകളെ കാണ്മാനും അവരെ സ്വീകരിക്കുവാനുമായി അവിടം വിട്ടു പട്ടണത്തിനു വെളിയിലേക്കു പുറപ്പെട്ടു. ഇവർ അധികം ദൂരമെത്തും മുൻപുതന്നെ നൌഷർവാൻെറ ആൾക്കാരെ മാൎഗ്ഗമദ്ധ്യത്തിൽ വച്ചു കണ്ടുമുട്ടി. അമീർകൂട്ടർ അവരെ യഥോചിതം സ്വീകരിച്ചു ബഹുമാനപുരസ്സരം തങ്ങളുടെ മാളികയിൽ കൂട്ടിച്ചുകൊണ്ടുവന്നു. അനന്തരം അബ്ദുൽമുത്തലിബിൻെറ മേൽനോട്ടത്തിൽ അവൎക്കു വേണ്ട സൽക്കാരങ്ങളെല്ലാം ചെയ്തു. ഈ അവസരത്തിൽ അമീർ നൌഷർവാൻ തനിക്കു കൊടുത്തയച്ചിരുന്ന എഴുത്തു വാങ്ങി നല്ലതുപോലെ ഒരാവൎത്തി വായിച്ചുനോക്കി. എഴുത്തു വായിച്ചു തീൎന്നതോടുകൂടി അദ്ദേഹത്തിൻെറ ഭാവം ആകപ്പാടെ മാറി. കോപംകൊണ്ടു ശരീരമാസകലം വിറച്ചു. കണ്ണുകൾ തീവ്രങ്ങളായി പരിണമിച്ചു. എന്തൊക്കെയോ വിചാരങ്ങളും ക്ഷണനേരത്തിനുള്ളിൽ അദ്ദേഹത്തിൻെറ ഹൃദയവീഥിയെ തരണം ചെയ്തു. തന്നിമിത്തം ഏതാനും നിമിഷനേരത്തേക്കു അദ്ദേഹം മൌനം ദീക്ഷിച്ചു. ഇതേവരെ വളരെ സന്തോഷത്തോടുകൂടി ഇരുന്നിരുന്ന അമീറിൻെറ മുഖപ്രകൃതി മാറിക്കണ്ടതോടുകൂടി പിതാവായ അബ്ദുൽമുത്തലിബ് അത്യന്തം ആശ്ചര്യഭരിതനായിത്തീൎന്നു. അദ്ദേഹം ചോദിച്ചു. "നീ ഇത്ര വിഷാദത്തോടും വ്യസനത്തോടുംകൂടിയിരിക്കുന്നതിനുള്ള കാരണമെന്താണ്?".

ഇതിനുത്തരമായി അമീർ നൌഷർവാൻ തനിക്കെഴുതിയിരുന്ന എഴുത്തിലടങ്ങിയിരുന്ന വസ്തുതകൾ മുഴുവൻ പറഞ്ഞുകേൾപ്പിച്ചു. അബ്ദുൽ

മുത്തലിബ്ബ് തുടൎന്നു പറഞ്ഞു:-"കുഞ്ഞേ! ബാദ്ഷമാരുടെ പ്രകൃതം നിനക്കു നല്ലതുപോലെ മനസ്സിലായിട്ടില്ല. ഒരുവൻ വളരെ വിനയപൂൎവ്വം അഭിവാദ്യം ചെയ്താലും അവനിൽ കോപം ജനിച്ച് അവർ അവന്റെ ശിരച്ഛേദനത്തിനു കൂടി കല്പന നല്കും. ചില അവസരങ്ങളിൽ അവരെ കണക്കിലധികമായി പ്രശംസിച്ചാൽ അതിൽ ലയിച്ച് അത്യധികമായ സമ്മാനങ്ങൾ നല്കി എന്നും വരാം. രാജപ്രകൃതിയേ ഇതാണ്. നന്മതിന്മകളേയോ യോഗ്യായോഗ്യതകളേയോ മിക്കവാറും അവസരങ്ങളിൽ അവർ പരിഗണിക്കാറില്ല. അതിനാൽ ഈ സംഗതിയിൽ നീ ദുഃഖിക്കേണ്ടതായിട്ടില്ല. നിന്റെ യോഗ്യത ഒരവസരത്തിൽ അദ്ദേഹം മനസ്സിലാക്കിക്കൊള്ളും.

അബ്ദുൽമുത്തലിബ്ബിന്റെ സമാധാനവാക്കുകളൊന്നും കോപകലുഷിതമായ അമീറിന്റെ ഹൃദയത്തെ അത്രവേഗത്തിൽ ശാന്തപരമാക്കിത്തീൎക്കുവാൻ പൎയ്യാപ്തമായി ഭവിച്ചില്ല. എന്നാൽ വീണ്ടും അദ്ദേഹം പല സാന്ത്വവാക്കുകളും പ്രയോഗിച്ച് അമീറിനെ പൂൎവ്വസ്ഥിതിയിൽ സന്തുഷ്ടനാക്കിത്തീൎത്തു. അന്നുരാത്രിയും കഴിഞ്ഞു. പിറേറദിവസം പ്രഭാതത്തിൽ എല്ലാവരും തങ്ങളുടെ ദിനകൃത്യങ്ങൾ യഥായോഗ്യം നിൎവ്വഹിച്ചു. അവിടെ കൂടിയിരുന്നവരെല്ലാം ഭക്ഷണംകഴിഞ്ഞു യഥാസ്ഥാനങ്ങളിൽ ആസനസ്ഥരായി. അപ്പോൾ നൌഷർവാന്റെ ദൂതൻ അദ്ദേഹം കൊടുത്തയച്ചിരുന്ന ഒരെഴുത്തെടുത്ത് അബ്ദുൽമുത്തലിബിനു കൊടുത്തു. അബ്ദുൽമുത്തലിബ്ബ് അതിനെ സാവധാനത്തിൽ ഒരാവൃത്തി വായിച്ചു. അതമാത്രയിൽ അദ്ദേഹത്തിന് അളവററ ആശ്ചൎയ്യവും സന്തോഷവും ജനിച്ചു. തനിക്കു കോപതാപാദികൾ ജനിക്കത്തക്കവിധത്തിലും തന്റെ പിതാവിനു അത്യന്തം വിനയബഹുമാനപൂൎവ്വവും നൌഷർവാൻ എഴുത്തെഴുതിയിരിക്കുന്നതറിഞ്ഞപ്പോൾ അമീറിനു വലിയ ആശ്ചൎയ്യം ജനിച്ചതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. 'ഞാൻ എന്റെ ജീവനെക്കൂടി വകവെക്കാതെ നൌഷർവാനു വേണ്ടി എത്ര ബുദ്ധിമുട്ടുകളാണു സഹിച്ചത്. തന്മൂലം അദ്ദേഹത്തിനു നേരിട്ടിരിക്കുന്ന നന്മയോ സീമാതീതമാണുതാനും. അങ്ങിനെയിരിക്കെ ഉപകാരംചെയ്ത എനിക്കു ഖേദംജനിക്കത്തക്കവിധത്തിലും പിതാവിനു വിനയപൂൎവ്വവും അദ്ദേഹം എഴുത്തുകൾ അയച്ചിരിക്കുന്നു. എന്തൊരാശ്ചൎയ്യമാണിത്. ഒരുപക്ഷെ ഇതിൽ സാരമായ വല്ല രഹസ്യവും അന്തൎഭവിച്ചിട്ടുണ്ടായിരിക്കുമോ?' എന്നിങ്ങനെ അദ്ദേഹം പലതും ചിന്തിച്ചുകൊണ്ടു കുറെ ഏറെനേരം ആരോടും യാതൊന്നും സംസാരിക്കാതെ സ്ഥിതിചെയ്തു. അനന്തരം നൌഷർവാന്റെ ആ എഴുത്തെടുത്ത് അമീർ ഒന്നുകൂടി വായിച്ചു. "ഞാൻ എന്റെ സേനാനായകന്മാരായ വഹ്മനേഹ്ഹാൻ വഹ്മനേസക്കാൻ എന്നിവരെഅയച്ചിരിക്കുന്നു" എന്നു നൌഷർവാൻ എഴുതിയി

രുന്ന ഭാഗം ആ സദസ്സിലുണ്ടായിരുന്ന എല്ലാവരും കേൾക്കത്തക്ക വിധ ത്തിൽ അദ്ദേഹം വായിച്ചു. ഇതു കേട്ടു എല്ലാവരും വളരെ അതിശയിച്ചു. രഹ്മാനെ ഹ്ഹാൻ എന്നുവച്ചാൽ ശ്രേഷ്ഠമനുഷ്യനായ കഴുത എന്ന ൎത്ഥമായിരുന്നു. രണ്ടാമത്തെ പേരിന്റെ അൎത്ഥം പട്ടിയെന്നുമായിരുന്നു. അമീർ ഈ രണ്ടു പേരിനെപ്പററിയും വളരെനേരം ആലോചിച്ചു. ഒടുവിൽ എഴുത്തിൽ വന്നിട്ടുള്ള അക്ഷരപ്പിശകാണതെന്ന് അദ്ദേഹത്തിനു മനസ്സി ലായി. എങ്കിലും ആ ഭാവമൊന്നും പുറത്തറിയിക്കാതെ അപ്പോൾമുതൽ നൌഷർവാന്റെ ദൂതനൊന്നിച്ചു വന്നിട്ടുണ്ടായിരുന്ന അവരെ രണ്ടുപേ രേയും അദ്ദേഹം കഴുതയെന്നും പട്ടിയെന്നും അൎത്ഥം വരുന്ന ആദ്യപേരു തന്നെ വിളിക്കുവാൻ തുടങ്ങി. ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ നാട്ടുകാർ മുഴുവൻ അവരെ ഈ പേരിൽതന്നെ അറിയാൻ തുടങ്ങുകയും ഇതേപേരു പയോഗിച്ചുതന്നെ എല്ലാവരും അവരെ സംബോധനചെയ്കയും ചെയ്തു തുടങ്ങി.

ഈ അവസരത്തിൽ വിനോദപ്രിയനായ ഉമർ രണ്ടുപാത്രങ്ങളിൽ ചില സാധനങ്ങളുമായി അതിഥികളായ നൌഷർവാന്റെ ആൾക്കാരും മററു ജനനേതാക്കന്മാരും കൂടിയിരിക്കുന്ന സദസ്സിൽ കടന്നുവന്നു തന്റെ കൈയിലുണ്ടായിരുന്ന പാത്രങ്ങൾ രണ്ടും വസ്ത്രത്തിനിടയിൽനിന്നും പുറ ത്തെടുത്തു ഹ്ഹാൺ, സക്കാൺ എന്നീ രണ്ടുപേരുടെ മുമ്പിൽ കൊണ്ടുചെ ന്നുവച്ചു. അനന്തരം അയാൾ അവരോടായിട്ട് എന്തോ കൃത്രിമസ്വരത്തിൽ സംസാരിക്കുവാനായി നാവുപൊന്തിച്ചു. അപ്പോൾ ഒന്നും ശബ്ദിച്ചുപോ കരുതെന്ന് അമീർ ചില ആംഗ്യങ്ങളാൽ അയാളെ അറിയിച്ചു. ഉമർ അതിനെ അനുസരിച്ചു. അയാൾ യാതൊന്നും സംസാരിക്കാതെ, താൻ കൊണ്ടുവന്നുവച്ച പാത്രങ്ങളുടെ സമീപമടുത്ത് ഏതാനുംനിമിഷം മൌനം ദീക്ഷിച്ചു നിന്നശേഷം ഹ്ഹാൺ, സക്കാൺ എന്നിവരോടായിട്ട് "മാന്യ അതിഥികളെ! ഇതാ ഞാൻ കൊണ്ടുവന്നിരിക്കുന്ന ഈ സാധനം എന്റെ ഒരു പ്രത്യേകസമ്മാനമാണ്. ഇതിൽ ഇരിക്കുന്ന സാധനങ്ങൾ നിങ്ങൾക്കു യോജിച്ചതാണെങ്കിൽ ഭക്ഷിച്ചു തൃപ്തിപ്പെടണം. എന്നാൽ കഴിവുള്ള ഒരു ചെറു സല്ക്കാരമായിട്ടുമാത്രം ഇതു കണക്കാക്കിയാൽ മതിയാകും" എന്നുപറ ഞ്ഞു പാത്രങ്ങൾ രണ്ടും തുറന്നുവച്ചു. അവയിൽ ഒന്നിൽ ഈന്തപ്പഴക്കുരു ക്കളും മററതിൽ എല്ലുകഷണങ്ങളുമായിരുന്നു നിറച്ചിരുന്നതു്. ഈന്തക്കുരു നിറച്ചിരുന്ന പാത്രം ഹ്ഹാന്റെ മുമ്പിലും എല്ലുകഷണം നിറച്ചിരുന്ന രണ്ടാമത്തെ പാത്രം സക്കാൺ മുമ്പിലുമാണ് വച്ചതു്. ഉമറിന്റെ പരി ഹാസപൂൎവ്വമായ ഈ പ്രവൃത്തികണ്ടു് അവിടെ കൂടിയിരുന്നവരെല്ലാം അ യാളെ തുറിച്ചുനോക്കി. ചിലർ അയാളെ ആക്ഷേപിച്ചും തുടങ്ങി. "ഹേ ! ഉമർ എന്തൊരു തോന്ന്യാസമായ പ്രവൃത്തിയാണിതു്. മാന്യന്മാരെ ഇങ്ങി

ന്നെ പരസ്യമായി അധിക്ഷേപിക്കുന്നതു നന്നാണോ? നിൻെറ വികൃതിത്തരങ്ങളെ ഇനിയും മാററാത്തതു വലിയ കഷ്ടംതന്നെ. നിൻെറ ഇപ്പോഴത്തെ നിലയ്ക്കു ഈ പ്രവൃത്തി ഒട്ടും ഉചിതമല്ല.” എന്നിങ്ങനെ വളരെ വല്ലായ്മയോടുകൂടി കൂട്ടത്തിൽ ഒരാൾ ഉമറിനോടു പറഞ്ഞു. അതിനയാളുടെ സമാധാനം ഇങ്ങിനെയായിരുന്നു. “ഞാൻ യാതൊരു തെററും ചെയ്തിട്ടില്ല. നിങ്ങളാണ് എന്നെ അധിക്ഷേപിക്കുന്നത്. എന്തുകൊണ്ടെന്നാൽ കഴുതയ്ക്കും പട്ടിയ്ക്കും ഇതിനേക്കാൾ ഉത്തമമായ ഒരാഹാരം മററില്ലെന്നു നിങ്ങൾക്കെല്ലാം അറിവുള്ളതാണല്ലോ. ഇവർ വളരെ പൂജ്യന്മാരായ അതിഥികളാണ്. എല്ലാവരും ഇവരെ വേണ്ടതരത്തിൽ സൽക്കരിച്ചസ്ഥിതിക്കു ഞാനും വേണ്ടതു ചെയ്യേണ്ടതാണല്ലോ. അതിനാൽ എന്നെക്കൊണ്ടു കഴിയുന്നതും ഇവൎക്കു യോജിച്ചതുമായ ഈ സാധനങ്ങൾ വളരെ കഷ്ടപ്പെട്ടു കൊണ്ടുവന്നു സമ്മാനിച്ചു. ഇതു തെറെറന്നും ആക്ഷേപാൎഹമെന്നും നിങ്ങൾ പറഞ്ഞതെന്തുകൊണ്ടാണെന്നു് എനിക്കു മനസ്സിലാകുന്നില്ല.”

ഹൂറാൻ, സക്കാൻ എന്നീ രണ്ടു യുദ്ധവീരന്മാരും ഇതോടുകൂടി ലജ്ജിച്ചു തലതാഴ്ത്തിക്കളഞ്ഞു. എന്നാൽ അടക്കവഹിയാത്ത കോപത്താൽ അവരുടെ ശരീരം വിറച്ചുംതുടങ്ങി. ഉമറാകട്ടെ ഇതൊന്നും ശ്രദ്ധിക്കാതെ അലക്ഷ്യഭാവത്തിൽ അവിടംവിട്ടു പോകയും കുറച്ചുകഴിഞ്ഞു വിശിഷ്ടങ്ങളും വിലയുയൎന്നതുമായ വസ്ത്രങ്ങളാൽ അലങ്കരിക്കപ്പെട്ട ഒരു കഴുതയേയും ഒരു പട്ടിയേയും കൊണ്ടുവന്നു് അവൎക്കു സമ്മാനിക്കുവാനൊരുങ്ങുകയുംചെയ്തു. കോപംകൊണ്ടും ലജ്ജകൊണ്ടും മതിമറന്നിരുന്ന ഹൂറാനും സക്കാനും ഇതുംകൂടിയായപ്പോൾ അശേഷം ക്ഷമയില്ലാതായിത്തീൎന്നു. അവർ ഉമറിനെ വെട്ടുവാനായി അവരുടെ വാൾ ഉറയിൽനിന്നും വലിച്ചൂരി. എന്നാൽ വെട്ടേൽക്കും മുമ്പേതന്നെ സമീപത്തിരുന്നിരുന്ന തൌപഹൂറാൻ (അമീറിൻെറ സൈന്യസംഘത്തിലെ കൊടിക്കാരൻ) ചാടി എണീററു് അവരുടെ വാൾ രണ്ടും പിടിച്ചുവാങ്ങി അവൎക്കു ഓരോ കുത്തു സമ്മാനിച്ചു. ശക്തന്മാരെന്നഭിമാനിച്ചിരുന്ന ഹൂറാനും സക്കാനും കുത്തേററ മാത്രയിൽ അവശരായി നിലംപതിച്ചു. മാത്രമല്ല, തൌപ്ഹൂറാൻ ഇനിയും ഉപദ്രവിച്ചേക്കുമോ എന്ന ഭയത്താൽ അവർ രണ്ടുപേരും ഉരുണ്ടുപിരണ്ടെഴുന്നേററു അവിടം വിട്ടോടുകയും ചെയ്തു.

അനന്തരം, തന്നെ കണക്കിലേറെ അധിക്ഷേപിച്ചെഴുതിയ നൌഷർവാനു് ഒരു മറുപടി എഴുതി ഒരാൾവശംകൊടുത്തു മദായിനിലേക്കയയ്ക്കുവാൻ അമീർ തീൎച്ചയാക്കി. “അല്ലയോ ബഹുമാനപ്പെട്ട ബാദുഷാ! ഞാൻ എൻെറ ജീവനെപ്പോലും വകവയ്ക്കാതെയും അത്യധികമായ കഷ്ടനഷ്ടങ്ങൾ സഹിച്ചും അങ്ങേക്കുവേണ്ടി ചെയ്തു മഹത്തായ ഉപകാരത്തിനു അങ്ങു എനിക്കു നൽകിയ പ്രതിഫലത്തിൻെറ യോഗ്യത ഞാൻ മനസ്സി

ലാക്കി. ഇത്ര കൃതഘ്നനും ശഠനുമാണ് നൌഷർവാൻ ബാദുഷയെന്നു സ്വപ്നേപി ഞാൻ മനസ്സിലാക്കിയിരുന്നില്ല. അങ്ങ് എനിയ്ക്കായി കൊടുത്തയച്ച ആ ദൂഷിച്ച എഴുത്തും തദനുയോജ്യമായ സമ്മാനവസ്തുക്കളും ഹക്കിക് എന്ന ആൾവശം ഇതാ മടക്കി അങ്ങേക്കായിത്തന്നെ കൊടുത്തയയ്ക്കുന്നു. കൂടുതലായി എനിയ്ക്കങ്ങയോടു പറയേണ്ടതായിട്ടുള്ളവയെല്ലാം ഈ എഴുത്തുകൊണ്ടുവരുന്ന ആളിനോടു ഞാൻ വിവരിച്ചു പറഞ്ഞയയ്ക്കുന്നുണ്ട്. ഇയാൾ അതെല്ലാം ഒന്നു വിടാതെ അവിടെ അറിയിച്ചുകൊള്ളും.” ഇതായിരുന്നു അമീറിൻെറ കത്തിലെ വാചകം. ഹക്കീക് ആ കത്തും മററു സമ്മാനവസ്തുക്കളുംകൊണ്ട് അതിവേഗത്തിൽ മദായിനിലേക്കു പുറപ്പെട്ടു. ഇതിനകം ഉമറിനാൽ പരിഹസിക്കപ്പെട്ടവരായ ഹറാൻ, സക്കാൺ എന്നീ രണ്ടുപേരും നൌഷർവാൻ ബാദുഷയുടെ സമീപമെത്തി തങ്ങൾക്കു നേരിട്ട ക്ലേശങ്ങളേയും അമീറിൻെറ കൂട്ടുകാർ തങ്ങളെ അളവററധിക്ഷേപിച്ച സംഗതികളും വളരെ വ്യസനത്തോടുകൂടി പറഞ്ഞു കേൾപ്പിച്ചു. താൻ അയച്ച ആളുകളെ അവർ ഇങ്ങിനെ അധിക്ഷേപിച്ചു എന്നറിഞ്ഞപ്പോൾ ബാദുഷയ്ക്കു അളവററ ദ്വേഷ്യമുണ്ടായി. അദ്ദേഹം ഉടനെ ബുസർജംഹറിനെ ആളയച്ചു വരുത്തി ഈ വിവരങ്ങളെല്ലാം അദ്ദേഹത്തെ ധരിപ്പിച്ചു. കൂടാതെ ബാദുഷ അമീറിനെ വളരെ അധിക്ഷേപിച്ചു സംസാരിക്കുകയും ചെയ്തു. ബുസർജംഹർ എല്ലാംകേട്ടുകൊണ്ടിരുന്നശേഷം ബാദുഷയോടിങ്ങിനെ പറഞ്ഞു:—അമീറിനെപ്പോലെ സകല സൽഗുണങ്ങളും തികഞ്ഞിട്ടുള്ള ഒരു മനുഷ്യൻ ഇതേവരെ ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകുമോ എന്നുതന്നെയും സംശയമാണ്. ഇവരെ അധിക്ഷേപിച്ചതു പരമാർത്ഥമായിരിക്കാം. എന്നാൽ, അതിന്നുതക്ക ഏതോ കാരണമുണ്ടായിരിക്കണമെന്നാണ് എനിക്കു തോന്നുന്നത്. അതു നമുക്കു ക്ഷണത്തിൽ അറിയാറാകും. കാരണം സൂക്ഷ്മമായി അറിയാതെ ക്രോധിച്ചിട്ടു പ്രയോജനമില്ല.’ അദ്ദേഹം ഇത്രയും പറഞ്ഞവസാനിപ്പിച്ചമാത്രയിൽ അമീർകൊടുത്തയച്ച കത്തുംകൊണ്ട് ഹക്കീക്കും മക്ബൂലും ബാദുഷയുടെ മുൻപാകെ എത്തി. മക്ബൂൽ ബാദുഷയെ വന്ദിച്ചശേഷം അദ്ദേഹം അമീറിനു കൊടുത്തയച്ച കത്തും അമീറിൻെറ മറുപടിയുംകൂടി അദ്ദേഹത്തിൻെറ പക്കൽകൊടുത്തു. ബാദുഷ കത്തുപൊളിച്ചു വായിച്ചമാത്രയിൽ അദ്ദേഹത്തിൻെറ പ്രകൃതം ആകപ്പാടെ മാറി. താൻ കൊടുത്തയച്ച കത്തല്ലാ അമീറിനു കിട്ടിയിട്ടുള്ളതെന്നും ബഖ്ത്തക്കിൻെറ കൃത്രിമമാണതെന്നും അതുകൊണ്ടാണ് അമീറിനു ക്രോധം ജനിച്ചതെന്നും അദ്ദേഹത്തിനു ക്ഷണത്തിൽ മനസ്സിലായി. കോപാക്രാന്തനായിത്തീൎന്ന ബാദുഷ ഉടനെ ബഖ്ത്തക്കിനെ വിളിച്ചു വരുത്തി അത്യന്തം ദ്വേഷ്യത്തോടുകൂടി ഇങ്ങിനെ പറഞ്ഞു:—‘എടാ പരമദ്രോഹി! ഞാൻ അമീറിനു കൊടുത്തയക്കുവാൻ തന്ന കത്തിനെ നീ മാറി

അദ്ദേഹത്തെ അധിക്ഷേപിച്ച് ഇങ്ങിനെ ഒരു കത്തെഴുതി കൊടുത്തയച്ച നിനക്കു ഞാൻ എന്തു ശിക്ഷ നൽകിയാലും അതു് ഒട്ടും അധികമായി പോകുന്നതല്ല. നിനക്കു തല്ക്കാലം ഞാൻ ഒരു ശിക്ഷ നൽകുന്നു. ആയിരം സ്വർണ്ണനാണയങ്ങൾ നീ തരണം. കൂടാതെ ഞാൻ ആജ്ഞാപിക്കുന്ന കാലംവരെ മേലാൽ നീ എൻെറ ഡർബാറിൽ കടക്കുവാനും പാടില്ല".

അതിനുശേഷം നൌഷർവാൻ അമീറിനു് സ്വഹസ്തത്താൽതന്നെ ഇങ്ങിനെ ഒരെഴുത്തെഴുതി. "പ്രിയപ്പെട്ട അമീർ! ഞാൻ അയച്ചിരുന്ന എഴുത്തല്ലാ നിനക്കു ലഭിച്ചതു്. ബഹ്ത്തക് എന്ന ആ ദുഷ്ടൻ എൻെറ എഴുത്തു മാററി അവനുതോന്നിയമാതിരി എഴുതിപ്പിടിപ്പിച്ച നിന്നെ അധിക്ഷേപിക്കുകയാണു ചെയ്തതു്. വിശ്വാസത്തിൽ വന്ന ഈ പരാജയത്തെപററി ഓർക്കുന്തോറും എനിക്കു അനല്പമായ ഖേദമുണ്ടാകുന്നുണ്ടു്. നിൻെറ മനസ്സിലുദിച്ചിട്ടുള്ള എല്ലാവക ദുഃഖത്തെയും പ്രതികാരബുദ്ധിയെയും നീ വിട്ടുകളയുക. ബഹ്ത്തക്മൂലം സംഭവിച്ച നിൻെറ ദുഃഖത്തെയും കോപത്തെയും ശമിപ്പിക്കുവാൻവേണ്ടിയാണു് ഇപ്പോൾ ഞാൻ ഈ എഴുത്തുകൊടുത്തയക്കുന്നതു്. ഈ എഴുത്തൊന്നിച്ചുതന്നെ നിനക്കു വേണ്ടുവോളം സമ്മാനങ്ങളും കൊടുത്തയക്കുന്നുണ്ടു്. അവയെല്ലാം സ്വീകരിച്ചു സംതൃപ്തനാകുക. ബഹ്ത്തക് ചെയ്തമാതിരി ഇനിയും സംഭവിക്കാതിരിക്കുവാൻവേണ്ടി ഞാൻ ഈ എഴുത്തും സമ്മാനങ്ങളും ഏല്പിച്ചു ബുസർജംഹറിനെയും ബുസർഹമീതിനേയും അയക്കുന്നു. ഈ എഴുത്തും സമ്മാനങ്ങളും സസന്തോഷം സ്വീകരിച്ചു് എൻെറ കിരീടവും, സിംഹാസനവും നീ തന്നെ ഇവിടെ കൊണ്ടുവന്നു തരണമെന്നപേക്ഷിക്കുന്നു."

ബാദുഷ എഴുത്തും അനവധി വിലയേറിയ സമ്മാനങ്ങളും ബുസർജംഹറിനെ ഏല്പിച്ചുപറഞ്ഞു. "പ്രിയഗുരോ! അങ്ങു് ഇവ എത്രയും വേഗത്തിൽ കൊണ്ടുപോയി നമ്മുടെ അമീറിനു കൊടുക്കണം. ബുസർഹമീതിനെക്കൂടി ഒന്നിച്ചുകൊണ്ടുപൊയ്ക്കൊള്ളുക. ഈ സാധനങ്ങൾ യാത്രയിൽ വളരെ ഭദ്രമായി സൂക്ഷിച്ചുകൊള്ളണം. മുൻപു സംഭവിച്ചമാതിരി അബദ്ധം നേരിടാതിരിക്കുവാൻവേണ്ടിയാണു് ഇവ അങ്ങയെത്തന്നെ ഏല്പിച്ചയക്കുന്നതു്." ബുസർജംഹർ ബാദുഷയുടെ ആജ്ഞയെ ശിരസ്സാ വഹിച്ചു യാത്രപുറപ്പെടുവാൻ സന്നദ്ധനായി. ഇതിനകം ബാദുഷയുടെ ഹൃദയത്തിൽ എന്തൊക്കെയോ വിചാരങ്ങൾ അങ്കുരിച്ചു. അദ്ദേഹം ബുസർജംഹറിനെ വിളിച്ചുവീണ്ടും ഇങ്ങിനെ അറിയിച്ചു. "ഗുരോ! ഒരു നിമിഷനേരമെങ്കിലും അങ്ങയെ വേർപിരിയുവാൻ എൻെറ മനസ്സനുവദിക്കുന്നില്ല. അങ്ങയുടെ വിയോഗത്തെപററി ഓർത്തിൽ എൻെറ ഹൃദയം വല്ലാതെ പതറുന്നു. അതിനാൽ അങ്ങു് എഴുത്തും സമ്മാനങ്ങളും ബുസർഹമീതുവശം കൊടുത്തു സഹായത്തിനു കുറെ സമർത്ഥന്മാരും വിശ്വസ്ഥന്മാരുമായ ആളു

കളെക്കൂടി അയച്ചാൽ മതിയാകും. സമയം വൃഥാ കളയേണ്ടാ. വേഗം അവരെ യാത്രയയച്ചശേഷം അങ്ങു മടങ്ങിവരിക.”

ബുസർജംഹർ അതുപ്രകാരം സമ്മതിച്ച് അമീറിനു കൊടുക്കുവാനുള്ള സാധനങ്ങളെല്ലാം എടുത്തുകൊണ്ടു തന്റെ ഗൃഹത്തിലേക്കു തിരിച്ചു. അവിടെ എത്തിയശേഷം ബാദുഷയുടെ നിർദ്ദേശമനുസരിച്ച് അമീറിനു കൊടുക്കുവാനുള്ള എഴുത്തും സമ്മാനങ്ങളും അദ്ദേഹം തന്റെ പുത്രനായ ബുസർഹമീതുവശം ഏല്പിച്ചു. കൂടാതെ തന്റെ പ്രത്യേകസമ്മാനമായി അമീറിനു കൊടുക്കുവാൻ ചില വിശിഷ്ടസാധനങ്ങൾകൂടി അദ്ദേഹം ബുസർഹമീതിന്റെ പക്കൽകൊടുത്തു. പുതിയതരം ചില വസ്ത്രങ്ങളും മററും ഉമറിനു സമ്മാനം നല്കുവാനും ഏല്പിച്ചു. ആ വസ്ത്രങ്ങൾ ഉപയോഗിക്കേണ്ടവിധങ്ങളും അദ്ദേഹം പറഞ്ഞുകൊടുത്തു. അനന്തരം അദ്ദേഹം വേണ്ട ഒരുക്കങ്ങളോടുകൂടി പുത്രനെ മെക്കയിലേക്കു യാത്രയാക്കി.

ബുസർഹമീതും കൂട്ടരും മെക്കാപട്ടണത്തിൽ നിന്നു നാലുകാതം വഴി അകലത്തൊരിടത്തെത്തി യാത്രാക്ഷീണം തീർക്കുവാനായി താവളമുറപ്പിച്ചു. ഈ അവസരത്തിൽ ഉമർ എവിടെയോപോയി ഇവർ ഇരുന്നിരുന്ന സ്ഥലത്തിനു സമീപത്തു വന്നുചേർന്നു. ബുസർഹമീതു് ഉമറിനെ മുൻപു കണ്ടു പരിചയമില്ലായിരുന്നുവെങ്കിലും പിതാവായ ബുസർജംഹർ പറഞ്ഞിട്ടുള്ള ഓരോ അടയാളങ്ങളും സാദൃശ്യപ്പെടുത്തിനോക്കിയതിൽ ഇതു് ഉമർതന്നെയെന്ന് അദ്ദേഹം തീർച്ചപ്പെടുത്തി അയാളെ തന്റെ സമീപം വിളിച്ചുവരുത്തി. ബുസർഹമീതു് ഉമറിനെ വേണ്ടവിധത്തിൽ ഉപചരിച്ചു തന്റെ സമീപമിരുത്തി കുശലപ്രശ്നങ്ങൾ ആരംഭിച്ചു. ബുസർഹമീതു പറഞ്ഞു് “സ്നേഹിതാ! നിങ്ങളെ ഞാൻ എന്റെ ഒരു സ്വന്തം സഹോദരനെപോലെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. നിങ്ങളെ പററി എന്റെ പിതാവായ ബുസർജംഹർ എന്നോടു പലപ്പോഴും പലതും പറഞ്ഞിട്ടുണ്ടു്. അപ്പോൾമുതൽ മാന്യനായ താങ്കളെ ഒന്നു കണ്ടാൽ കൊള്ളാമെന്നു ഞാൻ ആശിച്ചിരിക്കുകയായിരുന്നു. ജഗദീശൻ ആ സൌഭാഗ്യം എനിക്കു നല്കിയതു ഇപ്പോഴാണു്. എന്റെ പിതാവിനു നിങ്ങളുടെ പേരിലുള്ള വാത്സല്യം സീമാതീതമാകുന്നു. നിങ്ങൾക്കു തരുന്നതിലേക്കായി അദ്ദേഹം എന്റെ പക്കൽ ഏതാനും വിശിഷ്ടങ്ങളായ വസ്ത്രങ്ങൾ തന്നയച്ചിട്ടുണ്ടു്. അതിനാൽ നിങ്ങൾ ഇപ്പോൾ ധരിച്ചിരിക്കുന്ന ഈ അറബി സമ്പ്രദായത്തിലുള്ള വസ്ത്രങ്ങളെല്ലാം അഴിച്ചു ദൂരത്തു കളയുക, നിങ്ങൾക്കായി കൊണ്ടുവന്നിട്ടുള്ള വസ്ത്രങ്ങൾ ധരിക്കേണ്ട മാതൃകയും മററും ഞാൻ നിങ്ങളെ കാണിച്ചുതരാം!

ബുസർഹമീത് ഇത്രയും പറഞ്ഞവസാനിപ്പിച്ചപ്പോഴേക്കും സന്തോഷാധിക്യത്താൽ മതിമറന്ന ഉമർ പുതിയ വസ്ത്രങ്ങൾ ധരിക്കുന്നതിലുള്ള

അത്യാശ്ചയ്യത്തോടുകൂടി ഉടുത്തിരുന്നവ അഴിച്ചു ദൂരത്തുകളഞ്ഞു പുതിയതു കൈക്കൊള്ളുവാൻ തയാറായി നിന്നു. ഉമർ അഴിച്ചു ദൂരത്തെറിഞ്ഞ അയാളുടെ പഴയ വസ്ത്രത്തെ ഉടൻതന്നെ ബുസർഹമീതു കൈയിലെടുത്തു സൂക്ഷിച്ചുകൊള്ളണമെന്നു പറഞ്ഞു തൻെറ കൂടെയുണ്ടായിരുന്നവരിൽ ഒരുവൻെറ പക്കൽ കൊടുത്തു. അനന്തരം അദ്ദേഹം പുതിയ വസ്ത്രമെടുക്കുന്നതിൽ മനഃപൂർവ്വമായി കുറെ അധികസമയം താമസം വരുത്തി. ഇത്രയും സമയത്തോളം ഉമർ നഗ്നരൂപത്തിൽ തന്നെ അവിടെനിന്നു. ബുസർഹമീതു ഉമറിനെ നോക്കി ഇങ്ങിനെ പറഞ്ഞു. പ്രിയ സഹോദര! ഇനി എന്തെങ്കിലും ഒരു കാലത്തു ആരെങ്കിലും നിങ്ങൾക്കു വസ്ത്രങ്ങൾ തരാമെന്നും ഉടുത്തിരിക്കുന്നവ അഴിച്ചുകളയുക എന്നും പറഞ്ഞാൽ നിങ്ങൾ അതുമാതിരി ചെയ്യാതിരിക്കുവാൻ വേണ്ടിയാണ് ഞാൻ നിങ്ങളെ ഇത്രയും സമയം ഇങ്ങിനെ നഗ്നരൂപത്തിൽ നിർത്തിയതു്. ഇതു നിങ്ങൾക്കൊരു പാഠമായിരിക്കട്ടെ".

ഉമർ അത്യന്തം ലജ്ജിച്ചു. മാത്രമല്ല, ആശ്ചര്യപരതന്ത്രനായും ഭവിച്ചു. അയാൾ പറഞ്ഞു. "ലോകത്തിൽ എന്നെ ജയിക്കത്തക്കവരായും എന്നെക്കാൾ സമർത്ഥന്മാരായും ആരുമില്ലെന്നു കരുതിയിരുന്ന ഞാൻ ഇപ്പോൾ ലജ്ജിച്ചു തലകുനിക്കേണ്ടതായി വന്നുവല്ലോ. ഇതുമൊരു പാഠംതന്നെ. മുൻകൂട്ടി ഇതഭ്യസിച്ചിരുന്നുവെങ്കിൽ ഇതുമാതിരി ഒരബദ്ധം എനിക്കു സംഭവിക്കുകയില്ലായിരുന്നു. (കണ്ണുനീർ തൂകിക്കൊണ്ടു്) പ്രിയപ്പെട്ട ഹമീതേ! എൻെറ വസ്ത്രങ്ങൾതന്നെ നിങ്ങൾ എനിക്കു മടക്കിത്തന്നേക്കുക. അനേകം ആളുകൾ നിറഞ്ഞിരിക്കുന്ന ഈ സ്ഥലത്തു നിർത്തി ഇനിയും നിങ്ങൾ എന്നെ കോലം തുള്ളിക്കേണ്ടാ. ലോകർ പലപ്പോഴും എന്നോടു വന്നു നല്ല വാക്കു പറയുകയും എൻെറ മുമ്പിൽ വിനയം ഭാവിക്കുകയുമല്ലാതെ ഞാൻ, ആരുടെ മുമ്പിലും തലകുനിക്കുകയോ കൊഞ്ചുകയോ ചെയ്യേണ്ടി വന്നിട്ടില്ല. ഇപ്പോൾ ഇതിനും ഇടയായി. സ്നേഹിതാ! ദയ ചെയ്തു നിങ്ങൾ എൻെറ വസ്ത്രം മടക്കിത്തന്നു് എന്നെ ഈ അപമാനത്തിൽനിന്നും രക്ഷിക്കുക. ഞാൻ ജീവനുള്ള കാലത്തോളം നിങ്ങളെ വിസ്മരിക്കുന്നതല്ല. ഇതാ ഇപ്പോൾതന്നെ ഞാൻ എൻെറ ഗൃഹത്തിലേക്കോടിപ്പൊയ്ക്കൊള്ളുകയും ചെയ്യാം".

ബുസർഹമീത്:—നിങ്ങൾ പലേ തരത്തിലുള്ള കൃത്രിമങ്ങളാലും ഉപദ്രവങ്ങളാലും ദ്രോഹിച്ചിട്ടുള്ള ആളുകൾക്കു കണക്കില്ല. എത്ര പേരുടെ വസ്ത്രങ്ങളാണു നിങ്ങൾ ഇതുപോലെ അപഹരിച്ചിട്ടുള്ളതെന്നുള്ളതിനും കണക്കില്ല. അതുകൊണ്ടു മേലാൽ നിങ്ങൾ ഇതുമാതിരി ആരുടെയെങ്കിലും വസ്ത്രമപഹരിക്കുവാനുദ്യമിക്കുന്ന പക്ഷം അപ്പോൾ അതിൻെറ വിഷമം ഓർക്കുവാൻ വേണ്ടിയാണ് ഞാൻ നിങ്ങളുടെ

വസ്ത്രമെടുത്തതും ഇത്രയും നേരം നിങ്ങളെ നഗ്നരൂപത്തിൽ നിർത്തിയതും.

ഉമർ:—മേലാൽ ഞാൻ അതുമാതിരിയൊന്നും പ്രവൃത്തിക്കുന്നതല്ല.

അനന്തരം ബുസർഹമീത് ഒരു പെട്ടിതുറന്ന് അതിൽ നിന്നും കുറെ വിശേഷപ്പെട്ട വസ്ത്രങ്ങൾ പുറത്തെടുത്തു. ഇതുകണ്ട് ഉമർ അത്യാശ്ചര്യഭരിതനായിത്തീർന്നുപോയി. അയാൾ അതിൽതന്നെ ബദ്ധശ്രദ്ധനായി നില കൊണ്ടു. ഉടൻതന്നെ, അദ്ദേഹം അതിലുണ്ടായിരുന്നതും വിചിത്രങ്ങളും ആകർഷണീയങ്ങളുമായ പണികളോടുകൂടിയിരുന്നതുമായ ഒരു ലങ്കോട്ടി എടുത്തു അതിൻെറ വിചിത്രമായ പട്ട അത്യന്തം മനോഹരമായിരുന്നതിനും പുറമെ ആ പട്ടയുടെ അഗ്രത്തിൽ വിലയേറിയ ഒരു മാണിക്യം തുളച്ചുപിടിപ്പിച്ചുമിരുന്നു. ബുസർഹമീത് ആ വിലയേറിയതും വിശിഷ്ടവുമായ ലങ്കോട്ടി ഉമറിനെ ധരിപ്പിച്ചുശേഷം പറഞ്ഞു. "അല്ലയോ ഉമർ! ഇതുമാതിരി ഒരു ലങ്കോട്ടി നിങ്ങളുടെ പൂർവ്വികന്മാർ പോലും കണ്ടിട്ടുമില്ല, കേട്ടിട്ടുമില്ല. ഇതിൻെറ വൈശിഷ്ട്യം എന്താണെന്നു വച്ചാൽ ഓട്ടത്തിന് ഇതു വളരെ ഉപകരിക്കും. ഇതിനെ ധരിച്ചിരിക്കുന്നിടത്തോളം കാലം യാതൊരാപത്തിനേയും ഭയപ്പെടേണ്ടതില്ല. മാത്രമല്ല, ജലത്തിൽ നീന്തുന്നതിനും ഇത് ഒരു വലിയ സഹായിയായിത്തീരും".

ഉമർ:—(എല്ലാം ശ്രദ്ധിച്ചു കേട്ടശേഷം) എനിക്കു ഇത്ര മഹത്തായ ഒരു സമ്മാനം നൽകുവാൻ മനസ്സുണ്ടായ അദ്ദേഹത്തെ ജഗദീശൻ അനുഗ്രഹിക്കട്ടെ.

ലങ്കോട്ടി ധരിച്ചതിനു ശേഷം രണ്ടു വിശേഷപ്പെട്ട ഉടുപ്പുകൾ കൂടി ബുസർഹമീത് ഉമറിനെ ധരിപ്പിച്ചു. ആ ഉടുപ്പുകളും വളരെ ദിവ്യങ്ങളായിരുന്നു. അതിൽ പട്ടിനാൽ നിർമ്മിച്ചിരുന്നതു ശരീരസൗഖ്യത്തിനും രണ്ടാമത്തേത് ഏതു ഭയങ്കരമായ ശൈത്യോഷ്ണങ്ങളിൽ നിന്നു സംരക്ഷിക്കുന്നതിനും പര്യാപ്തമായതായിരുന്നു. അനന്തരം തങ്കക്കസവു പിടിപ്പിച്ചും രത്നം പതിപ്പിച്ചും ചിത്രീകരിച്ചിരുന്ന ഒരു പട്ടുവസ്ത്രവും അദ്ദേഹം ഉമറിനെ ധരിപ്പിച്ചു. ഇതുകൂടാതെ വിലമതിക്കുവാൻ കഴിയാത്തതും വിവിധങ്ങളായ രത്നങ്ങൾ പതിച്ചിരുന്നതും പച്ച മരതകക്കല്ലുകളാൽ നിർമ്മിക്കപ്പെട്ടിരുന്ന ഒരു പക്ഷിരൂപം പിടിപ്പിച്ചിരുന്നതുമായ ഒരു കിരീടവും അയാളുടെ ശിരസ്സിൽ വച്ചുകൊടുത്തു. ഇത്രയും ആയശേഷം സൂര്യൻെറ തീക്ഷ്ണമായ രശ്മികളെ തടയുവാനുപകരിക്കുമാറു മനോഹരമായ ഒരു കുടയും, ശത്രുസംഹാരപരമായ ഒരു കവുണും നൽകി. ഉമർ ഇത്രയുമായപ്പോഴേക്കും സന്തോഷംകൊണ്ടു മതിമറന്നു കഴിഞ്ഞു. ബുസർഹമീതു പറഞ്ഞു. "അല്ലയോ ഉമർ! ഈ കവുണ് എപ്പോഴുമുപയോഗിക്കരുത്. ഇതിൻെറ ശക്തി അന്യാദൃശമാകുന്നു. അതിനാൽ ശത്രുസംഘം വളരെ വർദ്ധിച്ചു നില്ക്കുമ്പോഴല്ലാ

തെ വരുന്ന സന്ദർഭത്തിലും ജീവാപായം നേരിടുമെന്നു സംശയം ജനിക്കുന്ന ഘട്ടങ്ങളിലും മാത്രമേ ഈ കവുണിൽ കല്ലുവച്ചുപ്രയോഗിക്കുവാൻ പാടുള്ളൂ".

ഉമറിന്റെ സന്തോഷവും വിസ്മയവും വീണ്ടും അതീവ വളർന്നു. ബുസർഹമീതു് തന്റെ പിതാവു നൽകിയിരുന്നതും ഉമറിനു സമ്മാനിക്കുന്നതിലേക്കായി സൂക്ഷിച്ചിരുന്നതുമായ വിശിഷ്ടസാധനങ്ങൾ വീണ്ടും ഓരോന്നെടുക്കുകയും അതിന്റെ മഹനീയതയെപററി അയാളെ പറഞ്ഞു ധരിപ്പിച്ചു ഒന്നൊന്നായി കൊടുത്തു തുടങ്ങുകയും ചെയ്തു. അദ്ദേഹം നാല്പത്തിനാലു ചിലങ്കമണി എടുത്തുകൊടുത്തു പറഞ്ഞു. "സ്നേഹിതാ! ഇതാ ഈ മണികൾ നൃത്തവേളകളിൽ അരയിൽ കൊരുത്തുകെട്ടിയിരുന്നാൽ ഏതു സ്വരത്തിൽ പാടുന്നുവോ അതേ സ്വരത്തിലും അതിനനുയോജ്യമായ താളത്തിലും ശബ്ദം പുറപ്പെടുവിക്കുന്നതാണ്." പിന്നീടു കുറെ ജാലവിദ്യകളും പറഞ്ഞുകൊടുത്തു. അതിനെ തുടർന്നു ഒരു കൃത്രിമതാടി എടുത്തു കൊടുത്തു് അതു ധരിക്കേണ്ട രീതിയും മനസ്സിലാക്കികൊടുത്തു. ഇവയ്ക്കു പുറമേ വേറെയും അനേകവിധങ്ങളും അത്യന്തം പ്രയോജനപ്രദങ്ങളുമായ സാധനങ്ങൾ ബുസർഹമീതു ഉമറിനു സമ്മാനിച്ചു. രത്നഖചിതങ്ങളായ ചില ദിവ്യായുധങ്ങൾ മററു സമ്മാനങ്ങളെ അപേക്ഷിച്ചു ഉമറിനു അളവററ സന്തോഷത്തെ നൽകി.

ഈ വക സമ്മാനങ്ങളെല്ലാം വാങ്ങിയശേഷം ഉമർ ബുസർഹമീതിനോടു യാത്രപറഞ്ഞു മെക്കയിലേക്കു തിരിച്ചു അവിടെ എത്തിയ മാത്രയിൽ അയാൾ അമീറിനെ ചെന്നു കാണുകയും താൻ ബുസർഹമീറിനെ കണ്ടതും മററുമായ സംഗതികൾ പറഞ്ഞു കേൾപ്പിക്കുകയും ചെയ്തു. അല്ലയോ അമീർ അങ്ങു നൌഷർവാൻ എഴുതിയിരുന്ന എഴുത്തിനു മറുപടിയും അനവധി വിലയേറിയ സമ്മാനങ്ങളും കൊടുത്തു് അദ്ദേഹം ബുസർജംഹറിന്റെ പുത്രനായ ബുസർഹമീതിനെ അയച്ചിരിക്കുകയാണു. അദ്ദേഹവും പരിവാരങ്ങളും നമ്മുടെ പട്ടണത്തിൽനിന്നു മൂന്നുനാലുകാതം വഴിക്കകലത്തൊരിടത്താണ് വന്നു താവളമുറപ്പിച്ചിരിക്കുന്നതു്. ബാദുഷയുടെ സമ്മാനത്തിനു പുറമേ ബുസർജംഹർ അങ്ങേക്കു വളരെ വിശേഷപ്പെട്ട ഒരു കൊടിയും കൂടാരവുംകൂടി സമ്മാനമായി കൊടുത്തയച്ചിട്ടുണ്ടു്. എനിക്കദ്ദേഹം നാനൂററിനാല്പതു ദിവ്യസാധനങ്ങൾ സമ്മാനിക്കയുണ്ടായി. കൂടാതെ പതിനെട്ടു ഐന്ദ്രജാലികങ്ങളായ വസ്തുക്കളും അദ്ദേഹം എനിക്കു നൽകി. അവയോരോന്നും ഉപയോഗിക്കേണ്ടവിധവും എന്നെ പറഞ്ഞു മനസ്സിലാക്കീട്ടുണ്ടു്." എന്നു പറഞ്ഞു തന്റെ ശരീരത്തിൽ ധരിച്ചിരുന്നതും താൻ സൂക്ഷിച്ചിരുന്ന എല്ലാവക സാധനങ്ങളെയും ഉമർ അമീറിനെ കാണിച്ചു. അമീർ അത്യന്തം സന്തുഷ്ടനായിത്തീർന്നു. ഉടൻതന്നെ

തന്റെ കൂട്ടുകാരായ ചിലരേയും കൂട്ടിച്ചുകൊണ്ട് അദ്ദേഹം തന്നെ കാണുന്നതിനുവേണ്ടിയായി വന്നിരിക്കുന്ന ബുസർഹമിതിനെ സ്വീകരിച്ചുകൊണ്ടു വരുന്നതിനുവേണ്ടി പട്ടണത്തിനു വെളിയിലേക്കു പുറപ്പെട്ടു.

വഴിമദ്ധ്യത്തിൽ ഒരിടത്തുവച്ചുതന്നെ അമീറും ബുസർഹമിതും തമ്മിൽ സന്ധിച്ചു. അവർ അന്യോന്യം ആചാരോപചാരങ്ങൾ ചെയ്തു തങ്ങളുടെ സ്നേഹം പ്രദർശിപ്പിച്ചു. അതിനുശേഷം ബുസർഹമിതു് അമീറിനു കൊടുക്കുന്നതിലേക്കായി കൊണ്ടുവന്നിരുന്ന എഴുത്തും സമ്മാനവസ്തുക്കളും അമീറിനു കൊടുത്തു ബാദുഷ പറഞ്ഞയച്ചിരുന്ന വർത്തമാനങ്ങളും അറിയിച്ചു.

നൌഷർവാന്റെ എഴുത്തു വായിച്ചതിന്നതോടുകൂടി അമീർ സന്തോഷംകൊണ്ടു മതിമറന്നു. കുറച്ചുസമയം കഴിഞ്ഞു അദ്ദേഹം സമ്മാനവസ്തുക്കളെല്ലാം പരിശോധിക്കുകയും അതിൽനിന്നും ഒരു വിശേഷപ്പെട്ട വസ്ത്രമെടുത്തു അപ്പോൾതന്നെ ധരിക്കുകയുംചെയ്തു. അനന്തരം ബുസർഹമിതു് അമീറിനു സമ്മാനിക്കുന്നതിനുവേണ്ടിയായി തന്റെ പിതാവു പ്രത്യേകം ഏല്പിച്ചിരുന്ന കൊടിയും കൂടാരവുംകൂടി അദ്ദേഹത്തിനു കൊടുത്തു് ഇങ്ങിനെ പറഞ്ഞു. "പ്രഭോ! ഇവ രണ്ടും വളരെ വിശേഷശക്തിയുള്ള സാധനങ്ങളാണ്. എന്നാൽ ഇതുകൊണ്ടു അങ്ങേക്കല്ലാതെ മററാക്കും യാതൊരു പ്രയോജനവുമില്ല." തനിക്കിത്രമാത്രം മഹത്തായ സമ്മാനങ്ങൾ കൊടുത്തയച്ച ബുസർജംഹറിനെ അമീർ വളരെ സ്തുതിച്ചശേഷം ബുസർഹമിതിന്റെ പേരിൽ തനിക്കുള്ള നിസ്തുല്യവും നിമ്മലവുമായ സ്നേഹബഹുമാനാദികളേയും പ്രദർശിപ്പിച്ചു.

ബുസർഹമിതു നൽകിയ ആ വിശേഷപ്പെട്ട കൊടി ഉടൻതന്നെ അമീർ തന്റെ കൊടിക്കാരനായ തൌബ് ഹ്ഹാൻ എന്നയാളെ ഏല്പിച്ചു. കൂടാരത്തെ ആദിയുടെ പക്കലും ഏല്പിച്ചു. താൻ എവിടെ പോയാലും തന്നോടൊന്നിച്ചു് ഈ കൊടിയും കൂടാരവും ഇവർതന്നെ കൊണ്ടുചെല്ലണമെന്നും മററാരേയും ഏല്പിച്ചു കൊടുത്തുപോകരുതെന്നും അദ്ദേഹം പ്രത്യേകം ഏല്പ്പുടുചെയ്തു. അതിനുശേഷം അമീർ ബുസർഹമിതിനേയും സംഘത്തേയും യഥോചിതം കൂട്ടിച്ചുകൊണ്ടു മെക്കയിലേക്കു തിരിച്ചു.

അധികം താമസിയാതെതന്നെ അമീറും കൂട്ടരും ഗൃഹത്തിലെത്തി. അമീർ, ബുസർഹമിതിനെ തന്റെ പിതാവിനും മററു് അവിടെയുണ്ടായിരുന്ന ജനനേതാക്കന്മാക്കും പരിചയപ്പെടുത്തിക്കൊടുത്തശേഷം അവരുടെ ആഗമനോദ്ദേശ്യത്തെപററിയും മററും അവരെ പറഞ്ഞുകേൾപ്പിച്ചു. എല്ലാവക്കും വളരെ സന്തോഷമായി. അതിഥികളെ സൽക്കരിക്കുന്നതിനും അവരുടെ അവിടത്തെ സുഖവാസത്തിനും വേണ്ട എല്ലാവക ഏർപ്പാടു

കളും അബ്ദുൽമുത്തലിബ്ബ് തൻെറ ആൾക്കാരെക്കൊണ്ടു ഭംഗിയാംവിധം ചെയ്യിച്ചു.

ബുസർഹമീതും കൂട്ടരും ഏതാനും ദിവസം വളരെ സന്തോഷമായും സന്തൃപ്തിയോടുകൂടിയും അവിടെ താമസിച്ചു. ഇങ്ങിനെയിരിക്കെ ഒരു ദിവസം ബുസർഹമീതു അമീറിനോടു പറഞ്ഞു. "അമീർ! ഞങ്ങൾ ഇവിടെ വന്നിട്ടു ദിവസങ്ങൾ ഏതാനുമായി. നിങ്ങളുടെ ഉപചാരങ്ങളിലും മററും മതിമറക്കുകയാൽ ദിവസങ്ങൾ കഴിഞ്ഞതോ ഇവിടേക്കു വരുവാനുള്ള കാരണങ്ങൾ തന്നെയോ ഞാൻ മിക്കവാറും വിസ്മരിച്ചു. ഇനി എനിക്കിവിടെ അധികം താമസിക്കുവാനുള്ള സൌകര്യവുമില്ല. നൌഷർവാൻബാദുഷ അങ്ങയുടെ വരവിനേയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ ഉടൻതന്നെ മദായിൻ പട്ടണത്തിലേക്കു പുറപ്പെടുവാൻ അങ്ങുന്നു തയാറാകണം."

അമീർ അങ്ങിനെതന്നെയെന്നു സമ്മതിച്ചു. ഉടൻതന്നെ അദ്ദേഹം ദേവാലയത്തിൽചെന്നു പ്രാൎത്ഥന മുതലായവകൾ നടത്തി പിതാവിനെ വസ്തുതകൾ മുഴുവൻ മനസ്സിലാക്കി അദ്ദേഹത്തിൻെറ അനുവാദവും വാങ്ങി. ഇതിനകം അമീറിൻെറ സംഘാംഗങ്ങളിൽ പ്രമാണികളായ മുനജ്ജർഷാ, സഫീൽയമനി, സുൽത്താൻബത്, ആദി, തൌബ്ഹ്ഹാൻ മുതലായവർ അമീറിനോടൊന്നിച്ചു യാത്രപുറപ്പെടുവാൻ വേണ്ട ഒരുക്കങ്ങളെല്ലാംചെയ്തു മുപ്പതിനായിരത്തിൽപരം യുദ്ധവീരന്മാരേയും സജ്ജീകരിച്ചുനിൎത്തി. അടുത്തമാത്രയിൽതന്നെ അമീർ പിതാവിൻെറ അനുവാദവും ആശീർവ്വാദങ്ങളും വാങ്ങി എല്ലാവരുമായി മദായിനിയിലേക്കു തിരിച്ചു. യാത്രയിൽ അവർ പലേസ്ഥലങ്ങളിലും തങ്ങി ആഹാരാദികൾ കഴിഞ്ഞു വിശ്രമിച്ചും മൃഗയാവിനോദങ്ങൾ നടത്തി ആനന്ദിച്ചും ഒട്ടു വളരെ വഴി തരണംചെയ്തു. അപ്പോൾ അവർ കടന്നുപോയ മാൎഗ്ഗം രണ്ടായി പിരിഞ്ഞിരിക്കുന്നതുകണ്ടു. ആ രണ്ടു പാതകളും ഏതേതു ദിക്കുകളിലേക്കുള്ളതാണെന്ന് അമീർ ബുസർഹമീതിനോടു ചോദിച്ചു. ബുസർഹമീത് ഇങ്ങിനെ മറുവടി പറഞ്ഞു. "ഈ രണ്ടു പാതകളും മദായിൻപട്ടണത്തിലേക്കുള്ളതാണ്. ഇതിൽ ഒരെണ്ണം യാത്രക്കു വളരെ സുഖവും സൌകര്യമുള്ളതും മറെറാന്ന് അപകടസമ്പൂൎണ്ണവുമാണ്. സുഖമായ പാതവഴിക്കു യാത്രചെയ്യുകയാണെങ്കിൽ ഇവിടെനിന്നും മദായിനിൽ ചെന്നുചേരുവാൻ ആറുമാസത്തെ യാത്രചെയ്യണം. എന്നാൽ, രണ്ടാമത്തെ ഭയങ്കരവും അപകടസമ്പൂൎണ്ണവുമായ വഴിക്കു പോകുകയാണെങ്കിൽ വളരെ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ അവിടെചെന്നെത്തുവാൻ സാധിക്കും. പക്ഷെ, ഈ മാൎഗ്ഗം ഒന്നുകൊണ്ടും സുകരമല്ല. ഏകദേശം അഞ്ചുവഷക്കാലമായി ഇതുവഴിക്കു മനുഷ്യരാരും സഞ്ചരിക്കപതിവേ ഇല്ല. എന്തുകൊണ്ടെന്നാൽ, ഇവിടെനിന്നും കുറച്ചുദൂരം ചെല്ലു

മ്പോൾ അവിടെ ഒരു ഘോരവനമുണ്ട്. ആ വനത്തിൽ എവിടെനിന്നോ ഒരു ഭയങ്കരരൂപിയായ സിംഹം വന്നു താവളമുറപ്പിച്ചിരിക്കുന്നു. അതുവഴി യാത്രചെയ്യുന്നവരെയെല്ലാം ആ സിംഹം പിടിച്ചു കൊന്നുകളയുന്നു. അതിനെ കൊല്ലുവാൻ സന്നദ്ധരായി അനേകം ധീരപുരുഷന്മാർ ഇതിനുള്ളിൽ വേണ്ടശ്രമം ചെയ്തിട്ടുണ്ട്. എന്നാൽ അവരാരും ഇതേവരെ ജീവനോടുകൂടി മടങ്ങിവന്നിട്ടില്ല. തന്നിമിത്തം ജനങ്ങളെല്ലാം വല്ലാതെ ഭയപ്പെടുകയും ഈ പാത യാത്രക്കുപയോഗിക്കാതെ നിശ്ശേഷം പരിത്യജിക്കുകയും ചെയ്തിരിക്കയാണ്."

അമീർ:— ആ ദുഷ്ടമൃഗം, അറിയാതെ വല്ലവരും ഇതുവഴിക്കു കടന്നുചെല്ലുകയാണെങ്കിൽ അവരെ കൊല്ലുന്നുവെങ്കിൽ ഈ അനൎത്ഥത്തിൽ നിന്നും സാധുക്കളായ ജനങ്ങളെ സംരക്ഷിക്കേണ്ട കടമ എനിക്കുണ്ട്. ഞാൻ നിശ്ചയമായും ആ സിംഹത്തെ കൊന്ന് ആ ബാധ നിശ്ശേഷം ഒഴിക്കുന്നതാണ്. ഇതുവഴിക്കു ഞാൻ ഒററക്കു പോയ്ക്കൊള്ളാം. എൻെറ സഹായത്തിനു മററാരും ആവശ്യമില്ല. നിങ്ങളെല്ലാം ഈ സുഖമായ വഴിക്കുകൂടിത്തന്നെ പോയ്ക്കൊള്ളുക.

അമീറിനെ തനിയേ അതുവഴിക്കയയ്ക്കുവാൻ ബുസർഹമീതു വളരെ ഭയപ്പെട്ടുവെങ്കിലും സ്ഥിരനിഷ്ഠനായ അദ്ദേഹത്തെ തദ്ഉദ്യമത്തിൽ നിന്നും വിരമിപ്പിക്കുവാൻ കഴിഞ്ഞില്ല. അമീർ എല്ലാവരോടും യാത്രപറഞ്ഞ് അവരെ അപകടരഹിതമായ മാൎഗ്ഗത്തിൽക്കൂടി അയച്ചശേഷം താൻ ഏകനായി രണ്ടാമത്തെ വഴിക്കു തിരിച്ചു. എന്നാൽ ഉമർകൂടി യാതൊരു നിർബ്ബന്ധവും വകവയ്ക്കാതെ അമീറൊന്നിച്ചു തിരിച്ചു. ഉമറും അമീറുംകൂടി മൂന്നു ദിവസത്തെ യാത്രക്കുശേഷം മേൽപറഞ്ഞ ഘോരവനത്തിനു സമീപം ചെന്നുചേൎന്നു. നിൎമ്മലവും മനോമോഹനവുമായ ആ വനതലം ദൎശനമാത്രയിൽ തന്നെ അമീറിനെ ക്രമാധികം ആനന്ദിപ്പിച്ചു. അവിടത്തെ സാന്ദ്രശീതളമായ മാരുതപ്രവാഹവും കൎണ്ണപീയൂഷമായ പക്ഷിനാദവും, അച്ഛസ്ഫടികസങ്കാശമായ തടാകജലവും മററു പ്രകൃതിസൌകുമാൎയ്യവും അമീറിനെ എന്തെന്നില്ലാതെ പരമാനന്ദരസത്തിൽ ആറാടിച്ചു. യാത്രചെയ്യുണ്ടായിരുന്ന എല്ലാവക ക്ഷീണങ്ങളും അമീർ വിസ്മരിച്ചു. അദ്ദേഹവും ഉമറും തങ്ങളുടെ കുതിരപ്പുറത്തുനിന്നും താഴത്തിറങ്ങി തടാകതീരത്തിലിരുന്നു കുറച്ചുനേരം വിശ്രമിച്ചു. അമീറിൻെറ ശ്രദ്ധ മുഴുവൻ ആ വനവിഭാഗത്തിലെ വിവിധങ്ങളായ മനോഹരകാഴ്ചകളിൽ സുദൃഢമായി പതിഞ്ഞു. ഉമർ അമീറിൻെറ കുതിരയെ മേയുവാൻ വിട്ടു അതിൻെറ കഴുത്തിൽ ബന്ധിച്ചിരുന്ന ചരടിൻെറ ഒരു തലയ്ക്കൽ ബലമായി പിടിച്ചുകൊണ്ടും അങ്ങിങ്ങു നോക്കിക്കൊണ്ടുമിരിക്കുകയായിരുന്നു. അപ്പോൾ കാട്ടിനുള്ളിൽ എന്തോ ഒരു വലിയ ശബ്ദം കേട്ടു. ശ്രവണമാത്രയിൽ തന്നെ ഉമറിൻെറ ധൈൎയ്യം മിക്ക

വാറം അസ്തമിച്ചു. അതെന്താണെന്നറിയായ്കയാലുള്ള ഭീതിയോടുകൂടി അയാൾ നാലുഭാഗങ്ങളിലേക്കും തന്റെ ദൃഷ്ടികളെ ദ്രുതഗതിയിൽ പായിച്ചു. ഇങ്ങിനെ സൂക്ഷിച്ചപ്പോൾ വളരെ ദൂരത്തുനിന്നും ഒരു സിംഹം പാഞ്ഞു വരുന്നതായി അയാൾ കണ്ടു. സിംഹമെന്നും പുലിയെന്നും മററും ഓരോരുത്തർ പറഞ്ഞു കേട്ടിട്ടുള്ളതല്ലാതെ ഇവയൊന്നും ഉമർ നാളതുവരെ കണ്ടിട്ടില്ലായിരുന്നു. പ്രകൃതിയുടെ നിസർഗ്ഗസുന്ദരമായ വിലാസത്തിൽ ആകൃഷ്ടചിത്തനായിത്തീൎന്ന അമീർ ഈ അവസരത്തിൽ ഉമറിൽനിന്നും സാമാന്യം അകന്നൊരിടത്തു നില്ക്കുകയായിരുന്നു. സിംഹത്തെ കണ്ട മാത്രയിൽ അയാൾ ഭയന്നു വിറച്ചുകൊണ്ട് ജീവനിലുള്ള ആശയോടുകൂടി അടുത്തു നിന്നിരുന്ന ഒരു വലിയ വൃക്ഷത്തിന്റെ മുകളിലേക്കു പാഞ്ഞുകയറി. അയാൾ അവിടെ ഇരുന്നുകൊണ്ട് ദൂരത്തു നിന്നിരുന്ന അമീറിനെ അത്യുച്ചത്തിൽ വിളിച്ചു. അമീർ അതത്ര ഗൌനിച്ചതേയില്ല. ഉമർ പ്രാണവേദനയോടുകൂടി വീണ്ടും വിളിക്കുവാൻ തുടങ്ങി "അമീർ! അമീർ! ആ സിംഹം അതാ നിങ്ങൾ നില്ക്കുന്ന സ്ഥലത്തേക്കുതന്നെയാണു വരുന്നത്. അതിന്റെ വായിലകപ്പെട്ടു വെറുതെ അകാലമൃത്യുവിന്നിരയായിത്തീരാതെ വേഗം ഞാനിരിക്കുന്ന ഈ വൃക്ഷത്തിലേക്കുതന്നെ കയറിവരിക".

അമീർ:—എടാ ഭീരു! നിനക്കെന്താണു പൈത്യം പിടിച്ചുവോ? ഇത്ര ഭോഷനാണു നീയെന്നു ഞാനറിഞ്ഞിരുന്നില്ല. എന്റെ എല്ലാ കൂട്ടുകാരേയും സൈന്യങ്ങളേയും വിട്ടുപിരിഞ്ഞു ഞാൻ ഈ സ്ഥലത്തേക്കു വന്നതു ആ സിംഹത്തെ വധിക്കുന്നതിലേക്കായിട്ടല്ല.

അമീർ ആ സിംഹം വരുന്ന സ്ഥലത്തേക്കു സൂക്ഷിച്ചുകൊണ്ടു ഗംഭീരഭാവത്തിൽ എന്തിനും സന്നദ്ധനായി നിലകൊണ്ടു. സിംഹം തന്നോടടുക്കദേശം സമീപിച്ചതോടുകൂടി അമീർ ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചു. അമീറിനെ കണ്ടപ്പോൾ സിംഹത്തിന്റെ കോപം അതിരുകടന്നു. അതു ചില ഭയങ്കരശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഒരൊററ അടിക്കുതന്നെ കൊല്ലണമെന്നുള്ള വൈരാഗ്യത്തോടു കൂടിയും അമീറിന്റെ നേരെ കുതിച്ചു ചാടി. സിംഹം കുതിച്ചുയൎന്നു എന്നു കണ്ടപ്പോൾ ബുദ്ധിമാനായ അമീർ അല്പം മുന്നോട്ടാഞ്ഞു നിലത്തോടു ചേൎന്നിരുന്നുകളഞ്ഞു. സിംഹം അമീറിന്റെ പിൻഭാഗത്തു വന്നുവീണു. ഉടൻതന്നെ അമീർ എഴുന്നേററു അത്യുച്ചത്തിൽ ഒരു ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു പിൻഭാഗത്തേക്കു തിരിഞ്ഞു. അമീറിന്റെ ശബ്ദം ഭയങ്കരമായ ഇടിനാദംപോലെ അത്യുച്ചത്തിൽ മുഴങ്ങി. ആ കാട്ടിലുണ്ടായിരുന്ന ജീവജാലങ്ങളെല്ലാം ഭയന്നു വിറച്ചുവശായി. അമീറിൽനിന്നും പുറപ്പെട്ട ശബ്ദം ആ സിംഹത്തേയും വല്ലാതെ ഭയപ്പെടുത്തി. അമീർ സിംഹത്തിന്റെ നേരെ തിരിഞ്ഞ മാത്രയിൽ അതിന്റെ പിൻകാലുകളിൽ രണ്ടിലുംകൂടി കടന്നുപിടിച്ചു തൂക്കിഎടുത്തു നിലത്തോ

രടി കൊടുത്തു. അടിയേററതോടുകൂടി അതിൻെറ എല്ലുകളെല്ലാം നുറുങ്ങി. അതു് എന്നെന്നേക്കുമായി ലോകത്തോടു് അവസാനയാത്ര പറഞ്ഞു പിരിഞ്ഞു. ഇതുകണ്ടു സന്തോഷാധിക്യത്താൽ മതിമറന്ന ഉമർ ക്ഷണത്തിൽ വൃക്ഷത്തിൽനിന്നും താഴത്തിറങ്ങി അമീറിനെ അളവററു പ്രശംസിച്ചുകൊണ്ടു അദ്ദേഹത്തിൻെറ കൈ പിടിച്ചു പലേ പ്രാവശ്യം ചുംബിച്ചു.

അന്നുരാത്രി അവർ അവിടെത്തന്നെ കഴിച്ചുകൂട്ടി. പിറേറദിവസം നേരം പ്രഭാതമായ ഉടൻ ഉമർ ആ സിംഹത്തിൻെറ തോൽ യാതൊരു കേടും കൂടാതെ ഉരിച്ചെടുത്തു കഴുകി ശുദ്ധിയാക്കിയ ശേഷം അതിനുള്ളിൽ ഇലയും ചവറും മററും വാരിനിറച്ചു കാഴ്ചയിൽ അതൊരു ജീവനുള്ള സിംഹതന്നെയെന്നു് ആക്കും തോന്നത്തക്കവിധം ഭംഗിയാക്കി എടുത്തു. അനന്തരം അയാൾ ചില മരക്കൊമ്പുകൾ കടിച്ചെടുത്തു് ആ സിംഹരൂപം ബലമായി ഉറപ്പിച്ചുവെക്കത്തക്കവിധത്തിൽ ഒരു തട്ടുകെട്ടിയുണ്ടാക്കി സിംഹത്തെ അതിന്മേൽ ഇരുത്തി. അമീർ മദായിനിലേക്കു യാത്രപുറപ്പെടുവാൻ തയാറായി. ഉടൻതന്നെ ഉമർ എവിടെ നിന്നോ ഒരുവനെ കൂട്ടിച്ചുകൊണ്ടുവന്നു തൻെറ സിംഹത്തെ അവനെക്കൊണ്ടു ചുമപ്പിച്ചു അമീറൊന്നിച്ചു പുറപ്പെട്ടു. കൃത്രിമസിംഹമെങ്കിലും അതിൻെറ ഇരുപ്പും ഭാവവും ആകൃതിയും മററും കണ്ടാൽ ഏതു ധീരഹൃദയനും ഭയന്നു ഞെട്ടിപ്പോകുമായിരുന്നു. ജീവനില്ലാത്ത ഒന്നാണതെന്നു പറയുവാൻ ആക്കും സാധിക്കുകയുമില്ലായിരുന്നു.

ബുസർഹമീതും കൂട്ടുകാരും പോയ വഴി ദീഘമേറിയതായിരുന്നതിനാൽ അവർ മദായിനിൽ ചെന്നു ചേരുവാൻ അധികം ദിവസങ്ങൾ വേണ്ടിവരുമെന്നറിഞ്ഞിരുന്നതിനാൽ അമീർ തൻെറ യാത്രയിൽ പലേ സ്ഥലങ്ങളിലുമിരുന്നു വിശ്രമിക്കുകയും വിനോദാത്ഥം വേട്ടയാടുകയും ചെയ്തുതുടങ്ങി. ഇങ്ങിനെ സന്തോഷപ്രദമായി സമയം പോകുകയാൽ അമീർ യാത്രാഖേദം അറിഞ്ഞതേയില്ല. ഏതാനും ദിവസങ്ങൾക്കു ശേഷം അമീറും ഉമറും മദായിൻ പട്ടണത്തിൽ ചെന്നുചേന്നു. അന്നുതന്നെ ബുസർഹമീതും സംഘവും അവിടെ എത്തിയിരുന്നു. പട്ടണത്തിൽ പ്രവേശിച്ചശേഷം അവിടെ എന്തു ക്രിത്രിമത്തിനാണു ലാക്കുള്ളതെന്നായിരുന്നു ഉമർ നോക്കിയതു്. ഒരൊന്നാംതരം സിംഹത്തേയും ഒന്നിച്ചുകൊണ്ടു വന്നിട്ടുണ്ടു. അതു പ്രയോഗിച്ചു തൻെറ കൂട്ടുകാരെയും ആ പട്ടണവാസികളെയും നല്ലതുപോലെ ഒന്നു ഭയപ്പെടുത്തണമെന്നുതന്നെ ഉമർ തീച്ചയാക്കി. പട്ടണത്തിലേക്കു പ്രവേശിച്ചയുടൻതന്നെ അയാൾ കോട്ടയ്ക്കരികിലെത്തി അവിടമെല്ലാം നല്ലതുപോലെയൊന്നു പരിശോധിച്ചു തൻെറ സിംഹത്തെ തള്ളുവാൻ സൌകര്യമായ സ്ഥലമുണ്ടോ എന്നായിരുന്നു ഉമർ സൂക്ഷിച്ചതു്. ആ കോട്ടക്കു സമീപത്തായിത്തന്നെ സാമാന്യം ഉയരമുള്ള ഒരു കുന്നു സ്ഥിതി

ചെയ്യുന്നുണ്ടായിരുന്നു. ഉമർ തൻെറ പക്കലുണ്ടായിരുന്ന സിംഹരൂപത്തെ ആ കുന്നിൻെറ മുകൾഭാഗത്തൊരിടത്തായി കാണികളുടെ ദൃഷ്ടിക്കു എത്തുപെടത്തക്കവണ്ണം കൊണ്ടുചെന്നുറപ്പിച്ചുവച്ചു. ജീവനുള്ള ഒരു ഭയങ്കര സിംഹം വന്നിരിക്കുന്നതായിട്ടു അതു കാണുന്ന ആൎക്കും തോന്നുകയുള്ളു. ഇങ്ങിനെ അയാൾ ആരുമറിയാതെ പണിപററിച്ചുവച്ചശേഷം തൻെറ സൈന്യസംഘത്തിൽ ചെന്നുചേരുകയും ചെയ്തു.

പിറേറ ദിവസം രാവിലെ കൊട്ടാരം പരിചാരകന്മാരിൽ ഒരുവനാണ കോട്ടവാതിൽ കടന്നു ആദ്യമായി പുറത്തേക്കു വന്നതു്. അവൻ വാതൽ വിട്ടു അല്പം അകലെ വന്നപ്പോൾ ഉമർ വച്ചിരുന്ന ആ കൃത്രിമ സിംഹത്തെ യാദൃശ്ചികമായി കാണുന്നതിന്നിടയായി. സാധുവായ ആ പരിചാരകൻ അതു സാക്ഷാൽ സിംഹമാണെന്നു കരുതി ഭയപ്പെട്ടു മോഹാലസ്യത്തോടുകൂടി നിലംപതിച്ചു. അയാളുടെ പുറകേ വന്നിരുന്നവർ ഇതു കണ്ടു കാരണമറിയാതെ സംഭ്രാന്തചിത്തന്മാരായി നാലുപാടും ഒന്നു സൂക്ഷിച്ചു. തങ്ങളുടെ നേരേ ചാടിവീണു തങ്ങളെ പിടിക്കുവാൻ സന്നദ്ധമെന്ന മട്ടിൽ സ്ഥിതിചെയ്യുന്ന സിംഹത്തെകണ്ടു അവരുംഭയപ്പെട്ടുകൊണ്ടു് "അയ്യോ! സിംഹം! സിംഹം!" എന്നിങ്ങനെ അത്യുച്ചത്തിൽ വിളിച്ചു പ്രാണഭീതിയോടുകൂടി ഓടിത്തുടങ്ങി. ക്ഷണനേരത്തിനുള്ളിൽ പട്ടണവാസികളെല്ലാം വസ്തുത ഗ്രഹിക്കുകയും എല്ലാവരും ഒന്നുപോലെ ഭയതരളിതരായിത്തീരുകയുംചെയ്തു. മിക്കവാറും ജനങ്ങൾ സിംഹഭയത്താൽ തങ്ങളുടെ പുരമുറികളിൽ കയറി വാതലടച്ചിരുന്നു. കുറേപ്പേർ സിംഹം വന്നാലുടൻ വെടിവെച്ചു കൊല്ലണമെന്നു കരുതി തോക്കുകൾ നിറച്ചു ശരിയാക്കിവച്ചു. എന്നുവേണ്ടാ, ആകപ്പാടെ പട്ടണവാസികളായ ജനങ്ങളുടെ ഇടയിൽ ആകമാനം ഒരിളക്കം പ്രബലമായിത്തീൎന്നു. ഇങ്ങിനെ ഒരു കാട്ടുസിംഹം പട്ടണത്തിൽ കടന്നു വന്നിരിക്കുകയാൽ തന്മൂലം ജനങ്ങൾക്കെല്ലാം അത്യധികമായ അനൎത്ഥങ്ങൾ ഉണ്ടാകാനിടയുണ്ടെന്നു കണ്ടു് ചിലർ ആ വിവരം ബാദുഷയ്ക്കറിവുകൊടുത്തു. വിവരമറിഞ്ഞ മാത്രയിൽ തന്നെ ബാദുഷ ആ സിംഹത്തെ കാണുന്നതിലേക്കായി അത്യുന്നതമായ കോട്ടയുടെ മുകൾഭാഗത്തു കയറിനിന്നു വെളിയിലേക്കു സൂക്ഷിച്ചു. ചാടിയോടുവാൻ സന്നദ്ധമായ മട്ടിൽ കുന്നിൻ മുകളിൽ സ്ഥിതിചെയ്യുന്ന സിംഹത്തെ അദ്ദേഹം കണ്ടു. ആ സിംഹത്തെക്കണ്ടു് വിരണ്ടോടുന്നവരും, ഭയന്നു നിലവിളിച്ചു കണ്ണുനീർ ധാരധാരയായി തൂകുന്നവരും, ഭയന്നു വിറച്ചു നിലംപതിക്കുകയാൽ പല്ലും മൂക്കും തകൎന്നു രക്തം പ്രവഹിച്ചിട്ടും പ്രാണഭയത്താൽ ചാടി എണീററ ദ്രുതഗതിയിൽ ഓടുന്നവരും ആയ ജനങ്ങളെ കണ്ടു് അദ്ദേഹം വളരെ ആശ്ചൎയ്യപ്പെട്ടു. അവിടെ എന്താണു ചെയ്യേണ്ടതെന്നോ സാധുക്കളായ തൻെറ ജനങ്ങളെ ഈ അത്യാപ

ത്തിൽ നിന്നും സംരക്ഷിക്കേണ്ടതെങ്ങിനെയെന്നോ അറിയാതെ വിവിധങ്ങളായ വികാരങ്ങൾക്കധീനനായി അദ്ദേഹം അവിടത്തന്നെ കുറെ ഏറെ നേരത്തോളം നിന്നു. അപ്പോൾ മക്ബൂൽ അതു വഴിക്കു വരികയുണ്ടായി. അദ്ദേഹം മേൽപറഞ്ഞ കുന്നിനു സമീപത്തെത്തിയപ്പോൾ ജനക്ഷോഭത്തിന്നു കാരണമാക്കിയ സിംഹം സ്ഥിതിചെയ്യുന്നതായി കണ്ടു. ഉടൻ തന്നെ അദ്ദേഹം തൻെറ വില്ലെടുത്തു കുലച്ച് ഒരമ്പു തൊടുത്തുകൊണ്ട് അതിൻെറ നേരെ പ്രയോഗിക്കുന്നതിലേക്കായി പിൻഭാഗത്തുകൂടി സാവധാനത്തിൽ നടന്ന് ഏകദേശം അതിനോടു സമീപിച്ചു. മക്ബൂൽ തൻെറ ലക്ഷ്യം കുറിക്കു കൊള്ളിക്കുന്നതിലേക്കായി സിംഹത്തെ സൂക്ഷിച്ചപ്പോൾ അതിനു യാതൊരുവിധമായ ചലനവും ഇല്ലെന്നു മനസ്സിലായി. വീണ്ടും ഏതാനും നിമിഷംകൂടി അദ്ദേഹം അതിൻെറ ഓരോ അംഗത്തെയും പരിശോധിച്ചു. മക്ബൂലിൻെറ സംശയം ഒന്നുകൂടി വർദ്ധിച്ചു. ഉടൻ തന്നെ അദ്ദേഹം ധൈര്യം അവലംബിച്ചുകൊണ്ട് ഒരു ഭാഗത്തേക്കു മാറി അതിൻെറ മുഖമൊന്നു സൂക്ഷിച്ചു. ഇതേതോ മായാ പ്രയോഗം തന്നെയാണെന്നും ഇതിൻെറ കർത്താവു ഉമർതന്നെ ആയിരിക്കണമെന്നും അദ്ദേഹം തീർച്ചയാക്കി. അനന്തരം മക്ബൂൽ ബാദ്ഷയുടെ സമീപത്തു ചെന്ന് ആ സിംഹരൂപത്തെ സംബന്ധിച്ച സംഗതികളെല്ലാം അദ്ദേഹത്തെ പറഞ്ഞുകേൾപ്പിച്ചു. അതെല്ലാം പരമാർത്ഥമാണെന്നും ബാദ്ഷക്കു ബോദ്ധ്യമായി. അദ്ദേഹത്തിനു മക്ബൂലിൻെറ പേരിൽ നിസ്സീമമായ സ്നേഹബഹുമാനാദികൾ ജനിച്ചു. തൽഫലമായി അദ്ദേഹം ഉടൻതന്നെ ഏതാനും പെട്ടിനിറയെ സ്വർണ്ണനാണയങ്ങളും മററു വിലയേറിയ സാധനങ്ങളും മക്ബൂലിനു സമ്മാനമായി കൊടുത്തു.

തൻെറ എഴുത്തനുസരിച്ച് അമീർ തന്നെ കാണുന്നതിലേക്കായി വന്നിട്ടുണ്ടെന്നറിഞ്ഞപ്പോൾ അദ്ദേഹത്തിന് അത്യധികമായ ആനന്ദമുണ്ടായി. അമീറിനെ കാണുന്നതിനുള്ള അത്യാശയാൽ അദ്ദേഹം പട്ടണത്തിൽ എവിടെയാണു വന്നു താവളമടിച്ചിരിക്കുന്നതെന്നറിഞ്ഞു വരുന്നതിലേക്കായി ബാദ്ഷ മക്ബൂലിനെ പറഞ്ഞയച്ചു. മക്ബൂൽ അതിവേഗത്തിൽ അമീറിനെയും സംഘത്തെയും കണ്ടുപിടിക്കുന്നതിലേക്കായി പട്ടണവൃത്തത്തെ ലക്ഷ്യമാക്കി പുറപ്പെട്ടു. അദ്ദേഹം കുറച്ചുദൂരം വഴിചെന്നപ്പോൾ ദൂരത്തുനിന്നും ഉമർവരുന്നതായി കണ്ടു. ഉമർ ഇവിടെ വന്നു പണികളെല്ലാം പററിച്ചു സൈന്യസംഘത്തിൽകൂടി ചെന്നുചേർന്നിരുന്നുവല്ലോ. അമീർ പട്ടണത്തിൽ പ്രവേശിച്ച് ഒരു സ്ഥലത്തു തങ്ങി വിശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നുള്ള വിവരം ബാദ്ഷയെ ധരിപ്പിക്കുന്നതിലേക്കായിട്ടാണ് ഇപ്പോൾ അയാൾ വന്നത്. ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഉമറും മക്ബൂലും തമ്മിൽ കണ്ടുമുട്ടി. അപ്പോൾ മക്ബൂൽ ചോദിച്ചു

"പ്രിയസഹോദരാ! നമ്മുടെ അമീറും കൂട്ടരും എവിടെയാണ് കൂടാരമടിച്ചു താമസിക്കുന്നത്? നിങ്ങൾ ഇപ്പോൾ എവിടേക്കാണ് പോകുന്നത്?"

മക്ബൂലിന്റെ ചോദ്യം ഉമറിന്നു രസിച്ചില്ല. അയാൾക്കു ക്രമാതീതമായ കോപം നേരിട്ടു. "ഒരു മനുഷ്യനെ ആദ്യമായി കാണുമ്പോൾ സലാം പറഞ്ഞു ബഹുമാനിക്കേണ്ടതാണു യോഗ്യത. ഇയാൾ അങ്ങിനെ ചെയ്യാതെയും ക്ഷേമാദികളെപററി ചോദിക്കാതേയും എവിടെ കൂടാരമടിച്ചു താമസിക്കുന്നു. എവിടെ പോകുന്നു എന്നും മററും കേവലം ചുമട്ടുകാരനെപോലെ ചോദിക്കുന്നു. ഇവനെ ഒന്നു കളിയാക്കി വിടണം." എന്നിങ്ങനെ ഉമർ തീർച്ചയാക്കിക്കൊണ്ടു ചോദിച്ചു. "ഹേ മനുഷ്യാ! നിങ്ങളെ ബാദുഷയുടെ കൊട്ടാരത്തിൽകൂടി താമസിച്ചുകൊള്ളുന്നതിലേക്കായിട്ടാണോ അമീർ ഇങ്ങോട്ടു പറഞ്ഞയച്ചതു്? അതല്ല, ദേശമെല്ലാം ചുററിനടക്കുന്നതിലേക്കായിട്ടയച്ചുവോ?

മക്ബൂൽ:—ഉമർ! നീ ദേഷ്യപ്പെടേണ്ടാ. അമീർ വന്നിരിക്കുന്നതായി ഇപ്പോഴാണു ഞാൻ അറിഞ്ഞതു്. ഞാൻ ഇപ്പോൾ ബാദുഷയുടെ സമീപത്തിൽ നിന്നാണുവരുന്നതും. അല്ലാതെ ദേശാടനത്തിനും മററും പുറപ്പെട്ടു വരുംവഴിയല്ല.

ഉമർ:—അമീറിനെ സ്വീകരിക്കുന്നതിലേക്കായി നിങ്ങൾ ചാടിപുറപ്പെട്ടതു് ഒട്ടും നന്നായില്ല. നിങ്ങൾക്കു ഈ പ്രവൃത്തി ഒന്നുകൊണ്ടും യോജിച്ചതുമല്ല. നിങ്ങളുടെ പെരുമയും പ്രാഭവവുമെല്ലാം മററെവിടെയെങ്കിലും പ്രകടിപ്പിക്കുകയായിരുന്നു ഭേദം.

മക്ബൂൽ:—അല്ലയോ ഉമർ! നീ എന്തൊക്കെയാണ് പറയുന്നതു്? നിന്റെ ബുദ്ധിക്കു സ്ഥിരമില്ലായ്മയോ മററോ ഭവിച്ചുവോ? നീ എന്നെ വളരെ താഴ്ന്ന നിലയിൽ ഗണിച്ചു സംസാരിക്കുകയാണ് അല്ലേ?

ഉമർ:—നിങ്ങൾ വലിയ പദവിയും പ്രാഭവവുമുള്ള ആളാണെന്നും നിങ്ങളോടു ഞാൻ സമത്വം ഭാവിച്ചതു് ഒട്ടും നന്നായില്ലെന്നും ഇപ്പോൾ എനിക്കു മനസ്സിലായി. എന്നാൽ ഇത്രവേഗത്തിൽ നിങ്ങൾക്കിവക യോഗ്യതകളെല്ലാം എവിടെനിന്നും ലഭിച്ചു എന്നാണ് ഞാൻ ആലോചിക്കുന്നതു്. ഒരുപക്ഷെ, ബാദുഷ സമ്മാനിച്ച മൂന്നു പെട്ടി സ്വർണ്ണനാണയങ്ങളും മററു സമ്മാനവസ്തുക്കളുമായിരിക്കുമോ നിങ്ങളെ ഇത്രവലിയ ആളാക്കിത്തീർത്തു? നിങ്ങളുടെ കണ്ണുകൾക്കു കാഴ്ച തന്നെയും മുൻപിലത്തേപോലെ ഫലിക്കുന്നില്ലായിരിക്കാം.

എന്നു പറഞ്ഞു തന്റെ തലപ്പാവിനുള്ളിൽ വച്ചിരുന്നതും ബുസർഹമീതിൽനിന്നും സമ്മാനമായി ലഭിച്ചിരുന്നതുമായ കവണെടുത്തു് അതിൽ ഒരു കല്ലുതൊടുത്തു മക്ബൂലിന്റെ നെററിത്തടത്തെ ലക്ഷ്യമാക്കി ഒരേറുകൊടുത്തു. ഏറുകൊണ്ട സ്ഥലം പൊട്ടിപ്പിളർന്നു രക്തം പ്രവഹിച്ചു

തുടങ്ങി. ഈ യാദൃശ്ചികസംഭവത്താൽ സംഭ്രാന്തചിത്തനായിത്തീൎന്ന മക്ബൂൽ എന്താണുചെയ്യേണ്ടതെന്നറിയാതെ വിഷമിച്ചും വേദനയടക്കുവാൻ ശക്തനാകാതെ വിറച്ചും ഏതാനും നിമിഷങ്ങളോളം അവിടെ നില്പിൽ തന്നെ നിന്നു. കുറച്ചുസമയം കഴിഞ്ഞ് അദ്ദേഹം അമീറിൻെറ സമീപത്തിലേക്കു തിരിക്കുകയും അദ്ദേഹത്തെ കണ്ടു തനിക്കു സംഭവിച്ച കഷ്ടങ്ങളെപററി പറഞ്ഞുകേൾപ്പിക്കുകയും ചെയ്തു. എന്നാൽ ഇന്നാരിൽനിന്നുമാണ് ഈ അപകടം സംഭവിച്ചതെന്ന് ആദ്യം മക്ബൂൽ അദ്ദേഹത്തോടറിയിച്ചില്ല. മക്ബൂലിൻെറ പാരവശ്യവും, നെററിത്തടത്തിൽനിന്നും പ്രവഹിച്ചുകൊണ്ടിരുന്ന രക്തധാരയും കണ്ടുതോട്ടുകൂടി അമീറിനു ദ്വേഷ്യം സഹിക്കവഹിയാതെയായി. മദായിൻ പട്ടണവാസികളായ ദുഷ്ടന്മാരിൽ ആരോ ചെയ്ത അക്രമമാണിതെന്നത്രേ അമീർ ധരിച്ചുപോയതു്. ഈ സാഹസപ്രവൃത്തിചെയ്തവനെ നിശ്ചയമായും ശിക്ഷിക്കേണ്ടതാണെന്നും തീൎച്ചയാക്കി അദ്ദേഹം മക്ബൂലിനെ തൻെറ സമീപം വിളിച്ച് ആരാണിങ്ങിനെ പരുക്കേല്പിച്ചതെന്നു ചോദിച്ചു.

മക്ബൂൽ:—നമ്മുടെ ഉമറയ്യാറാണ് എന്നെ ഈവിധം ചെയ്തതു്.

ഉടൻതന്നെ അമീർ ഉമറിനെ തൻെറ സമീപം വിളിച്ചുവരുത്തി. "ഉമർ! നീ എന്തു ധിക്കാരമാണു പ്രവൎത്തിച്ചിരിക്കുന്നതു? ഏതുകാരണത്താലായാലും നിനക്കിതുചിതമായിട്ടുള്ള ഒന്നാണോ?" എന്നു ചോദിച്ചു.

ഉമർ:—ഞാൻ ചെയ്തതു് ഉചിതമോ അനുചിതമോ എന്നു ചിന്തിച്ചിട്ടല്ലല്ലോ അങ്ങ് എന്നെ കുററക്കാരനായി കരുതിയിരിക്കുന്നതു്. രണ്ടുകൂട്ടരേയും ഒന്നുപോലെ വിചാരണചെയ്ത് ആരാണ് കുററവാളിയെന്നു തെളിവുകളാൽ കണ്ടുപിടിക്കേണ്ടതാണ് ഒരു നീതിന്യായസ്ഥൻെറ കടമ. മക്ബൂൽ പറഞ്ഞതു മുഴുവൻ കേട്ടു അങ്ങ് അതിനെ മുഴുവൻ കണ്ണടച്ചു വിശ്വസിച്ച് സാധുവായ ഞാൻ കുററക്കാരനാണെന്നു വിധിച്ചതു് വലിയ സാഹസംതന്നെയാണ്. ശരിയായ അന്വേഷണം നടത്തുമ്പോഴല്ലേ എൻെറ നിരപരാധിത്വത്തെപററി അങ്ങേക്കറിവാൻ സാധിക്കയുള്ളു.

അമീർ:—നീ പറഞ്ഞതു ശരിയാണ്. നിനക്കെന്താണു പറയാനുള്ളതു്? അതുകൂടി കേൾക്കട്ടെ.

ഉമർ:—മുൻപുകണ്ടു പരിചയിക്കാത്ത വഴിപോക്കന്മാരായിരുന്നാൽ തന്നെയും വഴിക്കുവെച്ചു കൂട്ടിമുട്ടുകയാണെങ്കിൽ അവർ അന്യോന്യം സലാം പറയുകയും ബഹുമാനിക്കുകയും ചെയ്യുക ലോകസാധാരണമാണ്. മററുകാരണമൊന്നുമില്ലെങ്കിലും സ്വവൎഗ്ഗമെന്നുള്ള അഭിമാനമെങ്കിലും തൻകൃത്യ നിൎവ്വഹണത്തിനു് അവർ നിർബ്ബന്ധിതരാകുന്നു. എന്നാൽ ഈ മക്ബൂൽ നമ്മുടെ ഒരു സഹോദരനായിരുന്നിട്ടുകൂടി

മാൎഗ്ഗമദ്ധ്യത്തിൽവെച്ചു എന്നെ സന്ധിച്ചപ്പോൾ എന്തിനെന്നുകൊണ്ടാണ സലാം പറയാഞ്ഞതു്. വളരെ കാലമായി കാണാതിരുന്നല്ലേ ഇപ്പോൾ കണ്ടുമുട്ടിയതു്. എനിക്കു സലാം പറഞ്ഞാൽ ഇവന്റെ നാവു താഴ്ന്നുപോകുമോ? സ്വന്ത സഹോദരനാണെന്നുള്ള സംഗതി പോകട്ടെ. സ്വവൎഗ്ഗാഭിമാനമെങ്കിലും നോക്കേണ്ടേ. ഇവൻ ചെയ്തതു വലിയ തെററല്ലേ. അടിയേററുണ്ടായ മുറിവു മരുന്നുകൊണ്ടു ഭേദപ്പെടുത്താം. എന്നാൽ ഈ അപമാനം എങ്ങിനെയാണ് തീൎക്കുക? അങ്ങ് വലിയ ബുദ്ധിമാനല്ലേ. ഇതേപററി നല്ലതുപോലെ ഒന്നാലോചിച്ചുനോക്കുക. ഇത്രയും ചെയ്തതുകൊണ്ടുമാത്രം എന്റെ രോഷം ശമിച്ചെന്നു വിചാരിക്കേണ്ടാ. ഈ സംഗതിയിൽ എനിക്കത്രമാത്രം സങ്കടവും അപമാനവും സംഭവിച്ചിട്ടുണ്ട്. ഇതുവരെ ഇവനും ഞാനും ഒന്നാണെന്നുള്ള വിശ്വാസത്തോടു കൂടിയാണ് ഞാൻ വൎത്തിച്ചുവന്നതു്. ഇവനെ യാദൃശ്ചികമായി വഴിക്കുവെച്ചു കണ്ടപ്പോൾതന്നെ എനിക്കു വലുതായ സന്തോഷമാണുണ്ടായതു്. ഞാൻ സന്തോഷ ബഹുമാനാദികളോടുകൂടി അടുത്തുചെന്നു. അപ്പോൾ വലിയ അധികാരസ്വരത്തിൽ, അമീർ എവിടെ? നീ എവിടെപോകുന്നു? എന്നു എന്നോടു ചോദിക്കുന്നു. ഇത്ര വലിയ പ്രതാപം ഭാവിക്കുവാൻ ഇവനാരാണ്. ബാദുഷയൊന്നിച്ചു സദാ പെരുമാറിക്കൊള്ളണമെന്നുള്ള ആജ്ഞയോടുകൂടിയല്ലേ അങ്ങിവനെ അയച്ചതു്. എന്നാൽ, അങ്ങിനെ ചെയ്യാതെ ഇവൻ ബാദുഷയെ പിരിഞ്ഞു പട്ടണം മുഴുവൻ ചുററിത്തിരിഞ്ഞു നടക്കുവാനുള്ള കാരണമെന്താണ്? ബാദുഷയിൽനിന്നും എന്തോ അല്പം ചില സമ്മാനങ്ങൾ ലഭിച്ചപ്പോഴേക്കും ഇനി തന്നെ ജയിക്കുവാൻ ലോകത്തിലാരുമില്ലെന്നു ഇവൻ അഹങ്കരിച്ചുപോയി. അല്പന് ഐശ്വൎയ്യം വരുമ്പോൾ അൎദ്ധരാത്രിക്കു കുട പിടിക്കുമെന്നുള്ള പഴമൊഴി എത്രയും പരമാൎത്ഥംതന്നെയാണ്.

അമീർ:—(അല്പനേരം എന്തോ ആലോചിച്ചുകൊണ്ടിരുന്നശേഷം മക്ബൂലിനെ നോക്കി) മക്ബൂൽ! ഇതിൽ നീ തന്നെയാണു കുററക്കാരൻ. ഏതായാലും നിങ്ങൾതമ്മിലുള്ള ഈ മത്സരവും വൈരാഗ്യവും അത്ര നന്നല്ല. അതിനാൽ നിങ്ങൾ ഇപ്പോൾതന്നെ അന്യോന്യമുള്ള വൈരത്തെ വിട്ടു സമാധാനപ്പെടണം.

അമീറിന്റെ അഭിപ്രായത്തോടു മക്ബൂൽ യോജിച്ചു. എന്നാൽ ഉമർ ആദ്യം അതിനു വഴിപ്പെട്ടില്ല. ഉടൻതന്നെ മക്ബൂൽ കുറെ പെട്ടി സ്വൎണ്ണനാണയം അയാൾക്കു കൊടുത്തു നല്ലവാക്കു പറഞ്ഞു. ഉമറിന്റെ പണത്തോടുള്ള ആശ കുറച്ചൊന്നുമല്ലല്ലോ. അയാൾ ഉത്തരക്ഷണത്തിൽതന്നെ മക്

ബ്ബൂഷിന്റെ പേരിലുണ്ടായിരുന്ന സകല വൈരത്തേയും മറന്നു പൂർവ്വാധികം സൌഹാർദ്ദം ഭാവിച്ചു.

പിറേറദിവസം രാവിലെ ബ്ബസർഹമീരു ബാദുഷയെ ചെന്നു കണ്ടു അമീറിന്റെ ആഗമനവൃത്താന്തവും അമീറിനെ കാണുന്നതിലേക്കായും അദ്ദേഹത്തെ അഭിവന്ദിക്കുന്നതിലേക്കായും പട്ടണത്തിനു പുറത്തുള്ള അമീറിന്റെ പാളയത്തിൽ ജനങ്ങൾ കൂട്ടം കൂടിയിരിക്കുന്ന വിവരവും അറിയിച്ചു. ഈ വിവരമറിഞ്ഞു ബാദുഷക്കു അളവററ സന്തോഷം ജനിച്ചു. അടുത്തു് ബ്ബസർജംഹർ തുടങ്ങിയുള്ള മന്ത്രിപ്രമാണികളോടും മററുദ്യോഗസ്ഥപ്രാമാണികന്മാരോടുംകൂടി അമീറിനെ സ്വീകരിച്ചു കൂട്ടിച്ചുകൊണ്ടു വരുന്നതിലേക്കു അദ്ദേഹം തീർച്ചയാക്കി. ഈ വിവരം ദുഷ്ടനായ ബഖ്തക് അറിഞ്ഞു. അമീറിന്റെ പേരിൽ തനിക്കുള്ള വൈരാഗ്യം തീക്കുവാൻ ഇതു തന്നെ ശരിയായ ഒരവസരമെന്നും അവൻ നിശ്ചയിച്ചു. അതനുസരിച്ച് ബഖ്തക്, ബാദുഷയുടെ അംഗരക്ഷകന്മാരായ ഫയൽമാൻമാരിൽ ചിലരെ സ്വാധീനമാക്കി അവരോടിങ്ങിനെ പറഞ്ഞു. "ഹേ! ഫയൽമാന്മാരെ! നമ്മെയെല്ലാം മനഃപൂർവ്വം ആക്ഷേപിച്ചു ആ ധിക്കാരിയായ അറബി ഇപ്പോൾ നമ്മുടെ നാട്ടിൽ വന്നിട്ടുണ്ടു്. അവനെ നാം ഒരു നല്ല പാഠം പഠിപ്പിച്ചില്ലെങ്കിൽ മേലാലും അവനിൽനിന്നും നമുക്കു നാശങ്ങൾ സംഭവിക്കുവാനിടയുണ്ടു്. നമ്മെ അവൻ ആക്ഷേപിച്ചതുപോലെതന്നെ നമുക്കു അവനേയും ഒന്നു നാണിപ്പിക്കണം. അതിനു നിങ്ങൾ, ഞാൻ പറയുന്ന മാതിരി ബാദുഷയോടു ചെന്നു പറഞ്ഞാൽ മതി. ബാദുഷ വേണ്ട പരിവാരങ്ങളോടുകൂടി അടുത്ത ദിവസം അവനെ സ്വീകരിച്ചു കൊട്ടാരത്തിലേക്കു കൊണ്ടുവരുവാൻ തീർച്ചയാക്കിയിരിക്കയാണു്. നിങ്ങൾ ബാദുഷയെ ഇപ്പോൾതന്നെ ചെന്നുകണ്ടു് ഇങ്ങിനെ പറയണം. 'അല്ലയോ ബഹുമാനപ്പെട്ട ബാദുഷ! അങ്ങു് അടുത്തദിവസം ആ അറബിയെ രാജോചിതമാംവിധം സ്വീകരിച്ചു കൊണ്ടുവരുവാൻ തീർച്ചയാക്കിയിരിക്കയാണല്ലോ. സകലകലാവല്ലഭനായി ഒരു മഹൽ സാമ്രാജ്യത്തിന്റെ ഏകാധിപനായി സകല ജനസംപൂജ്യനായി വാഴുന്ന അങ്ങു കേവലമൊരു മനുഷ്യനെ ഇങ്ങിനെ ബഹുമാനപൂർവ്വം സ്വീകരിക്കുന്നതുചിതമാണോ? ലോകം അങ്ങെ പഴിക്കുകയില്ലേ? അതിനാൽ ഒരിക്കലും അങ്ങു് ഈ നിന്ദ്യമായ കാര്യത്തിൽ ഏർപ്പെട്ടുപോകരുതു്.' ഇങ്ങിനെ പറഞ്ഞാൽ മാത്രം പോരാ. നിങ്ങൾ നിശ്ചയമായും അദ്ദേഹത്തെ ഇതിലേക്കായി വിട്ടയയ്ക്കുകയേ അരുതു്."

ഈ വിവരങ്ങൾ അടുത്ത നിമിഷത്തിൽതന്നെ എങ്ങിനേയോ ബ്ബസർജംഹർ അറിയുന്നതിനിടയായി. അദ്ദേഹം ആ ഫയൽമാന്മാരെ തന്റെ സമീപം വിളിച്ചുവരുത്തി പറഞ്ഞു. "നിങ്ങൾ ബഖ്തക്കിന്റെ വാക്കു

കൾ കേട്ട അമീറിനെപററി യാതൊന്നും ബാദുഷയോട്ട പറഞ്ഞുപോകരുത്. നിങ്ങൾ അങ്ങിനെ പറയുന്നപക്ഷം അതുകൊണ്ട യാതൊരു ഫലവുമുണ്ടാകുകയില്ലെന്നു മാത്രമല്ല, ബാദുഷയുടെ കോപത്തിനു പാത്രീഭൂതരായും ഭവിക്കും. ഒരുപക്ഷെ, നല്ല ശിക്ഷകൂടി ലഭിച്ചു എന്നും വരാം. എന്തുകൊണ്ടെന്നാൽ അമീർ ബാദുഷയുടെ ദത്തുപുത്രനാണ്. കൂടാതെ അദ്ദേഹം ഇപ്പോൾ ബാദുഷയുടെ അന്യാധീനപ്പെട്ടുപോയ കിരീടവും കൊണ്ടാണ് മടങ്ങി വന്നിരിക്കുന്നത്. നിങ്ങൾ ഇത്ര കൃതഘ്നന്മാരായിത്തീൎന്നതിൽ ഞാൻ ആശ്ചൎയ്യപ്പെടുന്നു. നിങ്ങളെ ആ സിംഹവക്ത്രത്തിൽനിന്നു രക്ഷിച്ചതും, ഹസ്സാംബിൻ അലക്മാകെബർ എന്നവൻെറ ബന്ധനത്തിൽനിന്നും നിങ്ങളെ വീണ്ടെടുത്തനുഗ്രഹിച്ചതും ആ ഉദാരമനസ്സനായ അമീറാണെന്നുള്ള വാസ്തുത നിങ്ങൾ ഇത്രവേഗം വിസ്മരിച്ചുകളഞ്ഞുവല്ലോ. അതുകൊണ്ട് അനൎത്ഥങ്ങൾക്കൊന്നും ഇടവരുത്താതെ നിങ്ങൾ മൌനം ദീക്ഷിക്കുന്നതാണുത്തമം.' ബുസർജംഹറിൻെറ ഈ വാക്കുകൾകേട്ട അവരെല്ലാം ബഹ്ത്തകിൻെറ നിശ്ചയങ്ങളെ നിശ്ശേഷം മറന്നു അവരവരുടെ വഴിക്കു തിരിഞ്ഞു.

പിറേറ ദിവസം നിശ്ചയപ്രകാരം നൌഷർവാൻബാദുഷ നാലു ആനകളെ കെട്ടിയ ഒരു രഥത്തിൽ കയറി വേണ്ട ആഭാടങ്ങളോടും അനേകായിരം സൈന്യങ്ങളുടെ അകമ്പടിയോടുംകൂടി അമീർ താവളമുറപ്പിച്ചിട്ടുള്ള സ്ഥലത്തേക്കു തിരിച്ചു. ബാദുഷയുടെ ഈ ഘോഷയാത്രോദ്ദേശ്യമറിഞ്ഞു സന്തോഷഭരിതരായിത്തീൎന്ന ജനപ്രമാണികളിൽ പലരും സംഘംസംഘമായിച്ചെന്ന് അവരും ബാദുഷയെ അനുഗമിച്ചു. ഇവർ ഇങ്ങിനെ പോകുമ്പോൾ കുറെ ദൂരത്തുനിന്നും ഇവൎക്ക്ഭിമുഖമായി ഒരു വലിയ ജനക്കൂട്ടം വരുന്നതുകണ്ടു. ആകാശമാൎഗ്ഗത്തിൽ മുപ്പതോളം വിജയപതാകകൾ ഉയൎത്തിയും മുപ്പതിനായിരത്തിൽ അധികരിച്ചിരുന്ന യുദ്ധവീരന്മാരാൽ പരിസേവ്യനായും സിയാദ് എന്ന കുതിരപ്പുറത്തു കയറിവരുന്ന അമീറും കൂട്ടരുമാണതെന്ന് ബാദുഷക്കു മനസ്സിലായി. ബാദുഷയുടെ ശ്രദ്ധ ആ സംഘത്തിലേക്കു സവിശേഷമായി പതിഞ്ഞു. ചന്ദ്രമണ്ഡലത്തിൻെറ ചുററിലുമായി പ്രശോഭിക്കുന്ന നക്ഷത്രങ്ങളെപ്പോലെ അമീറിൻെറ ചുററുപാടുമായി ആ സൈന്യസംഘത്തിൻെറ നേതൃത്വം വഹിച്ചുവന്നിരുന്ന രാജാക്കന്മാരേയും അമീർ കണ്ടു. സൂൎയ്യപ്രകാശത്തെക്കൂടി വെല്ലുമാറു ദീപ്തിമത്തുക്കളായ വിശിഷ്ടരത്നങ്ങളാൽ നിൎമ്മിതമായ കിരീടം ധരിച്ച്, ഒരു കരത്തിൽ ഊരിയവാളും മറേറകരത്തിൽ അമ്പും ഒരു തോളിൽ വില്ലും അണിഞ്ഞു സന്തോഷസൂചകമായി ചാഞ്ചാടി ആ സംഘത്തിൻെറ മുന്നണിയിൽ ഒന്നാമത്തെ സ്ഥാനം പിടിച്ചു വന്നിരുന്ന ഉമറയ്യാറിലും ബാദുഷയുടെ ശ്രദ്ധ നല്ലതുപോലെ പതിഞ്ഞു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ

രണ്ടു സംഘവും ഒന്നിച്ചു കൂട്ടിമുട്ടി. ബാദുഷ അമീറിനെ നല്ലതുപോലെ ഒന്നു സൂക്ഷിച്ചുനോക്കി. പതിനാറു പതിനേഴു വയസ്സിൽ ഒട്ടും അധികരിക്കാത്ത പ്രായമുള്ള സുമുഖനായ ആ യുവാവിൽ തിങ്ങിവിളങ്ങികണ്ട യോഗ്യതകൾ ബാദുഷയെ ലജ്ജാവനമ്രനാക്കിത്തീൎത്തതിൽ അത്ഭുതപ്പെട്ടുവാനില്ലല്ലോ. 'ഇത്ര യോഗ്യനും സൎവ്വഗുണങ്ങളും പൂൎത്തികരിച്ചിട്ടുള്ളവനുമായ ഒരുവനെ ഈ ലോകത്തു വേറെ കണ്ടുകിട്ടുന്ന കാൎയ്യം പ്രയാസം. ഹൃദയശുദ്ധിക്കു യോജിച്ച സൌകുമാൎയ്യവും. ഇങ്ങിനെ ഒരു മനുഷ്യനെ ഇനി സൃഷ്ടിക്കുവാൻ ദൈവത്തിനു കഴിയുമോ എന്നുതന്നെയും സംശയിക്കേണ്ടിയിരിക്കുന്നു.' എന്നിങ്ങിനെയുള്ള പലേ വക ചിന്തകളോടുംകൂടി അദ്ദേഹം അമീറിനോട് ഒന്നുകൂടി അടുത്തു. കൂടെയുണ്ടായിരുന്നവരെല്ലാം അമീറിന്റെ കാമകോമളവും ഹൃദയവശ്യവുമായ സൌന്ദൎയ്യസാരസൎവ്വസ്വത്താൽ വിരാജിതമായിരുന്ന മുഖകമലങ്ങളിൽനിന്നും തങ്ങളുടെ ദൃഷ്ടി വലിക്കുവാൻ നിൎവ്വാഹമില്ലാതെ വിഷമിച്ചു തുടങ്ങി. അമീറിനെപററി പുച്ഛിച്ച ബാദുഷയോടു സംസാരിക്കുവാൻ തിൎച്ചയാക്കിയിരുന്ന അംഗരക്ഷകന്മാരായ ഫയൽമാന്മാരെല്ലാം അദ്ദേഹത്തെ കണ്ടതോടുകൂടി ഭയന്നു നടുങ്ങി. തങ്ങൾ വിചാരിച്ചിരുന്ന മാതിരി ഒട്ടും മോശക്കാരനായ ഒരുവനല്ല അമീറെന്ന് അവൎക്കു പൂൎണ്ണേബാദ്ധ്യമായി.

തനിക്കഭിമുഖമായി വന്നിരിക്കുന്ന ആൾ ബഹുമാനപ്പെട്ട നൌഷർവാൻ ബാദുഷയാണെന്നു മനസ്സിലായ മാത്രയിൽ അമീർ കുതിരപ്പുറത്തുനിന്നും ഇറങ്ങി അദ്ദേഹത്തിന്റെ ഏററവും സമീപമടുത്തു യഥോചിതം വന്ദിച്ചശേഷം അദ്ദേഹത്തിനു നൽകുന്നതിലേക്കായി താൻ കൊണ്ടുവന്നിരുന്ന കിരീടം സിംഹാസനം മുതലായ സാധനങ്ങൾ ബഹുമാനപൂൎവ്വം അദ്ദേഹത്തിന്റെ മുമ്പിൽ വച്ചു. ബാദുഷാ പെട്ടെന്ന് അമീറിനെ തന്റെ ഇരുകരങ്ങളും ചേൎത്തുപിടിച്ചു മാറോടണച്ചു തന്റെ വാത്സല്യബഹുമാനാദികളെ പ്രദൎശിപ്പിച്ചു. ഇതിനകം ബാദുഷയോടൊന്നിച്ചുണ്ടായിരുന്നവരെല്ലാം അമീറിനെ യഥോചിതം വന്ദിച്ചശേഷം യഥാസ്ഥാനങ്ങളിൽ നിലകൊണ്ടു. ബാദുഷ തന്നോടൊന്നിച്ചുണ്ടായിരുന്ന തന്റെ രണ്ടു പുത്രന്മാരോടും അമീറിനെ വന്ദിക്കുവാനാജ്ഞാപിച്ചു. അവരും ബഹുമാനപൂൎവ്വം അമീറിനെ വണങ്ങി തങ്ങൾക്കു അദ്ദേഹത്തിന്റെ പേരിലുണ്ടായിരുന്ന നിസ്തുല്യമായ സ്നേഹാദരവുകളെ പ്രദൎശിപ്പിച്ചു. അനന്തരം ബാദുഷ, തന്റെ കൂടെയുണ്ടായിരുന്ന ഓരോരുത്തരെയും അമീറിനെ പ്രത്യേകം പ്രത്യേകം പറഞ്ഞു പരിചയപ്പെടുത്തി.

# പതിനാറാം അദ്ധ്യായം.

ബാദുഷയും കൂട്ടരും അമീറിനേയും സംഘത്തേയും കൂട്ടിച്ചു കൊട്ടാരത്തിൽ കൊണ്ടുപോയി അവരെ വേണ്ടവിധത്തിൽ ഉപചരിച്ചു. അന്നദിവസം ബാദുഷയുടെ ജീവിതത്തിൽ സുവൎണ്ണലിപികളാൽ രേഖപ്പെടുത്തേണ്ട ഒരു മഹദ്ദിനമായി അദ്ദേഹം കരുതി. പിറേറദിവസം ബാദുഷ പതിവുപോലെ തൻെറ സദസ്സുകൂടി. ആ സദസ്സിൽ എല്ലാവരും സംബന്ധിച്ചിരുന്നു. അപ്പോൾ ബുസർജംഹർ കൂട്ടത്തിൽ ഒരിടത്തു പതുങ്ങിയിരുന്ന ഉമറയ്യാറിനെ വിളിച്ചെഴുന്നേല്പിച്ചു് ബാദുഷയുടെ സമീപം കൊണ്ടുചെന്നു് അയാളെ അദ്ദേഹത്തിനു പരിചയപ്പെടുത്തിക്കൊടുത്ത ശേഷം അയാളുടെ മഹിമയെ പററി അദ്ദേഹത്തോടു പറയുവാൻ തുടങ്ങി. ഉമറിൻെറ ധീരവീര പരാക്രമത്തെപററി അറിഞ്ഞപ്പോൾ ബാദുഷക്കു അളവററ സന്തോഷവും അയാളുടെ പേരിൽ എന്തെന്നില്ലാത്ത ബഹുമാനവും ജനിച്ചു. ഈ അവസരത്തിൽ ബാദുഷ, അമീർ മടക്കിക്കൊണ്ടുവന്നു കൊടുത്ത തൻെറ സിംഹാസനത്തിൽ കാലുകൾ രണ്ടും മുന്നോട്ടു നീട്ടി മുട്ടുകളിന്മേൽ ഇരുകരങ്ങളും അണെച്ചു് സദസ്സിലേക്കുററു നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. തൻെറ യോഗ്യതകളെപററിയെല്ലാം ബുസർജംഹർ ബാദുഷയോടു പറഞ്ഞുകഴിഞ്ഞപ്പോൾ ഉമർ ഒന്നുകൂടി മുന്നോട്ടണഞ്ഞു് ബാദുഷയുടെ രണ്ടുകാലുകളും തൊട്ടുവന്ദിച്ചു. ഇതിനകം ബാദുഷയോ സദസ്സിലുണ്ടായിരുന്നവരോ അറിയാതെ ഉമർ ബാദുഷയുടെ കൈവിരലുകളിൽ ഒന്നിൽ കിടന്നിരുന്ന ഒരു വിശേഷപ്പെട്ട മോതിരം കൈവശമാക്കിക്കളഞ്ഞു. അനന്തരം അയാൾ സദസ്സിലുണ്ടായിരുന്നവരും പ്രസിദ്ധന്മാരുമായിരുന്ന ബാദുഷയുടെ ഉദ്യോഗസ്ഥവൃന്ദത്തെയും വേണ്ട തരത്തിൽ അഭിവന്ദിച്ചു തനിക്കവരുടെ പേരിലുള്ള അളവററ സ്നേഹാദരവുകളെ പ്രദശിപ്പിക്കുവാനൊരുങ്ങി. ഓരോരുത്തരെയായി വന്ദിച്ചു വരവേ കൂട്ടത്തിൽ ഒരിടത്തു ദുഷ്ടനും ബാദുഷയുടെ കോപത്തിനു പാത്രീഭൂതനുമായിരുന്ന ബഹ്ത്തക്കും ഇരിക്കുന്നതായി അയാൾ കണ്ടു. ഉമർ സദസ്യരിൽ പ്രമാണികളായ ഓരോരുത്തരേയും വന്ദിച്ചശേഷം ബഹ്ത്തക്കിനോടടുത്തു അയാളേയും ഉമർ വണങ്ങി. മററുള്ളവരോടുള്ളതിൽ കൂടുതലായ സ്നേഹബഹുമാനാദികൾ തനിക്കു അയാളുടെ പേരിലുണ്ടെന്നു ഉമർ ഭാവിച്ചു അയാളെ മാറോടണെച്ചു ഹൃദയം കവിൾത്തടം മുതലായ സ്ഥാനങ്ങളിൽ ചുംബിച്ചു. ഇതിനിടയിൽ ഉമർ, താൻ ബാദുഷയിൽ നിന്നും അപഹരിച്ചെടുത്ത മോതിരത്തെ അയാളുടെ പാക്കററുകളിൽ ഒന്നിൽ രഹസ്യമായി നിക്ഷേപിക്കുകയും ചെയ്തു.

അനന്തരം പലവിധ വിനോദ പ്രശ്നങ്ങൾ ആ രാജസദസ്സിൽ നടത്തി. എന്നാൽ അവയിലെല്ലാം ഉമർകൂടി ഭാഗഭാക്കായിത്തീരുകയും ബാദുഷ തുടങ്ങിയുള്ള എല്ലാവരുടേയും പ്രത്യേകപ്രീതിക്കു പാത്രീഭവിക്കുകയും ചെയ്തു. ഇങ്ങിനെ സമയം കുറെ കഴിഞ്ഞു. അപ്പോൾ അനേകവിധങ്ങളായ വിശിഷ്ടഭോജ്യവസ്തുക്കൾ ബാദുഷയുടെ പരിചാരകന്മാർ കൊണ്ടുവന്നു അമീറിനും കൂട്ടർക്കും വേണ്ടുവോളം കൊടുത്തു. അതിനെത്തുടർന്നു ചില വിലയേറിയ രത്നാദിഭൂഷണങ്ങൾ ബാദുഷ അമീറിനും ഉമറിനും സമ്മാനിച്ചു. ഇതിന്നിടെ ഉമറിന്റെ സംഗീതവാസനയെ പററി സദസ്സിലുണ്ടായിരുന്നവരിൽ ആരോ ബാദുഷയോടു പറയുകയുണ്ടായി. മുൻപേതന്നെ ഉമറിന്റെ പേരിൽ അളവററ പ്രീതി ജനിച്ചിരുന്ന ബാദുഷക്കു ഉമറിന്റെ സംഗീതം അല്പം ആസ്വദിച്ചാൽ കൊള്ളാമെന്നുള്ള അതിരററ ആശ ജനിച്ചു. അദ്ദേഹം അയാളോടു കുറച്ചുനേരം പാടുവാൻ ആവശ്യപ്പെട്ടു. ഉമറിന് ഇങ്ങിനെ ഒരാജ്ഞ ബാദുഷയിൽ നിന്നും പുറപ്പെടേണ്ട താമസം മാത്രമേ ഉണ്ടായിരുന്നുള്ളു. അയാൾ അടുത്ത നിമിഷത്തിൽ തന്നെ തന്റെ പക്കലുണ്ടായിരുന്നതും ബുസർജമെഹർ സമ്മാനിച്ചിരുന്നതുമായ സംഗീതോപകരണങ്ങളോടുകൂടി പാടുവാൻ ആരംഭിച്ചു. ആ സദസ്സിൽ കൂടിയിരുന്നവരെല്ലാം ഉമറിന്റെ പാട്ടിൽ ഗാഢമായി ലയിച്ചു. രാജസദസ്സിലെ സംഗീതവിദ്വാന്മാരെല്ലാം അത്യാശ്ചര്യഭരിതരായും ഉമറിന്റെ തദ്വിഷയത്തിലുള്ള സാമർത്ഥ്യത്തിൽ അസൂയാലുക്കളായും ഭവിച്ചു. ഉമറിന്റെ സംഗീതമേളം ബാദുഷയെ എന്തെന്നില്ലാതെ രസിപ്പിച്ചതിന്റെ ഫലമായി അദ്ദേഹം അയാൾക്കു ഒരു രത്നമോതിരം സമ്മാനിക്കുവാൻ തീർച്ചയാക്കി തന്റെ വിരലിൽ കിടന്നിരുന്ന മോതിരം ഊരിയെടുക്കുവാനായി ഭാവിച്ചു. മോതിരം കൈവിരലിൽ കാണ്മാനില്ലായിരുന്നതിനാൽ ബാദുഷക്കു വലിയ ആശ്ചര്യം ജനിച്ചു. ഒരുപക്ഷെ, താൻ ഓർമ്മപിശകായി വല്ലവർക്കും കൊടുക്കുകയുണ്ടായോ എന്ന് അദ്ദേഹം അവിടെ കൂടിയിരുന്ന എല്ലാവരോടുമായി ചോദിച്ചു. ആരും അതിനു സമാധാനമായി ഒരക്ഷരവും ശബ്ദിച്ചില്ല. ബാദുഷയിൽനിന്നും ഇങ്ങിനെ ഒരു ചോദ്യമുണ്ടാകുന്നതെപ്പോഴായിരിക്കുമെന്നുള്ള ആലോചനയോടുകൂടിയായിരുന്നു ഉമർ ഓരോ നിമിഷവും കഴിച്ചുകൂട്ടിക്കൊണ്ടിരുന്നത്. ബാദുഷയുടെ ചോദ്യത്തിന് ആരും സമാധാനം പറയുന്നില്ലെന്നു കണ്ടപ്പോൾ ഉമർ അദ്ദേഹത്തോടു സമീപിച്ചുനിന്നു പറഞ്ഞു. "പൂജ്യപാദനായ ബാദുഷ! ഈ സദസ്സിൽ ഇപ്പോൾ ഇരിക്കുന്നവരല്ലാതെ വിശേഷിച്ചിവിടെ ആരും വന്നിട്ടില്ല. ഇവിടെ ഇരിപ്പുള്ളവരിൽ ആരുമറിയാതെ ആ മോതിരം പോകാനും ഇടയില്ല. അതിനാൽ അതു നിശ്ചയമായും ഇപ്പോൾ ഇവിടെ ഇരിക്കുന്നവരിൽ ആരുടെയെങ്കിലും ഒരാളുടെ പക്കൽ കാണുന്നതാണെ

ന്നാണ് എന്റെ അഭിപ്രായം. അങ്ങയുടെ അനുവാദമുള്ളപക്ഷം ഞാൻ തന്നെ അതു പരിശോധിച്ചു കണ്ടെടുത്തു തരാവുന്നതാണ്". ഇതിനെ തുടർന്നു സദസ്സിൽ കൂടിയിരുന്നവരെ നോക്കി അയാൾ ഇങ്ങിനെ പറഞ്ഞു. "അല്ലയോ മാന്യന്മാരായ സദസ്യരേ! നമ്മുടെ ബഹുമാനപ്പെട്ട ബാദുഷയുടെ മോതിരം നിങ്ങളിൽ ആരെങ്കിലും എടുത്തിട്ടുണ്ടെങ്കിൽ അതിനെ വേഗം മടക്കിത്തരുന്നകയവിൻ! അങ്ങിനെ ചെയ്യുന്ന പക്ഷം ബാദുഷയിൽ നിന്നുതന്നെ ഒരു നല്ല സമ്മാനം ഞാൻ വാങ്ങിത്തരാം. അതു മടക്കിത്തരുവാൻ മടിച്ചു മൌനം ദീക്ഷിക്കാനാണൊരുക്കമെങ്കിൽ ഞാൻ കണ്ടുപിടിച്ചെടുക്കും. ഒടുവിൽ വലിയ അപമാനത്തിനും അനർത്ഥങ്ങൾക്കും കൂടി ഇടയായിത്തീരുകയും ചെയ്യും".

ആ മോതിരം എടുത്തവരായി അവിടെ ആരുമില്ലാതിരുന്നതിനാൽ എല്ലാവരും നിശ്ശബ്ദരായി യഥാസ്ഥാനങ്ങളിൽതന്നെ സ്ഥിതിചെയ്തു. അപ്പോൾ ഉമർ തന്റെ ചോദ്യത്തെ ഒന്നുകൂടി ആവർത്തിച്ചശേഷം ഓരോരുത്തരുടേയും സമീപമെത്തി് അവരുടെ ശരീരമെല്ലാം നല്ലതുപോലെ പരിശോധിക്കുവാൻ തുടങ്ങി. തന്റെ പരിചയക്കാരായി ഉണ്ടായിരുന്നവരിൽ ഏതാനും പേരെ പരിശോധിച്ചശേഷം അയാൾ ഇനിയുള്ളവരെ ആരെക്കൊണ്ടെങ്കിലും പരിശോധിപ്പിച്ചു കൊള്ളുന്നതാണു നന്നെന്നു ബാദുഷയോടു പറഞ്ഞു. ഉടൻതന്നെ ബാദുഷ ബുസർജംഹറിനെ അതിലേക്കു ചുമതലപ്പെടുത്തി. ഉമർ പരിശോധിച്ചു ബാക്കിയുണ്ടായിരുന്നവരിൽ ഓരോരുത്തരേയും അദ്ദേഹം വളരെ ശ്രദ്ധയോടുകൂടി പരിശോധനചെയ്തു. അവസാനമായി അദ്ദേഹം ബഹ്ത്തക്കിന്റെ സമീപമെത്തി്. ബഹ്ത്തക്കാകട്ടെ യാതൊരു സങ്കോചവും കൂടാതെ സ്ഥിതിചെയ്യുകയായിരുന്നു. ബുസർജംഹറിന് അയാളെ തെല്ലും സംശയമില്ലായിരുന്നു. അദ്ദേഹം പരിശോധനതുടങ്ങി. ശരീരമെല്ലാം പരിശോധിച്ചശേഷം ഉടുപ്പിന്റെ പാക്കററുകളിൽ ഒന്നിൽ അദ്ദേഹം കൈകൊണ്ടു തടവിനോക്കിയപ്പോൾ മോതിരം കിടക്കുന്നതായി കണ്ടു. ഉടൻതന്നെ അദ്ദേഹം അതിനെ എടുത്തു ബാദുഷയുടെ പക്കൽകൊടുത്തു. ബാദുഷയുടെ കളവുപോയ മോതിരം തന്റെ പക്കൽനിന്നും കണ്ടെടുത്തതായി അറിഞ്ഞപ്പോൾ ബഹ്ത്തക്കു വല്ലാതെ അമ്പരന്നുപോയി. എന്താണു പറയേണ്ടതെന്നോ എന്താണു പ്രവർത്തിക്കേണ്ടതെന്നോ അറിയാതെ അയാൾ നമ്രമുഖനായി സ്ഥിതി ചെയ്തു. അടുത്തമാത്രയിൽതന്നെ ലജ്ജാധിക്യത്താലും ഭീതിയാലും അയാളുടെ മുഖം മ്ലാനമായിത്തീർന്നു. ആ സദസ്സിൽ കൂടിയിരുന്നവരെല്ലാം ഈ വസ്തുതയറിഞ്ഞ് അളവററാശ്ചര്യപ്പെട്ടുപോയി. അവർ കൂടക്കൂടെ ബഹ്ത്തക്കിനേയും ബാദുഷായേയും മാറി മാറി നോക്കിത്തുടങ്ങി. ഈ അവസരത്തിൽ ഉമർ ഇരിപ്പടത്തിൽനിന്നും ചാടി എണീററു ബാദുഷയെനോക്കി

ഇങ്ങിനെ പറഞ്ഞു. "അല്ലയോ ബഹുമാനപ്പെട്ട ബാദുഷാ! സാധാരണ ജനങ്ങൾ കളവു പ്രവൃത്തിക്കുമെന്നുള്ളതിനു സംശയമില്ല. എന്നാൽ, ഇദ്ദേഹത്തെപ്പോലെ യോഗ്യനും ഒരു ഗണ്യമായ ഉദ്യോഗത്തിൽ ഇരിക്കുന്നയാളുമായ ഒരുവൻ കേവലമായ ചോരകൃത്യം ചെയ്യുമെന്നു ഞാൻ പറഞ്ഞു കേട്ടിട്ടുകൂടിയില്ല. ഇദ്ദേഹം ഇവിടത്തെ ഒരുമന്ത്രിയുമാണ്. മോഷ്ടിച്ചതു ബാദുഷയുടെ മോതിരം. ഇയാളുടെ ശരിയായ യോഗ്യതക്കു ഇതിൽ കൂടുതലായ മറ്റെന്തു തെളിവാണാവശ്യം. അതൊക്കെ പോകട്ടെ, അദ്ദേഹത്തിൻെറ ഇപ്പോഴത്തെ അവസ്ഥക്കു വളരെ കൂടുതൽ വിലപിടിക്കുന്ന ഏതെങ്കിലും ഒരു വസ്തുവായിരുന്നു മോഷ്ടിച്ചതെങ്കിൽ വേണ്ടില്ലായിരുന്നു. വളരെ നിസ്സാരമായ ഈ മോതിരത്തിൽ ആശാഭരിതനായി ഇയാൾ ഇതിനെ മോഷ്ടിച്ചിരിക്കുന്ന സ്ഥിതിക്കു കൂടുതൽ വിലയുള്ളവ വല്ലതും കണ്ടാൽ ഇയാൾ വിട്ടുകളയുമോ. കഷ്ടം! തുച്ഛമായ സ്വത്തിൽ ആശമൂത്തു മോഷണം നടത്തിയവനു മാഹനീയമായ മന്ത്രിയുദ്യോഗം ലഭിച്ചിരിക്കുന്നു. ഇയാളുടെ ഗൃഹത്തിൽ ആ ബാദുഷാ തിരുമനസ്സിലെ കൃപാതിരേകത്താൽ ഇതിനെയൊക്കെക്കാളും എത്രയോ ഉപരിയായ വിശിഷ്ടവസ്തുക്കളും സമ്പത്തുകളും ഉണ്ടായിരിക്കെ ഈ മോതിരം കളവുചെയ്യുവാനല്ലാ. കഷ്ടം! കഷ്ടം! അതേപററി ഓർക്കുന്തോറും എനിക്കുതന്നെ വലിയ ലജ്ജ തോന്നുന്നു. അല്ലെങ്കിൽ ഇയാളെ ഇക്കാര്യത്തിൽ എന്തിനു കുററം പറയുന്നു. ഗോത്രം ഏതാണെന്നറിയേണ്ടേ. അലക്സിൻെറ വർഗ്ഗത്തിൽ പെട്ടവനല്ലേ ഇവൻ. അവനുമായി സാദൃശ്യപ്പെടുത്തി നോക്കിയതിൽ ഇവനിലും അതേഗുണംതന്നെ കാണപ്പെടുന്നു. ആ ദുഷ്ടനായ അലക്സു ഏഴു നിധിക്കുടങ്ങൾക്കു വേണ്ടി ഗുരുനാഥനും ദിവ്യനുമായിരുന്ന ജമാലിനെ വധിക്കുകയും ബഹുമാനപ്പെട്ട ബാദുഷയെ വഞ്ചിക്കുകയും ചെയ്തില്ലേ. അങ്ങിനെയുള്ള അവൻെറ വംശത്തിൽ ജനിച്ച ഇവനും അങ്ങിനെയല്ലേ വരികയുള്ളൂ. തൻെറ മാതാമഹനായ അലക്സിൻെറ പെരുമയെ ഉജ്ജീവിപ്പിക്കുവാനായി ചെയ്ത പണിയാണിതെന്നല്ലാതെ ഇതിൽ മററൊന്നും പറയേണ്ടതായിട്ടില്ല.

നൌഷർവാൻബാദുഷയുടെ കോപം അതിരററു വർദ്ധിച്ചു. "എടാ ദുഷ്ടാ! ഇനി നീ എൻെറ സമീപത്തിൽ ഒരിക്കലും വരേണ്ടതില്ലാ. നീ ഇവിടംവിട്ടു എവിടെയെങ്കിലും പൊയ്ക്കൊള്ളുക. വിശ്വാസവഞ്ചകിയും കുടിലനുമായ നിന്നെ വച്ചുകൊണ്ടിരിക്കുന്നപക്ഷം മേലിലും പല അനർത്ഥങ്ങൾക്കും ഇടയാകുന്നതാണ്. അതുകൊണ്ട് വേഗം എൻെറ സദസ്സു വിട്ടുപോകുക" എന്നിങ്ങിനെ ബഫ്തക്കിനോടാജ്ഞാപിച്ചു. ഇതോടുകൂടി ഉമറിനു ക്രമാതീതമായ സന്തോഷവുമുണ്ടായി. എന്നാൽ ബഫ്തക്കിനെ നല്ലവണ്ണം ഒരു ശിക്ഷ അനുഭവിപ്പിക്കാതെ വിട്ടയയ്ക്കുന്നതു

നന്നല്ലെന്ന് അയാൾ നിശ്ചയിച്ച ബാദുഷയോടിങ്ങിനെ പറഞ്ഞു. "ബാദുഷ! ഇവനെ ഇങ്ങിനെ പറഞ്ഞയയ്ക്കുന്നതൊട്ടും ശരിയല്ല. ഇവൻ പ്രവൃത്തിച്ച ക്രൂരകൎമ്മത്തിനു അതിൻെറ ഗൌരവത്തിനു തക്കതല്ലെങ്കിലും ഒരു ചെറിയ ശിക്ഷയെങ്കിലും കൊടുക്കേണ്ടതാണ്. അതിനാൽ ഇവൻെറ കൈ മുറിച്ചുവേണം വിടുവാൻ. ഇവനെപ്പോലെയുള്ള കള്ളന്മാൎക്കു ഇതു നിസ്സാരമായ ഒരു ശിക്ഷയാണ്". ഉമറിൻെറ ഈ വാക്കുകൾ കേട്ടതോടുകൂടി ബഖ്ത്തക്കിൻെറ ഹൃദയം നീറി എരിഞ്ഞു തുടങ്ങി. കോപിഷ്ഠനായിരിക്കുന്ന ബാദുഷ അതുപ്രകാരംതന്നെ പ്രവൎത്തിക്കാതിരിക്കുകയില്ലെന്നും അയാൾക്കറിയാമായിരുന്നു. അതിനാൽ ഈ ഘോരദുരിതാനുഭവത്തിൽനിന്നും ഒരു മോചനം ലഭിക്കുവാനുള്ള വഴികാണാതെ അയാൾ അമ്പരന്നു. അപ്പോൾ ബുസർജംഹർ, അയാളെ കൈകൾ മുറിക്കാതെ വിട്ടയയ്ക്കണമെന്നു ബാദുഷയോടു വളരെ വിനയപൂൎവ്വം അപേക്ഷിച്ചു. ബാദുഷ അതിനെ സ്വീകരിച്ചു. ഇനിമേലാൽ തൻെറ ഡർബാറിൽ കടക്കുവാനെ പാടില്ലെന്നാജ്ഞാപിച്ചു. അയാളെ അദ്ദേഹം തൻെറ പരിചാരകന്മാരെക്കൊണ്ടു പിടലിക്കുപിടിച്ചു തള്ളിച്ചുപുറത്താക്കി വിട്ടു.

ഈ സംഭവങ്ങളുടെയെല്ലാം പ്രധാന കാരണക്കാരൻ ഉമറാണെന്നും ബഖ്ത്തക്കു ഇക്കാൎയ്യത്തിൽ നിരപരാധിയാണെന്നും അമീറിനു മനസ്സിലായി. ഉടൻതന്നെ അദ്ദേഹം വിവരമെല്ലാം ബാദുഷയെ അറിയിക്കുകയും ബഖ്ത്തക്കിനെ തിരിച്ചു വിളിപ്പിക്കുകയും ചെയ്തു. ഉമറിൻെറ ബുദ്ധിപൂൎവ്വമായ വിനോദപ്രവൃത്തികളെപററി അറിഞ്ഞ ബാദുഷാ അയാളുടെ തദ്വിഷയത്തിലുള്ള സാമൎത്ഥ്യത്തെ അതിരററ പ്രശംസിക്കുകയും വേണ്ടുവോളം സമ്മാനങ്ങൾ നൽകുകയും ചെയ്തു. ബാദുഷാ തൻെറ ആ മോതിരത്തേയും ഉമറിനു സമ്മാനിച്ചു.

അനന്തരം ഏതാനും മണിക്കൂറുകൾ വളരെ സന്തോഷത്തോടുകൂടി അവിടെ കഴിച്ചുകൂട്ടി അമീറും കൂട്ടരും തങ്ങളുടെ കൂടാരത്തിലേക്കു പുറപ്പെടുവാൻ തയാറായി. എല്ലാ ദിവസവും തന്നെ വന്നു കാണണമെന്ന് ഏൎപ്പാടുചെയ്തു ശേഷം ബാദുഷാ അമീറിനെ യാത്രപറഞ്ഞയച്ച് അദ്ദേഹവും സദസ്സുവിട്ടു തൻെറ അരമനയിലേക്കു തിരിച്ചു.

---

## പതിനേഴാം അദ്ധ്യായം.

അമീറും കൂട്ടരും തങ്ങളുടെ കൂടാരത്തിൽ എത്തി ഏതാനും നിമിഷങ്ങൾ കഴിഞ്ഞു. അപ്പോൾ ഉമറിനു കൊടുക്കുന്നതിലേക്കായി ബഖ്ത്തക്കിൻെറ ഒരെഴുത്തുമായി ഒരുവൻ അവിടെ എത്തി. അയാൾ ആ എഴുത്തും

അതൊന്നിച്ചുണ്ടായിരുന്ന ഏതാനും വിലയുയൎന്ന നാണയങ്ങളും ഉമറിന്റെ പക്കൽ കൊടുത്തു. ഉമർ സന്തോഷപുരസ്സരം അതു വാങ്ങിയശേഷം എഴുത്തു് അമീറിനെ ഏല്പിച്ചു. അമീർ ആ എഴുത്തു പൊളിച്ചു വായിച്ചുനോക്കി. അതിൽ ഇപ്രകാരം എഴുതിയിരുന്നു. 'പ്രഭോ! ഞാൻ അങ്ങേക്കു ഈ എഴുത്തൊന്നിച്ചു ഏതാനും നാണയങ്ങളടങ്ങിയ ഒരു സഞ്ചി സമ്മാനമായി അയച്ചിരിക്കുന്നു. ഇതിനെ സദയം കൈക്കൊള്ളണമെന്നപേക്ഷ. കൂടാതെ മേലാലും ഞാൻ വേണ്ട ധനസഹായം ചെയ്തുകൊണ്ടിരിക്കുന്നതാണ്. ദയ ചെയ്തു മേലാൽ എന്നെ പരസ്യമായ സദസ്സുകളിൽവച്ചു അധിക്ഷേപിക്കരുതെന്നപേക്ഷ. ഞാൻ ഏതവസരത്തിലും അങ്ങേക്കുവേണ്ടി എന്തും ചെയ്യുവാൻ സന്നദ്ധനാണ്.'

ബഹ്ത്തക്ക കൊടുത്തയച്ചിരുന്ന പണസഞ്ചി അഴിച്ചു പരിശോധിച്ചപ്പോൾ അതു് എണ്ണത്തിൽ ഒട്ടും കുറവല്ലെന്നു് ഉമറിനു മനസ്സിലായി. പണത്തിൽ അതിരററ ആശയുള്ളവനായ ഉമറിനെ ഇതെത്രകണ്ടു സന്തോഷിപ്പിച്ചു എന്നു പറഞ്ഞറിയിക്കുക വിഷമം. 'എന്തൊരുഭാഗ്യമാണ്. ഈ മദായിനിൽ വന്നപ്പോൾതന്നെ ബഹ്ത്തക്കിൽനിന്നും വേണ്ടത്ര പണം ലഭിച്ചിരിക്കുന്നു. ഇനി എത്ര വേണമെങ്കിലും തരാമെന്നും അയാൾ സമ്മതിച്ചിരിക്കുന്നു. ഇങ്ങിനെ ഇഷ്ടംപോലെ ഇരിപ്പിടത്തിൽ ലഭിക്കുന്നതിൽ കൂടുതലായ എന്തൊരു സൌഭാഗ്യമാണ് മററുണ്ടാകുവാനുള്ളതു്. ഇനിയും ദൈവാനുകൂല്യം വേണ്ടോളമുണ്ടാകട്ടെ' എന്നിങ്ങിനെ അയാൾ ഓരോന്നു ചിന്തിച്ചു സന്തോഷ പുളകാഞ്ചിതനായിത്തീൎന്നശേഷം താൻ പണം പററിയതായി ബഹ്ത്തക്കിന്നു് ഒരു രസീതെഴുതി അതു കൊണ്ടുവന്നുകൊടുത്ത ആൾവശം ഏല്പിച്ചു.

പിറേറദിവസം എല്ലാവരും പതിവുപോലെ ബാദുഷയുടെ സദസ്സിൽ ഹാജരായി യഥാസ്ഥാനങ്ങളിൽ സ്ഥിതിചെയ്തു. അവിടെയുണ്ടായിരുന്ന അത്യന്തം കമനീയവും വിശേഷപ്പെട്ടതുമായ ചന്ദനമരത്താൽ നിൎമ്മിതമായ ഇരിപ്പിടമാണ് അമീർ കൈക്കൊണ്ടതു്. അദ്ദേഹമൊന്നിച്ചുണ്ടായിരുന്നവരെല്ലാം അവരവരുടെ യോഗ്യതക്കു തക്കവണ്ണം ഓരോസ്ഥാനങ്ങൾ സ്വീകരിച്ചു. ഈ അവസരത്തിൽ ഒരു ദീൎഘകായനായ ഗംഭീരപുരുഷൻ, ആ സദസ്സിലേക്കു കടന്നുവന്നു. ഇരുമ്പുകവചം ധരിച്ചു് അരക്കെട്ടിൽ തൂക്കിയിരുന്ന വാളിന്റെ പിടിയിൽ ഒരു കരമുറപ്പിച്ചു സഗൌരവം അകത്തേക്കു കടന്ന അയാൾ ബാദുഷായോടു സമീപിച്ചു് അദ്ദേഹത്തെ വന്ദിച്ചുശേഷം വളരെ വിനയപ്രകടനങ്ങളോടുകൂടി അല്പം അകലെ മാറി അമീറിനഭിമുഖമായി ഒരാസനത്തിൽ സ്ഥിതിചെയ്തു. ഇടയ്ക്കിടക്കു അയാൾ അമീറിനെ ഒളികണ്ണിട്ടു നോക്കുകയും അതുപോലെതന്നെ ബാദുഷയുടെ മുഖത്തെ സൂക്ഷിക്കുകയും ചെയ്തുതുടങ്ങി. കൂടക്കൂടെ അയാളുടെ

മുഖഭാവം വ്യത്യസ്തപ്പെട്ടുകണ്ടു. ഒടുവിൽ അയാൾ ബാദുഷയെ നോക്കിപ്പറഞ്ഞു. "അല്ലയോ ബഹുമാനപ്പെട്ട ബാദുഷ! അങ്ങ് എന്റെ പിതാവിനെ യുദ്ധത്തിനുവേണ്ടി ചീനദേശത്തേക്കയച്ചിരിക്കുകയാണ്. അദ്ദേഹം പതിവായി ഇരുന്നുവരുന്ന ഈ പൂജ്യാസനത്തിൽ അങ്ങ് കേവലം വിവേകഹീനനായ ഒരറബിയെ പിടിച്ചിരുത്തി ബഹുമാനിക്കുന്നതിന്റെ അർത്ഥമെന്താണ്? ഇതു ന്യായമാണോ? എന്തൊരു നീതിയാണിത്? സ്വജീവനെപോലും വകവെയ്ക്കാതെ അങ്ങയുടെയും രാജ്യത്തിന്റേയും രക്ഷയെ മാത്രം കരുതി ഭയങ്കരമായ സമരത്തിനു ബദ്ധകങ്കണനായി പുറപ്പെട്ടിരിക്കുന്നവനും സദാ പുറപ്പെടുന്നവനുമായ ഒരുവനെ—ആ ധീരവീരപരാക്രമശാലിയായ എന്റെ പിതാവിനെ—ഇങ്ങിനെയാണോ അങ്ങ് ബഹുമാനിക്കുന്നത്? അദ്ദേഹം അടുത്ത അവസരത്തിൽതന്നെ ജയഭേരി മുഴക്കി മടങ്ങി എത്തുന്നതാണ്. ഈ നിന്ദ്യനായ അറബി എത്രനേരം ഗൌരവവും പ്രതാപവും നടിച്ച് ഈ ആസനത്തിൽ ഇരിക്കുമെന്ന് അപ്പോൾ നമുക്കറിയാം."

ഈ ധിക്കാരപൂർവ്വവും അലക്ഷ്യവുമായ സംസാരം കേട്ടമാത്രയിൽ അമീറിനു കോപം അടക്കവഹിയാതായിത്തീർന്നു. വലിയ പെരുമയും പ്രതാപവും ഭാവിക്കുന്ന ഇവൻ ആരെന്നുതന്നെയും അദ്ദേഹത്തിനു മനസ്സിലായില്ല. അമീർ ബാദുഷയോടിങ്ങിനെ ചോദിച്ചു. "വലിയ അഹങ്കാരത്തോടുകൂടി സംസാരിക്കുന്ന ഇവൻ ആരാണ്?"

ബാദുഷ:—അമീർ! ക്ഷമിക്കുക. ഇവന്റെ പേർ പോലാ എന്നാണ്. ഇവന്റെ പിതാവായ കസ്സം എന്നവനെ ഞാൻ ചീനരാജാവായ സീൻ എന്നയാളിനോടു യുദ്ധം ചെയ്യുന്നതിനുവേണ്ടി അയച്ചിരിക്കുകയാണ്. യുദ്ധത്തിൽ അയാൾ വിജയം പ്രാപിക്കുകയുംചെയ്തു. അയാൾ ചീനരാജാവിനെയും മററും തടവുകാരാക്കി കൊണ്ടുവരുന്നുണ്ടു. ഇവിടെ വന്നെത്തുവാൻ ഇനി അധികകാലമൊന്നും വേണ്ടിവരികയില്ല. നിങ്ങൾ ഇരിക്കുന്ന ആ ചന്ദനമരനിർമ്മിതമായ ഇരിപ്പിടം ഞാൻ അയാൾക്കായി വിട്ടൊഴിഞ്ഞു കൊടുത്തിട്ടുള്ളതാണ്. മററാരും ഇതേവരെ അതിൽ ഇരിക്കുവാനിടയായിട്ടില്ല. അതുകൊണ്ടാണ് അയാളുടെ പുത്രനായ ഇവന് ഇതിൽ ഇത്ര കോപം ജനിച്ചത്. തന്റെ പിതാവിന്റെ ഇരിപ്പിടത്തിൽ ഇരിക്കത്തക്ക യോഗ്യതയുള്ള വേറൊരാൾ ഉണ്ടോയോ എന്നാണ് ഇവൻ ആലോചിക്കുന്നത്.

അമീർ:—ഈ ആസനത്തിൽ ഇരിക്കുവാൻ ഞാനാണോ അതല്ല, ഇവന്റെ പിതാവാണോ യോഗ്യൻ എന്ന് വേണമെങ്കിൽ ഇപ്പോൾ തന്നെ തെളിയിക്കാം. അവൻ വന്നാലുടൻതന്നെ ഒരു യുദ്ധം നട

ത്തിക്കളയാം. ആ യുദ്ധത്തിൽ തോല്ക്കുന്നയാൾ ജയിക്കുന്നയാളുടെ അടിമയായിരിക്കുകയും ചെയ്യട്ടെ.

അമീറിൻെറ ഈ വാക്കുകൾ, ആ വീരപുരുഷനെ അത്യന്തം ക്രോധിപ്പിച്ചു. അയാളുടെ ശരീരം വിറച്ചുതുടങ്ങി. നയനങ്ങൾ രൂക്ഷമായിത്തീൎന്നു. 'എടോ അമീർ! എൻെറ പിതാവുമായുള്ള യുദ്ധം പിന്നീടാകാം. നീ വലിയ യുദ്ധവിദഗ്ദ്ധനെന്നഭിമാനിക്കുന്നുവല്ലോ. നിനക്കു നാണവും ചുണയുമുണ്ടെങ്കിൽ ആദ്യം എന്നോടുതന്നെ യുദ്ധം ചെയ്യുക' എന്നിങ്ങിനെ അയാൾ ധിക്കാരപൂൎവ്വം അമീറിനോടു പറഞ്ഞു. അമീർ പരിഹാസസൂചകമായ ഒരു മന്ദഹാസത്തോടുകൂടി അതിനു സമ്മതിച്ചു. ധൈൎയ്യപൂൎവ്വം എണീററു തൻെറ മുമ്പാകെ വരുവാൻ അമീർ അയാളോടു പറഞ്ഞു. അനന്തരം, 'യുദ്ധം പിന്നീടാകാം. ആദ്യമായി നമുക്കു തമ്മിൽ ഒന്നു പഞ്ചായിടാം' എന്നു പറഞ്ഞു അമീർ തൻെറ കരത്തെ അയാളുടെ നേരെ നീട്ടി. ക്ഷണനേരത്തിനുള്ളിൽ ഇരുവരുടേയും കരങ്ങൾ തമ്മിൽ ഒരു കൂടിക്കാഴ്ച നടത്തി. പോലായുടെ ധൈൎയ്യവും ചുണയുമെല്ലാം അടുത്ത നിമിഷത്തോടുകൂടി നിശ്ശേഷം അസ്തമിച്ചു. കൈവിരലുകളുടെ അസ്ഥാനത്തിലുള്ള പ്രവൎത്തനത്താൽ സംഭവിച്ച വേദന അടക്കുവാൻ കഴിയാതെ അയാൾ തലകുത്തി താഴത്തു വീണു പുരണ്ടുതുടങ്ങി. അമീർ പിടിവിട്ടുപിന്നാക്കം നീങ്ങിനിന്നു. ദുഷ്ടനായ പോലാ ലജ്ജാഭരത്താൽ തലപൊക്കി സദസ്യരെ നോക്കുവാൻ അപ്രാപ്തനായിത്തീൎന്നുവെങ്കിലും അടക്കവഹിയാത്ത കോപനൈരാശ്യാദികൾക്കധീനനായി പെട്ടെന്നു വാൾ വലിച്ചൂരി എടുത്തുകൊണ്ടു് അമീറിൻെറ നേരെ പ്രയോഗിക്കുവാനായി മുന്നോട്ടടുത്തു. ഇവൻെറ വരവുകണ്ടു അമീർ പൊട്ടിച്ചിരിച്ചുകൊണ്ടു സ്വസ്ഥാനത്തുതന്നെ നിലകൊണ്ടതേയുള്ളു. തൻെറ ഉദ്ദേശ്യസാദ്ധ്യത്തിന് ഇതുതന്നെ ശരിയായ അവസരമെന്നു കരുതി പോലാ അമീറിനോടടുത്തു തൻെറ സകലശക്തിയും പ്രയോഗിച്ച് അമീറിനെ ഒരു വെട്ടുവെട്ടി. അമീറാകട്ടെ, യാതൊരു മനശ്ചാഞ്ചല്യവും കൂടാതെ വെട്ടേല്ക്കും മുൻപേ തന്നെ പോലായുടെ കൈക്കുകടന്നു പിടിച്ചു വാൾ സ്വാധീനമാക്കി. പോലാ എന്തു ചെയ്യേണ്ടു എന്നറിയാതെ നമ്രശിരസ്കനായി നിന്നനിലക്കുതന്നെ നിലകൊണ്ടു. ഈ അവസരത്തിൽ നൌഷർവാൻബാദുഷയുടെ പുത്രനായ ഹർമ്മൂസ് എന്നയാൾ പോലായുടെ ബുദ്ധിശൂന്യമായ പ്രവൃത്തികളേയും പെരുമാററങ്ങളേയും വളരെ ആക്ഷേപിച്ചു. 'എടാ നാണംകെട്ടവനെ! നിൻെറ സാമൎത്ഥ്യമൊന്നും ഫലിക്കാത്തവിധത്തിൽ അമീർ നിന്നെ പരസ്യമാംവിധം പരാജിതനാക്കി. എന്നിട്ടും പിൻവാങ്ങുവാൻ ഭാവമില്ലാതെ അടുത്തണയുവാൻ നിനക്കെങ്ങിനെ മനസ്സനുവദിക്കുന്നു. അടികൊണ്ട പട്ടി വീണ്ടും വീണ്ടും കുരച്ചുകൊണ്ടു മുന്നോട്ടടുക്കുകയും പിന്നെയും അ

ടിയേററ പിന്നോക്കം പായുകയും ചെയ്യുന്നതുപോലെയാണ നിൻെറ ഇപ്പോഴത്തെ അവസ്ഥ. ഇനിയെങ്കിലും നീ നിൻെറ അഭിമാനത്തേയും ബാക്കി ശേഷിച്ചിട്ടുള്ള പൌരുഷത്തേയും ബലികഴിക്കാതെ മൌനമായി സ്വസ്ഥാനത്തു ചെന്നിരിക്കുക. അതല്ല, നിൻെറ ജീവനാശത്താൽ അമീറിൻെറ കരങ്ങളെ പ്രീതിപ്പെടുത്തുവാനാണ ഭാവമെങ്കിൽ ആയിക്കൊള്ളുക".

ഹർമൂസിൻെറ ഈ പരിഹാസവാക്കുകൾ അയാളെ എന്തെന്നില്ലാതെ ലജ്ജിപ്പിച്ചു. അവൻ ഒരക്ഷരംപോലും പിന്നീടു ശബ്ദിക്കുവാൻ ശക്തനല്ലാതെയും തീൎന്നു. മററു ഗത്യന്തരമില്ലായ്കയാൽ അവൻ മൌനവ്രതം കൈക്കൊണ്ടു ഹർമൂസിൻെറ ഏററവും സമീപത്തൊരിടത്തു തന്നെ ഇരിപ്പുറപ്പിച്ചു.

അനന്തരം ബാദുഷ അമീറിനോടിങ്ങിനെ പറഞ്ഞു. "അല്ലയോ അമീർ! ബുദ്ധിഹീനനായ ഇവൻെറ പ്രവൃത്തികളെപ്പററി നിങ്ങൾ ഇനി യാതൊന്നും ചിന്തിക്കേണ്ട. അല്പമെങ്കിലും ആലോചനാശക്തിയോ വീണ്ടുവിചാരമോ ഉണ്ടായിരുന്നുവെങ്കിൽ ഇവൻ നിങ്ങളോടു കായബലം പരീക്ഷിക്കുവാൻ സന്നദ്ധനാകുകയില്ലായിരുന്നു. അതിനാൽ അറിവില്ലാതെ ഇവൻ ചെയ്തുപോയിട്ടുള്ള ആ തെററുകളെയെല്ലാം നിങ്ങൾ ക്ഷമിച്ച് ഇവനു മാപ്പു കൊടുക്കണം".

ബാദുഷ ഇത്രയും പറഞ്ഞ് അമീറിനെ സമാധാനപ്പെടുത്തിയ ശേഷം തൻെറ അരമനയിലേക്കു മടങ്ങി. അമീറും കൂട്ടരും തങ്ങളുടെ കൂടാരത്തിലേക്കും തിരിച്ചു. അമീർ എല്ലാ ദിവസവും ബാദുഷയുടെ സദസ്സിൽ സംബന്ധിച്ചിരുന്നു. ഇങ്ങിനെയിരിക്കെ ഒരുദിവസം ബാദുഷ, അമീർ തുടങ്ങിയുള്ളവരെല്ലാം രാജസദസ്സിൽ ഓരോ സംഗതികളെപ്പററി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പരിചാരകന്മാരിൽ ഒരുവൻ ഓടിവന്നു ബാദുഷയോടിങ്ങിനെ അറിയിച്ചു. 'പൂജ്യപാദനായ ബാദുഷ! അങ്ങു ചീനദേശത്തേക്കയച്ചിരുന്ന കുസ്സും അവിടത്തെ രാജാവിനേയും അദ്ദേഹത്തിൻെറ നാലായിരത്തിൽ അധികരിച്ച സൈന്യനേതാക്കന്മാരേയും ബന്ധിച്ചുകൊണ്ടു വരുന്നുണ്ട്. അവർ ഇപ്പോൾ ഇവിടെ നിന്നും ഏകദേശം നാലുകാതവഴിക്കപ്പുറത്തൊരിടത്തു താവളമുറപ്പിച്ചിരിക്കുകയാണ്. അങ്ങയുടെ അനുവാദത്തിനു ശേഷം ഇങ്ങോട്ടു വരാമെന്നാണ അവരുടെ നിശ്ചയം".

ഈ വൎത്തമാനം നൌഷർവാനെ എന്തെന്നില്ലാതെ സന്തോഷിപ്പിച്ചു. എന്നാൽ ആ സദസ്സിൽ തന്നെ ഒരിടത്തായിരുന്നിരുന്ന ദുഷ്ടനായ ബഖ്ത്തക് തനിക്കു അമീറിൻെറ പേരിൽ ജനിച്ചിട്ടുള്ള വൈരാഗ്യത്തെ തീൎക്കുവാനുള്ള ഉപായം എന്താണെന്നു ചിന്തിക്കുകയായിരുന്നു.

കുസൂം വിജയിശ്രീലാളിതനായി മടങ്ങി എത്തിയിരിക്കുന്നു എന്നറിഞ്ഞ പ്പോൾ അയാൾ മുഃഖനതൻെറ ഉദ്ദേശ്യം ശരിവരെ നിറവേററുവാൻ സാധിക്കുമെന്നു ബോദ്ധ്യമാക്കി തീച്ചയാക്കി പലേ നവീന മാൎഗ്ഗങ്ങളെക്കുറി ച്ചും ചിന്തിക്കുവാൻ തുടങ്ങി. ഒടുവിൽ അയാൾ ഒരു തന്ത്രം കണ്ടുപിടിച്ചു. "കുസൂം വിജയിയായി വന്നിരിക്കുകയാണെല്ലോ. മുൻപു അമീർ ഇവിടേയ്ക്കു വന്ന അവസരത്തിൽ സകലജനസംപൂജ്യനായ ബാദുഷ വേണ്ട ആഡംബരാദികളോടുകൂടിച്ചെന്നു് അയാളെ സ്വീകരിച്ചുകൊണ്ടുവന്നു. അതുപോ ലെ ബാദുഷയെക്കൊണ്ടു് ഇപ്പോൾ കുസൂമിനേയും സ്വീകരിപ്പിക്കണം. ബാദുഷ അങ്ങിനെ ചെയ്യുന്നപക്ഷം നിശ്ചയമായും അമീറിൻെറ പെരുമ മുഴുവൻ നാമാവശേഷമായിത്തീരും. എന്തുകൊണ്ടെന്നാൽ, ബാദുഷ പരി വാരസമേതം ചെന്നെതിരേററ എന്ന മഹിമയെയാണു അമീറിനെ സംബ ന്ധിച്ചിടത്തോളം ജനാവലി പുകഴ്ത്തിപ്പറയുന്നതു്. അതിനാൽ ഇപ്പോൾ ബാദുഷ കുസൂമിനേയും അതുപോലെ ബഹുമാനിച്ചു സ്വീകരിക്കുന്നപക്ഷം, കേവലമൊരുവനായാലും അവൻ യുദ്ധത്തിൽ വിജയം പ്രാപിക്കുന്നതാ യാൽ അവനെ ബാദുഷ ബഹുമാനിക്കുകയും ഉപചരിക്കുകയും ചെയ്യു ന്നതാണെന്നു ജനങ്ങളൊക്കെ പരക്കെ വിശ്വസിക്കും. അപ്പോൾ അദ്ദേഹം അമീറിനെ ഉപചരിച്ചതൊരു പെരുമയായി മേലാൽ ആരും കരുതുകയില്ല. അതോടുകൂടി അമീറിൻെറ പേരിൽ ജനങ്ങൾക്കുള്ള മതിപ്പിനും ഉടവുതട്ടും" ഈ വിധത്തിൽ കുടിലനായ അയാൾ ആലോചിച്ചുറച്ചു കുസൂമിനെ എതിരേററു കൊണ്ടുവരേണ്ട ആവശ്യകതകളെപ്പററി ബാദുഷയോടു പറ ഞ്ഞു അദ്ദേഹത്തേയും പരിവാരങ്ങളേയും കൂട്ടിച്ചുകൊണ്ടുപുറപ്പെടുവാൻ സന്നദ്ധനായി. ബലശാലിയായ ചീനരാജാവിനെ ബന്ധനസ്ഥനാക്കി ത്തീൎത്തതിനാലുള്ള സന്തോഷാധിക്യത്താൽ പുളകാഞ്ചിതനായിത്തീൎന്നി രുന്ന ബാദുഷ അടുത്തമാത്രയിൽതന്നെ കുസൂമിനേയു കൂട്ടരേയും സ്വീകരി ക്കുന്നതിലേക്കായി പുറപ്പെട്ടുകഴിഞ്ഞു. അപ്പോൾ ബുസർജംഹർ അദ്ദേ ഹത്തോടു് അമീറിനെക്കൂടി ഒന്നിച്ചു കൂട്ടികൊണ്ടുപോകണമെന്നും അതു് അദ്ദേഹത്തിൻെറ കീൎത്തിക്കു ഒന്നുകൂടി സാഹായ്യകമായിരിക്കുമെന്നും അറി യിച്ചു. ബുസർജംഹറിൻെറ ഏതഭിപ്രായത്തിനും നൌഷർവാൻ വിധേ യനായിരുന്നു. അങ്ങിനെതന്നെയെന്നു സമ്മതിച്ചു് അദ്ദേഹം അമീറിനെ കൂടി തൻെറ സംഘത്തോടുകൂടിത്തന്നെ പിന്നാലെ വരുന്നതിലേക്കേപ്പാടു ചെയ്യുശേഷം യാത്രയായി.

അധികം താമസിയാതെ അമീർ രാജസദസ്സിൽനിന്നും തിരിച്ചു തൻെറ കൂടാരത്തിൽ എത്തി വേണ്ട ഒരുക്കങ്ങളോടും ആൾക്കാരോടുമൊ ന്നിച്ചു ബാദുഷയെ അനുഗമിച്ചു. മുൻകൂട്ടി യാത്രതിരിച്ച ബാദുഷ ഏക ദേശം എഴെട്ടു മൈൽ അകലെ ചെന്നപ്പോൾ വിജയത്താൽ മതിമറന്ന

കുസ്തം സംഖ്യാതീതമായ ആൾക്കാരുടെ അകമ്പടിയോടുകൂടി തന്നിക്കഭി മുഖമായി വരുന്നതുകണ്ടു. തന്നെ ജയിക്കുവാൻ ഇനി ഈ ലോകത്തിൽ ആരുമില്ലെന്നുള്ള അഹംഭാവം അവൻെറ മുഖത്തു സുസ്പഷ്ടം പ്രകാശിച്ചിരുന്നു. പ്രഥമവീക്ഷണത്തിൽതന്നെ അതു ഗ്രഹിക്കുവാൻ ആക്കും പ്രയാസമുണ്ടായരുന്നുമില്ല. കുസ്തമിൻെറ ഈ ഭാവവും അവൻെറ സംഘത്തിൻെറ ബഹിർപ്രകാശിതമായ ശക്തിയും ഒക്കെ ദശിച്ചപ്പോൾ ബഹ്ത്തക്കിനും കൂട്ടക്കും അളവററ സന്തോഷം ജനിച്ചു. അമീറിനെ ഓരോററ നിമിഷംകൊണ്ടു തോല്പിച്ചോടിക്കത്തക്ക പ്രാപ്തി കുസ്തമിനുണ്ടെന്നും അവൻ തീച്ചപെയ്യു.

ബാദുഷ തൻെറ സമീപം എത്തി എന്നു കണ്ടപ്പോൾ കുസ്തം കുതിരപ്പുറത്തുനിന്നും താഴത്തിറങ്ങി ബഹുമാനപൂവ്വം അദ്ദേഹത്തെ അഭിവന്ദിച്ചു. അനന്തരം താൻ ഭയങ്കരമായ സമരം നടത്തി ചീനരാജാവിനെ തടവുകാരനാക്കിപ്പിടിച്ചതും തൽ ശ്രമത്തിൽ താനും തൻെറ ആൾക്കാരും അതിരററ കഷ്ടനഷ്ടങ്ങൾ സഹിച്ചതും മററുമായ ഓരോ സംഗതികളും സവിസ്തരം അദ്ദേഹത്തെ പറഞ്ഞുകേൾപ്പിച്ചു. ഉടൻതന്നെ, ആനന്ദപുളകാഞ്ചിതനായിത്തീന്ന നൌഷർവാൻ തൻെറയും രാജവാസികളുടേയും അഭിമാനസംരക്ഷണാത്ഥം ഘോരദുരിതങ്ങൾ അനുഭവിച്ച് ഒടുവിൽ വിജിഗീഷുക്കളായി ഭവിക്കുവാൻ പ്രധാന ഹേതുഭൂതന്മാരായ തൻെറ എഴുപത്തഞ്ചു സൈന്യനായകന്മാരേയും പ്രത്യേകം പ്രത്യേകം ബഹുമാനിച്ചാശീവ്വദിച്ചു. അനന്തരം പൂവ്വാധികം ആഡംബരത്തോടും ആഹ്ലാദത്തോടുംകൂടി എല്ലാവരും രാജധാനിയെ അഭിമുഖീകരിച്ചു യാത്രതുടന്നു. ഈ അവസരത്തിൽ, ബാദുഷയേയും കൂട്ടരേയും മുൻപേ അയച്ചിട്ടു താൻ അല്പം പിൻവാങ്ങി നില്ക്കണമെന്ന് ബഹ്ത്തക് ചില ആംഗ്യങ്ങളാൽ കുസ്തമിനെ അറിയിച്ചു. കുസ്തം തൻെറ ഒരു പ്രധാനമിത്രമായ ബഹ്ത്തക്കിൻെറ അഭിമതാനുസാരം പ്രവത്തിക്കുവാൻ തീച്ചയാക്കി യാത്രയുടെ വേഗത്തെ അല്പമൊന്നു കുറച്ചു. ഈ കപടോദ്ദേശ്യങ്ങളൊന്നും അറിഞ്ഞിട്ടില്ലാതിരുന്ന ബാദുഷയും സംഘവും ഏതാനും നിമിഷങ്ങൾക്കുള്ളിൽ കുസ്തമിനേയും അനുചരന്മാരെയും വിട്ടു കുറെ ഏറെ ദൂരം മുൻപു കടന്നു. ഈ അവസരത്തിലായിരുന്നു അമീറിൻേറയും കൂട്ടുകാരുടേയും വരവ്. ബാദുഷ അവരെ വഴിമദ്ധ്യത്തിൽ വച്ചുകണ്ടുമുട്ടി, വിജയാന്വേഷരായി തൻെറ പിന്നോക്കം വരുന്ന കുസ്തമിനേയും സംഘത്തേയും യഥോചിതം സ്വീകരിച്ച് അവരൊന്നിച്ചു വരുന്നതിലേക്കേപ്പ്പാടു ചെയ്തു ശേഷം അദ്ദേഹം തൻെറ അരമനയിലേക്കു തിരിച്ചു. ബാദുഷയുടെ അഭിമതാനുസാരം അമീർ കുസ്തമിനഭിമുഖമായി അതിവേഗത്തിൽ മുന്നോട്ടു നടന്നു.

ഇതിനകം വഞ്ചകനായ ബഫ്ത്തക് അമീറിന്റെ പേരിൽ പലേ ദൂഷ്യാരോപണങ്ങളും ചെയ്തു് അദ്ദേഹത്തിൽ അയാൾക്കു അതിരററ കോപവൈരാഗ്യങ്ങൾ ജനിപ്പിച്ചു. ബഫ്ത്തക് തുടൎന്നുപറഞ്ഞു. അല്ലയോ കുസ്സൂം! നിങ്ങൾ എന്തു വിചാരിക്കുന്നു. സകല കലാവല്ലഭനും അമാനുഷമായ കായശക്തിക്കുസ്ഥാനവുമായ നിങ്ങളുടെ നിലയും സ്ഥാനവുമെന്തു്? ആ മനുഷ്യകീടമായ അമീറിന്റെ സ്ഥിതിയേതു്? ഇതു നിങ്ങൾ ചിന്തിക്കുന്നുണ്ടോ? ഒരുതരത്തിലും നിങ്ങളുടെ നേരെ നില്ക്കുവാൻ പോലും യോഗ്യനല്ലാത്ത ആ ധിക്കാരിയായ അറബി, രാജസദസ്സിലെ നിങ്ങളുടെ പൂജ്യാസനത്തിൽ പരസ്യമായി കയറിയിരുന്നു നിങ്ങളെ അപമാനിച്ചതു ക്ഷന്തവ്യമോ? ഇതു മാത്രമാണോ; നിങ്ങളുടെ പുത്രനെ അവൻ ആ മാന്യസദസ്സിൽവെച്ചു പോരിനു ക്ഷണിക്കുകയും വേണ്ട പരുക്കുകളേല്പിക്കുകയും ചെയ്തിരിക്കുന്നു. പൌരുഷവും ചുണയുമുള്ള ഒരുവൻ വിശേഷിച്ചു ഒരു യുദ്ധവീരൻ—ഈ അപമാനത്തെ എങ്ങിനെ സഹിക്കും? ഏതായാലും നല്ല സമയത്തു തന്നെയാണു നിങ്ങൾ വന്നുചേൎന്നതു്. ആ നിമിഷം മുതൽ ഞാൻ നിങ്ങളുടെ വരവിനെത്തന്നെ സോൽക്കണ്ഠം കാത്തിരിക്കുകയായിരുന്നു. ആ നിഷേധിയായ അറബി നിങ്ങളെ സ്വീകരിക്കുന്നതിലേക്കായി വരുന്നുണ്ടു്. അവൻ വരട്ടെ. നിങ്ങൾ യാതൊരു വിരോധഭാവവും അവനോടു കാണിക്കരുതു്. നിങ്ങളെ കാണുന്നമാത്രയിൽ വലിയ സന്തോഷ ബഹുമാനാദികൾ നടിച്ചു് അടുത്തുവന്നു ശരീരത്തിൽ മുറുകെ കെട്ടി പുണരും. ആ അവസരത്തിൽ നിങ്ങൾ സ്നേഹപ്രകടനാദികളോടുകൂടിത്തന്നെ അവനെ അണച്ചുപിടിച്ചു നല്ലതുപോലെ ഒന്നമൎത്തിയേക്കണം. ആ അമൎത്തിൽ അവന്റെ നയനങ്ങൾ തുറുക്കണം. ആ നിമിഷം മുതൽ നിങ്ങളുടെ ശരീരശക്തി അവൻ നല്ലതുപോലെ അറിഞ്ഞുകൊള്ളുമെന്നു മാത്രമല്ലാ നിങ്ങൾ ജീവനോടുകൂടി ഇരിക്കുന്ന കാലത്തോളം അവൻ മിടുക്കു ഭാവിക്കുകയുമില്ല.”

കുസ്സൂമുണ്ടോ അമീർ ആരാണെന്നും അദ്ദേഹത്തിന്റെ കായശക്തി എന്തെന്നും അറിഞ്ഞു! ബഫ്ത്തക്കിന്റെ ഏഷണികൾ അവന്റെ ചടുലഹൃദയത്തെ എരിപൊരികൊള്ളിച്ചു. “ബഫ്ത്തക്! ആ നിസ്സാരനായ അമീറിനെപററി നിങ്ങൾ ഇത്രയൊന്നും പറയണമെന്നില്ല. അവൻ വലിയ മിടുക്കനാണെന്നും മററുമാണല്ലോ നിങ്ങൾ കരുതിയിരിക്കുന്നതു്. എന്നാൽ, ആ മിടുക്കൊക്കെ എത്ര നിമിഷത്തേക്കുണ്ടായിരിക്കുമെന്നു നിങ്ങൾ നോക്കിക്കൊള്ളുക. നിങ്ങൾ പറഞ്ഞ പ്രയോഗംതന്നെ ചെയ്യേക്കാം”. എന്നു കുസ്സൂം ബഫ്ത്തക്കിനെ പറഞ്ഞു സന്തോഷിപ്പിച്ചു. ഇതേ അവസരത്തിൽതന്നെ അമീർ തന്റെ കൂട്ടുകാരുമായി ഇവരുടെ സമീപത്തിൽ വന്നുചേൎന്നു. കുസ്സൂമിനെ കണ്ടമാത്രയിൽ അമീർ തന്റെ കുതിരപ്പുറത്തുനി

ന്നും താഴത്തിറങ്ങി അയാളുടെ സമീപത്തിലേക്കടുത്തു. അപ്പോൾതന്നെ കുസ്സുമും താഴത്തിറങ്ങി. വലിയ പ്രസന്നഭാവത്തിൽ അമീറിൻെറ മുന്നിലേക്കു നടന്നു. ക്ഷണനേരത്തിനുള്ളിൽ അവർ അന്യോന്യം കൂട്ടിമുട്ടി ശരീരങ്ങളെ കെട്ടിത്തഴുകി തങ്ങൾ തങ്ങൾക്കുള്ള സ്നേഹാദരവുകളെ വെളിപ്പെടുത്താൻ ശ്രമിച്ചു. ഈ തക്കത്തിൽ മുൻനിശ്ചയമനുസരിച്ചു കുസ്സും വലിയ വിനയവും ശാന്തപരവുമായ വാക്കുകളാൽ അമീറിനെ സന്തോഷിപ്പിച്ചു തൻെറ സകല ശക്തിയും പ്രയോഗിച്ച് ഒന്നമർത്തി. അവൻെറ ചതിപ്രയോഗോദ്യമം ക്ഷണനേരത്തിനുള്ളിൽ അമീറിനു മനസ്സിലായി. അദ്ദേഹം ഒന്നുമറിയാത്ത മട്ടിൽ കിട്ടിയ സൌകര്യത്തെ പാഴിൽകളയാതെ ശ്വാസപ്പെരുപ്പത്താൽ അവൻെറ പിടിയുറയ്ക്കുവാനവസരം നൽകാതെ തൻെറ കരങ്ങൾ രണ്ടും നല്ലതുപോലെയൊന്നമർത്തി. അമീറിൻെറ കണ്ണുകൾ തുറത്തിക്കുവാൻ ബദ്ധകങ്കണനായിരുന്ന കുസ്സും പ്രതിയോഗിയുടെ കരബലത്തിന്നധീനനായി ശ്വാസകോശങ്ങളെപ്പോലും നിയന്ത്രിക്കുവാൻ അശക്തനായി വിഷമിച്ചതിനും പുറമേ മലമൂത്രവിസർജ്ജനംകൂടി ചെയ്തുപോയി. പ്രാണൻതന്നെയും തന്നെ വേർവിട്ടുപോകുവാനുദ്യമിക്കുന്നതായി കുസ്സുറിനു തോന്നി. ചുരുക്കിപ്പറഞ്ഞാൽ ഏതാനും നിമിഷത്തോളം അവൻ സാക്ഷാൽ മരണവേദനതന്നെ അനുഭവിച്ചു. ഇതോടുകൂടി കുസ്സുമിൻെറ ധാർഷ്ട്യബുദ്ധി നിശ്ശേഷം ശമിച്ചു. അമീറിൻെറ നേരെ നോക്കുവാൻപോലും ആ യുദ്ധവിദഗ്ദ്ധൻ— ഒരു മഹൽസാമ്രാജ്യാധിപനെ തടവുകാരനാക്കിപ്പിടിച്ച ആ പ്രസിദ്ധനായ സേനാനിക്കു— ലജ്ജാധിക്യത്താൽ കെല്പില്ലാതെയായി. അയാൾ എന്തൊക്കെയോ ചിന്തിച്ചുകൊണ്ട് അടുത്തമാത്രയിൽ അമീറിൻെറ സമീപമടുത്തു ചെവിയിൽ മററാരും കേൾക്കാതെ ഇങ്ങിനെ മന്ത്രിച്ചു. "അല്ലേയോ ബലശാലിയായ അമീർ! ഈ ലോകത്തിലേക്കും ശക്തൻ അങ്ങുതന്നെ. എൻെറ അവിവേകത്തെ ക്ഷമിച്ചാലും. എന്നിൽ ദയയുണ്ടായി ഇവിടെ നടന്ന ഈ വസ്തുതകൾ യാതൊന്നും പുറത്തറിയിക്കരുത്. ഇവയെല്ലാം അങ്ങയുടെ ഹൃദയത്തിൽതന്നെ ഇരിക്കട്ടെ. നാം എന്നെന്നും ആത്മമിത്രങ്ങളാണ്". അങ്ങിനെതന്നെയാകാം എന്നു മഹാമനസ്കനായ അമീർ സമ്മതിച്ചു.

അനന്തരം കുസ്സുമും കൂട്ടരും കോട്ടയ്ക്കകത്തേക്കും തങ്ങൾ പട്ടണമെല്ലാം ഒന്നു ചുററിവരാമെന്നു പറഞ്ഞ് അമീറും സംഘവും വേറൊരു വഴിക്കും പുറപ്പെട്ടു. അമീർ കൂട്ടർ ഇങ്ങിനെ പോകുമ്പോൾ രാജപാതകളിൽ ഒന്നിലൂടെ ഒരു വലിയ ഇരുമ്പുകൂട് ചങ്ങലയിട്ടു പൂട്ടി അനേകായിരം ആയുധപാണികളായ യോദ്ധാക്കന്മാരാൽ പരിസേവ്യമായി വലിച്ചുകൊണ്ടുപോകുന്നതായി കാണപ്പെട്ടു. ആ വിശേഷകാഴ്ച അമീറിൻെറ ശ്രദ്ധയെ നല്ലതുപോലെ ആകർഷിക്കുകയാൽ അദ്ദേഹം അവരോടടുത്ത് ഇങ്ങിനെ ചോ

ദിച്ചു. "നിങ്ങൾ ഇത്ര സൂക്ഷ്മത്തോടുകൂടി ഈ ഇരുമ്പുകൂട വലിച്ചുകൊണ്ടു പോകുന്നതെന്താണ് ഈ കൂട്ടിനുള്ളിൽ അടച്ചിരിക്കുന്നതെന്താണ്?"

ഭടന്മാർ:— യുദ്ധത്തിൽ തടവുകാരനാക്കിപ്പിടിച്ചിരിക്കുന്ന ചീനരാജാവായ സിനിനെയാണ് ഇതിൽ അടച്ചിട്ടിരിക്കുന്നതു്. ഇയാളുടെ ബലവീൎയ്യപരാക്രമങ്ങൾ അവൎണ്ണനീയവും അതേപററി അറിയാത്തവർ അപൂൎവ്വവുമാകുന്നു. ഇത്ര ബന്തോവസ്സായി സൂക്ഷിച്ചില്ലെങ്കിൽ ഇയാൾ ഞങ്ങളെയെല്ലാം തട്ടിക്കടന്നുകളയും.

അമീർ:—(പൊട്ടിച്ചിരിച്ചുകൊണ്ടു്) എന്തൊരു പുതുമയാണിതു്? രാജാക്കന്മാരെയോ യുദ്ധവീരന്മാരെയോ കീഴ്പ്പെടുത്തി തടവുകാരനാക്കിപ്പിടിച്ചാൽ ഈവിധം കൂട്ടിലടച്ചിടുന്നപതിവു ലോകത്തിലെവിടെയെങ്കിലുമുണ്ടോ? ഇങ്ങിനെയൊരു സംഭവം ഉണ്ടായിട്ടുള്ളതായി കേട്ടുകേൾവിപോലുമില്ല. കഷ്ടം! ഇതുമാതിരിയുള്ള ധീരപുരുഷന്മാരെ ഇങ്ങിനെ പുലിയെപോലെ കൂട്ടിലടച്ചു ദുരിതമനുഭവിപ്പിക്കുന്നതു ധൎമ്മമാണോ?

എന്നു പറഞ്ഞ് അമീർ, ആ ഇരുമ്പുകൂട വലിച്ചിഴച്ചുകൊണ്ടുപോയ ഭടന്മാരെ അവിടെ തടഞ്ഞുനിൎത്തി തന്റെ ആൾക്കാരെക്കൊണ്ടു തുറപ്പിച്ച് അകത്തേക്കു നോക്കി. ഹാ! കഷ്ടം! അത്യന്തം സൌന്ദൎയ്യവാനായ ഒരു വീരപുരുഷൻ ഇരുമ്പുചങ്ങലകളാൽ കൈകാലുകൾ ബന്ധിക്കപ്പെട്ടു മൂൎച്ഛിച്ചു കിടക്കുന്നതിനെയാണ് അമീർ കണ്ടതു്. അമീറിന്റെ ഹൃദയം ആൎദ്രീഭവിച്ചു. ഈ മൎമ്മഭേദകമായ കാഴ്ചകണ്ടുകൊണ്ടു നില്ക്കുവാനുള്ള ശക്തി അദ്ദേഹത്തിനുണ്ടായില്ല. ക്ഷണത്തിൽ അമീർ ആ മാന്യവിഗ്രഹത്തെ— ആ പുരുഷകേസരിയെ ഭടന്മാരെക്കൊണ്ടു താങ്ങി എടുപ്പിച്ചു കൂട്ടിനുപുറത്താക്കി വേണ്ട പരിചൎയ്യകൾ ചെയ്തു് ഏതാനും നിമിഷങ്ങൾക്കുള്ളിൽ പ്രബുദ്ധനാക്കിത്തീൎത്തു. അനന്തരം ക്ഷീണത്തെ പരിഹരിക്കുവാൻ പൎയ്യാപ്തമായ പാനീയപദാൎത്ഥങ്ങൾ വരുത്തിക്കൊടുത്തും മററും അദ്ദേഹത്തെ അവർ അത്യന്തം ആശ്വസിപ്പിച്ചു. ഏതാനും മണിക്കൂറുകൾക്കുശേഷം അയാളുടെ ആലസ്യമെല്ലാം നിശ്ശേഷം വിട്ടുമാറി. അപ്പോൾ അമീർ അയാളോട് "നിങ്ങൾ ഏതു രാജ്യക്കാരനാണ്? നിങ്ങളുടെ പേരെന്തു്?" എന്നു ചോദിച്ചു. ഇതിനയാൾ ഇങ്ങിനെ മറുപടി പറഞ്ഞു. "പ്രഭോ! എന്നെ അങ്ങയുടെ വസതിയിലേക്കു കൂട്ടിച്ചുകൊണ്ടുപോകുക. അവിടെ ചെന്നതിനുശേഷം സംഗതികളെല്ലാം ഞാൻ അങ്ങയെ വിവരിച്ചു പറഞ്ഞു കേൾപ്പിക്കാം. എനിക്കു സംസാരിക്കുവാനുള്ള ശക്തി ലേശവുമില്ല. മാത്രമല്ല, ബുദ്ധി പതറുകയും ചെയ്യുന്നു.

എന്നാൽ അങ്ങിനെതന്നെ എന്നു പറഞ്ഞ് അമീർ ഭടന്മാരിൽ ഒരുവനെക്കൊണ്ടു് ഒരു കുതിരയെവരുത്തിച്ച് അയാളെ അതിന്മേൽ കയ

ററി അയാളോടൊപ്പം ബന്ധനസ്ഥരായിരുന്ന ഇതരന്മാരെയെല്ലാം സ്വതന്ത്രരാക്കി അവരേയും കൂട്ടിച്ച് തന്റെ കൂടാരത്തിലേക്കുതിരിച്ചു. അവിടെ എത്തിയശേഷം അമീർ ബഹറാമിനെ തന്റെ മഞ്ചത്തിൽ ഒരിടത്തായി കൊണ്ടുപോയി ഇരുത്തി വളരെ വിശേഷപ്പെട്ടതും വിശിഷ്ടങ്ങളുമായ പല ഭക്ഷ്യപദാൎത്ഥങ്ങളും പാനീയങ്ങളും വരുത്തികൊടുത്തു സംതൃപ്തനാക്കിത്തീൎത്തു. അതുപോലെതന്നെ ബഹറാമിന്റെ കൂട്ടുകാൎക്കും അദ്ദേഹം വേണ്ടതെല്ലാം കൊടുക്കുന്നതിനും ആവശ്യമുള്ളിടത്തോളം സുഖസൌകൎയ്യാദികൾ ആ കൂടാരത്തിൽ ഉണ്ടാക്കികൊടുക്കുന്നതിനും ഏൎപ്പാടുചെയ്തു. ഇതുമായതോടുകൂടി ബഹറാമിനും കൂട്ടുകാൎക്കും അമീറിന്റെ പേരിൽ നിസ്സീമമായ ബഹുമാനവും ആദരവുംതാനേ ഉത്ഭൂതമായി. ബഹറാമിന്റെ ശിരോമാന്ദ്യത്തെ ശമിപ്പിക്കുന്നതിലേക്കായി അമീർ കുറെ ശീതളങ്ങളായ സുഗന്ധദ്രവ്യങ്ങളും വരുത്തി ശിരസ്സിൽ പൂശിച്ചു. ഇങ്ങിനെ കുറച്ചു സമയം കഴിഞ്ഞു. ആ കൂടാരമെങ്ങും പവിത്രമായ ഏകാന്തത കളിയാടി. അപ്പോൾ അമീർ ബഹറാമിനെ നോക്കി സാവധാനത്തിൽ പറഞ്ഞു. "നിങ്ങളുടെ ഇപ്പോഴത്തെ ദയനീയസ്ഥിതി ആലോചിച്ചാൽ നിങ്ങളുടെ കഥകൾ നിങ്ങളെകൊണ്ടുതന്നെ പറയിക്കുന്നതു് ഒട്ടും ഉചിതമായിരിക്കുകയില്ല. എന്നാൽ നിങ്ങളുടെ ആകപ്പാടിയുള്ള അവസ്ഥകൾ കണ്ടാൽ നിങ്ങൾ ഏതോ ഒരു രാജവംശജനാണെന്നാണു തോന്നുന്നതു്. നിങ്ങളെ സംബന്ധിച്ച സംഗതികൾ പൂൎണ്ണമായി ചോദിച്ചറിയാമെന്നുവച്ചാൽ അതിനുതക്കതായ ആളുകളേയും ഇക്കൂട്ടത്തിൽ കാണ്മാനില്ല. അങ്ങിനെ ഒരാളെ ഇനി കണ്ടുകിട്ടുമെന്നു വിചാരിക്കാനും നിവൃത്തിയില്ല. എന്നാൽ നിങ്ങളെ സംബന്ധിച്ച സംഗതികൾ അറിയേണ്ടതത്യാവശ്യവുമാണു്. അതുകൊണ്ടു നിങ്ങൾതന്നെ അതു പറയുന്നതു നന്നായിരിക്കും.

ബഹറാം:—പ്രഭോ! അങ്ങു് എന്റെ ജീവനെ വീണ്ടെടുത്തയാളാണു്. അങ്ങയുടെ ഏന്തഭിമതത്തിനും വിനയപൂൎവ്വം കീഴ്പെടുവാൻ ഈയുള്ളവൻ നിൎബ്ബന്ധിതനുമാണു്. ആ ഇരുമ്പു കൂട്ടിൽ മൂൎച്ഛിതനായി കിടന്ന ഞാൻ അങ്ങയുടെ സഹായമില്ലായിരുന്നുവെങ്കിൽ ഇതിനു മുമ്പുതന്നെ കാലഗതിയടയുമായിരുന്നു. ദൈവവിധിയെ ആൎക്കു തടുക്കുവാൻ കഴിയും. എനിക്കു കുറെ കാലത്തെ ജീവിതംകൂടി അദ്ദേഹം വിധിച്ചിട്ടുണ്ടു്.

അമീർ:—അതെല്ലാമിരിക്കട്ടെ, നിങ്ങളെ ആ കസ്സും എന്നവൻ എങ്ങിനെയാണു കീഴ്പ്പെടുത്തിയതു്?

ബഹറാം:—യുദ്ധത്തിൽ ഞാൻ അവനെ തോല്പിച്ചു് അടിമയാക്കിത്തീൎത്തു. അവന്റെ സൈന്യങ്ങളിൽ ഭൂരിപക്ഷത്തേയും യമപുരിക്കു ഞങ്ങൾ യാത്രയാക്കി. ബാക്കിയുണ്ടായിരുന്നവരെ തടവുകാരാക്കിത്തീൎക്കു

കയും ചെയ്തു. അനന്തരം തടവു പെട്ട കുസ്സുമും അവന്റെ ആൾക്കാരും എന്നോടു മാപ്പപേക്ഷിച്ചു. ഞാൻ അവരിൽ സന്തുഷ്ടനായി അവരെ എന്റെ അടിമകളാക്കിത്തീൎത്തു. ആദ്യകാലങ്ങളിൽ അവർ വളരെ വിശ്വസ്തന്മാരായും എന്റെ എല്ലാ ആജ്ഞകൾക്കും വിധേയരായുമാണ് വൎത്തിച്ചിരുന്നതു്. ഇങ്ങിനെ ഏതാനും കാലം കഴിഞ്ഞു ഒരു ദിവസം ഞാൻ വേട്ടയാടുന്നതിന്നലക്കായി പുറപ്പെട്ടു വളരെ ദൂരം യാത്രചെയ്തശേഷം കൂടെയുണ്ടായിരുന്നവരെല്ലാം വഴിതെറ്റി ഞാൻ ഏകനായിത്തീൎന്നു. എന്നാൽ കുസ്സുമെന്നവൻ അപ്പോൾ എന്നോടൊന്നിച്ചുണ്ടായിരുന്നു. വഴിനടന്നുണ്ടായ ക്ഷീണത്താലും വെയിലിന്റെ ആധിക്യത്താലും എനിക്കു ദാഹം സഹിക്ക വയ്യാതെയായിത്തീൎന്നു. അതിനാൽ ഞാൻ ഇവനോടു കുടിക്കുവാൻ കുറച്ചു വെള്ളം കൊണ്ടുവന്നുതരണമെന്നു പറഞ്ഞു. എന്നാൽ ആ പരമദ്രോഹി ജലത്തിൽ എന്തോ ലഹരിവസ്തുക്കൾ കലക്കിയാണ് എനിക്കു കൊണ്ടുവന്നുതന്നതു്. വസ്തുതയറിയാതെ ഞാൻ ഇവനെ വിശ്വസിച്ചു് അതു വാങ്ങി കുടിക്കുകയും അടുത്തമാത്രയിൽ സ്മരണയററു നിലംപതിക്കുകയും ചെയ്തു. ആ തക്കത്തിൽ ദുഷ്ടനായ ഇവൻ തന്റെ ആൾക്കാരെയെല്ലാം ചേൎത്തുകൊണ്ടുവന്നു് എന്റെ കൈകാലുകൾ ബന്ധിച്ചു് ആ ഇരുമ്പുകൂട്ടിലാക്കി അടച്ചു ജയഭേരി മുഴക്കിക്കൊണ്ടു ഇങ്ങോട്ടു തിരിച്ചു. എന്നെ ഈ മാതിരി വഞ്ചിച്ചാണ് ഇവൻ വിജയം നടിച്ചതു്.

ഇത്രയും പറഞ്ഞവസാനിച്ചതോടുകൂടി വിവിധങ്ങളായ വികാരവീചികളുടെ പെരുമാററത്താൽ ബഹറാമിന്റെ മുഖം അത്യന്തം ചുട്ടത്തു. അയാളറിയാതെ തന്നെ കണ്ണുകളിൽ ബാഷ്പകണങ്ങൾ നിറഞ്ഞു.

പരമാൎത്ഥാവസ്ഥ ഗ്രഹിച്ച അമീറും വ്യസനാക്രാന്തനായി ഭവിച്ചു. എന്നാൽ നയജ്ഞനായ അദ്ദേഹം പലേ മധുരോക്തികളാലും ബഹറാമിന്റെ ഖേദത്തെ ശമിപ്പിക്കുവാൻ ശ്രമിച്ചുതുടങ്ങി.

ഇതിങ്ങിനെ നില്ക്കട്ടെ. താൻ ബന്ധനസ്ഥനാക്കിക്കൊണ്ടു വന്ന ബഹറാം അമീറിനാൽ സ്വതന്ത്രനാക്കപ്പെട്ടിരിക്കുന്ന വിവരം ക്ഷണനേരത്തിനുള്ളിൽ കുസ്സുമിന്നറിവു കിട്ടി. ഈ വൎത്തമാനം ശ്രവിച്ച നിമിഷത്തിനു അയാൾ ഇടിവെട്ടേററാലത്തെ പോലെ ഒന്നു നടുങ്ങിയതിൽ അതിശയിക്കുവാനില്ലല്ലോ. പ്രതിയോഗി അമീറാണു താനും. അദ്ദേഹത്തോടടുത്താൽ കാൎയ്യം നേരെയൊന്നും കലാശിക്കുന്നതല്ലെന്നും കുറച്ചു മുൻപുണ്ടായ അനുഭവം അയാളെ അടിക്കടി സ്മരിപ്പിക്കുന്നുമുണ്ടായിരുന്നു. ഇവിടെ താൻ എന്താണു പ്രവൎത്തിക്കേണ്ടതെന്നു കുസ്സും ദീൎഘനേരമാലോചിച്ചിട്ടും യാതൊരു സമാധാനവും എത്തുകിട്ടിയില്ല. അനന്തരം അയാൾ

അതിവേഗത്തിൽ ബാദുഷയുടെ സമീപം ഓടിഎത്തി വിവരങ്ങളെല്ലാം അദ്ദേഹത്തെ ഗ്രഹിപ്പിച്ച കണ്ണുനീർപൊഴിക്കുവാൻ തുടങ്ങി.

തൻെറ ഒരു വൻപിച്ച ശത്രുവിനെ യുദ്ധത്തിൽ കീഴ്പ്പെടുത്തിക്കൊണ്ടുവന്നിരിക്കുന്നു എന്നറിഞ്ഞപ്പോൾമുതൽ ബാദുഷ ആനന്ദപുളകാഞ്ചിതനായിത്തീൎന്നിരിക്കുകയായിരുന്നു. അതീതകാലത്തെ പരിശ്രമം കൊണ്ടുപോലും ആൎക്കും സാദ്ധ്യമല്ലാത്ത ഒരു കാൎയ്യമാണു് ബഹറാമിനെ കീഴ്പ്പെടുത്തുക എന്നുള്ളതു്. അങ്ങിനെയിരിക്കെ ദൈവാനുകൂല്യത്താൽ അയാളെ തൻെറ അടിമ എന്ന നിലയിൽ കിട്ടുകയും ചെയ്തു. ആ കൈവന്ന ശത്രുവിനെ സ്വതന്ത്രനാക്കിയിരിക്കുന്നു എന്നറിയുമ്പോഴത്തെ ബാദുഷയുടെ അവസ്ഥ എന്തായിരിക്കും. കുസുമിൽനിന്നും ഈ വിവരം ഗ്രഹിച്ചപ്പോൾ ബാദുഷക്കു കോപം സഹിക്കവഹിയാതെയായിത്തീൎന്നു. ഉടൻതന്നെ ബാദുഷ അമീറിനെ വിളിച്ചുകൊണ്ടുവരുന്നതിലേക്കായി ഒരാളെ പറഞ്ഞയച്ചു.

അധികം താമസിയാതെതന്നെ ബാദുഷയുടെ അറിയിപ്പനുസരിച്ചു് അമീർ അദ്ദേഹത്തിൻെറ സമീപം ചെന്നുചേൎന്നു. ഉടനെ അത്യന്തം കോപിഷ്ഠനെങ്കിലും ശാന്തമായ സ്വരത്തിൽ ബാദുഷ അമീറിനോടിങ്ങിനെ ചോദിച്ചു. 'ബുദ്ധിമാനായ അമീർ! ബഹറാമിനെപ്പോലെ പ്രബലനായ ഒരു ശത്രു എനിക്കു ഈ ലോകത്തിൽ വേറെയില്ലെന്നു നിങ്ങൾക്കറിഞ്ഞുകൂടേ? അതറിഞ്ഞിരിക്കെ കൈവന്ന ആ ശത്രുവിനെ നിങ്ങൾ മോചിപ്പിച്ചു് എന്നെ അപമാനിച്ചതെന്താണു്? എന്തു കാരണത്താലാണു നിങ്ങൾ അവനെ സ്വതന്ത്രനാക്കിത്തീൎത്തതു്?

അമീർ:—പൂജ്യനായ ബാദുഷ! ഒരു ശത്രുവിനെ ധൎമ്മയുദ്ധം നടത്തിയാണു കീഴ്പ്പെടുത്തേണ്ടതു്. വിശേഷിച്ചും ഒരു യോഗ്യനും യഥാൎത്ഥ യുദ്ധവീരനുമായ പ്രതിയോഗിയെ ചതിവിൽ അകപ്പെടുത്തി വിജയം നടിക്കുന്നതു ബാദുഷകൾക്കു—പരിശുദ്ധമായ രാജപദത്തെ അലങ്കരിക്കുന്ന താങ്കളെപ്പോലെയുള്ള മഹാന്മാൎക്കു ദുൎയ്യശസ്സും ദുഷ്പേരുകളുമല്ലാതെ മറെറാന്നുമുണ്ടാകയില്ല. വിശിഷ്യ, ജനതതി ഒന്നുപോലെ, രാജാവിനെ പഴിക്കുകയും ചെയ്യും. അതിനും പുറമേ, ഈ അധൎമ്മവൃത്താന്തം ചരിത്രങ്ങളിലും ഇതരരാജസദസ്സുകളിലും ഒരു നല്ല സ്ഥാനം കൈവശമാക്കുകയും ചെയ്യും. എന്നാൽ, ആ യുദ്ധവീരൻെറ പേരാകട്ടെ ലോകമുള്ളകാലമത്രയും ശോഭായമാനമായി പരിലസിക്കും.

അമീറിൻെറ വാക്കുകളിൽ നിന്നും, ബഹറാമിനെ ചതിവിൽ അകപ്പെടുത്തിയതാണെന്നും ഇതു തൻെറ ജീവിതത്തിൽ ഒരു തീരാകളങ്കമായിത്തീരുന്നതാണെന്നും ബാദുഷക്കുമനസ്സിലായി. അദ്ദേഹം ദീൎഘനേരം പലതുമാലോചിച്ചു മൌനം ദീക്ഷിച്ചിരുന്നു. അനന്തരം, ആ ബഹറാം എന്ന

യാൾ എവിടെ ഇരിക്കുന്നു എന്നു ചോദിച്ചിട്ട് അയാളെ തൻെറ ഡർബാറിൽ കൂട്ടിച്ചുകൊണ്ടു വരുവാൻ ബാദുഷ ആജ്ഞാപിച്ചു.

അടുത്ത മാത്രയിൽ അമീർതന്നെപോയി ബഹറാമിനെ തൻെറ കൂടാരത്തിൽനിന്നും കൂട്ടിച്ചു ബാദുഷയുടെ സമീപം കൊണ്ടുവന്നു നിൎത്തി. ബാദുഷാ ബഹറാമിനെ നോക്കി ഇങ്ങിനെ ചോദിച്ചു. "ബഹറാം! കുസൂം നിങ്ങളെ ശരിയാംവിധം യുദ്ധംചെയ്തു കീഴ്പ്പെടുത്തിയോ അതല്ല, ചതിവിൽ അകപ്പെടുത്തി ബന്ധനസ്ഥനാക്കിത്തീൎത്തുവോ?"

ബഹറാം:—എന്നെ ഏകദേശം നാലുമാസകാലമായി ആഹാരമോ ജലമോ തരാതെ ഇട്ടുകഷ്ടപ്പെടുത്തുകനിമിത്തം ഞാനിപ്പോൾ വളരെ അശക്തനായിത്തീൎന്നിരിക്കയാണ് അതുകൊണ്ട് അങ്ങുതന്നെ എന്നെ നല്ലതുപോലെ സൂക്ഷിച്ചുനോക്കി വസ്തുതകൾ മനസ്സിലാക്കിക്കൊള്ളുകയാണു നന്നു്. എൻെറ ബലഹീനമായ ഈ അവസ്ഥയിൽ തന്നെ ആ ശക്തനെന്നഭിമാനിക്കുന്ന കുസൂമിനെ എന്നോടു യുദ്ധത്തിനു നിയോഗിക്കുക. ഞാൻ അവൻെറ കരത്തിൽ ധരിച്ചിരിക്കുന്ന വാൾ പിടിച്ചെടുക്കാത്തപക്ഷം അവനടിമയായിരിക്കാൻ തയാറാണ്.

ഈ അവസരത്തിൽ കുസൂമെന്നവൻ വലിയ പടനായകവേഷവും ധരിച്ച് സമീപത്തുതന്നെ ഒരിടത്തു നില്ക്കുന്നുണ്ടായിരുന്നു.

ബാദുഷ:—(കുസൂമിനെ നോക്കി) ബഹറാം പറഞ്ഞതിനെ നീ കേട്ടുകൊണ്ടല്ലേ നില്ക്കുന്നതു്. ഇതിനു നീ എന്തു സമാധാനം പറയുന്നു?

കുസൂം ലജ്ജാധിക്യത്താൽ തലതാഴ്ത്തി നിന്നുകളഞ്ഞതല്ലാതെ ഒരക്ഷരം ശബ്ദിച്ചില്ല.

ബാദുഷ:—(ബഹറാമിനോട്) നിനക്കു അമീറിനോടു ദ്വന്ദ്വയുദ്ധം ചെയ്യാമോ?

ബഹറാം:—അല്ലയോ ബാദുഷ! യുദ്ധം ചെയ്യുവാൻ കഴിയുകയില്ലെന്നു ഒരു ശരിയായ യുദ്ധവീരൻ ഒരിക്കലും പറഞ്ഞതായി കേട്ടിട്ടുകൂടി പോലുമില്ല. എത്ര അവശമായ തരുണത്തിലും ഒരു യഥാൎത്ഥയോദ്ധാവു യുദ്ധോദ്യുക്തൻ തന്നെ. അതിനാൽ ആരോടുവേണമെങ്കിലും യുദ്ധംചെയ്യുവാൻ ഞാൻ തയാറാണ്. അങ്ങയുടെ ആജ്ഞയുള്ള പക്ഷം അമീറിനോടും യുദ്ധം ചെയ്യാം.

അമീർ:—(ബാദുഷയെ നോക്കി) ബാദുഷ! ബഹറാമിൻെറ ശരീരസ്ഥിതി ഇപ്പോൾ യുദ്ധത്തിനനുകൂലമല്ല. അയാളുടെ പാരവശ്യത്തിനോ മനോമാന്ദ്യത്തിനോ ഇതേവരെ ശരിയായ ശമനം ഉണ്ടായിട്ടില്ല. അതിനാൽ ഇനി നാല്പതു ദിവസത്തോളം ഇയാൾക്കു വേണ്ട ഭക്ഷണപദാൎത്ഥങ്ങൾ കൊടുത്തു നല്ലതുപോലെ രക്ഷിച്ചശേഷം യുദ്ധം

നടത്തുന്നതാണു നല്ലതു്. അതല്ലാതെ ഇപ്പോൾ ഞങ്ങൾതമ്മിൽ മല്ലിടുന്നപക്ഷം അതുകൊണ്ടു യാതൊരു ഫലവുമുണ്ടാകാനില്ല.

ബാദുഷ:—അമീർ! നിങ്ങളുടെ അഭിപ്രായം നന്നുതന്നെ. ഞാനും അതിനോടു യോജിച്ചിരിക്കുന്നു. ബഹറാമിനെ നാല്പതു ദിവസത്തോളം നിങ്ങളോടുതന്നെ ഒന്നിച്ചു താമസിപ്പിച്ചു വേണ്ടവിധം സംരക്ഷിക്കുക. അനന്തരം നിങ്ങൾ രണ്ടുപേരുമായി എൻെറ സദസ്സിൽ എത്തി നിങ്ങളുടെ ബലാബലം അവിടെവച്ചു പരീക്ഷിക്കണം.

അമീർ ബഹറാമിനേയും കൂട്ടിച്ചുകൊണ്ടു തൻെറ കൂടാരത്തിലേക്കു പുറപ്പെട്ടു. വിശിഷ്ടങ്ങളായ ഭക്ഷണപദാർത്ഥങ്ങളുടേയും മററല്ലാസകരങ്ങളായ പെരുമാററത്തിൻെറയും ഫലമായി നാല്പതു ദിവസം കഴിഞ്ഞപ്പോഴേക്കും ബഹറാമിൻെറ ശരീരസ്ഥിതിക്കു സാരമായ മാററം നേരിട്ടു. അതോടുകൂടി അയാൾ തൻെറ സാക്ഷാൽ പേരിനർഹനായും ഭവിച്ചു. നാല്പത്തിഒന്നാമത്തെ ദിവസം ബാദുഷയുടെ ആജ്ഞയനുസരിച്ചു അമീർ ദ്വന്ദ്വയുദ്ധസന്നദ്ധനായി ബഹറാമൊന്നിച്ചുരാജസദസ്സിൽ എത്തി. അമീറുമായി ബലപരീക്ഷ നടത്തുവാൻ തയാറുതന്നെയോ എന്നു ബാദുഷ ബഹറാമിനോടു ചോദിച്ചു. അതേ എന്നു് അയാൾ സമാധാനം പറഞ്ഞുകേട്ടപ്പോൾ ബാദുഷ അത്യന്തം സന്തോഷിച്ചു രണ്ടുപേർക്കും മല്ലയുദ്ധത്തിന്നാജ്ഞ നൽകി. ഉടൻതന്നെ അമീറും ബഹറാമും പുലിത്തോലിനാൽ നിർമ്മിച്ചിട്ടുള്ള ഓരോ വിശേഷമാതിരി ലങ്കോട്ടി ധരിച്ചുകൊണ്ടു ബാദുഷയുടെ സദസ്സിൽ മല്ലയുദ്ധത്തിനു സന്നദ്ധരായി. ഏതാനും നിമിഷനേരത്തേക്കു ഭയങ്കരമായ സമരം രണ്ടുപേരും നടത്തി. അതിൽ ജയാപജയങ്ങൾ ആർക്കും സംഭവിച്ചില്ല. ഏവർക്കും സംഭ്രമം ജനിക്കുമാറുള്ള അവരുടെ ഗംഭീരമായ പയററുകളുടെ അവസാനമറിവാനുള്ള ഉൽക്കണ്ഠ കാണികളിൽ വർദ്ധിച്ചു. ഒന്നിനൊന്നു മെച്ചമായി പ്രത്യാദിച്ചുകണ്ട അവരുടെ കായശക്തിപ്പെരുമാററത്തിൽ ബദ്ധശ്രദ്ധനായിരുന്ന ബാദുഷ തന്നെയും ആശ്ചര്യപരതന്ത്രനായിത്തീൎന്നു. ഇങ്ങിനെ ഏതാനും നിമിഷങ്ങൾകൂടി കഴിഞ്ഞു. അപ്പോൾ അമീർ ഒരു വിജയഘോഷത്തോടു ബഹറാമിൻെറ അരക്കെട്ടിൽ മുറുകെ പിടിച്ചു അയാളെ തൂക്കി എടുത്തു തലയ്ക്കുമേൽ ഉയർത്തി അട്ടഹസിച്ചു. ഇതുകണ്ടു സദസ്യരെല്ലാം വിജയഘോഷങ്ങൾ മുഴക്കി. അമീർ ബഹറാമിനെ ഈ വിധത്തിൽ അരമണിക്കൂർ സമയത്തോളം തൻെറ കരങ്ങളിൽ ഉയർത്തിപ്പിടിച്ചു അങ്ങോട്ടുമിങ്ങോട്ടും ചാഞ്ചാടിച്ചുകൊണ്ടു് അവിടമെല്ലാം ചുററിനടന്നു. ഈ അവസരത്തിൽ ബഹറാം "അല്ലയോ ബലശാലിയായ അമീർ! ഞാൻ നിങ്ങളുടെ അടിമയായിത്തീൎന്നിരിക്കുന്നു. ദയചെയ്തു നിങ്ങൾ എന്നെ താഴ്ത്തിവിടുക" എന്നു അമീ

റിനോട്ട വളരെ ദയനീയമാം വിധം പറഞ്ഞു. ഒരു വലിയ ശക്തനെ ന്നഭിമാനിച്ചിരുന്ന ബഹറാമിനെക്കൊണ്ട് ഇത്രയും പറയിക്കണമെന്ന അമീറിനും ആശയുണ്ടായിരുന്നുള്ളു. പെട്ടെന്ന് അമീർ അയാളെ താഴ്ത്തി നിൎത്തി.

സന്തോഷഭരിതനായിത്തീൎന്ന ബാദുഷ ഉടൻതന്നെ പല വിലയേറിയ സമ്മാനങ്ങൾ ആ രണ്ടു യുദ്ധവീരന്മാൎക്കും കൊടുത്ത ശേഷം അമീറിന്റെ അലോകസാധാരണമായ സാമൎത്ഥ്യത്തെ പ്രശംസിച്ചു വളരെ സംസാരിച്ചു. അതിനുശേഷം അമീർ വളരെ വിനയത്തോടുകൂടി ബാദുഷയെ വന്ദിച്ച് ബഹറാമിനോടിങ്ങിനെ ചോദിച്ചു. അല്ലയോ ബഹറാം! ഇനി നിങ്ങൾക്ക ഈ പൂജ്യനായ ബാദുഷയുടെ സദസ്സിൽ ഒരംഗമായി ഇരുന്നുകൂടെ?” അതിന്നു ബഹറാമിന്റെ സമാധാനം ഇങ്ങിനെയായിരുന്നു. “പ്രഭോ! ഞാൻ ഈ ലോകത്തിൽ അങ്ങേക്കല്ലാതെ മററാൎക്കും ഒരിക്കലും കീഴ്പെട്ടിരിക്കുന്നതല്ല. ഞാൻ അങ്ങയുടെ അടിമയാണ്. അതിനാൽ അങ്ങയുടെ അടിമത്വത്തെ മാത്രമെ ഞാൻ അഭിലാഷിക്കുന്നുള്ളു”.

ബാദുഷ:—(അമീറിനോട്ട്) “അല്ലയോ അമീർ! ബഹറാം നിങ്ങളോടൊന്നിച്ചു തന്നെ വസിച്ചുകൊള്ളട്ടെ. എന്നോടൊന്നിച്ചുള്ളതിനു സമം തന്നെയാണതു്?”. എന്നു പറഞ്ഞു രണ്ടുപേൎക്കും വീണ്ടും അത്യധികം വിലയുയൎന്ന സമ്മാനങ്ങൾ നല്കി.

അധികം താമസിയാതെ, അമീർ ബഹറാമിനെ കൂട്ടിച്ചുകൊണ്ടു തന്റെ കൂടാരത്തിലേക്ക തിരിച്ചു. അവിടെ അദ്ദേഹം ബഹറാമിനു പ്രത്യേകം ഒരു കൂടാരം തയാറാക്കിച്ചു കൊടുത്തതിന്നു പുറമെ, നാല്പതു കുതിരകൾ, എഴുപതിൽപരം ഒട്ടകങ്ങൾ, അതിന്നു വേണ്ട ഉപകരണങ്ങൾ, ആറാളം കഴുതകൾ, വേണ്ടിടത്തോളം യുദ്ധോപകരണങ്ങൾ, ആൾക്കാർ എന്നിവയും കൊടുത്തു. അനന്തരം, അമീർ താൻ മെക്കാപട്ടണംവിട്ടു പുറപ്പെട്ടതിനുശേഷം നാളതുവരെയുണ്ടായ എല്ലാ സംഭവങ്ങളും വിശദമായി എഴുതി തന്റെ പിതാവായ അബ്ദൽമുത്തലിബിനു കൊടുക്കുന്നതിലേക്കായി ഉമർവശം കൊടുത്തയച്ചു.

അമീറിന്റെ പേരും പ്രതാപവും ഈ വിധം ഓരോ ദിവസം കഴിയുന്തോറും വൎദ്ധിച്ചുവരുന്നതു കണ്ടതോടുകൂടി ദുഷ്ടനായ ബഹ്ത്തക്കിനും കൂട്ടുകാൎക്കും ദ്വേഷ്യവും വൈരാഗ്യവും സഹിക്കവയ്യാതായിത്തീൎന്നു. ഏതു വിധത്തിലെങ്കിലും ഈ ബലശാലിയായ അമീറിനെ നശിപ്പിക്കാതെ ഗത്യന്തരമില്ലെന്നു തീൎച്ചയാക്കി അവർ അതിലേക്ക വേണ്ട കൂടിയാലോചനകൾ കഴിച്ചുകൊണ്ടു കുസ്തമിന്റെ സമീപത്തിൽ എത്തി. ഇവരെക്കാളും അമീറിന്റെ പേരിൽ അളവററ വൈരാഗ്യമുള്ളവനാണല്ലൊ കുസ്തം. ബഹ്ത്തക്കും സംഘവുംകൂടി കുസ്തമിനെ ചെന്നുകണ്ടു കണ്ണൎ

മീർ തുകിക്കൊണ്ടു പറയുവാൻ തുടങ്ങി. "പ്രഭോ! ആ അറബിയായ അമീർ നിമിത്തം ലജ്ജാധീനരായി ഞങ്ങളെല്ലാം തലകുനിക്കേണ്ടിവന്നു. നമ്മെയെല്ലാം പരാജിതന്മാക്കിത്തീൎത്തു പെരുമ നടിക്കുന്ന അവനെ നാം നമ്മുടെ നാട്ടിൽ ഇങ്ങിനെ വെച്ചുകൊണ്ടിരുന്നാൽ ഓരോ ദിവസം കഴിയുന്തോറും നമുക്കനൎത്ഥങ്ങളും അപകടങ്ങളും വൎദ്ധിച്ചുകൊണ്ടിരിക്കുകയേ ഉള്ളു. മാത്രമല്ല, ലോകം മുഴുവൻ നമ്മെ ഇക്കാൎയ്യത്തിൽ പഴിക്കുകയും ചെയ്യും. അതുകൊണ്ട് എത്രയും വേഗത്തിൽ ആ അമീറിനെ ഏതു വിധത്തിലെങ്കിലും നശിപ്പിക്കണം. അല്ലാത്തപക്ഷം ഞങ്ങൾ ഈ നാടു വിട്ടു എവിടെയെങ്കിലും പോകുകയേ നിവൃത്തിയുള്ളു. ഓരോ ദിവസം കഴിയുന്തോറും ബാദുഷയുടെ പ്രീതി അയാളിൽ അധികരിച്ചാണു വരുന്നതും. അതാണു അവന്റെ അഹങ്കാരത്തെ കൂടുതലായി വൎദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നതു. അവന്റെ ആഗമനം മുതൽ ബാദുഷയ്ക്കു നമ്മുടെ ആളുകളിൽ ലേശമെങ്കിലും ശ്രദ്ധ പതിഞ്ഞു കാണുന്നില്ല.

കുസ്തം:—നിങ്ങൾ പറയുന്നതെല്ലാം പരമാൎത്ഥം തന്നെ. എന്നാൽ ആ അമീറിനെ ജയിക്കുവാൻ ഇന്നാട്ടിലോ മറുനാട്ടുകളിലോ ആരുമുണ്ടെന്നു സ്വപ്നത്തിലും കരുതിപ്പോകേണ്ട. അതുകൊണ്ടു ബലം പ്രയോഗിച്ചു അവനെ അകററാനൊ നശിപ്പിക്കുവാനോ നാം ഉത്സാഹിച്ചാൽ കാൎയ്യം നടപ്പുണ്ടാകയില്ല. എന്റെ ആലോചനയിൽ ഒരേകമാൎഗ്ഗമെ കാണുന്നുള്ളു. അതായതു് അവനോടു കൂടുതൽ സ്നേഹബഹുമാനാദികൾ നടിച്ചു് നല്ലതുപോലെ അടുക്കണം. അങ്ങിനെ നാലഞ്ചു ദിവസം കഴിയുമ്പോൾ ഏതെങ്കിലും സൌകൎയ്യം ലഭിക്കും. ആ ലാക്കു നോക്കി അവനെ കൊല ചെയ്യണം. ആ ഭാരം ഞാനേററു. നിങ്ങളാരും ഇനി അതേപ്പററി ചിന്തിച്ചു ദുഃഖിക്കേണ്ടതില്ല.

എന്നു പറഞ്ഞു കുസ്തം അവരെയെല്ലാം യാത്രയാക്കിയശേഷം വല്ല വിധത്തിലും അന്നു രാത്രി കഴിച്ചുകൂട്ടി. പിറേറ ദിവസം നേരം പ്രഭാതമായ ഉടൻ തന്നെ അയാൾ തന്റെ കുതിരപ്പുറത്തു കയറി നേരെ അമീറിന്റെ കൂടാരത്തിലേക്കു തിരിച്ചു. ദുഷ്ടവിചാരങ്ങൾ യാതൊന്നുമില്ലാതിരുന്നതിനാൽ കുസ്തമിന്റെ ആഗമനത്തിൽ അമീർ വളരെ സന്തോഷം പ്രദൎശിപ്പിച്ചു. കുസ്തം അമീറിനെ വളരെ വിനയപ്രകടനങ്ങളോടുകൂടി അഭിവന്ദിച്ചു ഒരുഭാഗത്തേയ്ക്കൊഴിഞ്ഞുനിന്നു. ഉടനെ അമീർ അയാളെ യഥായോഗ്യം സ്വീകരിച്ചു് തന്റെ സമീപത്തായിത്തന്നെ ഒരാസനത്തിൽ ഇരുത്തി കുശലപ്രശ്നങ്ങൾക്കു ഭാവിച്ചു. കുസ്തം തന്റെ ഓരോ വാക്കുകളും അമീറിനു തന്നിൽ വിശ്വാസവും സ്നേഹവും ജനിക്കുന്നതിലേക്കു പൎയ്യാപ്തമായിത്തീരണമെന്നു കരുതിതന്നെ പ്രയോഗിച്ചു. കുറെ നേരം കഴിഞ്ഞു

രണ്ടുപേരുമായി ബാദുഷയുടെ സദസ്സിലേക്കു പുറപ്പെട്ടു. അവിടെ എത്തി കുറെ നേരത്തോളം കഴിഞ്ഞശേഷം അമീർ തൻെറ കൂടാരത്തിലേക്കായി മടങ്ങി പോകുന്നതിലേക്കായി എഴുന്നേററു പുറത്തിറങ്ങി. കുസുമും അദ്ദേഹത്തോടൊന്നിച്ചു തന്നെ പുറപ്പെട്ടു പലേ സന്തോഷവൎത്തമാനങ്ങളും പറഞ്ഞു കൂടാരംവരെ അമീറിനെ അനുഗമിച്ചു മടങ്ങി. അന്നു തുടങ്ങി എല്ലാ ദിവസവും കുസും കാലത്തും വൈകുന്നേരവും പതിവായി അമീറിനെ ചെന്നു കണ്ടു വന്നു. കുസുമിൻെറ ഉപചാരക്രമങ്ങളും അയാളുടെ വിനയപ്രകടനങ്ങളും എല്ലാംകൂടി കണ്ടപ്പോൾ അയാളുടെ പേരിൽ അമീറിനു അളവററ വിശ്വാസവും സ്നേഹവും ജനിച്ചതിൽ അത്ഭുതപ്പെടുവാനില്ലല്ലോ.

ഇങ്ങിനെയിരിക്കെ ഒരു ദിവസം കുസും അമീറിനോടിങ്ങിനെ പറഞ്ഞു. "അല്ലയോ പൂജ്യനായ അമീർ! നാം തമ്മിലുള്ള മൈത്രിയെ പററിയും അന്യോന്യവിശ്വാസത്തെക്കുറിച്ചും പറയടിച്ചറിയിച്ചാലത്തെപോലെ ഈ മദായിൻ പട്ടണനിവാസികൾ ആകമാനം അറിഞ്ഞു കഴിഞ്ഞിരിക്കുന്നു. കാൎയ്യം ഏററക്കുറെ പരമാൎത്ഥവുമാണല്ലോ. നാം തമ്മിൽ ഇത്ര സ്നേഹമായിരിക്കുന്ന സ്ഥിതിക്കു നിങ്ങൾക്കു ഒരു ചെറിയ വിരുന്നുസല്ക്കാരമെങ്കിലും തരാതിരിക്കുന്നതിൽ എനിക്കു വളരെ സങ്കടമുണ്ടു്. അതിനാൽ അങ്ങു് എൻെറ ഉദ്യാനംവരെ ഒന്നു വരണമെന്നും അങ്ങയുടെ പാദസ്പൎശത്താൽ അവിടം പവിത്രമാക്കുന്നതിനും പുറമേ എൻെറ എളിയ സല്ക്കാരങ്ങൾ സ്വീകരിച്ചു പിരിയണമെന്നും ഞാൻ അപേക്ഷിക്കുന്നു." അമീർ അങ്ങിനെതന്നെ എന്നു സമ്മതിച്ചു.

ഒന്നിടവിട്ടുള്ള ആഴ്ചകളിൽ മാത്രമേ ബാദുഷ തൻെറ ഡർബാർ കൂടാറ പതിവുണ്ടായിരുന്നുള്ളു ഒരാഴ്ച ഡർബാറിൽ സന്ധിച്ചാൽ അടുത്ത യാഴ്ചയിൽ അരമനയിൽ സ്ത്രീകൾ നടത്തുന്ന നൃത്യാദികൾകണ്ടു സന്തോഷിക്കുക എന്നുള്ളതാണു് അദ്ദേഹത്തിൻെറ നിശ്ചയം. ആ ആഴ്ചയിൽ അമീറിനു രാജസദസ്സിൽ പോകേണ്ടതുമില്ലായിരുന്നു. കുസും അമീറിനെ ക്ഷണിച്ചതു് ബാദുഷയുടെ അരമനവിനോദസന്ദൎഭത്തിലായിരുന്നതിനാൽ ഉടൻതന്നെ പുറപ്പെട്ടുകളയാമെന്നു തീൎച്ചയാക്കി കൂട്ടുകാരായ ബഹറാം മക്ബൂൽ എന്നിവരോടുകൂടി കുസുമിൻെറ ഉദ്യാനസദനത്തിലേക്കു പുറപ്പെട്ടു. അവിടെ മുൻകൂട്ടിത്തന്നെ അമീറിനെയും കൂട്ടുകാരേയും സ്വീകരിച്ചിരുത്തുന്നതിലേക്കായി വേണ്ട ഏൎപ്പാടുകൾ ചെയ്തിട്ടുണ്ടായിരുന്നു. കൂടാതെ അവിടമെല്ലാം അത്യന്തം മനോമോഹനമായി അലങ്കരിച്ചിട്ടുമുണ്ടായിരുന്നു. ഇതെല്ലാം കണ്ടപ്പോൾ അമീറിനും കൂട്ടുകാൎക്കും വളരെ സന്തോഷമുണ്ടായി എന്നു മാത്രമല്ല കുസുമിൻെറ പേരിൽ നിഷ്കളങ്കമായ സ്നേഹ

ബഹുമാനാദികളും അങ്കുരിച്ചു. തൽഫലമായി അദ്ദേഹം കസ്സുമിനെ വളരെ പ്രശംസിച്ചു.

അമീറിനെയും കൂട്ടുകാരേയും യഥാസ്ഥാനങ്ങളിൽ സ്വീകരിച്ചിരുത്തിയശേഷം കസ്സും അവൎക്കു വളരെ വിശേഷപ്പെട്ട ഭക്ഷണപദാൎത്ഥങ്ങൾ വിശാലങ്ങളായ സ്വൎണ്ണപാത്രങ്ങളിൽ നിറച്ചു ഓരോരുത്തരുടേയും മുൻപിൽ കൊണ്ടുചെന്നുവച്ചു. എല്ലാവരും അവ എടുത്തു ഭക്ഷിച്ചുതുടങ്ങി. ഇതിനകം രസകരങ്ങളും സ്വാദിഷ്ടങ്ങളുമായ സൎബ്ബത്തുകളും പ്രത്യേകം പ്രത്യേകം പാത്രങ്ങളിൽ കുടിക്കുവാനായി പരിചാരകന്മാർ അവരുടെ മുൻപിൽ കൊണ്ടുവന്നു നിരത്തി. ഈ അവസരത്തിൽ കസ്സുമാകട്ടെ വലിയ ജോലിത്തിരക്കുള്ളതുപോലെ അഭിനയിച്ചുകൊണ്ടു അങ്ങിങ്ങു ചുററിത്തിരിയുകയായിരുന്നു. എങ്കിലും താൻ ഭക്ഷണപദാൎത്ഥങ്ങളിൽ കലൎത്തിയിരുന്ന മയക്കുമരുന്നുകൾ ഫലിച്ചുവോ എന്നറിയുന്നതിലേക്കായി അവൻ കൂടക്കൂടെ അമീറിനേയും കൂട്ടുകാരേയും പിൻതിരിഞ്ഞു സൂക്ഷിക്കുന്നുമുണ്ടായിരുന്നു. അമീറിനെ തന്ത്രത്തിൽ ചതിക്കണമെന്നുള്ള കരുതലോടുകൂടിയായിരുന്നുവല്ലോ കസ്സും അദ്ദേഹത്തെ ഇവിടേക്കു ക്ഷണിച്ചതു്. അതിനാൽ അയാൾ മുൻകൂട്ടിത്തന്നെ തന്റെ ഉദ്യാനത്തിൽ ഒരിടത്തായി ആയുധപാണികളായ ഏതാനും യുദ്ധവീരന്മാരെ തയാർ ചെയ്തു് ഒളിച്ചിരുത്തിയിട്ടുണ്ടായിരുന്നു. താൻ അടയാളശബ്ദം പുറപ്പെടുവിക്കുമ്പോൾ ഓടിഎത്തി അശേഷം ഭയസങ്കോചമോ ബാദുഷയേയും ബുസർജംഹറിനേയും കുറിച്ചുള്ള ചിന്തയോ കൂടാതെ അമീറിനേയും കൂട്ടുകാരേയും വെട്ടിക്കൊന്നുകളയണമെന്നായിരുന്നു കസ്സും അവരോടാജ്ഞാപിച്ചിരുന്നതു്. അമീർ കൂട്ടർ ഭക്ഷണാദികൾകഴിഞ്ഞു് ഓരോന്നു സംസാരിച്ചുകൊണ്ടിരുന്നു കസ്സും ഇവൎക്കു മയക്കം ഭവിക്കുന്നതെപ്പോഴാണെന്നു സൂക്ഷിച്ചുകൊണ്ടും നിന്നു. സമയം ഏകദേശം അൎദ്ധരാത്രിയോളമായി. അപ്പോൾ അമീറിനു ലഹരി കൊണ്ടു. അദ്ദേഹത്തോടൊപ്പംതന്നെ കൂട്ടുകാൎക്കും ദിക്ഭ്രാന്തി നേരിട്ടു. വസ്തുതയറിഞ്ഞ കസ്സും ഇതുതന്നെ ശരിയായ അവസരമെന്നു കരുതി ഗൃഹത്തിനുമുൻഭാഗത്തിറങ്ങിനിന്നു. അടയാളശബ്ദം പുറപ്പെടുവിച്ചു. ശബ്ദം കേട്ടമാത്രയിൽ ഉദ്യാനത്തിൽ കാത്തുനിന്നിരുന്ന ആയുധപാണികളായ നാന്നൂറാളം ഭടന്മാർ ഓടിഎത്തി കസ്സുമൊന്നിച്ചു അമീർ മോഹാലസ്യപ്പെട്ടുകിടക്കുന്ന സ്ഥലത്തു വന്നുചേൎന്നു. ഭടന്മാർ ഊരിയ വാളുകളോടുകൂടി അമീർ, ബഹറാം, മക്ബൂൽ എന്നീ മൂവരേയും ചുററിവളഞ്ഞു. ഉടനെ കസ്സും മുന്നോട്ടുകടന്നു അമീറിനോടേററവും സമീപിച്ചു് അദ്ദേഹത്തെ നല്ലതുപോലെ സൂക്ഷിച്ചുനോക്കി "എടാ ദുഷ്ടനായ അറബി! നീ ഈ മദായിൻ പട്ടണത്തിൽ വന്നു വലിയ പെരുമയും പ്രതാപവും ഭാവിച്ചു ഞെളിയാറായി അല്ലേ? നിന്റെ എല്ലാവക വിജയവും ഇതാ എന്നെന്നേക്കു

മായി തുലയുവാൻ പോകുന്നു് എന്നു പറഞ്ഞു് കൈയിലിരുന്ന വാൾ വീശി അദ്ദേഹത്തിന്റെ കഴുത്തിനെ ലക്ഷ്യമാക്കി ഒരു വെട്ടുവെട്ടി. എന്നാൽ ഈ അവസരത്തിൽ ബഹറാമാകട്ടെ അവശനെങ്കിലും സാമാന്യം സ്മരണയോടുകൂടി കിടക്കുകയായിരുന്നു. അയാൾ വലിയ ആലസ്യം ഭാവിച്ചു കിടന്നിരുന്നതിനാൽ കുസുമിനു യാതൊരു സംശയവും ഉണ്ടായില്ല. കുസുമിന്റെ വെട്ടു അമീറിൽ പെട്ടുംമുൻപെതന്നെ സമർത്ഥനായ ബഹറാം തന്റെ ശരീരത്താൽ അതിനെ തടഞ്ഞു. തന്നിമിത്തം വെട്ടു് അയാളുടെ മുതുകിലേല്ക്കുകയും വലുതായ മുറിവു സംഭവിക്കുകയും ചെയ്തു. മുതുകെല്ലുകൾ നിശ്ശേഷം അററു അതുവഴിക്കു കുടൽമാല വെളിക്കുചാടി. ഈ തക്കത്തിൽ മക്ബൂൽ ചാടിഎണീററതും അസ്ത്രപ്രയോഗമാരംഭിച്ചതും ഒന്നിച്ചുകഴിഞ്ഞു. ക്ഷണനേരത്തിനുള്ളിൽ കുസുമിന്റെ ആയുധപാണികളായി നിന്നിരുന്ന വീരന്മാരിൽ മുക്കാൽ ഭാഗവും മൃതപ്രായരായി നിലം പതിച്ചു. കുസും ഇതുകണ്ടു വിരണ്ടു വിറച്ചുതുടങ്ങി. അവിടെ നിന്നാൽ കാര്യം കണക്കല്ലെന്നും അയാൾക്കറിയാമായിരുന്നു. എന്നാൽ താൻ വെട്ടിയവെട്ടു അമീറിനുതന്നെയാണു ഫലിച്ചതെന്നും അദ്ദേഹം അതോടെ മരിച്ചുവെന്നുമാണു കുസും വിശ്വസിച്ചതു്. ഇനി എങ്ങിനെയെങ്കിലും ഇവിടെ നിന്നും ജീവിനുംകൊണ്ടു കടക്കുകയാണുത്തമമെന്നു കരുതി അയാൾ ബാക്കിയുണ്ടായിരുന്ന ആളുകളോടൊന്നിച്ചു് എവിടെയോ ഓടി ഒളിച്ചുകളഞ്ഞു.

ഏതാനും നിമിഷങ്ങൾക്കുശേഷം അമീർ മൂർച്ഛയിൽനിന്നും എഴുനേററു. അദ്ദേഹം കണ്ണുതുറന്നു ചുററപാടും നോക്കിയപ്പോൾ കണ്ട കാഴ്ച അത്യന്തം വിസ്മയാവഹമായിരുന്നു. കുറച്ചു മുൻപു നയനമനോഹരമായി പരിലസിച്ചിരുന്ന ആ സ്ഥലം ഇപ്പോൾ ഒരു പടക്കളത്തിനൊപ്പം രൂപം മാറിക്കാണുകയും ബഹറാം മൃതപ്രായനായിത്തീരുകയും ചെയ്തു കണ്ടപ്പോൾതന്നെ വസ്തുതയറിയാതെ അദ്ദേഹത്തിന്റെ ബുദ്ധി പതറിത്തുടങ്ങി. അദ്ദേഹം മക്ബൂലിനെ അടുത്തു വിളിച്ചു വിവരങ്ങൾ ചോദിച്ചു. അയാൾ തനിക്കറിവുണ്ടായിടത്തോളമുള്ള വസ്തുതകൾ അമീറിനെ ധരിപ്പിച്ചു. തന്റെ ജീവരക്ഷക്കുവേണ്ടി സ്വയം മരണസന്നദ്ധനായിത്തീർന്ന ബഹറാമിന്റെ ദയനീയവസ്ഥകണ്ടു അമീറിനു സങ്കടം സഹിക്കവഹിയാതെയായി. അദ്ദേഹം പെട്ടെന്നു തന്നാലാകുന്ന ശുശ്രൂഷകൾ ചെയ്വാൻ തുടങ്ങി.

കുസും അമീറിനെ വിരുന്നിനു ക്ഷണിച്ചു കൊലപ്പെടുത്തിയശേഷം എവിടെയോ ഓടി ഒളിച്ചിരിക്കുന്നു എന്ന വർത്തമാനം ക്ഷണനേരത്തിനുള്ളിൽ മദായിൻപട്ടണം മുഴുവൻ പരന്നു. ഈ വസ്തുതയറിഞ്ഞ മാത്രയിൽ ബാദുഷക്കുണ്ടായ ഖേദത്തിനും പരിഭ്രമത്തിനും അതിരില്ലായിരുന്നു. ഉടൻ തന്നെ അദ്ദേഹം തന്റെ പുത്രനേയും ബുസർജംഹർ ബഹ്ത്തക് എന്നി

വരേയും വിളിച്ച അമീറിൻെറ സ്ഥിതിഗതികളെപററി സൂക്ഷ്മമായി അറിഞ്ഞു വരുന്നതിനു നിയോഗിച്ചു. അനന്തരം ആ കുടിലനായ കസ്സൂമിനെ എവിടെ ചെന്നെങ്കിലും കണ്ടുപിടിച്ചു കൊണ്ടുവരണമെന്നേപ്പാടു ചെയ്തു അനേകായിരം അശ്വഭടന്മാരെ തൻെറ സൈന്യനായകനായിരുന്ന അലക്മാസത്താറിൻെറ നേതൃത്വത്തിൽ പട്ടണത്തിൻെറ നാനാ ഭാഗങ്ങളിലേക്കുമയച്ചു. അവനെ കണ്ടുകിട്ടിയാൽ സത്താറിനു യുക്തമെന്നു തോന്നുന്ന ശിക്ഷ നൽകികൊള്ളുന്നതിനു ബാദുഷ സൈന്യനേതാവായ സത്താറിന്നാജ്ഞ കൊടുത്തു. ബാദുഷയുടെ ഈ ആജ്ഞ കസ്സൂമിനു് എങ്ങിനെയോ അറിവുകിട്ടി. അതിനാൽ അവൻ തൻെറ ജീവനിലുള്ള കൊതിയാൽ അഭയസ്ഥാനം നോക്കി ഓട്ടം തുടങ്ങി.

ബുസർജംഹറും കൂട്ടുകാരും ബാദുഷയുടെ ആജ്ഞയനുസരിച്ചു അമീറിനെ ആരാഞ്ഞു കസ്സൂമെന്നവൻെറ ബംഗ്ലാവിൽ എത്തി. അമീർ അവിടെ ജീവനോടുകൂടി സ്ഥിതിചെയ്യുന്നതു കണ്ടപ്പോൾ അവക്കു വലിയ സന്തോഷമായി. എന്നാൽ ബഹറാമിൻെറ ദയനീയസ്ഥിതിയിൽ അദ്ദേഹം ആർദ്രമനസ്സനായി ഒന്നും ചെയ്യാൻ ശക്തനല്ലാതെയും ഒരക്ഷരംപോലും ഉച്ചരിക്കുവാൻ നാവുപൊന്താതെയും അതേ നില്പിൽതന്നെ നിന്നുപോയി. ഇങ്ങിനെ ഏതാനും നിമിഷങ്ങളോളം കഴിഞ്ഞു. അപ്പോൾ അമീർ ബുസർജംഹറിനോടു് "പ്രഭോ! അങ്ങു മൌനം ദീക്ഷിച്ചുനില്ക്കുന്നതു് ഈ ഘട്ടത്തിലാണോ? കസ്സൂമിനാൽ വെട്ടേററു വിവശനായികിടക്കുന്ന ബഹറാമിനു വേണ്ട ശുശ്രൂഷകൾ ചെയ്തു് അയാളെ രക്ഷിക്കാത്തപക്ഷം വലുതായ അപകടങ്ങളെന്നു മാത്രമല്ല, പേരുദോഷവും നമുക്കുണ്ടാകുമെന്നതിൽ സംശയമില്ല. അതുകൊണ്ടു എത്രയും വേഗത്തിൽ ഇയാൾക്കു വേണ്ട ചികിത്സകൾ ചെയ്യിക്കണം" എന്നു പറഞ്ഞു. ബുസർജംഹർ ബഹറാമിൻെറ മുറിവുകളിൽ സൂക്ഷിച്ചുനോക്കി. എത്രതന്നെ ചികിത്സിച്ചാലും ഫലം കിട്ടുമോ എന്ന കാര്യത്തിൽ അദ്ദേഹത്തിനുതന്നെ വലിയ സംശയമായി. എങ്കിലും വേണ്ടതു ചെയ്യുകയോ ചെയ്യിക്കാതെയോ ഇരിക്കുന്നതു് അദ്ദേഹത്തിനു് ഒന്നുകൊണ്ടും ഉചിതമല്ലായിരുന്നു. ഇതിൽ താൻ എന്താണു ചെയ്യേണ്ടതെന്നു് അദ്ദേഹം ആലോചിച്ചുതുടങ്ങി. ഈ അവസരത്തിൽ അമീർ മെക്കയിലേക്കയച്ചിരുന്ന ഉമർ അവിടെ മടങ്ങി എത്തി പിതാവായ അബ്ദുൽമുത്തിലിബ്ബിൻെറ സുഖസ്ഥിതിവർത്തമാനങ്ങളെല്ലാം അമീറിനെ ഗ്രഹിപ്പിച്ചു.

മുറിവുപെട്ടു അവശനായി കിടക്കുന്ന ബഹറാമിനെ കണ്ടതോടുകൂടി ഉമറിനു സങ്കടവും കോപവും സഹിക്കവഹിയാതായിത്തീന്നു. അയാൾ അമീറിനെ അധിക്ഷേപിക്കുവാൻ തുടങ്ങി. "അല്ലയോ അമീർ! നിങ്ങളുടെ പ്രവൃത്തി വളരെ നന്നായിരിക്കുന്നു. ഈ വിധത്തിൽ ചതിക്കുവാൻ

വേണ്ടിയാകുന്നുവോ നിങ്ങൾ ഇയാളെ വലിയ സ്നേഹിതനായി ഭാവിച്ചു കൂടെ കൊണ്ടുനടന്നിരുന്നതു്? നിങ്ങളെപ്പോലെയുള്ള യുദ്ധവീരന്മാർ ഈ കട്ടുംകൈ ചെയ്യുവാൻ പ്രതിയോഗിക്കവസരം നൽകുന്നതു് ഒരിക്കലും നന്നല്ല". എന്നിങ്ങിനെ ഉമർ പറഞ്ഞപ്പോൾ അമീർ "അല്ലയോ ഉമർ! സന്ദർഭമറിയാതെ സംസാരിക്കുന്നതു് വലിയ കഷ്ടമാണ്. ഏതു വിധത്തിലാണ് ഇയാളെ സുഖപ്പെടുത്തേണ്ടതെന്നാലോചിക്കുവാനുള്ള സമയമാണിതു്. ബുദ്ധിമോശത്താൽ ഇങ്ങിനെ ഒരപകടം പിണഞ്ഞുപോയി. അതുകൊണ്ടു് ഇയാളെ രക്ഷപ്പെടുത്തുവാനുള്ള വഴി എന്താണെന്നു നീ നല്ലതുപോലെ ചിന്തിക്കുക" എന്നു മറുപടി പറഞ്ഞു.

ഉമർ ഏതാനും നിമിഷം എന്തോ ആലോചിക്കുന്ന ഭാവത്തിൽനിന്നശേഷം ബുസർജംഹറിനോടായിട്ടു പറഞ്ഞു. "പ്രഭോ! ഇക്കാര്യത്തിൽ അതുമിതുമാലോചിച്ചു സമയം പാഴിൽ കളയേണ്ട ആവശ്യമില്ലല്ലോ. അങ്ങു് ഒരു മഹാ വൈദ്യനല്ലേ. ആ സ്ഥിതിക്കു മറ്റൊരാളെ എന്തിനു തേടുന്നു. അങ്ങുതന്നെ ഇയാളെ രക്ഷപ്പെടുത്തുന്നതിലേക്കായി ഉടനടി എന്തെങ്കിലും പ്രവൃത്തിക്കണം".

ബുസർ:—ഉമർ! ഞാൻ അതേപററി തന്നെ ആലോചിച്ചുകൊണ്ടു നില്ക്കുകയാണ്. ഇയാൾക്കു പററീട്ടുള്ള മുറിവു വലിയ ഭയങ്കരമായിരിക്കുന്നു. കുടൽമാലകൾ വെളിയിൽ ചാടിയിരിക്കുന്നതു കാണുന്നില്ലേ. ഈ കുടലിൽ കരസ്പർശം ചെയ്യുവാൻ പാടില്ല. തൊട്ടുപോയെങ്കിൽ ഇയാൾ ആ നിമിഷത്തിൽ മരിച്ചുപോകും. കുടൽമാല എങ്ങിനെയെങ്കിലും അകത്താക്കിയ ശേഷമല്ലാതെ ചികിത്സക്കും മാർഗ്ഗമില്ല.

ഉമർ:—അങ്ങു ഒരു പേരുകേട്ട വൈദ്യനും വിശേഷിച്ച് എൻെറ ഒരു ഗുരുനാഥനുമാണല്ലോ. എങ്കിലും അങ്ങേക്കു ഈ വിഷയത്തിൽ അത്ര പഴക്കം പോരാ. ചിലേക്കു ചില സംഗതികളിൽ പ്രത്യേക വാസനയുണ്ടു്. അതുകൊണ്ടാണു ഞാൻ ഇത്രയും പറഞ്ഞതു്. ഞാനതൊന്നു പ്രയോഗിക്കാം. അങ്ങു നോക്കിക്കൊള്ളുക.

എന്നു പറഞ്ഞു് ഉമർ തൻെറ കുപ്പായക്കീശയിൽനിന്നും ഒരു മൂർച്ചയുള്ള കത്തി കൈയിലെടുത്തു നിവത്തു കൈയിൽ വച്ചുകൊണ്ടു ബഹറാമിനെ തൻെറ രണ്ടു കാലുകൾക്കു മിടയിലാക്കി ആ കുടൽമാലയ്ക്കു നേരെ കത്തി നീട്ടി. ഇതുകണ്ടു ഉമർ എന്താണു ചെയ്യാൻ പോകുന്നതെന്നറിയാതെ ബുസർജംഹർ വല്ലാതെ അമ്പരന്നു. 'അയ്യോ! ഉമർ! നീ എന്താണു ചെയ്യാനൊരുങ്ങുന്നതു്? എന്തുതന്നെയായാലും അതിനെ ആദ്യമേ പറഞ്ഞിട്ടു ചെയ്യുക' എന്നു അദ്ദേഹം ഉമറിനോടു പറഞ്ഞു.

ഉമർ:—ഗുരോ! എന്തു ചെയ്യാനാണു പോകുന്നതെന്നു ഇനി ഞാൻ വിശേഷിച്ചു പറയണമെന്നുണ്ടോ? ഇതിൽ എന്താലോചിക്കുവാനിരിക്കുന്നു. വളരെ നിസ്സാരമായ ഒരു കേസ്സാണിതു്. വെളിൽ തള്ളികിടക്കുന്ന ഈ കുടൽമാല കത്തികൊണ്ടു അറുത്തു മാററിക്കളയാനാണു് എൻെറ ഒരുക്കം. കുടൽ അറുത്തുകളയുന്നതോടുകൂടി ഇയാളുടെ ശരീരം ശുദ്ധമാകും. അപ്പോൾ അങ്ങേക്കു സ്വാതന്ത്ര്യമായി വേണ്ട ചികിത്സകൾ ചെയ്യാമല്ലോ.

ബുസർ:—അയ്യയ്യോ, ഉമർ! എന്തൊരാലോചനയാണിതു്? ഈ സാധുവായ ബഹറാം നിണക്കു യാതൊരു ദോഷവും ചെയ്തിട്ടില്ലല്ലോ. പിന്നെയെന്തിനാണു് ഇയാളെ നീ ഇങ്ങിനെ കൊല്ലുവാനൊരുങ്ങുന്നതു്. മതി, മതി. നിൻെറ വൈദ്യമുറകളൊക്കെ നിൽത്തി ദൂരത്തേക്കു മാറിയാൽ മാത്രം മതി. നീ ശസ്ത്രക്രിയയിൽ വലിയ മിടുക്കനാണെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ, ഇപ്പോൾ ഒന്നും വേണ്ട ഈ സാധുവിനെ കൊലചെയ്യേണ്ട.

ബഹറാം ബുദ്ധിമന്ദിച്ചു കിടക്കുകയായിരുന്നുവെങ്കിലും ഉമറിൻെറ വാക്കുകൾ അയാൾ വിശദമായി കേട്ടു. അതോടുകൂടി അയാൾക്കു ജീവനിലുള്ള അത്യാശയാൽ ഭീതിവർദ്ധിച്ചു തുടങ്ങി. 'ഹാ! ദൈവമേ! ഇനി എത്ര നിമിഷത്തോളമാണു് എൻെറ ജീവൻ നിലനില്ക്കുക. അങ്ങു കരുണാമയനല്ലേ. സാധുവായ എന്നിൽ അങ്ങേക്കിത്രദയയില്ലല്ലോ. ഞാൻ അനുഭവിക്കുന്ന ഈ ദുരിതങ്ങൾകൊണ്ടൊന്നും അങ്ങേക്കു തൃപ്തിവന്നില്ലേ! ഹാ! ജഗദീശാ!" എന്നിങ്ങിനെ തന്നത്താൻ പലതും ചിന്തിച്ചുകൊണ്ടു് ഒരു നെടുവീൎപ്പുവിട്ടു. ബഹറാം നെടുവീൎപ്പിട്ടതോടുകൂടി വെളിയിൽ തള്ളിക്കിടന്നിരുന്ന കുടൽമാല മുഴുവൻ ശ്വാസവേഗത്തിന്നധീനമായി അകത്തേക്കു വലിഞ്ഞു് യഥാസ്ഥാനങ്ങളിൽ ഉറച്ചു. ഉടൻതന്നെ സന്തോഷഭരിതനായി ത്തിന്ന ഉമർ 'പ്രിയഗുരോ! ഇനി എന്താണു താമസം. അങ്ങഭിപ്രായപ്പെട്ടതനുസരിച്ചു കുടൽ മുഴുവൻ ഇതാ വയററിന്നകത്താക്കിക്കഴിഞ്ഞു. അങ്ങേക്കു ചെയ്യേണ്ട ജോലികളെല്ലാം ഇനി വളരെ വേഗത്തിൽ ചെയ്തുകൊള്ളണം! എന്നു പറഞ്ഞു. ഉമറിൻെറ ബുദ്ധിപൂൎവ്വമായ ഈ പ്രവൃത്തി കണ്ടു ബുസർജംഹർ ആശ്ചൎയ്യപരതന്ത്രനായിത്തീൎന്നു.

അടുത്തമാത്രയിൽ ബുസർജംഹർ ബഹറാമിൻെറ മുറിവുകൾ വച്ചുകെട്ടുവാനും മററുവേണ്ട ചികിത്സകൾ ചെയ്യുവാനും തുടങ്ങി. അനന്തരം മുറിവുകൾ നിശ്ശേഷം ഉണങ്ങുന്നതുവരെ ബഹറാമിൻെറ കൈകാലുകൾ കെട്ടിയിടണമെന്നും ശരീരത്തിനുലച്ചിൽ തട്ടിയാൽ വ്രണങ്ങൾ ഭേദപ്പെടുകയില്ലെന്നു മാത്രമല്ല, അപകടമുണ്ടാകുമെന്നും ബുസർജംഹർ അമീറിനെ അറിയിച്ചു. താൻ ദിവസംപ്രതി രണ്ടുപ്രാവശ്യം വീതം വന്നു നോ

ക്കിക്കൊള്ളാമെന്നും ബഹറാമിനെ പ്രത്യേകം സൂക്ഷിച്ചു കൊള്ളണമെന്നും ഏർപ്പാടുചെയ്തശേഷം ബുസർജംഹർ തന്റെ കൂടെയുണ്ടായിരുന്നവരൊന്നിച്ചു ബാദുഷയുടെ കൊട്ടാരത്തിലേക്കുമടങ്ങി.

തന്റെ വിശ്വസ്തസ്നേഹിതനായ ബഹറാമിനു ഈ വിധത്തിൽ ഒരപകടം നേരിട്ടുവല്ലോ എന്നോർക്കുന്തോറും അമീറിനു സങ്കടം സഹിക്കവഹിയാതെയായിത്തീർന്നു. എന്തായാലും ഏതാനും ദിവസം വേണ്ടതരത്തിൽ അയാളെ ശുശ്രൂഷിച്ചുകൊണ്ടു കസൂമിന്റെ ആ ബംഗ്ലാവിൽതന്നെ താമസിക്കാമെന്നു് അദ്ദേഹം തീർച്ചയാക്കി. കൊട്ടാരത്തിൽ മടങ്ങി എത്തിയ ബുസർജംഹർ സകല വിശേഷങ്ങളും ബാദുഷയെ ഗ്രഹിപ്പിച്ചു. വസ്തുതകളറിഞ്ഞതോടുകൂടി അദ്ദേഹത്തിനും വളരെ വല്ലായ്മകൾ നേരിട്ടു. ഒരു പക്ഷെ അമീറിനു തന്റെ പേരിൽ വല്ല തെറ്റിദ്ധാരണകളും ഉണ്ടായേക്കുമോ എന്ന സംശയം അദ്ദേഹത്തിനു വളരെ കൂടുതലായിത്തീർന്നു. ബാദുഷ ബുസർജംഹറിനോടിങ്ങിനെ പറഞ്ഞു. "പ്രിയഗുരോ! അമീറിനു എന്റെ പേരിൽ വല്ല സംശയവും ഉണ്ടായി എന്നു വരാം. കസൂമിനെ ഈ കഠിന പ്രവൃത്തി ചെയ്യുവാൻ പ്രേരിപ്പിച്ചതു ഞാനായിരുന്നുവെന്നു് അമീർ ഒരുപക്ഷെ തെറ്റിദ്ധരിച്ചു എന്നും വരാം. പരമാർത്ഥം നമുക്കല്ലെ അറിഞ്ഞുകൂടൂ. ആ ദുഷ്ടനായ കസൂമിനെ എവിടെ കണ്ടാലും പിടിച്ചു കൊണ്ടുവരുവാൻ ഞാൻ പ്രത്യേകം പ്രത്യേകം ആളുകളെ നിയോഗിച്ചിട്ടുണ്ടെന്നുള്ള പരമാർത്ഥം അങ്ങേക്കറിയാമല്ലോ. അമീറിനെ അവിടെ താമസിപ്പിക്കുന്നതൊട്ടും നന്നല്ല. അതിനാൽ അദ്ദേഹത്തെ നമ്മുടെ രാജകീയോദ്യാനത്തിലുള്ള ബംഗ്ലാവിലേക്കു മാററിത്താമസിപ്പിക്കണം." ബാദുഷ ഏതാനും സമ്മാനങ്ങൾ അമീറിനു കൊടുക്കുന്നതിലേക്കായി ബുസർജംഹറിനെ ഏല്പിച്ചു താനും അമീറിനെ കാണുന്നതിലേക്കായി എത്രയും വേഗത്തിൽ അങ്ങോട്ടു പുറപ്പെടുന്നുണ്ടെന്നുള്ള വിവരം അദ്ദേഹത്തെ അറിയിക്കുന്നതിനും ഏർപ്പാടുചെയ്തു.

പിറേറദിവസം ബുസർജംഹർ ബഹറാമിനെ നോക്കുന്നതിനും അയാൾക്കു വേണ്ടമരുന്നുകൾ കൊടുക്കുന്നതിലേക്കുമായി അങ്ങോട്ടു പുറപ്പെട്ടു. അദ്ദേഹം ബഹറാമിനെ വേണ്ടതരത്തിൽ നോക്കിയശേഷം ബാദുഷയുടെ ആജ്ഞയെ അമീറിനെ അറിയിച്ചു. "അല്ലയോ അമീർ! നിങ്ങളുടെ ഈ ദുരവസ്ഥയിൽ ബാദുഷയ്ക്കുണ്ടായിട്ടുള്ള ഖേദത്തിനു കണക്കില്ല. ആ കൊലപാതകിയായ കസൂമിനെ കണ്ടുപിടിച്ചു കൊണ്ടുവരുന്നതിലേക്കായി അദ്ദേഹം അനേകായിരം ഭടന്മാരെ നാനാദേശങ്ങളിലേക്കും അയച്ചിട്ടുണ്ടു്. കൂടാതെ ഗൂഢചാരികളായ ഏതാനും പേരെയും അദ്ദേഹം പ്രത്യേകം പ്രത്യേകം നിയോഗിച്ചിരിക്കുന്നു. അവൻ എവിടെ പോയി ഒളിച്ചാലും എത്രയും വേഗത്തിൽ നമ്മുടെ പക്കൽ അകപ്പെടാതിരിക്ക

യില്ല. കൈയിൽ കിട്ടിയാലുടൻ അവനെ അനേക വിധത്തിലുള്ള കഷ്ടതകൾ അനുഭവിപ്പിച്ചു മാറ പിളൎന്നു പരസ്യമായി കൊല്ലണമെന്നാണ് അദ്ദേഹം ആജ്ഞാപിച്ചിരിക്കുന്നതു്. കൂടാതെ വേറൊരു സംഗതികൂടി അദ്ദേഹം നിങ്ങളെ അറിയിക്കുവാൻ ഏൎപ്പാടുചെയ്തിട്ടുണ്ടു്. അതായതു്, ഇവിടത്തെ നിങ്ങളുടെ വാസത്തിൽ അദ്ദേഹത്തിനൊട്ടുംതന്നെ തൃപ്തിയില്ല. നിങ്ങൾക്കു നേരിട്ടിട്ടുള്ള ദുഃഖങ്ങൾക്കു തെല്ലെങ്കിലും സമാധാനം ലഭിക്കണമെങ്കിൽ ഇവിടെനിന്നും മാറിത്താമസിക്കണമെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നതു്. അതിലേക്കു അദ്ദേഹത്തിൻെറ വിശ്രുതമായ ഉദ്യാനത്തിലുള്ള ബംഗ്ലാവാണ് നിശ്ചയിച്ചിരിക്കുന്നതു്. ഏതാനും ദിവസം നിങ്ങൾ അവിടെ താമസിക്കുന്നപക്ഷം നിങ്ങളുടെ മനസ്സിനു പ്രത്യേകമായ ഉന്മേഷവും സന്തോഷവും ഉണ്ടാകുന്നതിനും പുറമേ ശരീരാരോഗ്യവും വൎദ്ധിക്കുന്നതാണ്. എന്നാൽ അവിടത്തേക്കു കുസൃതിക്കാരും കുടിലചിത്തന്മാരുമായ ഉമറിനേയും ബഖ്തക്കിനേയുംമാത്രം കൊണ്ടുപോകയരുതെന്നും അവരുടെ മനഃസ്ഥിതി അത്രനന്നല്ലാത്തതിനാൽ അവിടേയും വല്ല അനൎത്ഥങ്ങൾക്കും ഇടയുണ്ടായേക്കാമെന്നുമാണ് അദ്ദേഹത്തിൻെറ അഭിപ്രായം. അവരിരുവരുമൊഴിച്ചു ബാക്കിയുള്ള എല്ലാവരേയും കൊണ്ടുപോയ്ക്കൊള്ളുക.”

അമീർ ഇതേപ്പററി കുറേനേരം ആലോചിച്ചശേഷം അങ്ങിനെതന്നെ എന്നു സമ്മതിച്ചു. അടുത്ത ദിവസം നൌഷർവാൻബാദുഷ തൻെറ ഉദ്യാനമന്ദിരത്തിൽ എത്തി അമീറിനെ സന്തോഷപ്രദമാംവിധം ഏതാനും ദിവസം അവിടെ താമസിപ്പിക്കുന്നതിനു വേണ്ട എല്ലാവക ഏൎപ്പാടുകളും അതിവേഗത്തിൽ ചെയ്യിച്ചു അനന്തരം അമീറിനെ അവിടത്തേക്കു കൂട്ടിച്ചുകൊണ്ടുവരുന്നതിലേക്കായി ഏതാനും പേരെ നിയോഗിക്കുകയും ചെയ്തു.

ബാദുഷയുടെ ആൾക്കാർ ചെന്നു വിവരം ഗ്രഹിപ്പിച്ച ഉടൻതന്നെ അമീർ യാത്ര പുറപ്പെടുവാൻ സന്നദ്ധനായി. മക്ബൂലിനേയും ആദിയേയും മാത്രമേ അദ്ദേഹം തന്നോടൊന്നിച്ചുകൊണ്ടു പോകുവാൻ തീൎച്ചയാക്കിയുള്ളു.

അധികം താമസിയാതെതന്നെ ബാദുഷയും കൂട്ടുകാരും രാജകീയോദ്യാനത്തിനു സമീപമെത്തി. ഉദ്ദേശം പതിനെട്ടു മൈലോളം വിസ്താരമുള്ളതും വിവിധങ്ങളായ ഫലവൃക്ഷങ്ങളാൽ നിബിഡീകൃതവും ഒട്ടുവളരെ പരിമളവാഹിനികളായ പുഷ്പജാലങ്ങളാൽ മനോമോഹനമായ ചെടിവൎഗ്ഗങ്ങളാൽ അലംകൃതവുമായിരുന്ന ആ രമ്യമായ ഉദ്യാനം ദൎശിച്ച മാത്രയിൽതന്നെ എന്തോ സ്വൎഗ്ഗീയമായ ഒരു പരമാനന്ദം അമീറിനുണ്ടായി. അമീർ തൻെറ സ്നേഹിതന്മാരുമായി സാവധാനത്തിൽ നടന്നു ബംഗ്ലാവിനുള്ളിലെത്തി. അവിടെ മുൻകൂട്ടിത്തന്നെ ബാദുഷ, അമീറിനെ സ്വീകരി

ച്ചിരുത്തുന്നതിലേക്കായി വേണ്ട ഒരുക്കങ്ങൾ ചെയ്യിട്ടുണ്ടായിരുന്നു. അമീറിനെ ദൂരത്തു കണ്ട ക്ഷണത്തിൽ ബാദുഷ സമീപം ഓടി എത്തി അദ്ദേഹത്തെ സ്വീകരിച്ചു കൊണ്ടുവന്നു് തന്റെ ഇരിപ്പിടത്തിനു വലതുഭാഗത്തായി പ്രത്യേകം തയാർ ചെയ്യിരുന്ന ആസനത്തിൽ ഇരുത്തി താനും ഇരുന്നു. അനന്തരം അമീറിന്റെ വലതുഭാഗത്തായി ബാദുഷയുടെ മൂത്ത പുത്രനും ഇടതുഭാഗത്ത് ബുസർജംഹർ, മക്ബൂൽ എന്നിവരും ഇരിപ്പുറപ്പിച്ചു. ഒട്ടുവളരെ ഉദ്യോഗസ്ഥന്മാരും ജനനേതാക്കന്മാരും അവിടെ കൂടിയിരുന്നു അവരും യഥാസ്ഥാനങ്ങളെ അഭയംപ്രാപിച്ചു. ആ നവീനസദസ്സിൽ എല്ലാവരും ഹാജരായി എന്നു കണ്ടപ്പോൾ സംഗീതസാമഗ്രികളോടുകൂടി ഏതാനും സ്ത്രീ-പുരുഷന്മാർ കുലന്നുവന്നു തങ്ങളുടെ സ്വാതസ്സിദ്ധമായ രാഗചാതുരിയാൽ രംഗസ്ഥിതരെ ആനന്ദപുളകാഞ്ചിതരാക്കിത്തിക്കുവാനുത്സാഹിച്ചു. ഏകദേശം സൂര്യാസ്തമയമാകുംവരെ ആ സംഗിത സദസ്സ് അത്യന്തം ഹൃദയാകർഷകമായി പ്രശോഭിച്ചു. അനന്തരം എല്ലാവരും ഭക്ഷണാദികൾ കഴിഞ്ഞു വീണ്ടും സദസ്സ് കൂടി. ചന്ദ്രികാപ്രകാശത്താൽ ജാജ്വല്യമാനമായി പ്രകാശിച്ച ആ മണിമന്ദിരത്തിലെ ആവാസം അമീറിനെ എത്ര കണ്ടു സന്തോഷഭരിതനാക്കിത്തീർത്തു എന്നു പറഞ്ഞറിയിക്കുക വിഷമം. ബാദുഷയുടെ കല്പനയനുസരിച്ചു രാത്രിയിലും പലേ വിനോദപ്രദർശനങ്ങളും അവിടെ നടത്തുകയുണ്ടായി.

ഇതിങ്ങിനെ നില്ക്കട്ടെ. ഇനി നമുക്കു ഉമറിന്റെ ഗതികളെപററി ആരായാം. അമീറിനെ വേർപിരിഞ്ഞു ഒരു നിമിഷംപോലും കഴിച്ചുകൂട്ടുന്ന കാര്യം ഉമറിനു സാദ്ധ്യമല്ലെന്നു പറയേണ്ടതില്ലല്ലോ. അമീർ തന്നെ കൂടാതെ പോയതു നിമിത്തം അയാൾക്കു സഹിക്കവഹിയാത്ത സങ്കടവും ദേഷ്യവും നേരിട്ടു. ആരുടെയെല്ലാം തടസ്സങ്ങൾ നേരിട്ടാലും രാജകീയോദ്യാനത്തിലെ രമ്യഹർമ്മ്യത്തിലേക്കൊന്നു പോകുകതന്നെ എന്നു് ഉമർ തീർച്ചയാക്കി അമീർ പോയതിന്റെ അടുത്ത ദിവസം പുറപ്പെട്ടു. ഏകനായിട്ടാണു് ഉമർ തിരിച്ചതു്. അയാൾ ഉദ്യാനവാതുക്കൽ എത്തി ഒരു രഹസ്യമാർഗ്ഗത്തിലൂടെ അകത്തേക്കൊന്നു സൂക്ഷിച്ചപ്പോൾ അവിടെ ഒരിടത്തായി ശാപ്പാട്ടുരാമനായ ആദി ഇരുന്നു എന്തോ ഭക്ഷിക്കുന്നതായും അയാളുടെ മുമ്പിൽ സംഖ്യാതീതമായ വിഭവങ്ങൾ രാജഭടന്മാർ കൊണ്ടുവന്നു ചൊരിഞ്ഞിരിക്കുന്നതായും കണ്ടു. വാതിൽ ബന്ധിച്ചു കാവൽക്കാരൻ വളരെ ജാഗ്രതയോടുകൂടി നിന്നിരുന്നതിനാൽ ഉമറിനു് അകത്തേക്കു കടക്കുവാൻ യാതൊരു നിവൃത്തിയുമില്ലായിരുന്നു. ഒരൊററ ജിവിയെയെങ്കിലും തന്റെ അനുമതികൂടാതെ ഉദ്യാനത്തിനുള്ളിൽ പ്രവേശിപ്പിച്ചുപോയെങ്കിൽ ശിരച്ഛേദം ചെയ്യുമെന്നായിരുന്നു കാവല്ക്കാരനോടു ബാദുഷ കല്പിച്ചിരുന്നതു്. അതിനാൽ അവൻ രാജാജ്ഞയെ വളരെ കരുതലോടുകൂടി

ത്തന്നെ അനുഷ്ഠിക്കുന്നുണ്ടായിരുന്നു. ഏതായാലും തന്നെ അകത്തേക്കു പ്രവേശിപ്പിക്കുമോ എന്നറിയുന്നതിലേക്കായി ഉമർ കാവൽക്കാരുടെ സമീപം അടുത്തു തന്നെ അകത്തേക്കൊന്നു കടത്തിവിടണമെന്നപേക്ഷിച്ചു. എന്നാൽ അവർ അതിനെ നിശ്ശേഷം തള്ളിക്കളഞ്ഞു. ഉമർ വളരെ വിനയഭാവത്തിൽ കുറച്ചുനേരം അവിടെനിന്ന് അങ്ങോട്ടുമിങ്ങോട്ടുമെല്ലാം ചുററിനോക്കിയശേഷം കാവൽ നിന്നിരുന്ന ഭടന്മാരോടിങ്ങിനെ ചോദിച്ചു "അമീർ ഇതിനുള്ളിലുണ്ടോ? ഈ ആദിയെന്നവൻ ഇങ്ങിനെ പുറമെ വന്നിരിക്കുന്നതെന്തിനാണ്?"

കാവൽക്കാരൻ:—ഉമറിനേയും ബഹ്ത്തക്കിനേയും ഈ ഉദ്യാനത്തിനകത്തേക്കു കടത്തിവിട്ടു പോകരുതെന്നാണ് അമീറിന്റെ പ്രത്യേകാജ്ഞ. അതിലേക്കായി അദ്ദേഹംതന്നെ ആദിയെന്ന ഈ മനുഷ്യനെ ഇവിടെ കാവലാക്കിയിരിക്കയാണ്.

ഉമർ കുറച്ചുനേരത്തേക്കു ഒന്നും ശബ്ദിച്ചില്ല. അനന്തരം "ആദി ഹെ! ആദി" എന്നുച്ചത്തിൽ രണ്ടുമൂന്നു വിളി വിളിച്ചു. വിളികേട്ട് ആദി തിരിഞ്ഞു നോക്കിയപ്പോൾ വാതിലിനു വെളിയിലായി ഉമർ നില്ക്കുന്നതു കണ്ടു. ആദി വളരെ സന്തോഷം പ്രദർശിപ്പിച്ച് ഉമറിനു സലാം പറഞ്ഞശേഷം പുറത്തേക്കിറങ്ങി വന്നു. രണ്ടുപേരും വളരെ സൌഹാർദ്ദത്തോടുകൂടി അവിടെയൊരിടത്തായി ഇരുന്നു. ആദി ചോദിച്ചു "ഉമർ! നിങ്ങൾ എന്തിനായിട്ടാണു വന്നതു? എങ്ങിനെ ഇവിടെ വന്നുചേർന്നു?"

ഉമർ:—സ്നേഹിതാ! രണ്ടു ദിവസമായി നിങ്ങളെ കാണായ്കയാൽ എനിക്കു ഭക്ഷണത്തിലോ ഉറക്കത്തിലോ തെല്ലു അഭിരുചിയില്ല. ഒരു നിമിഷമെങ്കിലും നിങ്ങളെ വേർപിരിഞ്ഞിരിക്കുവാൻ ഞാൻ ആകുന്നതു ശ്രമിച്ചിട്ടും സാധിക്കുന്നില്ല. നിങ്ങളുടെ വിയോഗത്തെപററി ചിന്തിക്കുമ്പോൾ എന്റെ ഹൃദയം കത്തി എരിയുന്നതുപോലെ തോന്നുന്നു. നിങ്ങൾക്കു എന്നെക്കുറിച്ചുള്ള ചിന്തപോലുമില്ലല്ലോ. നിങ്ങളെ ഒന്നു കണ്ടാൽമാത്രം മതിയെന്നു കരുതി ഞാൻ ഇങ്ങോട്ടു പുറപ്പെട്ടതാണ്.

ഉടൻതന്നെ ആദി താൻ ഉപയോഗിച്ചുകൊണ്ടിരുന്ന സഞ്ചിത്തുകളിൽ കുറച്ചെടുത്തുകൊണ്ടുവന്ന് ഉമറിനു സമ്മാനിച്ചു വളരെ സന്തോഷമായി വീണ്ടും സംസാരിക്കുവാൻ ഭാവിച്ചു.

ഉമർ:—സ്നേഹിതാ! ഞാനിന്നൊരു രത്നം വിലക്കു വാങ്ങി. എന്റെ നോട്ടത്തിൽ വില വളരെ സഹായമെന്നാണു തോന്നുന്നതു. നിങ്ങൾക്കു രത്നങ്ങളുടെ തരാതരങ്ങൾ നിശ്ചയമുണ്ടല്ലോ. അതുകൊണ്ട് എന്റെ കച്ചവടത്തിൽ കളിപ്പു പററിയോ എന്നു നിങ്ങൾ ഒന്നു നോക്കി പറയുക.

ആദി:—(ഉമർ രത്നനോട്ടക്കാരിൽ അദ്വിതീയനാണ്. എനിക്കും അതിൽ നല്ല പാടവമുണ്ടെന്നു കരുതിയാണ് ഇയാൾ എന്നോടു നോക്കുവാൻ പറയുന്നതു്. എന്നിങ്ങനെ ആത്മഗതം ചെയ്തിട്ട്) അല്ലയോ ഉമർ നിങ്ങൾക്കു ശരിയായ ഒരു രത്നനോട്ടക്കാരൻ ഇല്ലെന്നു പ്രസിദ്ധമാണ്. ആ സ്ഥിതിക്കു നിങ്ങൾ നിങ്ങളുടെ പണം നഷ്ടപ്പെടുകയോ? ഒരിക്കലുമില്ല. ഏതായാലും രത്നത്തെ പുറമെ എടുക്കുക. സൂക്ഷ്മവില നിശ്ചയിക്കുവാൻ കഴിഞ്ഞില്ലെങ്കിലും അതിന്റെ ഭംഗിയെങ്കിലും ഒന്നു പരിശോധിക്കാമല്ലോ.

ഉടനെ ഉമർ തന്റെ കുപ്പായക്കീശകളിൽ ഒന്നിൽ കൈ കടത്തി ഒരു പിടി മണൽവാരിയെടുത്തു ആദിയുടെ കണ്ണുകളിലേക്കു വലിച്ചെറിഞ്ഞു. ആദിയുടെ കണ്ണുകൾ രണ്ടും മണ്ണുകൊണ്ടു നിറഞ്ഞു. അയാൾക്കു വേദന സഹിക്കവഹിയാതെയായി. ഇടക്കുന്തോറും വേദന വർദ്ധിച്ചു തുടങ്ങി. "അയ്യോ! ഉമർ! നീ എന്റെ കണ്ണുകൾ പൊട്ടിച്ചുകളഞ്ഞുവല്ലോ?" എന്നയാൾ ഉച്ചത്തിൽ പറഞ്ഞു നിലവിളിച്ചു. ഈ ശബ്ദം കേട്ടു ഉദ്യാനത്തിനകത്തു ഭാഗത്തായി നിന്നിരുന്നവരും കാവൽക്കാരരും ആദിയുടെ സമീപം ഓടി എത്തി വസ്തുതകൾ ഗ്രഹിച്ചപ്പോൾ അവർക്കെല്ലാം എന്തെന്നില്ലാത്ത അനുതാപം ജനിച്ചു. എല്ലാവരുംകൂടി ആദിയുടെ സങ്കടം തീർക്കുന്നതിലേക്കായി അയാളുടെ കൺപോളകൾ പിടിച്ചു വിടർത്തി ഇരച്ചും ഊതിയും മണ്ണു നിശ്ശേഷം മാററുവാനുത്സാഹിച്ചു. ഈ ലാക്കു തെററിക്കാതെ ഉമർ ഉദ്യാനത്തിനകത്തു കടന്നു ആരുടെയും ദൃഷ്ടിയിൽപ്പെടാത്ത വിധം മറഞ്ഞുകളഞ്ഞു.

കുറേനേരം കഴിഞ്ഞു. കൂട്ടുകാരുടെ സഹായത്താൽ ആദിയുടെ കണ്ണിലുണ്ടായിരുന്ന മണ്ണു മുഴുവൻ പോയി. അയാൾ മുഖം കഴുകി വൃത്തിയാക്കിയശേഷം ഉമർ എവിടെ എന്നു പരിശോധിച്ചു. അവിടെയെങ്ങും അയാളെ കാണ്മാനില്ലാതിരുന്നതിനാൽ കാവല്ക്കാരോടും ഉദ്യാന പരിചാരകന്മാരിൽ ചിലരോടും ചോദിച്ചു. തങ്ങളാരും കണ്ടില്ലെന്നു് അവർ മറുപടി പറഞ്ഞു. താൻ എന്തെങ്കിലും പ്രതികാരം ചെയ്യുകയെന്നു് ഭയന്നു് എവിടെയോ ഓടിപ്പോയതായിരിക്കുമെന്നു വിശ്വസിച്ചു ആദി തന്റെ പഴയ സ്ഥലത്തുപോയി ഇരിപ്പുറപ്പിച്ചു.

ഇതിനകം ഉമർ ആരുടെ ദൃഷ്ടിയിലും എത്തുപെടാതെ ആ ഉദ്യാനത്തിൽ വിശാലമായ ഒരു സ്ഥലത്തു ചെന്നുചേർന്നു. തനിക്കു ആരെയും ഭയപ്പെടാനില്ലെന്നു അയാൾക്കു പൂർണ്ണബോദ്ധ്യമായി. അനന്തരം ഉമർ തന്റെ ചുററുപാടുമെല്ലാം നല്ലതുപോലെ ഒന്നു സൂക്ഷിച്ചു. അവിടത്തെ അകൃത്രിമ രാമണീയത കലർന്ന പ്രകൃതിസൗകുമാര്യത്തിൽ ഉമറിന്റെ ഹൃദയം ലയിച്ചു വശായി. തൽഫലമായി അയാൾ തന്നെത്തന്നെയും

മറന്നു നിശ്ചേഷ്ടനായി നിലകൊണ്ടു. ഏതാനും നിമിഷങ്ങളോളം ഇങ്ങിനെ നിന്നിമേഷമായി നിന്നശേഷം പലവിധ ചിന്തകളും അയാളുടെ ഹൃദയത്തിൽ അങ്കുരിച്ചു. "ഹാ! എന്തൊരാനന്ദം! ഇതു വാസ്തവത്തിൽ ഉദ്യാനം തന്നെയോ. അതല്ല, ഞാൻ ദിവാസ്വപ്നം കാണുകയായിരിക്കുമോ. ഒരുപക്ഷെ ഞാൻ ഇപ്പോൾ സ്വർഗ്ഗലോകത്തിലായിരിക്കുമോ സ്ഥിതിചെയ്യുന്നതു്. (കുറച്ചുനേരം വീണ്ടും നാലുഭാഗവും ചുററി പരിശോധിച്ചശേഷം) ഇല്ല; ഇല്ല ഞാൻ ബാദുഷയുടെ സുപ്രസിദ്ധമായ ആ രാജകീയോദ്യാനത്തിൽ തന്നെയാണ് നില്ക്കുന്നതു്. ഹാ! ഇവിടം എത്ര മനോമോഹനമായിരിക്കുന്നു". എന്നിങ്ങിനെ ഓരോന്നു പറഞ്ഞു അങ്ങുമിങ്ങും ചുററി നടന്നശേഷം കുറെ പഴവർഗ്ഗങ്ങൾ പറിച്ചുതിന്നു വിശപ്പും ക്ഷീണവും മാററി. അതിനു ശേഷം ബാദുഷയും അമീറും മററും സ്ഥിതി ചെയ്യുന്ന ബംഗ്ലാവിനു സമീപത്തിലേക്കു നടന്നു. ആ ബംഗ്ലാവിൻെറ പിൻഭാഗത്തു വിശാലമായ ഒരു തടാകം സ്ഥിതിചെയ്യുന്നുണ്ടായിരുന്നു. ഉമർ തടാകതീരത്തെത്തി സൂക്ഷിച്ചപ്പോൾ ഒരു മാതളവൃക്ഷം നില്ക്കുന്നതായി കണ്ടു. ഏതായാലും ഇവിടെത്തന്നെ കുറച്ചുനേരം വിശ്രമിക്കാമെന്നു തീർച്ചയാക്കി ഉമർ വൃക്ഷത്തിന്മേൽ കയറിയിരുന്നു തൻെറ പക്കലുണ്ടായിരുന്ന വീണയെടുത്തു ശ്രുതിമധുരമാംവണ്ണം വായിക്കുവാൻ തുടങ്ങി. ഉമറിൻെറ വീണാനാദമാധുരിയെപ്പററി വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഉമർ സംഗീതത്തിൽ നന്നേ ലയിച്ചു. അതോടുകൂടി അതിൻെറ ആകർഷണീയത ഒന്നുകൂടി വർദ്ധിച്ചു.

ഈ അവസരത്തിൽ അമീർ തൻെറ സ്നേഹിതന്മാരുമൊന്നിച്ചു സരസസല്ലാപാദികൾ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ഇങ്ങിനെയിരിക്കെ, ഉമറിൻെറ വീണാനാദം അമീറിൻെറ കർണ്ണപുടങ്ങളിൽ പതിഞ്ഞു. അദ്ദേഹം നല്ലതുപോലെ ഒന്നു ശ്രദ്ധിച്ചപ്പോൾ അതിൻെറ കർത്താവു ഉമർതന്നെ ആയിരിക്കുമെന്നും എങ്ങിനെയോ ഉദ്യാനത്തിനുള്ളിൽ കടന്നുവന്നതാണെന്നും തീർച്ചയാക്കി സമീപമിരുന്നിരുന്ന മക്‌ബൂലിനെ വിളിച്ചു പറഞ്ഞു. "മക്‌ബൂൽ! അതാ ആ ശബ്ദം നീ കേൾക്കുന്നില്ലേ. ഉമർ എങ്ങിനേയോ ഇവിടെ കടന്നു വന്നിരിക്കുന്നു. അവനെ അകത്തു പ്രവേശിപ്പിക്കാതിരിക്കുവാൻ വേണ്ടിയല്ലേ നാം ആദിയെ വാതുക്കൽ പ്രത്യേകം കാവൽ നിർത്തിയതു്. കൂടാതെ ആയുധപാണികളായ കാവൽക്കാരും അവിടെ വേണ്ടുവോളമുണ്ടു്. എന്നിട്ടും അവൻ അവരെയെല്ലാം തട്ടിയോട്ടി അകത്തു പ്രവേശിച്ചുവല്ലോ. ഇതെങ്ങിനെ സംഭവിച്ചിരിക്കും. നീ വേഗം പോയി ആദിയെ വിളിച്ചിവിടെ കൊണ്ടുവരിക".

ഇതെല്ലാം കേട്ടുകൊണ്ടു സമീപത്തിരുന്നിരുന്ന നൌഷർവാൻ ഉടനെ അമീറിനോടിങ്ങിനെ പറഞ്ഞു. "അമീർ! ആദിയെ എന്തിനു വരു

ത്തുന്നു. ഉമറിൻെറ കുററങ്ങളെല്ലാം ഞാൻ സഹിച്ചിരിക്കുന്നു. ആദിയെ വിളിച്ചു വരുത്തേണ്ട. ആരെയെങ്കിലും അയച്ച് ഉമറിനെ ഇവിടെ കൂട്ടിച്ചുകൊണ്ടു വരുവാൻ ഏൎപ്പാടു ചെയ്യുക”. രണ്ടുമൂന്നു പരിചാരകന്മാരെ ഉമറിനെ വിളിച്ചുകൊണ്ടു വരുന്നതിലേക്കായി ഉടൻതന്നെ അമീർ ഉദ്യാനത്തിലേക്കു പറഞ്ഞയച്ചു. അവർ ക്ഷണത്തിൽ ഉമർ ഇരുന്നിരുന്ന സ്ഥലത്തു ചെന്ന് അമീർ വിളിക്കുന്ന വിവരം അയാളെ അറിയിച്ചു.

ഉമർ:—“അല്ലയോ പരിചാരകന്മാരെ! ഞാൻ ഒരു സാധുവാണ്. പൂജ്യപാദനായ ബാദുഷയും മഹാനായ അമീറും മററും ഇരിക്കുന്ന സദസ്സിൽ വന്നിരിക്കത്തക്ക യാതൊരു യോഗ്യതയുമില്ലാത്തവനാണു ഞാൻ. ബാദുഷയുടെ ഈ ഉദ്യാനത്തിൻെറ മഹനീയതയെപററി പലരും പറഞ്ഞു കേട്ടിട്ടുള്ളതിനാൽ ഇവിടത്തെ പ്രകൃതിസൌകൎയ്യം അല്പം കണ്ടാസ്വദിക്കാമെന്നു കരുതിയാണ് ഞാൻ ഇവിടെ വന്ന് ആരും കാണാതെ പതുങ്ങി ഇരിക്കുന്നത്. നിങ്ങളുടെ അറിയിപ്പിനെ അലക്ഷ്യമാക്കി എന്ന കുററത്തിനു പാത്രമാകാതെ ഞാൻ കൂടി നിങ്ങളൊന്നിച്ചു വരാം. എന്നാൽ ഞാൻ അങ്ങിനെ വരുന്ന പക്ഷം അതു ചിലൎക്കു വളരെ വല്ലായ്മയ്ക്കും മററുചിലൎക്കു കോപത്തിനും മററും കാരണമായേക്കും. അതിനാൽ ഞാൻ വരാതിരിക്കുകയല്ലേ നന്ന്? വിരോധമുള്ളവർ എന്നെ ഉപദ്രവിച്ചേക്കാനും മതി. ഇവിടെത്തന്നെ ഇരുന്നാൽ ആ വക യാതൊരുപദ്രവത്തേയും ഭയപ്പെടേണ്ടതില്ലല്ലോ. മാത്രവുമല്ല, തനിയേ എവിടെയെങ്കിലുമിരിക്കുന്നതാണ് എനിക്കു കൂടുതൽ സന്തോഷവും”?

പരിചാരകന്മാർ മടങ്ങിപോയി ഉമർ പറഞ്ഞ വാക്കുകളെല്ലാം ഒന്നൊഴിയാതെ ബാദുഷയെ പറഞ്ഞു കേൾപ്പിച്ചു. ഉമറിൻെറ സന്ദൎഭോചിതമായ ഈ വാക്കുകളെ പററി ഓൎത്ത് അവിടെ കൂടിയിരുന്നവരെല്ലാം പൊട്ടിച്ചിരിച്ചുപോയി. അനന്തരം ബാദുഷ അമീറിനേയും കൂട്ടിച്ചുകൊണ്ടു ഉദ്യാനത്തിലേക്കു നടന്നു. അവർ അന്യോന്യം കരങ്ങൾ കോൎത്തു പിടിച്ചു ഉദ്യാനത്തിലെ വിശേഷകാഴ്ചകൾ കാണുന്നുവെന്ന മട്ടിൽ ഉമർ ഇരിക്കുന്ന സ്ഥലത്തേക്കു സാവധാനത്തിൽ തിരിച്ചു. അവർ ഏകദേശം ഉമറിനോടു സമീപിച്ചു. ബാദുഷയെ അടുത്തുകണ്ട മാത്രയിൽ ഉമർ വൃക്ഷശിഖരത്തിൽ നിന്നും താഴത്തു ചാടിവീണു ബാദുഷയുടെ പാദത്തിൽ നമസ്കരിച്ചശേഷം ഇങ്ങിനെ പറഞ്ഞു. “പ്രഭോ! ഈ അഗതിയായ ഞാനും അവിടത്തെ ദാസന്മാരിൽ ഒരുവനാണ്. എന്നാൽ എന്നിൽമാത്രം അവിടത്തേക്കു ലേശവും സ്നേഹമോ വിശ്വാസമോ ഇല്ല. എൻെറ കഷ്ടകാലമെന്നല്ലാതെ മറെറന്തു പറയട്ടെ. സ്നേഹിക്കാനും വിശ്വസിക്കാനും പററിയ ആൾ അമീറാണ്. തദ്ദേഹത്തിനു വേണ്ടു

പരമാനന്ദമനുഭവിക്കുവാനുള്ള സൌഭാഗ്യം ജഗദീശൻ നൽകിയിരിക്കുന്നു. സന്തോഷപ്രദമായി സമയം പോകുമ്പോൾ മററു സ്നേഹിതന്മാർ അദ്ദേഹത്തിനു കൂടിയേ കഴിയൂ എന്നില്ല. മാത്രമല്ല, ആത്മമിത്രങ്ങളെക്കൂടിയും തദവസരത്തിൽ അദ്ദേഹം മറന്നുപോകും".

ബാദുഷ ഇതിനു പ്രത്യുത്തരം യാതൊന്നും പറയാതെ ഉമറിൻെറ കൈകൾ കടന്നു പിടിച്ചുകൊണ്ടു നേരെ ബംഗ്ലാവിലേക്കു നടന്നു. അവിടെ എത്തി എല്ലാവരും യഥാസ്ഥാനങ്ങളിൽ ഇരുന്നശേഷം അവിടെ കൂടിയിരിപ്പുള്ളവർക്കെല്ലാം സംബ്ബത്തു പകന്നുകൊടുക്കുന്ന ജോലിയിൽ ബാദുഷ ഉമറിനെ നിയോഗിച്ചു. അനന്തരം ആ സദസ്സിൽ ബാദുഷയുടെ ആജ്ഞാനുസരണം ഉമറിൻെറ പല വിനോദങ്ങളും പ്രദർശിപ്പിക്കുകയുണ്ടായി. ഇങ്ങിനെ അന്നത്തെ പകൽ അവസാനിപ്പിച്ചു. രാത്രിയിൽ എല്ലാവരും ഭക്ഷണം കഴിഞ്ഞശേഷം ഉമറിൻെറ സംഗീതം കേൾക്കണമെന്നു ബാദുഷ ആവശ്യപ്പെട്ടു. അതനുസരിച്ച് ഉമർ തനിക്കറിവുണ്ടായിരുന്നിടത്തോളം ഗാനമേളങ്ങൾ ആ സദസ്സിൽ ഭംഗ്യന്തരേണ പ്രയോഗിച്ചു സദസ്യരുടെയെല്ലാം സവിശേഷമായ ബഹുമാനത്തിനു പാത്രീഭവിച്ചു. സന്തോഷമത്തനായിത്തീന്ന ബാദുഷ ഉമറിനു അളവിലധികരിച്ച സമ്മാനങ്ങളും നൽകി.

പിറേറ ദിവസം ബാദുഷയുടെ വിനോദസദസ്സ് ആദ്യബംഗ്ലാവിനേക്കാളും കമനീയവും അതേ ഉദ്യാനത്തിൽതന്നെ മറെറാരിടത്തു സ്ഥിതിചെയ്യിരുന്നതുമായ വേറൊരു ബംഗ്ലാവിലേക്കു മാററി.

ഇനി നമുക്കു ബഹ്ത്തക്കിനെ പിൻതുടരാം. ഉമർ ബാദുഷയുടെ ഉദ്യാനത്തിൽ പ്രവേശിച്ച വിവരം എങ്ങിനേയോ അയാൾക്കറിവു കിട്ടി. അപ്പോൾ മുതൽ അയാളുടെ ഹൃദയം എരിഞ്ഞു തുടങ്ങി. "എന്നെപോലെതന്നെ ഉമറിനേയും അവിടെ കടന്നുകൂടെന്നു ബാദുഷ വിലക്കി. എന്നാൽ തന്ത്രശാലിയായ ഉമറാകട്ടെ ഞാനറിയാതെ അവിടെ കടന്നുകൂടി. അയാൾ ഇപ്പോൾ അവിടത്തെ നിരവധികങ്ങളും ചേതസ്സമാകഷങ്ങളുമായ വിശേഷ കാഴ്ചകളും മററും കണ്ടു പരമസന്തുഷ്ടനായി സമയം പോക്കുകയായിരിക്കാം. ഹതഭാഗ്യനായ ഞാൻ ഇവിടെ ഏകനായും കഴിച്ചുകൂട്ടുന്നു. ഉമർപോയ സ്ഥിതിക്കു എനിക്കെന്തുകൊണ്ടു പാടില്ല. അവിടത്തെ കാവൽക്കാർ കടത്തി വിടുകയില്ലായിരിക്കാം എന്നാൽ ഉമർ എങ്ങിനെ കടന്നു? അയാളെപോലെതന്നെ വല്ലതന്ത്രവും എനിക്കും പ്രയോഗിക്കുവാൻ പാടില്ലെന്നു വരുമോ? ഞാൻ അത്രമയനല്ലല്ലോ. ഏതായാലും ഇപ്പോൾതന്നെ ആ രാജകീയോദ്യാനത്തിലേക്കു പുറപ്പെടണം". എന്നിങ്ങിനെ ആലോചിച്ചു തീച്ചയാക്കിക്കൊണ്ടു പുറപ്പെട്ടു. ഉദ്യാനത്തിലെ പ്രവേശനദ്വാരത്തിൽ എത്തിയപ്പോൾ അവി

ടെ ആദി വളരെ ജാഗ്രതയോടുകൂടി കാവൽ നില്ക്കുന്നതായി കണ്ടു. ബഹ്ത്തക സാവധാനത്തിൽ സമീപമടുത്തു് അയാളുടെ സ്നേഹം സമ്പാദിക്കവാനുള്ള ശ്രമം ചെയ്യുതുടങ്ങി.

ആദി:—നിങ്ങൾ ഇത്ര ശ്രമപ്പെട്ടിട്ടു് ഇങ്ങോട്ടു വരുവാനുള്ള കാരണമെന്താണ്? ഇവിടത്തേക്കായിട്ടുവന്നതോ അതല്ല, മററവിടേക്കെങ്കിലും പോകാനായി വന്നതോ?

ബഹ്ത്തക:—ഞാൻ ഇവിടത്തേക്കായിട്ടുതന്നെ വന്നതാണ്. എനിക്കു നിങ്ങളുടെ പേരിലുള്ള സ്നേഹവിശ്വാസാദികളുടെ ഫലമായി നിങ്ങൾക്കു ചില സമ്മാനങ്ങൾ തരുന്നതിലേക്കായിട്ടു മാത്രമാണ് ഞാൻ വന്നതു്. അതിനെ സ്വീകരിച്ചുകൊണ്ടു നിങ്ങൾ എന്നെ ഉദ്യാനത്തിനകത്തേക്കു കടത്തിവിടണം. അവിടത്തെ വിശേഷക്കാഴ്ചകൾ ഒന്നു കണ്ടാൽകൊള്ളാമെന്നുള്ള അതിയായ ആശ എനിക്കുണ്ടു.

ബഹ്ത്തകിന്റെ ഈ വാക്കുകൾ കേട്ടതോടുകൂടി ആദിക്കു കോപം സഹിക്കവഹിയാതെയായി. അയാളുടെ കണ്ണുകൾ കോപാധിക്യത്താൽ അരുണവർണ്ണമായി. മീശ വിറച്ചുതുടങ്ങി. ശരീരമാസകലം കിടുകിടുത്തു.

ആദി:—എടാ ധിക്കാരിയായ ബഹ്ത്തകേ! നീ എന്തു വിചാരിച്ചു. നിന്റെ തുച്ഛമായ സമ്മാനവസ്തുക്കളിൽ മതിമയങ്ങി ഞാൻ അമീറിന്റെ ആജ്ഞയെ അതിലംഘിക്കുമെന്നാണോ നീ കരുതിപ്പോയതു്? നിന്റെ അവസാന കാലമായി എന്നാണ് തോന്നുന്നതു്. മര്യാദക്കു നീ വേഗം എന്റെ മുമ്പിൽനിന്നും ഓടിപ്പോകുന്നതാണ് നല്ലതു്. അല്ലാത്തപക്ഷം നീ അളവററ അപമാനത്തിന് പാത്രീഭൂതനാകേണ്ടിവരുന്നതാകും. എന്റെ അനുമതി ലഭിച്ചാൽ ഇപ്പോൾതന്നെ രാജഭടന്മാർ നിന്നെ വേണ്ടവിധത്തിൽ പ്രഹരിച്ചുവിടും.

ബഹ്ത്തക് ഇളിഭ്യനായിത്തീർന്നു. വന്നതുതന്നെ അബദ്ധമായി എന്നു കരുതി അയാൾ അവിടംവിട്ടു പിൻവാങ്ങി. എന്നാൽ ഈ ദുരദൃഷ്ടത്തെപററി ആലോചിക്കുംതോറും അയാൾക്കു സങ്കടവും സഹിക്കവഹിയാതായിത്തീർന്നു. അന്നു പകൽ മുഴുവൻ അയാൾ ഇങ്ങിനെ കഴിച്ചുകൂട്ടി. ആദി തന്നെ ഈ വിധം അധിക്ഷേപിച്ചതിനാൽ നിശ്ചയമായും എന്തുതരത്തിലെങ്കിലും രാത്രിയിൽ ഉദ്യാനത്തിനകത്തു കടക്കണമെന്നുതന്നെ അയാൾ നിശ്ചയിച്ചുറച്ചു.

നല്ല രാത്രി. കൂരിരുൾ സർവ്വത്ര വ്യാപരിച്ചു. തന്റെ ഉദ്ദേശ്യസാദ്ധ്യത്തിനു ശരിയായ അവസരം ഇതുതന്നെ എന്നു ബഹ്ത്തക് തീർച്ചയാക്കി ഒരു കറുത്ത വസ്ത്രം എവിടെനിന്നോ കൈവശമാക്കി അതുകൊണ്ടു ശരീരമാകമാനം മൂടി. ധരിച്ചിരുന്ന വസ്ത്രങ്ങളും വിലയേറിയ ആഭരണങ്ങളും അഴിച്ചു് ഒരു കെട്ടാക്കിക്കെട്ടി. അനന്തരം അയാൾ ഒരു കള്ളനെപ്പോലെ

പതുങ്ങിപ്പതുങ്ങി കാവൽക്കാരുടെ ദൃഷ്ടിയിൽ പെടാതെ ഉദ്യാനത്തിൻെറ മതിലിനു സമീപമെത്തി. കൈവശമുണ്ടായിരുന്ന ഭാണ്ഡം ആദ്യംതന്നെ മതിലിനു മീതേകൂടി ഉദ്യാനത്തിനകത്തേക്കെറിഞ്ഞു. ഏതു മാർഗ്ഗത്തിലൂടെയാണ് അകത്തു കടക്കേണ്ടതെന്ന് അയാൾ ദീർഘനേരം ആലോചിച്ചു. മതിൽ കയറി ചാടുക അത്ര എളുപ്പമല്ലായിരുന്നു. ഏതായാലും പരിശോധിച്ചു കളയാമെന്നു തീർച്ചയാക്കി വേണ്ട ശ്രമംചെയ്തു. പക്ഷേ അതൊന്നും ഫലിച്ചില്ല. അയാൾ വീണ്ടും മതിലരികിലായി അങ്ങിങ്ങു പരിശോധിച്ചു. അപ്പോൾ വെള്ളം ഒഴുകുന്നതിലേക്കായി നിർമ്മിച്ചിരുന്ന ഒരു ചാൽ അയാൾക്കു കണ്ടുകിട്ടി. വളരെ ശ്രമപ്പെട്ടുന്നപക്ഷം അതുവഴിക്കു ഉള്ളിൽ കടക്കാമെന്നു കുറെ ഏറെ നേരത്തെ പരിശോധനയുടെ ഫലമായി അയാൾക്കു മനസ്സിലായി.

ഈ അവസരത്തിലാണ് ബാദുഷ ഉമറിനെ തൻെറ സദസ്സിലുണ്ടായിരുന്നവർക്കു സർബ്ബത്തു പകർന്നുകൊടുക്കുന്ന പുതിയ ജോലിക്കു നിയോഗിച്ചതു്. ഉമർ ഏതാനും പേർക്കു പ്രത്യേകം പ്രത്യേകം പാത്രങ്ങളിൽ സർബ്ബത്തു നിറച്ചു കൊണ്ടുചെന്നുകൊടുത്തു. അപ്പോൾ കുസ്തം അമീറിനെയും ബഹറായിനേയും മററും സർബ്ബത്തു കൊടുത്തു മയക്കിയതും ഒടുവിൽ ചതിച്ചതുമായ സംഗതികൾ ഉമറിൻെറ സ്മൃതിപഥത്തിൽ എത്തി. അയാൾ അതേപററി ഇടയ്ക്കിടയ്ക്കു ചിന്തിക്കുവാൻ തുടങ്ങി. കുസ്തമിൻെറ സദസ്സിൽ നടന്ന മാതിരി വല്ലതും വല്ല ചതിയന്മാരുടേയും പ്രവൃത്തിഫലമായി ഇവിടെയും സംഭവിക്കുന്ന പക്ഷം കാര്യം ആകപ്പാടെ തകരാറാണെല്ലോ എന്നു നിശ്ചയിച്ചു ഉമറിൻെറ തൽപ്രവൃത്തിയിലുള്ള ഉത്സാഹത്തിനു സാരമായ ഉടവുതട്ടി. ബാദുഷ തന്നെ ഏല്പിച്ച ജോലി അയാൾ കൂട്ടത്തിലുണ്ടായിരുന്ന വേറൊരാളെ ചുമതലയേല്പിച്ചശേഷം തൻെറ വയററിനു നല്ല സുഖമില്ലെന്നുള്ള നാട്യത്തിൽ പുറത്തേക്കിറങ്ങി. ശരീരത്തിനു നല്ല ആയാസവും അല്പം മനസ്സന്തോഷവും ഉണ്ടാകുന്നതിലേക്കായി കുറച്ചുനേരം ഉദ്യാനത്തിൽ ചുററിനടക്കാമെന്നു ഉമർ തീർച്ചയാക്കി നടന്നു. കുറച്ചുദൂരം നടന്ന് അയാൾ പുറമേയുള്ള വാതലിനു സമീപംവരെ എത്തി. അപ്പോൾ ആദിതൻെറ സമീപത്തു നിന്നിരുന്ന ഒരു കാവല്ക്കാരനോടു സംസാരിക്കുന്നതായി ഉമർ കേട്ടു. അയാൾ അതിനെ നല്ലതുപോലെ ശ്രദ്ധിച്ചു. "നിങ്ങളറിഞ്ഞില്ലേ ഇവിടെ ഇന്നു നടന്ന വിശേഷം. ബഹ്ത്തക് ചില സമ്മാനസാധനങ്ങളും കൊണ്ടുവന്ന് അയാളെ അകത്തു കടത്തിവിടണമെന്ന് എന്നോടാവശ്യപ്പെട്ടു. ഞാൻ അവനെ വിട്ടയയ്ക്കുമോ? ബാദുഷയുടേയും അമീറിൻെറയും പ്രത്യേകാജ്ഞയല്ലേ. ഞാൻ അവനെ ആട്ടിപ്പായിച്ചു". ആദി വന്നിട്ടുള്ള സ്ഥിതിക്കു നിശ്ചയമായും അവൻ ഉദ്യാനത്തിനകത്തേക്കു കടക്കുവാൻ വേണ്ടയത്നം ചെയ്യാതിരിക്കയില്ലെന്ന് ഉമറിന്നറിയാമായി

രുന്നു. ബഫ്ത്തക്കു അകത്തു കടക്കുവാനുത്സാഹിച്ച ആ ഓവിന്നടുത്തു തന്നെ ഒരിടത്തായിരുന്നു ഉമർ പതുങ്ങിനിന്നിരുന്നതും. ഒരുപക്ഷെ ആദി കാവല്ക്കാരെ വഞ്ചിച്ചു വല്ലവഴിക്കും അകത്തു കടന്നിട്ടുണ്ടെങ്കിൽ കണ്ടുപിടിക്കണമെന്നുള്ള കരുതലോടുകൂടി തന്റെ ചുററുപാടുമുള്ള ഓരോ വൃക്ഷച്ചുവട്ടിലും അയാൾ സൂക്ഷിച്ചു നോക്കിത്തുടങ്ങി. അപ്പോൾ സമീപത്തൊരിടത്തായി കിടന്നിരുന്ന ബഫ്ത്തക്കിന്റെ ഭാണ്ഡം ഉമറിനു കണ്ടുകിട്ടി. പെട്ടെന്നു ഉമർ അതെടുത്തഴിച്ചു പരിശോധിച്ചപ്പോൾ ബഫ്ത്തക്കിന്റെ വിലപിടിച്ച വസ്ത്രാഭരണങ്ങളാണതെന്നു മനസ്സിലായി. തന്റെ ഉദ്ദേശ്യം തെററിയിട്ടില്ലെന്നു കണ്ടപ്പോൾ കള്ളനെ കണ്ടുപിടിക്കുന്ന കാര്യത്തിൽ ഉമറിന്റെ ശ്രദ്ധ ഒന്നുകൂടി ശക്തിമത്തായി പതിഞ്ഞു. ബഫ്ത്തക് ഏതു വഴിക്കായിരിക്കും അകത്തേക്കു കടക്കുന്നതെന്നായി ഉമറിന്റെ പിന്നീടുള്ള ആലോചന. "കാവൽക്കാർ ഇവിടെ വളരെ ജാഗ്രതയോടുകൂടി അവരുടെ ജോലി നിർവ്വഹിക്കുന്നുണ്ടു. അവരറിയാതെ ഒരു ജീവിക്കുപോലും അകത്തു കടക്കുവാൻ മാർഗ്ഗമില്ല. ആ സ്ഥിതിക്കു അവൻ ഏതുവഴിക്കാണ് പ്രവേശിക്കുക. ഊരിയ വാളുമായി നില്ക്കുന്ന ഈ പടയാളികളെ കണ്ടാൽ ഏതു ധീരനായ കള്ളൻകൂടിയും പിൻതിരിഞ്ഞോടും. ഏതായാലും ഒന്നു നല്ലതുപോലെ പരിശോധിച്ചു മടങ്ങാം." എന്നിങ്ങിനെ തീർച്ചയാക്കി ഉമർ അതിൽതന്നെ ബദ്ധശ്രദ്ധനായും അങ്ങോട്ടുമിങ്ങോട്ടും ഉററു സൂക്ഷിച്ചുകൊണ്ടും ആ ഇരുളിൽ നിശ്ചേഷ്ടനായിനിന്നു. ഇങ്ങിനെ നില്ക്കുമ്പോൾ ഓവിൽക്കൂടി ഒരു തല പുറത്തേക്കു വരുന്നതായും നാലുപാടും തിരിഞ്ഞു പിരിഞ്ഞു നോക്കുന്നതായും ഉമർ കണ്ടു. അതിന്റെ സൂക്ഷ്മമറിയുന്നതിലേക്കായി ഉമർ അവിടെ താഴ്ന്നിരുന്നു വീണ്ടും ആ സ്ഥലത്തേക്കു പരിശോധിച്ചു. ആരോ ആൾ തന്നെയെന്നും അതു ബഫ്ത്തക്കല്ലാതെ മററാരുമായിരിക്കുകയില്ലെന്നും ഉമർ തീർച്ചയാക്കിക്കൊണ്ടു സാവധാനത്തിൽ എഴുന്നേററ് ഉദ്യാനം കാവൽക്കാരിൽ പ്രമാണിയുടെ സമീപംചെന്നു് അയാളോടിങ്ങിനെ പറഞ്ഞു. "നിങ്ങളാണ് ശരിയായ കാവൽക്കാർ. എന്തിനാണിങ്ങിനെ ഉറക്കം തൂങ്ങിക്കൊണ്ടിവിടെ നില്ക്കുന്നതു്. നിങ്ങൾ സൂക്ഷിക്കുന്നതും സൂക്ഷിക്കാത്തതും എല്ലാം ശരിതന്നെ. ഉദ്യാനത്തിൽ എന്തെല്ലാമാണ് നടക്കുന്നതെന്നു നിങ്ങൾ അറിയുന്നില്ലെന്നാണല്ലോ തോന്നുന്നതു്. ആരോ ഒരു കള്ളൻ ആ ഓട്ടവഴി അകത്തു കടക്കുവാനുത്സാഹിക്കുന്നതായി ഞാൻ കണ്ടു. വേഗം വരിക. എന്നെ കണ്ടയുടൻ അവൻ തല പുറത്തേക്കു വലിച്ചുകളഞ്ഞു. നമുക്കവനെ ഇപ്പോൾ കണ്ടുപിടിക്കാം. നിങ്ങളോടെനിക്കുള്ള അതിരററ സ്നേഹംകൊണ്ടാണ് ഞാൻ ഈ വിവരം നിങ്ങളെ അറിയിച്ചതു്. പറയാനുള്ളതു പറഞ്ഞു. ഇനി എല്ലാം നിങ്ങളുടെ യുക്തംപോലെ. നിങ്ങളുണ്ടു്; ആ കള്ളനുണ്ടു്; നിങ്ങളുടെ വേലയുമുണ്ടു്; ബാദുഷയുടെ കല്പ

ന്നയോ അതുമുണ്ടു്; എല്ലാമുണ്ടു്. ഞാൻ പറയേണ്ടതു പറഞ്ഞു. പ്രവൎത്തിക്കേണ്ട കടമയെല്ലാം നിങ്ങളുടേതു്. നിങ്ങൾ ഇതിൽ മൌനം ദീക്ഷിച്ചുകളയുകയാണെങ്കിൽ നേരം പ്രഭാതമാകുമ്പോഴേക്കും സംഗതികളെല്ലാം വെളിപ്പെടും. നിങ്ങൾ പിന്നീടു നിങ്ങളുടെ ജീവിതത്തിൽ ഈ ഉദ്യാനം കാണുകയുമില്ല."

ഈ വിവരമറിഞ്ഞപ്പോൾ കാവൽക്കാരൻ അത്യന്തം പരിഭ്രാന്തചിത്തനായി ഭവിച്ചു. അയാൾ ക്ഷണത്തിൽ തന്റെ കൂട്ടുകാരിൽ ചിലരെ കൂടി വിളിച്ചുകൊണ്ടു ഉമർ പറഞ്ഞ സ്ഥലത്തിനു സമീപത്തു ചെന്നു ചുവരോടു നന്ന സമീപിച്ചു പതുങ്ങിനിന്നു സൂക്ഷിക്കുവാൻ തുടങ്ങി. കുറച്ചുസമയം കഴിഞ്ഞപ്പോൾ കറുപ്പു വസ്ത്രത്താൽ ആപാദചൂഡം ആച്ഛാദനം ചെയ്തിരുന്ന ബഖ്ത്തക് ആ ചെറുദ്വാരത്തിലൂടെ ഞെങ്ങിഞെരിഞ്ഞു വല്ല വിധത്തിലും അകത്തുകടന്നു. അതേനിമിഷത്തിൽ ഒളിഞ്ഞുനിന്നിരുന്ന ഭടന്മാർ പുലി ആട്ടിൻകുട്ടിയെ എന്നവണ്ണം പാഞ്ഞുചെന്നു ബഖ്ത്തക്കിനെ തൂക്കിയെടുത്തു. ബഖ്ത്തക് ഭയന്നു വിറച്ചുതുടങ്ങി. ഉദ്യാനം കാവല്ക്കാരായ ഭടന്മാരുടെ ബന്ധനത്തിലാണു താൻ അകപ്പെട്ടിരിക്കുന്നതെന്നു് അയാൾക്കു മനസ്സിലായി. ഉടനെ അയാൾ ആ ഭടന്മാരോടു താണുകേണിങ്ങിനെ അപേക്ഷിച്ചു. "അല്ലയോ ഉദ്യാനപാലകന്മാരെ! ഞാൻ ബഖ്ത്തക് എന്ന മന്ത്രിയാണ്. നിങ്ങൾ എന്നെ വിട്ടയയ്ക്കുവിൻ. ഞാൻ കള്ളനാണെന്നു നിങ്ങൾ തെറ്റിദ്ധരിക്കരുതു്. ദയയുണ്ടായി എന്നെ വിട്ടയയ്ക്കുക". ബഖ്ത്തക് എത്രതന്നെ കേണപേക്ഷിച്ചിട്ടും അതൊന്നും അവർ വകവച്ചില്ല. ഭടന്മാർ അയാളെ പിടിച്ചു സമീപമുണ്ടായിരുന്ന ഒരു വൃക്ഷത്തോടുചേൎത്തു കെട്ടിനിൎത്തി അവർ ഓരോരുത്തരും ഏതാനും പ്രഹരങ്ങൾവീതം സമ്മാനിച്ചു. കെട്ടപെട്ടുണ്ടായ വേദനക്കുപുറമേ മൎദ്ദനംകൂടിയായപ്പോഴേക്കും ബഖ്ത്തക്ക കേവലം അവശനായി. ഇതുമൂലമുണ്ടാകാനിടയുള്ള അപമാനത്തെപ്പററി ഓൎത്തപ്പോഴാണ് അയാളുടെ ഹൃദയം തീപിടിച്ചുരുകിത്തുടങ്ങിയതു്. ക്ഷണനേരത്തിനുള്ളിൽ ബഖ്ത്തക്കിന്റെ എല്ലുകൾ മിക്കവാറും ശകലിതങ്ങളായി ശരീരം വീൎത്തു. ഈ അവസരത്തിൽ ഉമർ അല്പം അകലത്തൊരിടത്തു നിന്നുകൊണ്ടു് "എന്താണവിടെ വല്ലാതെ ചില ശബ്ദങ്ങൾ കേൾക്കുന്നതു്. വിശേഷം വല്ലതുമുണ്ടോ?" എന്നു് ഒന്നുമറിയാത്തവനെപോലെ ഭടന്മാരോടായിട്ടു ചോദിച്ചു. അപ്പോൾ അവരിൽ പ്രമാണി ഇങ്ങിനെ മറുപടി പറഞ്ഞു. "ഉമർ! ഞങ്ങളെല്ലാം ഇവിടെ കാവൽ നില്ക്കവേ ഒരു കള്ളൻ വളരെ ധൈൎയ്യത്തോടുകൂടി നമ്മുടെ ഉദ്യാനത്തിൽ ഒളിഞ്ഞു കയറി. അവനെ ഇതാ ഞങ്ങൾ പിടിച്ചു കെട്ടിയിട്ടിരിക്കുന്നു". ഉമറിന്റെ ശബ്ദം കേട്ടയുടനെ ബഖ്ത്തക് അയാളെ തന്റെ സമീപത്തു വിളിച്ചു് ഉമറിനറിവുണ്ടായിരുന്ന ഒരു രഹ

സ്വഭാഷയിൽ ഇപ്രകാരം പറഞ്ഞു. "മാന്യസുഹൃത്ത! നിങ്ങൾ എന്റെ പേരിൽ ദയയുണ്ടായി ഈ മുട്ടാളന്മാരായ ഭടന്മാരിൽനിന്നും എന്നെ രക്ഷിച്ചാലും. നിങ്ങൾ അങ്ങിനെ ഒരുപകാരം ചെയ്യുന്നപക്ഷം അതു ഞാൻ ജീവിച്ചിരിക്കുന്ന കാലത്തോളം മറക്കുന്നതല്ല. നിങ്ങളുടെ എന്താജ്ഞയേയും ഞാൻ എല്ലായ്പ്പോഴും ശിരസ്സാവഹിച്ചുകൊള്ളുകയും ചെയ്യാം."

ഇതിൽ ഉമറിനു തെല്ലനുതാപമുണ്ടായി അയാൾ ഭടന്മാരിൽ പ്രമാണിയുടെ സമീപമടുത്ത് ബഫ്ത്തക്കിനുവേണ്ടി ഒരു ശുപാർശചെയ്തു. "അല്ലയോ സ്നേഹിതന്മാരെ! വാസ്തവത്തിൽ ഇദ്ദേഹം മന്ത്രിയായ ബഫ്ത്തക്കാണ്. എന്തോ കാരണങ്ങളാൽ അബദ്ധത്തിൽ ഇവിടെ വന്നു ചാടിയതാണ്. അതുകൊണ്ടു ഇദ്ദേഹത്തെ നിങ്ങൾ ക്ഷണത്തിൽ കെട്ടഴിച്ചു വിടുക".

ഇതു കേട്ടു കാവൽക്കാരായ ഭടന്മാർ വളരെ ആശ്ചര്യപ്പെട്ടു. "അങ്ങെന്താണു പറയുന്നത്. ഇവനെ വിട്ടയയ്ക്കണമെന്നാണോ? നല്ല കാര്യം തന്നെ. രാത്രിയിൽ ചോരകൃത്യം ചെയ്യത്തക്കവണ്ണം അത്ര നികൃഷ്ടനായ ഒരാളാണോ ബാദുഷയുടെ മന്ത്രിയായ ബഫ്ത്തക്. ഹെയ്; ഒരിക്കലുമല്ല. കേവലം നഗ്നരൂപനായി അർദ്ധരാത്രിസമയത്ത് അദ്ദേഹമാണെങ്കിൽ ഇങ്ങിനെ ഇവിടെ കയറിവരേണ്ട ഒരാവശ്യവുമില്ല. ഇവൻ ഒരൊന്നാംതരംപഠിച്ച കള്ളനാണ്. ഇവനെ ശരിയാംവണ്ണം ശിക്ഷിക്കാതെ വിട്ടയയ്ക്കുവാൻ നിർവ്വാഹമില്ല. ഒരുപക്ഷെ, അങ്ങു പറയുന്നതുപോലെ ഇയാൾ മന്ത്രിയായ ബഫ്ത്തക് തന്നെ ആയിരുന്നാലോ; ഞങ്ങൾക്കു വിട്ടയക്കുവാൻ നിവൃത്തിയുണ്ടോ? നേരം പ്രഭാതമാകുംവരെ സാധിക്കയില്ല. ബാദുഷയുടെ സമീപത്തിൽ കൊണ്ടുചെന്നശേഷം അദ്ദേഹത്തിന്റെ ആജ്ഞ എങ്ങിനേയോ അതനുസരിച്ചു ഞങ്ങൾക്കു ചെയ്യുവാൻ തരമുള്ളു. രാത്രി കഴിയുവോളം ഇവൻ ഈ വൃക്ഷംതന്നെ ആധാരം".

രാജഭടന്മാർ തന്നെ വിട്ടയക്കുകയില്ലെന്നു ബഫ്ത്തക്കിനു പൂർണ്ണബോദ്ധ്യമായി. ഇതുനിമിത്തം എന്തെല്ലാം അപമാനങ്ങളാണു തനിക്കു ടുത്തദിവസം ഉണ്ടാവാകുവാൻ പോകുന്നതെന്നോർത്തതിൽ അയാൾക്കു തെല്ലും മനസ്സമാധാനമില്ലാതായി. ഹൃദയം ആകമാനം പതറിത്തുടങ്ങി. ഉമറിന്റെ സഹായം ലഭിച്ചാൽതന്നെയും ഭടന്മാർ തന്നെ സ്വതന്ത്രനാക്കി വിടുന്ന കാര്യവും അസാദ്ധ്യമാണെന്നു അയാൾക്കു ബോദ്ധ്യമായി. ഒടുവിൽ അയാൾ ഉമറിനോടിങ്ങിനെ അപേക്ഷിച്ചു. 'അല്ലയോ ഉമർ! നിങ്ങൾ എന്റെ ദയനീയാവസ്ഥ കാണുന്നില്ലെ. ഇവർ എന്നെ വിട്ടയച്ചില്ലെങ്കിൽ വേണ്ട. എന്റെ വസ്ത്രങ്ങളെങ്കിലും തരുവാൻ ഇവരോടു പറയുക. ഞാൻ എന്റെ നഗ്നത മറച്ചുകൊള്ളട്ടെ".

ഉമർ:—സ്നേഹിതാ! ഇനി ഞാൻ ഇവരോടു യാതൊന്നും പറയുകയില്ല. ആദ്യം ഞാൻ പറഞ്ഞതിനെ ഇവർ നിഃശേഷം പരിത്യജിച്ചു. ഇനിയും ഫലം അതുമാതിരിയല്ലേ ഇരിക്കയുള്ളു. ഒരുപക്ഷേ, എന്നെ കൂടി ഇവർ പിടിച്ചുകെട്ടുകയോ ഉപദ്രവിക്കുകയൊ ചെയ്യുകാനുംമതി. നാം രണ്ടുപേരും ഒന്നിച്ചുവന്ന കള്ളന്മാരാണെന്നോ മറേറാ എന്തെങ്കിലും സൌകര്യംപോലെ ഇവക്കു പറഞ്ഞു രക്ഷ നേടാമല്ലോ. അതുകൊണ്ടു ദയചെയ്തു ഇനി എന്നോടൊന്നും പറയാതിരുന്നാൽ മതി. നിങ്ങളുടെ വസ്ത്രങ്ങൾ ഒരുപക്ഷേ ഇവരുടെ പക്കൽ ഉണ്ടായിരുന്നേക്കാം. എന്നാൽ മേൽപറഞ്ഞ കാരണങ്ങളാൽ എനിക്കു ശുപാർശ ചെയ്യുവാൻ നിവൃത്തിയില്ല.

ഇത്രയും പറഞ്ഞവസാനിച്ചശേഷം ഉമർ അവിടംവിട്ടു നേരെ ബാദുഷയുടെ സമീപത്തിലേക്കു നടന്നു. ഈ അവസരത്തിലും ബാദുഷയുടെ സദസ്സിൽ സബ്ബത്തുസല്ക്കാരം നടത്തുകൊണ്ടിരിക്കുകയായിരുന്നു. ഉമരും അതിൽകൂടി പങ്കുകൊണ്ടു. ഇങ്ങിനെ അന്നത്തെ രാത്രിയും അവസാനിക്കാറായി. സൂര്യോദയമാകുവാൻ ഏതാനും നാഴികകൾ മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളു. ഉദ്യാനത്തിലെ വിശേഷസംഭവങ്ങൾ ബാദുഷനെക്കൂടി ഒന്നു കാണിക്കണമെന്നു ഉമർ തീർച്ചയാക്കി. അയാൾ ബാദുഷയോടു പറഞ്ഞു. "അല്ലയോ ബാദുഷ! സമയം പ്രഭാതമാകാറായിരിക്കുന്നു. ഉറക്കമിളച്ചുണ്ടായിട്ടുള്ള ക്ഷീണത്തേയും മനോമാന്ദ്യത്തേയും ഇല്ലാതാക്കുവാൻ ഈ സമയത്തു് ഉദ്യാനത്തിലെ സഞ്ചാരം വളരെ പററിയതാണ്. സൌരഭ്യവാഹിനികളായ പുഷ്പങ്ങളെല്ലാം വികസിച്ചു ഹിമകണങ്ങളാകുന്ന ശിരോരത്നങ്ങളുമണിഞ്ഞു അത്യന്തം മനോഹരമാംവിധം സ്ഥിതിചെയ്യുന്ന കാഴ്ചകൾ കാണുന്നതും സുഗന്ധപരിപൂർണ്ണമായ അവിടത്തെ വായുവേല്ക്കുന്നതും വളരെ നന്നാണ് ചുരുക്കിപറഞ്ഞാൽ എല്ലാംകൊണ്ടും ഈ പ്രഭാത സമയത്തു ഉദ്യാനത്തിൽ ചുററിത്തിരിയുന്നതു വളരെ നന്നാണ്.

ബാദുഷ അങ്ങിനെതന്നെ എന്നു സമ്മതിച്ചു് അമീറിനെ ഒരു കരത്തിൽ പിടിച്ചുകൊണ്ടും മററു സഭാംഗങ്ങളെ കൂടെ ക്ഷണിച്ചുകൊണ്ടും ഉമറൊന്നിച്ചു ഉദ്യാനത്തിലേക്കു നടന്നു. കെട്ടുപെട്ടു കിടക്കുന്ന ബഹ്ത്തക്കിനെ ബാദുഷ നേരിട്ടു കാണണമെന്നും അതിലേക്കുള്ള അവസരം ഉണ്ടാക്കണമെന്നും മാത്രമേ ഉമറിനാശയുണ്ടായിരുന്നുള്ളു. ഉമർ ബാദുഷയുമായി ആ ഉദ്യാനത്തിൽ അങ്ങിങ്ങായി ചുററിനടന്നശേഷം ബഹ്ത്തക് കെട്ടുപെട്ടുകിടക്കുന്ന വൃക്ഷത്തോടു സമീപിച്ചു. നഗ്നനായി വൃക്ഷത്തിൽ കെട്ടുപെട്ടുകിടക്കുന്ന ബഹ്ത്തക്കിനെ യാദൃശ്ചികമായി ബാദുഷ കണ്ടു. അദ്ദേഹം പെട്ടെന്നു് അത്യാശ്ചര്യപരതന്ത്രനായിത്തീർന്നു. ബാദുഷയെ കണ്ടതോടുകൂടി ബഹ്ത്തക്കിന്റെ ജീവൻ പകുതിയും അസ്തമിച്ചു

പോയി ലജ്ജാഭരത്താൽ അവൻെറ തല താനേ താണു. എങ്കിലും അവൻ തൻെറ ദയനീയസ്ഥിതിയെക്കുറിച്ചു ബാദുഷയോടു പറയുന്നതിലേക്കായി തലപൊന്തിച്ചു അവൻ പറഞ്ഞു. "പൂജ്യനായ ബാദുഷേ! ഞാൻ വിചാരിച്ചിരിക്കാതെ ഈ ഉദ്യാനത്തിലേക്കു കടന്നുവന്നു. അപ്പോൾ ഇവിടത്തെ രക്ഷാജനങ്ങളിൽ ചിലർ കൂടി എന്നെ പിടിച്ചു നിർദ്ദയം ഇതാ കെട്ടിയിട്ടിരിക്കുന്നു! ഇതിനുതക്ക യാതൊരു തെററും എന്നിൽനിന്നു വന്നിട്ടില്ല". ബാദുഷ ബഖ്ത്തക്കിനെ കണ്ടതും അയാൾ ബാദുഷയോടു സംസാരിച്ചതുമൊന്നും കാവൽക്കാരിൽ പ്രമാണി അറിഞ്ഞില്ല. ബദുഷയെ കണ്ട ഉടൻ അയാൾ അദ്ദേഹത്തിൻെറ സമീപത്തിൽ ഓടിഎത്തി ഇങ്ങിനെ അറിയിച്ചു. "അല്ലയോ ബാദുഷ! ഇന്നു രാത്രി നമ്മുടെ ഈ ഉദ്യാനത്തിൽ ഒരു കള്ളൻ കടന്നുവന്നു. വെള്ളം ഒഴുകുവാനിട്ടിരിക്കുന്ന ഓടവഴിക്കാണവൻ കടന്നു കയറിയതു്. ഞങ്ങൾ ഉടൻതന്നെ അവനെ ഇതാ ഇവിടെ പിടിച്ചു കെട്ടിയിരിക്കുന്നു. അവൻ സാധാരണ കള്ളനൊന്നുമല്ല. അതിനാൽ രാത്രിമുഴുവൻ അവനെ ഞങ്ങൾ വളരെ ജാഗ്രതയോടുകൂടിയാണു സൂക്ഷിച്ചതു്. ചില പ്രഹരങ്ങളും ഞങ്ങൾ അവനു സമ്മാനിച്ചു. അടികൊണ്ടപ്പോൾ അവൻ ബാദുഷയുടെ മന്ത്രിയായ ബഖ്ത്തക്കാണു താനെന്നു പറഞ്ഞു ഞങ്ങളെ വഞ്ചിച്ചു കടന്നുകളയുവാൻ ശ്രമിച്ചു. എന്നാൽ ഞങ്ങൾ അതു കേട്ടു വിശ്വസിക്കുമോ; അവനെ കൈവിടുമോ? ഇതാ അവനെ ഇവിടെ അടുത്തുതന്നെ കെട്ടിഇട്ടിട്ടുണ്ടു്" എന്നു പറഞ്ഞു ആ സ്ഥലം ചൂണ്ടിക്കാണിച്ചു കൊടുത്തു. ബാദുഷയും അമീർ മുതലായവരും കുറേനേരം ബന്ധനസ്ഥനായിക്കിടന്നിരുന്ന ബഖ്ത്തക്കിനെ തന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടു് അവിടത്തന്നെ നിന്നു. അപ്പോൾ തന്ത്രശാലിയായ ഉമർ ബാദുഷയുടെ മുൻഭാഗത്തേക്കു മാറിനിന്നു് ഇങ്ങിനെ പറഞ്ഞു. "ബാദുഷ! അർദ്ധരാത്രിസമയം അനാവധി ബുദ്ധിമുട്ടുകൾ സഹിച്ചു നഗ്നവേഷത്തിൽ അഴുക്കുജലമൊഴുകുന്ന ഓടവഴി ഒരു കള്ളനെപോലെ ബഖ്ത്തക്ക്—അങ്ങയുടെ മന്ത്രിപദത്തെ അലങ്കരിക്കുന്ന യോഗ്യപുരുഷനായ ആ ബഖ്ത്തക്—ഈ ഉദ്യാനത്തിൽ കടന്നു വരികയോ; ഒരിക്കലുമില്ല. അതിനാൽ ഇതു നിശ്ചയമായും നമ്മുടെ ബഖ്ത്തക്കായിരിക്കുകയില്ല. കാഴ്ചയിൽ ബഖ്ത്തക്കിനെപോലെ തോന്നുന്നുണ്ടായിരിക്കാം. എന്നാൽ ഇതു ബഖ്ത്തക്കല്ലെന്നാണു എൻെറ അഭിപ്രായം. ബഖ്ത്തക്കിൻെറ വേഷത്തിൽ ഏതോ ചൈത്താനാണു വന്നിരിക്കുന്നതു്. അങ്ങയെ എന്തോ കബളിപ്പിക്കുവാൻ വേണ്ടി ചൈത്താനെടുത്ത വേഷമാററമാണിതെന്നതിൽ തെല്ലും സംശയമില്ല. അതിൻെറ പരമാർത്ഥമറിയണമെങ്കിൽ കുറച്ചുനേരം നാം ഇവിടെത്തന്നെ നിന്നാൽ മതി. സൂര്യോദയമാകാറായില്ലേ. ഇനി അധികനേരത്തേക്കു

ഈ മായാശക്തി നിലനില്ക്കുകയില്ല. ഏകദേശം രണ്ടുനാഴികകൂടി കഴിഞ്ഞാൽ പിന്നെ ഈ രൂപം ഇവിടെ കാണുകയേ ഇല്ല. കാററുപോലെ നിശ്ശേഷം ഇവിടെനിന്നും മാഞ്ഞുപോകും. പിന്നീടു ഈ രൂപത്തെ ഇവിടെയുള്ള ആരുടെ കണ്ണുകളിലും ദശിക്കുവാൻ സാധിക്കുന്നതുമല്ല".

ഉടനെ ബാദുഷയും കൂട്ടുകാരും കൂടി ബഹ്ത്തക് കെട്ടുപെട്ടുകിടക്കുന്ന ആ വൃക്ഷത്തോടു നന്നേ അടുത്തു. ഉമറിൻെറ വാക്കുകൾ ബാദുഷ ഏറക്കുറെ വിശ്വസിച്ചെങ്കിലും ഇതെല്ലാം ഉമറിൻെറ ഏതോ തന്ത്രമായിരിക്കുമെന്നു തീച്ചയാക്കിയ അമീർ ബഹ്ത്തക്കിൻെറ ഏററവും സമീപമട്ടത്തു് ആ ഇരുൾച്ഛായയിൽ മുഖം പിടിച്ചുയത്തി പരിശോധിച്ചു. എന്തു സംശയിക്കാനാണ്. അതു സാക്ഷാൽ ബഹ്ത്തക്കുതന്നെ എന്നു അദ്ദേഹത്തിനും മററുകൂടെയുണ്ടായിരുന്നവക്കും മനസ്സിലായി. ബഹ്ത്തക്കിൻെറ ഈ കേവലാവസ്ഥയിൽ അവക്കുതന്നെയും വളരെ ലജ്ജ ജനിച്ചുപോയി. കൂട്ടത്തിൽ ചിലർ ബാദുഷ സമീപത്തു നില്ക്കുന്നുവെന്നുപോലും ചിന്തിക്കാതെ പരിഹാസസൂചകമായി അത്യുച്ചത്തിൽ പൊട്ടിച്ചിരിച്ചു. ഉടൻതന്നെ അമീർ ബഹ്ത്തക്കിനെ കെട്ടഴിച്ചു വിടുവിച്ചു ശരീരമെല്ലാം പരിശോധിച്ചു. അടികൊണ്ട പാടുകൾ രൂക്ഷാകൃതിയിൽ തടിച്ചുയന്നു നിന്നിരുന്നതു കണ്ടപ്പോൾ അവക്കു തന്നെയും വളരെ സങ്കടം തോന്നി. ഈ സമയം തൻെറ വിശ്രമവേളയിൽ ദുഷ്കൃത്യത്തിന്നൊരുങ്ങിയ ചതിയനായ ബഹ്ത്തക്കിനു നേരിട്ട അപമാനം കണ്ടറിവാനോ എന്നു തോന്നുംവിധം സൂയ്യദേവനും ഉദയാചലത്തിൽ വന്നു തല പൊന്തിച്ചു. ലോകമെങ്ങും നിറഞ്ഞിരുന്ന അന്ധകാരം ഘോരഗുഹാന്തർഭാഗങ്ങളിൽ പോയി ഒളിഞ്ഞു. സവ്വത്ര വെളിച്ചം വ്യാപരിച്ചു. ഹിമഛായയാൽ അലംകൃതമായിരുന്ന വൃക്ഷലതാദികളുടേയും കുസുമകുലങ്ങളുടേയും പ്രഭാമയം അത്യന്തം നയനമോഹനമായി പരിലസിച്ചു. ബാദുഷയുടെ ശ്രദ്ധ ആ പ്രകൃതിവിലാസത്താൽ ആകൃഷ്ടമായിത്തീന്നു. അപ്പോൾ അദ്ദേഹം, ബഹ്ത്തക്കിനെ കൂട്ടിച്ചുകൊണ്ടുപോയി ഉദ്യാനത്തിനു പുറമേ അടിച്ചു തുരത്തിവിട്ടുകളയുവാൻ ഉദ്യാനപാലകന്മാരായ ഭടന്മാക്കു കല്പന കൊടുക്കുകയും ചെയ്തു. എന്നാൽ അമീറാകട്ടെ ബാദുഷയെ തടഞ്ഞു് വളരെ ശാന്തമായി ഇങ്ങിനെ പറഞ്ഞു: "അല്ലയോ ബാദുഷ! ഇയാൾ അറിവില്ലാതെ ചെയ്തുപോയ തെററിനെ സദയം ക്ഷമിച്ചു ഈ പ്രാവശ്യം മാപ്പുകൊടുക്കണം. ഇനി മേലാൽ ഇയാൾ ഇതുമാതിരി ഒരു തെററു ചെയ്യുകയില്ല".

അമീറിൻെറ അഭിമതങ്ങൾക്കു വിപരീതം ഭാവിക്കുവാൻ ബാദുഷ അശക്തനാണെന്നു പറയേണ്ടതില്ലല്ലോ. ഉടൻതന്നെ അയാളെ സ്വതന്ത്രനാക്കി അമീറിൻെറ ഇഷ്ടംപോലെ വിട്ടുകൊള്ളുവാൻ അദ്ദേഹം അനു

വദിച്ചു. അനന്തരം അമീർ ഏതാനും വസ്തുങ്ങൾ വരുത്തി ബഫ്ത്തക്കിനുകൊടുത്തു അയാളെക്കൂടി തങ്ങളോടൊന്നിച്ചുകൂട്ടി എല്ലാവരുമായി ബംഗ്ലാവിലേക്കു തിരിച്ചു. ഉദ്യാന സദനത്തിൽ എത്തി എല്ലാവരും യഥാസ്ഥാനങ്ങളിൽ ഇരുന്നു. അപ്പോൾ ഉമർ ബഫ്ത്തക്കിനും അവിടെ മാന്യമായ ഒരു സ്ഥാനം നൽകി. അതിനുശേഷം ഉമർ, രാത്രിയിൽ ഉദ്യാനത്തിൽ കടക്കുവാൻ ചെയ്യ ശ്രമത്തിൽ ബഫ്ത്തക് അനുഭവിച്ച കഷ്ടതകളെപ്പററിയെല്ലാം വലിയ അനുതാപമുള്ളവനെപോലെയെങ്കിലും പരിഹാസസ്വരത്തിൽ ബാദുഷയോടു പറഞ്ഞു. ഉമറിൻെറ ഓരോ വാക്കുകളും ഉമറിൻെറ ഹൃദയത്തിൽ ആഞ്ഞുകുത്തുന്നുണ്ടായിരുന്നു. അയാൾ ഇതെല്ലാം കേൾക്കുയെല്ലാതെ മറെറന്താണു ചെയ്യുക. സദസ്യരെല്ലാം പൊട്ടിച്ചിരിക്കുവാനും തുടങ്ങി. ഇടയ്ക്കിടക്കു പരിചാരകന്മാരുടെ അടിയേററുണ്ടായ പാടുകളും ഉമർ ബാദുഷയെ തൊട്ടുകാണിക്കുന്നുണ്ടായിരുന്നു. ആജ്ഞയെ അതിലംഘിച്ചു രാത്രിയിൽ ഉദ്യാനത്തിൽ കടന്നതിനു ഇയാൾക്കു ഇതുതന്നെ ശരിയായ ശിക്ഷയാണെന്നും ഉമർ ബാദുഷയെ അറിയിച്ചു.

ഏതാനും നിമിഷങ്ങൾ കഴിഞ്ഞു. അപ്പോൾ ബാദുഷ ഒരു പരിചാരകനെ വിളിച്ചു ഉദ്യാനവാതുക്കൽ കാവൽ നില്ക്കുന്ന ആദിയെ കൂട്ടിച്ചുകൊണ്ടുവരുന്നതിലേക്കായി പറഞ്ഞയച്ചു. അധികം താമസിയാതെ രാജഭടന്മാർ ആദിയോടൊന്നിച്ചു ബാദുഷയുടെ സമീപത്തെത്തി.

ബാദുഷ:—(ആദിയെ നോക്കി) ഈ ഉദ്യാനത്തിനുള്ളിൽ ആരെയും കടത്തിവിടരുതെന്നല്ലേ ഞാൻ നിന്നോടു പ്രത്യേകം ആജ്ഞാപിച്ചിരുന്നതു്. എന്നിട്ടു് ബഫ്ത്തക് ഇവിടേക്കു പ്രവേശിച്ചുവല്ലോ. ഇതിൽനിന്നും നീ എൻെറ ആജ്ഞയെ അനുവകല്ലുകയോ ശരിയാംവണ്ണം നിൻെറ ജോലി നിർവ്വഹിക്കുകയോ ചെയ്യിട്ടില്ലെന്നല്ലേ ഊഹിക്കേണ്ടതു്?

ആദി:—പ്രഭോ! അങ്ങു് എന്നെ തെററിദ്ധരിക്കുന്നു. ഞാൻ എൻെറ ജോലി വളരെ കൃത്യശ്രദ്ധയോടുകൂടിത്തന്നെയാണു നിർവ്വഹിച്ചതു്. ബഫ്ത്തക് എൻെറ സമീപത്തുവന്നു എനിക്കു ചില വിലയേറിയ സമ്മാനങ്ങൾ തരാമെന്നും അയാളെ അകത്തു കടത്തിവിടണമെന്നും ആവശ്യപ്പെട്ടു. ഉടൻതന്നെ ഞാൻ അയാളെ അവിടെനിന്നും അടിച്ചു തുരത്തി വിടുകയാണു ചെയ്യതു്.

ബാദുഷ:—(ബഫ്ത്തക്കിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു) അതാ ആ ഇരിക്കുന്ന ആളിനെ നോക്കുക. അയാൾതന്നെയാണോ നീ പറയുന്ന ബഫ്ത്തക്?

ആദി അങ്ങോട്ടു സൂക്ഷിച്ചപ്പോൾ ബഫ്ത്തക് ഇരിക്കുന്നതായികണ്ടു. ആദിയുടെ കോപം അതോടുകൂടി അതിരുകവിഞ്ഞു അയാൾ ക്ഷണത്തിൽ ബഫ്ത്തക്കിൻെറ സമീപമണഞ്ഞു പിടലിയിൽ കൈകടത്തി തൻെറ

സകല ശക്തിയും പ്രയോഗിച്ചു ഒന്നമത്തിയശേഷം "എടാ ചതിയനായ ബഹ്ത്തക്കേ! നീ ഇവിടെ വന്നു യോഗ്യനായിരിക്കുന്നു അല്ലേ! നീ വെളിയിലേക്കിറങ്ങിവരിക. നിനക്കു ഞാൻ നല്ല സമ്മാനങ്ങൾ തന്നു തൃപ്തിപ്പെടുത്തി അയക്കാം." എന്നു പറഞ്ഞു ഇരിപ്പിടത്തോടുകൂടിത്തന്നെ പിടിച്ചൊരു തള്ളുകൊടുത്തു. ബഹ്ത്തക് തലകുത്തി താഴത്തു വീണിട്ടും ആദിയുടെ ക്രോധം ശമിച്ചില്ല. അയാൾ വീണ്ടും മുന്നോട്ടടുക്കുന്നതുകണ്ടു അമീർ തടഞ്ഞു നിൎത്തി ഇങ്ങിനെ പറഞ്ഞു. "ആദി! ഇനി നിങ്ങൾ അയാളെയാതൊന്നും ഉപദ്രവിക്കേണ്ട. അയാളുടെ തെററുകളെല്ലാം ബാദുഷ ക്ഷമിച്ചിരിക്കുന്നു. കോപമടക്കുക. നിങ്ങൾ നിങ്ങളുടെ ജോലിസ്ഥലത്തേക്കു മടങ്ങിപ്പോയി ഇനിയെങ്കിലും ആരും അകത്തു കടന്നു വരാതിരിക്കുവാൻ സൂക്ഷിക്കുക."

അടുത്തക്ഷണത്തിൽതന്നെ ആദി അവിടംവിട്ടു ഉദ്യാനവാതുക്കലുള്ളതന്റെ ആസനം കൈക്കൊണ്ടു. മുൻപിലത്തേക്കാൾ ഒന്നുകൂടി ഊർജ്ജിതമായി ജോലി നോക്കുവാനും തുടങ്ങി. ബാദുഷ അമീറിന്റെ ഹൃദയോല്ലാസത്തെ കരുതി സദസ്സിൽ വീണ്ടും പലേ വിനോദങ്ങളും നടത്തിച്ചു. ഇങ്ങിനെ രാപകലൊഴിയാതെ അഞ്ചു ദിവസങ്ങളോളം കഴിഞ്ഞു. ഇത്രയും ദിവസത്തെ ഉറക്കമില്ലാച്ചുണ്ടായ ക്ഷീണം ബാദുഷയെ ക്രമാതീതമായി പിടിപ്പിക്കുകയാൽ അദ്ദേഹം ഗാഢനിദ്രയിൽ ലയിച്ചു. ഈ അവസരത്തിൽ അമീർ തന്റെ വസ്ത്രങ്ങൾ മാറുന്നതിലേക്കായി അകത്തു ഭാഗത്തുള്ള ഒരു മുറിയിലേക്കും പോയി. അമീറിന്റെ കൂട്ടുകാരായി ആ സദസ്സിലുണ്ടായിരുന്നവരെല്ലാം ഈ സമയം പാഴിൽ കളയാതെ ഉദ്യാനത്തിൽ ഒന്നു ചുററാമെന്നു പറഞ്ഞു പുറത്തേക്കിറങ്ങി. വസ്ത്രം മാറി ക്ഷണത്തിൽ അമീറും അവരോടൊന്നിച്ചു തിരിച്ചു. എല്ലാവരുമായി ആ ഉദ്യാനത്തിൽകൂടി ചുററിത്തിരിഞ്ഞു വരുമ്പോൾ ഒരു ശുദ്ധജലതടാകം സ്ഥിതിചെയ്യുന്നതായി കണ്ടു. കുളിക്കുന്നതായാൽ തല്ക്കാലക്ഷീണശമനത്തിനും ശരീരശുദ്ധിക്കും അതിലിറങ്ങി ഒന്നു കുളിക്കുന്നതു നന്നായിരിക്കുമെന്നു കരുതി അമീർ കുളിക്കുന്നതിലേക്കായി തടാകത്തിലേക്കിറങ്ങി. വേറെ ചില വസ്ത്രങ്ങൾ എടുത്തുകൊണ്ടു വരുന്നതിലേക്കായി മക്ബൂലിനെ തന്റെ ബംഗ്ലാവിലേക്കും പറഞ്ഞയച്ചു. അമീർ കുളിക്കുവാനിറങ്ങിയ ആ തടാകത്തിന്റെ ഒരു ഭാഗത്തായിരുന്നു നൌഷർവാൻ ബാദുഷയുടെ അരമന സ്ഥിതിചെയ്യിരുന്നതു്. ഈ അവസരത്തിൽ ബാദുഷയുടെ ഏകപുത്രിയായ മെഹർനികർ എന്ന തരുണീരത്നം ഒരു വാതായനത്തിലൂടെ തടാകത്തിലേക്കു നോക്കികൊണ്ടു തന്റെ മുറിയിൽ ഇരിക്കുകയായിരുന്നു. അമീറിന്റെ അലോകസാധാരണവും സകലജനമനോവശ്യവുമായ സൌന്ദൎയ്യം കണ്ടമാത്രയിൽ ആ യുവതി അന്തരംഗത്തിൽ അടക്കവെഹിയാത്ത ആശയുള്ളവളായി ഭേിച്ചു

നാളതുവരെ യാതൊരു ചിന്തയ്ക്കും അധീനമാകാതിരുന്ന ആ നിൎമ്മലഹൃദയത്തിൽ ഉദയം ആശയുടെ ആധിക്യത്താൽ അവൾ മതിമയങ്ങിയതിൽ അതിശയിക്കുവാനില്ലല്ലോ. അമീർ ഒരുപക്ഷെ തന്നെ കാണാതെ കുളികഴിഞ്ഞു പോയ്ക്കളയുമോ എന്ന ചിന്തയും അവൾക്കുണ്ടായി. തന്നിമിത്തം അവളുടെ ബുദ്ധി പതറിത്തുടങ്ങി. ഏതായാലും തൻെറ ഹൃദയത്തെ വശീകരിച്ച ആ കാമോപമനായ യുവാവൊന്നിച്ചല്ലാതെ താൻ ജീവിതം നയിക്കുന്നതല്ലെന്നും അവൾ തീർച്ചയാക്കി. അമീറിൻെറ ശ്രദ്ധയെ തന്നിലേക്കാകൎഷിക്കുവാൻ എന്താണു ചെയ്യേണ്ടതെന്നറിയാതെ ഏതാനും നിമിഷത്തോളം അവൾ വല്ലാതെ കുഴങ്ങി. ഒടുവിൽ അവൾ തൻെറ കഴുത്തിൽ കിടന്നിരുന്ന വിലയേറിയ മുത്തുമാല അഴിച്ചെടുത്തു അമീറിനെ ലക്ഷ്യമാക്കി വലിച്ചെറിഞ്ഞു. ഒരു ഝംകാരനാദത്തോടുകൂടി ആ മുത്തുമാല ലക്ഷ്യം തെററാതെ അമീറിൻെറ ഭുജത്തിന്മേൽ വന്നു വീണു. പെട്ടെന്നു് അമീർ അതു കൈയിലെടുത്തു പരിശോധിച്ചശേഷം അതു വന്നവഴിയെ ലക്ഷ്യമാക്കി തൻെറ നയനങ്ങളെ നയിച്ചു. ക്ഷണനേരത്തിനുള്ളിൽ അമീറിൻെറ ദൃഷ്ടികൾ ആ കുവലയമിഴികളുമായി കൂട്ടിമുട്ടി! ഹാ! ഹാ! ഞാനെന്താണിക്കാണുന്നതു്?

"ലാവണ്യക്കടലിൽ കളങ്കമിയലാതുണ്ടായ വാർതിങ്കളോ
പൂവമ്പൻെറ പുകഴ്ക്കാട്ടിവിലസും പുത്തൻ കൊടിക്കൂറയോ?
ദൈവത്തിൻെറ വിചിത്രസൃഷ്ടിവിരുതോ ശൃംഗാരസൂക്താന്മിഷൽ
കൈവല്യപ്പൊരുളോ നമുക്കെതിരിലിക്കാണാകുമേണാക്ഷിയാൾ?"

എന്നിങ്ങിനെ അമീർ പലവിധ ചിന്തകളോടുംകൂടി ഏതാനും നിമിഷം അതേ നില്പിൽ നിശ്ചഞ്ചലനായി നിന്നുപോയി. അടുത്ത മാത്രയിൽ അദ്ദേഹം മോഹബദ്ധനായി ജലത്തിൽ വീണു. ഇതേ അവസരത്തിലായിരുന്നു വസ്ത്രങ്ങളുംകൊണ്ടു മക്ബൂൽ മടങ്ങി എത്തിയതു്. അയാൾ വേഗം വെള്ളത്തിൽ ചാടി അമീറിനെ ഉയൎത്തി എടുത്തു കൽപ്പടികളിന്മേൽ ഇരുത്തി വേണ്ട ശുശ്രൂഷകൾ ചെയ്തുതുടങ്ങി. കുറച്ചു സമയങ്ങൾക്കുശേഷം അമീറിനു പൂൎണ്ണസ്മരണയുണ്ടായി. തൻെറ പരിതാപകരമായ അവസ്ഥാന്തരത്തെ പററിയുള്ള ബോധവും അദ്ദേഹത്തിനുണ്ടായിരുന്നു. തന്നാൽ കഴിവുള്ളത്ര ധൈര്യം കൈക്കൊണ്ടു ഹൃദയോദ്വേഗത്തെ നിശ്ശേഷം ശമിപ്പിക്കുവാൻ അദ്ദേഹം കഴിവുള്ളത്ര ശ്രമിച്ചുനോക്കി. എന്നാൽ വികാരാധിക്യത്താൽ ആ ശക്തി അതീതമായിത്തീൎന്നതേയുള്ളു.

അമീറിൻെറ ഈദൃശാവസ്ഥകണ്ടു മക്ബൂൽ അത്യന്തം താന്തനായിഭവിച്ചു. ധീരചിത്തനായ അമീർ പെട്ടെന്നു ഈ അവസ്ഥാന്തരത്തെ പ്രാപിച്ചുകണ്ടതിനാലാണു് മക്ബൂലിൻെറ ഹൃദയം തപിച്ചതു്. അയാൾ സാവധാനത്തിൽ അമീറിനെ നോക്കി ഇങ്ങിനെ പറഞ്ഞു. "പ്രിയ

സുഹൃത്ത! അല്ലയോ പ്രിയപ്പെട്ട അമീർ! അങ്ങയെ അപേക്ഷിച്ച് എല്ലാം കൊണ്ടും താഴ്ന്ന പടിയിൽ സ്ഥിതിചെയ്യുന്ന ഞാൻ അങ്ങേക്കു സാരോപദേശം ചെയ്വാൻ അശക്തനും എന്റെ ആ ശ്രമം അവിവേകവുമാണ്. എങ്കിലും ഈ സന്ദർഭം എന്നെ അതിന്നനുവദിക്കുന്നില്ല. ഞാൻ പറയുന്ന ചില വാക്കുകൾ അങ്ങു ശ്രദ്ധിക്കണം. ഈ സ്ഥലം ഏതാണെന്നും അങ്ങെന്തിന്നായിട്ടാണിവിടെ വന്നതെന്നും ആലോചിക്കണം. ഈ തടാകതീരത്തിൽ അങ്ങയെ ഈ രൂപത്തിൽ വന്നു കാണുന്നവർ അങ്ങയെ ഏതു നിലയിലാണ് അവഹേളിക്കുന്നതെന്നും അങ്ങ് ആലോചിച്ചുനോക്കണം. അതിനാൽ എത്രയും വേഗത്തിൽ വസ്ത്രം മാറി ബാദുഷയുടെ ഉദ്യാനസദനത്തിലേക്കു പോകുവാൻ തയാറാകുക."

മക്ബൂലിന്റെ വാക്കുകൾ അമീർ സാദരം സ്വീകരിച്ചു. അദ്ദേഹം പെട്ടെന്നെഴുന്നേറ്റു വസ്ത്രങ്ങൾ മാറിയുടുത്തു ധൈര്യാവലംബിയായി രാജസദസ്സിലേക്കു നടന്നു. അവിടെ പതിവുപോലുള്ള വിനോദപ്രദർശനങ്ങൾ നടക്കുന്നുണ്ടായിരുന്നുവെങ്കിലും അമീറിന്റെ ഹൃദയത്തിൽ സൌന്ദര്യവതിയായ മെഹർനികറിന്റെ പ്രതിച്ഛായ അതേരൂപത്തിൽ നിഴലിച്ചിരുന്നതിനാൽ യാതൊന്നിലും അമീറിന് ഒരു രസവുമില്ലാതായി. അവിടെ നടക്കുന്ന സംഗതികൾ എന്തെല്ലാമാണെന്നുകൂടി അമീർ ശ്രദ്ധിച്ചില്ല. കൂടക്കൂടെ തന്റെ ഹൃദയത്തെ അപഹരിച്ച തരുണിയുമായുള്ള സമാഗമസൌകര്യം തനിക്കെപ്പോഴാണുണ്ടാകുവാൻ പോ[illegible]തെന്നോർത്തു ഖേദിച്ചു തുടങ്ങി.

മെഹർനികറിന്റെ അവസ്ഥ ഇതിലും ദയനീയമായിരുന്നു. അമീറിന്റെ സൌന്ദര്യവിഗ്രഹം തന്റെ കൺമുൻപിൽനിന്നും അപ്രത്യക്ഷമായതോടുകൂടി അവളുടെ ഹൃദയം തപിച്ചുതുടങ്ങി. വികാരപടലങ്ങളുടെ വ്യാവർത്തനത്താൽ അവളുടെ ബുദ്ധിതന്നെയും പതറിത്തുടങ്ങി. തൽഫലമായി ക്ഷണനേരത്തിനുള്ളിൽ അവൾ മോഹബദ്ധയായി ആ ഇരുപ്പിൽ നിലംപതിച്ചുപോയി. ഇതുകണ്ടു് അരമനയിലെ പരിചാരികകളെല്ലാം അമ്പരന്ന് അവളുടെ സമീപം ഓടി എത്തി വേണ്ട ശുശ്രൂഷകൾ ചെയ്തുതുടങ്ങി. തങ്ങളുടെ സ്വാമിനിക്കു എന്തനർത്ഥമാണ് നേരിട്ടതെന്നോ ഈദൃശാവസ്ഥക്കു കാരണമെന്താണെന്നോ അവർക്കാർക്കും അറിവാൻ കഴിഞ്ഞില്ല. അവർ തമ്മിൽ തമ്മിൽ ഓരോന്നു പറഞ്ഞു ഖേദിക്കുകയും അടിക്കടി വേണ്ട പരിചര്യകളാൽ അവളെ പൂർവ്വസ്ഥിതിയെ പ്രാപിപ്പിക്കുവാൻ അത്യദ്ധ്വാനം ചെയ്തുതുടങ്ങുകയും ചെയ്തു. എന്നുതന്നെയായിട്ടും രാജകുമാരിയുടെ ആലസ്യത്തിനു തെല്ലും ശമനമുണ്ടായിക്കണ്ടില്ല. വല്ല ഭൂതപിശാചാദികളുടേയും ഉപദ്രവമായിരുന്നേക്കുമോ ഇതെന്നു ചിലരും, പെട്ടെന്നുണ്ടായ ഭയമായിരുന്നേക്കുമോ എന്നു വേറെ ചിലരും ശങ്കിച്ചു. അതതുസമ

ശയങ്ങൾക്കു പററിയ പരിഹാരങ്ങൾ ഓരോരുത്തരും പ്രത്യേകം പ്രത്യേകം ചെയ്യുംന്നാക്കി. എന്നിട്ടും ആശാസ്യമായ ഫലമൊന്നുമുണ്ടായി കണ്ടില്ല. ഇങ്ങിനെ ഏതാനും മണിക്കൂറുകൾ കഴിഞ്ഞു. അപ്പോൾ രാജകുമാരിക്കു സാമാന്യം സ്മരണയുണ്ടായി അവൾ കണ്ണുതുറന്നു തന്റെ ചുററും നിന്നിരുന്ന സഖീജനങ്ങളെ സൂക്ഷിച്ചുനോക്കി. ഉടൻതന്നെ സഖികൾ വിശിഷ്ടങ്ങളായ പാനീയപദാൎത്ഥങ്ങൾ കൊണ്ടുവന്നുകൊടുത്തു അവളുടെ ദാഹത്തിനും ക്ഷീണത്തിനും തെല്ലു ശമനം വരുത്തി. തന്റെ ഈ അവസ്ഥാന്തരത്തിൽ സഖികളെല്ലാം ശങ്കാകുലകളായിത്തീരുവാനിടയുണ്ടെന്നു കരുതി ആകുന്നത്രധൈൎയ്യം അവലംബിച്ച് അവൾ എണിററിരുന്നു. തന്റെ ഈ രഹസ്യം സഖികളോടു തുറന്നു പറയുന്നപക്ഷം ക്ഷണനേരത്തിനുള്ളിൽ അതു സൎവ്വത്ര പരസ്യമായിത്തീരുന്നതിനു തന്മൂലം തനിക്കും തന്റെ കുടുംബത്തിനും അസാമാന്യമായ പേരുദൂഷ്യം നേരിടുന്നതാണെന്നും ബുദ്ധിമതിയായ അവൾക്കു തോന്നി. അതിനാൽ അവൾ തന്റെ സഖീജനങ്ങളോടിങ്ങിനെ പറഞ്ഞു. "പ്രിയസഖികളെ! നിങ്ങളാരും ഭയപ്പെടേണ്ട. എനിക്കു യാതൊരസ്വാസ്ഥ്യവുമില്ല. വിചാരിച്ചിരിക്കാതെ എനിക്കൊരു തലച്ചുററലുണ്ടായി. അതോടുകൂടിയാണ് ഞാൻ സ്മരണയററു നിലം പതിച്ചുപോയതു്. ഇപ്പോൾ എനിക്കു പരിപൂൎണ്ണമായ സുഖമുണ്ട്". ഇതു കേട്ട് അവരെല്ലാം വളരെ സന്തോഷിച്ചു.

സദാ സമയവും വളരെ സന്തോഷമായും ഉന്മേഷമായും കഴിഞ്ഞുവന്നിരുന്ന അമീർ ബാദുഷയുടെ പുത്രിയെ കണ്ടതുമുതൽ അത്യന്തം താന്തനായും ഒന്നിലും ആശക്തിയില്ലാത്തവനായും ഭവിച്ചു. ബാദുഷയുടെ സദസ്സിൽ കഴിഞ്ഞുകൂടുന്നതുതന്നെയും വലിയ ഭാരമായി തോന്നി. ഏതുവിധേനയും നേരം വൈകിച്ചാൽ മതിയെന്നുള്ള വിചാരംമാത്രമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളു. രാത്രിയായാൽ തന്റെ ഹൃദയാസ്വാസ്ഥ്യത്തിനു തെല്ലു ശമനം ലഭിക്കുമെന്നു കരുതുകയാൽ പകൽ ഒട്ടും അവസാനിക്കുന്നില്ലെന്നു അദ്ദേഹത്തിനു തോന്നിത്തുടങ്ങി. ഓരോ നിമിഷവും ഓരോ വൎഷംപോലെ അമീർ കഴിച്ചുകൂട്ടി.

രാത്രികാലങ്ങളിലും ബാദുഷയുടെ സദസ്സുകൂടുക സാധാരണയായിരുന്നു. അമീറില്ലെങ്കിൽ ബാദുഷക്കു സദസ്സേ ഇല്ല. ബാദുഷ അറിയാതെ അമീറിനു അവിടം വിടുവാനും നിവൃത്തിയില്ലാ അമീർ ആകപ്പാടെ വിഷമിച്ചു. അൎദ്ധരാത്രി സമയമായിട്ടും ബാദുഷ തന്റെ സദസ്സിലെ ആഘോഷങ്ങൾക്കോ, ആഭാടങ്ങൾക്കോ അല്പമെങ്കിലും ന്യൂനതവരുത്തിയതുമില്ല. ഏതു വിധത്തിലെങ്കിലും അന്നുരാത്രിതന്നെ, തന്റെ ഹൃദയം കവൎന്നെടുത്ത ആ രാജകുമാരിയുമായി ഒരു കൂടിക്കാഴ്ച നടത്തണമെന്നായിരുന്നു അമീറിന്റെ സ്ഥിരനിശ്ചയം. എന്നാൽ, ബാദുഷയുടെ ശ്രദ്ധ സദാനേ

യവും തന്നിൽതന്നെ സവിശേഷം പതിഞ്ഞിരിക്കുകയാൽ എന്താണു ചെയ്യേണ്ടതെന്ന് അദ്ദേഹം പലതും ആലോചിച്ചു വിഷമിച്ചു. അനന്തരം അദ്ദേഹം ബാദുഷയെനോക്കി ഇങ്ങിനെ പറഞ്ഞു:—"പ്രഭോ! ഏതാനും ദിവസമായി ഞാൻ ഇങ്ങിനെ ഉറക്കമില്ലാകുകയാൽ എനിക്കു വളരെ അസ്വാസ്ഥ്യമായിരിക്കുന്നു. അതുകൊണ്ട് എന്നെ ഇന്നു ഇവിടം വിട്ടു പോകുവാൻ അനുവദിക്കണം. എവിടെയെങ്കിലും ചെന്നു കിടന്നു നല്ലതുപോലെ ഒന്നുറങ്ങി രാവിലെ വന്നുചേർന്നുകൊള്ളാം ഇന്നു ഞാൻ ഉറങ്ങാത്തപക്ഷം എൻെറ ശരീരസ്ഥിതി വളരെ കഷ്ടത്തിലായിത്തീരും". ബാദുഷ അമീറിനെ പോകുവാനനുവദിച്ചു. അതോടുകൂടി പരമസന്തുഷ്ടനായ്ത്തീർന്ന അമീർ തൻെറ കൂട്ടുകാരനായ മക്ബൂലൊന്നിച്ചു രാജസദസ്സിൽനിന്നും പുറത്തു കടന്നു. രാജകുമാരിയെ ചെന്നു കാണണമെന്നുള്ള അതിമോഹത്താലാണ് അമീർ സദസ്സിൽനിന്നും പുറത്തുകടന്നത് അതിനാൽ അദ്ദേഹം നേരെ അന്തഃപുരത്തിനു സമീപത്തേക്കു നടന്നു. അവിടെ എത്തി പരിശോധിച്ചപ്പോൾ അകത്തേക്കു പ്രവേശിക്കുവാൻ യാതൊരു മാൎഗ്ഗവും കാണായ്കയാൽ അദ്ദേഹം വളരെ ക്ലേശിച്ചു. ഒടുവിൽ അവിടമെല്ലാം പരിശോധിച്ചപ്പോൾ ഒരു വലിയ വൃക്ഷം രാജകുമാരിയുടെ അരമനയോടു തൊട്ടു സ്ഥിതി ചെയ്യുന്നതായിക്കണ്ടു. അതിൻെറ മുകളിലത്തെ ശിഖരങ്ങൾ മാളികയുടെ മട്ടുപ്പാവിന്മേൽ പടൎന്നു കിടന്നിരുന്നതിനാൽ തൻെറ ഉദ്ദേശ്യസാദ്ധ്യത്തിന്ന് അത് ഏററവും പററിയതാണെന്നു ബോദ്ധ്യമാകയാൽ അമീർ അത്യന്തം സന്തുഷ്ടനായിത്തീൎന്നു. മക്ബൂലിനെ ആ മരത്തിൻെറ ചുവട്ടിൽ നിൎത്തിയശേഷം അമീർ മുകളിലേക്കു കയറി. അധികപ്രയാസം കൂടാതെ ക്ഷണനേരത്തിനുള്ളിൽ അദ്ദേഹം രാജകുമാരിയുടെ അന്തഃപുരത്തിലുള്ള മട്ടുപ്പാവിന്മേൽ എത്തി.

---

## പതിനെട്ടാം അദ്ധ്യായം.

രാജകുമാരിയുടെ അന്തഃപുരത്തിൻെറ മട്ടുപ്പാവിൽ എത്തിയ അമീർ അവിടമെല്ലാം നല്ലതുപോലെ സൂക്ഷിച്ചു നോക്കിയശേഷം തൻെറ ഹൃദയം കവൎന്ന ആ വിശ്വമോഹിനിയെ ഒന്നു കാണ്മാനുള്ള സൌകൎയ്യം ഏതുവിധത്തിലാണു തനിക്കുണ്ടാകുക എന്നു ചിന്തിച്ചുതുടങ്ങി. കുറച്ചു നേരത്തോളം അദ്ദേഹം ചിന്താകുലചിത്തനായി നിന്ന ശേഷം വീണ്ടും അദ്ദേഹം തൻെറ കണ്ണുകൾ സാവധാനത്തിൽ അവിടമെല്ലാം ഒന്നുകൂടി നയിച്ചു. അപ്പോൾ അധികം ദൂരത്തല്ലാതെ ഒരിടത്തായി ഒരു വാതൽ കാണപ്പെട്ടു. അതോടുകൂടി അത്യന്തം ചാരിതാൎത്ഥ്യത്തോടുകൂടി അമീർ ആ വാതലിൻ സമീപം ചെന്നുനോക്കുമ്പോൾ അതു തുറന്നുകിടക്കുന്നതായി കണ്ടു. അതും

അദ്ദേഹത്തിനു കൂടുതൽ സമാധാനത്തിനും സന്തൃപ്തിക്കും കാരണമായിത്തീൎന്നു. അമീർ അകത്തേക്കൊന്നു സൂക്ഷിച്ചുനോക്കിയപ്പോൾ നക്ഷത്രങ്ങളാൽ ചൂഴപ്പെട്ട ചന്ദ്രനെപ്പോലെ അനവധി സഖികളുടെ മദ്ധ്യത്തായി രാജകുമാരിയായ മെഹർന്നികർ അത്യന്തം പ്രസന്നവദനയായി സ്ഥിതിചെയ്യുന്നതു കണ്ടു. ഈ അപൂൎവ്വദൎശനം അമീറിനെ ആനന്ദപുളകാഞ്ചിതനാക്കിത്തീൎത്തു എന്നു പറയേണ്ടതില്ലല്ലോ. അവരുടെ ആരുടേയും ശ്രദ്ധയിൽ പെടാതെ അദ്ദേഹം വളരെ രഹസ്യമായി ഒരിടത്തു പതുങ്ങിനിന്നു. അകത്തു നടക്കുന്ന ഓരോ സംഭവങ്ങളും നല്ലതുപോലെ സൂക്ഷിച്ചുനോക്കി. രാജകുമാരിയും സഖിജനങ്ങളും എന്തോ ഒരുതരം സൎബ്ബത്തുകൾ രത്നപ്പാത്രങ്ങളിൽ ഒഴിച്ചു കുടിക്കുകയും വിനോദപ്രദങ്ങളായ ഓരോ വൎത്തമാനങ്ങൾ പറഞ്ഞു രസിക്കുകയും ചെയ്തുകൊണ്ടിരുന്ന ആ കാഴ്ച അമീറിന്റെ സകല അസ്വാസ്ഥ്യങ്ങളേയും തല്ക്കാലത്തേക്കു പരിഹരിച്ചു. മാത്രമല്ല, അനന്യലബ്ധമായ അവളുടെ സൌന്ദൎയ്യവിശേഷം അമീറിനെ വല്ലാതെ താന്തനാക്കിത്തീൎക്കുകയും ചെയ്തു. അദ്ദേഹം അവളുടെ ഓരോ അവയവങ്ങളും സൂക്ഷിച്ചുനോക്കി ആനന്ദിക്കുവാൻ തുടങ്ങി.

മെഹർന്നികർ കാണികൾക്കു പരമ സന്തുഷ്ടയായി കാണപ്പെട്ടിരുന്നുവെങ്കിലും അമീറിനെപ്പററിയുള്ള വിചാരാധിക്യത്താലും അദ്ദേഹത്തെ ഒരു നോക്കു കാണ്മാനുള്ള അത്യാശയാലും അത്യന്തം വിവശയായിത്തീൎന്നിരിക്കുകയായിരുന്നു. തന്റെ മനോഭാവത്തെ യാതൊരു വിധത്തിലും പരിചാരികളിൽ ആരുംതന്നെ അറിയാതിരിക്കുവാൻ വേണ്ടി അവൾ ബാഹ്യങ്ങളായ യാതൊരു ചേഷ്ടകളും ഇടകൊടുക്കാതെ നന്നേ സൂക്ഷിച്ചു. എങ്കിലും വിചാരം അധീകരിക്കുമ്പോൾ അവൾ തന്നെത്തന്നെയും വിസ്മരിച്ചു പോയിരുന്നു. ആ സുഭഗസുന്ദരനായ അമീറിനെക്കൂടാതെയുള്ള ജിവിതം തനിക്കു നരകസമാനമായിട്ടാണു രാജകുമാരിക്കു തോന്നിയിരുന്നതു്. അദ്ദേഹവുമായി ഒരു പ്രാവശ്യമെങ്കിലും ഒന്നു കൂട്ടിമുട്ടുവാനും ആ സുകുമാരകളേബരത്തെ കണ്ടിട്ടെങ്കിലും തന്റെ നേത്രങ്ങളുടെ ജന്മസാഫല്യം വരുത്തുവാനും എന്താണു മാൎഗ്ഗമെന്നു് അവൾ എത്രതന്നെ ആലോചിച്ചിട്ടും യാതൊരു സമാധാനവുമുണ്ടായായില്ല. സഖികൾ മുറയ്ക്കു സ്വൎണ്ണപ്പാത്രങ്ങളിൽ അവൾ വളരെ സ്വാദിഷ്ടങ്ങളായ പാനീയങ്ങൾ പകൎന്നുകൊടുത്തുകൊണ്ടിരുന്നതിനെ അവൾ വാങ്ങി അമീറിനെത്തന്നെ ധ്യാനിച്ചുകൊണ്ടു കുടിക്കുവാൻ തുടങ്ങി. എന്നാൽ അവളുടെ മുഖത്തു ലേശമെങ്കിലും പ്രസന്നതയുണ്ടായിക്കാണായ്കയാൽ സഖികൾക്കു പലേ സംശയങ്ങളും ജനിച്ചു. തന്നിമിത്തം അവർ രാജകുമാരിയുടെ ഓരോ ചേഷ്ടകളേയും പ്രകൃതത്തേയും നല്ലവണ്ണം പരിശോധിച്ചുതുടങ്ങി. ഓരോ നിമിഷം കഴിയുന്തോറും അവളുടെ അവസ്ഥാന്തരം അത്യന്തം രേഖപ്പെട്ടുകൊ

ങ്ങിരുന്നതിനാൽ ചതുരകളായിരുന്ന പരിജനങ്ങൾ അവരാൽ കഴിവുള്ളത്ര സമാധാനവാക്കുകളാൽ അവളെ ആശ്വസിപ്പിക്കുവാൻ ഉത്സാഹിച്ചു. അവൾ ആരിലോ അനുരക്തയായിത്തീൎന്നിട്ടുണ്ടെന്നും ആ ചിന്തയാണു് അവളെ ഈദൃശാവസ്ഥക്കു കാരണമാക്കിത്തീൎന്നിട്ടുള്ളതെന്നും അവൎക്കു നല്ലതുപോലെ മനസ്സിലായിരുന്നതിനാൽ ചിലർ അവളോടിങ്ങിനെ പറഞ്ഞു:—'രാജകുമാരി! ഇപ്പോഴത്തെ ഈ അവസ്ഥകൾ കണ്ടിട്ടു നിങ്ങൾ ആരെയോ ആഗ്രഹിച്ചിരിക്കുന്നുവെന്നും ആ വിചാരം അടക്കുവാൻ ശക്തിയില്ലാതായിത്തീൎന്നിരിക്കുന്നുവെന്നുമാണു ഞങ്ങൾക്കു തോന്നുന്നതു്. ആ സുഭഗൻ ആരായിരിക്കും? അദ്ദേഹം നിങ്ങളേയും കണ്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അദ്ദേഹത്തിനും നിങ്ങളെപ്പോലെയുള്ള അവസ്ഥാന്തരങ്ങൾ നേരിട്ടിരിക്കുമെന്നുള്ളതിൽ സംശയമേ ഇല്ല. ആശ മനുഷ്യരെ അളവററു കഷ്ടപ്പെടുത്തുന്ന ഒന്നാണു്. അതുകൊണ്ടു കുമാരി ആശിച്ച ആ മാന്യദേഹം ആരുതന്നെയായാലും അദ്ദേഹത്തെ ക്ഷണത്തിൽ കണ്ടുപിടിച്ചു് ആഗ്രഹനിവൃത്തി വരുത്തുവാനാണു ഉത്സാഹിക്കേണ്ടതു്. ചിന്താഭാരത്തോടുകൂടി ഇങ്ങിനെ നിരുന്മേഷമായി സമയം കഴിച്ചതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുവാനില്ല'.

തന്റെ അന്തൎഗ്ഗതങ്ങൾ പരിചാരികകൾ മനസ്സിലാക്കിയിരിക്കുന്നു എന്നറിഞ്ഞപ്പോൾ അവൾക്കു സാമാന്യം ആശ്വാസവും സന്തോഷവും ജനിച്ചു. രാജകുമാരിയുടെ മുഖത്തു പെട്ടെന്നൊരു പ്രകാശം പ്രത്യക്ഷീഭവിച്ചു. അവൾ സസ്നേഹം തന്റെ എല്ലാ തോഴികളുടെ മുഖത്തും ഓരോന്നു നോക്കി ഒന്നു പുഞ്ചിരിച്ചു. അപ്പോൾ ബദനാ എന്ന പ്രധാന പരിചാരിക ഒരു സ്വൎണ്ണപ്പാത്രം നിറയെ വളരെ വിശേഷപ്പെട്ട സൎബ്ബത്തൊഴിച്ചു രാജകുമാരിക്കു കുടിക്കുവാനായി കൊടുത്തശേഷം 'രാജകുമാരി! നിങ്ങൾ ഇതു കുടിച്ചാൽ നിങ്ങളെ ബാധിച്ചിട്ടുള്ള സകല ക്ഷീണവും വ്യസനവും പാരവശ്യാദികളും നിശ്ശേഷം ശമിച്ചുപോകും' എന്നു പറഞ്ഞു. രാജകുമാരി പാത്രം വാങ്ങി കൈയിൽ തന്നെ പിടിച്ചുകൊണ്ടു് അവളോടിങ്ങിനെ പറഞ്ഞു:—'ഞാൻ പിന്നീടു സൎബ്ബത്തു കുടിച്ചുകൊള്ളാം. നിങ്ങൾ ഓരോരുത്തരും ഓരോ പാത്രം സൎബ്ബത്തൊഴിച്ചു് നിങ്ങളിൽ ഓരോരുത്തരും ആത്മാൎത്ഥമായി സ്നേഹിക്കുന്ന കാമുകന്മാരുടെ പേരു പറഞ്ഞു് അവരുടെ പ്രീതിക്കായി കുടിക്കുക. അതിനുശേഷം ഞാൻ എന്റെ മനസ്സിനെ അപഹരിച്ചിരിക്കുന്ന സുന്ദരപുരുഷന്റെ—ഞാൻ എന്റെ ജീവിതസാരസൎവ്വസ്വമായി കരുതുന്ന സുമുഖനായ ആ ധീരപുരുഷന്റെ—തിരുനാമത്തെ ഉച്ചരിച്ചു ഞാനും കുടിക്കാം. അവൾ ഇത്രയും പറഞ്ഞവസാനിപ്പിച്ച മാത്രയിൽ ബദനാ ഒരു പാത്രത്തിൽ സൎബ്ബത്തൊഴിച്ചു് 'ഞാൻ ആത്മാൎത്ഥമായി സ്നേഹിക്കുന്നയാൾ ഉമറയ്യാറാണു്. അദ്ദേഹത്തിനു വേണ്ടി

ഇതാ ഞാനിതു കുടിക്കുന്നു' എന്നു പറഞ്ഞു് അതു മുഴുവൻ കുടിച്ചു. അവൾ ഉമറിൻെറ പേരു പറഞ്ഞുകേട്ടപ്പോൾ അമീർ അളവില്ലാതെ ആശ്ചര്യപ്പെട്ടുപോയി. 'ഇതെന്തൊരതിശയമാണ്. ഈ അരമനയിലേക്കു ആദ്യമായി വരുന്ന ആൾ ഞാനാണെന്നാണ് ഇതേവരെ ഞാൻ വിശ്വസിച്ചിരുന്നതു്. എനിക്കു മുൻപേ ഉമർ ഇവിടെ കടന്നുകൂട്ടുകയും ഇവളെ വ്യാമോഹിപ്പിക്കുകയും ചെയ്യുതോൎക്കുമ്പോൾ എനിക്കു വളരെ വിസ്മയം തോന്നുന്നു'. അമീർ ഇങ്ങിനെ ആത്മഗതം ചെയ്യു നില്ക്കുമ്പോൾ വേറൊരു പരിചാരിക എഴുന്നേററ് താൻ ആഗ്രഹിക്കുന്ന ആൾ മക്ബൂലാണെന്നു പറഞ്ഞു് ഒരു പാത്രം പാനീയം കുടിച്ചു. ഇങ്ങിനെ ഓരോ പരിചാരികകളും എഴുന്നേററ് തങ്ങളുടെ കാമുകന്മാരുടെ പേരുകൾ പരസ്യമായി വെളിപ്പെടുത്തി. ഇതെല്ലാം കണ്ടും കേട്ടും ആശ്ചര്യപരതന്ത്രനായിത്തീൎന്നിരുന്ന അമീർ അവിടത്തെ അനന്തരസംഭവങ്ങൾകൂടി അറിവാനുള്ള അത്യാശയാൽ ധൈര്യമവലംബിച്ചു അതേനില്പിൽതന്നെ ഉറച്ചുനിന്നു. പരിചാരികകളെല്ലാം തങ്ങളുടെ രഹസ്യം വെളിപ്പെടുത്തിക്കഴിഞ്ഞപ്പോൾ മെഹർനികർ തൻെറ സർബ്ബത്തുപാത്രം എടുത്തുയൎത്തിപ്പിടിച്ചശേഷം ധീരപരാക്രമിയായിരുന്ന കൈബർ എന്നവനെ എതിൎത്തു ജയിച്ച ശൂരപുരുഷനായ അമീർ അവർകളെയാണു ഞാൻ സ്നേഹിക്കുന്നതു്. അദ്ദേഹത്തെയാണ് ഞാൻ ആത്മാൎത്ഥമായി വരിച്ചിരിക്കുന്നതും. ഇതാ അദ്ദേഹത്തിൻെറ ദീൎഘായുസ്സിന്നായി ഇതിനെ ഞാൻ കുടിക്കുന്നു' എന്നു പറഞ്ഞു അവൾ വളരെ സാവധാനത്തിൽ ആ സർബ്ബത്തു കുടിച്ചുതീൎത്തു. അവളുടെ ഈ മധുരമൊഴി അമീറിനെ സ്വൎഗ്ഗീയമായ ആനന്ദത്തിൽ നിമഗ്നനാക്കിത്തീൎത്തു എന്നു പറയേണ്ടതില്ലല്ലോ. കുറേ നേരത്തേക്കു അദ്ദേഹം സ്മരണയില്ലാതെ നിന്നുപോയി. അനന്തരം അവിടത്തെ അനന്തര സംഭവങ്ങൾ അറിവാനുള്ള അത്യാശയോടുകൂടി അദ്ദേഹം വീണ്ടും അവിടെത്തന്നെ സശ്രദ്ധം നിലകൊണ്ടു. രാജകുമാരി തൻെറ വികാരങ്ങളെ അടക്കുവാൻ ശക്തിയില്ലാതെ കാമപാരവശ്യത്തോടുകൂടി വീണ്ടും രണ്ടുമൂന്നു പാത്രം സർബ്ബത്തുകൂടി വാങ്ങി അമീറിൻെറ പേർ ഉച്ചരിച്ചുകൊണ്ടു കുടിച്ചു. ഇങ്ങിനെ രണ്ടാമത്തു യാമം അവസാനിക്കുന്നതുവരെയും അവർ കഴിച്ചുകൂട്ടി. അനന്തരം നിദ്രാസമയം സമീപിക്കുകയാൽ എല്ലാവരും അതിൽ വ്യാപൃതരായി. രാജകുമാരി തൻെറ ശയ്യയെ അവലംബിച്ചു. എന്നാൽ, അമീറിനെക്കുറിച്ചുള്ള വിചാരം അവളെ വല്ലാതെ അലട്ടിക്കൊണ്ടിരുന്നതിനാൽ ഉറക്കം ലേശംപോലുമുണ്ടായില്ല. സഖികളെല്ലാം രാജകുമാരി ശയിച്ചശേഷം അവരവരുടെ സ്ഥാനങ്ങളിൽ പോയിക്കിടന്നു് നല്ല ഉറക്കമായി. വികാരങ്ങളെ അമൎത്തുവാൻ അശക്തയായിത്തീരുക നിമിത്തം വളരെ അധികസമയം കഴിയുന്നതു വരേയും മെഹർനികറിനു ലേശം

പോലും ഉറക്കമുണ്ടായില്ല. എല്ലാവരും നല്ല ഉറക്കമായശേഷം അവരുടെ മുറിക്കകത്തേക്കു കടക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയായിരുന്നു അമീർ നിന്നിരുന്നതു്. അദ്ദേഹം വളരെ നേരത്തോളം കാത്തുനിന്നു. ഒടുവിൽ സർവ്വത്ര നിശ്ശബ്ദത കളിയാടിയതോടുകൂടി സാവധാനത്തിൽ സൂക്ഷിച്ചു. രാജകുമാരിയും ഉറക്കമായിരുന്നു എന്നു് അദ്ദേഹത്തിനു ബോദ്ധ്യമായി. അപ്പോൾ അമീർ നിശ്ശബ്ദമായി രാജകുമാരിയുടെ മുറിക്കകത്തു കടന്നു് പുറം കിടന്നിരുന്ന സഖികൾ ആരുമറിയാതെ രാജകുമാരിയുടെ കിടക്കയ്ക്കരുകിൽ ചെന്നു അവളുടെ മുഖത്തേക്കു നല്ലതുപോലെ ഒന്നു സൂക്ഷിച്ചു നോക്കി. ഉറക്കത്താൽ മ്ലാനമായിരുന്നുവെങ്കിലും അവളുടെ അപ്പോഴത്തെ മുഖപ്രസാദം അമീറിനെ അത്യധികമായി ആകർഷിച്ചു. എന്തോ ഒരു വലിയ ചാരിതാർത്ഥ്യം അദ്ദേഹത്തിനുണ്ടായതു പോലെ തോന്നി. അമീർ ആ നില്പിൽ ഏതാനും നിമിഷത്തോളം അവളുടെ മുഖത്തു നിന്നും കണ്ണെടുക്കാതെ നോക്കിക്കൊണ്ടു നിന്നു. 'ഞാൻ എത്രയോ ബുദ്ധിമുട്ടുകൾ സഹിച്ചാണു് ഈ സന്ദർഭത്തിൽ ഇവിടെ വന്നുചേർന്നതു്. ഇത്രത്തോളം വന്ന സ്ഥിതിക്കു എന്റെ അഭിനിവേശം പൂർത്തിയാക്കാതെ പോകുന്നതും കഷ്ടമാണു്. രാജകുമാരിയും എന്നെത്തന്നെ അഹർന്നിശം ചിന്തിച്ചുകൊണ്ടാണു സമയം കഴിച്ചുകൂട്ടുന്നതെന്നും എനിക്കു ബോദ്ധ്യമായി കഴിഞ്ഞിരിക്കുന്നു' എന്നിങ്ങിനെ അദ്ദേഹം ഓരോന്നു ചിന്തിച്ചു ധൈര്യമവലംബിച്ചു ശേഷം തന്റെ രണ്ടു കൈമുട്ടുകളും രാജകുമാരിയുടെ തലയിണമേൽ ഊന്നി അവളുടെ ചെഞ്ചുണ്ടുകളിൽ ചുംബിക്കുവാനായി സാവധാനത്തിൽ തലകുനിച്ചു. അവരുടെ മുഖം തമ്മിൽ കൂട്ടിമുട്ടുന്നതിനു മുൻപുതന്നെ സന്തോഷാധിക്യത്താലുണ്ടായ ഉദ്വേഗത്താൽ അമീറിന്റെ കൈകൾ തൽസ്ഥാനത്തുനിന്നും ഒന്നിളകുകയാൽ പെട്ടെന്നു ഈ അദ്ദേഹത്തിന്റെ ശരീരം അവളുടെ മാറിടത്തിൽ ബലമായി പതിച്ചു. യാദൃച്ഛിക സംഭവത്താൽ രാജകുമാരി ഒന്നു ഞെട്ടി കണ്ണുതുറന്നു. അമീർ അവിടെ കടന്നുചെന്നിരിക്കുന്ന യാതൊരോർമ്മയും തനിക്കില്ലാതിരുന്നതിനാൽ അവൾ കള്ളൻ കള്ളൻ എന്നു് അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞു നിലവിളിച്ചുതുടങ്ങി. ഈ ശബ്ദം കേട്ടു പരിചാരികകളിൽ ചിലർ ഉറക്കത്തിൽനിന്നും ചാടിഎണീററു സംഭ്രമത്തോടുകൂടി നാലുപാടും പാഞ്ഞുതുടങ്ങി. ഇതിനകം അമീർ രാജകുമാരിയോടു് താൻ ഇന്നാരാണെന്നറിയിച്ചു. അപ്പൊഴാണു് അവൾക്കു തന്റെ പ്രലപനം അബദ്ധമായിപ്പോയി എന്നു മനസ്സിലായതു്. പരിചാരികകൾ തന്റെ സമീപം പാഞ്ഞെത്തും മുൻപെതന്നെ അമീറിനെ ഒളിപ്പിക്കാത്തപക്ഷം കാര്യം തകരാറായിത്തീരുമെന്നു കരുതി അവൾ അമീറിനോടു താൻ അറിയാതെ ചെയ്തുപോയ തെററിനെ സദയം ക്ഷമിക്കണമെന്നു പറഞ്ഞിട്ടു് അദ്ദേഹ

ത്തെ തൻെറ കിടക്കയ്ക്കടിയിൽ ഒരിടത്തു് ഒളിപ്പിച്ചിരുത്തി. അവരം ഒന്നു മറിയാത്തവളെപ്പോലെ മഞ്ചത്തിൽ സ്ഥിതിചെയ്യുകയും ചെയ്തു. ഇതിനകം പരിചാരികകരം എല്ലാവരും കൂടി രാജകുമാരിയുടെ സമീപം ഓടി എത്തി 'എവിടെ കള്ളൻ; എവിടെ കള്ളൻ?' എന്നു വളരെ സംഭ്രമത്തോടുകൂടി ചോദിച്ചു. താൻ അറിയാതെ ചെയ്തുപോയ അബദ്ധത്തെപ്പററി ഓർത്തു രാജകുമാരി പശ്ചാത്തപിച്ചു. പരിചാരികകളിൽ എന്തെന്നില്ലാതെ ക്ഷോഭം വർദ്ധിച്ചവശാവുകയാൽ അവരെ സമാധാനചിത്തകളാക്കിത്തീക്കാത്ത പക്ഷം കായ്യം തകരാറായിത്തീരുമെന്നു കണ്ടു രാജകുമാരി അവരോടിങ്ങിനെ പറഞ്ഞു:—'നിങ്ങളാരും ഭയപ്പെടുകയോ പരിഭ്രമിക്കുകയോ വേണ്ട. ഇവിടെ കള്ളന്മാരാരും വന്നിട്ടില്ല. ഞാൻ ഒരു സ്വപ്നം കണ്ടു് ഓർമ്മയില്ലാതെ എന്തൊക്കയോ പുലമ്പിപ്പോയതാണ്. നിങ്ങളുടെ നിദ്രക്കു ഭംഗം വരുത്തുവാനിടയാക്കിയതിൽ ഞാൻ വളരെ വ്യസനിക്കുന്നു' എന്നു വളരെ ശാന്തസ്വരത്തിൽ പറഞ്ഞു് അവരെ സമാധാനപ്പെടുത്തിയ ശേഷം അവരുടെ വഴിക്കു പറഞ്ഞയച്ചു.

പകൽ ദൂരത്തൊരിടത്തു കണ്ടു മോഹനിബദ്ധയാക്കിത്തീക്കുവാനിടയാക്കിയ അമീറിനെ രാത്രി വളരെ സൌകൎയ്യമാംവിധം തൻെറ സമീപം ലഭിക്കുക നിമിത്തം രാജകുമാരിക്കുണ്ടായ സന്തോഷം സീമാതീതമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. അദ്ദേഹത്തിൻെറ അളവററ രൂപലാവണ്യം അവളെ മതിമയക്കുകയാൽ രാജകുമാരി സ്മരണയററ തൻെറ കിടക്കമേൽ വീണുപോയി. ഈ തരുണത്തിൽ അമീർ എഴുന്നേററു് അവളുടെ മഞ്ചത്തിൽ കടന്നിരുന്നു് അവളെ താങ്ങി എടുത്തു മാറോടണച്ചു ആശ്ലേഷിച്ചു പലേ പ്രാവശ്യം അദ്ദേഹം അവളെ ചുംബിക്കുകയും ചെയ്തു. അതോടുകൂടി രാജകുമാരി മോഹനിദ്രയിൽനിന്നും പ്രബുദ്ധയായിത്തീൎന്നു. എന്നാൽ അപ്പോഴേക്കും സൂൎയ്യോദയം സമീപിക്കാറായിരുന്നതിനാൽ അവരുടെ ആഗ്രഹങ്ങരം പരിപൂൎണ്ണമാക്കുവാൻ സാധിച്ചില്ല. അമീറിനു് പെട്ടെന്നു് അവിടംവിട്ടു പോരുകണ്ടതായിവന്നു. കുറച്ചു നേരമെങ്കിലും അവളുമായി സരസസല്ലാപങ്ങരം നടത്തി തൻെറ മനസ്സിനെ ആശ്വസ്ഥമാക്കിത്തീക്കാതെ അവിടം വിടുന്നതിൽ അമീറിനുണ്ടായ ഖേദത്തിനും അതിരില്ലായിരുന്നു. സന്ദർഭം അനുകൂലമല്ലാതായിത്തീൎന്നാൽ എന്താണു ചെയ്യുക. 'പ്രിയകുമാരി! സൂൎയ്യോദയത്തിൻെറ ലക്ഷണങ്ങരം കണ്ടുതുടങ്ങിയിരിക്കുന്നു. ഇനി ഒരു നിമിഷംപോലും ഞാൻ ഇവിടെ താമസിക്കുന്നതു യുക്തമല്ല. അതുകൊണ്ടു നീ എന്നെ പോകുവാനനുവദിക്കുക. ഞാൻ നിദ്രക്കു പോകയാണെന്നു ബാദുഷയോടു പറഞ്ഞിട്ടാണു് അവിടെനിന്നും പോന്നതു്. ഞാൻ ഇവിടെക്കാണു വന്നിരുന്നതെന്നു് ഇവിടെയെങ്ങാനും വച്ചു് എന്നെ ആരെങ്കിലും കണ്ടു് വിവരം അദ്ദേഹത്തെ അറിക്കുന്നതാ

യാൽ ഞാൻ വലിയ തെററുകാരനായിത്തീരും. അതുകൊണ്ട് ഇനി ഒരു നിമിഷംപോലും എനിക്കിവിടെ താമസിക്കുവാൻ പാടുള്ളതല്ല. ഈശ്വരൻ അനുഗ്രഹിക്കുന്നപക്ഷം അടുത്തദിവസം ഞാൻ വന്നു നിന്നെ കണ്ടുകൊള്ളാം. നീ എന്നെ മറക്കുകയില്ലെന്നും എൻെറ ആശക്കു ഭംഗം വരുത്തുകയില്ലെന്നും ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞ് അമീർ അവളുടെ അധരപുടങ്ങളിൽ ചുംബിച്ചശേഷം പുറപ്പെടുവാൻ ഭാവിച്ചു. തൻെറ പ്രിയ കാമുകനെ വേർപിരിയുന്നതിലുള്ള വല്ലായ്മയാൽ രാജകുമാരിയുടെ നയനങ്ങളിൽനിന്നും അശ്രുകണങ്ങൾ ചൊരിഞ്ഞു തുടങ്ങി. ഒടുവിൽ അവൾ മനസ്സില്ലാമനസ്സോടുകൂടി അദ്ദേഹത്തിനെ പോകുവാനനുവദിച്ച് ഇങ്ങിനെ പറഞ്ഞു:—'അങ്ങയെ ഒരു നിമിഷംപോലും മറക്കുവാൻ ഞാൻ അശക്തയാണ്. അടുത്ത ദിവസം നിശ്ചയമായും അങ്ങു വരണം. ഞാൻ സർവ്വവും ത്യജിച്ച് അങ്ങയുടെ വരവിനെത്തന്നെ കാത്തിരിക്കുന്നതാണ്. ഈശ്വരൻ നമ്മെ അനുഗ്രഹിക്കട്ടെ. അങ്ങു പോയിവരിക'. അമീർ സസന്തോഷം അവിടെനിന്നും പുറപ്പെട്ടു വൃക്ഷംവഴിതാഴത്തിറങ്ങി കൂട്ടുകാരനായ മക്ബൂലിൻെറ സമീപം ചെന്നുചേൎന്നു. അനന്തരം അമീർ വിവരങ്ങളെല്ലാം മക്ബൂലിനെ അറിയിച്ചശേഷം രണ്ടുപേരുമായി ബാദുഷയുടെ കൊട്ടാരത്തിലേക്കു തിരിച്ചു.

പ്രഭാതത്തിൽതന്നെ ബാദുഷ ഉണൎന്നു ദിനചര്യകളെല്ലാം ഭംഗ്യന്തരേണ നിറവേററിയശേഷം തൻെറ സദസ്സു വിളിച്ചുകൂട്ടി. മന്ത്രിപ്രധാനികളും ഉദ്യോഗസ്ഥന്മാർ തുടങ്ങി സകലരും സഭയിൽ ഹാജരായതോടുകൂടി ബാദുഷയും എത്തിച്ചേൎന്നു. അതോടുകൂടിത്തന്നെ അമീറും മക്ബൂലും അവിടെ ഹാജരായി. അവരും തങ്ങളുടെ സ്ഥാനങ്ങളിൽ ഇരിപ്പുറപ്പിച്ചു. ബാദുഷ സഭാംഗങ്ങളുമായി ഏതാനും മണിക്കൂറുകളോളം പലതും സംസാരിച്ചശേഷം അമീറിൻെറ കൈക്കു പിടിച്ചുകൊണ്ട് 'ഇനി നമുക്കു കുറച്ചു നേരം നമ്മുടെ ഉദ്യാനത്തിൽ പോയി ലാത്താം'. എന്നു പറഞ്ഞു പുറത്തേക്കു നടന്നു. അവരെ തുടൎന്നു മററുള്ളവരും പുറപ്പെട്ടു. ഇങ്ങിനെ എല്ലാവരുംകൂടി ബാദുഷയുടെ അതിമനോഹരമായ ഉദ്യാനത്തിൽ ചുററി നടന്നു വിശ്രമിച്ചുകൊണ്ടിരുന്ന സന്ദൎഭത്തിലെല്ലാം അമീറിൻെറ മനസ്സുമുഴുവൻ തൻെറ കാമിനിയായ രാജകുമാരിയിലായിരുന്നു പതിഞ്ഞിരുന്നത്. തന്നിമിത്തം അദ്ദേഹത്തിന് ഈ ഉദ്യാനത്തിലെ പെരുമാററം മൂലമുണ്ടായ യാതൊരു സുഖവും ആസ്വദിക്കുവാൻ തരമായില്ല. അധികം താമസിയാതെ എല്ലാവരും രാജസദസ്സിൽ മടങ്ങി എത്തി ഓരോ വിനോദകരങ്ങളായ പ്രവൃത്തികളിൽ ഏൎപ്പെട്ടു. അപ്പോഴും അമീറിൻെറ മനസ്സ് അതിലൊന്നിലും അത്ര രസിച്ചില്ല. അദ്ദേഹത്തിനു സദാ സമയവും മെഹാനികറിനെക്കുറിച്ചുള്ള ചിന്തമാത്രമേ കാൎയ്യമായിട്ടുണ്ടായിരുന്നുള്ളു. അവളെ

പ്പുററിയുള്ള വിചാരം അതിക്രമിക്കുകയാൽ അമീർ ഇരിക്കപ്പൊറുതിയില്ലാതെ കൂടക്കൂടെ രാജസദസ്സുവിട്ടു പുറത്തിറങ്ങിഃപ്പോകയും രാജകുമാരിയുടെ കൊട്ടാരംസ്ഥിതിചെയ്യുന്ന സ്ഥലത്തേക്കു സൂക്ഷിച്ചു നോക്കിക്കൊണ്ടു നില്ക്കുകയും ചെയ്യുവന്നു. അമീറിന്റെ ഈ പ്രവൃത്തികളും മുഖപ്രകൃതിയും കണ്ടു് ബുസർജംഹറിനു പലേ സംശയങ്ങളും ജനിച്ചുതുടങ്ങി. അമീറിന്റെ ഹൃദയം എവിടെയോ ചെന്നു ബലമായി പതിച്ചിരിക്കുന്നു. എന്തൊക്കയോ വിചാരങ്ങൾ അയാളുടെ ഉള്ളിൽപെട്ടു് അയാളെ വലയ്ക്കുന്നു്. എന്നിങ്ങിനെ അദ്ദേഹം വിചാരിച്ചശേഷം ഉമറിനെ നോക്കി തന്റെ സംശയങ്ങളെ വിശദീകരിക്കുമാറു് ചില ആംഗ്യങ്ങൾ കാണിച്ചു. അമീറിന്റെ അവസ്ഥാന്തരം നിങ്ങളെക്കാൾ മുൻപേ ഞാൻ മനസ്സിലാക്കിയിരിക്കുന്നു. ഏഃതാ ഒരു വലിയ ശക്തി അമീറിന്റെ മനസ്സിനെ ആകൎഷിച്ചു പോയിട്ടുണ്ടു് എന്ന അൎത്ഥം സൂചിപ്പിച്ചുകൊണ്ടു് ഉമർ ബുസർജംഹറിന്റെ മുഖത്തേക്കൊന്നു സൂക്ഷിച്ചുനോക്കി. ദുഷ്ടനായ ബഖ്ത്തക്കും അമീറിന്റെ ഈ പെരുമാററങ്ങളെ സശ്രദ്ധം വീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അയാൾക്കും അദ്ദേഹത്തിന്റെ ഈ പ്രവൃത്തിയിൽ ബലമായ സംശയങ്ങൾ അങ്കുരിച്ചു. 'സംശയമില്ല. അമീർ ഏതോ ഒരുത്തിയുടെ സൌന്ദൎയ്യത്തിൽ അടിപ്പെട്ടുപോയി. അതിനെ അടക്കുവാൻ ശക്തിയില്ലായ്കയാലാണ് അയാൾ ഇങ്ങിനെ കൂടക്കൂടെ പുറത്തേക്കിറങ്ങിഃപ്പോകുന്നതും ഒന്നിലും ഒരു പ്രസരിപ്പുമില്ലാതെ ഇരിക്കുന്നതും. ഇയാളോടുള്ള വൈരം തീക്കുവാൻ ഒരു ശരിയായ സന്ദൎഭം ഇതുതന്നെയാണ്'. എന്നിങ്ങിനെ അയാൾ ആത്മഗതം ചെയ്തശേഷം ബാദുഷായെ നോക്കി ഇപ്രകാരം പറഞ്ഞു:— പ്രഭോ! ഈ നിറഞ്ഞ സദസ്സിൽനിന്നും ആളുകൾ കൂടക്കൂടെ എഴുന്നേററു അലക്ഷ്യമായി പുറത്തേക്കു പോയ്ക്കൊണ്ടിരിക്കുന്നതു വളരെ പോരായ്കയും അങ്ങയുടെ ഈ ഗംഭീരമായ സദസ്സിനുതന്നെ വളരെ അഭിമാനക്കുറവുമാണ്'. അതുകൊണ്ടു ഇനി ആരെങ്കിലും ഇവിടംവിട്ടു പുറത്തേക്കിറങ്ങിപ്പോകുന്നതായാൽ അവർ 100 വരാഹൻ പിഴ നൽകേണ്ടതാണെന്നു് അങ്ങു് ഉടനെ ഒരു നിശ്ചയം ചെയ്യേണ്ടതാണ്'. അങ്ങിനെ ചെയ്താൽ ഇനി ആരും അലക്ഷ്യമായി ഇവിടംവിട്ടു പുറത്തേക്കിറങ്ങിഃപ്പോകുന്നതല്ല. ബഖ്ത്തക്കിന്റെ ഈ അഭിപ്രായം വളരെ നന്നാണെന്നു ബാദുഷക്കു തോന്നി. അതിനാൽ അദ്ദേഹം അമീറിനെ നോക്കി 'നമ്മുടെ സദസ്സുവിട്ടു ഇനി ആരും പുറത്തേക്കിറങ്ങിഃപ്പോകരുതു്. അങ്ങിനെ ചെയ്യുന്ന പക്ഷം ആരായിരുന്നാലും അവർ നൂറു വരാഹൻ പിഴ തരേണ്ടതാണ്' എന്നു പറഞ്ഞു. ബാദുഷയുടെ ഈ അഭിപ്രായം വളരെ നന്നാണെന്നു് അമീറും സമ്മതിച്ചു. എങ്കിലും അമീറിനു തന്റെ മനസ്സടക്കുവാൻ ശക്തിയില്ലായ്കയാലും രാജകുമാരിയുടെ സൌന്ദൎയ്യവിഗ്രഹം തന്റെ ഹൃദയത്തിൽ

അടിക്കടി പ്രതിബിംബിച്ചുകൊണ്ടിരുന്നതിനാലും അവളുടെ അന്തഃപുരമെങ്കിലും ഒരു നോക്കുകണ്ടാൽ അത്രത്തോളം ആശ്വാസം ലഭിക്കുന്നതാണെന്നു വിശ്വസിച്ചും രണ്ടുമൂന്നു പ്രാവശ്യം എഴുന്നേററു പുറത്തേക്കുപോയി. അതു രാജകല്പനക്കു വിപരീതമായിരുന്നതിനാൽ അദ്ദേഹം ബാദുഷ നിശ്ചയിച്ച പിഴ കൊടുക്കേണ്ടതായിവരികയും ചെയ്തു. അമീർ ഇങ്ങിനെ കൂടക്കൂടെ പിഴയടയ്ക്കേണ്ടിവരുന്നതു് അദ്ദേഹത്തിൻെറ സ്ഥിതിക്കു വളരെ കുറവായെന്നു തീർച്ചയാക്കി ബുസർജംഹർ ഉമറിനെ നോക്കി ഇങ്ങിനെ പറഞ്ഞു:—ഉമർ! നമ്മുടെ അമീർ കൂടക്കൂടെ സദസ്സുവിട്ടു പുറത്തിറങ്ങിപ്പോകുന്നതും പിഴ അടക്കുന്നതും നീ കാണുന്നില്ലേ. ഈ പരിയനായ ബഹ്ത്തക്കു നിമിത്തമാണ് ഈ അനൎത്ഥം നേരിട്ടിരിക്കുന്നതു്. അതുകൊണ്ടു നീ ഇപ്പോൾ എന്തെങ്കിലുമൊരുയുക്തി കണ്ടുപിടിക്കേണ്ടതാണ്. ആ യുക്തികൊണ്ടു ഈ ദുഷ്ടനായ ബഹ്ത്തക്കിനു് നമ്മുടെ കൂട്ടത്തിൽ സദസ്സിലേ കടന്നുവരുവാൻ സാധിക്കരുതു്. നീയല്ലാതെ മററാരും വിചാരിച്ചാൽ ഇക്കാൎയ്യത്തിനു് ഒരു നിവാരണമുണ്ടാക്കിത്തീൎക്കുവാൻ സാധിക്കുന്നതല്ല'.

അതിന്നുമർ ഇങ്ങിനെ മറുപടി പറഞ്ഞു:'—അവനെ ഇവിടം വിട്ടോടിക്കുവാൻ നല്ല യുക്തികൾ എത്രവേണമെങ്കിലുമുണ്ടു്. ഇതൊന്നും അത്ര വലിയകാൎയ്യമായി എനിക്കു തോന്നുന്നില്ല. ഇതാ ഇപ്പോൾതന്നെ ഞാൻ അതു കാണിച്ചുതരാം. ഇത്രയും പറഞ്ഞശേഷം വിനോദപ്രിയനായ ഉമർ ബാദുഷയുടെ സമീപം ചെന്നു് അദ്ദേഹത്തോടായിട്ടു വളരെ താഴ്ന്ന സ്വരത്തിൽ ഇപ്രകാരം പറഞ്ഞു:—'പൂജ്യപാദനായ ബാദുഷ! നാം ഇവിടെ ഈ സദസ്സു വിളിച്ചുകൂട്ടിയിരിക്കുന്നതു് വിനോദകരമായി സമയം കഴിച്ചുകൂട്ടുവാൻവേണ്ടിയാണ്. നാം എല്ലാവരും സന്തോഷിച്ചു രസിച്ചിരിക്കുന്ന ഈ അവസരത്തിൽ അങ്ങേക്കു ഒരു പാത്രം വിശേഷപ്പെട്ട സർബ്ബത്തു കുടിക്കുവാൻ തന്നാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു. അങ്ങേക്കതു വളരെ തൃപ്തികരമായി തോന്നുമെന്നു കരുതിയാണ് ഞാൻ ഈ അഭിപ്രായം പുറപ്പെടുവിച്ചതു്. അങ്ങേക്കിതിൽ അഹിതമൊന്നുമില്ലെങ്കിൽ ആയതിന്നനുമതി തന്നിരുന്നാൽ നന്നായിരുന്നു''.

'ഉമർ! നിൻെറ ആഗ്രഹങ്ങൾക്കു ഞാൻ വിപരീതം ഭാവിക്കുകയോ? അതൊരിക്കലും ഉണ്ടാകുന്നതല്ല. നിനക്കെന്താണോ ആഗ്രഹം അതുപോലെയാകുന്നതിൽ എനിക്കു സന്തോഷമല്ലാതെ യാതൊരു വിപരീതാഭിപ്രായവുമില്ല' എന്നു ബാദുഷ മറുപടി പറഞ്ഞു. ഉത്തരക്ഷണത്തിൽ ഉമർ ഏതാനും പാത്രങ്ങളെടുത്തു് അതിൽ വളരെ സ്വാദിഷ്ഠമായ സർബ്ബത്തു നിറച്ചു് ബാദുഷയുടെ സമീപം ചെന്നു് ഒരു പാത്രം അദ്ദേഹത്തിനു കുടിക്കുവാനായി കൊടുത്തു്. അനന്തരം, ബുസർജംഹർ, അമീർ, മക്ബൂൽ

തുടങ്ങി അവിടെ കൂടിയിരുന്ന എല്ലാവൎക്കും അയാൾ ഓരോരൊ പാത്രം സൎബ്ബത്തൊഴിച്ചു കൊടുക്കുകയും അവരെല്ലാം വളരെ സന്തോഷത്തോടുകൂടി അതു കുടിക്കുകയും ചെയ്തു. ഇങ്ങിനെ അയാൾ എല്ലാവൎക്കും സൎബ്ബത്തു കൊടുത്ത ശേഷം അവസാനമായി ഒരു പാത്രമൊഴിച്ചു ബഹ്ത്തക്കിന്റെ സമീപം കൊണ്ടുപോയി അയാളോടു കുടിക്കുവാൻ പറഞ്ഞു. മററു സദസ്യരെല്ലാം അതു കുടിക്കുവാൻ വളരെ കൌതുകം പ്രദൎശിപ്പിച്ചുവെങ്കിലും ബഹ്ത്തക്കിനു് അതിൽ ലേശവും തൃപ്തിയുണ്ടായില്ല. അയാൾ വളരെ വിരക്തി പ്രദൎശിപ്പിച്ചു നെററി ചുളിച്ചുതുടങ്ങി. എന്നാൽ ഉമറാകട്ടെ അയാളെക്കൊണ്ടു അതു കുടിപ്പിക്കാതെ അടങ്ങുകയില്ലെന്നുള്ള വാശിയോടുകൂടി നില്ക്കുകയായിരുന്നു. ഉമർ വീണ്ടും അതു വാങ്ങിക്കുടിക്കുവാൻ അയാളെ നിബ്ബന്ധിച്ചു. 'ഞാൻ ഇതു വാങ്ങിക്കുടിച്ചാൽ ഇതുമൂലം എനിക്കു എന്തെങ്കിലും തകരാറു സംഭവിച്ചേക്കുമെന്നു് എന്റെ മനസ്സാക്ഷി എന്നോടു പറയുന്നു. എനിക്കിതിൽ ലേശമെങ്കിലും അഭിരുചി തോന്നുന്നില്ല. ഇതൊരു നിസ്സാരകാൎയ്യമായിരുന്നുവെങ്കിൽ ഉമർ ഇതിന്നായി ബാദുഷയുടെ അനുവാദം വാങ്ങി ഇത്ര ഘോഷം കൂട്ടുകയില്ലായിരുന്നു'. എന്നിങ്ങിനെ അയാൾ തന്നത്താൻ പറഞ്ഞ ശേഷം ഉമറിനോടായിട്ടു ഇപ്രകാരം അറിയിച്ചു—'സ്നേഹിതാ! എനിക്കു കഴിഞ്ഞ ദിവസം മുതൽ വയററിനു നല്ല സുഖമില്ല. അതുകൊണ്ടു ഞാൻ സൎബ്ബത്തു കുടിക്കയില്ലെന്നു നിശ്ചയിച്ചിരിക്കുകയാണ്. ഇപ്പോൾ എനിക്കിതാവശ്യമില്ല. ഇക്കാൎയ്യത്തിൽ എന്നോടു പരിഭവം കരുതാതിരിക്കുവാനും അപേക്ഷ'. ഇതു കേട്ടപ്പോൾ ഉമർ ബാദുഷ തുടങ്ങിയുള്ള സകലരും കേൾക്കത്തക്ക വിധം ഉച്ചത്തിൽ ബഹ്ത്തക്കിനെ പരിഹസിച്ചുകൊണ്ടു ഏതാനും വാക്കുകൾ പറഞ്ഞു. അതു കേട്ടു സഭാംഗങ്ങൾ മുഴുവൻ പൊട്ടിച്ചിരിച്ചു. അതിനെ തുടൎന്നുതന്നെ ചിഷർ ബഹ്ത്തക്കിനെ നോക്കി ഇങ്ങിനെ പറയുകയും ചെയ്തു:—'ബഹ്ത്തക്! നമ്മുടെ ഉമർ സാഹിബ്ബ് അവർകളുടെ കൈകൊണ്ടു വെറും വെള്ളമാണ് തരുന്നതെന്നിരുന്നാൽ തന്നെയും അതിന്റെ ഗുണവും ആസ്വാദ്യതയും ഒന്നു വേറെതന്നെയാണ്. ഉമർ തന്ന സൎബ്ബത്തിനെ ഞങ്ങൾ എല്ലാവരും വളരെ സന്തോഷത്തോടുകൂടി വാങ്ങിക്കുടിക്കുന്നതിനെ കണ്ടിട്ടും നിങ്ങൾ മാത്രം അതു വേണ്ടെന്നു പറഞ്ഞുപേക്ഷിച്ചതിൽ ഞങ്ങൾക്കു വളരെ അതിശയം തോന്നുന്നു'.

ബഹ്ത്തക്കിനു ഗത്യന്തരമില്ലാതായി. താൻ ഉമറിനെ തീരെ നിഷേധിച്ചാൽ മററുള്ളവരെല്ലാം തന്നെ കൂട്ടതലായി അധിക്ഷേപിച്ചേക്കുവാൻ ഇടയുണ്ടെന്നു കരുതി അയാൾ ഉമറിന്റെ കൈയിൽനിന്നും സൎബ്ബത്തുപാത്രംവാങ്ങി മററുള്ളവരുടെ തൃപ്തിക്കുവേണ്ടി വിഷം കണക്കെ കുടിച്ചുതീൎത്തു. ബഹ്ത്തക്കിനെ മനഃപൂൎവ്വം പററിക്കണമെന്നു കരുതി ഉമർ

മുൻകൂട്ടിത്തന്നെ ആ സർബ്ബത്തിൽ ഏതാനും നേർവാളക്കുരു അരച്ചുകലത്തിയിരുന്നു. സർബ്ബത്തു കുടിച്ചതിന്നു അടുത്ത നിമിഷത്തിൽ ബഹ്ത്തക്കിൻെറ വയററിൽ അസാമാന്യമായ വേദന ഉണ്ടായിത്തുടങ്ങി. അതെങ്ങിനെ സംഭവിച്ചു എന്നൊന്നും അയാൾക്കു മനസ്സിലായിതുമില്ല. കുറച്ചു നേരത്തോളം അയാൾ വേദനയൊക്കെ ധൈയ്യത്തോടുകൂടി സഹിച്ചു. സദസ്സിൽ നടന്നുകൊണ്ടിരുന്ന വിനോദകരങ്ങളായ കായ്യങ്ങളിലൊന്നും ബഹ്ത്തക്കിൻെറ ശ്രദ്ധ പതിഞ്ഞതേയില്ല. ഏതാനും നിമിഷങ്ങൾകൂടി കഴിഞ്ഞപ്പോൾ അയാൾക്കു ഇരിക്കുവാൻതന്നെ നിവൃത്തിയില്ലാതായിത്തീൎന്നു കുടൽ കീഴ്മേൽ മറിഞ്ഞുതുടങ്ങി. അതിനെ തുടൎന്നു മലം പുറത്തേക്കു ഉപദ്രവിച്ചും തുടങ്ങി. ഇനി അടക്കുവാൻ നിവൃത്തിയില്ലെന്നു വന്നപ്പോൾ അയാൾ ബാദുഷയോടു അനുവാദം വാങ്ങിക്കൊണ്ടു പുറത്തേക്കു പോയി മലശോധന വരുത്തിയശേഷം അയാൾ മടങ്ങി സദസ്സിലെത്തി ഏതാനും നിമിഷംകൂടി കഴിഞ്ഞപ്പോൾ വീണ്ടും ശോധന വരുത്താതെ ഗത്യന്തരമില്ലെന്നായി. വയർ എരിഞ്ഞു പുകഞ്ഞും തുടങ്ങി. ഇങ്ങിനെ അയാൾ രണ്ടുമൂന്നു പ്രാവശ്യം അടിക്കടി പുറത്തുപോയി മടങ്ങി വീണ്ടും പോവാൻ ഭാവിക്കുന്നതു കണ്ടപ്പോൾ ഒന്നുമറിയാത്തവനെന്ന ഭാവത്തിൽ ഉമർ അയാളെനോക്കി 'ബെഹ്ത്തക്! നിങ്ങൾ ഇപ്പോഴല്ലേ പുറത്തുപോയി വന്നതു്. വീണ്ടും എവിടേക്കാണു പോകുന്നതു്? ഇതു രാജസദസ്സാണെന്നും കൂടക്കൂടെ ഇവിടെനിന്നും പുറത്തിറങ്ങിപ്പോകുന്നതു കുററകരമാണെന്നും നിങ്ങൾക്കറിഞ്ഞുകൂടെ? എന്നു ചോദിച്ചു. അതിനു സമാധാനം പറയുന്നതിനു പോലും നില്ക്കുവാൻ ഇടയില്ലാതെ വളരെ വേഗത്തിൽ അയാൾ പുറത്തേക്കു പോയി. ഇങ്ങിനെ പുറത്തിറങ്ങിപ്പോയ ഓരോ തവണക്കും 100 വരാഹൻവീതം പിഴയും അടച്ചുകൊണ്ടിരുന്നു. വയർ ക്രമത്തിലധികം ഇളകിപ്പോക നിമിത്തം അയാൾക്കു ക്ഷീണവും അസഹ്യമായിത്തീൎന്നു. ഉമറിൻെറ പരിഹാസം സഹിക്കുവാനാണു് അയാൾക്കു തീരെ നിവൃത്തിയില്ലാതിരുന്നതു്. ഇപ്രകാരം ബഹ്ത്തക് അനവധി പ്രാവശ്യം പുറത്തു പോയി ശോധനവരുത്തിയെങ്കിലും വയററിനു ലേശമെങ്കിലും സൌഖ്യമുണ്ടായില്ല. ഇനി പുറത്തേക്കു പോകുന്നതു പോരായ്മയാണെന്നു് അയാൾക്കു തോന്നിത്തുടങ്ങി. അതിനാൽ വയർ എത്രതന്നെ വേദനിച്ചിട്ടും അയാൾ ധൈയ്യമവലംബിച്ചു മൂലാധാരത്തെ ആസനത്തിൽ ബലമായി ഉറപ്പിച്ചുകൊണ്ടു സകല നാഡികളും ഉറപ്പിച്ചുകൊണ്ടു നിശ്ചേഷ്ടനായിരുന്നു. മലം അധികം ഇളകി അടിവയററിൽ തങ്ങിനിന്നിരുന്നതിനാൽ അയാൾ എത്രതന്നെ ശ്വാസം പിടിച്ചമത്തിയിട്ടും മലത്തിൻെറ പുറത്തേക്കുള്ള ഗമനശക്തിക്കു ഒട്ടും കുറവുണ്ടായില്ല. ക്ഷണനേരത്തിനുള്ളിൽ നേത്രജലത്രപത്തിലുള്ളതും ദുൎഗ്ഗന്ധം നിറഞ്ഞിരുന്നതു

മായ മലം പുറത്തേക്കൊഴുകി അയാളുടെ വസ്ത്രങ്ങൾ മുഴുവൻ നനഞ്ഞുവെന്നു മാത്രമല്ല, കാൽവഴിക്കു കീഴോട്ടൊഴുകുകയുംചെയ്തു. ഇതെല്ലാം ഉമർ നല്ലവണ്ണം നോക്കി അറിയുന്നുണ്ടായിരുന്നു. ഇത്രയും ആയതോടുകൂടി അവിടെ ഒരു നല്ല നേരമ്പോക്കിനു വകയുണ്ടെന്നു തീർച്ചയാക്കി ഉമർ തൻെറ കൈയിലിരുന്നിരുന്ന ഢബ്ബുത്തുപാത്രങ്ങൾ യഥാസ്ഥാനങ്ങളിൽ കൊണ്ടുപോയി വച്ചശേഷം ബാദുഷയുടെ സമീപംചെന്നു് ഇപ്രകാരം ഉണർത്തിച്ചു:— 'ബഹുമാനപ്പെട്ട ബാദുഷ! അവിടത്തേക്കു ഇപ്പോൾ അത്ര മനഃപ്രസാദമില്ലാതെയും ഒന്നിലും ഒരുന്മേഷമില്ലാതെയും കാണുന്നു. ഇപ്പോൾ നമ്മുടെ ഉദ്യാനത്തിൽപോയി ഒന്നു ലാത്തുകയും കുറെ ശുദ്ധവായു ശ്വസിക്കുകയും ചെയ്യുന്നതു നന്നായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. നമ്മുടെ സഭാംഗങ്ങൾകൂടി ഒന്നിച്ചുണ്ടായാൽ അവൎക്കും നല്ല ഉണർവ്വും പ്രസരിപ്പും ഉണ്ടാകുന്നതാണു്.' ഇതു കേട്ടു ബാദുഷ 'ഉമർ! ഞാനും ഈ ആലോചനയോടുകൂടി ഇരിക്കയായിരുന്നു. നിൻെറ ബുദ്ധിസാമൎത്ഥ്യത്തിൽ ഞാൻ വളരെ അതിശയിക്കുന്നു. ഇപ്പോൾതന്നെ നമുക്കു ഉദ്യാനത്തിലേക്കു പോകാം.' എന്നു പറഞ്ഞു് അമീറിൻെറ കൈക്കുപിടിച്ചുകൊണ്ടു രണ്ടുപേരുമായി ഉദ്യാനത്തെ ലക്ഷ്യമാക്കി മുൻപേ നടന്നു. അതിനെത്തുടൎന്നു മററു സഭാംഗങ്ങളും ഓരോരുത്തരായി അവരെ അനുഗമിച്ചു. ബഹ്ത്തക് മലപ്രവാഹത്താൽ ആസനംവിട്ടു എഴുന്നേല്ക്കുവാൻപോലും നിവൃത്തിയില്ലാതെ ലജ്ജിതനായി തലകുനിച്ചിരുന്നു. എല്ലാവരും പോകുന്ന സ്ഥിതിക്കു താനും പോകാതിരുന്നാൽ അതു പോരായ്മയായിത്തീരുമെന്നു കരുതി അയാൾ വളരെ വിഷമിച്ചു. ഒടുവിൽ താനും പുറപ്പെടാതെ നിവൃത്തിയില്ലെന്നായപ്പോൾ അയാൾ ഇരിപ്പിടത്തിൽനിന്നും സാവധാനത്തിൽ എഴുന്നേററു. അപ്പോൾ മുൻപേതന്നെ വസ്ത്രക്കെട്ടുകളിലും മററും തടഞ്ഞുനിന്നിരുന്ന മലം കീഴ്പ്പോട്ടൊഴുകി നിലത്തൊക്കെയായി, അതോടുകൂടി എന്തെന്നില്ലാത്ത ഒരു ദുൎഗ്ഗന്ധവും അവിടമെല്ലാം പരന്നു. സഭാംഗങ്ങളിൽ അധികപക്ഷം ആളുകളും ആ ദുഷിച്ച ഗന്ധം ഗ്രഹിക്കുവാൻ ശക്തരാകാതെ മൂക്കുപൊത്തി വലിയ അതൃപ്തി പ്രദൎശിപ്പിച്ചുകൊണ്ടു വളരെ വേഗത്തിൽ പുറത്തേക്കിറങ്ങിത്തുടങ്ങി. ഈ തരുണത്തിൽ ഉമർ ആസ്ഥാനമണ്ഡപം വിട്ടു പുറത്തിറങ്ങിപ്പോയ ബാദുഷയെ പിന്നോക്കം വിളിച്ചുവരുത്തി ബഹ്ത്തക്കിൻെറ ഈദൃശാവസ്ഥകൾ കാണിച്ചുകൊടുത്തു. കുറെ ഏറെ നേരമായി എന്തോ ഒരു ദുൎഗ്ഗന്ധം തന്നെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്നതു് ഇന്നതാണെന്നു് ഇപ്പോൾ മാത്രമേ ബാദുഷക്കു മനസ്സിലായുള്ളു. ബാദുഷക്കു കോപം അടക്കവഹിയാതെയുണ്ടായി. ഉടനെ അദ്ദേഹം ആദിയെ വിളിച്ചു് ബഹ്ത്തക്കിനെ ചൂണ്ടിക്കാണിച്ചശേഷം 'ഈ പരമദുഷ്ടൻ; ഈ ചണ്ഡാളൻ—നമ്മുടെ ആസ്ഥാനമണ്ഡപത്തെ അശുദ്ധിയാക്കി ന

മ്മെയൊക്കെ അധിക്ഷേപിച്ചിരിക്കുകയാൽ ഇവനെ പിടിച്ചു പുറത്തു തള്ളുക് എന്നു കല്പിച്ചു. ആദി മുൻപേതന്നെ ബഫ്തക്കിൽ അത്യന്തം ക്രോധമുള്ളവനായിരുന്നതിനാൽ ബാദുഷയിൽനിന്നും ഇങ്ങിനെ ഒരു അനുജ്ഞ പുറപ്പെട്ട മാത്രയിൽ അയാൾ ബഫ്തക്കിൻെറ സമീപം പാഞ്ഞെത്തി തൻെറ ഇടതുകൈകൊണ്ടു് അയാളുടെ താടിമേൽ കടന്നു പിടിച്ചു നല്ലതുപോലെ വേദന അനുഭവിപ്പിച്ചു പുറത്തെ വാതുക്കൽകൊണ്ടു പോയി വെളിയിലേക്കു ശക്തിമത്തായി ഒരു തള്ളുകൊടുത്തു. അതു കണ്ടു നിന്നിരുന്ന ബുസർജംഹർ, അമീർ, ഉമർ, മക്കബൂൽ മുതലായവക്കു അളവററ സന്തോഷമുണ്ടായി. അനന്തരം ബുസർജംഹർ ബഫ്തക്കിൻെറ അനത്ഥം ഒഴിഞ്ഞതുകൊണ്ടു വളരെ സന്തുഷ്ടനായി എങ്കിലും അമീറിൻെറ അവസ്ഥയെക്കുറിച്ചു ചിന്തിച്ചതിൽ വളരെ താന്തനായിത്തീൎന്നു. അതിലേക്കു എന്തെങ്കിലും ഒരുപായം കണ്ടുപിടിക്കേണ്ടതാണെന്നും അദ്ദേഹം തീൎച്ചയാക്കി. ബുസർജംഹർ ബാദുഷയുടെ സമീപംചെന്നു് അദ്ദേഹത്തോടിങ്ങിനെ അറിയിച്ചു:—'അമീറിനെ അങ്ങു് ഒരതിഥിയായി സ്വീകരിച്ചു വേണ്ടവിധം ഉപചരിച്ചതിൽ അദ്ദേഹം വളരെ സംതൃപ്തനായിത്തീൎന്നിട്ടുണ്ടു്. അങ്ങേക്കുവേണ്ടി അദ്ദേഹം തൻെറ ജീവനെപ്പോലും ബലികഴിക്കുവാൻ തയാറാണെന്നു് അദ്ദേഹത്തിൻെറ ഇതുപൎയ്യന്തമുള്ള പ്രവൃത്തികൾ നമ്മെ ദൃഷ്ടാന്തസഹിതം മനസ്സിലാക്കുന്നുണ്ടു്. മേലാലും അമീർ നമ്മുടെ ഒരുത്തമമിത്രവും നമ്മെ കഴിയുംവിധത്തിൽ സഹായിക്കുവാൻ സന്നദ്ധനുമാണെന്നുള്ള കാൎയ്യത്തിൽ സംശയമേ ഇല്ല. അതുകൊണ്ടു് അദ്ദേഹത്തിൻെറ ഉപചാരങ്ങളിൽ അങ്ങിത്ര ബദ്ധശ്രദ്ധനാകേണമെന്നില്ല. അമീറിനെ ഇനി അദ്ദേഹത്തിൻെറ വസതിയിലേക്കു പോകുവാനനുവദിക്കുന്നതു നന്നായിരിക്കും. നമ്മുടെ ആസ്ഥാനമണ്ഡപത്തിൽ അങ്ങയെക്കാണ്മാനായും ന്യായവിചാരണകൾക്കായും അനവധി ആളുകൾ വന്നു കാത്തുനില്ക്കുന്നു. അതിനാൽ അങ്ങു് അമീറിനെവിട്ടു ക്ഷണത്തിൽ കൊട്ടാരത്തിലേക്കു പോകുകയാണു വേണ്ടതു്.' ബുസർജംഹറിൻെറ അഭിപ്രായം ബാദുഷക്കു വളരെ സ്വീകാൎയ്യമായി തോന്നുകയാൽ അദ്ദേഹം അമീറിനു ചില വിലയേറിയ സമ്മാനങ്ങളൊക്കെ കൊടുത്തിട്ടു കൊട്ടാരത്തിലേക്കു പോയി.

അമീറിൻെറ ശ്രദ്ധയും മനസ്സും മററു ചില കാൎയ്യങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണെന്നും ബാദുഷയുടെ സാഹചൎയ്യം അതിനു പല തടസ്സങ്ങളും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുണ്ടെന്നും തനിക്കു സൂക്ഷ്മമായി മനസ്സിലാകുകയാലാണു് ബാദുഷ അദ്ദേഹത്തെ വേർപിരിഞ്ഞു പോകുവാൻ വേണ്ടി ബുസർജംഹർ ഈ യുക്തി പ്രയോഗിച്ചതു്. അടുത്ത നിമിഷത്തിൽതന്നെ അമീർ അത്യന്തം സന്തുഷ്ടനായി പരിണമിക്കുകയും ചെയ്തു.

# പത്തൊൻപതാം അദ്ധ്യായം.

അമീർ ബാദുഷയോടു യാത്രപറഞ്ഞു തന്റെ താവളസ്ഥലമായ കൂടാരത്തിലേക്കു പോയി. രാജകുമാരിയെക്കുറിച്ചുള്ള വികാരാധിക്യത്താൽ അമീറിനു യാതൊന്നിലും ഒരു ശ്രദ്ധയുമില്ലാതായി. ഏതുവിധേനയും പകൽ അവസാനിച്ചു കിട്ടിയിരുന്നുവെങ്കിൽ കുമാരിയുടെ അന്തഃപുരത്തിലേക്കു പോകാമായിരുന്നുവെന്നും ഉള്ള വിചാരത്താൽ സമയം ഒട്ടും പോകുന്നില്ലെന്നു് അദ്ദേഹത്തിനു തോന്നുകയും തന്മൂലം വളരെ ക്ലേശിക്കുകയും ചെയ്തു. വല്ലവിധേനയും സൂര്യാസ്തമയം വരെ അദ്ദേഹം കഴിച്ചുകൂട്ടി. അനന്തരം അമീർ വളരെ വിശേഷപ്പെട്ട വസ്ത്രധാരണങ്ങൾ ചെയ്തു ആയുധപാണിയായി സഹായത്തിനു മക്ബൂലിനേയുംകൂട്ടി രാജകുമാരിയുടെ അരമനയിലേക്കു തിരിച്ചു. അമീർ തന്റെ ഈ രഹസ്യങ്ങളൊന്നും ഉമറിനെ അറിയിച്ചിരുന്നില്ല. എന്നാൽ ഇവർ രണ്ടാളുംകൂടി വേഷംമാറി പുറപ്പെടുന്നതു കണ്ടപ്പോൾ അതിൽ ഏതോ കാര്യമായ രഹസ്യം അന്തർഭവിച്ചിട്ടുണ്ടെന്നു ബുദ്ധിമാനായ ഉമറിനു മനസ്സിലായി. അതിനാൽ അയാൾ ഇവരുടെ യാത്ര എവിടേക്കാണെന്നറിയണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഒരു ഭാഗത്തു മറഞ്ഞുനിന്നു. അമീറും മക്ബൂലും കൂടാരംവിട്ടു പുറത്തിറങ്ങി എന്നു കണ്ടപ്പോൾ ഉമർ മറവിൽനിന്നും പുറത്തേക്കുനീങ്ങി നിന്നുകൊണ്ടു് ഇങ്ങിനെ പറഞ്ഞു:—'ഹേ, കള്ളന്മാരെ! നിങ്ങൾ സൂക്ഷി കൊള്ളുവിൻ. ഞാൻ ഇവിടെ കാവൽ നില്ക്കുന്നുണ്ടെന്നറിയാതെ രാത്രികാലങ്ങളിൽ നിങ്ങൾ ഇങ്ങിനെ തസ്കരപ്രവൃത്തിക്കു നടക്കുന്നതു ഒട്ടും നന്നായിരിക്കയില്ല. പട്ടണത്തിൽ റോന്തു ചുററുന്ന പോലീസുകാർ ഇതു വഴി വരുമ്പോൾ ഞാൻ നിങ്ങളെ പിടിച്ചു അവർവശം ഏല്പിച്ചു കൊടുത്താൽ, രാത്രിസഞ്ചാരത്തിന്റെ സ്വാദു് നിങ്ങൾക്കപ്പോൾ അറിയാറാകും.'

തന്റെ ആശക്കു ഭംഗം വരുത്തിത്തീർക്കയാൽ അമീറിനു വളരെ ദേഷ്യമുണ്ടായി. ഉമർ ഈ വിവരമറിഞ്ഞതുകൊണ്ടു അദ്ദേഹത്തിനു സാമാന്യം ലജ്ജയും ഉണ്ടാകാതിരുന്നില്ല. അമീർ തിരിഞ്ഞുനിന്നു് ഉമറിനെ വളരെ ശകാരിച്ചു. 'ഛീ—തെമ്മാടി! നിന്റെ തമാശകൾ വേണ്ടിടത്തും വേണ്ടാത്തിടത്തും ഒന്നുപോലെ പ്രയോഗിക്കരുതെന്നു ഞാൻ നിന്നോടു പലപ്പോഴും പറഞ്ഞിട്ടില്ലേ. ഞാൻ വളരെ പ്രധാനമായ ഒരു കാര്യം പ്രമാണിച്ചാണു പോകുന്നതു്. അതിന്നു നീ തടസ്സമാണു വരുത്തിയിരിക്കുന്നതു്. മേലാലെങ്കിലും എന്റെ കാര്യങ്ങളിൽ ഇടപെടുമ്പോൾ നല്ലതുപോലെ സൂക്ഷിക്കുന്നതാണു നിനക്കു നല്ലതു്. അല്ലാത്തപക്ഷം അതിന്റെ ഫലം നിനക്കപ്പോൾ അറിയാറാകും.'

ഉമർ:—സ്നേഹിതാ! സാധുവായ എന്നോടെന്തിനാണു കയക്കുന്നതു്. ഞാൻ നിങ്ങളുടെ ഒരു രഹസ്യവും അറിയുകയില്ല. ഞാനിവിടെ നിന്നിട്ടു് നിങ്ങൾ എവിടേക്കാണു പോകുന്നതെന്നു് എന്നോടൊന്നു പറയാമായിരുന്നില്ലേ. എന്നെ മറച്ചിട്ടു നിങ്ങൾ ഒരു കാൎയ്യം പ്രവൎത്തിക്കുന്നതു് നന്നായിരിക്കുമോ എന്നു നിങ്ങൾതന്നെ ഒന്നാലോചിച്ചുനോക്കുക. ഞാൻ കേവലമൊരന്യനാണെന്നു നിങ്ങൾ വിചാരിച്ചിരിക്കയാണെന്നല്ലേ ഇതുകൊണ്ടു ഞാൻ ഊഹിക്കേണ്ടതു്. അതിനാൽ ഇക്കാൎയ്യത്തിൽ തെററുകാരൻ ഞാനല്ലെന്നു് ഇനിയെങ്കിലും നിങ്ങൾ മനസ്സിലാക്കിയിരുന്നുവെങ്കിൽ നന്നായിരുന്നു.

അമീർ:—നീ അന്യനാണെന്നു ഞാൻ വിചാരിച്ചാൽ പിന്നെ എനിക്കു സ്വന്തമായിട്ടുള്ളവർ മററാരാണു ലോകത്തിലുള്ളതു്. നിന്നെക്കാൾ മീതെയായി എനിക്കൊരു ബന്ധുവുമില്ല. ഞാനിപ്പോൾ പോകുന്ന കാൎയ്യം നിന്നോടു പറയാതിരുന്നതുകൊണ്ടാണു നിനക്കു പരിഭവമെന്നു് എനിക്കറിയാം. എന്നാൽ, ആ കാൎയ്യം നിന്നോടു പറഞ്ഞാൽ നീ പല തടസ്സങ്ങളും പറയുവാനിടയുള്ളതുകൊണ്ടും എന്തെല്ലാം തടസ്സങ്ങൾ നേരിട്ടാലും എനിക്കു പോകാതിരിക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടുമാണു് ഇതു ഞാൻ നിന്നോടു പറയാതിരുന്നതു്. നിന്നെ അറിയിക്കാതെ കഴിച്ചുകൂട്ടണമെന്നു കരുതിയോ നിന്നോടു സ്നേഹമില്ലാഞ്ഞിട്ടോ ഒന്നുമല്ല. അതുകൊണ്ടു് ഇനിയെങ്കിലും നീ എന്നെ തെററിദ്ധരിക്കരുതു്. ഞാനുദ്ദേശിച്ചു പുറപ്പെട്ടിട്ടുള്ള കാൎയ്യം എന്റെ മനസ്സിനെ ഹഠാദാകൎഷിച്ചിട്ടുള്ള ഒന്നാകയാൽ എനിക്കെത്രയും വേഗത്തിൽ പോകേണ്ടിയിരിക്കുന്നു. വിസമ്മതമൊന്നുമില്ലെങ്കിൽ നീ കൂടി ഞങ്ങളോടൊപ്പം പോരാം. എനിക്കതിൽ വളരെ സന്തോഷമാണു്.

ഉമർ:—അങ്ങയുടെ മനസ്സിനെ വ്യാമോഹിപ്പിച്ചിരിക്കുന്നതു് ഏതോ ഒരു സ്ത്രീരത്നമാണെന്നു് എനിക്കു മനസ്സിലായി. എന്നാൽ അവൾ ഏതെന്നോ എങ്ങിനെയുള്ളവളെന്നോ എനിക്കറിവില്ല. അങ്ങയുടെ ഹൃദയത്തിനു മാരതാപത്തെ വരുത്തിവച്ച അവൾ ആരുതന്നെയായാലും ഒട്ടും മോശക്കാരിയായിരിക്കാൻ ഇടയില്ലെന്നു് എനിക്കു ബോദ്ധ്യമുണ്ടു്.

അമീർ:—എന്റെ ഹൃദയം കവൎന്ന ആ വിശ്വമോഹിനിയെപ്പററി വൎണ്ണിപ്പാൻ ഞാൻ കേവലം അശക്തനാണു്. അവളെ നീ കാണുമ്പോൾ നിനക്കുതന്നെ അതു തീൎച്ചയാക്കുവാൻ കഴിയും. അതുകൊണ്ടു ഞാനിപ്പോൾ യാതൊന്നും പറയുവാൻ വിചാരിക്കുന്നില്ല.

അവർ മൂന്നുപേരുംകൂടി അതിവേഗത്തിൽ രാജകുമാരിയുടെ അന്തഃപുരത്തെ ലക്ഷ്യമാക്കി നടന്നു. അമീറുമായുള്ള സമാഗമത്താൽ മെഹർനികറിൻെറ മോഹാഗ്നി ഒന്നുകൂടി ശക്തിപ്പെട്ടുക നിമിത്തം അമീറിൻെറ വിയോഗം ഒരു നിമിഷംപോലും സഹിച്ചിരിക്കുവാൻ അവരം അശക്തയായിത്തീന്നിരുന്നു. രാത്രിയിൽ വന്നു കണ്ടുകൊള്ളാമെന്നു് അമീർ കരാർ ചെയ്തിരുന്നതിനാൽ അവരംക്കു പകൽ ഓരോ നിമിഷവും ഓരോയുഗംപോലെ തോന്നിച്ചിരുന്നു. ആഹാരാദികളിലാകട്ടെ മററു ദിനചര്യകളിലാകട്ടെ അവരംക്കു ലേശവും ശ്രദ്ധയില്ലാതായി. തൻെറ സഖീജനങ്ങളോടു സംസാരിക്കുകയെന്നല്ല, അവരെ കാണുന്നതുതന്നെയും രാജകുമാരിക്കു വളരെ അതൃപ്തിയായി തോന്നിച്ചു. അവരം ഇങ്ങിനെ ഒന്നിലും ഉന്മേഷവും അഭിരുചിയുമില്ലാതെ അമീറിനെത്തന്നെ ധ്യാനിച്ചുകൊണ്ടും അദ്ദേഹത്തിൻെറ വരവിനെ പ്രതീക്ഷിച്ചുകൊണ്ടും തൻെറ കട്ടിലിന്മേൽ മൂടിപ്പുതച്ചു കിടന്നു. സഖികരംക്കു കുമാരിയുടെ ഈദൃശാവസ്ഥയിൽ അടക്കവെഹിയാത്ത വല്ലായ്മയും വ്യസനവും തോന്നി. പെട്ടെന്നു് അവളുടെ ഹൃദയസ്ഥിതിക്കു ഈ വിധത്തിൽ ഒരു മാററമുണ്ടായിക്കാണുവാനുള്ള കാരണം എന്തായിരിക്കുമെന്നും അവർ ആലോചിച്ചു. രാജകുമാരി ആരെയോ അതിരുകവിഞ്ഞു കാമിക്കുന്നുണ്ടെന്നും അതിൻെറ ഖേദമാണിതെന്നും അവർ മനസ്സിലാക്കി. ഏതാനും സഖികരം അവരുടെ കൂട്ടത്തിൽ പ്രധാനിയായിരുന്ന ബദനാളിനോടു് ഇങ്ങിനെ പറഞ്ഞു:—'നമ്മുടെ രാജകുമാരിയുടെ അവസ്ഥ വലിയ കഷ്ടസ്ഥിതിയിലാണു്. നാം ഇതിൽ എന്തുതന്നെ ചെയ്തിട്ടും പ്രയോജനമുണ്ടെന്നു തോന്നുന്നില്ല. ഇങ്ങിനെ ഏതാനും ദിവസങ്ങരം കഴിഞ്ഞുപോയാൽ പിന്നത്തെ സ്ഥിതി ഊഹിക്കുവാൻപോലും നിവൃത്തിയില്ലാത്തവിധം അതിഭയങ്കരവുമായിത്തീരും. അതുകൊണ്ടു് ഈ ആരംഭഘട്ടത്തിൽതന്നെ നാം ഇതിന്നെന്തെങ്കിലും പരിഹാരം ഉണ്ടാക്കിത്തീക്കാതിരുന്നാൽ അതൊരു വലിയ മഹാപാപമായിത്തീരും. നിങ്ങരം ഈ വിവരം ഉടനെതന്നെ ചെന്നു നിങ്ങളുടെ അമ്മയോടു പറയണം. അവർ വിചാരിച്ചാൽ രാജകുമാരിയുടെ വ്യസനത്തെ ഒഴിക്കുവാനുള്ള എന്തെങ്കിലും യുക്തി കണ്ടുപിടിക്കുവാൻ കഴിയും'.

ബദനാ:—സ്നേഹിതകളെ! ഈ ആകാത്ത ഒരു കാര്യം എനിക്കു അമ്മയോടു പറയുവാൻ സാധിക്കുന്നതല്ല. എനിക്കതിൽ വലുതായ ലജ്ജ തോന്നുന്നു. അതുകൊണ്ടു് നിങ്ങളിൽ ആരെങ്കിലും തന്നെ ചെന്നു പറയുന്നതാണു നന്നായിരിക്കുക. മാത്രമല്ല, ഞാൻ പറയുന്നതിനേക്കാളും കുറേക്കൂടി നന്നും നിങ്ങരം പറയുന്നതു തന്നെയാണു്.

ഉടൻതന്നെ അവരിൽ ചിലർ ബദനായുടെ മാതാവിൻെറ സമീപം ചെന്നു് രാജകുമാരിയുടെ അവസ്ഥാന്തരം മുഴുവൻ വിശദമായി പറഞ്ഞു

കേൾപ്പിച്ചു. ഈ വിവരം ഗ്രഹിച്ച മാത്രയിൽ അവൾ പരിഭ്രാന്തയായി ത്തീൎന്നു പെട്ടെന്നു് എന്തെങ്കിലുമൊരു ശമനം ഇക്കാൎയ്യത്തിൽ വരുത്താ ത്തപക്ഷം വലുതായ അപകടത്തിനു തന്നെ ഇടയായിത്തീരുമെന്നു കരുതി അവൾ രാജകുമാരിയുടെ സമീപം ചെന്നു. കേവലം ബോധരഹിതയെ ക്കണക്കെ കിടന്നിരുന്ന രാജകുമാരിയെക്കണ്ടു അവൾ വളരെ വ്യസനിച്ചു. അവൾ കുമാരിയുടെ മൂടുപടം എടുത്തു മാററിയശേഷം നല്ലവണ്ണം ഒന്നു സൂക്ഷിച്ചുനോക്കി വസ്ത്രങ്ങൾ മിക്കവാറും ധരിച്ചുകൊണ്ടു ഇങ്ങിനെ ചോ ദിച്ചു:—'പ്രിയപ്പെട്ട രാജകുമാരി! ഇത്ര ക്ഷണത്തിൽ നിൻെറ ശരീരം ഈ വിധത്തിൽ അലങ്കോലപ്പെടുവാനും ബുദ്ധി പതറുവാനുമുണ്ടായ കാരണം എന്താണു്? എന്തോ വലുതായ ഒരു ചിന്ത നിന്നെ ബാധിച്ചിരിക്കുന്നുവെ ന്നാണു തോന്നുന്നതു്? നിന്നെ ഈ ഖേദഭാരം വഹിക്കുവാനിടയാക്കിത്തീ ൎത്ത ആൾ ആരാണു്? എന്തു സംഗതി തന്നെയായാലും എന്നോടു തുറന്നു പറയുവാൻ മടിക്കേണ്ട. ഞാൻ നിൻെറ സുഖസൌകൎയ്യാദികളെ എപ്പോഴും അഭിലഷിക്കുന്ന ഒരുവളാണെന്നു നിനക്കുതന്നെ അറിയാ മല്ലോ. അതുകൊണ്ടു നിനക്കി ദുഃഖത്തിനു കാരണമായിത്തീൎന്നിട്ടുള്ള സംഗതികൾ വിശദമായി എന്നെ പറഞ്ഞു കേൾപ്പിക്കുക'.

രാജകുമാരി:—നിങ്ങൾ എന്നെ ചെറുപ്പ കാലത്തിൽ മുലതന്നു മാതൃസ്നേഹ ത്തോടുകൂടി വളൎത്തിയവരാണു്. ഞാൻ നിങ്ങളെ എൻെറ സ്വന്തം മാതാവിനെപ്പോലെയാണു കരുതിയിട്ടുള്ളതും. അങ്ങിനെയുള്ള നി ങ്ങളിൽനിന്നും മറച്ചുവയ്ക്കത്തക്കതായി എനിക്കു യാതൊന്നുമില്ല. യു ദ്ധവീരനും ധീരപരാക്രമിയും സുഭഗനുമായ അമീർ അവർകളിൽ ഞാൻ അനുരക്തയായിത്തീൎന്നിരിക്കുന്നു. എൻെറ മനസ്സ് അദ്ദേ ഹത്തിനു വിധേയമായിപ്പോയി. ഞാൻ എത്രതന്നെ ശ്രമിച്ചിട്ടും അദ്ദേഹത്തിൽ അടിയുറച്ചുപോയ എൻെറ ചിത്തത്തെ മടക്കി എടു ക്കുവാൻ സാധിക്കുന്നതല്ല. അദ്ദേഹത്തിൻെറ സാഹചൎയ്യം ഒന്നി നല്ലാതെ എൻെറ ഈ ആലസ്യത്തേയും ഖേദത്തേയും തീൎക്കുവാനുള്ള ശക്തിയില്ല.

പരിചാരിക:—കുമാരി! നിൻെറ ആശ അസ്ഥാനത്തിലാണു കടന്നുകൂടി യിരിക്കുന്നതെന്നു പറയേണ്ടി വന്നതിൽ ഞാൻ വളരെ വ്യസനി ക്കുന്നു. നിന്നെ ആഗ്രഹിച്ച് സജാതിയരും സുമുഖന്മാരുമായ എത്രയോ രാജകുമാരന്മാരാണു് വിവാഹാലോചനയുമായി ഇവിടെ വന്നിട്ടുള്ളതു്. എല്ലാംകൊണ്ടും നിനക്കനുയോജ്യരായിരുന്ന അവ രെയെല്ലാം നീ പരിത്യജിച്ചിട്ടു് കേവലം വിദേശിയായ ഒരു ഇസ്ലാം യുവാവിനെ നി ആഗ്രഹിച്ചതു ഒട്ടും ഔചിത്യമായില്ല. നിൻെറ അച്ഛൻ ഈ ബന്ധത്തിനു് ഒരിക്കലും അനുവദിക്കുമെന്നു് എനിക്കു

തോന്നുന്നില്ല. നമ്മുടെ രാജകുടുംബത്തിന്നു തന്നെയും അപഖ്യാതിയെ ഉണ്ടാക്കിത്തീൎക്കുവാൻ കാരണമാക്കിത്തീൎക്കുന്ന ഇക്കാൎയ്യത്തിൽ നിന്നും നീ നിന്റെ മനസ്സിനെ വേർപെടുത്തുന്നതാണുത്തമം.

രാ: ക:—നിങ്ങളുടെ അഭിപ്രായങ്ങൾ ശരിയാണെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ, നിങ്ങൾ ബുദ്ധിയില്ലാത്ത ഒരുവളല്ലല്ലോ. യഥാൎത്ഥമായ പ്രേമം ജാതിവ്യത്യാസത്തെ വകവെക്കാറില്ലെന്നു നിങ്ങൾക്കറിയരുതേ. ആരെല്ലാം എന്തെല്ലാം തടസ്സങ്ങൾ പറഞ്ഞാലും ഈ ജന്മത്തിൽ എന്റെ ഹൃദയത്തിൽ മറെറാരു പുരുഷനു് സ്ഥാനമുണ്ടാകയില്ല. എന്റെ ജീവനെ രക്ഷിക്കുവാനുള്ള ശക്തി സുകുമാരനായ അമീറിനല്ലാതെ മററാൎക്കുമില്ലതാനും. ഉന്മേഷ ഭരിതയാക്കിത്തീൎക്കുവാനും മററാൎക്കും സാധിക്കുന്നതല്ല. അതുകൊണ്ടു നിങ്ങൾ എന്നെ ഒരു പുത്രിയെ കണക്കെ സ്നേഹിക്കുന്നുണ്ടെങ്കിൽ എനിക്കു അമീറുമായുള്ള സമാഗമത്തിനും അദ്ദേഹവുമായി ചേൎന്നിരുന്നു രമിക്കുവാനുമുള്ള സൌകൎയ്യം ഉണ്ടാക്കിത്തരണം. ഇത്രയും പറഞ്ഞശേഷം അവൾ തന്റെ കഴുത്തിൽ ധരിച്ചിരുന്ന വിലയേറിയ ഒരു മുത്തുമാല അഴിച്ചു പരിചാരികക്കു സമ്മാനിച്ചു. ദുരാശാഭരിതയായിരുന്ന പരിചാരികക്കു രാജകുമാരിയുടെ ഈ ഔദാൎയ്യത്തിൽ അളവററ സന്തോഷമുണ്ടായി. രാജകുമാരി അവളുടെ ചിത്തവൃത്തി ക്ഷണത്തിൽ ഗ്രഹിച്ചുകൊണ്ടു ഇങ്ങിനെ പറഞ്ഞു:—'ഞാൻ ഇപ്പോൾതന്നെ ഈ സമ്മാനം കേവലം നിസ്സാരമായിട്ടുള്ള ഒന്നാണ്. അടുത്ത അവസരത്തിൽ ഞാൻ നിങ്ങൾക്കു ഇതിനേക്കാളും വിലപിടിച്ച സമ്മാനങ്ങൾ നൽകുന്നതിനും പുറമേ അമീർ അവർകളെക്കൊണ്ടും തരുവിക്കുന്നതാണ്'.

രാജകുമാരി സമ്മാനിച്ച മുത്തുമാലയുടെ വൈശിഷ്ട്യത്തെപ്പററി ആലോചിച്ചപ്പോൾ പരിചാരികക്കു അസാമാന്യമായ സന്തോഷം ജനിച്ചു. രാജകുമാരിയുടെ അഭിമതത്തോടു യോജിക്കുന്ന പക്ഷം തനിക്കു ഇതിലും വിലപിടിച്ച വസ്തുക്കൾ ധാരാളം കിട്ടുവാൻ ഇടയുണ്ടെന്നു തീൎച്ചയാക്കി അവൾ ആ നിമിഷത്തിൽതന്നെ തന്റെ വിപരീതാഭിപ്രായത്തെ നിശ്ശേഷം ഉപേക്ഷിച്ചു. രാജകുമാരിയെ നോക്കി അവൾ ഇങ്ങിനെ പറഞ്ഞു:—'അമീറിനോളം ശക്തനും ധീരനും സുന്ദരനുമായ ഒരു പുരുഷനെ ഈ ലോകം മുഴുവൻ തെരഞ്ഞാലും കണ്ടുകിട്ടുന്നതല്ല. നിന്റെ ആശയം യഥാസ്ഥാനത്തുതന്നെയാണു പതിഞ്ഞിരിക്കുന്നതു്. മതവ്യത്യാസം ഒന്നുമാത്രമേ ഇക്കാൎയ്യത്തിൽ ഒരു കുറവായി പറയുവാൻ കാണുന്നുള്ളു. എന്നാൽ നീ പറയുന്നതുപോലെ അനുരാഗത്തിനു ജാതിയെപ്പററിയുള്ള നോട്ടമേ ഉണ്ടായിരിക്കയില്ല. തുച്ഛമായ ജാതിവ്യവസ്ഥമൂലം പ്രേമത്തിനു ഹാനി

സംഭവിക്കുന്നതുമല്ല. നിൻെറ ഇഷ്ടത്തോടു ഞാൻ പൂർണ്ണമായി യോജിച്ചിരിക്കുന്നു. അതിനുവേണ്ടി എന്നാൽ ചെയ്യുവാൻ കഴിയുന്ന ഏതു കാര്യവും എപ്പോഴും ചെയ്തുതരുവാൻ ഞാൻ ഒരുക്കമാണ്. ഇനി നീ ഖേദിക്കേണ്ടതില്ല. എണീററു കുളിച്ച് ആഹാരം കഴിച്ചശേഷം വിശേഷപ്പെട്ട വസ്ത്രാഭരണങ്ങൾ ധരിച്ചു സന്തോഷപ്രദമായി സമയം നയിക്കുവാൻ ശ്രമിക്കുക. രാത്രിയായാൽ നിന്നെ ഞാൻ കൂട്ടിച്ച് അമീർ താമസിക്കുന്ന സ്ഥലത്തു കൊണ്ടുപോയി വിടാം. മനസ്സമാധാനമുണ്ടെങ്കിലേ എല്ലാ കാര്യവും നടക്കുകയുള്ളു. ധൈര്യവും അത്യാവശ്യവുമാണ്. ഇതു വളരെ രഹസ്യമായിരിക്കേണ്ട ഒന്നാകയാൽ നീ വളരെ ചൊടിയും ചുണയും പ്രകടിപ്പിച്ചുവെങ്കിലേ സാധിക്കയുള്ളു.

അവളുടെ ഈ വാക്കുകൾ മെഹർനികറിനെ അളവററാനന്ദിപ്പിച്ചു. ഇനി തൻെറ ആഗ്രഹം നിഷ്പ്രയാസം സാധിക്കുന്നതാണെന്നും അവൾക്കു ബോദ്ധ്യമായി. അതോടുകൂടി പരമസന്തുഷ്ടയായിത്തീർന്ന രാജകുമാരി കിടക്കവിട്ടെഴുന്നേററ് കുളി ആഹാരം മുതലായതു കഴിഞ്ഞ് വളരെ വില പിടിച്ചതും വിശിഷ്ടങ്ങളുമായ വസ്ത്രാഭരണങ്ങൾ എടുത്തു ധരിച്ച് വേണ്ട മോടി പിടിപ്പിച്ചു. പ്രിയനെ ആകർഷിക്കുവാനും രസിപ്പിക്കുവാനുമുള്ള എല്ലാ ഒരുക്കങ്ങളും ക്ഷണനേരംകൊണ്ട് അവൾ ചെയ്തുതീർത്തു. തൻെറ സൌന്ദര്യപ്രഭയെ പലപ്രാവശ്യം അവൾ കണ്ണാടിയിൽ നോക്കി തൃപ്തിപ്പെട്ടു. അപ്പോഴേക്കും സൂര്യൻ അസ്തമിച്ചു ഇരുട്ടും സർവ്വത്രവ്യാപരിച്ചു. ഉടനെ പരിചാരിക രാജകുമാരിയുടെ സമീപം ചെന്ന് രാത്രി സമയങ്ങളിൽ ധരിക്കുന്ന വസ്ത്രങ്ങൾ എടുത്തു രാജകുമാരിയെ ഒരു പുരുഷനെപ്പോലെ വേഷം ധരിപ്പിച്ചു താനും അതേമാതിരി വേഷം മാറി വേണ്ട കരുതലുകളോടുകൂടി രണ്ടാളുമൊന്നിച്ച് അരമനവിട്ടു പുറത്തിറങ്ങി. അരമനയെ ചുററിയുള്ള മതിൽവിട്ടു പുറത്തു കടക്കുവാൻ എളുപ്പമില്ലാതിരുന്നതിനാൽ അവർ കയറുകൊണ്ടു ഒരു ഏണി കെട്ടിയുണ്ടാക്കി അതിൻെറ സഹായത്തോടുകൂടി പുറത്തുകടന്നു. അവർ ഇരുൾച്ഛായയിൽകൂടി ഒളിഞ്ഞൊളിഞ്ഞ് അമീറിൻെറ കൂടാരത്തെ ലക്ഷ്യമാക്കി അതിവേഗത്തിൽ നടന്നു. അവർ ഇങ്ങിനെ നടന്നു പോകുമ്പോൾ തങ്ങൾക്കഭിമുഖരായി കറപ്പു വസ്ത്രങ്ങൾ ധരിച്ച മൂന്നാളുകൾ വരുന്നതായി കണ്ടു. അവർ കാണാതെ വഴിയരുകിൽ എവിടെയെങ്കിലും ഒതുങ്ങിനിന്ന് അവർ കടന്നു പോയശേഷം പോകുന്നതാണു നന്നെന്നു കരുതി രാജകുമാരിയും പരിചാരികയും വൃക്ഷത്തിൻെറ മറവിൽ മാറിനിന്നു. എന്നാൽ അവരുടെ ഈ ഒളിഞ്ഞുമാററം സൂക്ഷ്മദൃഷ്ടിയായ അമീർ കണ്ടു. ഉടനെ അദ്ദേഹം സാമാന്യം ഉച്ചത്തിൽ മുക്ബലിനോടിങ്ങിനെ പറഞ്ഞു:—'അതാ, ആ മരത്തിൻെറ പിൻഭാഗത്ത്,

ആരോ രണ്ടുപേർ മറഞ്ഞുനില്ക്കുന്നുണ്ട്. അവർ ആരാണെന്നും എന്തിനാണവിടെ ഒളിഞ്ഞുനില്ക്കുന്നതെന്നും അറിഞ്ഞുവരിക.'

അമീറിന്റെ ശബ്ദം കേട്ടമാത്രയിൽ അതാൾ ഇന്നാളാണെന്നു രാജകുമാരിക്കു മനസ്സിലായി. മക്ബൂൽ ക്ഷണത്തിൽ മേൽപറഞ്ഞ വൃക്ഷഛായയിൽ ചെന്നുനോക്കി. കൃത്രിമവേഷം ധരിച്ചിരുന്നുവെങ്കിലും മെഹർനികാറിനെ തിരിച്ചറിവാൻ മക്ബൂലിനു യാതൊരു പ്രയാസവുമുണ്ടായില്ല. സംശയം തീരുമാറ് അയാൾ അവളെ ഒന്നുകൂടി സൂക്ഷിച്ചുനോക്കി അതു രാജകുമാരിതന്നെ എന്നു ധൈര്യം വന്നശേഷം അവിടെത്തന്നെ നിന്നുകൊണ്ടു ഇങ്ങനെ വിളിച്ചുപറഞ്ഞു:—'അമീർ! ഇവരാരാണെന്നു നിങ്ങൾ തന്നെ ഇവിടെ വന്നുനോക്കേണ്ടതാണ്. ഇവർ ആരെന്നു നിങ്ങളെ പറഞ്ഞറിയിക്കുവാൻ ഞാൻ ശക്തനല്ല.' അമീർ ക്ഷണത്തിൽ അവരുടെ സമീപം ചെന്ന് ഒന്നു സൂക്ഷിച്ചുനോക്കി. അമീറിനെ കണ്ടക്ഷണത്തിൽ തന്നെ സന്തോഷാധിക്യത്താൽ പുളകിതയായിത്തീൎന്ന രാജകുമാരി അമീർ പ്രഥമവീക്ഷണത്തിൽതന്നെ താൻ ഇന്നാളാണെന്നറിഞ്ഞുകൊള്ളട്ടെ എന്നു കരുതി തന്റെ കൃത്രിമവേഷങ്ങൾ എടുത്തുമാററി പ്രസന്നവദനയായി നിന്നു. വിചാരിച്ചിരിക്കാതെ തന്റെ പ്രേമധാമത്തെ മാൎഗ്ഗമദ്ധ്യത്തിൽവച്ചു കണ്ടുമുട്ടുകയാൽ അമീർ അസാമാന്യമായ സന്തോഷത്താൽ മതിമറന്നുപോയി. അദ്ദേഹം തന്റെ മുഖമൂടി വലിച്ചുനീക്കി അവളെ നല്ലവണ്ണം ഒന്നു നോക്കി കൃതാൎത്ഥനായശേഷം അവളുടെ കൈപിടിച്ചുകൊണ്ടു എല്ലാവരുമായി തന്റെ കൂടാരത്തിലേക്കു മടങ്ങി. ഈ സന്ദൎഭത്തിൽ ഉമർ അവരുടെ രണ്ടാളുടെയും അരികിൽചെന്ന് വളരെ വിനയബഹുമാനാദികൾ അഭിനയിച്ചശേഷം ഇങ്ങിനെ പറഞ്ഞു:—'ഹാവൂ, രാജകുമാരിക്കു നമ്മുടെ പേരിൽ അളവററ സന്തോഷമുണ്ടെന്നുള്ളതിനു സംശയമേ ഇല്ല. ഈ സന്ദൎഭത്തിൽ കുമാരി നമ്മെ വന്നു കാണാതിരുന്നുവെങ്കിൽ നാം എത്രയോ ബുദ്ധിമുട്ടുകളും മാൎഗ്ഗക്ലേശങ്ങളും സഹിക്കേണ്ടിവരുമായിരുന്നു. അതുകൂടാതെ കഴിഞ്ഞതിൽ നാം കുമാരിയെ വളരെ ബഹുമാനിക്കേണ്ടതാണ്. അമീറിന്റെ പേരിലുള്ള പ്രണയാധിക്യമാണ് ഈ അസമയത്തു മെഹർനികാറിനെ നമ്മെ ആരാഞ്ഞുപുറപ്പെടുവാൻ കാരണമാക്കിത്തീൎത്തിട്ടുള്ളത്. ഏതായാലും അവളുടെ സന്മനസ്സിനു നാം അനേകായിരം നന്ദിപറയേണ്ടതാണ്.' ഇതിനെത്തുടൎന്നു രാജകുമാരിയെയും അമീറിനെയും പരിഹസിച്ചുകൊണ്ടു അയാൾ പലതും പറയുവാനൊരുങ്ങി. എന്നാൽ ഉമർ ഇന്നാരാണെന്നു രാജകുമാരിക്കറിവില്ലാതിരുന്നതിനാൽ അവൾ പെട്ടെന്നു മക്ബൂലിനെ നോക്കി ഇപ്രകാരം ചോദിച്ചു:—'ഈ മനുഷ്യൻ ഏതാണ്? ഇദ്ദേഹത്തിന്റെ പേരെന്താണ്? എവിടെയാണ് താമസിക്കുന്നത്?'

മക്ബൂൽ:—വിനോദരസികന്മാരിൽവച്ച് അഗ്രേസരനും പ്രസിദ്ധനായ കോവിദനുമായ ഉമറയ്യാറിനെക്കുറിച്ചു ഭവതി കേട്ടിട്ടില്ലായിരിക്കുമോ?

ഉമറിനെപ്പററി രാജകുമാരി ധാരാളം കേട്ടിട്ടുണ്ടായിരുന്നതിനാൽ അവൾക്കു അയാളുടെ പേരിൽ വളരെ ബഹുമാനം തോന്നി. അവൾ ഉമറിനെ നല്ലവണ്ണമൊന്നു സൂക്ഷിച്ചുനോക്കി. വിനോദരസം തുളുമ്പിക്കൊണ്ടിരുന്ന അയാളുടെ ആകപ്പാടെയുള്ള പ്രകൃതവും ഭാവവിശേഷവും രൂപസൌകുമാര്യവും അവളെ വളരെ രസിപ്പിച്ചു. തൽഫലമായി അവൾ ഉമറിനെ തന്നാലാകുന്ന വിധത്തിലെല്ലാം വളരെ പ്രശംസിക്കുവാൻ തുടങ്ങി. ഇങ്ങിനെ അവർ ഓരോന്നു പറഞ്ഞുകൊണ്ടു എത്രയും വേഗത്തിൽ അമീറിൻെറ കൂടാരത്തിൽ ചെന്നുചേൎന്നു. തൻെറ പ്രേമധാമമായ രാജകുമാരിയെ സ്വാധീനത്തിൽ കിട്ടുകനിമിത്തം അമീറിനു അപരിമിതമായ ആനന്ദവും ചാരിതാൎത്ഥ്യവുമുണ്ടായി. അദ്ദേഹം അവളെ തൻെറ കിടക്കമേൽ കൊണ്ടുപോയിരുത്തി താനും അരികിലിരുന്നു ഹൃദ്യങ്ങളായ ഓരോ ലീലകൾകൊണ്ടു അവളെ വിനോദിപ്പിക്കുവാൻ തുടങ്ങി. ഇങ്ങിനെ കുറച്ചു നേരം അവർ രമിച്ചുശേഷം ലഘുഭക്ഷണം കഴിക്കുവാനാരംഭിച്ചു. രണ്ടാളും വളരെ തൃപ്തിയാവോളം ഭക്ഷിച്ചുശേഷം വീണ്ടും വിനോദപ്രകടനങ്ങളിൽ ലയിച്ചു. ഈ അവസരത്തിൽ ഉമർ ആ നവ്യദമ്പതികളെ രസിപ്പിക്കുവാനായി തന്നാലാകുന്ന ശ്രമങ്ങൾ ആരംഭിച്ചു. അയാൾ സംഗീതത്തിൽ അതി നിപുണനായിരുന്നതിനാൽ അമീറിൻെറയും രാജകുമാരിയുടേയും സമീപത്തൊരിടത്തു ചെന്നിരുന്ന് വളരെ രസകരവും ആകൎഷണീയവുമായ വിധത്തിൽ ഒരു പാട്ടുപാടി. ഉമറിൻെറ പാട്ടിൽ അവിടെ കൂടിയിരുന്നവരെല്ലാം വളരെ രസിച്ചു. അനന്തരം, അമീർ തൻെറ പ്രേമഭാജനമായ രാജകുമാരിയെ തൻെറ അഭിമതപ്രകാരം വേണ്ടതു പ്രവൃത്തിച്ചുകൊള്ളുവാൻ സമ്മതിച്ചു സഹായിച്ച ആ പരിചാരികക്കു വളരെ വിലപിടിച്ച അനവധി സമ്മാനങ്ങൾ കൊടുത്തു. അതോടുകൂടി അവൾക്കും അളവററ സന്തോഷമുണ്ടായി. ഇങ്ങിനെ അമീർ രാത്രി മുഴുവൻ മെഹർനികരമായി സരസസല്ലാപങ്ങൾ നടത്തി ആനന്ദിച്ചു. സൂൎയ്യപ്രകാശമാകാറായി എന്നു കണ്ടപ്പോൾ അമീർ, മക്ബൂൽ ഉമർ എന്നിവരേയുംകൂട്ടി രാജകുമാരിയേയുംകൊണ്ട് അവളുടെ അന്തഃപുരത്തിലേക്കു നടന്നു. മററാരും കാണാതെ അവർ രാജകുമാരിയെ അന്തഃപുരത്തിലാക്കി അമീർ അവളോടു താൻ ദിവസവും രാത്രികാലങ്ങളിൽ വന്നു കണ്ടുകൊള്ളാമെന്ന് പറഞ്ഞ് അവളെ സമാധാനപ്പെടുത്തിയശേഷം തൻെറ പാൎപ്പിടത്തിലേക്കുതന്നെ മടങ്ങി.

രാജകുമാരിയും പരിചാരികയും അരമനയിലേക്കു കടക്കുമ്പോൾ അവിടത്തെ കാവൽക്കാരായ രാജഭടന്മാരിൽ ചിലർ ഉറക്കമുണൎന്നു കഴി

ഞ്ഞിരുന്നു. അവർ കറുപ്പു നിറത്തിലുള്ള വസ്ത്രങ്ങൾകൊണ്ടു കൃത്രിമവേഷം ധരിച്ചിരുന്ന രാജകുമാരിയേയും കൂട്ടുകാരിയേയും കണ്ടു് ആളറിയാതെ അവർ വല്ല കള്ളന്മാരുമായിരുന്നേക്കുമെന്നു ശങ്കിച്ചു് 'കള്ളൻ, കള്ളൻ' എന്നു വിളിച്ചു പറഞ്ഞു ബഹളം കൂട്ടിത്തുടങ്ങി. എന്നാൽ അപ്പോഴേക്കും സൂര്യപ്രകാശം നല്ലവണ്ണം ദിക്കെങ്ങും വ്യാപിച്ചിരുന്നതിനാൽ അവക്കു ആളെ പെട്ടെന്നു മനസ്സിലായി. പിന്നീടു് അവരാരും യാതൊന്നും ശബ്ദിച്ചതുമില്ല. എങ്കിലും ഇവരുടെ ഈ വേഷമാററത്തിലും പുറത്തേക്കുള്ള അസമയത്തെ യാത്രയിലും കാവൽക്കാരിൽ പ്രധാനിക്കു പലേ സംശയങ്ങളും ജനിച്ചിരുന്നു. അതിനാൽ ഇക്കാര്യത്തിൽ എന്തെങ്കിലും ചിലതു മുൻകൂട്ടി ചെയ്യാത്തപക്ഷം വലുതായ അപകടങ്ങൾക്കു തന്നേയും കാരണമായിത്തീരുന്നേക്കുമെന്നു് അയാൾ തീർച്ചയാക്കി. അതനുസരിച്ചു് അയാൾ ഉടൻതന്നെ രാജകുമാരിയുടെ മാതാവായ മഹാറാണിയെ ചെന്നുകണ്ടു് ഇങ്ങിനെ അറിയിച്ചു:—'മഹാറാണി! നമ്മുടെ രാജകുമാരിയുടെ അരമനക്കുചുററും രാപകൽ ഒന്നുപോലെ കാവൽനില്ക്കുവാൻ ആരെയെങ്കിലും നിയോഗിക്കേണ്ടതാണു്. അല്ലാത്തപക്ഷം കാലക്രമേണ പലേ തകരാറുകളും ഉണ്ടായേക്കുവാൻ ഇടയുണ്ടു്. പുറത്തുനിന്നും ചില കള്ളന്മാരുടെ പ്രവേശനം ഈയിടെ ഉണ്ടായിത്തുടങ്ങിയിട്ടുണ്ടെന്നു സംശയിക്കേണ്ടതായിട്ടാണു് ഇരിക്കുന്നതു്. അതുകൊണ്ടു ആയുധവിദ്യയിൽ അതിനിപുണരായ ഏതാനും ഭടന്മാരെ ഇതിലേക്കു നിയോഗിക്കുവാൻ അവിടന്നു് ബാദുഷയോടു പ്രത്യേകം ഏർപ്പാടുചെയ്യണം.'

അവൻെറ ഈ അഭിപ്രായം വളരെ യുക്തിയുക്തമായിട്ടുണ്ടെന്നു റാണിക്കു തോന്നി. അവർ ഉടനെതന്നെ ബാദുഷയെ ചെന്നുകണ്ടു വിവരങ്ങൾ ഉണർത്തിച്ചു ബാദുഷയും അതിനോടനുകൂലിച്ചു. അനന്തരം അദ്ദേഹം തൻെറ പ്രധാന സൈന്യനായകനെ വിളിച്ചുവരുത്തി ഇങ്ങിനെ ഒരാജ്ഞയും കൊടുത്തു:—'ഇന്നുമുതൽ നമ്മുടെ രാജകുമാരിയുടെ അരമനയുടെ നാലുവശങ്ങളിലുമായി നാലുവീരന്മാരെ തെരഞ്ഞെടുത്തു കൊണ്ടുപോയി കാവൽ നിർത്തണം. നിൻെറ പ്രത്യേക മേൽനോട്ടവും അവരിൽ ഉണ്ടായിരിക്കണം. രാപകൽ ഒന്നുപോലെ ജാഗ്രതയായി കാവൽ നില്ക്കേണ്ടതാണു്. ഇതിനു വല്ല അമാന്തവും വന്നുകണ്ടാൽ ഉണ്ടാകുന്ന ശിക്ഷ ഭയങ്കരവുമായിരിക്കും. ഏതാനും ദിവസമായി അരമനയിൽ കള്ളന്മാർ കടന്നുകൂടുന്നതായി ഒരു വദന്തി കേൾക്കുവാനുണ്ടു്. നിങ്ങളുടെ ശ്രമം കൊണ്ടു കള്ളന്മാരെ പിടികിട്ടുമെങ്കിൽ എൻെറ പ്രത്യേക സമ്മാനവും നിങ്ങൾക്കു ലഭിക്കുന്നതാണു്'.

ബാദുഷയുടെ കല്പനപ്രകാരം സൈന്യനായകൻ തൻെറ സൈന്യസംഘത്തിൽനിന്നും യുദ്ധവൈദഗ്ദ്ധ്യവും കരുത്തുമേറിയ നാലുഭടന്മാരെ

തെരഞ്ഞെടുത്തു കൊണ്ടുപോയി അരമനയ്ക്കു ചുററം കാവൽനിൎത്തി. ഈ വിവരം അമീറും അറിഞ്ഞു. അപ്പോൾമുതൽ അദ്ദേഹത്തിന്നു വലുതായ ഖേദവും നിരാശയും ഉണ്ടായി. ആരെല്ലാം കാവൽ നിന്നാലും രാജകുമാരിയുമായുള്ള തൻെറ സമാഗമത്തിന്നു തടസ്സം വരുത്തുവാൻ പാടില്ലെന്നു തന്നെ അദ്ദേഹം തീൎച്ചയാക്കി. തലേദിവസം അവൾ തന്നെ തെരഞ്ഞു ഇങ്ങോട്ടു വന്നതിനാൽ ഇന്നും ഒരു സമയം അവൾ വന്നേക്കുവാൻ ഇടയുണ്ടെന്നുകരുതി അമീർ അൎദ്ധരാത്രിയാകുന്നതുവരെ കാത്തിരുന്നു. മെഹർനിഗർ വന്നു കാണാത്തതിനാൽ താന്തനായിത്തീൎന്ന അമീർ അവളുടെ അന്തഃപുരത്തിലേക്കുതന്നെ പോകുവാൻ തീൎച്ചയാക്കി. തൻെറ പരിചാരകന്മാരിൽ ഒരുവനെ വിളിച്ചു താൻ രാത്രിയിൽ ധരിക്കുന്ന വസ്ത്രങ്ങൾ എടുത്തു കൊണ്ടുവരുവാൻ ആജ്ഞാപിച്ചു. ഈ വിവരമറിഞ്ഞ ഉമർ അമീറിൻെറ അന്നത്തെ യാത്ര ആപൽക്കരമാണെന്നു ഊഹിക്കുകയാൽ ഏതുവിധേനയും അദ്ദേഹത്തെ ഈ ഉദ്യമത്തിൽനിന്നും പിൻതിരിപ്പിക്കണമെന്നു കരുതി തൻെറ രണ്ടു കണ്ണുകളിലും അശ്രുക്കൾ നിറച്ചുകൊണ്ടു അമീറിൻെറ സമീപം ചെന്നു് ഇങ്ങിനെ അറിയിച്ചു:—'പ്രിയ സ്നേഹിതാ! അങ്ങു് ഈശ്വരനെ വിചാരിച്ചിട്ടെങ്കിലും ഇന്നു രാത്രി നമ്മുടെ കൂടാരം വിട്ടു പുറത്തു പോകരുതു്. ഇന്നു ബാദുഷ തൻെറ സൈന്യനായകനെ അനവധി ആൾക്കാരോടുകൂടി രാജകുമാരിയുടെ അരമനയ്ക്കു ചുററം കാവൽ നിൎത്തിയിരിക്കുന്നതായി ഞാൻ അറിഞ്ഞിരിക്കുന്നു. അങ്ങുന്നു് അവിടേക്കു പോകുന്നതായാൽ അവർ കാണുന്നതിനും തന്മൂലം അങ്ങേക്കു വലുതായ അപഖ്യാതി സംഭവിക്കുന്നതുമാണു്. ഇന്നത്തേക്കു അങ്ങയുടെ വികാരങ്ങളെ അടക്കിനിൎത്തുന്നതു് എല്ലാംകൊണ്ടും നന്നായിരിക്കും എന്നാണു് എൻെറ അഭിപ്രായം. ദുഷ്ടരിനെയാണു് നാം എപ്പോഴും വലുതായി ഭയപ്പെടേണ്ടതു്. അങ്ങേക്കിപ്പോൾ ഇവിടെ വളരെ നല്ല മതിപ്പും ബഹുമാനവുമുണ്ടു്. എന്നാൽ, ഈവക പ്രവൃത്തികൾ അവരറിഞ്ഞുപോയാൽ പിന്നെ യാതൊരു ബഹുമാനവുമില്ലാതാകുകയും സൎവ്വത്രപരിഹാസ്യനായി ഭവിക്കുകയുംചെയ്യും. ഞാൻ പറയാതെതന്നെ ഈവകകാൎയ്യങ്ങൾ അങ്ങേക്കൂഹിച്ചറിയത്തക്കതുകളാണല്ലോ'.

പലവിധ ചിന്തകളാൽ ഹതാശനായും നിരുന്മേഷനായും സ്ഥിതിചെയ്തിരുന്ന അമീർ ഉമറിൻെറ ഈ വാക്കുകൾ കേട്ടമാത്രയിൽ പൊട്ടിച്ചിരിച്ചുപോയി. എന്തെന്നില്ലാത്ത ഒരു പ്രസരിപ്പും തേജസ്സും അദ്ദേഹത്തിൽ കളിയാടി. 'ഉമർ! നീ ഇത്ര ഭ്രാന്തനും ഭീരുവുമാണെന്നു ഞാൻ അറിഞ്ഞിരുന്നില്ല. നിനക്കിനിയും എന്നെ മനസ്സിലാക്കുവാൻ കഴിയാതെ പോയതിലാണു ഞാൻ ആശ്ചൎയ്യപ്പെടുന്നതു്. സൈന്യനായകനല്ല, എത്ര വലിയ ശൂരപരാക്രമികൾതന്നെ വന്നാൽ എനിക്കെന്തു്. ഈ നിസ്സാരമായ

കാൎയ്യം പ്രമാണിച്ച് എന്റെ രാജകുമാരിയെ ഇന്നു ചെന്നു കാണാതിരിക്കുവാൻ ഞാൻ വിചാരിക്കുന്നില്ല. ആരുതന്നെ വന്നെതിൎത്താലും ഞാൻ അവരോടെല്ലാം യുദ്ധം ചെയ്യുവാൻ ഒരുക്കമാണ്. നിങ്ങൾക്കു ജീവനിൽ കൊതിയും ഭീരുത്വവുമുള്ളപക്ഷം നിങ്ങൾ കൂടാരം വിട്ടു പുറത്തേക്കിറങ്ങേണ്ട. ഇവിടെത്തന്നെ ഇരുന്നു കൊള്ളുക. എനിക്കു പോകാതെ നിവൃത്തിയില്ല. മുൻപോട്ടുവെച്ച കാൽ പിന്നാക്കം വലിക്കുന്നതു പൌരുഷമുള്ളവൎക്കു യുക്തമല്ല". എന്നു അമീർ ഉമറിനോടു പറഞ്ഞശേഷം മക്ബൂലിനേയുമൊന്നിച്ചു കൂട്ടിക്കൊണ്ടു രാജകുമാരിയുടെ അന്തഃപുരത്തെ ലക്ഷ്യമാക്കി നടന്നു. ഉമർ തടസ്സങ്ങൾ പറഞ്ഞുവെങ്കിലും അവരെ തനിയെ വിട്ടയക്കുവാൻ ഒട്ടും ഇഷ്ടപ്പെട്ടില്ല. അമീറും മക്ബൂലും പോയി ഏതാനും നിമിഷം കഴിഞ്ഞപ്പോൾ ഉമറും അവരറിയാതെ പിന്നാലെ തിരിച്ചു. അമീറും മക്ബൂലും അന്തഃപുരോദ്യാനത്തിന്നു സമീപമെത്തിയപ്പോൾ അനവധി ഭടന്മാർ കൈയിൽ ദീപവുമായി അരമനയ്ക്കു ചുററും സഞ്ചരിച്ചുകൊണ്ടിരിക്കുന്നതായി കണ്ടു. അവർ അമീറിന്നഭിമുഖമായിട്ടാണു വന്നുകൊണ്ടിരുന്നതു്. തങ്ങൾ അവരുടെ ദൃഷ്ടിക്കെത്തപ്പെട്ടാൽ കാൎയ്യം തകരാറായിത്തീരുമെന്നു കരുതി അവർ കടന്നു പോകുന്നതുവരെ അമീറും മക്ബൂലും ഉദ്യാനത്തിലുള്ള ഒരു വലിയ വൃക്ഷത്തിന്റെ ഛായയിൽ മറഞ്ഞുനിന്നു. രാജഭടന്മാർ നടന്നു മറുപുറമെത്തി എന്നു കണ്ടപ്പോൾ അമീർ അന്തഃപുരത്തിനു പുറത്തുള്ള മതിലരികിൽ എത്തി പതിവുപോലെ മക്ബൂലിനെ കാവൽ നിൎത്തിയശേഷം ഉമറിനോടുകൂടി മുകളിലേക്കു കയറിപ്പോയി. ഈ സമയം രാജകുമാരി വിശിഷ്ടങ്ങളായ വസ്ത്രാഭരണാദികൾ ധരിച്ച് തന്റെ പ്രധാനപ്പെട്ട സഖികളോടുകൂടി അമീർ വന്നാലുടൻ അദ്ദേഹത്തെ സല്ക്കരിക്കുകയും വിനോദിപ്പിക്കുകയും ചെയ്യുവാൻ പൎയ്യാപ്തങ്ങളായ ഉപകരണങ്ങൾ ഒരുക്കിക്കൊണ്ട് അദ്ദേഹത്തിന്റെ വരവിനേയും പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. മക്ബൂലിനെ കാമിച്ചിരുന്ന ഹ്രർ എന്നവളും ഉമറിനെ ആശിച്ചിരുന്ന ബദനാളും തങ്ങളുടെ കാമുകന്മാരെ പ്രീതിപ്പെടുത്തുവാൻ തങ്ങളാലായ വസ്തുക്കൾ ശേഖരംചെയ്ത് അവരും ആശാഭരിതരായി സ്ഥിതിചെയ്യുകയായിരുന്നു. സമയം വളരെ അതിക്രമിച്ചിട്ടും അമീർ വന്നു കാണാത്തതിനാൽ അവർ നിരുന്മേഷരായിത്തുടങ്ങി. അപ്പോൾ ബദനായുടെ മാതാവായ പ്രധാനപരിചാരിക രാജകുമാരിയുടെ സമീപമണഞ്ഞു് ഇപ്രകാരം പറഞ്ഞു:—'കുമാരി! അമീറിന്റെ വരവു കാത്തിരുന്നു വിഷമിക്കേണ്ടതില്ല. ഇന്നത്തെ അദ്ദേഹത്തിന്റെ വരവു വളരെ സംശയത്തിലാണ്. എന്തുകൊണ്ടെന്നാൽ സൎവ്വസൈന്യാധിപനും സംഘവും നമ്മുടെ അരമനയ്ക്കുപുറമേ ബാദുഷായുടെ പ്രത്യേക നിയോഗപ്രകാരം വളരെ

ഊൎജ്ജിതത്തിൽ കാവൽനില്ക്കുന്നുണ്ട്. തന്നിമിത്തം അവരെ കബളിപ്പിച്ച് അമീറിന് ഇവിടേക്കു കടന്നുവരുവാൻ വളരെ വൈഷമ്യം നേരിടും".

രാജകുമാരി:—നിങ്ങൾ അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഇങ്ങിനെ വിചാരിച്ചു പോകേണ്ട. സൈന്യാധിപനല്ല, അതിനേക്കാൾ കൂടുതൽ ശക്തിയുള്ള ആരുതന്നെ കാവൽ നിന്നാലും അവരെ സധൈൎയ്യം എതിൎത്തു പോരുവാനുള്ള ധൈൎയ്യവും സാമൎത്ഥ്യവും അദ്ദേഹത്തിനുണ്ട്. എന്നിൽ അദ്ദേഹത്തിനുണ്ടായിട്ടുള്ള പ്രേമം യഥാൎത്ഥവും നിഷ്കളങ്കവുമായിട്ടുള്ളതാണെങ്കിൽ ഇന്നിവിടെവന്നു ചേരാതിരിക്കയില്ലെന്ന് എനിക്കുറപ്പുണ്ട്.

അവൾ ഇത്രയും പറഞ്ഞവസാനിപ്പിച്ചതും അമീർ അവരുടെ മുൻപിൽ കടന്നു ചെന്നതും ഒന്നിച്ചു കഴിഞ്ഞു. "ഇപ്പോൾ ഞാൻ പറഞ്ഞ വാക്കുകളുടെ യഥാൎത്ഥം നിങ്ങൾക്കെല്ലാം ബോദ്ധ്യമായിക്കഴിഞ്ഞില്ലേ?" എന്നു ചോദിച്ചുകൊണ്ടു രാജകുമാരി പെട്ടെന്നെഴുന്നേററുചെന്ന് അമീറിനെ സ്വീകരിച്ചു വളരെ വിശിഷ്ടമായ ഒരാസനത്തിൽ ഇരുത്തി വേണ്ട ആചാരോപചാരങ്ങൾ ചെയ്തു. അനന്തരം അമീർ തൻെറ പ്രേമഭാജനവുമായി സരസസല്ലാപങ്ങൾക്കു ഭാവിച്ചു. ഈ തരുണത്തിൽ ആ നവദമ്പതികളെ രസിപ്പിക്കുവാനായി ഉമർ തൻെറ സ്വതസ്സിദ്ധമായ സംഗീതവൈദഗ്ദ്ധ്യത്തെ പ്രകടിപ്പിച്ചു തുടങ്ങി. ഇങ്ങിനെ കുറച്ചുനേരം കഴിഞ്ഞതോടുകൂടി രാജകുമാരിക്കു ഉമറിൻെറ പേരിൽ എന്തെന്നില്ലാത്ത സന്തോഷം തോന്നുകയും തൽഫലമായി അവൾ അയാളെ വളരെ വാഴ്ത്തുകയും ചെയ്തു. അതിനുശേഷം അവൾ ഉമറിനോടു "നിങ്ങൾക്കു ഇവിടെ കാണുന്ന ഈ സ്ത്രീകളിൽ ആരുടെ പേരിലെങ്കിലും മോഹം തോന്നുന്നുണ്ടോ?" എന്നു ചോദിച്ചു.

ഉമർ:—രാജകുമാരി! അവിടത്തെ ഈ ചോദ്യം എന്നെ അത്യന്തം ആശാഭരിതനാക്കിത്തീൎക്കുകയാണു ചെയ്യുന്നത്. നിങ്ങളെയൊക്കെപ്പോലെ ഞാനും ഒരു മനുഷ്യൻ തന്നെയാണ്. എനിക്കും ചില അഭിനിവേശങ്ങൾ ഉണ്ടാകുക അനൌചിത്യമായിരിക്കയില്ല. എങ്കിലും എൻെറ ആഗ്രഹങ്ങൾ തുറന്നു നിങ്ങളോടു പറയുന്നതിൽ വളരെ ലജ്ജയുണ്ട്.

രാ: കു:—നിൻെറ ആഗ്രഹം തുറന്നു പറയുന്നതിൽ ഒട്ടും മടിക്കേണ്ട. ഞാൻ നിന്നെ പരിഹസിക്കുവാൻ വേണ്ടി ചോദിച്ചതാണിതെന്നു നീ തെററിദ്ധരിക്കയും വേണ്ട. നീ ഇവിടെയുള്ള ആരെത്തന്നെ സ്നേഹിക്കുന്നുണ്ടെങ്കിലും നിൻെറ മോഹത്തെ ഞാൻ പൂൎത്തിയാക്കിത്തരുവാൻ ഒരുക്കമാണ്.

ഉമർ:—ഞാൻ അവിടത്തെ പരിചാരികകളിൽ ഒരുത്തിയെയാണു മോഹിക്കുന്നതു്. ഒരുപക്ഷെ എന്റെ ഈ മോഹം അസ്ഥാനത്തിലാണെന്നിരുന്നാൽ തന്നെയും നിങ്ങൾ എന്നോടു ചോദിച്ചതിനു സമാധാനം പറഞ്ഞുവെന്നേയുള്ളൂ. എന്റെ സാഹസത്തിനു് എനിക്കു മാപ്പു തരണം.

രാ: കു:—ഉമർ! അതേപ്പററി നീ മററൊന്നും വിചാരിക്കേണ്ടതില്ലെന്നു് ഞാൻ ആദ്യമേതന്നെ പറഞ്ഞിട്ടില്ലേ. നീ മോഹിച്ചിട്ടുള്ളവൾ ആരോ അവളെ ബലമായി കടന്നുപിടിച്ചു നിന്റെ മടിയിലിരുത്തി രസിപ്പിക്കുകയോ ആശ്ലേഷിക്കുകയോ എന്തുതന്നെ വേണമെങ്കിലും ചെയ്തുകൊള്ളുവാൻ ഞാൻ അനുമതി തന്നിരിക്കുന്നു.

രാജകുമാരി ഇത്രയും പറഞ്ഞവസാനിപ്പിച്ച മാത്രയിൽ ഉമർ എഴുന്നേററു താൻ കാമിക്കുന്നവളായ ബദനാളുടെ സമീപം ചെന്നു് പെട്ടെന്നു് അവളുടെ മടിയിൽ കയറി ഇരുന്നു. അവൾ വളരെ ലജ്ജിതയായും തീൎന്നു. മററുള്ളവർ തന്നെ പരിഹസിച്ചേക്കുമോ എന്നോർക്കും തോറും അവൾക്കു ഉമറിന്റെ പേരിൽ വളരെ നീരസം ജനിച്ചുതുടങ്ങി. അവൾ വളരെ അതൃപ്തി പ്രകടിപ്പിച്ച ശേഷം ഉമറിനെ മടിത്തടത്തിൽ നിന്നും പിടിച്ചു മാററി എഴുന്നീററുനിന്നു. അയാളെ വളരെ അലക്ഷ്യഭാവത്തിൽ ഉററു നോക്കുകയും അധിക്ഷേപിക്കുകയും ചെയ്തു. ഇതൊക്കെ സൂക്ഷിച്ചുകൊണ്ടിരുന്ന മെഹർനികർ ഉമറിനോടു 'അവൾ നിങ്ങളോടെന്താണു പറയുന്നതു?' എന്നു ചോദിച്ചു.

ഉമർ:—വിശേഷിച്ചൊന്നുമില്ല. തമാശയായി ഇവൾ ചില അധിക്ഷേപവാക്കുകൾ പറയുകയാണു്. പുറമേ വലിയ അതൃപ്തിയും ദ്വേഷ്യവും കാണിക്കുന്നുണ്ടെങ്കിലും ഉള്ളിൽ വളരെ സന്തോഷവും തൃപ്തിയുമാണുള്ളതെന്നു് എനിക്കറിയാം. ഇതൊക്കെ സ്വാഭാവികമായിട്ടുള്ള സംഗതികളാണു്. എത്രത്തോളം ദുശ്ശീലങ്ങൾ പ്രകടിപ്പിക്കുന്നുവോ അത്രത്തോളം പ്രേമം കൂടുതലുണ്ടെന്നു വേണം അനുമാനിക്കുവാൻ.

ഉമറിന്റെ ഈ ചാതുൎയ്യവാക്കുകൾ കേട്ടു രാജകുമാരി പൊട്ടിച്ചിരിച്ചുപോയി. അവൾ ഉമറിനോടിങ്ങിനെ ചോദിച്ചു:—'അവൾ പറഞ്ഞ വാക്കുകളിൽ ഏതാണു നിങ്ങളെ കൂടുതൽ സന്തോഷിപ്പിക്കുന്നതു്?'

ഉമർ:—ഇവളുടെ ഒരു വാക്കിലും എനിക്കു തൃപ്തിയും സന്തോഷവും തോന്നുന്നില്ല. എന്നാൽ ഇവൾ അണിഞ്ഞിരിക്കുന്ന വിലയുയൎന്ന ആഭരണാദികൾ കണ്ടിട്ടു് അതിൽ എനിക്കു കൂടുതൽ സന്തോഷം ഉണ്ടാകുന്നുണ്ടു്.

സകലരും ഒന്നുപോലെ പൊട്ടിച്ചിരിച്ചു. എന്നാൽ ബദനാളിനാകട്ടെ എന്തെന്നില്ലാത്ത അസഹ്യതയും ദ്വേഷ്യവും ജനിച്ചു. അവളുടെ

മുഖഭാവം വളരെ രൂക്ഷമായും കക്ശമായും തീന്ദ. അതുകണ്ട രാജകുമാരി അവളുടെ ചിന്താഗതികളെ മനസ്സിലാക്കിക്കൊണ്ടു് ഇങ്ങിനെ പറഞ്ഞു: 'ബദനാ! നീ എന്താണിങ്ങിനെ നിരുന്മേഷയായി നില്ക്കുന്നതു്. നിന്റെ പ്രിയനിൽ പ്രീതികാണിക്കുകയോ അദ്ദേഹത്തെ സന്തോഷിപ്പിക്കുകയോ ചെയ്യാതെ ദ്വേഷ്യഭാവത്തിൽ നില്ക്കുന്നതു് ഒട്ടും ഉചിതമല്ലെന്നാണു് എന്റെ പക്ഷം. ഈ ഉമർ ഇന്നാരാണെന്നും ഇദ്ദേഹം എത്രകണ്ടു യോഗ്യനാണെന്നും നിനക്കറിവില്ലെന്നാണു തോന്നുന്നതു്. അമീർ അവർകളെ ഒഴിച്ചാൽ പിന്നീടു് ഈ ലോകത്തിൽവച്ചു് സർവ്വഗുണസമ്പന്നനായ ഒരാൾ ഉണ്ടെങ്കിൽ അതു ഉമർ മാത്രമാണു്. അത്ര സുപ്രസിദ്ധനും സുഭഗനുമായിട്ടുള്ള ഒരു മാന്യപുരുഷന്റെ പ്രേമത്തെ നീയല്ലാതെ ഈ ലോകത്തിൽ ഒരൊററ സ്ത്രീയെങ്കിലും അപലപിക്കുമെന്നു തോന്നുന്നില്ല. ഇങ്ങിനെയുള്ള മഹാന്മാരുടെ പത്നീപദം പ്രാപിക്കുന്നതുതന്നെയാണു് സ്ത്രീകൾക്കു പരമമായ സായുജ്യമെന്നത്രെ അഭിജ്ഞന്മാർപോലും ഘോഷിച്ചിട്ടുള്ളതു.'

അവൾ ഇതിന്നു പ്രത്യുത്തരം യാതൊന്നും പറഞ്ഞില്ല. ഈ അവസരത്തിൽ അമീറിന്റെ ശ്രദ്ധ മററുചിലകാര്യങ്ങളിൽ പതിഞ്ഞു. അമീർ ഇസ്ലാംമതവിശ്വാസിയായിരുന്നതിനാൽ മെഹർനികറുമായുള്ള ബന്ധം സാധൂകരിക്കണമെങ്കിൽ അവളേയും ഇസ്ലാമാക്കിത്തീക്കാതെ നിവൃത്തിയില്ലെന്നു് അമീറിനറിയാമായിരുന്നതിനാൽ അദ്ദേഹം ഈ വിവരങ്ങൾ അവളെ ഗ്രഹിപ്പിച്ചു. അമീറിന്റെ എന്തഭിപ്രായത്തോടും യോജിക്കുവാൻ അവൾ സന്നദ്ധയായിരുന്നതിനാൽ അമീർ വിവരം ഗ്രഹിപ്പിച്ചമാത്രയിൽതന്നെ അവൾ ഇസ്ലാംമതം വിശ്വസിക്കുകയും അമീർ പറഞ്ഞുകൊടുത്ത 'കെലിമ' ഉച്ചരിക്കുകയുംചെയ്തു. രാജകുമാരിക്കു തന്റെ അഭിമതം നിറവേററിയതായി തോന്നുകയും നിസ്സീമമായ ചാരിതാത്ഥ്യമുണ്ടാകുകയും ചെയ്തു. അനന്തരം അവൾ അദ്ദേഹത്തോടിങ്ങിനെ പറഞ്ഞു:— 'പ്രിയതമ! എന്റെ ജീവിതകാലമത്രയും ഞാൻ അങ്ങയുടെ ആത്മകളത്രമായിരിക്കുന്നതാണു്. എന്തെല്ലാം പ്രതിബന്ധങ്ങൾ ഇക്കാര്യത്തിൽ നേരിട്ടാലും ഞാൻ എന്റെ സ്ഥിരനിശ്ചയത്തിൽനിന്നും ഒരിക്കലും പിൻതിരിയുന്നതല്ല. അങ്ങയുടെ പാദശുശ്രൂഷയെക്കാൾ ഈ ജന്മത്തിൽ എനിക്കു മഹത്തായി മററു യാതൊന്നുമില്ലതാനും.

അമീർ:— എന്റേയും നിശ്ചയം അങ്ങിനെതന്നെയാണു്. എന്റെ ജീവിതത്തിലെ പ്രധാന ഉത്തരവാദിത്വം മുഴുവൻ ഞാൻ നിന്നിൽതന്നെയാണു സമപ്പിച്ചു കഴിഞ്ഞിരിക്കുന്നതു്. നിന്നെ ഞാൻ ന്യായമായി വിവാഹം നടത്തുന്ന ആ കാലംവരെ ഞാൻ മറെറാരു സ്ത്രീയുടെ മുഖത്തുപോലും നോക്കുന്നതുമല്ല.

സൂൎയ്യോദയം സമീപിക്കാറായതിനാൽ അമീറിന്നു അവിടം വിട്ടു പോകേണ്ട സമയമായി. അദ്ദേഹം രാജകുമാരിയോടു യാത്രപറഞ്ഞു ഉമറിനേയും കൂട്ടിക്കൊണ്ടു അരമനവിട്ടു പുറത്തേക്കിറങ്ങി. അവർ പുറത്തെ മതിൽ കയറി ഇറങ്ങുന്ന ആ സന്ദൎഭത്തിൽ കാവൽക്കാരായ രാജഭടന്മാരിൽ ചിലർ അമീറിനേയും കൂട്ടുകാരനേയും കണ്ടു് 'കള്ളൻ; കള്ളൻ' എന്നു അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടു അവരുടെ നേരെ ഓടി അടുത്തു. അപ്പോൾ കോപാന്ധനായിത്തീൎന്ന അമീർ തന്റെ വാൾ വലിച്ചൂരി കൈയിൽപിടിച്ചുകൊണ്ടു അവരുമായി എതിരിടുകയും പത്തുപതിനഞ്ചു പേരെ വെട്ടി മുറിവേല്പിച്ചു നിലംപതിപ്പിച്ചശേഷം തങ്ങളുടെ കൂടാരത്തിലേക്കു നിൎബ്ബാധം കടന്നുപോകയും ചെയ്തു. നേരം നല്ല പ്രകാശമായ ശേഷം സൈന്യാധിപൻ തന്റെ ഭടന്മാരുടെ കാവൽ പരിശോധിച്ചു വരുമ്പോൾ ഏതാനും ഭടന്മാർ വെട്ടേറ്റു മരിച്ചുകിടക്കുന്നതായി കണ്ടു. അവർ മുഴുവൻ തന്റെ ആൾക്കാരാണെന്നും അന്യരായി കൂട്ടത്തിൽ ആരുമില്ലെന്നും അയാൾക്കു മനസ്സിലായി. താൻ എത്രതന്നെ ജാഗ്രതയായി കാവൽ നിന്നിട്ടും കള്ളന്മാർ വിജയീഭവിച്ചുവല്ലോ എന്നോൎത്ത് അയാൾക്കു അസാമാന്യമായ കോപവും താപവുമുണ്ടായി. വിവരം ബാദുഷയെ ഗ്രഹിപ്പിച്ച് ഇതിന്നെന്തെങ്കിലും പരിഹാരമുണ്ടാക്കാതിരുന്നാൽ കാൎയ്യം അപകടത്തിലായിത്തീരുമെന്നു കണ്ടു് അയാൾ ക്ഷണത്തിൽ നൌഷർവാന്റെ സമീപമെത്തി നടന്ന സംഭവങ്ങൾ ഒന്നൊഴിയാതെ അദ്ദേഹത്തെ പറഞ്ഞു കേൾപ്പിച്ചു. ഈ വൎത്തമാനം ബാദുഷയെ വളരെ ആശ്ചൎയ്യപ്പെടുത്തി. ഇങ്ങിനെയിരിക്കെ പതിവുപോലെ അമീർ ബാദുഷയുടെ സമീപം ചെന്നു ചേൎന്നു. അമീറിനെ കണ്ടമാത്രയിൽ ബാദുഷ അദ്ദേഹത്തോടിങ്ങിനെ പറഞ്ഞു:—'അമീർ! നാം എത്രതന്നെ ബലപരാക്രമികളായിരുന്നിട്ടും പ്രയോജനമില്ല. കഴിഞ്ഞ രാത്രിയിൽ നടന്ന സംഭവങ്ങൾ ഒരുപക്ഷെ നിങ്ങൾ അറിഞ്ഞിട്ടുണ്ടായിരിക്കയില്ല. നമ്മുടെ അരമനയിൽ കള്ളന്മാർ കടക്കുന്നുണ്ടെന്നറിഞ്ഞിട്ട് ഇന്നലെ പ്രധാന സൈന്യാധിപനേയും നാനൂറു സമൎത്ഥന്മാരായ ഭടന്മാരെയും അന്തഃപുരത്തെ ചുററി കാവൽനിൎത്തി. അവർ എത്രതന്നെ സൂക്ഷിച്ചു തങ്ങളുടെ കൃത്യം നിൎവ്വഹിച്ചുവെങ്കിലും കള്ളന്മാർ അകത്തു കടന്നുവെന്നു മാത്രമല്ല, ഏതാനും ഭടന്മാരെ എതിൎത്തു കൊലപ്പെടുത്തുകയും ചെയ്തു. കള്ളന്മാരെ അവർ കണ്ടുമുട്ടി എങ്കിലും ആളറിവാൻകൂടി അവൎക്കു സാധിച്ചില്ല. ഈ സംഗതി ഓൎക്കുവാൻകൂടി ഞാൻ ശക്തനല്ലാതായിത്തീൎന്നിരിക്കുന്നു. എന്റെ ഭടന്മാരെക്കൊണ്ടു് അവരെ കണ്ടുപിടിക്കുവാനോ ബന്ധിക്കുവാനോ ഇനി സാധിക്കുമെന്നും ഞാൻ വിചാരിക്കുന്നില്ല. ഇക്കാൎയ്യത്തിൽ നിങ്ങളും നിങ്ങളുടെ ഭടന്മാരും വിചാരിച്ചുവെങ്കിൽ മാത്രമേ എനിക്കു വിജയം നിശ്ചയമായും ഉണ്ടാകയുള്ളു.

നിങ്ങളെ ഇക്കായ്യത്തിൽ ബദ്ധപ്പെടുത്തുവാൻ എന്റെ മനസ്സ സമ്മതിക്കുന്നില്ലെങ്കിലും മററ നിവൃത്തിമാഗ്ഗം യാതൊന്നും കണ്ടുകിട്ടാത്തതിനാൽ മാത്രം പറയുന്നതാണ്. അതുകൊണ്ടു ഇന്നു നിങ്ങളും നിങ്ങളുടെ ആളുകാരും ഇതിൽ പ്രത്യേകം മനസ്സവച്ചും കള്ളന്മാരെ കണ്ടുപിടിക്കുകയും ചെയ്യണമെന്നു ഞാൻ പ്രത്യേകം ശുപാൎശചെയ്തുകൊള്ളുന്നു.

അമീർ:—പ്രഭോ! ഞാൻ അവിടത്തെ ഒരടിമയാണെന്നുള്ള വസ്തുത വിസ്മരിച്ചുപോയതു പോലെ തോന്നുന്നു. അങ്ങാജ്ഞാപിക്കുന്ന ഏതു കായ്യവും നിൎവ്വിഘ്നം സാധിക്കുവാൻ ഞാൻ എപ്പോഴും ഒരുക്കമാണ്. അങ്ങയുടെ ആജ്ഞ കിട്ടാത്ത താമസം മാത്രമേയുള്ളു. സൈന്യാധിപനാലും സംഘത്താലും കണ്ടുപിടിക്കുവാൻ കഴിയാതിരുന്ന ആ കള്ളന്മാർ എത്ര സമൎത്ഥന്മാരായിരുന്നാൽ തന്നെയും ഞാൻ അവരെ ബന്ധിക്കുന്നതാണ്.

അമീർ ബാദുഷയുടെ അഭിപ്രായത്തെ സസന്തോഷം സ്വീകരിച്ചു കണ്ടപ്പോൾ അവിടെയുണ്ടായിരുന്ന എല്ലാവൎക്കും അത്യധികമായ സന്തോഷമുണ്ടായി. 'അമീറിനെത്തന്നെ അരമന കാവൽപ്പണിക്കു ബാദുഷ നിയമിച്ചതു വളരെ ബുദ്ധിപൂൎവ്വമായിട്ടുണ്ട്. വിഖ്യാതനും അജയ്യനും ധീരപരാക്രമിയുമായ അമീറിന്റെ പേരു കേട്ടാൽ എത്ര സമൎത്ഥനായ കള്ളനായാലും ഭയന്നു പുറത്തിറങ്ങുകയില്ല; നിശ്ചയം'. എന്നിങ്ങിനെ അവർ തമ്മിൽ തമ്മിൽ പറഞ്ഞുതുടങ്ങി. എന്നാൽ ദുഷ്ടനായ ബാഹ്ത്തക്കിനു മാത്രം ഈ ഏൎപ്പാടിൽ ഒട്ടും തൃപ്തിയുണ്ടായില്ല. അയാൾ ഇങ്ങിനെ ആത്മഗതം ചെയ്തു:—'ബാദുഷ ഇത്ര ബുദ്ധിശൂന്യമായ ഒരു പ്രവൃത്തി ചെയ്യുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ആടിനെ മേയ്ക്കുവാൻ പുലിയെ ചുമതലപ്പെടുത്തിയതുപോലെയുള്ള ഒരേൎപ്പാടാണിത്. അമീറിന്റെ ദൃഷ്ടി ഇതാ അന്തഃപുരത്തിലാണു പതിഞ്ഞുകൊണ്ടിരിക്കുന്നതു്. ഈ ബാദുഷയുടെ ഈ നിയമനത്താൽ അയാൾക്കു നിൎബ്ബാധം അകത്തുകടന്നു കൂടുവാൻതന്നെ വിഷമവും ബുദ്ധിമുട്ടുമില്ലാതെയായി. ഇതിന്റെ ഫലം അദ്ദേഹംതന്നെ അധികം താമസിയാതെ അറിഞ്ഞുകൊള്ളും'. എന്നിങ്ങിനെ അയാൾ ഓരോന്നു ചിന്തിച്ചു ഒട്ടും മനഃപ്രസാദമില്ലാതെ മൌനം ദീക്ഷിച്ചിരുന്നു. അധികം താമസിയാതെ ബാദുഷയുടെ സഭ പിരിഞ്ഞു. എല്ലാവരും അവരവരുടെ വസതികളിലേക്കു പോയി. ബാദുഷയുടെ ഈ പുതിയ നിയമനം മൂലം അമീറിനുണ്ടായ സന്തോഷം സീമാതീതമായിരുന്നു. രാജകുമാരിയുമായുള്ള സമാഗമത്തിനു് ഇനി മററാരെയും ഭയപ്പെടേണ്ടതില്ലെന്നുള്ള വിചാരത്താൽ മതിമറന്ന അമീറം തന്റെ കൂടാരത്തിൽനിന്നും സമൎത്ഥന്മാരായ ഇരുനൂറുപേരെ തെരഞ്ഞെടുത്തു് അവരുടെ മേൽനോട്ടം മക്ബൂലിൽ ചുമത്തി അന്തഃപുരം കാവലിന്നായി നിയോഗിച്ചു.

അന്നു് രാജകുമാരിയുടെ അന്തഃപുരത്തിലേക്കു പോകുവാൻ അമീറിനു അളവററ തിടുക്കമുണ്ടായി. എങ്ങിനെയും സൂർയ്യൻ അസ്തമിച്ചാൽ മതിയെന്നുള്ള വിചാരത്താൽ അദ്ദേഹം അക്ഷമനായിത്തീരുകയാൽ ഓരോ നിമിഷവും അദ്ദേഹത്തിനു് ഓരോ വർഷംപോലെ തോന്നി. വല്ല വിധത്തിലും അദ്ദേഹം അസ്തമന സമയംവരെ കഴിച്ചുകൂട്ടി. അതിനുശേഷം കൂട്ടുകാരനായ ഉമറിനോടൊന്നിച്ചു് അമീർ അത്യന്തം ആഹ്ലാദത്തോടുകൂടി രാജകുമാരിയുടെ അന്തഃപുരത്തിലേക്കു തിരിച്ചു. അമീറിൻെറ വരവിനേയും പ്രതീക്ഷിച്ചുകൊണ്ടിരുന്ന രാജകുമാരി അദ്ദേഹത്തെ വേണ്ടവിധം സ്വീകരിച്ചുപചരിച്ചു് അന്നു രാത്രിയും അവർ വളരെ പരമാനന്ദമായി കഴിച്ചുകൂട്ടി. നേരം പ്രഭാതമാകാറായപ്പോൾ അമീറും ഉമറും പതിവുപോലെ തങ്ങളുടെ കൂടാരത്തിലേക്കു മടങ്ങിപ്പോകയും ചെയ്തു. അരമന കാവൽപ്പണി തനിക്കു കിട്ടുകയാൽ തൻെറ ഗ്രൃഢഗമനത്തിന്നും ആഗ്രഹപരിപൂർത്തിക്കും മററാരേയും ഭയപ്പെടേണ്ടതില്ലല്ലോ എന്നോർത്തിട്ടു് അമീറിനു് എന്തെന്നില്ലാത്ത സന്തോഷവും സമാധാനവും ജനിച്ചിരുന്നു. തന്നിമിത്തം അദ്ദേഹത്തിൻെറ മുഖത്തു ദിവ്യമായ ഒരു ശാന്തതയും തേജസ്സും കളിയാടിക്കൊണ്ടിരുന്നു. പിറേറ ദിവസം രാവിലെ അമീർ പതിവുപോലെ ബാദുഷയുടെ സദസ്സിൽ ഹാജരായി. അദ്ദേഹം ബാദുഷയോടിങ്ങിനെ അറിയിച്ചു:—'അങ്ങയുടെ ആജ്ഞാനുസരണം കഴിഞ്ഞ രാത്രി ഞാൻ എൻെറ 200 ഭടന്മാരോടുകൂടി അരമനയെ ചുററും കാവൽനിന്നു. എന്നാൽ, കള്ളന്മാരെ ആരെയും കാണുകയുണ്ടായില്ല.

ബാദുഷ:—അമീർ ! നി പറഞ്ഞതു വളരെ പരമാർത്ഥമാണെന്നു് എനിക്കു ബോദ്ധ്യമുണ്ടു്. നിൻെറ പേരുകേട്ടാൽ ഒരു കള്ളനും മുൻപോട്ടു വരുവാൻ ശക്തിയോ ധൈർയ്യമോ ഉണ്ടാകയില്ല. അതുകൊണ്ടാണു് ഇക്കാർയ്യത്തിൽ നിന്നെത്തന്നെ ചുമതലപ്പെടുത്തിയതു്.

ബാദുഷ ഇത്രയും പറഞ്ഞു് അമീറിനു വളരെ വിലപിടിച്ച സമ്മാനങ്ങൾ നൽകി. ബാദുഷയുടെ ഈ പ്രവൃത്തികൾ കണ്ടു ബഫ്തക്കിനു ദേഷ്യവും താപവും അടക്കവയ്യാതെ വർദ്ധിച്ചു. കുറച്ചുനേരം അയാൾ മൌനം ദീക്ഷിച്ചിരുന്നുവെങ്കിലും ഒടുവിൽ എഴുന്നേററു ബാദുഷയോടിങ്ങിനെ പറഞ്ഞു:—'പ്രഭോ ! ഇന്നത്തെ കാവൽപണി പ്രസിദ്ധ യുദ്ധവീരനെന്നു സുസമ്മതനായ നമ്മുടെ കാറൻ എന്നാൾക്കു കൊടുത്താൽ ഇന്നു നമുക്കു കള്ളനെ നിശ്ചയമായും പിടികിട്ടാതിരിക്കുകയില്ല. ശക്തിയിലും യുദ്ധവൈദഗ്ദ്ധ്യത്തിലും ധൈർയ്യത്തിലും അവനോളം മെച്ചമായി നമ്മുടെ കൂട്ടത്തിൽ ആരും തന്നെയില്ല. നമ്മുടെ അരമനയിൽ കടന്നുകൂടുന്ന കള്ളൻ എത്ര സമർത്ഥനായാലും കാറനെ അതിലേക്കു നിയോഗിച്ചാൽ അവൻ കണ്ടുപിടിച്ചു ബന്ധിക്കാതിരിക്കയില്ല.' ബഫ്തക്കി

ൻെറ ഈ അഭിപ്രായം തരക്കേടില്ലെന്നു ബാദുഷക്കുതോന്നി. അതിനാൽ അന്നത്തെ അരമനകാവലിനു കാറാനെത്തന്നെ നിയോഗിക്കാമെന്നും അദ്ദേഹം തീച്ച്യാക്കി. അടുത്തമാത്രയിൽതന്നെ അയാളെ ആളയച്ചു വരുത്തി ബാദുഷ ആയതിലേക്കു ചുമതലപ്പെടുത്തി അയക്കുകയും ചെയ്തു. കാറാൻ ബാദുഷയെ വന്ദിച്ചു പുറപ്പെട്ടപ്പോൾ ബെഹ്ത്തക്ക അയാളോടായിട്ട് ഇങ്ങിനെ പറഞ്ഞു:—'കാറാൻ! നിൻെറ സാമത്ഥ്യത്തിലും ധൈയ്യത്തിലും എനിക്കു വളരെ ബോദ്ധ്യമുണ്ടാകുകയാലാണ് നിങ്ങളെ ബാദുഷ ഇന്നിക്കായ്യത്തിൽ ഏപ്പെടുത്തുവാൻ കാരണമായത്. ഇക്കായ്യം വളരെ നിസ്സാരമായ ഒന്നാണെന്നു നിങ്ങൾ കരുതുമായിരിക്കാം. എന്നാൽ, അങ്ങിനെയല്ലെന്നോക്കണം. അരമനയിൽ പതിവായി ഏതോ ഒരു സമത്ഥനായ കള്ളൻ കടന്നുകൂടുന്നുണ്ട്. സാമാന്യക്കാരുടെ ദൃഷ്ടിയിലൊന്നും അവൻ എത്തുപെടുകയുമില്ല. അതുകൊണ്ട് ഒരു നിമിഷം പോലും അശ്രദ്ധയിൽ കളയാതെ വളരെ ശുഷ്കാന്തിയോടുകൂടി പ്രവത്തിക്കണം. ആരെയെങ്കിലും കൺമുൻപാകെ കണ്ടുകിട്ടിയാൽ അവൻ ആരുതന്നെയായാലും അപ്പോൾ പിടിച്ചു ബന്ധിച്ചുകൊള്ളണം. ഒരു പക്ഷെ അവൻ നിങ്ങളോടു യുദ്ധത്തിനു സന്നദ്ധനാകയാണെങ്കിൽ തെല്ലും ദാക്ഷിണ്യം കാണിക്കാതെ അവിടെ യുദ്ധവൈദഗ്ദ്ധ്യംതന്നെ വെളിപ്പെടുത്തണം. നിശ്ചയമായും നിങ്ങൾ ഇന്നു വിജയിയായി ഭവിക്കും. ധൈയ്യമായി പോയ്ക്കൊള്ളുക.

കാറാൻ:—ഞാൻ കൈയേററിരിക്കുന്ന ഇക്കായ്യത്തിൽ ഒരിക്കലും തോൽവി നേരിടുമെന്ന് അങ്ങു ശങ്കിക്കേണ്ട. അങ്ങയുടെ അനുഗ്രഹമുണ്ടെങ്കിൽ ഞാൻ ഇന്നുതന്നെ വിജയിഭവിക്കുകയും ബാദുഷയുടെ സദസ്സിൽ അങ്ങയുടെകീത്തി ഞാൻ ശതഗുണീഭവിപ്പിക്കുകയും ചെയ്യും.

അടുത്ത മാത്രയിൽതന്നെ ബാദുഷയുടെ സഭ പിരിഞ്ഞ് എല്ലാവരും അവരവരുടെ വഴിക്കു നടന്നു. അമീറും തൻെറ കൂടാരത്തിൽ ചെന്നുചേൎന്നു. തൻെറ അളവററ സന്തോഷത്തിന് ബാദുഷയുടെ അന്നത്തെ പുതിയ നിയമനം സാരമായ ഉടവു തട്ടിക്കുക നിമിത്തം അമീറിൻെറ മുഖം മ്ലാനമായിത്തീൎന്നു. കാറാൻ ഒട്ടും മോശക്കാരനല്ലാത്ത ഒരു യുദ്ധവീരനാണെന്ന് അദ്ദേഹത്തിനു മുൻകൂട്ടി അറിയാമായിരുന്നു. അതുകൊണ്ട് അന്നത്തെ തൻെറ അരമനയാത്രക്കായ്യത്തിൽ എന്താണു വേണ്ടതെന്ന് അമീർ വളരെ നേരം ആലോചിച്ചു. കാറാൻ തന്നെ ബന്ധനസ്ഥനാക്കിത്തീക്കുമെന്നോ ഉപദ്രവിക്കുമെന്നോ ഉള്ള ഭയം ലേശവും അദ്ദേഹത്തിനില്ലായിരുന്നു. പിന്നെയോ? തന്നെ ആൾ ഇന്നാരാണെന്നറിഞ്ഞാൽ തൻെറ കള്ളി മുഴുവൻ പുറത്താകുമെന്നും രാജസദസ്സിൽ താൻ ലജ്ജിതനായി തലകുനിക്കേണ്ടിവരുമെന്നും ഓത്തിട്ടായിരുന്നു അദ്ദേഹം ക്ലേശിച്ചിരുന്നത്. വളരെ

നേരത്തെ ആലോചനക്കുശേഷം എന്തുതന്നെവന്നാലും രാജകുമാരിയെ ചെന്നു കാണാതെയിരിക്കുവാൻ സാധിക്കുന്നതല്ലെന്നു് അദ്ദേഹം അവസാനമായി തീൎച്ചപ്പെടുത്തി.

കാറാൻ തൻെറ സംഘത്തിൽനിന്നും സമൎത്ഥന്മാരും പരാക്രമശാലികളുമായ 300 പേരെ തെരഞ്ഞെടുത്തു് ആയുധപാണികളായി അരമനയുടെ ചുററിലുമായി താവളമുറപ്പിച്ചു. ഏതാനും പേർ വാൾ ഊരി കൈയിൽ പിടിച്ചുകൊണ്ടു സദാസമയവും ചുററിസഞ്ചരിച്ചുകൊണ്ടുമിരുന്നു. സമീപപ്രദേശത്തെങ്ങാനും ആരെങ്കിലും എപ്പോഴെങ്കിലും എത്തിയാൽ കണ്ടുപിടിക്കുവാൻ അവൎക്കു യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. കള്ളൻ അന്നു വരുന്നപക്ഷം നിശ്ചയമായും തങ്ങൾക്കു കാണുവാനും പിടിക്കുവാനും സാധിക്കുമെന്നു തീൎച്ചയാക്കി അവർ വളരെ ഊൎജ്ജിതത്തോടുകൂടി തങ്ങളുടെ ജോലിയിൽ ഏൎപ്പെട്ടു. കാറാനും കൂട്ടരും അരമനക്കു പുറത്തുവന്നു് കാവൽ നില്ക്കുന്നുണ്ടെന്നുള്ള വൎത്തമാനം രാജകുമാരിക്കറിവുകിട്ടി. തൻെറ കാമുകൻെറ വരവിന്നു് ഈ കാവൽ സാരമായ തടസ്സത്തെ ഉണ്ടാക്കിത്തീൎക്കുമെന്നു അവൾക്കു തോന്നുകയാൽ വലുതായ വ്യസനം നേരിട്ടു. രാജകുമാരി തൻെറ വളൎത്തമ്മയായ പ്രധാന പരിചാരികയോടു് ഈ വിവരം പറഞ്ഞു അവൾക്കും വലിയ നിരാശ ജനിച്ചു. രാജകുമാരി കുറച്ചുനേരം എന്തൊക്കെയോ ആലോചിച്ചുകൊണ്ടിരുന്നശേഷം ഇങ്ങിനെ പറഞ്ഞു:—

'കാറാൻ വലിയ ശക്തനും സമൎത്ഥനുമാണെന്നും ആവക സാമൎത്ഥ്യങ്ങളൊന്നും അമീർ അവർകളോടു ഫലിക്കുമെന്നു തോന്നുന്നില്ല. ഈ നിസ്സാരമായ പ്രതിബന്ധത്തെ ഭയന്നു് അദ്ദേഹം വരാതിരിക്കുമെന്നും ഞാൻ വിചാരിക്കുന്നില്ല. പക്ഷേ ഒരു കാൎയ്യത്തിൽ എനിക്കു സംശയമുണ്ടു്. കാറാൻ വലിയ സമൎത്ഥനെങ്കിലും അവൻെറ കൈയ്യുക്കൊന്നും അമീർ അവർകളിൽ പ്രകടിപ്പിക്കുവാൻ അവനു സാധിക്കയില്ലെന്നുള്ള കാൎയ്യം യഥാൎത്ഥമാണെങ്കിലും അദ്ദേഹത്തെ അവൻ ആൾ ഇന്നാരാണെന്നു മനസ്സിലാക്കാതിരിക്കയില്ല. അമീർ ഇവിടേക്കു വരുന്നുണ്ടെന്നുള്ള വൎത്തമാനം പുറത്തായാൽ അതു് അദ്ദേഹത്തിന്നും നമുക്കും ഒന്നുപോലെ അപകീൎത്തിക്കു കാരണമായിത്തീരും. അതോൎത്തിട്ടു എനിക്കു വ്യസനമുള്ളു. അതുകൊണ്ടു് ആരെയെങ്കിലും ഒരാളെ അയച്ചു് അമീർ അവർകളോടു് ഇന്നിവിടേക്കു വരേണ്ടെന്നു പറയിച്ചിരുന്നുവെങ്കിൽ നന്നായിരുന്നു.'

പരിചാരിക:—കുമാരി! നീ എന്താണിങ്ങിനെ സ്വപ്നം കണ്ടു പറയുന്നതുപോലെ ജല്പിക്കുന്നതു്. ഈ കാറാൻ എത്ര നിസ്സാരൻ. ഇവനെപ്പോലെ എത്രയോ ആയിരം ആളുകൾ എതിരിട്ടാലും കൂട്ടാക്കാത്ത ധീരനാണു് അമീർ. നമ്മെപ്പോലെതന്നെ ഇക്കാൎയ്യത്തിൽ അപമാനശങ്ക അദ്ദേഹത്തിന്നുമുണ്ടായിരിക്കും. നാം പറയാതെതന്നെ ഈ

വക കാൎയ്യങ്ങളും അറിവാൻ പ്രാപ്തിയുള്ള അദ്ദേഹത്തെ ഇതറിയിക്കുന്നതു നമ്മുടെ നിലക്കും വിലക്കും വളരെ പോരായ്മയാണ്. ഇതിൽ വല്ല സംശയവും തോന്നുന്നപക്ഷം ഒരുസമയം അദ്ദേഹം ഇന്നിവിടേക്കു വന്നില്ലെന്നും വരും. അതൊക്കെ അദ്ദേഹത്തിന്റെ ഇഷ്ടവും യുക്തിയുംപോലെ ചെയ്യുകൊള്ളട്ടെ.

ഇനി നമുക്കു അമീറിന്റെ സ്ഥിതിഗതികളെപ്പററി ചിന്തിക്കാം. അന്നു പാതിരാത്രിയാകുന്നതുവരെ അമീർ തന്റെ യാത്രയെപ്പററി പലതും ചിന്തിച്ചു കഴിച്ചുകൂട്ടി. കാറാൻ ബഹുസമൎത്ഥനായിരുന്നതിനാൽ അയാളുടെ ശ്രദ്ധയിൽ പെടാതെ അരമനയിലേക്കു കടക്കുവാനുള്ള ഉപായം എന്താണെന്നു പലതും ആലോചിച്ചിട്ടും യാതൊരു സമാധാനവുമുണ്ടായില്ല. ഒടുവിൽ അദ്ദേഹം എന്തുതന്നെവന്നാലും വന്നുകൊള്ളട്ടെ എന്നു കരുതി പുറപ്പെടുവാൻതന്നെ തീൎച്ചയാക്കി പരിചാരകനെ വിളിച്ചു താൻ രാത്രികാലങ്ങളിൽ ധരിക്കുന്ന വസ്ത്രങ്ങൾ എടുത്തു കൊണ്ടുവരുവാൻ ആജ്ഞാപിച്ചു. ഉമർ ഈ സമയം അമീറിന്റെ സമീപത്തുതന്നെ ഒരിടത്തു നില്ക്കുന്നുണ്ടായിരുന്നു. പ്രസിദ്ധയുദ്ധവീരനായ കാറാൻ അരമനയുടെ ചുററിലും കാവൽ നില്ക്കുന്നുണ്ടെന്നുള്ള വിവരം അറിഞ്ഞപ്പോൾതന്നെ ഏതു വിധത്തിലും അമീറിനെ അന്നു പുറത്തു പോകുവാൻ സമ്മതിക്കരുതെന്നായിരുന്നു അയാൾ തീൎച്ചയാക്കിയിരുന്നതു്. അമീർ യാത്രക്കുള്ള ഒരുക്കമാണെന്നറിഞ്ഞപ്പോൾ ഉമറിന് അസാമാന്യമായ പരിഭ്രമമുണ്ടായി. അയാൾ അമീറിനോടു വളരെ ഇടറിയ സ്വരത്തിൽ ഇങ്ങിനെ പറഞ്ഞു:—

'പ്രഭോ! അങ്ങയുടെ ഇന്നത്തെ സംരംഭം കണ്ടതിൽ ഞാൻ വളരെ ആശ്ചൎയ്യപ്പെടുന്നു. അങ്ങിത്ര ആലോചനാശക്തിയില്ലാത്തവനാണെന്നു ഞാൻ അറിഞ്ഞിരുന്നില്ല. കാറാൻ ഇന്നു കാവൽനില്ക്കുന്ന വസ്തുത അങ്ങറിയാത്തതല്ലല്ലോ. നാം പോകുംവഴി ഏതെങ്കിലും കാരണവശാൽ അവനുമായി കണ്ടുമുട്ടുന്നതായാൽ നമുക്കു വലിയ ദുഃഖമായിത്തീരും.'

അമീർ:—ഉമർ! നീ എപ്പോഴും ഭീരുത്വം പറയുക സാധാരണയാണെല്ലോ. കാറാനല്ല അവനെക്കാൾ എത്രയോ ആയിരം മടങ്ങു ശക്തിയും സാമൎത്ഥ്യവുമുള്ള ഒരുവൻതന്നെ കാവൽ നിന്നാലും അവൻ എനിക്കു ഒരു പ്രതിബന്ധമായിത്തീരുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഒരു സമയം അവനെ മാൎഗ്ഗമദ്ധ്യത്തിൽവച്ചു കണ്ടുമുട്ടിയാൽതന്നെയും വിജയം നേടിപ്പോരുവാൻ അത്ര വലിയ പ്രയാസവും ഉണ്ടെന്നു തോന്നുന്നില്ല.

ഉമർ:—ശക്തിയേയോ സാമൎത്ഥ്യത്തെയൊ ഒന്നും ഓൎത്തിട്ടല്ല ഞാൻ ഈ അഭിപ്രായം പറതു്. അവനും സംഘവും വളരെ ജാഗ്രതയോടുകൂടിയാണു കാവൽ നില്ക്കുന്നതു്. അതിനാൽ അവരുടെ ദൃഷ്ടിയിൽ എത്തു

പെടാതെ നമുക്കു പോകുവാൻ സാധിക്കുന്നകാൎയ്യം വളരെ പ്രയാസത്തിലായിരിക്കും.

അമീർ:—ആ വക കാൎയ്യങ്ങൾ ഭംഗിയായി സാധിച്ചുകൊള്ളാമെന്ന് എനിക്കു ധൈൎയ്യമുണ്ട്. രാജകുമാരിയിൽ എനിക്കുള്ള മോഹം അത്രമാത്രം ശക്തിമത്തായ ഒന്നാകയാൽ എത്ര ക്ലേശങ്ങൾ സഹിക്കേണ്ടിവന്നാലും എനിക്കു പോകാതിരിക്കുവാൻ സാധിക്കുന്നതല്ല.

അമീർ പെട്ടെന്നു വേഷം മാറി പിന്നീടൊന്നും സംസാരിക്കുവാൻ ഭാവിക്കാതെ യാത്രക്കു സന്നദ്ധനായി. അദ്ദേഹമൊന്നിച്ചു മക്ബൂൽ ഉമർ ഇവരും സഹായമായി പുറപ്പെട്ടു. ഇവർ അരമനയോടു സമീപിക്കാറായപ്പോൾ ഏതാനും ഭടന്മാർ കൈയിൽ ദീപം കൊളുത്തിപ്പിടിച്ചുകൊണ്ടു അരമനക്കു ചുററിലുമായി സഞ്ചരിക്കുന്നതായികണ്ടു. ഉടനെ അമീറും കൂട്ടകാരുംകൂടി ഉദ്യാനത്തിൽ ഒരു ഭാഗത്തു മാറി ഒളിഞ്ഞുനിന്നു രക്ഷാജനങ്ങളുടെ ഓരോ പ്രവൃത്തികളും പരിശോധിച്ചു. കാറാൻ ഒരിടത്തിരുന്നുകൊണ്ടു തൻെറ ഭടന്മാരെ ഊൎജ്ജിതപ്പെടുത്തുമാറു ഓരോ അനുജ്ഞകൾ നൽകിക്കൊണ്ടിരിക്കുന്നതായും അവർകണ്ടു. ആ കാഴ്ച കണ്ടതോടുകൂടി മക്ബൂലിന് അവൻെറ പേരിൽ അസഹ്യമായ ദ്വേഷ്യം തോന്നി. അയാൾ അമീറിനോട് അങ്ങിപ്പോൾ അനുവാദംതരുന്നപക്ഷം ആ കാറാമിനെ എൻെറ അസ്ത്രത്തിനിരയാക്കിത്തീൎത്ത് നമ്മുടെ പ്രതിബന്ധത്തെ നിശ്ശേഷം ഒഴിക്കാം' എന്നു പറഞ്ഞു.

അമീർ:—അവൻ യാതൊരു തെററും നമ്മോടു ചെയ്യാത്ത സ്ഥിതിക്കു നാം അവനെ വധിക്കുന്നതു മഹാപാപമാണ്. മാത്രവുമല്ല, മറഞ്ഞുനിന്ന് അസ്ത്രമെയ്യുന്നതും നീതിവിരുദ്ധമാണ്. നമ്മെപ്പോലെയുള്ളവൎക്കു ഈ മാതിരി പ്രവൃത്തി ഒരിക്കലും യുക്തവുമല്ല. അവൻ അവിടെയിരിക്കുകയോ എന്തെങ്കിലും പ്രവൎത്തിക്കുകയോ ചെയ്തുകൊള്ളട്ടെ. നമുക്കതിനെക്കുറിച്ചൊന്നും ഇപ്പോൾ ചിന്തിക്കേണ്ട. എൻെറ കാൎയ്യത്തിൽ അവൻ വിപരീതം പ്രവൃത്തിക്കാനിടകുമ്പോൾ വേണ്ടതു ഞാൻ ചെയ്തുകൊള്ളാം.

ഇങ്ങിനെ പറഞ്ഞുകൊണ്ട് അവർ മറഞ്ഞും പതുങ്ങിയും നടന്നു കാവൽക്കാരുടെ ആരുടെയും ശ്രദ്ധയിൽ പെടാതെ അരമനയുടെ മതിലിനു സമീപംചെന്നു ചേൎന്നു. പതിവുപോലെ മക്ബൂലിനെ അവിടെ നിൎത്തിയശേഷം അമീറും ഉമറുംകൂടി അകത്തുകടന്നുപോയി. ഈ പ്രതിബന്ധങ്ങളെയൊക്കെ തരണം ചെയ്ത് അമീർ വന്നു കണ്ടപ്പോൾ രാജകുമാരി ആനന്ദവിവശയായിത്തീൎന്നു. അനന്തരം അവർ ഹൃദ്യങ്ങളായ ഭക്ഷണപദാൎത്ഥങ്ങൾകൊണ്ടു വരുവിച്ചു വളരെ തൃപ്തിയാകുമാറു ഭക്ഷിച്ചുശേഷം പലേവിധ വിനോദങ്ങളോടുകൂടി പ്രകാശമാകാറാകുന്നതുവരെ കഴിച്ചു

കൂട്ടി. ഇനി അവിടെ താമസിക്കുന്നതു് അപകടമാണെന്നുകണ്ടു അമീർ രാജകുമാരിയോടു് അടുത്ത ദിവസംവന്നു കണ്ടുകൊള്ളാമെന്നു പറഞ്ഞു പിരിഞ്ഞു. അവർ രണ്ടാളും പുറത്തെ മതിലിനു സമീപമെത്തി തങ്ങളുടെ കയറേണി ഉപയോഗിച്ചു ആദ്യമായി ഉമറിനെ താഴത്തേക്കിറക്കി. രണ്ടാമതായി അമീർ അതു വഴിക്കു കീഴോട്ടിറങ്ങുമ്പോൾ വളരെ ദൂരത്തൊരിടത്തു നിന്നിരുന്ന കാറാൻ ഈ കാഴ്ചകണ്ടു. അതേ നിമിഷത്തിൽ രോഷാന്ധനായിത്തീൎന്ന അവൻ ഊരിയ വാളും ചുഴററിക്കൊണ്ടും കള്ളൻ, കള്ളൻ എന്നു് അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടും അമീറിന്റെ സമീപം പാഞ്ഞെത്തി. അമീർ കയർ വിട്ടു താഴത്തിറങ്ങുന്നതിനു മുൻപു തന്നെ കാറാൻ സമീപമെത്തി അദ്ദേഹത്തെ ലക്ഷ്യമാക്കി ഒരു വെട്ടുവെട്ടി. എന്നാൽ അമീർ ആ ലാക്കിൽനിന്നും ഒഴിഞ്ഞുകളഞ്ഞതിനാൽ വെട്ടു ശരീരത്തിൽ പെട്ടില്ല. കയർ അററു അദ്ദേഹം പെട്ടെന്നു നിലംപതിച്ചു. ആ വീഴ്ചയിൽ അമീറിന്റെ തല ഒരു കല്ലിന്മേൽ തട്ടി സാരമായമുറിവു ഭവിക്കുകയും വലുതായ രക്തപ്രവാഹമുണ്ടാകുകയുംചെയ്തു. ഉമറും മക്ബൂലും ഈ കാഴ്ചപെട്ടെന്നു കാണുകയാൽ അമീറിനെ സഹായിക്കുവാനായി അവർ ക്ഷണത്തിൽ സമീപം ഓടി അണഞ്ഞു. മക്ബൂൽ തന്റെ അസ്ത്രം തൊടുത്തു കാറാനെയും കൂട്ടുകാരേയും ലക്ഷ്യമാക്കി എയ്യും തുടങ്ങി. തന്നിമിത്തം കാറാനും കൂട്ടുകാരും നില്ക്കള്ളിയില്ലാതെ അവിടം വിട്ടുകലേണ്ടതായി വന്നു. കാറാനു അവരെ പിടിക്കുവാൻ കഴിഞ്ഞില്ലെങ്കിലും ആൾ ഇന്നാളാണെന്നറിവാൻ സാധിച്ചതുകൊണ്ടുതന്നെ വളരെ സന്തോഷമുണ്ടായി. എതിരാളികളെ അടിച്ചു തുരത്തിയശേഷം ഉമറും മക്ബൂലുംകൂടി അമീറിതാങ്ങി എഴുന്നേല്പിച്ചു വേണ്ട ശീതോപചാരങ്ങൾ ചെയ്തു് സാമാന്യം ആനെ ശ്വാസം വരുത്തിയശേഷംതങ്ങളുടെ കൂടാരത്തിലേക്കുമടങ്ങി. അധികം താമസിയാതെതന്നെ അമീറിന്റെ ആലസ്യമെല്ലാം തീൎന്നു വളരെ സൌഖ്യമുണ്ടായി എങ്കിലും തന്റെ രഹസ്യങ്ങൾ പുറത്തായില്ലോയല്ലോ എന്നോൎത്തിട്ടു് അദ്ദേഹത്തിനു് അടക്കുവഹിയാത്ത ഖേദവും ലജ്ജയുമുണ്ടായി് തലയിലുണ്ടായ മുറിവിന്റെ വേദനയും അദ്ദേഹത്തിനു വളരെ അസഹ്യമായിതീൎന്നിരുന്നു. കാറാൻ തന്നെ ആൾ മനസ്സിലാക്കിയിരിക്കുകയാൽ ബാദുഷയുടെ സമീപംചെന്നു വിവരമറിയിക്കുകയും തലയിൽ പററിയിട്ടുള്ള മുറിവുകാണുകയും ചെയ്യുന്നതോടുകൂടി താൻ തെററുകാരനായിത്തീരുമല്ലോ എന്നും ഇതിലേക്കു എന്താണുപായം പ്രയോഗിക്കേണ്ടതെന്നും അദ്ദേഹം വളരെ നേരം ആലോചിച്ചു. എത്രതന്നെ ആലോചിച്ചിട്ടും യാതൊരു സമാധാനവും ലഭിക്കായ്കയാൽ അമീറിന്റെ വ്യസനം ശതഗുണീഭവിച്ചു. അമീർ ഇങ്ങിനെ ചിന്താഭാരത്തോടുകൂടിയിരിക്കുമ്പോൾ ഇബ്രാഹിംനബി അവർകൾ അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷീഭവിച്ചു;

'അമീർ! നീ ഒട്ടും ദുഃഖിക്കേണ്ടതില്ല. നിനക്കു പററിയിരുന്ന മുറിവുകളും പരുക്കുകളുമെല്ലാം നിശ്ശേഷം പോയ്പോയിരിക്കുന്നു. ആരുതന്നെ പരിശോധിച്ചാലും അതിൻെറ പാടുകൾപോലും ഇനി കാണ്മാൻ സാധിക്കുന്നതല്ല. നിങ്ങൾ ബാദുഷയുടെ സദസ്സിലേക്കു പോകുവാനും ലജ്ജിക്കേണ്ട. നൌഷർവാൻ നിങ്ങളെ ആളയച്ചു വിളിപ്പിക്കും. ലേശവും സങ്കോചംകൂടാതെ പോയ്ക്കൊള്ളുക' എന്നിത്രയും പറഞ്ഞു മറഞ്ഞു. അതോടുകൂടി അമീറിൻെറ തലയിലുണ്ടായിരുന്ന മുറിവു കാണ്മാനില്ലാതാകയും അദ്ദേഹത്തിനു് അളവററ സന്തോഷമുണ്ടാകുകയും ചെയ്തു.

കാറാൻ അമീറിൻെറ സമീപത്തുനിന്നും വേർപിരിഞ്ഞ മാത്രയിൽ തന്നെ അതിവേഗത്തിൽ ബാദുഷയുടെ സമീപം പാഞ്ഞെത്തി നടന്ന സംഭവങ്ങൾ മുഴുവൻ പറഞ്ഞു കേൾപ്പിച്ചു. കാറാൻ ഇതൊക്കെ ബാദുഷയോടു പറയുമ്പോൾ ബുസർജംഹറും അദ്ദേഹത്തിൻെറ സമീപംതന്നെ ഇരിക്കുന്നുണ്ടായിരുന്നു. ബുസർജംഹർ വസ്തുതകളെല്ലാം ഗ്രഹിച്ചശേഷം ബാദുഷയോടിങ്ങിനെ പറഞ്ഞു:—'പ്രഭോ! അമീറിനെപ്പററി ഇയാൾ പറയുന്ന ഒരു വാക്കുപോലും അങ്ങു വിശ്വസിച്ചു പോകരുതു്. അമീർ എത്രയോ അന്തസ്സോടുകൂടി ജീവിക്കുന്ന ഒരുത്തമ പുരുഷനാണെന്നു നമുക്കൊക്കെ ബോദ്ധ്യമുള്ള പരമാർത്ഥമാണു്. അദ്ദേഹം ഇങ്ങിനെ ഒരു കേവലമായ കാര്യത്തിൽ ഏർപ്പെട്ടുവെന്നു നാം എങ്ങിനെയാണു് വിശ്വസിക്കുക.' ഒരിക്കലും അങ്ങിതൊന്നും കേട്ടു അമീറിനെ തെററിദ്ധരിച്ചു പോകരുതെന്നാണു് എൻെറ ഏററവും വിനീതമായ അഭിപ്രായം.

കാറാൻ:—(ബാദുഷയെ നോക്കി) ഞാൻ പറഞ്ഞിട്ടുള്ളവ യഥാർത്ഥങ്ങളാണു്. അതിൽ അങ്ങേക്കു വല്ല സംശയവുമുണ്ടെങ്കിൽ അമീറിനെ വരുത്തി പരിശോധിച്ചാൽ എൻെറ വെട്ടേററു കയർ മുറിഞ്ഞു നിലത്തു വീഴുകയാൽ തലയിൽ കുറച്ചുഭാഗം മുറിഞ്ഞിരിക്കുന്നതിനെ അങ്ങേക്കു നേരിൽ കാണാവുന്നതാണു്. കൂടാതെ ആ കയറും ഇതാ ഞാൻ കൊണ്ടുവന്നിട്ടുണ്ടു്. ഇതിൽ അമീറിൻെറ പേരും എഴുതിയിട്ടുണ്ടു്.

ബുസർ:—(ബാദുഷയോടു) ഈ കയർ അദ്ദേഹത്തിൻേറതായിരിക്കയില്ല. ഇയാൾ അദ്ദേഹത്തിൻെറ പേരിൽ അസൂയാലുവായി ഇങ്ങിനെ കൃത്രിമമായി ഒരു കയറുണ്ടാക്കി ഇതിൽ അമീറിൻെറ പേരുമെഴുതി കൊണ്ടുവന്നു എന്നേ വിചാരിക്കാനുള്ളു. തലക്കു മുറിവു പററിട്ടുണ്ടെന്നു പറയുന്നതു് അമീറിനെ നമുക്കു വരുത്തി പരിശോധിക്കുമ്പോൾ അറിയാവുന്നതുമാണു്.

ബാദുഷ തൻെറ പരിചാരകന്മാരിൽ ഒരുവനെ വിളിച്ചു് അമീറിനെ കൂട്ടിച്ചുകൊണ്ടുവരുവാൻ ആജ്ഞാപിച്ചു. അടുത്ത മാത്രയിൽ തന്നെ

അവൻ അമീറിൻെറ കൂടാരത്തിൽ എത്തി വിവരം അദ്ദേഹത്തെ അറിയിച്ചു. തൻെറ ആലസ്യമെല്ലാം നീങ്ങിയിരുന്നതിനാൽ രാജസദസ്സിലേക്കു പുറപ്പെടുവാൻ അദ്ദേഹം സന്നദ്ധനായിരിക്കുന്ന സന്ദർഭത്തിലായിരുന്നു ബാദുഷയുടെ നിയോഗമെത്തിയതു്. അതിനാൽ അതേ നിമിഷത്തിൽ തന്നെ അത്യന്തം സന്തോഷത്തോടുകൂടി അമീർ കൊട്ടാരത്തിലേക്കു പുറപ്പെട്ടു. അമീർ രാജസമീപം എത്തിയതോടുകൂടി അദ്ദേഹം അമീറിൻെറ തലയിൽ വല്ല മുറിവുകളും ഉണ്ടായിക്കാണുന്നുണ്ടോ എന്നു പരിശോധിച്ചു. യാതൊന്നും കാണ്മാനില്ലായിരുന്നതിനാൽ, ബുസർജംഹർ പറഞ്ഞതൊക്കെ പരമാർത്ഥമാണെന്നും കാറാൻ അമീറിൻെറ പേരിലുള്ള അസൂയ നിമിത്തം ഇവ പറഞ്ഞുണ്ടാക്കിയതാണെന്നും വിശ്വസിച്ചു. അതോടുകൂടി അദ്ദേഹത്തിനു കാറാൻെറ പേരിൽ അളവററ ദ്വേഷ്യമുണ്ടായി. "എടാ ദുഷ്ടാ! എന്നെ നീ വെറുമൊരു നിസ്സാരനെപ്പോലെ കരുതി ഇങ്ങിനെ കളവു പറഞ്ഞതിനു ഞാൻ നിനക്കു ഏററവും വലിയ ശിക്ഷ നൽകേണ്ടതാണു്. എങ്കിലും നിനക്കു ഞാൻ മാപ്പു തന്നിരിക്കുന്നു. വേഗം എൻെറ കൺമുൻപിൽ നിന്നും കടന്നു പൊയ്ക്കൊള്ളുക. മേലാൽ നിന്നെ ഇവിടെ കാണ്മാനെ പാടില്ല" എന്നു പറഞ്ഞു് അദ്ദേഹം അവനെ അവിടെനിന്നും ആട്ടിപ്പായിച്ചു. അനന്തരം അദ്ദേഹം അമീറിനെ വളരെ ബഹുമാനിച്ചു് അനവധി വിലപിടിച്ച സമ്മാനങ്ങളും കൊടുത്തു മടക്കി അയച്ചു.

നാലഞ്ചു ദിവസം കഴിഞ്ഞതോടുകൂടി അമീറിൻെറ ശരീരക്ഷീണമെല്ലാം നിശ്ശേഷം ആശ്വാസപ്പെട്ടു. ഒരു ദിവസം അദ്ദേഹം പതിവുപോലെ ബാദുഷയുടെ സദസ്സിൽ ഹാജരായി. ഈ അവസരത്തിൽ ബഹറാം, ഉമർ, മക്ബൂൽ തുടങ്ങിയുള്ള സകലരും ആ സദസ്സിൽ സന്നിഹിതരായിരുന്നു. സാധാരണ അവസരങ്ങളിൽ അത്യന്തം പ്രസന്നനായും ചൊടിയുള്ളവനായും കാണപ്പെട്ടിരുന്ന അമീർ നിരുന്മേഷനായി കാണപ്പെട്ടിരുന്നതിനാൽ അതിനുള്ള കാരണങ്ങളെക്കുറിച്ചു് ബുസർജംഹർ ചിന്തിക്കുവാൻ തുടങ്ങി. മുൻപേതന്നെ അദ്ദേഹത്തിനു പല സംശയങ്ങളും ജനിച്ചിരുന്നതു് ഇപ്പോഴം ബോദ്ധ്യപ്പെടുകയും ചെയ്തു. തൽഫലമായി അദ്ദേഹം ഇങ്ങിനെ ചിന്തിച്ചു:—'അമീർ വളരെ ചെറുപ്പമാണു്. ഇക്കാലത്തു വല്ല സൌന്ദര്യവതികളിലും ആശ ജനിച്ചുപോയാൽ ബുദ്ധിയെ അതിൽനിന്നും പിൻവാങ്ങിനിത്തുവാൻ അസാദ്ധ്യമായിട്ടാണു വരിക. ഇപ്പോഴം അമീറിൻെറ ഹൃദയം കവൎന്നിട്ടുള്ള സുന്ദരി ബാദുഷയുടെ പ്രിയപുത്രിയായ മെഹർനികറാണെന്നുള്ളതിൽ സംശയമേ ഇല്ല. ദിവസവും അന്തഃപുരത്തിൽ കള്ളൻ കടക്കുന്നു എന്നുള്ള കേൾവി അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്നു. എന്നാൽ ആരുതന്നെ ശ്രമിച്ചിട്ടും കള്ളനെ കണ്ടു

കിട്ടുന്നില്ലതാനും. ഇത്ര സാമൎത്ഥ്യം പ്രകടിപ്പിക്കത്തക്ക ഒരാൾ അമീറല്ലാതെ മറെറാരാളില്ലാത്തതിനാൽ ദിവസംതോറും അമീർ രാജകുമാരിയെ ചെന്നു കണ്ടുപോരുന്നുവെന്നുള്ള കാൎയ്യം തീൎച്ചയാണു്. അമീറിന്റെ ചെറുപ്പക്കാരിക്കു തന്റെ ഈ പെരുമാററം മൂലം ഉണ്ടാകാനിടയുള്ള അപകടങ്ങളെപ്പററി അറിവാനുള്ള ശക്തിയുമില്ല. ബഹ്ത്തക്കിനാണെങ്കിൽ അമീറിന്റെ ഈ പെരുമാററത്തിൽ വലുതായ സംശയങ്ങളുമുണ്ടു്. അയാൾ അടിക്കടി ബാദുഷയോടു് ഇതപ്പററി ഓരോന്നു പറഞ്ഞു് അദ്ദേഹത്തിൽ അതൃപ്തിയും അവമതിപ്പും വരുത്തിത്തീൎക്കുവാൻ ശ്രമിക്കുന്നുമുണ്ടു്. ഏതെങ്കിലും വിധത്തിൽ ബാദുഷക്കു ഈ സംഗതി അറിവായാൽ അതു് അമീറിന്റെ കീൎത്തിക്കു വലിയ പോരായ്മയായും തീരും. അമീറിന്റെ കാൎയ്യത്തിൽ എപ്പോഴും ഞാനൊരു സഹായിയായിരിക്കുന്നതിനാൽ തന്മൂലം എനിക്കും ചീത്തപ്പേരുണ്ടാകുവാനിടയുണ്ടു്. അതുകൊണ്ടു് ഈ സന്ദൎഭത്തിൽ അമീറിനെ കുറച്ചുകാലത്തേക്കു ഇവിടെ നിന്നും അകററി നിൎത്തേണ്ടുന്നതത്യാവശ്യമാണു്' എന്നിങ്ങിനെ അദ്ദേഹം ഓരോന്നാലോചിച്ചു ചില നിശ്ചയങ്ങൾ വരുത്തിയശേഷം ബാദുഷയെ നോക്കി ഇപ്രകാരം പറഞ്ഞു:—'പ്രഭോ! നമ്മുടെ സാമന്തരാജാക്കന്മാരിൽവെച്ചു് പ്രബലനായ ലന്തൂർ എന്ന ഹിന്തുരാജാവു് ഈയിടെ വല്ലാതെ മദിച്ചു വശായിരിക്കുന്നു. അയാളിൽനിന്നും നമുക്കു കപ്പംവകയിലുംമററും വളരെ വലിയ ഒരു സംഖ്യ വരേണ്ടതായിട്ടാണിരിക്കുന്നതു്. എന്നാൽ അയാൾ നമുക്കിങ്ങിനെ ബാക്കി വരുത്തിയിരിക്കുന്നതു് തനിക്കുശരി ഇനി ലോകത്തിൽ ശക്തരായ രാജാക്കന്മാർ ആരുമില്ലെന്നും ആരുതന്നെ വന്നെതിൎത്താലും വിജയം നേടിക്കൊള്ളാമെന്നുമുള്ള വിചാരത്താൽ മാത്രമാണു്. യഥാൎത്ഥത്തിൽ അയാൾ വലിയ ശക്തനും വൻപിച്ച സൈന്യശേഖരമുള്ളവനുമാണു്. അയാളുടെ ആയുധമായ ദണ്ഡിനുതന്നെ ആയിരം റാത്തൽ ഭാരമുണ്ടു്. അയാളെ വഹിക്കുവാൻ മദയാനകൾക്കല്ലാതെ സാധിക്കുന്നതുമല്ല. സാധാരണയായി അയാൾ സവാരിചെയ്തുകൊണ്ടിരിക്കുന്നതും മദിച്ച ആനകളുടെ പുറത്തുകയറിയിട്ടാണു്. മറെറാരു മൃഗത്തിനും അയാളുടെ ഭാരം വഹിക്കുവാനുള്ള ശക്തിയുമില്ല. അയാളുടെ കോട്ടയുടെ ഉറപ്പാണെങ്കിലോ അതിലും വിശേഷമാണു്. അവിടത്തെ രക്ഷിജനങ്ങളുടെ ആകാരംകണ്ടാൽ ഏതൊരു യുദ്ധവീരനും ഭയന്നു നടുങ്ങും. ഇത്ര പ്രതാപശാലിയായി വൎത്തിച്ചുപോരുന്ന അയാൾ നമ്മെ അവമതിക്കുന്നതിലും നമ്മുടെ മേൽക്കോയ്മയെ അപലപിക്കുന്നതിലും തെററില്ല'.

ബാദുഷ:—അങ്ങിനെയാണെങ്കിൽ നമുക്കവനെ മൎയ്യാദപഠിപ്പിക്കാതിരിക്കുവാൻ നിവൃത്തിയില്ല. അതിലേക്കു അങ്ങുതന്നെ എന്തെങ്കിലും ഒരുപായം കണ്ടുപിടിക്കണം.

ബുസർജംഹർ കുറച്ചു നേരത്തോളം എന്തൊക്കെയോ ആലോചിക്കുന്ന ഭാവത്തിൽ മൌനമായിരുന്നു. അമീറിനെ ഇക്കാൎയ്യത്തിൽ ചുമതലപ്പെടുത്തി അയക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. അതേതുരൂപത്തിലാണു പുറത്തുവരുത്തേണ്ടതെന്നു് അദ്ദേഹം ആലോചിച്ചു. ഒടുവിൽ ഒരു നല്ല യുക്തി കണ്ടെത്തിയശേഷം ബാദുഷായോടു് ബുസർജംഹർ ഇങ്ങിനെ പറഞ്ഞു:—"ഇതു വളരെ പ്രധാനപ്പെട്ട ഒരു കാൎയ്യമാകയാൽ ലന്തൂറിനോടു ചെന്നെതിരിടുവാനുള്ള ധൈൎയ്യം ആൎക്കുണ്ടെന്നാണു് നമുക്കാദ്യമായി തീൎച്ചയാക്കുവാനുള്ളതു്. അടുത്തദിവസം രാജസദസ്സുകൂടി എല്ലാ പ്രധാനികളും നമ്മുടെ യുദ്ധവീരന്മാരും വന്നുചേരുമ്പോൾ ഇക്കാൎയ്യത്തെപ്പററി നമുക്കു സദസ്സിൽ പ്രസ്താവിക്കാം. ഇതിനുതക്ക ധൈൎയ്യവും സാമൎത്ഥ്യവും ഉള്ളവർ നമ്മുടെ കൂട്ടത്തിലുണ്ടെങ്കിൽ അപ്പോൾ അവർ എഴുന്നേററു നമ്മോടു പറയും. അയാളെ നമുക്കതിലേക്കു നിയോഗിക്കുകയും ചെയ്യാം."

ബുസർജംഹറിന്റെ ഈ അഭിപ്രായത്തോടു ബാദുഷ യോജിച്ചു. അനന്തരം രാജസദസ്സു പിരിഞ്ഞു എല്ലാവരും അവരവരുടെ വസതികളിലേക്കു പുറപ്പെടുകയും ചെയ്തു.

## ഇരുപതാം അദ്ധ്യായം.

ബുസർജംഹറിൽ നിന്നും ലന്തൂറിനെക്കുറിച്ചുള്ള വൎത്തമാനം അറിഞ്ഞപ്പോൾ മുതൽ ബാദുഷക്കു അതേക്കുറിച്ചുള്ള ചിന്ത ഹൃദയത്തിൽനിന്നും ഒഴിയാതായി. തന്നിമിത്തം അന്നു രാത്രി അദ്ദേഹത്തിനു ലേശംപോലും ഉറക്കമുണ്ടായില്ല. പിറേറദിവസം നേരം പ്രഭാതമായതോടുകൂടി ബാദുഷയുടെ സദസ്സുകൂടി. അന്നു് ലന്തൂറിനെക്കുറിച്ചുള്ള കൂടുതൽ പ്രസ്താവമുണ്ടാകുവാനിടയുണ്ടെന്നറിഞ്ഞു പതിവിലധികം ആളുകൾ സദസ്സിൽ സന്നിഹിതരായിരുന്നു. അപ്പോൾ ബാദുഷ ലന്തൂറിന്റെ പ്രബലതയേയും അയാൾ മേൽക്കോയ്മയെ ധിക്കരിച്ചു കപ്പം കൊടുക്കാതിരിക്കുന്നതിനെക്കുറിച്ചും അതിനാൽ അയാളെ യുദ്ധംചെയ്തു കീഴ്പെടുത്തേണ്ട ആവശ്യകതയെക്കുറിച്ചും എല്ലാവരും കേൾക്കത്തക്കവിധത്തിൽ പ്രസ്താവിച്ചു. ഈ അവസരത്തിൽ അപരിചിതനായ ഒരുവൻ സദസ്സിൽ കടന്നുചെന്നു ബാദുഷയെ വളരെ ഭക്തിബഹുമാനങ്ങളോടുകൂടി വന്ദിച്ചശേഷം ഒരു കത്തെടുത്തു് അദ്ദേഹത്തിന്റെ പക്കൽ കൊടുത്തു. ആഗതൻ ആരാണെന്നോ ആരുടേതാണു കത്തെന്നോ ബാദുഷക്കെന്നല്ല, സദസ്യരിൽ ആൎക്കും തന്നെ അറിവില്ലാതിരുന്നതിനാൽ എല്ലാവരും അതിൽ അത്യുൽക്കണ്ഠിത

രായിത്തീൎന്നു. ബാദുഷ കത്തുപൊളിച്ച് എല്ലാവരും കേൾക്കത്തക്കവിധത്തിൽ ഇങ്ങിനെ വായിച്ചു.

ബഹുമാനപ്പെട്ട നൌഷർവാൻ ബാദുഷ അവർകൾക്കു,

"എന്റെ ഈ കത്തിൽ അടങ്ങിയിട്ടുള്ള സംഗതികൾ വളരെ ശ്രദ്ധവച്ചു ഗ്രഹിക്കുകയും അനന്യശരണനായ എന്നെ രക്ഷിച്ചനുഗ്രഹിക്കുകയും ചെയ്യണമെന്നു ആദ്യമായി അപേക്ഷിച്ചുകൊള്ളുന്നു. എനിക്കു മുൻപു ശങ്കലദ്വീപിനെ എന്റെ ജ്യേഷ്ഠസഹോദരനായ സാതാൻഷാ എന്നയാളാൽ ഭംഗിയായി ഭരണം നടത്തി വരികയായിരുന്നു. ഒരിക്കൽ അദ്ദേഹം സാധാരണ പതിവുപോലെ വേട്ടക്കായി പുറപ്പെടുകയുണ്ടായി. അദ്ദേഹം ഒരു ഘോരവനാന്തരത്തിൽ പ്രവേശിച്ച് മൂന്നു ദിവസത്തോളം വേട്ടയാടി. ഈ മൂന്നു ദിവസവും തനിക്കു ആഹാരമോ ജലമോ കിട്ടായ്കയാൽ അദ്ദേഹം വളരെ ക്ഷീണനായും തീൎന്നു. ദാഹം അടക്കവെഹിയാതായപ്പോൾ തൽപരിഹാരാൎത്ഥം ജ്യേഷ്ഠൻ എവിടെയെങ്കിലും കുറച്ചുവെള്ളം കിട്ടുമോ എന്നു തെരഞ്ഞ് ആ കാട്ടുമുഴുവൻ നടന്നു. ഇങ്ങിനെ ജലം അന്വേഷിച്ചു വളരെ വഴി നടന്നു ചെല്ലുമ്പോൾ ഒരിടത്ത് ഒരു കിണർ കാണുകയുണ്ടായി. ഒരു സ്ത്രീ മൂന്നു കുടങ്ങളിൽ വെള്ളം നിറച്ച് ഒന്നിൻമീതെ ഒന്നായി അടുക്കിവെച്ച് എടുത്തുകൊണ്ടു പോകുവാനായി ശ്രമിക്കുന്നതും അദ്ദേഹം കണ്ടു. ഈ കാഴ്ച ജ്യേഷ്ഠനെ അളവററ സന്തോഷിപ്പിച്ചു. അദ്ദേഹം ക്ഷണത്തിൽ അവളുടെ സമീപം പാഞ്ഞുചെന്ന് 'അല്ലയോ സ്ത്രീരത്നമേ! ഞാൻ മൂന്നു ദിവസമായി വെള്ളം കിട്ടാതെ ദാഹിച്ചുവലഞ്ഞു വരികയാണ്. അതുകൊണ്ട് ക്ഷീണനായ എനിക്കു നീ കുടിക്കുവാനായി കുറച്ചുവെള്ളം തരിക എന്നാവശ്യപ്പെട്ടു. അദ്ദേഹം ഇത്രയും പറഞ്ഞവസാനിച്ച നിമിഷത്തിൽ അവൾ ആ മൂന്നു പാത്രത്തിലുണ്ടായിരുന്ന വെള്ളം നിലത്തുവാൎത്തുകളഞ്ഞശേഷം രണ്ടാമതായി കിണററിൽനിന്നും അതിൽ വെള്ളം കോരിനിറക്കുവാൻ ഭാവിച്ചു. ദാഹിച്ചു വലഞ്ഞ് അവശനായിരിക്കുന്ന സാതാൻഷാ അവളുടെ ഈ നിൎദ്ദാക്ഷിണ്യമായ പ്രവൃത്തികണ്ട് അത്യന്തം ക്രുദ്ധിതനായി ഭവിച്ചു. ദാഹിച്ചു വലഞ്ഞുവന്ന എനിക്കു കുടിക്കുവാൻ ലേശം വെള്ളം തരാതെ അതിനെ മുഴുവൻ നിലത്തു ചൊരിച്ചുകളഞ്ഞ ഈ പരമ ദുഷ്ടയുടെ രക്തം ഇതുപോലെ ചൊരിക്കേണ്ടതാണ്? എന്നിങ്ങനെ അദ്ദേഹം ഉള്ളിൽ വിചാരിച്ചുകൊണ്ടും അടക്കുവാൻ ശക്തിയില്ലാതെയും അവളുടെ പ്രവൃത്തികളെ സശ്രദ്ധം നോക്കിക്കൊണ്ടുനിന്നു. അപ്പോൾ അവൾ മൂന്നു പാത്രങ്ങളിലും വെള്ളം നിറച്ചശേഷം അതിൽ ഒരു പാത്രമെടുത്തു ജ്യേഷ്ഠന്റെ പക്കൽകൊടുത്തു. ദാഹാൎത്തനായിരുന്ന സാതാൻഷാ വെള്ളം കുടിക്കുവാൻ തുടങ്ങി. രണ്ടു മൂന്നിറക്കുമാത്രം അദ്ദേഹം കുടിച്ചപ്പോൾ അവൾപെട്ടെന്ന് അദ്ദേഹത്തിന്റെ കൈക്കു കടന്നുപിടി

ച്ചുകൊണ്ടു് 'ഹേ മനുഷ്യ! നിങ്ങറം ആരാണ്? എവിടത്തുകാരനാണ്? നിങ്ങളുടെ പേരെന്താണ്? ഇപ്പോറം എവിടെ നിന്നാണ് വരുന്നതു്? എവിടെയാണ താമസിക്കുന്നതു്? എന്നിങ്ങിനെ ചോദിച്ചു.

സാതാൻഷാ:—(അടക്ക വഹിയാത്ത ദ്വേഷ്യത്തോടുകൂടി) എടി ദുഷ്ടേ! നീ എന്തൊരു ബുദ്ധിയില്ലാത്തവളാണ്. ഞാൻ ദാഹിച്ചു വലഞ്ഞു വരികയാണെന്നു നീ അറിഞ്ഞിരുന്നിട്ടും വെള്ളം കുടിക്കുവാൻ സൌകര്യം തരാതെ എന്നെ തടസ്സപ്പെടുത്തി വിവരങ്ങറം അറിവാൻ ആഗ്രഹിക്കുന്ന നീ കേവലം മൃഗപ്രായയാണെന്നല്ലാതെ ഞാൻ എന്തു പറയട്ടെ. എൻെറ ദാഹം തീക്കാതെ എനിക്കു യാതൊന്നും സംസാരിക്കുവാനുള്ള ശക്തിയില്ല.

അദ്ദേഹം എന്തുതന്നെ പറഞ്ഞിട്ടും അവറം അദ്ദേഹത്തെ വെള്ളം കുടിക്കുവാൻ സമ്മതിക്കുകയാകട്ടെ പിടിച്ച പിടി വിടുകയാകട്ടെ ചെയ്തില്ല. സാതാൻഷാ അളവററ ദ്വേഷ്യത്തോടുകൂടി അവളെ ദൂരത്തു തള്ളിനീക്കിയ ശേഷം വളരെ വേഗത്തിൽ കുറച്ചു വെള്ളം കുടിച്ചു. ദാഹവും ക്ഷീണവും സാമാന്യം ശമിച്ചു. അനന്തരം ഇത്ര ദുഷ്ടയായ അവളെ വെച്ചുകൂവാൻ പാടില്ലെന്നും ഒരേ വെട്ടിനു രണ്ടു കഷണങ്ങളാക്കിത്തീക്കണമെന്നും തീച്ചയാക്കി അദ്ദേഹം തൻെറ വാറം വലിച്ചൂരി അവളെ വെട്ടുവാനായി ഓങ്ങി. അപ്പോറം അവറം വളരെ ദയനീയ സ്വരത്തിൽ അദ്ദേഹത്തോടിങ്ങിനെ പറഞ്ഞു:—'ഹേ, മനുഷ്യ! നിങ്ങറം ഈ ക്രൂരകർമ്മം പ്രവൎത്തിക്കത്തക്ക വിധത്തിൽ ഞാൻ നിങ്ങറക്കു യാതൊരു തെററും ചെയ്തിട്ടില്ലല്ലോ. ഞാൻ നിങ്ങറക്കു ചെയ്തുതന്ന ഉപകാരത്തിനു തക്ക പ്രത്യുപകാരം ഇതായിരിക്കുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല.

സാതാൻഷാ:—ഞാൻ മൂന്നു ദിവസമായി വെള്ളം കുടിക്കാതെ വലഞ്ഞു വരികയാണെന്നും ക്ഷീണം എന്നെ വല്ലാതെ ക്ലേശിപ്പിക്കുന്നുവെന്നും ഞാൻ നിന്നോടു പറഞ്ഞില്ലേ. മൂന്നു പാത്രം നിറച്ചു വെള്ളം കോരി വച്ചിരുന്നിട്ടും അതിൽ ഒരു തുള്ളിപോലും നീ എനിക്കു തരാതെ അതിനെ നിലത്തു ചൊരിച്ചുകളയുകയല്ലേ ചെയ്തതു്. രണ്ടാമതു വെള്ളം കോരി നീ എനിക്കു തന്നുവെങ്കിലും അതു തൃപ്തിയാകുവോളം കുടിക്കുവാൻ നീ സമ്മതിച്ചുവോ? ഇത്ര ദുഷ്ടയായ നിന്നെ വെട്ടി നിൻെറ രക്തത്തെ നീ നിലത്തു ചൊരിച്ചു കളഞ്ഞ വെള്ളം പോലെ ഒഴുക്കേണ്ടതാണ്.

അവറം:—(പുഞ്ചിരി തൂകിക്കൊണ്ടു്) നന്മ ചെയ്യാലത്തെ ഫലം തിന്മയാണ്. അതു പോകട്ടെ. എൻെറ പ്രവൃത്തിക്കു തക്കതായ കാരണമുണ്ടു്. നിങ്ങളോടു ഞാൻ ചോദിച്ചതിനു സമാധാനം പറഞ്ഞാൽ

നിങ്ങൾ വെള്ളം ചോദിച്ചപ്പോൾ തരാതെ നിലത്തു കളഞ്ഞതിനുള്ള കാരണം ഇന്നതാണെന്നു പറയാം.

സാതാൻഷാ:—നീ എന്നെ ഇന്നാരെന്നറിയുകയില്ലെന്നാണു തോന്നുന്നത്. ഞാൻ ഈ രാജ്യത്തെ രാജാവായ സാതാൻഷായാണ്. ഞാൻ വേട്ടയ്ക്കായി വരവേ വഴിതെററി ഇവിടെ വന്നുചേരുവാനിടയായതാണ്.

അവൾ:—വലിയ അത്ഭുതം. നിങ്ങൾ ഒരു രാജാവായിരുന്നിട്ടും ഇത്ര ബുദ്ധിശൂന്യനായിത്തീൎന്നതിൽ ഞാൻ വളരെ അതിശയിക്കുക മാത്രമല്ല, വ്യസനിക്കുകകൂടി ചെയ്യുന്നു.

സാതാൻ:—നീ എന്നെ പരിഹസിക്കുകയാണെന്നാണു തോന്നുന്നത്. അല്ലാത്തപക്ഷം ശരിയായ കാരണം നീ എനിക്കു ബോദ്ധ്യപ്പെടുത്തിത്തരണം.

അവൾ:—ബാദുഷാ! നിങ്ങൾ എന്നോടു ആദ്യമായി വെള്ളം ചോദിക്കുമ്പോൾ തന്നെ മൂന്നു ദിവസമായി വെള്ളം കുടിക്കാതെ ദാഹിച്ചു വലഞ്ഞു വരികയാണെന്നു പറഞ്ഞു. അതറിഞ്ഞപ്പോൾ ഞാൻ നിറച്ചുവച്ചിരുന്ന വെള്ളം മുഴുവൻ നിലത്തുകളഞ്ഞു വീണ്ടും കോരുന്നതുവരെ സമയതാമസപ്പെടുത്തി. അതിനുശേഷം നിങ്ങൾ കുറച്ചുമാത്രം വെള്ളം കുടിച്ചു എന്നു കണ്ടപ്പോൾ കുടനുപിടിച്ചു തടസ്സപ്പെടുത്തിക്കൊണ്ടു വൎത്തമാനം പറയുവാൻ നിൎബ്ബന്ധിച്ചും കുറെ താമസം വരുത്തി. ഞാൻ ഇങ്ങിനെ സമയതാമസം വരുത്തിയതു് നിങ്ങൾ രണ്ടുമൂന്നുദിവസമായി വെള്ളം കുടിക്കാതിരുന്നതിനാൽ പെട്ടെന്നു തരുന്നതായാൽ ദാഹത്തിന്റെ കൂടുതൽകൊണ്ടു് അത്യാൎത്തിയോടുകൂടി വെള്ളം കുടിച്ചുകളയുമെന്നും തന്നിമിത്തം അതു തൊണ്ടയിൽ കെട്ടി നിങ്ങൾ ഒരുപക്ഷെ മരിച്ചുപോകുവാൻ തന്നെ കാരണമായിത്തീൎന്നേക്കുമെന്നും വിചാരിച്ചിട്ടാണ്. ദാഹിച്ചു വലഞ്ഞു വരുന്ന നിങ്ങൾക്കു ധാരാളം വെള്ളം ഒലിച്ചുപോകുന്നതു കാണുമ്പോൾ തന്നെ കുറച്ചൊരു സമാധാനവും തൃഷ്ണക്കൊരു ശമനവും ഉണ്ടാകുമെന്നു കരുതിയാണ് ഞാൻ കുടത്തിലെ വെള്ളം നിലത്തു ചൊരിഞ്ഞതു്. രണ്ടാമതു കുറച്ചു കുടിച്ചപ്പോൾ തടുത്തതു തൊണ്ടനല്ലവണ്ണം നനഞ്ഞു അന്നകോശത്തിന്റെ തടസ്സങ്ങൾ തീൎന്നുകൊള്ളട്ടെ എന്നും കരുതിയാണ്. നിങ്ങളുടെ ജീവരക്ഷയെക്കരുതി ഞാൻ ചെയ്യു ഈ പ്രവൃത്തി കുററകരമാണെന്നു നിങ്ങൾ ഒരു ബുദ്ധിമാനായിരുന്നുവെങ്കിൽ തെററിദ്ധരിക്കുകയില്ലായിരുന്നു.

അവളുടെ ബുദ്ധിപൂൎവ്വമായ ഈ വാക്കുകൾ കേട്ടതോടുകൂടി അദ്ദേഹം ലജ്ജിതനായിത്തീൎന്നു പോയി. കുറച്ചു നേരത്തേക്കു അദ്ദേഹത്തിനവ

ളോടു സംസാരിക്കുവാൻ പോലും ശക്തിയുണ്ടായില്ല. അനന്തരം തന്റെ ജീവനെ രക്ഷിച്ച അവളിൽ അദ്ദേഹം അത്യന്തം കൃതജ്ഞനായും തീൎന്നു. എന്തൊരു പ്രത്യുപകാരമാണ് അവൾക്കു താൻ ചെയ്യേണ്ടതെന്ന് അദ്ദേഹം എത്രതന്നെ ആലോചിച്ചിട്ടും യാതൊരു സമാധാനവുമുണ്ടായില്ല. മാത്രമല്ല, അദ്ദേഹത്തിന്റെ മനസ്സു മുഴുവൻ അവളിൽതന്നെ ലയിച്ചു പോകയും ചെയ്തു. ഇതു ബുദ്ധിമതിയായ അവളെ വേർപിരിഞ്ഞു പോകുവാനും അദ്ദേഹം അശക്തനായി. അദ്ദേഹം അവളോടിങ്ങിനെ ചോദിച്ചു:—'അല്ലയോ സ്ത്രീരത്നമേ! നീ താമസിക്കുന്നതെവിടെയാണ്? നിനക്കു ബന്ധുക്കളായി മററാരെങ്കിലുമുണ്ടോ?

അവൾ:—പ്രഭോ! സൎവ്വശക്തനായ ദൈവമല്ലാതെ എനിക്കു മറെറാരു ബന്ധുവുമില്ല. ഞാൻ ഏകയും കേവലം ദരിദ്രയുമാണ്. അന്നന്നു കഷ്ടപ്പെട്ടു പണിയെടുത്തു കിട്ടുന്നതുകൊണ്ടാണ് ഞാൻ എന്റെ ജീവിതവൃത്തി കഴിച്ചുകൂട്ടിപ്പോകുന്നത്.

ഇതു കേട്ടപ്പോൾ ജ്യേഷ്ഠന്നു അവളിൽ അത്യധികമായ അനുതാപം ജനിച്ചു. അദ്ദേഹം അവളെ തന്നോടൊന്നിച്ചു കൊട്ടാരത്തിൽ കൂട്ടിച്ചുകൊണ്ടുവന്നു വിവാഹം നടത്തി തന്റെ പത്നിയായി സ്വീകരിച്ചു. ഇങ്ങിനെ കുറച്ചുകാലം കഴിഞ്ഞപ്പോൾ ആ സ്ത്രീ ഗർഭിണിയായിത്തീൎന്നു. അവൾ പ്രസവിക്കും മുമ്പേ ജ്യേഷ്ഠൻ മരിച്ചുപോകയും ചെയ്തു. അദ്ദേഹത്തിന്റെ മരണശേഷം ഞാൻ രാജസ്ഥാനത്തെ സ്വീകരിച്ചു ഭരണവും ആരംഭിച്ചു. ജ്യേഷ്ഠപത്നി യഥാകാലം ഒരാൺകുട്ടിയെ പ്രസവിച്ചു. എന്നാൽ, ആ കുട്ടി ഒരത്ഭുത സൃഷ്ടിയായിരുന്നു. പ്രസവിക്കുമ്പോൾതന്നെ അവന്നു് അഞ്ചുഗജം നീളവും അതിനുതക്ക ശരീര പുഷ്ടിയുമുണ്ടായിരുന്നു. ഏതാനും കാലത്തിനുള്ളിൽ ജ്യേഷ്ഠപത്നിയായ ആ സ്ത്രീയും മരിച്ചുപോയി. അപ്പോൾമുതൽ ആ കുട്ടിയുടെ പേരിൽ ഞാൻ പ്രത്യേക ശ്രദ്ധവെച്ചു വളരെ വാത്സല്യത്തോടുകൂടി വളൎത്തിവന്നു. അവന്നു ഞാൻ ലന്തൂർ എന്നു നാമകരണം ചെയ്തു. അവനെ എന്റെ സ്വന്തപുത്രനെന്നവണ്ണം അത്ര ലാളിച്ചു വളൎത്തി. ജ്യേഷ്ഠപത്നി ലന്തൂരിനെ പ്രസവിച്ച അന്നേദിവസം തന്നെ എന്റെ പത്നിയും ഒരാൺകുട്ടിയെ പ്രസവിച്ചിരുന്നു. ആ കുട്ടിക്കു ഞാൻ ജെബ്ബൂർ എന്നാണു നാമകരണം നൽകിയിരുന്നത്. ഈ രണ്ടു കുട്ടികളേയും ഞാൻ തുല്യ സ്നേഹത്തോടുകൂടിയാണു വളൎത്തി വന്നത്. കുട്ടികൾക്കു അഞ്ചു വയസ്സു പ്രായമായി. അപ്പോൾ ഒരു ദിവസം അവരെ വളൎത്തി വന്നിരുന്ന പരിചാരികകളിൽ ഒരുത്തി ലന്തൂരിനെ എന്തോ തെററുചെയ്തതിനു ഒരടി അടിച്ചു. അടിയേററുണ്ടായ വേദന സഹിക്കവെഹിയാതായിത്തീരുകയാൽ അവൻ ആ പരിചാരികയുടെ കാലിന്മേൽ തൂക്കിഎടുത്തു നിലത്തൊരടി കൊടുത്തു. അതോടുകൂടി അവളുടെ

ശരീരം ശിഥിലീഭവിച്ച യമപുരിയെ പ്രാപിച്ചു. ഈ ഭയങ്കര കാഴ്ച കണ്ടുകൊണ്ടു നിന്നിരുന്ന ബാക്കി പരിചാരികകൾ ഭയന്നു നിലവിളിച്ചുകൊണ്ടു എൻെറ സമീപം വരികയും നടന്ന വിവരങ്ങൾ എന്നെ പറഞ്ഞു കേൾപ്പിക്കുകയും ചെയ്തു. എനിക്കു കോപം സഹിക്ക വഹിയാതായി. ഉടനെ, അവനെ പിടിച്ചു മദയാനയുടെ മുമ്പിൽ കൊണ്ടുപോയി വിട്ടുവാനാജ്ഞാപിച്ചു. അടുത്ത മാത്രയിൽ ചില ഭടന്മാർ ഒരു മദിച്ച ആനയെ കൊണ്ടുവന്നു നിൎത്തുകയും ലന്തുരിനെ പിടിച്ചു ആനയുടെ മുമ്പിൽ കൊണ്ടുപോയി തള്ളുകയും ചെയ്തു. ക്രുദ്ധിച്ചു നിന്നിരുന്ന ആന അവനെ തുമ്പിക്കൈകൊണ്ടു കടന്നുപിടിക്കുവാൻ ശ്രമിച്ചു. എന്നാൽ ശക്തനായ ലന്തുരിനോടു ആനയുടെ വിക്രമമൊന്നും ഫലിച്ചില്ല. അവൻ ഇരുകരങ്ങളാലും തുമ്പിക്കൈ കടന്നുപിടിച്ചു ബലമായി പിന്നാക്കം വലിച്ചു. അതോടുകൂടി തുമ്പിക്കൈ അററുപോരികയും ആന ചത്തു നിലം പതിക്കുകയും ചെയ്തു. അനന്തരം അവൻ അവിടെനിന്നും കുതിച്ചാൎത്തുകൊണ്ടു ആനകളെ അടച്ചിട്ടിരിക്കുന്ന സ്ഥലത്തേക്കുന്ന പോയി. അവിടെച്ചെന്നു് നക്കൊട്ടിലിൻെറ ഒരു തൂണു വിഴുതെടുത്തു അവിടെയുണ്ടായിരുന്ന സകല ആനകളേയും മൎദ്ദിച്ചുതുടങ്ങി. ആനകളുടെ മസ്തകം മുഴുവൻ തല്ലിപ്പിളൎന്നു് അവൻ അവയെ മുഴുവൻ കൊന്നു. ഈ വൎത്തമാനം രാജ്യം മുഴുവൻ പരക്കുകയും ജനങ്ങളെല്ലാം ഭയന്നു നിലവിളി കൂട്ടുകയും ചെയ്തു. അവനെ ഒളിഞ്ഞിരുന്നു ജീവരക്ഷ നേടുവാൻ പോലും വഴിയില്ലാതെ സകലരും വിഷമിച്ചു. ഉടനെ ഞാൻ ലന്തുരിനെ പിടിച്ചു കാരാഗൃഹത്തിലടക്കുവാൻ സൈന്യനേതാക്കന്മാൎക്കാജ്ഞ കൊടുത്തു. എന്നാൽ അവരുടെ ആരുടേയും ശ്രമം ഫലിച്ചില്ല. അവൻെറ സമീപം അടുക്കുവാൻ തന്നെ ആൎക്കും ധൈൎയ്യം ധൈൎയ്യമില്ലാതായി. അപ്പോൾ എൻെറ സൈന്യനായകന്മാരിൽ ഒരുവൻ എൻെറ സമീപം വന്നു് 'ലന്തുരിനെ ഞാൻ പിടിച്ചു ബന്ധിച്ചു തരാം' എന്നു പറഞ്ഞു് ഒരു പാത്രമെടുത്തു അതിൽ വളരെ വിശേഷപ്പെട്ട ഹൽവാ നിറച്ചുകൊണ്ടുപോയി ലന്തുരിൻെറ മുമ്പിൽ വച്ചുകൊടുത്തു. ലന്തൂർ വളരെ സന്തോഷത്തോടും സന്തൃപ്തിയോടും കൂടി അതു മുഴുവൻ ഭക്ഷിച്ചുശേഷം സൈന്യനായകനുമായി നല്ലോന്ന ലോഹ്യമായി സംസാരിച്ചു. ആ ലാക്കിൽ അയാൾ അവനെ വളരെ നയത്തിൽ പാട്ടിലാക്കി കൂട്ടിച്ചു് എൻെറ മുമ്പാകെ കൊണ്ടുവന്നു. എന്നെ കണ്ടമാത്രയിൽ അവൻ വളരെ ക്രുധിതനായിത്തീൎന്നു് എൻെറ പ്രധാന മന്ത്രിയോടായിട്ടു് എന്നെ ചൂണ്ടിക്കാണിച്ചുകൊണ്ടിങ്ങിനെ പറഞ്ഞു:--'ഹേ മനുഷ്യാ! ഇവൻ ആരാണു്? ഇവൻെറ പേരെന്താണു്?' എന്നു ചോദിച്ചു.

മന്ത്രി ഇങ്ങിനെ സമാധാനം പറഞ്ഞു:—'ഇദ്ദേഹം നിൻെറ ചെറിയച്ഛനും ഈ രാജ്യത്തെ ഭരിക്കുന്ന രാജാവുമാണു്'.

ലന്ധൂർ:—ഇയാൾക്കു മുൻപ് ഈ രാജ്യത്തെ ഭരിച്ചുകൊണ്ടിരുന്ന ആൾ ആരായിരുന്നു? അദ്ദേഹത്തിന്റെ പേരെന്തായിരുന്നു?

മന്ത്രി:—ഇദ്ദേഹത്തിന്റെ ജ്യേഷ്ഠനും നിങ്ങളുടെ പിതാവുമായിരുന്ന സാതാൻഷാ എന്ന മാന്യദേഹമാണു ഭരിച്ചു വന്നിരുന്നതു്.

ലന്ധൂർ:—എന്റെ അച്ഛൻ ഭരിച്ചു വന്നിരുന്ന ഈ രാജ്യത്തിനു് അദ്ദേഹത്തിന്റെ പുത്രനായ എനിക്കല്ലേ ന്യായമായി രാജ്യം ലഭിക്കേണ്ടതു്? രാജ്യാവകാശിയായ ഞാൻ അനർഹനായ ഇവന്റെ ഭരണത്തിനു കീഴ്പ്പെട്ടു നോക്കിയിരിക്കയോ. ഒരിക്കലും അതു സാദ്ധ്യമല്ല.

മന്ത്രി:—രാജ്യത്തിന്റെ ന്യായമായ അവകാശി അങ്ങുതന്നെയാണു്. അതിനു സംശയവുമില്ല.

ലന്ധൂർ:—ഇനി ഇവിടത്തെ സകല അധികാരങ്ങളും എനിക്കുള്ളതാണു്. നിങ്ങൾ ഇവനെ സിംഹാസനത്തിൽ നിന്നും പിടിച്ചു ദൂരത്തു തള്ളുവിൻ. സിംഹാസനത്തിൽ ഇരിക്കേണ്ടവൻ ഞാനാണു്. ഇന്നു മുതല്ക്കു സകല ഭരണകാര്യങ്ങളും എനിക്കുള്ളതാണു്. അതൊക്കെ ഞാൻതന്നെ നടത്തിക്കൊള്ളുകയും ചെയ്യാം.

അവൻ കോപാവിഷ്ടനായി ഇത്രയും പറഞ്ഞു കേട്ടപ്പോൾ മന്ത്രി എന്നോടു വളരെ ശാന്തസ്വരത്തിൽ സിംഹാസനം വിട്ടൊഴിഞ്ഞു കൊടുക്കുവാൻ പറഞ്ഞു. ഞാൻ അതിനെ അനുകൂലിച്ചു. ക്ഷണത്തിൽ സിംഹാസനത്തിൽ നിന്നും താഴത്തിറങ്ങി. അതേ നിമിഷത്തിൽ തന്നെ ലന്ധൂർ സിംഹാസനസ്ഥനായിത്തീരുകയും ചെയ്തു. കുറച്ചു നേരത്തേക്കു അവൻ മൌനമായിരുന്നു നാലുപാടും നല്ലതുപോലെ ഒന്നു സൂക്ഷിച്ചു. അനന്തരം മന്ത്രിയെ വിളിച്ചു തനിക്കു വേണ്ട ഭക്ഷണപദാർത്ഥങ്ങൾ കൊണ്ടുവരുവിക്കുവാൻ അവൻ ആജ്ഞാപിച്ചു. അപ്പോൾതന്നെ മന്ത്രി വളരെ സ്വാദിഷ്ഠങ്ങളും വിശിഷ്ടങ്ങളുമായ അനവധി ഭക്ഷണപദാർത്ഥങ്ങൾ ചില പരിചാരകന്മാർ തയാറാക്കി കൊണ്ടുവന്നു. മന്ത്രി ആ പദാർത്ഥങ്ങളിൽ ബുദ്ധിക്കു മയക്കം വരത്തക്ക എന്തോ ചില മരുന്നു മുൻകൂട്ടി കലർത്തിച്ചിരുന്നു. അയാൾ അതിനെ വാങ്ങി ലന്ധൂരിന്റെ മുമ്പിൽ വച്ചുകൊടുത്തു. മന്ത്രി അതിൽ മരുന്നു കലർത്തിയിരുന്ന വിവരമൊന്നും എനിക്കു നിശ്ചയമുണ്ടായിരുന്നില്ല. ഭക്ഷണപദാർത്ഥങ്ങൾ കൊണ്ടുവന്നു കൊടുത്തയുടൻ ലന്ധൂർ ഞാനും എന്റെ മകനുംകൂടി അവനോടൊന്നിച്ചിരുന്നു ഭക്ഷിക്കണമെന്നു നിർബ്ബന്ധിച്ചു. 'നിങ്ങൾ എന്നെ ചതിക്കുവാനായി ഇതിൽ എന്തെങ്കിലും വിഷം കലർത്തിയിട്ടുണ്ടോ ഇല്ലയോ എന്നു ഞാൻ എങ്ങിനെയാണു തീർച്ചയാക്കുക. അതുകൊണ്ടു നിങ്ങൾ കൂടി എന്നോടൊന്നിച്ചിരുന്നു ഭക്ഷിക്കണം. അല്ലാത്തപക്ഷം ഞാൻ ഈ സാധനങ്ങളിൽ തൊടുകയില്ലെന്നു മാത്രമല്ല, നിങ്ങളെ ആരെയും ജീവനോടുകൂടി ഇവിടെനിന്നും പോ

കുവാൻ അനുവദിക്കുന്നതുമല്ല്'. എന്ന് അവൻ വലിയ ശാഠ്യം പിടിച്ചു. അവനെ ഇനി ക്രോധിപ്പിക്കേണ്ടെന്നു കരുതി മന്ത്രി എന്നോടും മകനോടും അവനൊന്നിച്ചിരുന്നു ഭക്ഷണം കഴിക്കുവാൻ നിർബ്ബന്ധിച്ചു. ഞങ്ങളും അതുപ്രകാരം ചെയ്തു. ഭക്ഷണം കഴിച്ച് ഏതാനും നിമിഷം കഴിഞ്ഞപ്പോഴേക്കു അതിൽ കലർത്തിയിരുന്ന വിഷത്തിന്റെ ശക്തിയാൽ ഞങ്ങൾ മൂന്നുപേരും ബോധരഹിതരായി നിലംപതിച്ചു. അപ്പോൾ മന്ത്രി എന്തോ ഒരു മരുന്നു കൊണ്ടുവന്ന് എന്റെയും പുത്രന്റെയും നാസികയോടു ചേർത്തു പിടിക്കുകയും അതിന്റെ ശക്തി ഉൾക്കൊണ്ടതോടുകൂടി ഞങ്ങൾ സകല മൂർച്ഛയും നീങ്ങി പൂർവ്വ രൂപത്തിൽ എഴുന്നേല്ക്കുകയും ചെയ്തു. മന്ത്രി ചെയ്തിട്ടുള്ള ബുദ്ധിപൂർവ്വമായ പ്രവൃത്തിയെക്കുറിച്ച് എനിക്കപ്പോൾ മാത്രമേ മനസ്സിലായുള്ളു. ലന്തൂർ ഔഷധത്തിന്റെ ശക്തിയാൽ സ്മരണയററു കിടക്കുന്നതു കണ്ടു എനിക്കു വലിയ സന്തോഷവും ഉന്മേഷവും ഉണ്ടായി. ഉടനെ ഞാൻ ചില ഭടന്മാരെ വിളിച്ച് അവന്റെ കൈകാലുകൾ ബലമുള്ള ഇരിമ്പുചങ്ങലകൾകൊണ്ട് പിടിച്ചുകെട്ടുവാൻ പറഞ്ഞു. അവർ അതുപ്രകാരം ചെയ്യുകയും ചെയ്തു. അനന്തരം അവനെ എന്നെന്നേക്കുമായി അനർത്ഥരഹിതമായി എവിടെയാണു സൂക്ഷിക്കേണ്ടതെന്നും അതിന്നാരെയാണു ചുമതലപ്പെടുത്തേണ്ടതെന്നും ആലോചിച്ചു. ലഗോട്ടി എന്ന രാജ്യത്തെ ഭരിച്ചുവരുന്ന ഔരംഗ്, ഫ്ലോരംഗ് എന്നീ രണ്ടു രാജകുമാരന്മാരും ശക്തന്മാരും സമർത്ഥന്മാരുമായിരുന്നതിനാൽ അവരുമായി ആലോചിച്ച് ഇതിൽ എന്തെങ്കിലും ഒരു തീരുമാനം വരുത്താമെന്നു കരുതി ഞാൻ അവരെ രണ്ടു പേരെയും വരുത്തിച്ചു. വിവരമറിഞ്ഞപ്പോൾ അവർ എന്റെ അഭിപ്രായത്തോടു യോജിച്ചു. അപ്പോൾതന്നെ അവർ ലന്തൂരിനെ കൊണ്ടുപോയി അവരുടെ രാജധാനിയിലുള്ള ഒരു പാതാള അറയ്ക്കുള്ളിലാക്കി ബന്ധിക്കുകയും ചെയ്തു.

ഇങ്ങിനെ ഇരുപത്തഞ്ചു വർഷത്തോളം ലന്തൂർ ആ കാരാഗൃഹത്തിൽ കിടന്നു. ഇങ്ങിനെയിരിക്കെ ഒരു ദിവസം രാത്രിയിൽ ഔരംഗ്, ഫ്ലോരംഗ് എന്നീ രാജകുമാരന്മാരുടെ സഹോദരി ഒരു സ്വപ്നം കാണുകയുണ്ടായി. ആകാശത്തിൽ നിന്നും അതിമനോഹരമായ ഒരു സിംഹാസനം ഭൂമിയിൽ വന്നു നിന്നതായും അതിൽ ഏതോ ഒരു ദിവ്യപുരുഷൻ ഇരിക്കുന്നതായും അദ്ദേഹം അവളെ വിളിച്ച് ലന്തൂരിനെ ബന്ധിച്ചിട്ടിരിക്കുന്ന സ്ഥലം കാണിച്ചു കൊടുത്തിട്ടു 'മകളേ! ഞാൻ നിന്നെ ഈ ലന്തൂരിനു വിവാഹം ചെയ്തു കൊടുത്തിരിക്കുന്നു. അവനു നിന്നിൽ താമസംവിനാ ഒരു ആൺകുട്ടിയുണ്ടാകും. ആ കുട്ടി വളരെ സുമുഖനും ബലശാലിയും പ്രസിദ്ധനുമായിത്തീരുകയും ചെയ്യും' എന്നു പറഞ്ഞു മറഞ്ഞതായുമാണ് അവൾ കണ്ട സ്വപ്നം. അടുത്ത മാത്രയിൽ തന്നെ അവൾ കിട

ക്കവെട്ടെണീററ് ഒരു പാത്രത്തിൽ അനേകം ഭക്ഷണപദാൎത്ഥങ്ങളും നിറച്ചുകൊണ്ടു് ലന്തൂർ കിടന്നിരുന്ന കാരാഗൃഹത്തിലേക്കു തിരിച്ചു. അവൾ അവിടെ ചെന്നപ്പോൾ കാവൽക്കാർ അവളെ തടഞ്ഞുനിൎത്തി 'നീ ആരാണു്? എവിടെ പോകുന്നു? ഈ അസമയത്തു് എവിടെ നിന്നാണു വരുന്നതു്?' എന്നു ചോദിച്ചു. അതിന്നവൾ 'ഞാൻ ഒരു ദിവ്യപുരുഷനെ സ്വപ്നത്തിൽ കണ്ടിരിക്കുന്നു. അദ്ദേഹത്തിൻെറ ആജ്ഞാനുസരണം ലന്തൂർ അവർകൾക്കു കൊടുക്കുവാനായി കുറെ ഭക്ഷണപദാൎത്ഥങ്ങളും കൊണ്ടു വന്നിരിക്കുകയാണു്' എന്നു മറുപടി പറഞ്ഞു. അവൾ രാജകുമാരിയാണെന്നു് അപ്പോഴേ അവൎക്കു മനസ്സിലായുള്ളു. കാവൽക്കാർ അവളുടെ അഭിമതങ്ങൾക്കു തടസ്സം ഭാവിക്കാതെ ദൂരത്തു മാറിനിന്നുകൊടുത്തു. രാജകുമാരി ജയിലിൻെറ വാതൽ തുറന്നു് അകത്തു പ്രവേശിച്ചു ഭക്ഷണപദാൎത്ഥങ്ങൾ ലന്തൂരിൻെറ മുൻപാകെ കൊണ്ടുചെന്നു വച്ചുകൊടുത്തു. അനന്തരം അവൾ അയാളുടെ സമീപം ചേൎന്നിരുന്നു താൻ കൊണ്ടുപോയിരുന്ന അരംകൊണ്ടു അവനെ ബന്ധിച്ചിരുന്ന ഇരിമ്പുചങ്ങലകൾ രാകിമുറിച്ചു് ബന്ധനത്തെ വേർപെടുത്തി അവനോടു താൻ കണ്ട സ്വപ്നവൃത്താന്തം മുഴുവൻ വിവരിച്ചു പറഞ്ഞുകേൾപ്പിച്ചു കൊട്ടാരത്തിലേക്കു മടങ്ങിപ്പോയി.

അനേകകാലമായി ബന്ധനത്താൽ ശരീരസ്വാതന്ത്ര്യമില്ലാതെ കിടന്നു കഷ്ടപ്പെട്ടിരുന്ന ലന്തൂരിനു് അന്നു കൈകാലുകൾ ഇഷ്ടംപോലെ നിവൎത്തുവാനുള്ള സൌകൎയ്യം കിട്ടുകയാൽ അവൻ നിണ്ടുനിവന്നു കിടന്നു സുഖമായി ഉറങ്ങി. രാത്രിയും പകലും ഉറക്കമില്ലാതെ സദാസമയവും വലിയ അട്ടഹാസത്തോടുകൂടി കഴിച്ചുകൂട്ടിവരുന്ന ലന്തൂർ ഇന്നു നിശ്ശബ്ദമായി കാണ്മാനുള്ള കാരണമെന്താണെന്നറിയാതെ കാവൽക്കാർ ആശ്ചൎയ്യഭരിതരായി അവൻെറ സമീപം ചെന്നു നോക്കിയപ്പോൾ അവൻ പതിവില്ലാത്തവിധം കിടന്നു സുഖനിദ്ര ചെയ്യുന്നതായി കണ്ടു. അവർ ഉടനെതന്നെ ഈ വിവരം ഔരംഗ് ഘോരംഗ് എന്നീ രാജകുമാരന്മാരോടു ചെന്നു പറഞ്ഞു. ലന്തൂറിൻെറ ബന്ധനങ്ങൾ വേർപെട്ടിരിക്കുന്നതായി അറിഞ്ഞപ്പോൾ അവൎക്കു വലിയ ഭയവും പരിഭ്രമവുമുണ്ടായി. ക്ഷണത്തിൽ അവർ ഏതാനും ശക്തന്മാരായ ആൾക്കാരെയും കൂട്ടിക്കൊണ്ടു കാരാഗൃഹത്തിലേക്കു ചെന്നു. അവർ സൂക്ഷിച്ചു നോക്കിയപ്പോൾ ലന്തൂറിൻെറ സ്വാതന്ത്ര്യസ്ഥിതി മുഴുവൻ മനസ്സിലായി. ഉറക്കമുണരും മുമ്പെതന്നെ അവനെ പഴയപടി ബന്ധിക്കാത്ത പക്ഷം അവൻ മൂലം വലുതായ അപടങ്ങൾ സംഭവിക്കുന്നതാണെന്നു് അവൎക്കു ബോദ്ധ്യമായി. എന്നാൽ അവർ അവനെ വീണ്ടും ബന്ധനസ്ഥനാക്കിത്തീൎക്കുവാൻ ഉദ്യമിക്കുന്നതിനുമുൻപായിത്തന്നെ അവൻ ഉറക്കമുണൎന്നു. സമീപം നിന്നിരുന്ന രാജകുമാര

ന്മാരെ കണ്ടമാത്രയിൽതന്നെ അവന്നു ദ്വേഷ്യം സഹിക്കവഹിയാതായി. അവൻ അവരെ രണ്ടുപേരേയും കടന്നു പിടിച്ച് കൈയിൽ അമൎത്തിക്കൊണ്ട് ഇങ്ങിനെ പറഞ്ഞു:—"ഹേ രാജകുമാരന്മാരെ! നിങ്ങളുടെ സഹോദരി സ്വപ്നത്തിൽ നബി അവൎകളെ കാണുകയും അദ്ദേഹത്തിന്റെ നിയോഗപ്രകാരം അവൾ എന്നെ വിവാഹം ചെയ്തു കഴിഞ്ഞ രാത്രി എനിക്കു വേണ്ട ഭക്ഷണപദാൎത്ഥങ്ങളെല്ലാം കൊണ്ടുവന്നു തന്നശേഷം എന്റെ ബന്ധനങ്ങളെല്ലാം വേർപെടുത്തുകയും ചെയ്തു. അതുകൊണ്ട് നിങ്ങൾ രണ്ടാളും എന്റെ മച്ചുനന്മാരായിത്തീൎന്നിരിക്കകയാൽ നിങ്ങളെ ഞാൻ കൊല്ലുന്നില്ല. അങ്ങിനെ ഒരു ബന്ധം നമുക്കു തമ്മിൽ ഉണ്ടാകാതിരുന്നിരുന്നുവെങ്കിൽ ഞാൻ നിങ്ങളെ രണ്ടുപേരേയും ഒരൊററ അടിക്കു കാലപുരിക്കു യാത്രയാക്കുമായിരുന്നു".

ഈ വൎത്തമാനമറിഞ്ഞപ്പോൾ രാജകുമാരന്മാർ രണ്ടുപേരും അവനിൽ വളരെ സന്തോഷവും സ്നേഹവുമുള്ളവരായിത്തീൎന്നു. അവർ അവന്റെ പാടുപിടിച്ച കൈകാലുകൾ നല്ലതുപോലെ തലോടി തങ്ങൾ അറിവില്ലാതെ ചെയ്തുപോയ തെററിനെ ക്ഷമിക്കണമെന്നപേക്ഷിച്ച വളരെ സൌഹാൎദ്ദമായും സ്നേഹപൂൎവ്വവും പെരുമാറിയശേഷം കൊട്ടരത്തിലേക്കു കൂട്ടിച്ചുകൊണ്ടുപോയി. ലന്തൂരിനെ അവർ തങ്ങളുടെ സിംഹാസനത്തിൽ കൊണ്ടുചെന്നിരുത്തി വേണ്ട ആചാരോപചാരങ്ങൾ ചെയ്തു. ലന്തൂരിന്നും അവരുടെ പേരിൽ വളരെ പ്രീതി ജനിച്ചു. അന്നു മുതൽ അവിടത്തെ ഭരണസംബന്ധമായ കാൎയ്യങ്ങളെല്ലാം ലന്തൂരിന്റെ മേൽനോട്ടത്തിൽ തന്നെ നടന്നപ്പെട്ടുവന്നു. ഇങ്ങിനെ കുറച്ചുകാലം കഴിഞ്ഞപ്പോൾ അവൻ തന്റെ സ്വന്ത ആവശ്യത്തിലേക്കായി ആയിരത്തി എഴുനൂറ റാത്തൽ ഭാരം വരുന്ന ഒരു വലിയ ആയുധം പണി കഴിപ്പിച്ചു. അനന്തരം മദമിളകിയ ഒരു കാട്ടാനയെ വാഹനമാക്കി മേൽപറഞ്ഞ ആയുധവും ധരിച്ചുകൊണ്ടു ശങ്കലദ്വീപിലേക്കു പുറപ്പെട്ടുവാനുള്ള ഒരുക്കങ്ങൾ കൂട്ടിത്തുടങ്ങി. അവന്റെ ഈ ഉദ്യമം മനസ്സിലാക്കിയപ്പോൾ ഔരംഗ്, ഫേലാരംഗ് എന്നീ രാജകുമാരന്മാർ അവനെ തടഞ്ഞുകൊണ്ട് ഇങ്ങിനെ പറഞ്ഞു:—"അങ്ങയുടെ ഈ ബദ്ധപ്പാടു നന്നല്ല. ഏതാനും ദിവസംകൂടി ക്ഷമിക്കുക. നാം ഏതാനും സൈന്യങ്ങളെ ഒരുക്കൂട്ടി നമ്മുടെ ശക്തിയെ ഒന്നുകൂടി വൎദ്ധിപ്പിച്ചുകൊണ്ടു യുദ്ധസന്നദ്ധരായി അവിടേക്കു പോകുന്നതായിരിക്കും നന്നായിരിക്കുക. യാതൊരു കരുതലുംകൂടാതെ പോയാൽ ഒരുപക്ഷെ വല്ല അപകടവും സംഭവിച്ചുകൂവാൻ ഇടയുണ്ട്".

അവരുടെ ഈ അഭിപ്രായം വളരെ ആദരണീയമായി തോന്നുകയാൽ, അവൻ തല്ക്കാലയാത്ര നിൎത്തിവെച്ച സൈന്യശേഖരം ചെയ്യുന്നതിൽ ബദ്ധശ്രദ്ധനായി. അധികം താമസിയാതെതന്നെ അവർ ആഗ്ര

ഹിച്ചമാതിരിതന്നെ സംഘത്തെ ശേഖരംചെയ്തു. എല്ലാ ഒരുക്കങ്ങളും പൂർത്തിയായതോടുകൂടി യുദ്ധഭേരി മുഴക്കിക്കൊണ്ട് അവർ യാത്ര പുറപ്പെട്ടു. ഏതാനും ദിവസത്തെ യാത്രക്കുശേഷം അവർ ശങ്കലദ്വീപിലേക്കു കപ്പൽ കയറേണ്ട സമുദ്രക്കരയിൽ ചെന്നുചേർന്നു. അപ്പോഴ് മുൻഏർപ്പാടനുസരിച്ച യാത്രക്കുവേണ്ട കപ്പലുകൾ അവിടെതയാറുണ്ടായിരുന്നു. ഒട്ടും കാലതാമസം വരുത്താതെ ലന്തൂരും സംഘവും എന്റെ രാജധാനിക്കു സമീപമുള്ള തുറമുഖത്തിൽ വന്നു കപ്പലിറങ്ങി. അവർ തുറമുഖത്ത് എത്തിയമാത്രയിൽ വിവരമറിഞ്ഞ എന്റെ ചില ആൾക്കാർ ഓടിവന്നു വിവരം എന്നെ അറിയിച്ചു. അപ്പോഴത്തെ എന്റെ അവസ്ഥ ഞാൻ പറഞ്ഞറിയിക്കണമെന്നില്ലല്ലോ. അവരുടെ ഈ വരവിനെപ്പററിയുള്ള വിവരം ക്ഷണനേരത്തിനുള്ളിൽ രാജ്യവാസികളും ആകമാനം അറിഞ്ഞു വശായി. അതോടുകൂടി ജനങ്ങളെല്ലാം പരിഭ്രാന്തരായി പലവഴിക്കും പാഞ്ഞുതുടങ്ങി. ഞാൻ നിരാശനാകാതെ രണ്ടു ലക്ഷം സൈന്യങ്ങളെ ഉടനെ ശേഖരംചെയ്തു എന്റെ പുത്രനായ ജേബൂറിന്റെ നേതൃത്വത്തിൽ ലന്തൂരിനോടെതിൎക്കുവാനായി നിയോഗിച്ചു. ജേബൂറും സൈന്യവും മാൎഗ്ഗമദ്ധ്യത്തിൽ ഒരിടത്തു വച്ചുതന്നെ ലന്തൂരുമായി കണ്ടുമുട്ടി. അവർ രണ്ടു കൂട്ടരും തമ്മിൽ ഭയങ്കരമാംവിധം പോർനടത്തി. സൈന്യങ്ങൾ അന്യോന്യം യുദ്ധം ചെയ്യുന്നതിനിടയിൽ ലന്തൂർ തന്റെ കാലദണ്ഡിനുശരിയായ വലിയ ദണ്ഡെടുത്തു ചുഴററിക്കൊണ്ടു മുന്നോക്കം പാഞ്ഞു ജേബൂറിന്റെ സൈന്യങ്ങളെ വീശി അടിക്കുവാൻ തുടങ്ങി. അവന്റെ ഓരോ അടിക്കു നൂറുകണക്കായ ഭടന്മാർ ഉടൽ തകൎന്നു മരിച്ചു വീണുതുടങ്ങി. ഈ കാഴ്ച കണ്ടു ജേബൂർ വല്ലാതെ ഭയപ്പെട്ടു നില്ക്കക്കള്ളിയില്ലാതെ പിൻതിരിഞ്ഞോടി കോട്ടയ്ക്കകത്തു കടന്നു വാതലടച്ചു. അതിനുശേഷം അവൻ കോട്ടയുടെ മുകൾഭാഗത്തു കയറിയിരുന്നുകൊണ്ടു ലന്തൂരിനേയും സംഘത്തെയും ലക്ഷ്യമാക്കി വീരങ്കിയുണ്ടകൾ പ്രയോഗിച്ചുതുടങ്ങി. എന്നാൽ ശക്തനായ ലന്തൂരാകട്ടെ അവന്റെ നേരെ പാഞ്ഞു ചെന്ന പീരങ്കി ഉണ്ടകൾ മുഴവൻ കൈ കൊണ്ടു തടഞ്ഞു പിടിച്ചു കോട്ടയെ ലക്ഷ്യമാക്കി വലിച്ചെറിയുകയാണ് ചെയ്തത്. അവന്റെ ഓരോ ഏറുകളും കോട്ടക്കു ബലക്ഷയത്തെ വരുത്തിക്കൊണ്ടിരുന്നു. ക്ഷണനേരത്തിനുള്ളിൽ അവൻ കോട്ടവാതുക്കലെത്തി തന്റെ ആയുധംകൊണ്ടു വാതിൽ തല്ലിത്തുറന്നു് അകത്തുകടന്നു. എന്റെ സൈന്യങ്ങളെ ഒന്നൊഴിയാതെ അവൻ കൊലപ്പെടുത്തി. ശവക്കൂട്ടം കൊണ്ടും രക്തപ്രവാഹം കൊണ്ടും അവിടമെല്ലാം നിറഞ്ഞു. അവന്റെ ഈ നിഷ്ഠുരമായ പ്രവൃത്തികൾ കണ്ടു ഞാൻ ഭയന്നു വിറച്ചുകൊണ്ടു കോട്ടയുടെ മുകൾഭാഗത്തൊരിടത്തു പതുങ്ങി ഇരുന്നതേയുള്ളു. ക്ഷണനേരത്തിനുള്ളിൽ അവൻ കോട്ടയും കൊട്ടാരവും നശിപ്പിച്ച് എന്നേയും

കൊലപ്പെടുത്തുമെന്ന് എനിക്കു ബോദ്ധ്യമായി. അവൻെറ ആക്രമണത്തിൽനിന്നും രക്ഷനേടിപ്പോകുവാൻ ഞാൻ പല വഴികളും ആലോചിച്ചു. യാതൊരു പ്രയോജനവുമുണ്ടായില്ല. മററ ഗത്യന്തരമില്ലാതായതിനാൽ ഞാൻ അവൻെറ മുൻപിൽ നേരിട്ടുചെന്നു കൈകെട്ടിനിന്നുകൊണ്ടു എനിക്കു മാപ്പുതരണമെന്നപേക്ഷിച്ചു. അപ്പോൾ അവൻ എന്നെ നോക്കി 'നീ എന്തൊരാഗ്രഹസാദ്ധ്യത്തെ അഭിലഷിച്ചാണു എന്നോടു മാപ്പു ചോദിക്കുന്നത്?' എന്നു ചോദിച്ചു. ഞാൻ അവനോടങ്ങിനെ സമാധാനം പറഞ്ഞു:—'ഈ രാജ്യം മദായിൻ ഭരിക്കുന്ന ബഹുമാനപ്പെട്ട നൌഷർവാൻബാദുഷയുടെ അധികാരത്തിൽ പെട്ടതാണ്. നാം അദ്ദേഹത്തിൻെറ സാമന്തരാജാക്കന്മാരാകയാൽ ഈ വിവരങ്ങൾ അദ്ദേഹത്തെ അറിയിക്കേണ്ടതത്ത്യാവശ്യവും അദ്ദേഹത്തിൻെറ തീരുമാനത്തോടു നാം യോജിക്കേണ്ടതു ധർമ്മവുമാകുന്നു. അതിനാൽ ഉടനെ അദ്ദേഹത്തിനു ഒരു ഹർജ്ജി എഴുതി അയക്കണം. അദ്ദേഹം തീർപ്പുവരുത്തി ഇവിടത്തെ ഭരണാധികാരിയായി ആരെ നിയമിക്കുന്നുവോ അവർക്കു രാജസ്ഥാനത്തെ ഭരിക്കയും ചെയ്യാം. നിനക്കാണിരാജ്യം ന്യായമായി കിട്ടേണ്ടതെങ്കിൽ അദ്ദേഹം നിനക്കു തന്നുകൊള്ളട്ടെ. അതിനാൽ നീ കുറച്ചുനാളത്തേക്കു സമാധാനമായിരിക്കണം. അതിനുള്ളിൽ ഞാൻ ബാദുഷയെ വിവരമറിയിച്ച് അദ്ദേഹത്തിൻെറ അഭിപ്രായം എന്താണെന്നറിയാം'.

എൻെറ ഈ അഭിപ്രായം അവനൊട്ടും രസിച്ചില്ല. നീ ആർക്കെങ്കിലും ഹർജ്ജി അയച്ചുകൊള്ളുക. ആരെങ്കിലും നിനക്കു മറുപടിയും തരട്ടെ. എനിക്കതിനെപ്പററി യാതൊരു ചോദ്യവുമില്ല. നിന്നെയും നിൻെറ നൌഷർവാനെയും എനിക്കു തെല്ലും ബഹുമാനവുമില്ല; ഭയവുമില്ല. ഞാൻ നിങ്ങളിൽനിന്നും ഒട്ടും മോശക്കാരനല്ല; അയോഗ്യനുമല്ല. നിനക്കു ജീവനിൽ കൊതിയുണ്ടെങ്കിൽ എവിടെയെങ്കിലും ഓടി പോയ്ക്കൊള്ളുക. ഇന്നു മുതൽ ഇവിടത്തെ രാജാവു ഞാനാണ്' എന്നു പറഞ്ഞു. അവൻ എൻെറ സിംഹാസനത്തെ കൈക്കലാക്കി. ഞാൻ പിന്നീടവനോട് ഒരക്ഷരംപോലും ശബ്ദിക്കുവാൻ നില്ക്കാതെ അവിടം വിട്ടുപോകേണ്ടതായി വന്നു. എൻെറ ഇപ്പോഴത്തെ സ്ഥിതി എത്ര പരിതാപകരമാണെന്നു അങ്ങയെ ധരിപ്പിക്കുവാൻപോലും ഞാൻ കേവലം അശക്തനാണ്. ആഹാരത്തിനുപോലും നിവൃത്തിയില്ലാതെ രാപകൽ ഒന്നുപോലെ കഷ്ടപ്പെട്ടു ഒരൊഴിഞ്ഞ സ്ഥലത്തു ഞാനിപ്പോൾ ഏകാന്തജീവിതം നയിച്ചുവരികയാണ്. എനിക്കിനി അങ്ങല്ലാതെ മറെറാരാശ്രയവുമില്ല. അതുകൊണ്ട് അങ്ങിക്കാര്യത്തിൽ എന്തെങ്കിലും ഒരു തീരുമാനമുണ്ടാക്കിത്തന്ന് എന്നെ രക്ഷിക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു. ദുഷ്ടനായ ലന്തൂരിനെ വേണ്ടവിധം ശിക്ഷിക്കാത്തപക്ഷം അതു വലിയ കഷ്ടമാണെന്നും അങ്ങയെ അറിയിച്ചുകൊള്ളുന്നു.'

അങ്ങയുടെ വിനീതനായ ഷാപ്പാൽ.

ബാദുഷ വിവരങ്ങൾ മുഴുവൻ ഗ്രഹിച്ചതിനുശേഷം ബുസർജംഹറിനെ അടുത്തു വിളിച്ചു ഇതേപ്പററി അങ്ങയുടെ അഭിപ്രായമെന്താണ്?' എന്നു വളരെ രഹസ്യമായി ചോദിച്ചശേഷം സദസ്സിൽ കൂടിയിരുന്ന മന്ത്രിപ്രധാനികളെ നോക്കി ഇങ്ങിനെ പറഞ്ഞു:—'ലന്തൂരിന്റെ പരാക്രമങ്ങളെപ്പററി നിങ്ങളൊക്കെ മനസ്സിലാക്കിക്കഴിഞ്ഞുവല്ലോ. അവനെ ഒരു നല്ല പാഠം പഠിപ്പിക്കുവാൻ നാം എന്താണ് ചെയ്യേണ്ടതെന്നു നിങ്ങൾ ആലോചിച്ചു ഉടനെ തീർച്ചയാക്കേണ്ടതാണ്. ഇത്ര പരാക്രമിയായ ഒരുവനെ കീഴടക്കാത്തപക്ഷം നമുക്കു വലുതായ അനത്ഥങ്ങൾക്കിടയായിത്തീരുന്നതാണ്. ഇക്കായ്യത്തിൽ നാം കാലതാമസം വരുത്തുന്നതായാൽ അതു നമുക്കുതന്നെ അനത്ഥമായുംതീരും.' ബാദുഷ ഇത്രയും പറഞ്ഞവസാനിപ്പിച്ച മാത്രയിൽ ബുസർജംഹർ തന്റെ അഭിപ്രായത്തെ ബാദുഷായോടു രഹസ്യമായി ഇങ്ങിനെ അറിയിച്ചു:—'പ്രഭോ! നമ്മുടെ കുസ്തും എന്നവനെ വേണ്ട സൈന്യശേഖരത്തോടുകൂടി ആദ്യമായി ശങ്കലദീപിലേക്കയക്കണം. അതിനുശേഷം അങ്ങു നമ്മുടെ സദസ്സിലുള്ള എല്ലാവരും കേൾക്കത്തക്കവിധത്തിൽ 'ലന്തൂർ എന്നവനെ യുദ്ധത്തിൽ തോല്പിച്ചു ബന്ധനസ്ഥനാക്കി കൊണ്ടുവരുന്നവക്കു ഞാൻ അനവധി വിലപിടിച്ച സമ്മാനങ്ങളും ബഹുമതികളും നൽകുന്നതിനുപുറമേ എന്റെ പുത്രിയായ മെഹർനികറിനെ വിവാഹം ചെയ്തുകൊടുക്കുന്നതുമാണ്.' ആരെങ്കിലും തയാറുള്ള പക്ഷം ഉടനെ വിവരമറിയിക്കേണ്ടതാണ് എന്നു പറയണം. നമ്മുടെ സൈന്യസംഘത്തിൽ ശക്തനായ ലന്തൂരിനെ ജയിക്കത്തക്ക പ്രാപ്തിയുള്ളവരായി ഒരുവരുമില്ലെന്നുള്ള കായ്യം തീച്ചയാണ്. അമീർ വിചാരിച്ചാലല്ലാതെ അക്കായ്യം നിറവേറുന്നതല്ല. അമീർ ഉടനെ ലന്തൂരിനോടെതിക്കുവാൻ പുറപ്പെടും. ഒരുപക്ഷേ അമീറിനു അവനെ ജയിക്കുവാൻ കഴിയാതെ അവന്റെ കൈയാൽ മരണം പ്രാപിച്ചാലും അങ്ങേക്കു യാതൊരു കുറവും വരാനുമില്ല. ഈശ്വരസഹായംകൊണ്ടു അവൻ ജയിച്ചു മടങ്ങിവന്നാൽ ഹിന്തുസ്ഥാനം മുഴുവൻ അങ്ങയുടെ അധീനത്തിലായിത്തീരുകയുംചെയ്യും.'

ബുസർജംഹറിന്റെ ഈ അഭിപ്രായം വളരെ നന്നാണെന്നു ബാദുഷക്കു തോന്നി. കുസ്തുമെന്നവൻ ബഹ്റാമിനെ വധിച്ചശേഷം ജപാൽ ദേശത്തൊരിടത്തുപോയി ബാദുഷയെ ഭയന്നു് ഒളിച്ചു താമസിക്കുകയായിരുന്നു. ഇങ്ങിനെ അവൻ അവിടെ താമസിക്കുന്നുണ്ടെന്നു് ആരോ പറഞ്ഞു് ബാദുഷക്കു മനസ്സിലായിട്ടുമുണ്ടായിരുന്നു. അവനെ വരുത്താതെ ശങ്കലദീപിലേക്കയക്കുവാൻ നിവൃത്തിയില്ലാതിരുന്നതിനാൽ ബാദുഷ കുസ്തുമിനു ഒരു കത്തെഴുതി ചിലരുടെ പക്കൽ കൊടുത്തയച്ചു. 'നീ വലിയ യുദ്ധവീരനും ധൈയ്യവാനുമാണെന്നു് എനിക്കറിയാം. നിന്റെ അധീനത്തിൽ ഇപ്പോൾ നാല്പതിനായിരത്തോളം സൈന്യങ്ങൾ ഉണ്ടല്ലോ. അവ

രൊന്നിച്ച നീ ശങ്കലദ്വീപിൽ ചെന്നു് അവിടത്തെ രാജാവായി ഇപ്പോൾ ഭരണം നടത്തിവരുന്ന ലന്തൂർ എന്ന ദുഷ്ടനെ യുദ്ധത്തിൽ തോല്പിച്ച ബന്ധനസ്ഥനാക്കി എൻെറ സമീപം കൊണ്ടുവരുന്നതായാൽ നിൻെറ പേരിലുള്ള കുററം മുഴുവൻ ഞാൻ ഒഴിവാക്കുകയും പഴയപടി നിന്നെ എൻെറ സദസ്സിൽ പെരുമാറുവാനനുവദിക്കുകയും ചെയ്യാം". ഇതായിരുന്നു ബാദുഷ കുസുമിനെഴുതിയ കത്തിൻെറ സാരം.

പിററദിവസം ബാദുഷയുടെ സദസ്സിൽ എല്ലാവരും വന്നുകൂടി. അപ്പോൾ ബാദുഷ എഴുന്നേററു് എല്ലാവരേയും നോക്കിക്കൊണ്ടു് ഇങ്ങിനെ പറഞ്ഞു:—'അല്ലയോ യുദ്ധവീരന്മാരെ! ഹിന്തുസ്ഥാൻ രാജ്യത്തിൽ പെട്ട ശങ്കലദ്വീപു ഭരിച്ചുപോരുന്ന ലന്തൂർ എന്നവൻ എൻെറ മേൽക്കോയ്മയെ നിഷേധിക്കുകയും എന്നെ പരസ്യമായി അധിക്ഷേപിക്കുകയും ചെയ്തിരിക്കുകയാൽ നിങ്ങളിൽ ആരെങ്കിലും പോയി അവനെ യുദ്ധത്തിൽ തോല്പിച്ച ബന്ധനസ്ഥനാക്കിത്തീക്കുന്നപക്ഷം അവക്കു ഞാൻ അളവററ സമ്മാനങ്ങൾ നൽകുന്നതിനും പുറമെ എൻെറ പുത്രിയെ വിവാഹം ചെയ്തു കൊടുക്കുന്നതുമാണു്". ലന്തൂരിനെക്കുറിച്ചും അവൻെറ വീര്യപരാക്രമങ്ങളെക്കുറിച്ചും അവിടെ കൂടിയിരുന്ന എല്ലാ യുദ്ധവീരന്മാക്കും അറിവുണ്ടായിരുന്നതിനാൽ ആക്കും ഇതിൽ അനുകൂലിച്ചൊരു മറുപടി പറയുവാൻ ധൈര്യമുണ്ടായില്ല. എന്നാൽ ഓരോരുത്തക്കും ബാദുഷയിൽനിന്നും ലഭിക്കുവാനിടയുള്ള പാരിതോഷികങ്ങളെയും സ്ഥാനമാനങ്ങളേയും ഓത്തിട്ടു വലുതായ മോഹവുമുണ്ടായിരുന്നു. എല്ലാവരും ഇതിൽ എന്താണു വേണ്ടതെന്നു തന്നത്താൻ ആലോചിച്ചുകൊണ്ടും മൌനം ദീക്ഷിച്ചിരുന്നു. 'ശങ്കലദ്വീപിൽ എത്ര ധീരനും പോകുവാൻ ഭയപ്പെടുന്നതാണു്. ഒന്നാമത്തെ പ്രതിബന്ധം ഒരു വലിയ സമുദ്രത്തെ തരണംചെയ്യുകയെന്നുള്ളതാണു്. അതു് ഏതുവിധേനയും സാധിക്കാമെന്നുവച്ചാലോ എത്രയോ ഘോരവനങ്ങൾ പിന്നിട്ടു കടക്കേണ്ടതുണ്ടു്. അതും ഏതുവിധമെങ്കിലും സാധിക്കത്തക്കതാണു്. അവിടെ ചെന്നാൽ എതിരിടേണ്ടവനായ ലന്തൂരാണെങ്കിൽ വെറും അഞ്ചുവയസ്സിൽ മദയാനയെ പിടിച്ചു തുമ്പിക്കൈ മുറിച്ചു് അതിനെ കൊലപ്പെടുത്തിയ അത്ര വലിയ ശക്തനാണു്. ഇപ്പോൾ അവനു് ഇരുപത്തഞ്ചോ മുപ്പതോ വയസ്സു പ്രായമായിരിക്കുന്നു. ഇന്നത്തെ അവൻെറ ശക്തിയും പരാക്രമവും ഊഹിക്കുവാൻകൂടി കഴിയാത്തവിധം അത്ര കൂടുതലായിട്ടുണ്ടാകും. ആയിരത്തി എഴുനൂറു റാത്തൽ ഭാരമുള്ള ആയുധം ധരിച്ചു യുദ്ധം ചെയ്യുന്ന അവൻ എത്ര കരുത്തനായിരിക്കണം. അങ്ങിനെയുള്ള ഒരുവനെ കാണുന്നതു തന്നെ ഭയത്തെ ഉണ്ടാക്കിത്തീക്കുന്ന ഒന്നാകയാൽ അവനുമായി യുദ്ധം ചെയ്യുന്നതും ജയിക്കുന്നതുമായകാര്യം വളരെ അസാദ്ധ്യം തന്നെയാണു്. അവിടെ പോയി

അകാലമൃത്യുവിന്നിരയായിത്തീരുന്നതിൽ ഭേദം ഇവിടെത്തന്നെ കിടന്നു മരിക്കുക തന്നെയാണ്'. എന്നിങ്ങിനെ പലതും ആത്മഗതം ചെയ്തു കൊണ്ടു സകല യുദ്ധവീരന്മാരും തല കുനിച്ചു മൌനം പൂണ്ടിരുന്നതേയുള്ളു. അവരുടെ ഈ അവസ്ഥാന്തരം കണ്ടു അമീർ ആനയെക്കണ്ട സിംഹത്തെപ്പോലെ ഗംഭീരമായ ഭാവവികാരങ്ങളോടു കൂടി ഇരിപ്പിടത്തിൽനിന്നും എഴുന്നേററു നിന്നു. സഭാംഗങ്ങളെ എല്ലാവരേയും ബാദുഷയേയും നല്ലതുപോലെ ഒന്നു വീക്ഷിച്ചശേഷം ഇപ്രകാരം പറഞ്ഞു:— 'ബഹുമാനപ്പെട്ട ബാദുഷ! അങ്ങയുടെ അടിമയായ എനിക്കു കല്പന നല്കുന്ന പക്ഷം ഞാൻ പോയി ലന്തൂർ എന്ന ആ യുദ്ധവീരനെ പിടിച്ചു ബന്ധിച്ചു ജീവനോടുകൂടിത്തന്നെ അങ്ങയുടെ മുൻപാകെ സമപ്പിക്കാവുന്നതാണ്. ഒരുപക്ഷെ അവൻ എന്നെ വധിച്ചുകളയുന്നതായാൽ അങ്ങേക്കു വേണ്ടി ഞാൻ എൻെറ ജീവനെ സസന്തോഷം ഉപേക്ഷിച്ചുവെന്ന ചാരിതാത്ഥ്യവും എനിക്കുണ്ടായിരിക്കും'. അമീറിൻെറ ഈ വാക്കുകൾ കേട്ട മാത്രയിൽ ബാദുഷ അളവററ സന്തോഷത്തോടുകൂടി സിംഹാസനത്തിൽനിന്നും എഴുന്നേററു അമീറിനെ കെട്ടിത്തഴുകി തൻെറ കൃതജ്ഞതയെ വെളിപ്പെടുത്തിക്കൊണ്ടു് ഇങ്ങിനെ പറഞ്ഞു:—'അമീർ! നിൻെറ വാക്കുകൾ എന്നെ അത്യന്തം കൃതാത്ഥനാക്കിത്തീത്തിരിക്കുന്നു. എന്നു പറയുന്നതിൽ എനിക്കു അളവററ സന്തോഷമുണ്ടു്. ശ്രമാവഹമായ ഇക്കാര്യത്തിൽ സധൈയ്യം മുന്നിട്ടിറങ്ങിയ നിൻെറ വീരത്വത്തെ ലോകം എന്നെന്നും അഭിനന്ദിക്കാതിരിക്കയില്ല'. അനന്തരം അദ്ദേഹം അമീറിനെ വളരെ പ്രശംസിച്ചു ശേഷം പലേ വിലയുയന്ന സമ്മാനങ്ങളും നൽകി.

അമീറിനെ എത്രയും വേഗത്തിൽ ശങ്കലദ്വീപിലേക്കു യാത്രയയക്കണമെന്നു തീച്ച്യാക്കി ബാദുഷ ആയിരമായിരം ഭടന്മാക്കു സൌഖ്യമായി സഞ്ചരിക്കത്തക്ക സ്ഥലസൌകയ്യങ്ങളോടു കൂടിയ മുപ്പതു കപ്പലുകൾ തയാറചെയ്യുവാൻ ഏപ്പാടു ചെയ്തു. അനന്തരം അമീർ ബാദുഷയോടു പറഞ്ഞു തൻെറ കൂടാരത്തിൽ ചെന്നു യാത്രക്കു വേണ്ട ഒരുക്കങ്ങൾ അതിവേഗത്തിൽ ചെയ്തുതുടങ്ങി. തൻെറ സൈന്യങ്ങളെയെല്ലാം സജ്ജീകരിച്ച ശേഷം അമീർ അവരോടു് 'നിങ്ങൾ എല്ലാവരും ക്ഷണത്തിൽ ബസറായിലേക്കു പോയ്ക്കൊള്ളുക. എനിക്കു മററു ചില ഉപകരണങ്ങൾ കൂടി സജ്ജീകരിക്കേണ്ടതുണ്ടു്. അതു ശരിയാക്കിക്കൊണ്ടു ഞാൻ എത്രയും വേഗത്തിൽ അവിടെ വന്നുചേന്നുകൊള്ളാം'. എന്നു പറഞ്ഞു അവരെ യാത്രയാക്കിയശേഷം ഉമറിനെ വിളിച്ചിങ്ങിനെ പറഞ്ഞു:—'ഉമർ! നമുക്കു ഉടനെ തന്നെ ശങ്കലദ്വീപിലേക്കു പുറപ്പെടേണ്ടിയിരിക്കുന്നതിനാൽ നമ്മുടെ മെഹർന്നികറിനെ ഒരിക്കൽകൂടി കണ്ടു പോകേണ്ടിയിരിക്കുന്നു. അവളെ കണ്ടു വിവരം പറഞ്ഞുപോയാൽ നമുക്കു മനസ്സിനു പ്രത്യേക സന്തോ

ഷവും ഉന്മേഷവും ഉണ്ടാകും. നിന്റെ അഭിപ്രായവും അങ്ങിനെതന്നെ
ആയിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു". ഉമർ ഇങ്ങിനെ മറുപടി പറ
ഞ്ഞു:—'മിത്രമേ! രാജകുമാരിയുമായുള്ള രഹസ്യസമാഗമം നമുക്കിപ്പോൾ
സാദ്ധ്യമാകുമെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഈ വിവരം കാണിച്ചു
നിങ്ങൾ ബുസർജംഹറിനു് ഒരു കത്തെഴുതിയാൽ അദ്ദേഹം എന്തെങ്കിലും
ചില യുക്തികൾ പ്രയോഗിച്ചു വേണ്ട സൌകര്യം ഉണ്ടാക്കിത്തരുമെന്നാ
ണു് എനിക്കു തോന്നുന്നതു്. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം
പ്രവർത്തിക്കുന്നതായിരിക്കും നമുക്കീ തരുണത്തിൽ നന്നായിരിക്കുക.

ഉമറിന്റെ ഈ യുക്തി വളരെ നന്നായെന്നു് അമീറിനു തോന്നി.
ക്ഷണത്തിൽ ഈ വിവരങ്ങൾ കാണിച്ചു് അദ്ദേഹം ബുസർജംഹറിനു് ഒരു
കത്തെഴുതി ഉമർവശം കൊടുത്തയച്ചു. തെല്ലും കാലതാമസം വരുത്താ
തെ ഉമർ കത്തുംകൊണ്ടുപോയി മററാരുമറിയാതെ ബുസർജംഹറിന്റെ
പക്കൽ കൊടുത്തു. ബുസർജംഹറിനു് അമീറിന്റെ അന്തർഗതങ്ങൾ
മുഴുവൻ മനസ്സിലായി. ഉടനെ അദ്ദേഹം ഉമറിനെയും കൂട്ടിച്ചുകൊണ്ടു
ബാദുഷയുടെ സമീപത്തേക്കു പോയി. ബുസർജംഹർ ബാദുഷയെ വന്ദി
ച്ചശേഷം ഇപ്രകാരം അറിയിച്ചു:—'പ്രഭോ! അങ്ങയുടെ അഭിമതപ്രകാരം
അമീർ അവർകൾ ശങ്കലദ്വീപിലേക്കു പുറപ്പെടുവാൻ സന്നദ്ധനായിരി
ക്കുന്നു. ലന്തൂർ എന്നവൻ എത്ര ധീരപരാക്രമിയായാലും അവനെ അ
മീർ നിഷ്പ്രയാസം കീഴ്പ്പെടുത്തുമെന്നുള്ള കാര്യം നിസ്സംശയമാണു്. അതോ
ടുകൂടി ഹിന്തുസ്ഥാനം മുഴുവൻ അങ്ങേക്കു കീഴ്പ്പെടുകയും ചെയ്യും. ഇപ്പോൾ
തന്നെ വിജയം നിശ്ചയമെന്നു വർത്തമാനമറിഞ്ഞവരെല്ലാം പറഞ്ഞുതുട
ങ്ങുകയും അമീറിനെ അങ്ങയുടെ ജാമാതാവാണെന്നു തീർച്ചയാക്കുകയും
ചെയ്തുകഴിഞ്ഞിരിക്കുന്നു. പുരുഷകേസരിയായ അമീർ അവർകൾ അ
ങ്ങയുടെ ജാമാതാവായിരിക്കുക എന്നു വന്നാലത്തെ അങ്ങയുടെ പ്രതാ
പവും പ്രസിദ്ധിയും ശക്തിയും ഒന്നു വേറെതന്നെയായിരിക്കും. ലോകം
അങ്ങയെ എന്നെന്നും പ്രശംസിക്കുമെന്നു മാത്രമല്ല, എത്ര ശൌര്യവാ
നായ ഒരു രാജാവും അങ്ങയുടെ പേർ കേൾക്കുന്ന മാത്രയിൽ ഭയന്നു
നടുങ്ങുന്നതുമാണു്. അത്ര യോഗ്യതകൾ തികഞ്ഞ അമീറിനെ നാം ശങ്ക
ലദ്വീപിലേക്കു അയക്കുന്ന ഈ അവസരത്തിൽ അദ്ദേഹത്തിനൊരു വിരു
ന്നുസല്ക്കാരം നല്കാത്തപക്ഷം ജനങ്ങൾ നമുക്കു കുറവു പറയുന്നതാണു്. ഒരു
ജാമാതാവെന്നുള്ള നിലക്കു നാം ആ സല്ക്കാരങ്ങൾ നടത്തിയാൽ അതു
നമുക്കു കൂടുതൽ ബഹുമാനത്തിനും അമീറിനു കൂടുതൽ ഉന്മേഷത്തിനും
കാരണമായിത്തീരുകയും ചെയ്യും". ബുസർജംഹറിന്റെ അഭിപ്രായ
ത്തോടു ബാദുഷ സസന്തോഷം യോജിച്ചു. 'ഇക്കാര്യത്തിൽ എനിക്കു
വളരെ സന്തോഷമേയുള്ളു. ഇപ്പോൾതന്നെ അതികേമമാംവിധം അമീ

രിന്നു നാം ഒരു സല്ക്കാരം നടത്തിക്കളയാം.' എന്നു ബാദുഷ പറഞ്ഞപ്പോൾ ബുസർജംഹർ ഒരാളെ പറഞ്ഞയച്ചു അമീറിനെ രാജസദസ്സിലേക്കു വരുത്തി. അമീർ വന്നുചേരും മുൻപുതന്നെ രാജസദസ്സിൽ സല്ക്കാരത്തിനു വേണ്ട പദാർത്ഥങ്ങളെല്ലാം ബാദുഷ കൊണ്ടുവരുത്തിച്ചിരുന്നു. അമീറിനെ കണ്ട മാത്രയിൽതന്നെ ബാദുഷ അദ്ദേഹത്തെ വളരെ സ്നേഹബഹുമാനങ്ങളോടുകൂടി സ്വീകരിച്ചിരുത്തി വളരെ സന്തോഷപ്രദമായ പല കുശലപ്രശ്നങ്ങളും നടത്തിയശേഷം വിരുന്നു സല്ക്കാരത്തിനു വട്ടംകൂട്ടി. അപ്പോൾ ബുസർജംഹർ ബാദുഷയോടിങ്ങിനെ അറിയിച്ചു:—'ഇപ്പോൾ അമീർ അങ്ങയുടെ മരുമകനാണെന്നു തന്നെ മനസ്സിലാക്കേണ്ടതാണ്. അതുകൊണ്ടു ഇങ്ങിനെയുള്ള ഒരു സല്ക്കാരം ഈ സഭാമണ്ഡപത്തിൽ വച്ചു നടത്തുന്നതു യുക്തമായിരിക്കയില്ല. ഇതിന്റെ അനൗചിത്യത്തെ അങ്ങുതന്നെ ആലോചിച്ചു നോക്കിയാൽ അറിയാവുന്നതാണ്. അന്തഃപുരത്തിൽ അങ്ങയുടെ പത്നിയുടെ മേൽനോട്ടത്തിൽ നടത്തേണ്ട ഒന്നാണിതു്.'

ബാദുഷ അതുപ്രകാരംതന്നെ സമ്മതിച്ചു. 'അങ്ങുതന്നെ അമീറിനെ കൂട്ടിച്ചു അന്തഃപുരത്തിൽ കൊണ്ടുപോയി യുക്തമെന്നു തോന്നുംവിധം ചെയ്യിക്കുന്നതിൽ എനിക്കു യാതൊരു വിസമ്മതവുമില്ല. മെഹർനിഗാറിന്റെ മാതാവു തന്നെ അമീറിനു സർബ്ബത്തു മുതലായ പാനീയങ്ങൾ പെരുമാറുവാനും മററു ഉപചാരങ്ങൾ ചെയ്യുവാനും ഞാൻ പ്രത്യേകം പറഞ്ഞതായി പറയുക' എന്നു പറഞ്ഞു. നൌഷർവാനെയും അമീറിനേയും അദ്ദേഹം അന്തഃപുരത്തിലേക്കയച്ചു. നൌഷർവാൻ അമീറൊന്നിച്ചു റാണിയുടെ അന്തഃപുരത്തിലെത്തി വിവരങ്ങൾ അറിയിച്ചു. അതേ നിമിഷത്തിൽതന്നെ റാണി വേണ്ട സംഭാരങ്ങൾ കൂട്ടിത്തുടങ്ങി. ഈ അവസരത്തിൽ ബഹ്ത്തക്കാകട്ടെ ബാദുഷ അമീറിനെ സൽക്കരിക്കുവാൻ അന്തഃപുരത്തിലേക്കു നിയോഗിച്ചതിനെക്കുറിച്ചോത്തു ലേശവും മനസ്സമാധാനമില്ലാതെ എന്തു പ്രതിബന്ധങ്ങളാണിക്കാര്യത്തിൽ ചെയ്യേണ്ടതെന്നുള്ള ആലോചനയിൽ മുഴുകി വശായി. 'നൌഷർവാൻ അമീറിനെ കൂട്ടിക്കൊണ്ടു് അരമനയിലേക്കു പോയിരിക്കയാണ്. റാണി തീർച്ചയായും അവരുമായി കണ്ടുമുട്ടുകയും അവക്കു വേണ്ട ഉപചാരങ്ങൾ ചെയ്യുകയും ചെയ്യും. അതിന്നു എതുവിധനയും ഇടകൊടുക്കാതിരുന്നുവെങ്കിൽ വളരെ നന്നായിരുന്നു. അതുകൊണ്ടു് എന്തെങ്കിലും തക്കതായ ഉപായം ഇവിടെ എടുത്തു കൂട്ടിയെങ്കിലേ സാധിക്കയുള്ളു. ഉടനെ അന്തഃപുരത്തിലേക്കുതന്നെ പോകണം' എന്നിങ്ങിനെ തീർച്ചയാക്കി അയാൾ തന്റെ കഴുതപ്പുറത്തു കയറി അതിവേഗത്തിൽ അന്തഃപുരത്തിലേക്കു തിരിച്ചു. നൌഷർവാനും അമീറും അവിടെ എത്തി അധിക സമയമാകും മുൻപേതന്നെ ബഹ്ത്തക്കും അവിടെ ചെന്നുചേന്നു. അയാളെ പുറത്തെ വാതുക്കൽ കണ്ടമാത്രയിൽ

അമീറിൻെറ പ്രകൃതം ആകപ്പാടെ ഒന്നുമാറി. അമീർ പെട്ടെന്നു് ഉമറിനെ അരികിൽ വിളിച്ചു് ബഖ്ത്തക്കിനെ ചൂണ്ടിക്കാണിച്ചുകൊടുത്തിട്ടു് ഇങ്ങിനെ പറഞ്ഞു:—'അതാ നോക്കുക. ആ പരമദുഷ്ടൻ നമുക്കെന്തോ അനൎത്ഥം വരുത്തിവെയ്ക്കുവാൻ കരുതിക്കൂട്ടിക്കൊണ്ടു വരികയായിരിക്കണം. അവനെ ഇവിടേക്കു കടക്കുവാൻ സമ്മതിക്കാതെ അടിച്ചുതുരത്തി പിന്നാക്കം പായിക്കണം. നീ വിചാരിച്ചാൽ അതു സാധിക്കുകയും ചെയ്യും. നീ അങ്ങിനെ ചെയ്താൽ ഞാൻ നിനക്കു 'ഇരുനൂറു വരാഹൻ പാരിതോഷികം നല്കുകയും ചെയ്യാം'. ഉമർ ഇതു കേട്ടമാത്രയിൽ തന്നെ അമീറിനോടു 'നിങ്ങൾ ഇതേപ്പറ്റി യാതൊന്നും ആലോചിക്കേണ്ട. അവനെ ഞാനിപ്പോൾ ഇവിടെനിന്നും ഓടിച്ചുതരാം. നിങ്ങൾ അകത്തുപോയി സന്തോഷമായി പെരുമാറിക്കൊള്ളുക' എന്നു പറഞ്ഞിട്ടു് അതിവേഗത്തിൽ പുറത്തേക്കു പാഞ്ഞു ബഖ്ത്തക്കിൻെറ കഴുതയുടെ മുമ്പിൽ ചെന്നു തടഞ്ഞുനിൎത്തി. ബഖ്ത്തക്കിനു ദേഷ്യം സഹിക്കവഹിയാതായി. അപ്പോൾ ഉമർ 'അയാളെ നോക്കി ബഖ്ത്തക്കേ! ഞങ്ങൾ ഹിന്തുസ്ഥാനത്തിൽ പെട്ട ശങ്കലദീപിലേക്കു പുറപ്പെടുവാൻ പോകയാണ്. ഈശ്വരകാരുണ്യത്താൽ ഞങ്ങൾ മടങ്ങിവന്നുവെന്നും ഒരുപക്ഷെ അവിടെത്തന്നെ ഞങ്ങളുടെ ജീവനെ അവസാനിപ്പിച്ചു എന്നും വരാം. അതുകൊണ്ടു് നിങ്ങൾ എനിക്കെഴുതിത്തന്നിട്ടുള്ള അഞ്ഞൂറു വരാഹൻെറ വാഗ്ദത്തപത്രത്തെ ഇതാ മടക്കി വാങ്ങിക്കൊണ്ടു എൻെറ പണം തരിക. ഇപ്പോൾ അതു കിട്ടിയിരുന്നുവെങ്കിൽ ഞങ്ങൾക്കു വഴിച്ചെലവിനുപകരിക്കുമായിരുന്നു. നിങ്ങളുടെ കടവും തീൎന്നുപോകും' എന്നു പറഞ്ഞു.

'നീ എന്തൊരു ദുഷ്ടനും ഔചിത്യമില്ലാത്തവനുമാണ്. ഈ അവസരത്തിലാണോ പണം ചോദിക്കുക. നീ അല്പമെങ്കിലും ബുദ്ധിയുള്ളവനായിരുന്നുവെങ്കിൽ ഇപ്പോൾ എന്നോടു പണം ചോദിക്കയില്ലായിരുന്നു. ഞാനിപ്പോൾ അമീറിനുവേണ്ട ഒത്താശകളും ബഹുമതികളും നല്കുവാൻ വേണ്ടി വന്നതാണ്. നീ സ്വാമിഭക്തനായിരുന്നുവെങ്കിൽ നിശ്ചയമായും എന്നെ തടസ്സപ്പെടുത്തുകയില്ലായിരുന്നു. പണത്തിനു നിനക്കു തിടുക്കമാണെങ്കിൽ നീ ബാദുഷയുടെ മുമ്പിൽ ചെന്നു് ആവലാതി ബോധിപ്പിച്ചുകൊള്ളുക. ഇവിടെവെച്ചു് അതേപ്പറ്റി ഒരക്ഷരംപോലും ഇനി ശബ്ദിച്ചുപോകരുതു്. എന്നെ അപമാനിച്ചും മാൎഗ്ഗവിരോധം ചെയ്തും പണം വാങ്ങിക്കളയാമെന്നാണു വിചാരിക്കുന്നതെങ്കിൽ അതുതന്നെ സാധിക്കട്ടെ' എന്നു ബഖ്ത്തക്ക് അവരെ കയൎത്തു പറഞ്ഞു.

ഉമർ:—ഹേ, പ്രഭോ! നിങ്ങളുടെ ഈ വക വാക്കുകൾ എങ്ങിനെയുള്ളവരോടു പറയേണ്ടതാണെന്നു നിങ്ങൾതന്നെ ആലോചിച്ചു നോക്കുക. എടാ ദുഷ്ടാ! ആണുങ്ങളോടു സംസാരിക്കേണ്ട മാതിരിയാണോ നീ

എന്നോടു സംസാരിച്ചതു്. ഞാനാരാണ്? നിൻെറ അടിമയോ? ആണുങ്ങളെ തിരിച്ചറിവാൻ ഇതുവരെ നീ പഠിച്ചിട്ടില്ലെന്നു തോന്നുന്നു. ഇല്ലെങ്കിൽ ഞാൻ പഠിപ്പിച്ചു വിടുകയുള്ളൂ. ന്യായസ്ഥലത്തു പോയി പിരിപ്പിക്കുവാനല്ല ഞാൻ നിനക്കു പണം തന്നതു്. മയ്യാദക്കു എൻെറ പണം തരാത്തപക്ഷം ഞാൻ വാങ്ങീട്ടേ നിന്നെ ഇവിടെനിന്നും ഒരു ചുവടുപോലും മുൻപിൽ വയ്ക്കുവാൻ സാധിക്കയുള്ളൂ. എൻെറ പണം തരാതെ ഇനി നീ ഒരക്ഷരംപോലും എന്നോടു സംസാരിക്കേണ്ട.

ദേഷ്യംകൊണ്ടു ബഹ്ത്തക്കിൻെറ ശരീരം വിറച്ചുതുടങ്ങി. അമീറും റാണിയുമായി കൂട്ടിമുട്ടുന്നതിനു മുൻപുതന്നെ വേണ്ട പ്രതിബന്ധങ്ങൾ വരുത്തിവയ്ക്കണമെന്നുള്ള വിചാരത്തോടുകൂടിയാണ് അയാൾ അരമനയിലേക്കു ബദ്ധപ്പെട്ടുവന്നതു്. എന്നാൽ അകത്തേക്കു കടത്താതെ ഉമർ തടഞ്ഞു നിർത്തിയതിനാൽ ഉമറിൻെറ പേരിൽ അയാൾക്കുണ്ടായ വൈരാഗ്യം സീമാതീതമായിരുന്നു. എന്തുതന്നെ പറഞ്ഞാലും ഉമർ വഴിമാറിക്കൊടുക്കുകയില്ലെന്നും അയാൾക്കറിയാമായിരുന്നു. അതിനാൽ അയാൾ തൻെറ അധികാരസ്വരത്തിൽ അവിടത്തെ ചില പരിചാരകന്മാരെ വിളിച്ച് ഉമറിനെ അവിടെനിന്നും പിടിച്ചു ദൂരത്തു തള്ളുവാൻ ആജ്ഞാപിച്ചു. ഇതു കേട്ടു ഉമറിനു ദേഷ്യം സഹിക്കവഹിയാതെയായി. അയാൾ നിന്ന നിലയിൽനിന്നും ഒരൊററക്കുതിക്കു ബഹ്ത്തക്കിൻെറ കഴുത്തപ്പുറത്തു കയറിയിരുന്നു തൻെറ കഠാരി വലിച്ചൂരി നെഞ്ഞിനുനേരെ പിടിച്ചുകൊണ്ടു് ഇതാ ഒരൊററക്കുത്തിന്നു ഞാൻ നിൻെറ കുടൽ പുറത്തു ചാടിക്കും; സൂക്ഷിച്ചു കൊള്ളുക' എന്നു പറഞ്ഞു. ഉമറിൻെറ ഭാവപ്രകൃതികൾകണ്ടു ബഹ്ത്തക് കിടുകിടെ വിറച്ചുതുടങ്ങി. തന്നെ കൊലപ്പെടുത്തരുതെന്നും താൻ എന്തു വേണമെങ്കിലും ചെയ്യാമെന്നും ബഹ്ത്തക് ഉമറിനോടു വളരെ ദയനീയസ്വരത്തിൽ പറഞ്ഞു. അതോടുകൂടി ഉമർ കഴുത്തപ്പുറത്തുനിന്നും താഴത്തിറങ്ങി. എന്നാൽ ആ ഇറക്കത്തിൽ ഉമർ തൻെറ കഠാരിപ്പിടികൊണ്ടു് ബഹ്ത്തക്കിൻെറ തലയിൽ ഒരടികൊടുത്തു. അടിയേററ മാത്രയിൽ അയാളുടെ ശിരസ്സുപൊട്ടി രക്തം പ്രവഹിച്ചുതുടങ്ങി. ഇനി അവിടെനിന്നാൽ കാര്യം പന്തിയല്ലെന്നു കണ്ടു ബഹ്ത്തക് രക്തപ്രവാഹത്തോടുകൂടി ബാദുഷയുടെ മുമ്പിൽചെന്നു മുറയിട്ടുകൊണ്ടു് ഇപ്രകാരം അറിയിച്ചു:—'ബഹുമാനപ്പെട്ട ബാദുഷ! എൻെറ ഈ ദയനീയാവസ്ഥ അങ്ങു നോക്കിയാലും! വെറും നിസ്സാരനായ ഉമർ എന്നവൻ എന്നെ അനവധി ജനങ്ങൾ കൂടി നില്ക്കുന്ന സ്ഥലത്തുവച്ചു പരസ്യമായി അടിച്ചു മുറിവേല്പ്പിച്ചിരിക്കുന്നു. അങ്ങയുടെ ദയാദൃഷ്ടി അവനിൽ സാധാരണ പതിഞ്ഞുകൊണ്ടിരിക്കാ നിമിത്തമുള്ള അഹങ്കാരത്താലാണ് അവനിപ്രകാരം ചെയ്യുവാനുള്ള ധൈര്യ

മുണ്ടായതു്. ഇതിലേക്കു അങ്ങുതന്നെ എന്തെങ്കിലുമൊരു തീരുമാനമുണ്ടാക്കേണ്ടതാണു്.'

ബഫ്ത്തക്കിൻെറ കഷ്ടസ്ഥിതി കണ്ടു ബാദുഷക്കു വലിയ അനുതാപം തോന്നി. അദ്ദേഹം ഉമറിനെ വിളിച്ചു വരുത്തിച്ചു് 'നീ ബഫ്ത്തക്കിനെ ഇങ്ങിനെ ഉപദ്രവിക്കത്തക്ക വിധത്തിൽ അവൻ നിനക്കെന്തു ദ്രോഹംചെയ്തു ?' എന്നു ചോദിച്ചു.

ഉമർ പറഞ്ഞു:—പ്രഭോ! അങ്ങു ഞങ്ങൾക്കെല്ലാം ഒരു പിതാവിനെപ്പോലെയും ഗുരുനാഥനെപ്പോലെയുമുള്ള ആളാണു്. മാത്രമല്ല, ഏതൊന്നിനെക്കുറിച്ചും ന്യായാന്യായ വിവേചനം ചെയ്യേണ്ട ആളും അങ്ങുതന്നെയാണു്. അതുകൊണ്ടു് ഞങ്ങളിൽ കുററക്കാരൻ ആരാണെന്നു് അങ്ങുതന്നെ ഇപ്പോൾ തീർച്ചയാക്കണം. ശരിയായ കുററക്കാരന്നു് അങ്ങയുടെ യുക്തംപോലെയുള്ള ശിക്ഷ നൽകാവുന്നതുമാണു്. ഞാനാണു തെററു ചെയ്തതെന്നു തെളിഞ്ഞാൽ അങ്ങെനിക്കു മരണശിക്ഷ വിധിച്ചാൽതന്നെയും അതിനെ കൈക്കൊള്ളുവാൻ ഞാൻ ഒരുക്കമാണു്. ഈ ബഫ്ത്തക് എന്നയാൾ എനിക്കു അഞ്ഞൂറു വരാഹന്നു് ഒരു കടപ്പത്രം എഴുതിത്തന്നിട്ടുണ്ടു്. അതിതാ എൻെറ പക്കൽ ഇരിക്കുന്നുമുണ്ടു്. എനിക്കു പണത്തിനു ബുദ്ധിമുട്ടാകയാൽ ഞാൻ സംഖ്യ തരണമെന്നാവശ്യപ്പെട്ടു. അപ്പോൾ ഇയാൾ ഒരു മനുഷ്യനു പറയുവാൻ നന്നല്ലാത്തതും അഭിമാനമുള്ള ഒരുവനു കേൾക്കാനാകാത്തതുമായ അനവധി പരുഷവാക്കുകൾ പറഞ്ഞു എന്നെ അധിക്ഷേപിക്കുകയാണുണ്ടായതു്. പണം തരുവാൻ തല്ക്കാലം കൈവശമില്ലെങ്കിൽ നല്ല വാക്കു പറഞ്ഞു സമാധാനപ്പെടുത്തുകയല്ലേ സാധാരണക്കാർ ചെയ്യുവരാറുള്ളതു്. ഞാൻ ശങ്കലദ്വീപിലേക്കു പുറപ്പെടുവാൻ പോകയാണു്. അതുകൊണ്ടു തല്ക്കാലം പണം കിട്ടിയാൽ വഴിച്ചെലവിന്നുതകുമായിരുന്നു എന്നു വീണ്ടും വളരെ ശാന്തമായി പറഞ്ഞാവശ്യപ്പെട്ടു. അപ്പോഴും ഇയാൾ എന്നെ അധിക്ഷേപിക്കുവാനാണു ഭാവം. അതു മാത്രവുമല്ല ഞാനതു പറഞ്ഞപ്പോൾ ഇയാൾ തൻെറ പരിചാരകനെ വിളിച്ചുവരുത്തി എന്നെ പിടിച്ചു നല്ലണ്ണം പ്രഹരിച്ചു ദൂരത്തു കൊണ്ടുപോയി വിടുവാൻ പറഞ്ഞു. അതനുസരിച്ചു അവർ വായിൽതോന്നിയ ചീത്തവാക്കുകളൊക്കെ പറഞ്ഞുകൊണ്ടു് എന്നെ പിടിച്ചു പ്രഹരിക്കുവാനായികാടിഅടുത്തു. ഞാൻ എൻെറ സാമർത്ഥ്യംകൊണ്ടു അവർക്കു പിടികൊടുക്കാതെ ഓടിപ്പോയ്ക്കളഞ്ഞു. ഇതാണുണ്ടായ പരമാർത്ഥം. ഞാൻ അപ്പോൾ അവിടെ നിന്നിരുന്നുവെങ്കിൽ ഇയാളുടെ കിങ്കരന്മാരായ ആ മുറാളന്മാർ എൻെറ എല്ലുകൾപോലും ഒന്നു ബാക്കിവയ്ക്കാതെ പ്രഹരിച്ചു കൊല്ലാതെ കൊന്നു വിടുമായിരുന്നു. അമീറൊന്നിച്ചു ശങ്കലദ്വീപിൽ പോയി ലസ്തരിനെ യുദ്ധത്തിൽ തോല്പി

ക്കണമെന്നുള്ള എൻെറ ആശയും അസ്ഥാനത്തായിത്തീരുമായിരുന്നു. അല്ലയോ ബഹുമാനപ്പെട്ട ബാദുഷ! ഞാൻ ഇയാളെപ്പോലെയുള്ള വെറും നിസ്സാരകുലത്തിൽ ജനിച്ച ഒരല്പനായ മനുഷ്യനല്ല. ആത്മാഭിമാനമാണ് ഒരു മനുഷ്യന് ഏററവും വലിയ ഭൂഷണമെന്നും മാനഭയമാണു യോഗ്യന്മാക്കു ഏററവും ഭയജനകമായിട്ടുള്ളതെന്നും ഞാൻ അങ്ങയെ പറഞ്ഞു മനസ്സിലാക്കേണ്ടതില്ലല്ലോ. അനവധി ആളുകൾ കൂടിനില്ക്കുന്ന സ്ഥലത്തു വച്ച് ഇങ്ങിനെ എന്നെ അധിക്ഷേപിച്ചതിനെ ഞാൻ കേട്ടുകൊണ്ടു മിണ്ടാതെ ഓടിപ്പോയ്ക്കളഞ്ഞതുകൊണ്ടുതന്നെ എൻെറ യോഗ്യത അങ്ങേക്കു ഊഹിക്കാവുന്നതാണ്. ഞാൻ ക്രോധത്തിന്നും വൈരാഗ്യത്തിന്നും വശഗനായി എന്തെങ്കിലും പ്രതികാരം പ്രവർത്തിച്ചാൽ ഒരുപക്ഷെ അങ്ങെന്നെ വിളിച്ചു ചോദിക്കുമ്പോൾ ഞാൻ സമാധാനമില്ലാതെ ഇളിഭ്യനായി തല കുനിക്കേണ്ടി വരികയില്ലേ. എന്നോക്കയാലും എനിക്കു സമാധാനമുണ്ടായി. ഇങ്ങിനെയൊക്കെ സമാധാനപ്പെട്ടു ഞാൻ പിന്നാക്കം ഓടിയിട്ടു ഇയാൾ എന്നെ പോകാനയക്കാതെ പിൻതുടന്നു വന്ന് ഉപദ്രവിക്കുവാൻ ഭാവിച്ചു. അപ്പോൾ മററു നിവൃത്തിമാർഗ്ഗമില്ലായ്കയാൽ എന്നെ പിടിച്ചുപദ്രവിക്കും എന്നു കണ്ടപ്പോൾ ഞാൻ എൻെറ കഠാരിപ്പിടികൊണ്ട് ഇയാളുടെ തലയിൽ ഒരു മുട്ടു കൊടുത്തു. വെറും എല്ലുകൊണ്ടുമാത്രം സൃഷ്ടിച്ചിരിക്കുന്ന ഇയാളുടെതലമേൽ അതു തട്ടിയ മാത്രയിൽ തന്നെ മുറിവു ഭവിച്ചുപോയി. പ്രഭോ! ഇതിനൊക്കെ കാരണഭൂതൻ ഇയാളാകയാൽ മുഴുവൻ കുററവും ഇയാളുടേതു തന്നെയാണ്. അങ്ങുതന്നെ ഇക്കായ്യത്തിൽ ഒരു ശരിയായ തീപ്പു വരുത്തിത്തരികയും വേണം. എനിക്കിതിൽ വലുതായ സങ്കടമുണ്ട്. ഇയാൾ എനിക്കെഴുതിത്തന്ന കടപ്പത്രം ഇതാണ്" എന്നു പറഞ്ഞു തൻെറ കുപ്പായക്കീശയിൽ നിന്നും ഒരു കടലാസ്സെടുത്തു ബാദുഷയുടെ പക്കൽ കൊടുത്തു. അദ്ദേഹം അതു വായിച്ചു നോക്കിയ ശേഷം ബഖ്ത്തക്കിനെ നോക്കി "എടാ അധമ്മി! ഇതിൽ മുഴുവൻ കുററക്കാരനും നീയാണ്. ഉമറിന്നു നീ ഈ കടപ്പത്രപ്രകാരം കൊടുക്കുവാനുള്ള സംഖ്യ മുഴുവൻ ഇപ്പോൾതന്നെ കൊടുക്കണം. അല്ലാത്തപക്ഷം നിയമപ്രകാരം നീ ശിക്ഷാഹനായിത്തീരും" എന്നു വളരെ ഗൌരവത്തിൽ പറഞ്ഞു. ബഖ്ത്തക് ഇളിഭ്യനായി തല കുനിച്ചു. മററു ഗത്യന്തരമില്ലായ്കയാൽ ഉടൻ തന്നെ അയാൾ തൻെറ കായ്യസ്ഥനെ വിളിച്ച് അഞ്ഞൂറു വരാഹൻ കൊണ്ടുവരുവിച്ച് ഉമറിന്നു കൊടുത്തു. അതിന്നുശേഷം അയാൾ ആരോടും ഒരക്ഷരം പോലും പറയാതെ തൻെറ ഗൃഹത്തിലേക്കു പോയി.

ഉമറിന് ഇതിൽപ്പരമൊരു സന്തോഷമുണ്ടാകാനില്ലായിരുന്നു. അയാൾ അത്യന്തം ആഹ്ലാദത്തോടുകൂടി അന്തഃപുരത്തിലേക്കു നടന്നു. അന്തഃപുരത്തിന്നു പുറമേ വന്നിരുന്ന ബഖ്ത്തക്കിനെ ഉമർ അവിടെനിന്നും കട

ത്തിവിട്ടതിനാൽ അമീർ, മക്ബൂൽ, ബുസർജംഹർ എന്നിവർ റാണിയുടെ അന്തഃപുരത്തിനകത്തു പ്രവേശിച്ചു. അമീറിനെപ്പററിയുള്ള വിവരങ്ങൾ ബുസർജംഹർ പറഞ്ഞു കേട്ടപ്പോൾ റാണി അമീറിനെ ഒരു വിശിഷ്ടമായ ആസനത്തിൽ ഇരുത്തി വേണ്ട ആചാരോപചാരങ്ങൾ ചെയ്തു. അനന്തരം അമീറിനെയും കൂട്ടരെയും സൽക്കരിക്കുവാനുള്ള ഉപകരണങ്ങൾ സജ്ജീകരിക്കുവാൻ അവർ പരിചാരികകൾക്കു ആജ്ഞ നൽകി. അതനുസരിച്ച് അവർ വേണ്ട ഒരുക്കങ്ങളെല്ലാം ധൃതിയിൽ കൂട്ടിത്തുടങ്ങി. റാണിയും അവരുടെ സമീപത്തൊരിടത്തായി വന്നിരുന്നു. ആട്ടത്തമാത്രയിൽതന്നെ സർബ്ബത്തു മുതലായ പാനീയങ്ങൾ എല്ലാവർക്കും കൊടുത്തു തൃപ്തിപ്പെടുത്തിയ ശേഷം മററു വിനോദകരങ്ങളായ പല ഏർപ്പാടുകൾക്കും വട്ടംകൂട്ടിത്തുടങ്ങി.

ഈ അവസരത്തിലാണ് ഉമർ അന്തഃപുരത്തിന്റെ പുറത്തെ വാതുക്കൽ വന്നുചേർന്നത്. അയാൾ നിർബ്ബാധം അകത്തേക്കു കടക്കുവാൻ ശ്രമിച്ചു. അപ്പോൾ വാതുക്കൽ കാവൽനിന്നിരുന്ന പരിചാരകൻ ഉമർ ഇന്നാളാണെന്നറിയായ്കയാൽ അയാളെ അകത്തേക്കു കടത്തിവിടാതെ തന്റെ കൈയിൽ ഇരുന്ന ഒരു ദണ്ഡുകൊണ്ടു തടഞ്ഞുനിർത്തി 'അകത്തേക്കു ഭയംകൂടാതെയും ആരോടും ചോദിക്കാതെയും കടന്നുപോകുവാൻ ശ്രമിക്കുന്നുവല്ലോ. നീ ആരാണ്?' എന്നു ചോദിച്ചു. അപ്പോൾ ഉമർ തന്റെ രണ്ടു കണ്ണുകളും പൊത്തിപ്പിടിച്ചുകൊണ്ട് നിലത്തു വീണുരുണ്ടു അത്യുച്ചത്തിൽ 'അയ്യോ ഈ കാവൽക്കാരൻ എന്റെ കണ്ണുകൾ രണ്ടും കുത്തിപ്പൊട്ടിച്ചുകളഞ്ഞു' എന്ന് പറഞ്ഞു നിലവിളിക്കുവാൻ തുടങ്ങി. ഈ കാഴ്ചകണ്ടു കാവൽക്കാരൻ വല്ലാതെ അമ്പരന്നു വശായി. 'ഇതെന്തൊരു മാരണമാണ് ദൈവമേ! ഞാൻ ഇവനെ യാതൊന്നും ഉപദ്രവിച്ചില്ലല്ലോ. വല്ലാത്ത കഷ്ടംതന്നെ' എന്ന് ആ സാധു ആത്മഗതംചെയ്തുകൊണ്ടു ഉമറിന്റെ സമീപം അടുത്തിരുന്നു വളരെ മൃദുവായ സ്വരത്തിൽ ഇപ്രകാരം പറഞ്ഞു:—'ഞാൻ നിങ്ങളെ യാതൊന്നും ഉപദ്രവിച്ചില്ലല്ലോ. വടികൊണ്ടു ഞാൻ നിങ്ങളെ തടഞ്ഞതല്ലാതെ കണ്ണിൽ ഞാൻ കുത്തുകയാകട്ടെ കണ്ണിൽ വടി തട്ടുകയാകട്ടെ ഉണ്ടായിട്ടില്ല. പിന്നെ എങ്ങിനെയാണ് കണ്ണിനു തകരാറു ഭവിച്ചതു്? നിങ്ങൾ ബഹളം കൂട്ടാതെ കണ്ണു തുറക്കുക; ഞാനൊന്നു നോക്കട്ടെ.' ഉമർ അതിനു യാതൊരു പ്രത്യുത്തരവും പറയുവാൻ ഭാവിക്കാതെ വലിയ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടേയിരുന്നു. ഉമറിന്റെ നിലവിളി അന്തഃപുരത്തിനുള്ളിൽ കേട്ടു. റാണി ഉടനെ ഒരു പരിചാരകനെ വിളിച്ചു പുറത്തു കേട്ട ശബ്ദം എന്താണെന്നറിഞ്ഞു വരുവാനായി പറഞ്ഞയച്ചു. ശബ്ദം കേട്ടമാത്രയിൽതന്നെ അതു് ഇന്നാരാണെന്നു അമീറിനു മനസ്സിലായി. ഉടനെ അദ്ദേഹം സംഭ്രാന്തനായി എഴു

ന്നോറം പുറത്തേക്കോടി. അമീറിൻെറ പോക്കുകണ്ടു ബുസർജംഹർകൂടി പുറപ്പെട്ടു. അവർ രണ്ടാളും വന്നു നോക്കുമ്പോൾ ഉമർ കിടക്കുന്ന കാഴ്ച കണ്ടു വല്ലാതെ പരിഭ്രമിച്ചുപോയി. അവർ ഉമറിൻെറ സമീപമടുത്തു് 'ഉമർ! കണ്ണുതുറക്കുക. എന്തെങ്കിലും പരുക്കു കണ്ണിനു പററിപ്പോയിട്ടുണ്ടെങ്കിൽ നമുക്കതിനു പരിഹാരമുണ്ടാക്കാം. കണ്ണുതുറക്കുവാൻ കഴിവില്ലാത്ത പക്ഷം എന്താണു പററിയതെന്നു പറഞ്ഞാലും മതി?' എന്നു വളരെ നിർബ്ബന്ധിച്ചു പറഞ്ഞു. അവർ എത്രതന്നെ പറഞ്ഞിട്ടും അയാൾ കണ്ണുതുറക്കുകയോ കേട്ടു സമാധാനം പറയുകയോട്ടെ ചെയ്യാതെ 'ഹൈ, ഹൈ, എൻെറ കണ്ണു രണ്ടും പോയ്പ്പോയി' എന്നു പറഞ്ഞു പ്രലപിച്ചുകൊണ്ടു കിടന്നു. അപ്പോൾ അമീർ ബലം പ്രയോഗിച്ചു് ഉമറിൻെറ കൈരണ്ടും പിടിച്ചുമാററി കൺപോളകൾ വിടർത്തിനോക്കി. അയാളുടെ കണ്ണുകൾക്കു യാതൊരു കേടും പററീട്ടില്ലെന്നു് അമീറിനു മനസ്സിലായി. അതുകണ്ടു അദ്ദേഹത്തിനുതന്നെ വളരെ ആശ്ചര്യം ജനിച്ചുപോയി. 'ഉമർ! എന്തു നേരമ്പോക്കാണിതു്? നീ എന്തിനാണിങ്ങിനെ ആവശ്യമില്ലാതെയും കാരണംകൂടാതെയും കലശൽകൂട്ടി ഞങ്ങളെയൊക്കെ പരിഭ്രമിപ്പിച്ചു് ഇവിടേക്കു വരുത്തിയതു്?' എന്നു അമീർ ചോദിച്ചപ്പോൾ ഉമർ ഇങ്ങിനെ മറുപടി പറഞ്ഞു!—'അമീർ! നിങ്ങളുടെ ശിരസ്സു സത്യമായി ഈ നിൽക്കുന്ന കാവൽക്കാരൻ എന്നെ അടിക്കുവാനായി വടി ഓങ്ങി. വാസ്തവത്തിൽ അവൻ അടിച്ചിരുന്നുവെങ്കിൽ എൻെറ കണ്ണു രണ്ടും പോയ്പ്പോകുമായിരുന്നു എന്നുള്ളതിനു സംശയമേ ഇല്ല.' അമീറും ബുസർജംഹറും അതുകേട്ടു പൊട്ടിച്ചിരിച്ചുംകൊണ്ടു് ഉമറിൻെറ കൈക്കു പിടിച്ചു് എഴുന്നേൽപ്പിച്ചു് അരമനയ്ക്കുള്ളിലേക്കു പോയി. വിവരമറിവാൻ കാത്തിരുന്ന റാണിയോടു് അവർ നടന്ന സംഗതികളെല്ലാം പറഞ്ഞു മനസ്സിലാക്കി. ഉമറിൻെറ കുസൃതികളെപ്പററി അറിഞ്ഞപ്പോൾ അവരും പൊട്ടിച്ചിരിച്ചുപോയി.

ഇങ്ങിനെ കുറച്ചുനേരം അവർ ഉമറിൻെറ തമാശയിൽ ഏർപ്പെട്ടിരുന്നശേഷം ലഘുഭക്ഷണത്തിനു ഭാവിച്ചു. വളരെ വിശിഷ്ടങ്ങളായ പദാർത്ഥങ്ങൾ ഒരുക്കൂട്ടിയിരുന്നതിനാൽ അമീറിനും കൂട്ടർക്കും വളരെ സന്തോഷവും സന്തൃപ്തിയുമുണ്ടായി. അനന്തരം റാണിയും കൂട്ടരും അമീറിൻെറ വിജയത്തിനായി പല ആശിസ്സുകളും നൽകി വളരെ വിലപിടിച്ച സമ്മാനങ്ങളും നൽകി. ഇതെല്ലാം കഴിഞ്ഞതിനു ശേഷം റാണി അമീറിനോടായിട്ടു പറഞ്ഞു:-അമീർ! എൻെറ ഉപചാരങ്ങൾ നിങ്ങളെ തൃപ്തനാക്കിത്തീർത്തിട്ടുണ്ടെങ്കിലും എൻെറ പുത്രി ഈ വക കാര്യങ്ങളിൽ കൂടുതൽ ശുഷ്ക്കാന്തി പ്രദർശിപ്പിക്കാത്തതിൽ നിങ്ങൾക്കു നിരാശക്കിടയുണ്ടെന്നു വന്നേക്കാം. എന്നാൽ നിങ്ങൾ തമ്മിലുള്ള ബന്ധുത്വം തീർച്ചപ്പെടുന്നതുവരെ അത്ര സ്വാതന്ത്ര്യം പ്രദർശിപ്പിക്കുവാൻ അവളുടെ ലജ്ജ അവളെ അനുവ

ദിക്കുന്നതല്ലെന്നു നിങ്ങൾക്കു തന്നെ അറിയാമല്ലോ. നിങ്ങൾ ഹിന്തു സ്ഥാൻ വിട്ടു മടങ്ങി വരുന്നതോടുകൂടി മെഹർനികറിനെ നിങ്ങൾക്കു വിവാഹം ചെയ്തു തരുന്നതും ഇന്നു വല്ല കുറവും വന്നുപോയിട്ടുണ്ടെങ്കിൽ അന്നു നിങ്ങൾക്കതിനെ പരിഹരിക്കാവുന്നതുമാണ്. അതിനാൽ നിങ്ങളുടെ ഇന്നത്തെ യാത്രയിൽ വിജയം നൽകുവാനും നിങ്ങൾ എൻെറ മകളുടെ ഭർത്താവായിത്തീരുവാനും ജഗദീശ്വരൻ നിങ്ങളെ അനുഗ്രഹിക്കട്ടെ.” റാണി ഇത്രയും പറഞ്ഞവസാനിപ്പിച്ചപ്പോൾ ഉമർ ബുസർജംഹറിനെ നോക്കി ഇങ്ങിനെ പറഞ്ഞു:—‘അങ്ങു അമീറിനെ ഇവിടെ കൂട്ടിച്ചു കൊണ്ടുവന്നതും മഹാറാണി പറഞ്ഞതും ഒക്കെക്കൂടി ആലോചിക്കുമ്പോൾ എനിക്കു ചിരിവരുന്നു. ഇതു തന്നെയാണ് ഒന്നാന്തരം വിവാഹം. ബാദുഷക്കുവേണ്ടി ഞങ്ങളിതാ ജീവനെക്കൂടി വകവെയ്ക്കാതെ ശങ്കലദ്വീപിലേക്കു പുറപ്പെടുവാൻ പോകയാണ്. ഞങ്ങൾ വളരെ കഷ്ടനഷ്ടങ്ങൾ സഹിച്ചു അവിടെ ചെന്ന് അജയ്യവിക്രമിയായ ലന്തൂരിനോടു യുദ്ധം ചെയ്തു വിജയം പ്രാപിച്ചാൽ ഞങ്ങൾക്കു കിട്ടുന്ന പ്രധാനപ്രതിഫലം രാജകുമാരി ഒന്നുമാത്രമാണ്. അങ്ങിനെയുള്ള ആ രാജകുമാരിയെ ഒരു നോക്കു കണ്ടു പോകുന്നതു നന്നായിരിക്കുമെന്നുള്ള ആഗ്രഹത്താലാണു ഞങ്ങൾ ഇവിടേക്കു വന്നത്. ആ ഭാഗ്യശാലിനിയായ കുമാരിയെ ഞങ്ങൾക്കൊന്നു കണ്ടാൽ എന്താണു വിരോധം. ലജ്ജയും സങ്കോചവുമുണ്ടെങ്കിൽ ഞങ്ങളോടൊന്നും സംസാരിക്കേണ്ട. ഞങ്ങൾ അങ്ങോട്ടും ഒന്നും സംസാരിക്കുന്നില്ല. എങ്കിലും ഞങ്ങൾക്കൊന്നു കണ്ടുകൂടെന്നുണ്ടോ? ഞങ്ങൾ യുദ്ധത്തിൽ ജയിച്ചു ലന്തൂരിനെ തടവുകാരനാക്കി ഇവിടെ കൊണ്ടുവന്നശേഷം നിങ്ങൾ ഏതെങ്കിലും ഒരു പെണ്ണിനെ പിടിച്ചു കെട്ടിച്ചമയിച്ചു ഇതാണു രാജകുമാരി എന്നുപറഞ്ഞു തന്നാൽ ഞങ്ങൾ അവളെ സ്വീകരിക്കുകയല്ലേ ഗത്യന്തരമുള്ളു. ഞങ്ങൾ കുമാരിയെ ഇപ്പോൾ ഒന്നു കണ്ടാലല്ലേ അന്നു ഞങ്ങൾക്കു തിരിച്ചറിവാൻ സാധിക്കയുള്ളു. അതുകൊണ്ടു ബാദുഷയുടെ പാദങ്ങൾ സത്യമായി രാജകുമാരിയെ ഒന്നു കാണാതെ ഞങ്ങൾ ഇവിടംവിട്ടു പുറത്തേപോകുന്നതല്ല.’

ഉമറിൻെറ ചാതുര്യമേറിയ ഈ വാക്കുകൾകേട്ടു റാണിക്കു അടക്കുവഹിയാത്ത ചിരിയുണ്ടായി. അവൾ കുറച്ചുനേരം ചിരിച്ചുകൊണ്ടിരുന്ന ശേഷം ബുസർജംഹറിനോടു ‘ഇവരുടെ ഇഷ്ടം എങ്ങിനെയോ അങ്ങിനെ ചെയ്യുന്നതിൽ എനിക്കു യാതൊരു വിസമ്മതവുമില്ല. അങ്ങുതന്നെ ഇവരെ അകത്തു കൂട്ടിക്കൊണ്ടുപോയി മെഹർനികറിനെ ഇവർക്കു കാണിച്ചു കൊടുക്കുക’ എന്നു പറഞ്ഞു. അപ്പോൾതന്നെ ബുസർജംഹർ അമീറിനെ രാജകുമാരി ഇരിക്കുന്ന മുറിയിലേക്കു കൂട്ടിച്ചുകൊണ്ടുപോയി. തൻെറ പ്രിയനെ കാണ്മാൻ അവൾ അത്യാശയോടുകൂടിയിരിക്കുകയായിരുന്നുവെങ്കിലും മററുള്ളവർ തൻെറ അവസ്ഥകണ്ടാൽ പോരായ്മയായിത്തീരുമെന്നുള്ള

വിചാരത്താൽ അവൾ ലജ്ജിതയായി തലകുനിച്ചിരുന്നുകളഞ്ഞു. അമീർ അവളുടെ അടുത്തുചെന്നു അവളുമായി ചേർന്നിരുന്നു. ലജ്ജാധീനയെങ്കിലും പ്രിയാശ്ലേഷത്തിൽ അഭിനിവേശിതയായ അവൾ അദ്ദേഹത്തെ കെട്ടിത്തഴുകി കുശലപ്രശ്നങ്ങൾക്കു ഭാവിച്ചു. കുറച്ചു കഴിഞ്ഞു പുത്രിയുടെ അവസ്ഥാന്തരമറിവാനായി റാണി അകത്തു കടന്നുചെന്നു നോക്കുമ്പോൾ അമീറും രാജകുമാരിയുമായി ഇരിക്കുന്ന ആ കാഴ്ച അവളെ അത്യന്തം സന്തോഷിപ്പിച്ചു. എല്ലാംകൊണ്ടും അമീർ തന്റെ പുത്രിക്കനുയോഗ്യനായ ഭർത്താവാണെന്നവൾക്കു ബോദ്ധ്യമാകയും അളവററ ചാരിതാർത്ഥ്യം ഭവിക്കുകയും ചെയ്തു.

രാജകുമാരിയും അമീറും കുറേ നേരത്തോളം നർമ്മസംഭാഷണം നടത്തിയശേഷം താൻ ശങ്കലദ്വീപിലേക്കു പോകുന്ന വിവരം അമീർ അവളെ ഗ്രഹിപ്പിച്ചു. ഉടനെ രാജകുമാരി തന്റെ വിരലിൽ കിടന്നിരുന്ന മോതിരങ്ങളിൽ ഒരെണ്ണം ഊരി അമീറിന്റെ കൈവിരലിൽ ഇട്ടുകൊടുത്തു. അപ്പോൾ അമീറും തന്റെ ഒരു മോതിരം അവൾക്കും കൊടുത്തു. അവരുടെ ഈ പ്രവൃത്തികൾ കണ്ടുകൊണ്ടു ദൂരത്തുനിന്നിരുന്ന ഉമർ റാണിയെ നോക്കി. 'മഹാറാണി! എനിക്കു ചില വർത്തമാനങ്ങൾ നിങ്ങളോടു പറയുവാനുണ്ട്. അതു പറയാത്തതു നിമിത്തം എന്റെ മനസ്സു വല്ലാതെ പതറുന്നു' എന്നറിയിച്ചു. പറയുവാനുള്ളതെന്തുതന്നെയായാലും വേഗം പറഞ്ഞുകൊള്ളുവാൻ റാണി സമ്മതിച്ചപ്പോൾ ഉമർ പ്രസന്നവദനനായി ഇങ്ങിനെ പറഞ്ഞു:— 'അമീറിന്റെ വിവാഹം നടക്കുന്നകാലത്തു അടിമയായ എന്റെ കാര്യം നിങ്ങളാരും മറന്നു കളയരുതു്. രാജകുമാരിയുടെ പരിചാരികയായ ബദനാളിനെ ഞാൻ ആത്മാർത്ഥമായി സ്നേഹിക്കുന്നതിനാൽ അവളെ എനിക്കും വിവാഹംചെയ്യിച്ചു തരുവാൻ ദയയുണ്ടാകണം. അതിന്നു് എനിക്കും എന്തെങ്കിലും അടയാളം അവളോടു വാങ്ങിത്തരണം. കൂടാതെ അമീറിനു ചെയ്യുതുപോലെ ചില സൽക്കാരങ്ങൾ എനിക്കും ചെയ്യുവാൻ അവളുടെ അമ്മയോടു പറഞ്ഞെങ്കിൽ നന്നായിരുന്നു.'

ഉമറിന്റെ വാക്കു കേട്ടപ്പോൾ റാണി പരിചാരികയെ വിളിച്ച് അയാളുടെ അഭിമതങ്ങൾ അറിയിച്ചു. രാജകുമാരിയുടെ ഇഷ്ടം എങ്ങിനേയോ അങ്ങിനെ ചെയ്യുവാൻ താൻ ഒരുക്കമാണെന്നു് അവൾ റാണിയോടു പറഞ്ഞ ശേഷം മെഹർനികറിനെ ഒന്നു നോക്കി. രാജകുമാരി ചില ആംഗ്യങ്ങൾകൊണ്ടും കടാക്ഷവിക്ഷേപണങ്ങൾകൊണ്ടും തനിക്കതിൽ കൂടുതൽ താല്പര്യമുണ്ടെന്നു ബദനായുടെ മാതാവിനെ ഗ്രഹിപ്പിച്ചു. അപ്പോൾ പരിചാരിക, തന്റെ മകളെ ഉമറിനു നൽകാമെന്നു് അയാളോടു സമ്മതിച്ചശേഷം മകളോട്, 'നീയും നിന്റെ കാമുകനായ ഉമറിന്നു് എന്തെങ്കിലും സമ്മാനിക്കുക' എന്നു പറഞ്ഞു. അതിനുസരിച്ച് ആവൾ

ചില സമ്മാനങ്ങൾ ഉമറിനു കൊടുക്കയും അതിനുപകരമായി ഉമർ ചിലതു് അവൾക്കു നൽകുകയും ചെയ്തു. ഇങ്ങിനെ കുറച്ചു നേരം എല്ലാവരുമായി വളരെ സന്തോഷത്തോടുകൂടി കഴിഞ്ഞശേഷം മടങ്ങിപ്പോകുവാൻ സമയം അധികരിക്കുകയാൽ യാത്രപറഞ്ഞു പിരിഞ്ഞു. ഈ അവസരത്തിൽ ബുസർജംഹർ ഉമറിനോടു് 'ഉമർ! ബാദുഷയുടെ സദസ്സിലുള്ളവർ അമീർ മടങ്ങിച്ചെന്നു കാണാത്തതിനാൽ പല സംശയങ്ങൾക്കും അധീനരായിത്തീർന്നിരിക്കുന്നു. സൈന്യങ്ങളും അമീറിനെ കാണായ്കയാൽ നിന്നു വിഷാദിക്കുന്നു. അതിനാൽ നീ മുൻപേ പോയി അമീർ വരുന്നുണ്ടെന്നും എല്ലാവരും യാത്രക്കു സന്നദ്ധരായിനിന്നു കൊള്ളുവാനും പറയുക' എന്നു പറഞ്ഞയച്ചു. ഉമറിനെ ഇങ്ങിനെ മുൻകൂട്ടി പറഞ്ഞയച്ചശേഷം ബുസർജംഹർ ബാദുഷയുടെ സമീപം ചെന്നു് അമീറിനെ അന്തഃപുരത്തിൽ കൂട്ടിക്കൊണ്ടുപോയി അവിടെ റാണി മുതലായവർ നടത്തിയ സല്ക്കാരങ്ങളേയും സ്വീകാരങ്ങളേയും കുറിച്ചു വിശദമായി പറഞ്ഞു കേൾപ്പിച്ചു. അമീറിനെ തന്റെ മരുമകനാക്കി സ്വീകരിക്കുന്നതിൽ അത്യന്തം സന്തുഷ്ടനായിരുന്ന ബാദുഷയെ ഈ വർത്തമാനം ക്രമത്തിലധികം സന്തോഷിപ്പിച്ചു. ഉടൻതന്നെ അദ്ദേഹം അമീറിനെ തന്റെ സമീപം വരുത്തി വളരെ വിലയേറിയ വസ്തുക്കൾ സമ്മാനമായി കൊടുത്തു. അനന്തരം ബുസർജംഹർ ബാദുഷയോടു യാത്ര പറഞ്ഞു അമീറിനെ കൂട്ടിച്ചു തന്റെ വസതിയിൽ കൊണ്ടുപോയി അദ്ദേഹത്തിനു വേണ്ടുവോളം ഉപദേശങ്ങൾ നൽകി തന്റേയും ചില സൽക്കാരങ്ങൾ നടത്തി. ആ സൽക്കാരത്തിൽ സർബ്ബത്താണു് പാനീയവസ്തുവായി ബുസർജംഹർ ഉപയോഗപ്പെടുത്തിയതു്. അമീറിനു കുടിക്കുവാൻ കൊടുത്ത സർബ്ബത്തിൽ അദ്ദേഹം ഒരുതരം ഔഷധം ചേർത്തു അമീറിനെ ക്ഷണത്തിൽ സ്മരണയില്ലാതാക്കിത്തീർത്തു. അമീർ ബോധരഹിതനായി വീണമാത്രയിൽ ബുസർജംഹർ അദ്ദേഹത്തിന്റെ തുട കീറി അതിനുള്ളിൽ വളരെ വിശിഷ്ടമായ ഒരൌഷധം വച്ചു പൂർവ്വസ്ഥിതിയിൽ തുന്നി ശരിയാക്കി. വേറെ ഏതോ ഒരു മരുന്നെടുത്തു് അദ്ദേഹം തുന്നിയ സ്ഥലത്തു തലോടിയപ്പോൾ ആ പാടുകൾ യാതൊന്നും കാണാനില്ലാതെയായി. ഈ അവസരത്തിൽ ബുസർജംഹറിന്റെ സമീപത്തുണ്ടായിരുന്ന മക്ബൂൽ അദ്ദേഹത്തോടു് 'ഇതെന്തൊരൌഷധമാണു്? ഇതുകൊണ്ടുള്ള പ്രയോജനം അമീറിനെന്താണു്?' എന്നു ചോദിച്ചു. അതിനു ബുസർജംഹർ ഇങ്ങിനെ മറുപടി പറഞ്ഞു:—'മക്ബൂൽ! നിങ്ങളിപ്പോൾ ഒരു വലിയ യുദ്ധസന്നാഹത്തോടുകൂടി ശങ്കലദ്വീപിലേക്കു പോകയാണല്ലോ. നിങ്ങൾ അവിടെ അനുഭവിക്കേണ്ടിവരുന്ന ക്ലേശങ്ങൾ അനുഭവവേളയിൽ മാത്രമേ അറികയുള്ളു. അനവധി ആളുകളുടെ പ്രതിരോധങ്ങൾ നിങ്ങൾ തടുക്കേണ്ടിവരും. അവിടെ

വച്ച് ഒരുവൻ അമീറിനെ നശിപ്പിക്കുവാനായി കപടവിദ്യ പ്രയോഗിച്ചു വിഷം കൊടുക്കും. ആ വിഷത്തെ തീക്കുവാൻ ലോകത്തു് ഈ സിദ്ധൌഷധത്തിന്നല്ലാതെ മറെറാന്നിനും ശക്തിയില്ല. അതു ഞാൻ മുൻകൂട്ടി മനസ്സിലാക്കി അമീറിൻെറ ജീവരക്ഷക്കുവേണ്ടി അതിനെ ഇവൻെറ ശരീരത്തിൽതന്നെ ഗോപനംചെയ്തു വച്ചിരിക്കയാണ്. ഈ വസ്തുത നല്ല ഓമ്മയിൽ ഇരിക്കണം. വിവരം നീ മററാരെയും ഗ്രഹിപ്പിക്കുകയും വേണ്ട. ഏതൊരവസരത്തിൽ ഉമറിൻെറ അടിപെട്ടു നീ അവശനായി ഭവിക്കുമോ അതേവരെ ആരോടും പറഞ്ഞുപോകരുതു്" എന്നു പ്രത്യേകം ശട്ടം കെട്ടിയ ശേഷം മറെറാരു മരുന്നുകുപ്പി എടുത്തു് അതിൽനിന്നു രണ്ടുമൂന്നു തുള്ളി അമീറിൻെറ വായിൽ ഇററിച്ചു. അതേനിമിഷത്തിൽ അമീർ ഉറക്കത്തിൽ നിന്നെന്നവണ്ണം ഞെട്ടിയുണന്നു് എഴുന്നേററിരുന്നു. ബുസർജംഹർ ചെയ്ത പ്രവൃത്തികൾ യാതൊന്നും അദ്ദേഹം അറിഞ്ഞതേ ഇല്ല.

ഇതിനകം ബുസർജംഹറിൻെറ നിയോഗപ്രകാരം ഉമർ സൈന്യസംഘത്തിൽ എത്തി വിവരങ്ങളെല്ലാം അറിവുകൊടുത്ത ശേഷം ബുസർജംഹറിൻെറ ഗൃഹത്തിൽ മടങ്ങിഎത്തി. ഉമറിനെ കണ്ടമാത്രയിൽ ബുസർജംഹറിനു യാത്രക്കു വേണ്ടതൊക്കെ ആയി എന്നു മനസ്സിലായി. അദ്ദേഹം അമീറിനെയും സഹോദരന്മാരെയും അനുഗ്രഹിച്ചു സന്തോഷപൂർവ്വം യാത്രയാക്കി. അമീർ കൂടാരത്തിൽ എത്തിയ ക്ഷണത്തിൽ സൈന്യങ്ങൾ തങ്ങളുടെ സാമാനങ്ങളെല്ലാം എടുത്തു് ഒട്ടകങ്ങളുടെ മുതുകിൽ ഏററി യാത്രയാരംഭിച്ചു. ഇവരൊന്നിച്ചുതന്നെ ബാദ്ഷയുടെ ഉദ്യോഗസ്ഥപ്രധാനികളെല്ലാം അമീറിന്നു് അനുയാത്രയായും പുറപ്പെട്ടു. അവർ അമീറിനെയും സംഘത്തെയും പട്ടണത്തിൻെറ അതൃത്തിവരെ അനുഗമിച്ചു ശേഷം യാത്ര പറഞ്ഞു പിരിഞ്ഞു പോന്നു.

അമീറും സംഘവും ഏതാനും ദിവസം യാത്രചെയ്തു് ബസ്സറ എന്ന രാജ്യത്തിൽ എത്തി. സമുദ്രതീരത്തൊരിടത്തു വളരെ സൌകര്യമുള്ള ഒരു ദിക്കിൽ അവർ തങ്ങളുടെ കൂടാരങ്ങൾ ഉറപ്പിച്ചു. ഈ അവസരത്തിൽ ബാദ്ഷയുടെ കല്പനപ്രകാരം 30 പടക്കപ്പലുകൾ വേണ്ട യുദ്ധസാമഗ്രികളോടുകൂടി അവിടെ തയ്യാർ ചെയ്തു നിത്തിയിട്ടുണ്ടായിരുന്നു. കുറച്ചുനേരം അവിടെ വിശ്രമിച്ചശേഷം അമീർ തൻെറ മുപ്പതിനായിരം സൈന്യങ്ങളുമായി കപ്പൽകയറി. എല്ലാവരും കപ്പലുകളിൽ കടന്നുവെന്നു കണ്ടപ്പോൾ കൂട്ടത്തിൽനിന്നു ഉമർ കരയ്ക്കിറങ്ങിനിന്നു അമീറിനെ നോക്കി "അമീർ അവർകളേ! സലാം, നിങ്ങളെല്ലാം സന്തോഷമായി പോയി മടങ്ങി വരുവിൻ. എനിക്കു ജിന്നുകൾ, മാന്ത്രികം, സമുദ്രം എന്നീ മൂന്നിനേയും വളരെ ഭയമാണ്. അതുകൊണ്ടിപ്പോൾ ഞാൻ നിങ്ങളൊടൊപ്പം ശങ്കലാദിപിടിപ്പിലേക്കു വരുന്നില്ല. ഞാൻ മെക്കയിൽ ചെന്നു് അബ്ദുൽ

മുത്തലിബ് അവർകളോടു നിങ്ങളുടെ യാത്രയെക്കുറിച്ചു പറയുകയും നിങ്ങൾക്കു വിജയമുണ്ടാകുവാനായി ഈശ്വരപ്രാൎത്ഥന നടത്തുവാൻ ഏൎപ്പാടു ചെയ്യുകയും ചെയ്യാം.' ഉമറിൻെറ വാക്കുകൾ കേട്ടു അമിർ വല്ലാതെ ആശ്ചൎയ്യപ്പെട്ടുപോയി. ഇനി അയാളോടു എന്തുതന്നെ പറഞ്ഞിട്ടും ഫലമുണ്ടാകയില്ലെന്നും അതുകൊണ്ടു വളരെ നയമായി സ്വാധീനപ്പെടുത്തണമെന്നും തീൎച്ചയാക്കി ഉമറിനോടിങ്ങിനെ പറഞ്ഞു:—'ഉമർ! നിങ്ങൾക്കിഷ്ടമില്ലാത്ത ഒരു കാൎയ്യത്തിൽ നിങ്ങളെ ഞാൻ ഒരിക്കലും നിൎബ്ബന്ധിക്കുന്നതല്ല. കപ്പൽയാത്രചെയ്യുന്നതിൽ നിങ്ങൾക്കു ഭയമാണുള്ളതെങ്കിൽ നിങ്ങൾ മെക്കയിലേക്കുതന്നെ മടങ്ങി പോയ്ക്കൊള്ളുക. ഞാൻ പിതാവിന്നു കൊടുക്കുവാനായി ഒരു കത്തുകൂടി എഴുതിത്തരാം. അതിനെ അദ്ദേഹത്തിൻെറ പക്കൽ കൊടുത്തു എൻെറ വൎത്തമാനങ്ങൾ പറയണം. ഞാൻ കത്തെഴുതി തീരുന്നതുവരെ താമസിക്കുവാൻ നിങ്ങൾക്കു വലിയ മടിയൊന്നുമുണ്ടാകയില്ലല്ലോ. കയറി വരിക; കത്തു ഞാൻ വളരെ വേഗത്തിൽ എഴുതിത്തരാം.' അമിർ പറഞ്ഞതു പരമാൎത്ഥംതന്നെ ആയിരിക്കുമെന്നു ഉമർ വിശ്വസിച്ചു കപ്പലിലേക്കു കയറിച്ചെന്നു. അമീർ ഒരു കത്തെഴുതി ഉമറിൻെറ പക്കൽ കൊടുത്തിട്ടു വീണ്ടും പറഞ്ഞു:—'സ്നേഹിതാ! ഞാൻ എത്രയോ ദൂരദേശത്തൊരിടത്തേക്കാണു പോകുന്നതു്. ഈ യാത്രകഴിഞ്ഞു എനിക്കു മടങ്ങി വരുവാനും നിങ്ങളെ വീണ്ടും കാണ്മാനും സാധിക്കുമോ എന്ന കാൎയ്യം ദൈവത്തിനുമാത്രമേ അറിഞ്ഞുകൂടൂ. അതുകൊണ്ടു ഞാൻ നിങ്ങളെ ഒരിക്കൽകൂടി ആശ്ലേഷിച്ചുകൊള്ളട്ടെ. നിങ്ങളുമായുള്ള വേർപാടു ഒരു നിമിഷംപോലും സഹിച്ചു ശീലമില്ലാത്തവനും സഹിക്കുവാൻ അശക്തനുമായ ഞാൻ ഇനി നിങ്ങളെ വന്നു കാണുന്ന കാലംവരെ അനുഭവിക്കേണ്ടി വരുന്ന ഹൃദയവ്യഥ ഓൎക്കുവാൻകൂടി ഞാനിപ്പോൾ അശക്തനായിട്ടാണിരിക്കുന്നതു്.' അമീറിൻെറ മൎമ്മസ്പൃക്കായ ഈ വാക്കുകൾ കേട്ടമാത്രയിൽ ഉമറിൻെറ കഠിനചിത്തം ആൎദ്രീഭവിച്ചുപോയി. അയാളുടെ കണ്ണുകളിൽനിന്നും അശ്രുക്കൾ ധാരധാരയായി പ്രവഹിച്ചുതുടങ്ങി. ഈ തരുണത്തിൽ അമീർ അയാളെ ആശ്ലേഷിക്കുവാനെന്നുള്ള മട്ടിൽ ഇരു കരങ്ങളും മുറുകെ പിടിച്ചുകൊണ്ടു് 'ഉമർ! നീ പറഞ്ഞ വാക്കുകൾ കേട്ടിട്ടു് എനിക്കുണ്ടായിട്ടുള്ള ആശ്ചൎയ്യത്തിനളവില്ല. കഴിഞ്ഞ അനവധി യുദ്ധകാലങ്ങളിൽ നീ എന്നോടൊപ്പം നിന്നു് എന്നെ എല്ലാവിധത്തിലും സഹായിക്കുകയും ഊൎജ്ജിതപ്പെടുത്തുകയും ചെയ്തിരുന്നു. നിൻെറ അന്നത്തെ സാഹചൎയ്യം ഏതേതെല്ലാം വിധത്തിലാണു എന്നെ അനുഗ്രഹിച്ചിരുന്നതെന്നു പറഞ്ഞറിയിക്കുക സാദ്ധ്യമല്ല. ഇപ്പോഴത്തെ യുദ്ധമാകട്ടെ, കഴിഞ്ഞ് എല്ലാററിനേക്കാളും എത്രയോ പ്രധാനവും പ്രമാദവുമായിട്ടുള്ള ഒന്നാണു്. അതിന്നു നീ എന്നോടൊന്നിച്ചില്ലാതിരുന്നാലത്തെ എൻെറ അധൈ

ഷ്ടവും അസംതൃപ്തിയും ഇത്രയെന്നു പറഞ്ഞറിയിക്കത്തക്കതല്ല." എന്നിങ്ങിനെ വളരെ ചാതുൎയ്യമായി സംസാരിച്ചുകൊണ്ടിരിക്കവെതന്നെ അദ്ദേഹം കപ്പൽ കഴിയുന്നത്രവേഗത്തിൽ ഓടിക്കുവാൻ കപ്പിത്താനെ ചില ആംഗ്യങ്ങൾകൊണ്ടറിയിച്ചു. അടുത്ത നിമിഷത്തിൽതന്നെ അവർ സമുദ്രമദ്ധ്യത്തെ ലക്ഷ്യമാക്കി കപ്പൽ ഓടിച്ചു തുടങ്ങുകയും ചെയ്തു. ഇനി ഉമർ ചാടിപ്പോയ്ക്കളയുകയില്ലെന്നു കണ്ടപ്പോൾ അമീർ അയാളുടെ പിടിവിട്ടു. തന്റെ അവസ്ഥാന്തരത്തെപ്പററി അറിവായതോടുകൂടി ഉമർ അത്യന്തം പരിഭ്രാന്തനായിത്തീൎന്നു. അയാൾ കപ്പലിൽ അങ്ങോട്ടുമിങ്ങോട്ടും പലവട്ടം ഓടിനോക്കി. ഇനി തന്റെ ഉദ്ദേശ്യംപോലെ മടങ്ങിപ്പോരുവാൻ സാധിക്കുന്നതല്ലെന്നും ആയാൾക്കു ബോദ്ധ്യമായി. അതോടുകൂടി ഉമർ അമീറിനെ വളരെ ദുഷിച്ചു. അയാൾ എന്തുതന്നെ വേണമെങ്കിലും പറഞ്ഞുകൊള്ളട്ടെ എന്നുകരുതി അമീർ അതൊന്നും അത്ര ശ്രദ്ധിച്ചതുതന്നെയുമില്ല.

കപ്പൽ വളരെ ദൂരംപോയി. ഉമർ കപ്പലിന്റെ ഒരു ഭാഗത്തു ചെന്നിരുന്നു അതു കടന്നുപോകുന്ന മാൎഗ്ഗത്തെ സൂക്ഷിച്ചു നോക്കിക്കൊണ്ട് ആരോടും ഒന്നും ശബ്ദിക്കാതെ മൌനംദീക്ഷിച്ചിരിക്കുകയായിരുന്നു. ഇങ്ങിനെയിരിക്കെ അവരുടെ കപ്പലിന്റെ ഏററവും സമീപത്തായി കുറെ അധികസ്ഥലം ജലത്തിനുമീതെ പൊന്തിക്കണ്ടു. അതു് ഒരു ദ്വീപായിരിക്കുമെന്നും അതിൽ ചാടിവീണാൽ എങ്ങിനെയെങ്കിലും തനിക്കു രക്ഷപ്പെട്ടു സ്വദേശത്തു ചെന്നുചേരുവാൻ കഴിയുമെന്നും ഉമർ തീൎച്ചയാക്കി താഴത്തേക്കു കുതിച്ചുചാടി. എന്നാൽ അതു് ഉമർ വിചാരിച്ചിരുന്നതുപോലെ ദ്വീപല്ലായിരുന്നു. വെയിൽകൊള്ളുവാൻവേണ്ടി പൊന്തിക്കിടന്നിരുന്ന ഒരു ജാതി വലിയ മത്സ്യമായിരുന്നു അതു്. ഉമർ അതിന്റെ മീതെ ചാടിവീണപ്പോൾ മത്സ്യം ഭയന്നു വെള്ളത്തിൽ താണു. ഉമർ വലിയ കഷ്ടത്തിലായി. ജീവരക്ഷക്കുവേണ്ടി അയാൾ വെള്ളത്തിനുമീതെ കിടന്നു കൈകാൽ അടിച്ചു നിലവിളിക്കുവാൻതുടങ്ങി. കുറച്ചു കഴിഞ്ഞപ്പോഴാണ് ഈ വിവരം അമീറിനു മനസ്സിലായതു്. അദ്ദേഹം ക്ഷണത്തിൽ കപ്പിലിലെ ചില ജോലിക്കാരെ വിളിച്ച് ഉമറിനെ രക്ഷപ്പെടുത്തുവാൻ ആജ്ഞാപിച്ചു. അതേക്ഷണത്തിൽതന്നെ അവർ ഒരു ഇരുമ്പുവല വെള്ളത്തിലിറക്കി ഉമറിനെ അതിൽ കോരിഎടുത്തു് അമീറിന്റെ മുമ്പിൽവച്ചു. ഉമർ വെള്ളം കുടിച്ചു വളരെ ക്ഷീണിച്ചിരുന്നു. ആരോടും ഒരക്ഷരംപോലും ശബ്ദിക്കുവാൻ അയാൾ ശക്തനായില്ല. കുറച്ചു കഴിഞ്ഞതോടുകൂടി അയാളുടെ ആയാസമൊക്കെത്തീൎന്നു പരിപൂൎണ്ണസുഖം ലഭിച്ചുവെങ്കിലും ലജ്ജനിമിത്തം ആരുടേയും കൂട്ടത്തിൽ ചേരാതെ ഉമർ പഴയപടി കപ്പലിന്റെ ഒരു ഒഴിഞ്ഞ ഭാഗത്തു ചെന്നിരുന്നു.

ഏതാനും ദിവസത്തെ യാത്രക്കുശേഷം ഒരു ദിവസം കപ്പലുകൾ വിശാലമായ ഒരു ദ്വീപിൻെറ കരയ്ക്കടുത്തു. അനവധി ദിവസമായി യാത്ര ചെയ്തു ക്ഷീണിച്ചിരുന്നതിനാൽ കരയ്ക്കിറങ്ങി അല്പം വിശ്രമിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുകയാലാണ് അവർ കപ്പൽ അവിടെ അടുപ്പിച്ചതു. കപ്പൽ നിൎത്തിയതോടുകൂടി ഉമർതന്നെ ആദ്യമായി കരയ്ക്കിറങ്ങി. അധികദിവസമായി കാരാഗൃഹജീവിതംപോലെ കപ്പലിൽ കഴിച്ചുകൂട്ടിയ ഉമർ ആഹ്ലാദപ്രദമായി അവിടമെല്ലാം ചുററിനടന്നു വിശ്രമസുഖം ആസ്വാദിക്കുവാൻതുടങ്ങി. ഉമർ ഇങ്ങിനെ ആ ദ്വീപിൽ അങ്ങിങ്ങായി ചുററിത്തിരിഞ്ഞു നടക്കുമ്പോൾ ഒരു വൃക്ഷച്ചുവട്ടിൽ അരക്കെട്ടിൽ കയർ കെട്ടപ്പെട്ട ഒരു മനുഷ്യൻ ഇരിക്കുന്നതായികണ്ടു. അയാൾ ഉമറിനെ കണ്ടുമുട്ടിയ ക്ഷണത്തിൽ പ്രസന്നവദനനായി ഉമറിനെ നോക്കി ഇങ്ങിനെ പറഞ്ഞു:—'എനിക്കേറ്റവും പ്രിയപ്പെട്ട മരുമകനെ! നിന്നെ ഇപ്പോൾ കണ്ടുകിട്ടിയതു് എൻെറ മഹാഭാഗ്യംതന്നെ. നീ ഇവിടെ വന്നുചേൎന്നതോൎത്താൽ ആശ്ചൎയ്യത്തിലും ആശ്ചൎയ്യമായിരിക്കുന്നു. ഏതായാലും തക്കസന്ദൎഭത്തിൽതന്നെയാണു നീ ഇവിടെ വന്നുചേൎന്നതു്. ഞാനും എൻെറ അളവററ ദ്രവ്യവും നശിച്ചുപോകുമല്ലോ എന്നോൎത്തു് അധികദിവസമായി ഞാൻ എത്രയോ സങ്കടം അനുഭവിച്ചുകൊണ്ടിരിക്കയാണ്. ദൈവം ദയാലുവാണല്ലോ. ഈ തരുണത്തിൽ അദ്ദേഹംതന്നെയാണ് നിന്നെ ഇവിടത്തേക്കയച്ചതു്.'

വൃദ്ധൻെറ ഈ വാക്കുകൾകേട്ടു ഉമർ അത്യാശ്ചൎയ്യഭരിതനായിത്തീൎന്നു. എന്നാൽ പണത്തെപ്പററി അയാൾ പ്രസ്താവിച്ചുകേട്ടതിനാൽ ദ്രവ്യലോലുപനായിരുന്ന ഉമറിന് അസാമാന്യമായ സന്തോഷവുമുണ്ടായി. പണത്തെപ്പററിയുള്ള സംസാരം അയാളിൽനിന്നും പുറപ്പെടാതിരുന്നിരുന്നുവെങ്കിൽ ഉമർ ആ വൃദ്ധൻെറ പേരിൽ കയൎക്കുമായിരുന്നു. താൻ അയാൾക്കു എങ്ങിനെയാണ് മരുമകനായതെന്നും മററും ഉമർ വളരെനേരം ആലോചിച്ചു. എത്രതന്നെ ആലോചിച്ചിട്ടെന്തു്? അവനുമായി തനിക്കു യാതൊരു ബന്ധത്തിനും അവകാശമില്ലെന്നും ഉമറിനു വളരെ ബോദ്ധ്യമായിരുന്നു. എന്നിട്ടും ഉമർ വൃദ്ധനിൽ വളരെ സന്തോഷവും സ്നേഹവും ഭാവിച്ചുകൊണ്ടു് അയാളുടെ സമീപമടുത്തു 'പ്രിയപ്പെട്ട മാതുലാ! ഞാൻ നിങ്ങൾക്കു മരുമകനായതെങ്ങിനെയെന്നു് എനിക്കു മനസ്സിലാകുന്നില്ലല്ലോ. ദയചെയ്തു നിങ്ങൾ അതെനിക്കു പറഞ്ഞുതന്നിരുന്നുവെങ്കിൽ നന്നായിരുന്നു എന്നു ഉമർ പറഞ്ഞപ്പോൾ വൃദ്ധൻ പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു:—'നീ എന്നെ വാസ്തവത്തിൽ അറിയുകയില്ല. എന്തുകൊണ്ടെന്നാൽ നിന്നെ പ്രസവിച്ച ഉടൻതന്നെ ഞാൻ ശങ്കലദ്വീപിലേക്കു പോയതാണ്. അവിടെ ഞാൻ സ്ഥിരവാസംചെയ്തു പല തൊഴിലുകളും നടത്തി

അളവററ ദ്രവ്യം സമ്പാദിച്ചു. എനിക്കു വാൎദ്ധക്യകാലമാകയാലും ബന്ധുമിത്രാദികളിൽ ആരുംതന്നെ ഒന്നിച്ചില്ലാത്തതിനാലും ഇനി ഇവിടെ താമസിക്കുന്നതു നന്നായിരിക്കുകയില്ലെന്നു നിശ്ചയാക്കി ഞാൻ എൻെറ വകയായുണ്ടായിരുന്ന ദ്രവ്യം മുഴുവൻ എടുത്തുകൊണ്ടു സ്വദേശത്തേക്കു പൊയ്ക്കളയാമെന്നു കരുതി കപ്പൽ കയറി. ഞാൻ കയറിയ കപ്പൽ ഈ ദ്വീപിൽനിന്നും കുറച്ചകലത്തൊരിടത്തെത്തിയപ്പോഠം ഭയങ്കരമായ കൊടുങ്കാററുണ്ടായി. കപ്പൽ സമുദ്രത്തിൽ മുങ്ങിപ്പോയി. കപ്പൽ അപകടത്തിലാകുമെന്നു കണ്ടപ്പോഠം ഞാൻ മുൻകൂട്ടിത്തന്നെ രക്ഷപ്പെടുവാനുള്ള വഴികഠം നോക്കിത്തുടങ്ങി. സാമാനങ്ങളെല്ലാം ഉപേക്ഷിച്ചു എൻെറ പക്കലുണ്ടായിരുന്ന നാണയങ്ങഠം, ആഭരണങ്ങഠം, വിലപിടിച്ച രത്നങ്ങഠം ഇവയെല്ലാംകൂടി ഒരു പെട്ടിയിലാക്കി അതുമെടുത്തുകൊണ്ടു ഞാൻ സമുദ്രത്തിൽ ചാടി. ആ പെട്ടിയുടെ സഹായത്താൽ, ഞാൻ വളരെ കഷ്ടപ്പെട്ടിട്ടെങ്കിലും നീന്തി ഈ കരയിൽ വന്നു രക്ഷപ്പെട്ടു. എങ്കിലും ക്ഷീണാധിക്യത്താൽ എനിക്കു എഴുന്നേല്ക്കുവാനൊ നടക്കുവാനോ നിവൃത്തിയില്ലാതെ ഞാൻ വലിയ കഷ്ടത്തിലായിപ്പോയി മററാരാഠം സഹായിക്കാനാണെങ്കിൽ അതും ഉണ്ടായിരുന്നില്ല. ഇങ്ങിനെയിരിക്കെ രണ്ടുമൂന്നാളുകളെ കണ്ടുകിട്ടി. അവരോടന്വേഷിച്ചപ്പോഠം ഈ നാട്ടിൽ ഒരു വൈദ്യനുണ്ടെന്നു മനസ്സിലായി. ഞാൻ അവരോടു നല്ല വാക്കു പറഞ്ഞ് അവരെപ്പാട്ടിലാക്കി അവരുടെ സഹായത്തോടുകൂടി ആ വൈദ്യൻെറ സമീപം ചെന്നുചേൎന്നു. അയാഠം എന്നെ കുറച്ചു ദിവസം അവിടെ താമസിപ്പിച്ചു ചില ചികിത്സകളൊക്കെ ചെയ്തു കുറേശ്ശ നടക്കാമെന്ന സ്ഥിതിയിലാക്കത്തീൎത്തു. ഇതിൽ കൂടുതൽ ആശ്വാസം എനിക്കുണ്ടാകുന്നതല്ലെന്നു അയാഠംക്കു ബോദ്ധ്യമായപ്പോഠം എങ്ങിനെയെങ്കിലും സ്വദേശത്തേക്കു പൊയ്ക്കൊള്ളുവാൻ എന്നോടു പറഞ്ഞു. അതനുസരിച്ചു ഞാൻ വല്ല വിധത്തിലും നടന്ന് ഇവിടെ എത്തി. ഇപ്പോഴിതാ ഞാൻ ഒരിടത്തുനിന്നും എഴുന്നേൽക്കുവാൻകൂടി ശക്തനല്ലാതെ കഷ്ടപ്പെടുകയാണ്. എങ്ങിനെയും വീട്ടിലെത്തിയാൽ മതിയെന്നെ എനിക്കു മോഹമുള്ളു. അതിന്നു ഞാൻ കഴിയുന്ന ശ്രമങ്ങളൊക്കെ ചെയ്യുന്നോക്കാതേയുമിരുന്നില്ല. എന്നിട്ടെന്ത്; യാതൊരു ഫലവുമുണ്ടായില്ല. ശരീരസുഖമുണ്ടായിരുന്നെങ്കിലും തെല്ലാശ്വാസമായിരുന്നു. അതും ലേശമില്ല. ആകപ്പാടെ ഞാൻ അളവററ കഷ്ടത്തിലായിത്തീൎന്നു എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ. അതുകൊണ്ടു നീ എന്നെ വീട്ടിൽ കൊണ്ടുചെന്നാക്കണം. നീ അങ്ങിനെ ചെയ്യാൽ എൻെറ പക്കൽ ഇരിപ്പുള്ള ധനം മുഴുവൻ ഞാൻ നിനക്കു തരാം. ഇതുകൊണ്ടു മേലാൽ എനിക്കു വലിയ പ്രയോജനവുമില്ലല്ലോ. ഇനി എത്രകാലമാണു ഞാൻ ജീവിച്ചിരിക്കുന്നതെന്നും നിശ്ചയമില്ല. ഇവിടെനിന്നും എന്നെ താങ്ങി ചുമലി

ച്ചെട്ടത്തു നിൻെറ കപ്പലിലാക്കിയാൽ ഞാൻ അവിടെ എവിടെയെങ്കിലും ഒരിടത്തു് ആക്കും ഒരു ശല്യവും കൂടാതെ ഇരുന്നുകൊള്ളാം.'

വളരെ വൻപിച്ച ദ്രവ്യം തനിക്കു വൃദ്ധനിൽനിന്നും കിട്ടുവാനിടയു ണ്ടെന്നു കരുതുകയാൽ ഉമർ അയാളുടെ അഭിമതങ്ങളോടു പൂൎണ്ണമായി യോജിച്ചു. 'ഹാ! ഞാനെത്ര ഭാഗ്യവാനാണ്. ഈശ്വരമതത്തെ മാററു വാൻ ആൎക്കാണു സാധിക്കുക? ഞാൻ ഇവിടേക്കു വരുവാൻ എത്രതന്നെ മടികാണിച്ചിട്ടും ദൈവം എന്നെ വരുവാനിടയാക്കി. തന്നിമിത്തം എനി ക്കു ധാരാളം ദ്രവ്യം ലഭിക്കുവാനും ഇടയായിരിക്കുന്നു. എൻെറ ഭാഗ്യം തന്നെ മഹാഭാഗ്യം' എന്നിങ്ങിനെ ഉമർ തന്നത്താൻ വിചാരിച്ചു സന്തോ ഷംകൊണ്ടു മതിമറന്നു് ആ വൃദ്ധമനുഷ്യൻെറ സമീപമടുത്തു അയാളെ ഇക്കി എടുത്തു തൻെറ ചുമലിൽവച്ചു. വൃദ്ധൻ ഉമറിൻെറ ചുമലിൽ ഇരി പ്പുറപ്പിച്ചമാത്രയിൽതന്നെ തൻെറ തോൽസഞ്ചിപോലെ തൂങ്ങിക്കിടന്നി രുന്ന കാലുകൾരണ്ടും ഉമറിൻെറ അരക്കെട്ടിൽ ബലമായി ഉറപ്പിച്ചു. അ തിനുശേഷം അവൻ മുഴംകാലുകൾകൊണ്ടു് ഉമറിനെ നല്ലവണ്ണം അമൎത്തി വേദനിപ്പിക്കുകയും കൈകൾകൊണ്ടു് തലയിൽ പ്രഹരിക്കുകയും ചെയ്തു ശേഷം 'എടാ ഇരട്ടക്കാൽ കുതിര! വേഗം ഓടിക്കൊള്ളുക. നിൻെറ ഓട്ടത്തിൻെറ വേഗംകൊണ്ടു വേണം എനിക്കു സന്തോഷം ജനിക്കുവാൻ. വളരെക്കാലമായി എനിക്കു പററിയ ഒരു വാഹനം കിട്ടാതെ ഞാൻ വിഷ മിച്ചിരിക്കുകയായിരുന്നു' എന്നു പറഞ്ഞു.

ഉമറിനു വേദന സഹിക്കവഹിയാതെയായിത്തീൎന്നു. അയാളുടെ ആശാസൌധവും അതോടുകൂടി പൊളിഞ്ഞുതകൎന്നു. തനിക്കിങ്ങിനെ ഒരു ബുദ്ധിമോശം സംഭവിച്ചുപോയല്ലോ എന്നോൎത്തിട്ടായിരുന്നു കൂടുതൽ ഖേദ മുണ്ടായതു്. എങ്ങിനെയെങ്കിലും അവനെ ചുമലിൽനിന്നും വലിച്ചു താഴ ത്തിട്ടു പോയാൽമതിയെന്നുള്ള വിചാരത്തോടുകൂടി ഉമർ തൻെറ സകല ശക്തിയും പ്രയോഗിച്ചു വൃദ്ധൻെറ കാലുകൾകൊണ്ടുള്ള തൻെറ അര യിലെ ബന്ധനം വേർപെടുത്തുവാൻ നോക്കി. ഉമർ എത്രതന്നെ ശ്രമി ച്ചിട്ടും യാതൊരു ഫലവുമുണ്ടായില്ല. ഉമറിൻെറ ഇരുകരങ്ങളും അവൻ പിന്നാക്കം പിടിച്ചു തൻെറ കാൽ കുടുക്കിൽ പെടുത്തി. ഉമർ ഗത്യന്തര മില്ലാതെ ഉഴന്നു. 'വേഗം ഓടിക്കൊള്ളുക. അല്ലാത്തപക്ഷം ഞാൻ നിൻെറ ശിരസ്സു തല്ലിത്തകൎക്കും' എന്നു പറഞ്ഞു് അവൻ വീണ്ടും വീണ്ടും ഉമറിനെ പ്രഹരിച്ചുതുടങ്ങി. പ്രാണഭയത്തോടുകൂടി ഉമർ അവനേയുംകൊണ്ടു് അതി വേഗത്തിൽ മുന്നോട്ടോടി. ഓട്ടത്തിൻെറ വേഗം കൂടുന്തോറും വൃദ്ധനു കൂടുതൽ സന്തോഷവുമുണ്ടായി. ഇവനേയുംകൊണ്ടു് അമീറിൻെറ സമീപം ചെന്നാൽ അദ്ദേഹം തൻെറ കഷ്ടത്തിനു പരിഹാരമുണ്ടാക്കിത്തീൎക്കുമെന്നു കരുതിയാണു് ഉമർ കപ്പലിൻെറ സമീപത്തേക്കോടിയതു്. അവിടെ എ

ത്തി നോക്കിയപ്പോൾ അവിടത്തെസ്ഥിതി ഇതിലും കഷ്ടത്തിലായിത്തീ
ൎന്നിരിക്കുന്നതായിട്ടാണ് ഉമറിനു് കാണാനിടയായതു്. തന്റെ ചുമലിൽ
സ്ഥിതിചെയ്യുന്നവനെപ്പോലെയുള്ള ഒരോ തോൽക്കാലന്മാർ തന്റെ കൂട്ട
കാരുടെ ഓരോരുത്തരുടെയും ചുമലുകളിൽ ഇരുന്നു കഷ്ടപ്പെടുത്തി ഓടി
ക്കുന്നതായിട്ടാണ കണ്ടതു്. ഉമറിനെ കണ്ടമാത്രയിൽ അമീറിനു കൂടുതൽ
വ്യസനം തോന്നി. അദ്ദേഹം ഉമറിനെ നോക്കി തന്റെ പ്രത്യേക ഭാഷ
യിൽ 'ഉമർ ഞങ്ങൾ വിചാരിച്ചിരിക്കാതെ ഈ കുടുക്കിൽ അകപ്പെട്ടുപോ
യി: നി വന്നാൽ എന്തെങ്കിലും തന്ത്രം പ്രയോഗിച്ചു ഞങ്ങളെ ഇതിൽ
നിന്നും രക്ഷപ്പെടുത്തുമെന്നാണ ഞങ്ങൾ വിചാരിച്ചിരുന്നതു്. എന്നാൽ
ഞങ്ങളേക്കാൾ കൂടുതൽ ദുഃഖം നി അനുഭവിക്കുന്നതായിട്ടാണ തോന്നു
ന്നതു്' എന്നു പറഞ്ഞു. ഉമർ ഇനി അമീറിനോടെന്താണ പറയേണ്ട
തെന്നുപോലും അറിയാതെ നന്നേ കുഴങ്ങി. 'കഷ്ടം! അമീറിനു് ഈ അപ
കടം പിണയാതിരുന്നുവെങ്കിൽ അദ്ദേഹം എന്നെ ഈ ദുഷ്ടന്റെ പിടി
യിൽനിന്നും രക്ഷപ്പെടുത്തുമായിരുന്നു.' എന്നിങ്ങിനെ ഉമർ ആത്മഗതം
ചെയ്തുകൊണ്ടുനിന്നു. അപ്പോൾ അവന്റെ മുതുകിൽ ഇരുന്നിരുന്നവൻ
ഉമറിനെ നാലഞ്ചു പ്രഹരിച്ചു വേദനപ്പെടുത്തിയ ശേഷം 'എടാ കുതിര
ഞില്ലാതെ കുതിച്ചുചാടി ഓടുക. നല്ല പടക്കുതിരകൾ ഏതേതെല്ലാം വിധ
ത്തിൽ ഓടുമോ അതേമാതിരിയൊക്കെ ഓടി എന്നെ രസിപ്പിക്കുക. അല്ലാ
ത്തപക്ഷം ഞാൻ ഒരു കുത്തിനു നിന്നെ കൊലപ്പെടുത്തും' എന്നു വലിയ
അധികാരസ്വരത്തിൽ പറഞ്ഞു. സാധുവായ ഉമറിനു് അവന്റെ ആജ്ഞ
യെ അനുസരിക്കാതെ നിവൃത്തിയില്ലാതിരുന്നതിനാലും വേദന സഹിക്ക
വഹിയാതായിത്തീരുകയാലും ഉമർ അമീറിനെ നോക്കി കണ്ണുനീർ തൂകി
യശേഷം അതിവേഗത്തിൽ ഓടുവാൻ തുടങ്ങി. ഈ അവസരത്തിൽ ഉമ
റിന്റെ ചുമലിലിരുന്നിരുന്നവൻ അവന്റെ മററു കൂട്ടുകാരെ നോക്കി
ഇങ്ങിനെ പറഞ്ഞു:—'സ്നേഹിതന്മാരെ! ഞാൻ എന്റെ കുതിരയെ ഓടി
ക്കുന്നതു നോക്കുക. നിങ്ങളും ഇതേമാതിരി നിങ്ങളുടെ കുതിരകളെ അതി
വേഗത്തിൽ നയിക്കുവിൻ. ഓടാത്തപക്ഷം നല്ല പ്രഹരവും കൊടുക്കുവിൻ.
നമ്മുടെ സവാരി കഴിഞ്ഞശേഷം ഇവരെയെല്ലാം നമുക്കു ആഹാരമാക്കി
ത്തീർക്കുകയും ചെയ്യാം.' ഈ വാക്കുകൾ കേട്ടമാത്രയിൽ ഉമർ, അമീർ
മുതലായവർ വല്ലാതെ ഭയപ്പെട്ടുപോയി. ആദ്യത്തവന്റെ വാക്കുകൾ
കേട്ടതോടുകൂടി മററുള്ളവരെല്ലാം തങ്ങളുടെ വാഹനങ്ങളെ നിർദ്ദയം പ്രഹ
രിച്ചു് ഓടിക്കുവാൻതുടങ്ങി. അക്കൂട്ടത്തിൽ മററുള്ളവരെ അപേക്ഷിച്ചു്
ആദിക്കായിരുന്നു കൂടുതൽ ബുദ്ധിമുട്ടും ഉപദ്രവവും ഉണ്ടായതു്. അയാ
ളുടെ ശരീരം മററുള്ളവരുടേതിൽനിന്നും കൂടുതൽ തടിച്ചിരുന്നതിനാൽ
മററവക്കൊപ്പം വേഗത്തിൽ ഓടുവാൻ കഴിഞ്ഞിരുന്നില്ല. തന്നിമിത്തം

അയാൾക്കു കിതപ്പു സഹിക്കവഹിയാതാകയാൽ കൂടക്കൂടെ നിലംപതിച്ചു പലേ പരുക്കുകളും ഏൽക്കുവാനിടയായി.

ഓട്ടത്തിൽ സമൎത്ഥൻ ഉമർതന്നെയായിരുന്നു. അയാൾ ലോലശരീരിയായിരുന്നതിനാൽ ക്ഷണനേരത്തിനുള്ളിൽ കൂട്ടുകാരെ അപേക്ഷിച്ചു രണ്ടു മൈൽ ദൂരം എത്തി. അയാളുടെ ഗതിവേഗത്താൽ തോൽക്കാലനു വലിയ സന്തോഷവും ജനിച്ചു. തന്നിമിത്തം അവൻ ഉമറിനെ അത്ര ഉപദ്രവമൊന്നും ഏല്പിച്ചതുമില്ല. വായുവേഗത്തിൽ പായുന്ന തന്റെ വാഹനം മററുള്ളവരുടേതിനെ അപേക്ഷിച്ചു ശ്രേഷ്ഠമാണെന്നും തന്റെ വയസ്സുകാലത്തേക്കു ഇതു വളരെ പ്രയോജനപ്രദമെന്നും കരുതി വളരെ സന്തോഷിച്ചു. ഉമർ തന്റെ ജീവനെക്കൂടി വകവയ്ക്കാതെ അടിയെമാത്രം ഭയന്നു അനേക മൈൽദൂരം ഓടി ഒരു വലിയ മുന്തിരിത്തോട്ടത്തിൽ ചെന്നുചേൻ്നു. പഴുത്തു തേൻ തുളിച്ചതും, പഴക്കാറായതും, പച്ചയും ആയ പലതരത്തിലുള്ള മുന്തിരിക്കായകൾ കുലകുലയായി തൂങ്ങിനില്ക്കുന്നതിന്റെ ചുവട്ടിൽകൂടിയായിരുന്നു ഉമർ ഓടിയപ്പായതു്. എന്നാൽ ആ വിശിഷ്ടങ്ങളായ മുന്തിരിപ്പഴം കണ്ടപ്പോൾ ഉമർ അവിടെ ഒരിടത്തായി നിന്നു. വിശപ്പും ദാഹവും ക്ഷീണവും തനിക്കു വളരെയുണ്ടായിരുന്നതിനാൽ അയാൾ തന്റെ ചുമലിൽ ഇരുന്നിരുന്ന വൃദ്ധനോടു് 'പ്രിയമാതുലാ! നിങ്ങൾ എന്റെ പേരിൽ ദയയുണ്ടായി ഈ മുന്തിരിപ്പഴത്തിൽ കുറച്ചു പറിച്ചെടുത്തു അതിന്റെ രസം പിഴിഞ്ഞെടുത്തു് എനിക്കു കുടിക്കുവാൻ തരുന്നപക്ഷം ഞാൻ ഇപ്പോൾ ഓടിയതിനെക്കാളും അതിവേഗത്തിൽ ഓടി നിങ്ങളെ തൃപ്തിപ്പെടുത്താം.' എന്നു പറഞ്ഞു. അതനുസരിച്ചു വൃദ്ധൻ പിച്ച ഇലകൾ പൊട്ടിച്ചെടുത്തു തുന്നി ഒരു പാത്രംപോലെയാക്കി അതിൽ കുറെ മുന്തിരിപ്പഴത്തിന്റെ രസമെടുത്തു നിറച്ചു് ഉമറിനു കുടിക്കുവാൻ കൊടുത്തു. കുറെ പഴവും പറിച്ചു് ഉമറിന്റെ വായിൽ വച്ചുകൊടുത്തു. അതോടുകൂടി ഉമറിന്റെ വിശപ്പും ദാഹവും സാമാന്യം നീങ്ങി. അയാൾക്കു മുൻപിലത്തേതിൽ കൂടുതലായ ഉന്മേഷവും സന്തോഷവും ഉണ്ടായി. അതിനാൽ ഉമർ ആദ്യത്തേക്കാളും കുറേകൂടി വേഗത്തിൽ ഓടുകയും കൂത്താടുകയും ഇടയ്ക്കിടെ കുറേശ്ശ പാടുകയും ചെയ്തു. വൃദ്ധൻ പരമാനന്ദനിമഗ്നനായി! 'മകനേ! നിന്നെ ഞാൻ ജീവനുള്ളകാലംവരെ ഉപേക്ഷിക്കുന്നതല്ല. നിന്റെ ചുമലിൽനിന്നു ഞാൻ താഴത്തിറങ്ങുന്നതുമല്ല. നീ എന്നെ അത്രകണ്ടു സന്തോഷഭരിതനാക്കിത്തീൎത്തിരിക്കുന്നു. നിന്നെപ്പോലെ ഇത്ര നന്നായ ഒരു വാഹനത്തെ എന്നെപ്പോലെയുള്ള ഒരുവക്കും കിട്ടുന്നതല്ല.' എന്നു വൃദ്ധൻ പറഞ്ഞപ്പോൾ ഉമർ അതിന്നിങ്ങിനെ മറുപടി പറഞ്ഞു:— 'നിങ്ങൾ എനിക്കു കൂടക്കൂടെ മുന്തിരിരസം തന്നുകൊണ്ടിരിക്കുമെങ്കിൽ ഞാൻ നിങ്ങളെ ഇതിൽ കൂടുതലായി രസിപ്പിക്കുന്നതാണു്. എന്നാൽ

നിങ്ങൾ ഇതു കുടിച്ചുപോകരുതു്.' വൃദ്ധൻ ഇതു കേട്ടു പലതും ആലോചിച്ചു. 'വളരെ ക്ഷീണിച്ചിരുന്ന ഇവന്നു് മുന്തിരിരസം സേവിച്ചപ്പോൾ വളരെ കൂടുതലായ ഉന്മേഷവും ആഹ്ലാദവും ഉണ്ടായിക്കാണുന്നുണ്ടു്. ഇതിന്നെന്തോ പ്രത്യേകശക്തിയുണ്ടെന്നാണ തോന്നുന്നതു്. അതുകൊണ്ടു് എനിക്കും ഇതിൽ കുറെ കുടിച്ചു സ്വാദറിയണം'. എന്നിങ്ങിനെ തന്നത്താൻ വിചാരിച്ചശേഷം അവൻ കുറെ രസം പിഴിഞ്ഞെടുത്തു കുടിച്ചു. അതിൻെറ ഹൃദ്യമായ രസം അതു വീണ്ടും കുടിക്കുവാൻ അവനു കൂടുതൽ ആസക്തിയെ ജനിപ്പിച്ചു. വൃദ്ധൻ കുറെക്കൂടി പിഴിഞ്ഞെടുത്തു കുടിച്ചു. അതു മനസ്സിലായ മാത്രയിൽ ഉമർ തൻെറ ഓട്ടത്തിൻെറ വേഗം ഒന്നുകൂടി കൂട്ടി. വായുതുല്യമായ വേഗത്തിൽ ഉമർ ഓടിത്തുടങ്ങുകയാൽ വൃദ്ധൻെറ ശരിരത്തിൽ കാററ നല്ല ശക്തിയായി അടിച്ചുതുടങ്ങുകയും മുന്തിരിരസത്തിൻെറ ലഹരി കുറേശ്ശ തലെയ്ക്കു പിടിക്കുകയും ചെയ്തു. കുറേ കഴിഞ്ഞതോടുകൂടി വൃദ്ധനു നല്ല ലഹരിയാകുകയും അതോടുകൂടി അവൻെറ പിടികൾ വിട്ടു് ഉമറിൻെറ ചുമലിൽനിന്നും താഴത്തു വീണുപോകയും ചെയ്തു. ഉമർ അത്യന്തം കൃതാൎത്ഥനായിത്തീൎന്നു. അയാൾ തൻെറ വാൾ വലിച്ചൂരി എടുത്തു വൃദ്ധനെ വെട്ടി രണ്ടു കഷ്ണമാക്കി ഇട്ടശേഷം 'പ്രിയപ്പെട്ട അമ്മാവാ! നീ എന്നന്നേക്കും ഇവിടെത്തന്നെ കിടന്നു സുഖമനുഭവിച്ചുകൊള്ളുക' എന്നു പറഞ്ഞശേഷം അതിവേഗത്തിൽ അമീറും കൂട്ടരും വരുന്ന വഴിയെ ലക്ഷ്യമാക്കി നടന്നു. അധികം താമസിയാതെ ഉമർ അമീറിൻെറ മുമ്പാകെ എത്തി. തനിക്കീദുഃഖത്തിന്നെല്ലാം കാരണഭൂതൻ അമീറായിരുന്നതിനാൽ അയാൾ അടക്കവെഹിയാത്ത കോപത്തിന്നധീനനായിത്തീൎന്നു. 'അമീർ! നിങ്ങൾ ഒരു പെണ്ണിനെ മോഹിക്കകാരണം എത്ര പേരാണു് ഈ തോൽക്കാലന്മാരുടെ ബന്ധനത്തിൽ പെട്ടു കഷ്ടപ്പെടുവാനിടയായിത്തീൎന്നതു്. എനിക്കും നിങ്ങൾ അളവററ കഷ്ടതകളെ വരുത്തിവച്ചു. ഇതിൻെറ ശരിയായ ഫലം നിങ്ങൾ അനുഭവിക്കേണ്ടിവരുമെന്നു നല്ലതുപോലെ വിശ്വസിച്ചുകൊള്ളുക. ഈ ദുഷ്ടന്മാരുടെ ബാധയിൽനിന്നും വല്ല വിധത്തിലും രക്ഷപ്പെടാമെന്നു വെയ്ക്കുക. പിന്നീടു് എന്തൊക്കെ ക്ലേശങ്ങളാണ സഹിക്കേണ്ടിവരുന്നതു്; ദൈവത്തിനുമാത്രമേ അറിഞ്ഞുകൂട്ടു.' എന്നു് ഉമർ അമീറിനോടു പറഞ്ഞു.

അമീർ:—സ്നേഹിതാ! നീ പറഞ്ഞതു വളരെ പരമാൎത്ഥംതന്നെയാണു്. ഞാൻ ഒരു മഹാപാപിയായിത്തീൎന്നുപോയി. ഈ ദുരിതങ്ങളെല്ലാം നാം അനുഭവിക്കുവാനാണ ദൈവം വിധിച്ചിരിക്കുന്നതു്. അതിനെ ആൎക്കും തടുക്കാവതല്ലല്ലോ. നീ എങ്ങിനെയോ ഈ ബന്ധനത്തിൽനിന്നും രക്ഷനേടി. ഇനി ഞങ്ങളെക്കൂടി ഇതിൽനിന്നും രക്ഷിക്കുവാൻ നീ വിചാരിച്ചുവെങ്കിൽ മാത്രമേ സാധിക്കയുള്ളു.

ഉമർ:—എനിക്കിത്ര വലിയ തിട്ടക്കമൊന്നുമില്ല. ഞാൻ ഇത്ര വളരെ തോലന്മാരെ വധിക്കേണ്ടേ. ഈ പാപമൊക്കെ ഞാൻ സഹിക്കുകയും വേണം. അതെന്നാൽ പ്രയാസമാണ്. വരും വരായ്കകളൊക്കെ ഞാൻ അത്ഭുതമ പറഞ്ഞിട്ടു നിങ്ങളാരും അതത്ര വകവെച്ചില്ല. നിങ്ങളുടെ സാമത്ഥ്യങ്ങൾ ഇപ്പോൾ എവിടെ പോയി.

അമീർ:—ഇവരെ വധിക്കുന്നതുമൂലം നിനക്കൊരു പാപവും ഉണ്ടാകയില്ല. ഇതുമൂലമുണ്ടാകുന്ന സകല പാപവും ഞാൻ വഹിച്ചുകൊള്ളാം. നീ ഇവരെ വധിച്ചു ഞങ്ങളെ രക്ഷപ്പെടുത്തുന്നപക്ഷം ഒരാൾക്കു ഇരുനൂറു വരാഹൻ വീതം ഞാൻ നിനക്കു സമ്മാനം തരാം. കൂടാതെ ഞാൻ മരണപര്യന്തം നിന്നെ മറക്കുന്നതുമല്ല. നിൻെറ തമാശകൾനിൎത്തിവച്ചിട്ടു ഞങ്ങളെ രക്ഷിക്കുവാൻ ശ്രമിക്കുക. കാലതാമസം വരുത്തുന്നതു് അപകടമാണെന്നു ഞാൻ പറയാതെതന്നെ നിനക്കറിയാമല്ലോ.

പണത്തെക്കാൾ വലുതായി ഉമർ മററൊന്നും കരുതിയിരുന്നില്ല. ഒരു തോൽക്കാലനെ വധിച്ചാൽ ഇരുനൂറു വരാഹൻ അമീർ കൊടുക്കാമെന്നു പറഞ്ഞു കേട്ടപ്പോൾ അനവധി തോൽക്കാലന്മാരുണ്ടായിരുന്നതിനാൽ ഏററവും വലിയ ഒരു സംഖ്യ തനിക്കു ക്ഷണത്തിൽ സമ്പാദ്യമുണ്ടാകുമെന്നോൎത്തു സന്തോഷാധിക്യത്താൽ മതിമറന്നു് 'ഇതാ നോക്കിക്കൊള്ളുവിൻ' എന്നു പറഞ്ഞുകൊണ്ടു് ഉമർ ആ തോൽക്കാലന്മാരെ ഓരോരുത്തരെയായി. വധിച്ചു് എല്ലാവരുടെയും ബന്ധത്തെ വേർപെടുത്തി. അപ്പോൾ അമീറിനും കൂട്ടൎക്കും ഉണ്ടായ സന്തോഷത്തിനും ഉമറിൻെറ പേരിൽ ജനിച്ച ബഹുമാനത്തിനും അതിരില്ലായിരുന്നു. എല്ലാവരും സമൎത്ഥനായ ഉമറിനെ കടന്നുപിടിച്ചാശ്ലേഷിച്ചു തങ്ങളുടെ കൃതജ്ഞതയെ വെളിപ്പെടുത്തിയ ശേഷം അയാളെ വളരെ വാഴ്ത്തി.

## ഇരുപത്തൊന്നാം അദ്ധ്യായം.

മേൽപറഞ്ഞ അനിഷ്ട സംഭവങ്ങൾക്കു ശേഷം അമീറും കൂട്ടുകാരും ഇനി ഈ സ്ഥലത്തു് ഒരു നിമിഷംപോലും താമസിക്കുന്നതു യുക്തമല്ലെന്നു കരുതി ക്ഷണത്തിൽ തങ്ങളുടെ കപ്പലിൽ കയറി യാത്രതുടൎന്നു. ഉദ്ദിഷ്ടസ്ഥലത്തെത്തുവാനുള്ള ദൂരം ഇനിയും അധികമായിരുന്നതിനാൽ ഇതേമാതിരിയുള്ള വല്ല അനൎത്ഥങ്ങളും വഴിയിൽ തങ്ങൾക്കു സംഭവിച്ചേക്കുമോ എന്നുള്ള ഭീതി അമീറിൻെറ ഹൃദയത്തെ വല്ലാതെ അലട്ടിത്തുടങ്ങി. ഏതായാലും വരുന്നതുവരട്ടെ എന്നുള്ള ധൈൎയ്യത്തോടുകൂടി അവർ കപ്പലോടിച്ചു രണ്ടുമാസത്തെ യാത്രകഴിഞ്ഞു. അപ്പോൾ സമീപത്തൊരിടത്തായി മററൊ

രു ദ്വീപു് കപ്പിത്താന്റെ ദൃഷ്ടിയിൽ എത്തുപെട്ടു. ഉടനെ അയാൾ അമീറിനെ നോക്കി ഇങ്ങിനെ പറഞ്ഞു:—'അമീർ നാം രണ്ടു മാസക്കാലമായി കരകാണാതെ യാത്രചെയ്തു ക്ഷീണിച്ചുവരികയാണെല്ലൊ. നാം സംഭരിച്ചിരുന്ന വെള്ളവും മിക്കവാറും അവസാനിക്കാറായിരിക്കുന്നു. നാം ഉദ്ദേശിച്ച ദിക്കിൽ ചെന്നെത്തുവാൻ ഇനി കാലം എത്ര വേണ്ടിവരുമെന്നും നമുക്കു നല്ല നിശ്ചയവുമില്ല. അതുകൊണ്ടു് അതാ ഒരു ദ്വീപുകാണുന്നതിൽ നമുക്കിറങ്ങി വിശ്രമിച്ചു് ആവശ്യമുള്ള വെള്ളവും ശേഖരിച്ചു കൊണ്ടുപോകുന്നതു നന്നായിരിക്കും.' കപ്പിത്താന്റെ ഈ അഭിപ്രായം അമീറിനും ആദരണീയമായി തോന്നി 'നാമൊക്കെ കുളിച്ചിട്ടുതന്നെയും രണ്ടുമാസത്തോളമായി. വസ്ത്രങ്ങളാണെങ്കിൽ എല്ലാവരുടേതും അഴുക്കടഞ്ഞുമിരിക്കുന്നു. അതുകൊണ്ടു് നമുക്കു വസ്ത്രങ്ങളൊക്കെ നനച്ചു വെടിപ്പാക്കുകയും നല്ലവണ്ണം കുളിക്കുകയും ചെയ്യാം. കപ്പൽ വേഗം കരയടുപ്പിക്കുക' എന്നു് അമീർ കപ്പിത്താനോടു പറയുകയും അടുത്ത ക്ഷണത്തിൽ കപ്പൽ ദ്വീപിലടുത്തു് എല്ലാവരും കരയ്ക്കിറങ്ങുകയും ചെയ്തു. അക്കൂട്ടത്തിൽ ഉമർമാത്രം അതുമിതുമാലോചിച്ചു സമയം കളയുവാൻ നില്ക്കാതെ ഉദ്ദിഷ്ടസാദ്ധ്യത്തെ മാത്രം പുരസ്കരിച്ചു എവിടെയാണു ജലാശയമെന്നന്വേഷിച്ചു ക്ഷണത്തിൽ ഒററ തിരിഞ്ഞു മുൻപേ നടന്നു. അയാൾ കുറച്ചുവഴി ചെന്നതോടുകൂടി അനവധി വൃക്ഷലതാദികൾ നിറഞ്ഞതും കുളിർകാററു ധാരാളമായി അടിച്ചുകൊണ്ടിരുന്നതുമായ ഒരു പ്രദേശവും അവിടെ പരിശുദ്ധജലം നിറഞ്ഞ ഒരു വിശാലമായ കുളവും കാണപ്പെട്ടു. ഉമർ അത്യന്തം സന്തുഷ്ടചിത്തനായിത്തീർന്നു. ജലക്രീഡയിലുള്ള അത്യാസക്തിയോടുകൂടി അയാൾ തന്റെ കൂട്ടുകാരെയൊന്നും ഓർക്കാതെ ക്ഷണത്തിൽ വസ്ത്രങ്ങളെല്ലാം അഴിച്ചു കരയ്ക്കൊരിടത്തുവച്ചിട്ടു വെള്ളത്തിലിറങ്ങി നീന്തിത്തുടിച്ചു തുടങ്ങി. അനവധി പ്രാവശ്യം വെള്ളത്തിൽ മുങ്ങിയും പൊങ്ങിയും ക്രീഡിച്ചശേഷം അയാൾ കുളി മതിയാക്കുവാനുറച്ചു മുങ്ങി കരയ്ക്കുകയറി നോക്കിയപ്പോൾ താൻ വച്ചിരുന്ന സ്ഥലത്തു് തന്റെ വസ്ത്രങ്ങളൊന്നും കാണ്മാനില്ലായിരുന്നു. ഉമർ അതോടുകൂടി പരിഭ്രാന്തനായി നാലുദിക്കിലും പരിശോധിച്ചു എങ്ങും കാണ്മാനുണ്ടായിരുന്നില്ല. വിശേഷിച്ചാരും അവിടെ വന്ന ലക്ഷണവും കാണ്മാനില്ലായിരുന്നു. 'ഹാ! ദൈവമെ! ഇതെങ്ങിനെ സംഭവിച്ചു. ഈ സ്ഥലമാണെങ്കിൽ ജനാധിവാസമില്ലാത്ത ഒന്നു്. അമീറും കൂട്ടുകാരുമല്ലാതെ ഇവിടേക്കു വരാനും ഇടയില്ല. അവരാരും ഇതുവരെ ഇവിടെയെങ്ങും വന്നെത്തിയതായി തോന്നുന്നുമില്ല. ഒരുപക്ഷെ, എന്നെ കബളിപ്പിക്കുവാനായി അമീർ എന്റെ വസ്ത്രങ്ങൾ എടുത്തു മാററിവച്ചു വല്ലയിടത്തും മറഞ്ഞിരിക്കയായിരിക്കുമോ' എന്നിങ്ങിനെ ആത്മഗതം ചെയ്തശേഷം 'അമീർ! അമീർ! എന്നു് ഉച്ചത്തിൽ വിളിച്ചു. ഈ ശബ്ദം കേട്ട മാത്രയിൽ

അമീർ ഉമറിന് ഏതോ ആപത്തു നേരിട്ടിരിക്കുമെന്നു ശങ്കിച്ചു അതിവേഗത്തിൽ ശബ്ദം കേട്ട ദിക്കിനെ ലക്ഷ്യമാക്കി നടന്ന് കുളക്കരയിൽ എത്തി. 'ഉമർ! നിനക്കെന്താപത്തു നേരിട്ടു?' എന്ന് അദ്ദേഹം അയാളോടു ചോദിച്ചു.

ഉമർ:—പ്രഭോ! സമയവും സന്ദർഭവും നോക്കാതെ അങ്ങ് ഇങ്ങിനെ കളി തുടങ്ങുന്നതു കഷ്ടമാണ്. എന്നെ വെറും നഗ്നരൂപത്തിൽ നിർത്തി പരിഹസിക്കുന്നതിൽ അങ്ങേക്കെന്തൊരു രസമാണുണ്ടാകാനുള്ളത്?

അമീർ:—നീ എന്തു ഭ്രാന്താണു സംസാരിക്കുന്നത്? ഞാൻ നിന്നെ എന്തു ചെയ്തു?

ഉമർ:—അതൊക്കെ നമുക്കു പിന്നീടു പറയാം. ദയചെയ്ത് എന്റെ വസ്ത്രങ്ങൾ കൊണ്ടുവരുവിച്ചു തരിക.

അമീർ:—സഹോദര! ഞാൻ നിന്റെ വസ്ത്രങ്ങൾ എടുത്തിട്ടുമില്ല; ആരെയുംകൊണ്ട് എടുപ്പിച്ചിട്ടുമില്ല. ഇതു സത്യം.

ഉമർ:—ഇത് ആശ്ചര്യത്തിലും അത്യാശ്ചര്യമായിരിക്കുന്നുവല്ലോ. ഞാൻ എന്റെ വസ്ത്രങ്ങളൊക്കെ അഴിച്ചു കരയ്ക്കു വച്ചിട്ടാണു വെള്ളത്തിലിറങ്ങിയതു്. കുളി കഴിഞ്ഞു നോക്കുമ്പോൾ അവ കാണ്മാനുമില്ല. ഇവിടെയെങ്ങും വേറെയാരും വന്നിട്ടുമില്ല.

വിഷണ്ഡചിത്തനായിത്തീർന്ന ഉമർ ലജ്ജാധീനനായി കുറച്ചുനേരം വെള്ളത്തിൽ തന്നെ നിന്നശേഷം നാലുപുറവും ഒന്നുകൂടി സൂക്ഷിച്ചു നോക്കി. ഒടുവിൽ യാദൃശ്ചികമായി അയാളുടെ ദൃഷ്ടി മുകൾഭാഗത്തേക്കു തിരിഞ്ഞു. കുളക്കരയിലുണ്ടായിരുന്ന വൃക്ഷങ്ങളിൽ ഒന്നിന്റെ മുകൾഭാഗത്തു അനവധി കുരങ്ങന്മാർ കൂടിയിരുന്ന് തന്റെ വസ്ത്രങ്ങളും ഉടുപ്പുകളും തൊപ്പിയും ഓരോന്നോരോന്നായി എടുത്തു പിടിച്ചും വലിച്ചും ഭംഗി നോക്കിയും രസിക്കുന്നതായി അയാൾ കണ്ടു. ഒരു കുരങ്ങു ഉമറിന്റെ തൊപ്പി തലയിൽ ധരിച്ചു ഗൌരവഭാവത്തിൽ ഇരിക്കുമ്പോൾ കണ്ണാടി വച്ചുകൊണ്ടു മറ്റൊരു കുരങ്ങൻ അവനെ നോക്കി ഘനഭാവത്തിൽ ഇരിക്കുന്നു. മറ്റൊന്ന് കുപ്പായം ധരിക്കുവാൻ ബദ്ധപ്പെടുമ്പോൾ വേറൊന്നു കാലുറയുടെ ഭംഗി പരിശോധിക്കുന്നു. എന്നുവേണ്ട കുരങ്ങന്മാരുടെ ആഹ്ലാദത്തിനതിരില്ല. ഈ കാഴ്ച ഉമറിനെ എത്രകണ്ടു കോപാകുലനാക്കിത്തീർത്തു എന്നു പറയേണ്ടതില്ലല്ലോ. ഉമർ കുറച്ചുനേരം പലതും ആലോചിച്ചു. തന്റെ ഗൌരവമൊന്നും കുരങ്ങന്മാരോടു ഫലിക്കയില്ലല്ലോ എന്നു കരുതി ഒരാളെ അയച്ചു തന്റെ മറ്റുചില വസ്ത്രങ്ങൾ കൊണ്ടുവരുവിച്ചു ധരിച്ച ശേഷം കൈവിട്ടുപോയ സാധനങ്ങൾ കുരങ്ങന്മാരിൽനിന്നും വീണ്ടെടുക്കുവാനുള്ള ഉപായമെന്താണെന്നു ചിന്തിച്ചു. നാം ചെയ്യുന്ന പ്രവൃത്തികളെ അനുകരിക്കുന്ന സമ്പ്രദായം കുരങ്ങന്മാൎക്കു ധാരാളമായുണ്ടെന്നു ഉമറിനറിയാമായി

രുന്നു. ഉമർ തൻെറ തൊപ്പി ഊരി വിനോദാത്ഥം മുകളിലേക്കെറിഞ്ഞു. അതേ മാത്രയിൽ തൊപ്പി ധരിച്ചിരുന്ന കുരങ്ങൻ തൻെറ തലയിലുണ്ടായിരുന്ന തൊപ്പി ഊരി മുകളിലേക്കു വലിച്ചെറിഞ്ഞു. അതു താഴത്തു വന്നു വീണതോടുകൂടി ഉമർ കൈയിലെടുത്തു. ഇങ്ങിനെ സാവധാനത്തിൽ തൻെറ എല്ലാ സാധനങ്ങളും കുരങ്ങന്മാരിൽ നിന്നും കരസ്ഥമാക്കിയ ശേഷം ഉമർ ആ വാനരന്മാരെ മുഴവൻ ഒന്നായി നശിപ്പിക്കണമെന്നു കരുതി കുറെ എണ്ണ കൊണ്ടുവരുവിച്ച് ആ വൃക്ഷച്ചുവട്ടിലുള്ള പൊത്തിൽ നിറച്ച് വൃക്ഷത്തിനു തീയും കൊളുത്തി. കുരങ്ങന്മാർ മുഴുവൻ അഗ്നിക്കിരയായിത്തീരുകയും ചെയ്തു.

ഇതിനകം അമീർക്കൂട്ടരെല്ലാം സ്നാനം കഴിഞ്ഞു കപ്പലിലേക്കു വേണ്ട വെള്ളവും ശേഖരിച്ചശേഷം എല്ലാവരുമായി കപ്പൽകയറി വീണ്ടും യാത്ര ആരംഭിച്ചു. ഏതാനും ദിവസം കപ്പലോടി ഒരു ദിവസം യാത്രാവേളയിൽ തങ്ങളുടെ കപ്പലിനെ അഭിമുഖീകരിച്ചു മുകൾഭാഗത്തുകൂടി ഒരു മേഘക്കൂട്ടം അതിവേഗത്തിൽ പാഞ്ഞുവരുന്നതായി അവർ കണ്ടു. ക്ഷണനേരത്തിനുള്ളിൽ ആ മേഘസംഘം കറുത്തിരുളുകയും അതിനെത്തുടൎന്ന് ഭയങ്കരവും ശക്തിമത്തുമായ ഒരു കാററു വീശിത്തുടങ്ങുകയും ചെയ്തു. ഓരോ നിമിഷം കഴിയുന്തോറും കാററിൻെറ ശക്തി വൎദ്ധിച്ച് അത് കൊടുങ്കാററായി പരിണമിച്ചു. സമയം പകലായിരുന്നുവെങ്കിലും കാർമണ്ഡലത്തിൻെറ തീവ്രതയാൽ രാത്രിയെന്നവണ്ണം ഇരുൾവ്യാപരിക്കുവാനുംതുടങ്ങി. അതിനെത്തുടൎന്നു കടൽക്ഷോഭവും ഉണ്ടായിത്തുടങ്ങി. അമീർക്കൂട്ടരുടെ കപ്പൽ തലകീഴായി മറിഞ്ഞുതുടങ്ങി. ആ കപ്പലിലുണ്ടായിരുന്നവരെല്ലാം ഓരായിരം ആളുകളോടെതിൎത്തു വിജയം നേടത്തക്ക ശക്തന്മാരായ യുദ്ധവീരന്മാരായിരുന്നുവെങ്കിലും സകലരും ഭയന്നു വിറച്ചുതുടങ്ങി. ഏതുതന്നെ രക്ഷാമാൎഗ്ഗത്തെപ്പററി ചിന്തിച്ചിട്ടും ആൎക്കും ഒരു വിവരവും എത്തുപെട്ടില്ല. തങ്ങൾ ഉദ്ദേശിച്ചു പുറപ്പെട്ട കാൎയ്യം സാധിക്കും മുൻപേതന്നെ മരണത്തെ വരിക്കേണ്ടതായിട്ടാണല്ലോ വന്നിരിക്കുന്നതെന്നോൎത്ത് എല്ലാവരും മരണവേളയേയും പ്രതീക്ഷിച്ചു കണ്ണുനീർ പൊഴിച്ചുതുടങ്ങി.

ഈ തരുണത്തിൽ അമീർ അനന്തരകരണീയത്തെപ്പററി പലതും ചിന്തിച്ച് തൻെറ വ്യസനത്തെ തെല്ലൊന്നടക്കിയശേഷം ധൈൎയ്യമവലംബിച്ചുകൊണ്ട് കൂട്ടുകാരെനോക്കി സമാധാനാത്ഥം ഇങ്ങിനെ പറഞ്ഞു:- 'സ്നേഹിതന്മാരെ! ധൈൎയ്യമായും ചൊടുചൊടുപ്പായുമിരിക്കേണ്ട ഈ സന്ദൎഭത്തിൽ നിങ്ങൾ ഇങ്ങിനെ കഥയില്ലാത്ത കുട്ടികളെപ്പോലെ കേഴുന്നതൊട്ടും ശരിയല്ല. ഇതെല്ലാം നിയതിയുടെ നിശ്ചയങ്ങളാണ്. അതിനെ മാററാനോ മറിക്കാനോ നാമല്ല, ഈ ലോകത്തിൽ ആരുവിചാരിച്ചാലും സാധിക്കുന്നതല്ല. അതുകൊണ്ട് നാമെല്ലാം രക്ഷാൎത്ഥം അദ്ദേഹത്തെ

ഭക്തിപൂർവ്വം പ്രാർത്ഥിക്കുകയാണ് ഇത്തരുണത്തിൽ നമ്മുടെ കർത്തവ്യം. അദ്ദേഹത്തിൻെറ കൃപാലേശം ഇതിനെക്കാളും ഭയങ്കരതരമായ ആപത്തുകളെ അകററുവാനും ശക്തിമത്തായിട്ടുള്ളതാണ്.'

ഈ അവസരത്തിൽ ഉമറിൻെറ അവസ്ഥയാണ് മററുള്ളവരുടേതിനെ അപേക്ഷിച്ച് അത്യന്തം ദയനീയമായിരുന്നത്. ഉമർ വലിയ നയജ്ഞനും തന്ത്രശാലിയുമായിരുന്നുവെങ്കിലും മരണത്തിൽ വളരെ ഭയന്നവനായിരുന്നു. കടൽ ക്ഷോഭിച്ച് കപ്പൽ ഇളകിമറിയുവാനാരംഭിച്ചതോടുകൂടി അയാൾ കേവലം മൃതപ്രായനായിത്തീർന്നിരുന്നു. അമീറിൻെറ സാന്ത്വനോക്തികളൊന്നും ഉമറിൻെറ ചെകിട്ടിൽ പെട്ടതേയില്ല. എങ്കിലും അവസാനമായി ഈശ്വരസ്തോത്രമല്ലാതെ മററു മാർഗ്ഗമൊന്നുമില്ലെന്നു തീർച്ചയാക്കി ഉമർ ജഗദീശനെ ഉള്ളഴിഞ്ഞ ഭക്തിയോടുകൂടി പ്രാർത്ഥിക്കുവാൻ തുടങ്ങി. അനന്തരം അയാൾ അമീറിനെ നോക്കി ഇങ്ങിനെ പറഞ്ഞു:—'അല്ലയോ അമീർ! ഞങ്ങളെയെല്ലാം ഈ അത്യാപത്തിൽ അകപ്പെടുത്തിയതു നിങ്ങൾ ഒരുവനാണ്. കരയിൽകിടന്നു മരിച്ചിരുന്നുവെങ്കിൽ വിധിയാംവണ്ണമുള്ള ശവദാഹമെങ്കിലും സാധിക്കുമായിരുന്നു. അതിന്നുപോലും ഇടവരുത്താതെ ഞങ്ങളെ ഈ സമുദ്രമദ്ധ്യത്തിലിട്ടു കൊലപ്പെടുത്തി ഞങ്ങളുടെയെല്ലാം ശരീരം ജലജന്തുക്കൾക്കു ഭക്ഷിക്കുവാൻ കൊടുക്കണമെന്നായിരിക്കാം നിങ്ങളുടെ മോഹം. ഈവക അനർത്ഥങ്ങളെയും ആപത്തുകളെയും ഓർത്തിട്ടാണ ഞാൻ നിങ്ങളൊന്നിച്ചില്ലെന്നും കപ്പലിൽ ഞാൻ കാൽ തൊടുവിക്കയില്ലെന്നും ആദ്യമേതന്നെ ശഠിച്ചത്. അപ്പോൾ നിങ്ങൾ എന്നെ എൻെറ വഴിക്കു വിട്ടിരുന്നുവെങ്കിൽ ഇപ്പോൾ എനിക്കു ഈ ആപത്തുകൾക്കിടവരുമായിരുന്നുവോ? ജലത്തിൽ എനിക്കു വലിയ ഭയമാണെന്നുള്ള വസ്തുത നിങ്ങൾക്കു നല്ലവണ്ണം അറിവുള്ളതുമാണ്. മനഃപൂർവ്വം നിങ്ങൾ എന്നെ ചതിക്കുവാൻവേണ്ടി ചെയ്ത പ്രവൃത്തിയാണിതെന്ന് എനിക്കിപ്പോഴാണ് മനസ്സിലായത്'. ഉമറിൻെറ ഈവക വാക്കുകൾ കേട്ട് കപ്പലിൽ വ്യസനാക്രാന്തരായിരുന്ന കൂട്ടുകാരെല്ലാം പൊട്ടിച്ചിരിച്ചുപോയി.

ഈ കടൽക്ഷോഭം മൂന്നു ദിവസത്തോളം ഒരേ രീതിയിൽ നിന്നു. നാലാം ദിവസമായതോടുകൂടി പ്രകൃതത്തിന്നാകമാനം ഒരു മാററം സംഭവിച്ചു. അന്നു വൈകുന്നേരമായപ്പോഴെക്കും കടൽ പൂർവ്വരൂപത്തെ പ്രാപിച്ചു. അമീറും കൂട്ടുകാരും പരമസന്തുഷ്ടിയുമടഞ്ഞു. അപ്പോൾ ഉമർ മററുള്ളവരെ നോക്കി ഇങ്ങിനെ പറഞ്ഞു:—'സ്നേഹിതന്മാരെ! നമ്മുടെ അത്യാപത്തുകളെല്ലാം ഒഴിഞ്ഞതായി കരുതി നിങ്ങളെല്ലാം സന്തോഷിച്ചിരിക്കയാണെല്ലോ. എന്നാൽ നമ്മുടെ ഈ വിജയത്തിനു കാരണം ഞാനാണെന്നു നിങ്ങൾ ഓർക്കണം. ഞാൻ ചെയ്ത ഈശ്വരപ്രാർത്ഥനയുടേയും വഴിപാടുകളുടേയും ഫലമായി അദ്ദേഹത്തിന് എന്നിൽ വാത്സല്യം വർദ്ധിച്ചു വശായ

തിനാലാണ് എൻെറ അപേക്ഷയെ അദ്ദേഹം സദയം കൈക്കൊണ്ടതു്. പ്രവൃത്തി ഏറ്റതു ഞാനാണെങ്കിലും അതിൻെറ ഫലം നമുക്കെല്ലാവൎക്കും കൂടിയുള്ളതാണെല്ലോ. ഇതിലേക്കു ഇനി പല വഴിപാടുകളും ഏവിക്കു കരസ്ഥിറങ്ങിയ ശേഷം ചെയ്തു തീൎക്കേണ്ടതുമുണ്ട്. അതിനാൽ നിങ്ങളും ആ വക ചെലവുകൾക്കായി ഓരോ സംഖ്യ എൻെറ പക്കൽ തരേണ്ടതാണ്. ഇതിൽ ആരും ഒരു തടസ്സവും പുറപ്പെടുവിച്ചില്ല. ഓരോരുത്തരും യഥാശക്തി ഓരോ ചെറിയ സംഖ്യ ഉമറിനു കൊടുത്തു. അപൂൎവ്വം ചിലർമാത്രം പിന്നീടു കൊടുക്കാമെന്നും കരാറുചെയ്തു. ഉമർ നാണയങ്ങളെല്ലാം വാങ്ങി തൻെറ സഞ്ചിയിൽ ഭദ്രമായി കെട്ടിവച്ച ശേഷം വീണ്ടും പറഞ്ഞു:—'ഈശ്വരാനുകൂല്യത്താൽ ഞാൻ ശങ്കലദ്വീപിൽ എത്തിയാലുടനെ കുറെ ശൎക്കരവാങ്ങി നിങ്ങളുടെ പേരിൽ വഴിപാടാക്കി ദൈവനാമത്തിൽ സമുദ്രത്തിലിട്ടേക്കാം. എന്നാൽ ഒന്നരക്കാശിൽ കൂടുതൽ അതിലേക്കു ഞാൻ ചെലവഴിക്കുന്നതല്ലെന്നും തീൎച്ചപ്പെടുത്തിക്കഴിഞ്ഞിട്ടുമുണ്ട്. അതു ഞാൻ ഇവിടെവച്ചുതന്നെ തീൎത്തു എൻെറ ബാദ്ധ്യത കഴിക്കമായിരുന്നു. എന്തു ചെയ്യാം. ഈ നടുക്കടലിൽ ശൎക്കരകിട്ടുവാൻ മാൎഗ്ഗമില്ലല്ലോ.' ഇതു കേട്ടു എല്ലാവരും പൊട്ടിച്ചിരിച്ചു. സ്വതേതന്നെ തമാശക്കാരനും തന്ത്രശാലിയുമായിരുന്നതിനാൽ എല്ലാവൎക്കും ഉമറിനെ വലിയ കാൎയ്യമായിരുന്നു. അതിനാൽ അയാളുടെ പിശുക്കിലും ദുൎവ്യയത്തിലും ആൎക്കും അസൂയയുമില്ലായിരുന്നു.

ഈ അവസരത്തിൽ ഏതാനും പേർ ബദ്ധപ്പെട്ടു വന്നു് അമീറിനെ നോക്കി 'പ്രഭോ! നമ്മുടെ കൂട്ടത്തിൽ പുറപ്പെട്ട ബഹറാം കയറിയിരുന്ന കപ്പലുൾപ്പെടെ നാലെണ്ണം കാണ്മാനെ ഇല്ല. ഞങ്ങൾ ഭൂതക്കണ്ണാടി ഉപയോഗിച്ചുനോക്കിയിട്ടും എവിടെയും ഒരു വിവരവുമാകുന്നില്ല. സമുദ്രത്തിൽ താണുപോയിട്ടുള്ളതായും അറിയുന്നില്ല.' എന്നു പറഞ്ഞു. ഈ വൎത്തമാനം ശ്രവിച്ചമാത്രയിൽ അമീർ ഇടിവെട്ടേററതുപോലെ ഒന്നു നടുങ്ങി. വ്യസനാക്രാന്തനായിത്തീൎന്ന അദ്ദേഹം കുറച്ചു നേരത്തോളം ഒരക്ഷരം പോലും ശബ്ദിക്കുവാൻ ശക്തനല്ലാതെ ഇരുന്നശേഷം തെല്ലൊന്നാശ്വസിച്ചിട്ട് ബഹറാമിൻെറ ബലവീൎയ്യ പരാക്രമങ്ങളേയും യുദ്ധവൈദഗ്ദ്ധ്യത്തേയും കുറിച്ചു പലതും കീൎത്തിച്ചു തുടങ്ങി. വീണ്ടും അദ്ദേഹം ദുഃഖസാഗരത്തിൽ ആണ്ടു. അമീറിൻെറ ഈദൃശാവസ്ഥ കണ്ടപ്പോൾ അദ്ദേഹത്തിൻെറ സ്നേഹിതന്മാർ ഇപ്രകാരം ആശ്വാസവാക്കുകൾ പറഞ്ഞു തുടങ്ങി. 'അമീർ കേവലം അജ്ഞന്മാരെപ്പോലെ അങ്ങ് ഇങ്ങിനെ ഖേദിക്കുന്നതു യുക്തമല്ല. ഞങ്ങളെയെല്ലാം ആശ്വസിപ്പിക്കേണ്ടവനായ അങ്ങ് ഇപ്രകാരം വിലപിക്കുന്നതായാൽ പിന്നെ ഞങ്ങളുടെ അവസ്ഥ എന്താണ്? ബഹറാം നമ്മുടെ സംഘത്തിൽ ഒരു പ്രധാന നേതാവുതന്നെയായിരുന്നു.

അയാളുടെ അഭാവം നമുക്കെല്ലാം കഷ്ടനഷ്ടങ്ങളെ ഉണ്ടാക്കിത്തീക്കുന്നതാണെന്നതിലും സംശയമില്ല. എന്നാൽ ആ കപ്പലുകൾ സമുദ്രത്തിൽ മുങ്ങിപോയിട്ടില്ലെന്നാണ ഞങ്ങൾക്ക തോന്നുന്നത്. കഴിഞ്ഞ ദിവസങ്ങളിലെ കൊടുങ്കാററിന്റെ ശക്തി നമുക്കൊക്കെ അറിവുള്ളതാണെല്ലൊ. ആ കപ്പലുകൾ കാററിൽപെട്ട് എവിടേയോ ദൂരദിക്കിൽപോയി അകപ്പെട്ടിട്ടുണ്ടായിരിക്കണം. ദൈവം നമ്മെ അനുഗ്രഹിക്കാതിരിക്കയില്ല. നാം കരയടുക്കുന്നതോടുകൂടി അവരും വന്നു ചേരുന്നതാണ്.' അവർ ഇപ്രകാരം പറഞ്ഞുകൊണ്ടിരിക്കുന്നതിന്നിടയിൽ ഉമർ കടന്നു വന്ന് അമീറിനെ നോക്കിപ്പറഞ്ഞു:—'അമീർ അവർകളെ! ഞാൻ ഇന്നലെ വൈകുന്നേരം ദൈവനാമത്തിൽ ചെയ്ത സ്തോത്രങ്ങളുടെയും നേർച്ചകളുടേയും ഫലമായി ഞാനും നിങ്ങളുമെല്ലാം രക്ഷപ്രാപിച്ചു. അതുപോലെ നിങ്ങളുംചില നേർച്ചകൾ നടത്താമെങ്കിൽ ബഹറാം രക്ഷപ്പെട്ട് ക്ഷണത്തിൽ നമ്മുടെ സമീപം വന്നു ചേരുന്നതാണ്.'

അമീർ:—ഉമർ! നിന്റെ പ്രാത്ഥനയെ അദ്ദേഹം സദയം കൈക്കൊണ്ടു. നിന്റെ നേർച്ചകളിലും അദ്ദേഹത്തിന്നു വിശ്വാസവും തൃപ്തിയുമുണ്ട്. അതിനാൽ ഇക്കാൎയ്യസാദ്ധ്യത്തിന്നും എനിക്കുവേണ്ടി അവ നീ തന്നെനടത്തിയാൽ മതി.

ഉമർ:—നിങ്ങൾ പറയുന്നതു ശരിതന്നെ എന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ ഒരുപക്ഷെ നാം കരക്കടുത്ത ശേഷമാണ് ബഹറാം വന്നു ചേരാനിടയായതെന്നു വന്നാൽ അപ്പോൾ അങ്ങ് എന്റെ നേരെ കയൎത്തേക്കുമോ എന്ന് എനിക്ക വളരെ സംശയമുണ്ട്. മാത്രവുമല്ല, നേർച്ചക്ക വേണ്ടി ഞാൻ ചെലവിടുന്ന പണം അങ്ങ് തന്നില്ലെന്നും വന്നേക്കാം. അങ്ങിനെ വന്നാൽ ആ നഷ്ടം ഞാൻ സഹിക്കേണ്ടതായും വരും.

അമീർ:—ഞാൻ കരാറ ലംഘനം വരുത്തുമെന്നാണോ നീ ഭയപ്പെടുന്നതു? നല്ല കാൎയ്യംതന്നെ. അങ്ങിനെ നീ ഭയപ്പെടേണ്ട. നിനക്ക ചെലവാകുന്ന പണം ബഹറാം വന്നാലും വന്നില്ലെങ്കിലും ഞാൻ തരാം.

## ഇരുപത്തിരണ്ടാം അദ്ധ്യായം.

മേൽപറഞ്ഞ സംഭവങ്ങൾക്കശേഷം അമീറും കൂട്ടുകാരും ആപൽശങ്കകൂടാതെ വീണ്ടും ശങ്കലദ്വീപിനെ ലക്ഷ്യമാക്കി തങ്ങളുടെ കപ്പലുകളെ നയിച്ചു. ഇങ്ങിനെ യാത്ര തുടൎന്നു കുറേദൂരം പോയപ്പോൾ കപ്പൽക്കാരിൽ ചിലർ പരിഭ്രമത്തോടുകൂടി ഓടി അമീറിന്റെ സമീപം വന്ന് അദ്ദേഹ

ത്തോടിങ്ങിനെ അറിയിച്ചു:—'പ്രഭോ! നമ്മുടെ യാത്രയിൽ ഇനി യാതൊരപകടവും ഉണ്ടാകുന്നതല്ലെന്നാണ നാം കരുതിയിരുന്നതു്. എന്നാൽ ഇപ്പോൾ നേരിടുവാൻ പോകുന്ന അത്യാപത്തിനെപ്പററി ഓൎക്കുന്നതായാൽ ഇതുവരെ ഉണ്ടായതൊന്നും സാരമില്ലെന്നുവേണം വിചാരിക്കേണ്ടതു്. ഇതാ അതിഭയങ്കരമായ കൊടുംകാററും കടൽക്ഷോഭവും ഉണ്ടാകുവാനുള്ള ലക്ഷണങ്ങൾ കാണുന്നു. തീൎച്ചയായും നമ്മുടെ കപ്പലുകൾ ഇത്തരണത്തെ കാററിൽ പെട്ടു സമുദ്രത്തിൽ താഴ്ന്നു പോകുമെന്നുതന്നെയാണു തോന്നുന്നതു്.' ഈ വൎത്തമാനം കേട്ടമാത്രയിൽ കപ്പലിലുണ്ടായിരുന്നവരുടെ ഭീതിക്കും പരിഭ്രമത്തിനും അതിരില്ലായിരുന്നു. ഉമറിൻെറ കഥ പറയാനുമില്ലായിരുന്നു. അയാൾ ദൈവനാമത്തെ അത്യുച്ചത്തിൽ ഉച്ചരിച്ചുകൊണ്ടു് തന്നെ രക്ഷിക്കേണമേ എന്നു് പലവിധം സ്തോത്രങ്ങൾ ചെയ്തുതുടങ്ങി. പലേ വഴിപാടുകളും അയാൾ പലക്കും നേൎന്നും കഴിഞ്ഞു.

ഈ തകൃതികൾക്കിടയിൽ കാററം ആരംഭിച്ചു. ക്ഷണനേരത്തിനുള്ളിൽ ആകാശമണ്ഡലം കറുത്തിരുളുകയും മഹാമാരി ചൊരിയുകയും ചെയ്തു. ഈ തരുണത്തിൽ അമീർ അത്യന്തം ദാന്തനായിത്തീൎന്നു്. എങ്കിലും ധീരചിത്തനായ അദ്ദേഹം തൻെറ കൂട്ടുകാരെയെല്ലാം സമാധാനപ്പെടുത്തിയശേഷം അനന്തരകരണീയത്തെപ്പററി ഓരോന്നു ചിന്തിച്ചുതുടങ്ങി. എന്തുതന്നെയായിട്ടും യാതൊരു രക്ഷാമാൎഗ്ഗവും അദ്ദേഹത്തിൻെറ ചിന്തയിൽ എത്തുപെട്ടില്ല. കാററിൻെറ ശക്തിയാൽ കടൽ വല്ലാതെ ക്ഷോഭിക്കുകയും തിരമാലകൾ ഉന്നതങ്ങളായ മലകളെന്നവണ്ണം ഉയൎന്നു പാഞ്ഞുവന്നു ശക്തിമത്തായവണ്ണം കപ്പലിൽ അടിച്ചുതുടങ്ങുകയും ചെയ്തു. കപ്പൽ കീഴ്മേൽ മറിഞ്ഞുതുടങ്ങി. കപ്പൽ ഇപ്പോൾ മറിയും ഇപ്പോൾ മറിയും എന്നുള്ള ശങ്കയെ യാത്രക്കാരിൽ വളൎത്തിക്കൊണ്ടിരുന്നു. സമുദ്രത്തിൻെറ താല്ക്കാലികസ്ഥിതിയെ അമീർ നല്ലതുപോലെ സൂക്ഷിച്ചു. അപ്പോൾ തങ്ങളുടെ കപ്പൽ വന്നകപ്പെട്ടിരിക്കുന്നതു് ഒരു വലിയ ചുഴിയിൽ ആണെന്നു അമീറിനുമനസ്സിലായി. അവിടെ കപ്പൽ താഴ്ന്നുപോകുന്നപക്ഷം പിന്നെ ജീവിക്കുന്ന കാൎയ്യവും അസാദ്ധ്യമാണെന്നു് അദ്ദേഹത്തിന്നു ബോദ്ധ്യമായി. വിധിയെ തടുക്കുക ആരാലും ശക്യമല്ലല്ലോ; വരുന്നതു വരട്ടെ എന്നു ധൈൎയ്യപ്പെട്ടുകൊണ്ടു് അമീർ സമുദ്രച്ചുഴിയെ നല്ലവണ്ണം സൂക്ഷിച്ചു. അപ്പോൾ സമീപത്തൊരിടത്തായി സാമാന്യം വണ്ണത്തിൽ ഒരു കൽത്തൂൺ നില്ക്കുന്നതായി അദ്ദേഹം കണ്ടു. സമുദ്രനിരപ്പിൽനിന്നും കുറെ ഏറെ ഉയൎന്നിട്ടാണു് അതു നിന്നിരുന്നതു്. അമീറിൻെറ ശ്രദ്ധ അതിൽ സവിശേഷമായി പതിഞ്ഞു. ആ തൂണിൻെറ മുകൾപരപ്പിൽ കട്ടിലിൻെറ ആകൃതിയിൽ മാർബിൾകല്ലുകൊണ്ടു ചെയ്തിട്ടുള്ള എന്തോ ഒരു വസ്തു സ്ഥിതിചെയ്യുന്നതായും അതിൽ ഒരു ഭാഗത്തു അറബിഭാഷയിൽ എന്തോ ചിത്രീകരിച്ചി

രിക്കുന്നതായും അദ്ദേഹം കണ്ടു. എന്താണെഴുതിയിരിക്കുന്നതെന്നറിവാൻ അമീറിന്നത്യാശയുണ്ടായി അദ്ദേഹം അതിനെ ഉറവനോക്കി വായിച്ചു തുടങ്ങി.

'അല്ലയോ അമീർ! നിങ്ങളുടെ കപ്പലുകൾ ഇവിടെ വലിയ അപകടസന്ധിയിൽ അകപ്പെട്ടും. അപ്പോൾ നിങ്ങൾ ഈ തൂണിൻെറ മുകളിൽ കയറി ഇതിൽ വച്ചിരിക്കുന്ന പെരുംപറ നിങ്ങൾതന്നെ അടിച്ചു ശബ്ദമുണ്ടാക്കുകയോ അല്ലാത്തപക്ഷം മററാരെക്കൊണ്ടെങ്കിലും അടിപ്പിക്കുകയോ ചെയ്യാൽ അതേ മാത്രയിൽ നിങ്ങൾക്കു ഈ അത്യാപത്തിൽനിന്നും രക്ഷനേടാം' എന്നിങ്ങിനെ എഴുതിയിരിക്കുന്നതു കണ്ടു ആശ്ചര്യപരതന്ത്രനായിത്തീൎന്ന അമീർ ഉമറിനെ വിളിച്ചു ഇങ്ങിനെ പറഞ്ഞു:—സഹോദരാ! ഞാൻ അതാ കടലിൽ കാണുന്ന ആ തൂണിൻെറ മിതെ കയറാൻ പോകുകയാണ്. അതിൽ ഇരിക്കുന്ന പെരുംപറ അടിച്ചാൽ നമ്മുടെ അപകടം ഒഴിയുന്നതാണ്. എൻെറ ഒരുവൻെറ ജീവനു കേടുഭവിച്ചാലും ഞാനൊഴിച്ചു ബാക്കിയുള്ള എല്ലാവരും ജീവിക്കുന്നതാണല്ലോ.' ഉമർ മറുപടി പറഞ്ഞു:—'പ്രഭോ! അങ്ങുതന്നെ ആ കൃത്യം നിൎവ്വഹിക്കണമെന്നില്ലല്ലോ. അങ്ങയുടെ ആജ്ഞാനുസരണം മററാരെങ്കിലും അതു ചെയ്താലും മതിയെന്നാണല്ലോ അതിൽ എഴുതിയിരിക്കുന്നതു്. അതുകൊണ്ടു് അങ്ങേക്കപകരമായി ഞാൻചെന്നു് ആ കാര്യം സാധിപ്പിക്കാം.' കപ്പലിൽ കിടന്നു മരിക്കുന്നതിൽ ഭേദം ആ തൂണിന്മേൽ കയറി രക്ഷ പ്രാപിക്കുന്നതാണെല്ലോ എന്നു കരുതിയാണ് ഉമർ ഇങ്ങിനെ പറഞ്ഞതു്. ആ തൂണിന്മേൽ ചെന്നു കയറിയാൽ പിന്നീടവിടെനിന്നും കരക്കുപോയി ചേരുന്നതെങ്ങിനെയെന്നോ മററപകടങ്ങൾ വല്ലതും നേരിട്ടേക്കുമെന്നോ ഉമർ തെല്ലും ആലോചിച്ചില്ല. കപ്പലുകൾ മുങ്ങിപ്പോകുമെന്നുതന്നെയായിരുന്നു അയാളുടെ വിശ്വാസം. അനന്തരം അയാൾ കപ്പലിലുണ്ടായിരുന്ന തൻെറ കൂട്ടുകാരെ നോക്കി ഇങ്ങിനെ പറഞ്ഞു:—'ഞാൻ നിങ്ങളുടെ ജീവരക്ഷയെ മാത്രം കരുതി എൻെറ ജീവനെ തൃണവൽ ഗണിച്ചു ഇതാ ആ തൂണിന്മേൽ കയറുവാൻ പോകുകയാണ്. നിങ്ങൾക്കു ജീവൻ കിട്ടിയാൽ എങ്ങിനേയും ജീവിക്കാമെല്ലോ. അതുകൊണ്ടു നിങ്ങൾ നിങ്ങളുടെ പണസ്സഞ്ചികൾ അഴിച്ചു് ഞാൻ നിങ്ങൾക്കുചെയ്യുന്ന ഈ സഹായത്തിന്നു പ്രതിഫലമായി യഥാശക്തി സംഖ്യകൾ എനിക്കു തരിക. ബാക്കി സംഖ്യ ഞാൻ ജീവിച്ചു മടങ്ങി എത്തുന്നപക്ഷം അപ്പോൾ തന്നാൽ മതിയാകും.'

ദ്രവ്യലോലുപനായ ഉമറിൻെറ ഇഷ്ടത്തോടനുകൂലിക്കയല്ലാതെ ഗത്യന്തരമില്ലായ്കയാൽ അവരിൽ ഓരോരുത്തരും ആയിരം, അഞ്ഞൂറ, നൂറ് ഈ കണക്കിൽ സ്വൎണ്ണനാണയങ്ങൾ എടുത്തു് ഉമറിനു കൊടുത്തു. ഉമർ പരമസന്തുഷ്ടനായി, അതെല്ലാം കെട്ടി ശരിയാക്കി സൂക്ഷിച്ച ശേഷം എന്തൊ

കുറയോ ആലോചിച്ചുകൊണ്ടു ശ്വാസവേഗത്തെ അടക്കി ആ തൂണിനെ ലക്ഷ്യമായി ഒരു ചാട്ടം ചാടി. തൂണിന്മേൽ എത്തുംമുൻപെതന്നെ ഉറപ്പിച്ചു പിടിച്ചിരുന്ന ശ്വാസം തെല്ലൊന്നിളകി വശാവുക നിമിത്തം അയാൾ തൂണിനോടു സമീപിച്ച മാത്രയിൽ വെള്ളത്തിൽ വീണുപോയി. തന്റെ ലാക്കു തെററിപ്പോക നിമിത്തം ഉമർ ഭയാക്രാന്തനായിത്തീൎന്നു. അലകളുടെ ശക്തിയാൽ അയാൾ ക്രമേണ തൂണു നില്ക്കുന്ന സ്ഥലത്തുനിന്നും അല്പാല്പം അകലുവാൻ തുടങ്ങി. അപകടം നിശ്ചയംതന്നെ എന്നു് ഉമർ തീൎച്ചയാക്കി. അപ്പോൾ സമീപത്തൊരിടത്തായി പൎവ്വതതുല്യമായ ഒരു മുതല കിടക്കുന്നതു കണ്ടു. വായും പൊളിച്ചു കിടന്നിരുന്ന അതിനെ കണ്ട മാത്രയിൽതന്നെ ഉമറിന്റെ ഭീതി ഒന്നുകൂടി വൎദ്ധിച്ചു. എങ്കിലും ക്ഷണത്തിൽ അയാൾ ധൈൎയ്യമവലംബിച്ചുകൊണ്ടു് ആ മുതലയെ കടന്നുപിടിച്ചു് അതിന്റെ മുതുകിൽ കയറിനിന്നു് തന്റെ സൎവ്വശക്തിയും പ്രയോഗിച്ചു് തൂണിന്റെ മുകൾപ്പരപ്പു നോക്കി ഒരു കുതികുതിച്ചു. ഉമർ അടുത്ത നിമിഷത്തിൽ ഉദ്ദിഷ്ടസ്ഥലത്തെത്തി. ഉമറിന്റെ ധൈൎയ്യപൂൎവ്വമായ ഈ പ്രവൃത്തികളെ സൂക്ഷിച്ചുകൊണ്ടു കപ്പലിൽ നിന്നിരുന്നവരെല്ലാം സന്തോഷത്തോടുകൂടി ആൎത്തുവിളിച്ചു.

ഉമർ ആ തൂണിന്റെ മുകളിൽ മാൎബിൾകല്ലുകൊണ്ടു വിചിത്രമായി നിൎമ്മിച്ചുവച്ചിരുന്ന കട്ടിലും മററും സൂക്ഷിച്ചുനോക്കി. പെരുമ്പറക്കു സമീപത്തുതന്നെ അതടിക്കുവാൻ വേണ്ട ഒരു ബലമുള്ള കോൽ ഇരിക്കുന്നതു കണ്ടു. അയാൾ അതെടുത്തു ബലമായി അടിച്ചു ശബ്ദമുണ്ടാക്കി. വിശാലമായ സമുദ്രമദ്ധ്യത്തിൽ നിന്നും പുറപ്പെട്ട ആ ധ്വനി അനേക മൈൽ ദൂരത്തോളം ഇടിമുഴക്കംപോലെ മുഴങ്ങി. പെരുമ്പറയുടെ ഗംഭീരനാദം ഉദ്ഗമിച്ച മാത്രയിൽ ചുഴലിക്കാററു നിശ്ശേഷം നിലക്കുകയും അമീറിന്റെ കപ്പലുകൾ ആപൽശങ്കകൂടാതെ അതിവേഗത്തിൽ ഓടിത്തുടങ്ങുകയും ചെയ്യു. ആ തൂണിൽ കയറി ഇരുന്നാൽ മററു കപ്പലുകളേതെങ്കിലും വരുമെന്നും അപ്പോൾ അതിൽകയറി രക്ഷനേടാമെന്നുമായിരുന്നു ഉമർ വിചാരിച്ചിരുന്നതു്. എന്നാൽ കപ്പലുകളൊക്കെ ഓടിപ്പോയി താൻ അവിടെ ഏകാകിയായിത്തീൎന്നപ്പോൾ ഉമറിന്റെ ധൈൎയ്യം നിശ്ശേഷം അസ്തമിച്ചു. രക്ഷാമാൎഗ്ഗത്തെപ്പററി അയാൾ എത്രതന്നെ ചിന്തിച്ചിട്ടും യാതൊന്നും എത്തുപെട്ടില്ല.

ചുഴലിക്കാററിൽനിന്നും രക്ഷപ്പെട്ടുപോയ കപ്പലുകളെല്ലാം ശങ്കലദ്വീപിലെ പ്രധാന തുറമുഖത്തു ചെന്നുചേൎന്നു. എല്ലാവരും കരയ്ക്കിറങ്ങി അനന്തരകരണീയത്തെപ്പററി ചിന്തിച്ചുതുടങ്ങി. ഉമർ ആ മാൎബിൾകട്ടിലിന്മേൽ വളരെ നേരമിരുന്നു വിഷമിച്ചിട്ടും രക്ഷാമാൎഗ്ഗമൊന്നും ഉണ്ടാകുന്ന

ലക്ഷണവും കാണ്മാനില്ലാതായി. ഇങ്ങിനെയിരിക്കെ തന്റെ ഏററവും സമീപത്തുനിന്ന് ആരോ തനിക്കു സലാം പറയുന്നതായി ഒരു ശബ്ദം ഉമറിന്റെ ചെകിട്ടിൽ പെട്ടു. ആശ്ചൎയ്യപരവശനായി ഉമർ നാലുപാടും സൂക്ഷിച്ചുനോക്കിയതിൽ ആരെയും കാണ്മാനുമില്ലായിരുന്നു. ആരും അവിടെ വരാനും മാൎഗ്ഗമില്ലായിരുന്നു. തന്നിമിത്തം അയാൾക്കു പലേ ആശങ്കകളും ജനിച്ചുവശായതിൽ അതിശയിപ്പാനില്ലല്ലോ. വീണ്ടും വീണ്ടും അയാൾ നാലുപുറവും സൂക്ഷിച്ചു. ആരെയും കണ്ടില്ല. ഒരുപക്ഷെ തന്റെ ജീവനെ അപഹരിക്കുവാൻ വന്നിരിക്കുന്ന കാലദൂതന്മാരുടെ ശബ്ദമായിരിക്കുമോ. അതെന്നും അയാൾ ശങ്കിച്ചു. 'കഷ്ടം! ഞാൻ ഇത്തരത്തിൽ ഇവിടെക്കിടന്നു മരിക്കത്തക്കവിധത്തിൽ യാതൊരകൃത്യവും ചെയ്യുതായിഓൎക്കുന്നില്ല. എനിക്കു പെട്ടെന്നു മരണം നേരിടുന്നപക്ഷം എന്റെ ശവസംസ്കാരം ചെയ്യാൻകൂടി ആരുമില്ലല്ലോ. ദൈവമേ! നീ എന്നെ ഇതു വെരുക്കുന്നുവോ? ഞാൻ നിന്നെ യഥാകാലങ്ങളിൽ പൂജിച്ചതിനു നീ എനിക്കു ഇത്തരത്തിലുള്ള പ്രതിഫലമാണു നൽകുന്നതെന്നു ഞാൻ ഒരിക്കലും ധരിച്ചില്ല' എന്നിങ്ങിനെ അയാൾ ഓരോന്നു പറഞ്ഞു പ്രലപിക്കുന്നതിന്നിടയിൽ തന്റെ മുമ്പിൽ ആരോ ഒരാൾ പ്രത്യക്ഷീഭവിച്ചിരിക്കുന്നതായികണ്ടു. ഉമർ സൂക്ഷിച്ചുനോക്കി. മുഖമൂടി ധരിച്ചുനിന്നിരുന്ന ആ ആൾ ആരായാലും ഒരു ദിവ്യപുരുഷനായിരിക്കുമെന്നു ഉമർ തീൎച്ചയാക്കി അദ്ദേഹത്തോടു ഭക്തിപൂൎവ്വം ഇങ്ങിനെ ചോദിച്ചു:— 'പ്രഭോ! അങ്ങാരാണ്? ഈ സ്ഥലത്തു വരാനുണ്ടായ കാരണം എന്താണ്?' അദ്ദേഹം അതിന്നു മറുപടി പറഞ്ഞു:— 'ഉമർ! നീ ഭയപ്പെടേണ്ട. ഞാൻ നിന്നെ സഹായിക്കുവാനായി ദൈവനിയോഗത്താൽ വന്നിട്ടുള്ളവനാണ്.' ഉമറിനു പൊയ്പ്പോയ തന്റെ ജീവൻ വീണ്ടുകിട്ടി. അയാൾ പെട്ടെന്ന് ആ ദൈവദൂതന്റെ പാദകമലങ്ങളിൽ പലപ്രാവശ്യം നമസ്കരിച്ചു. അനന്തരം ഉമർ അദ്ദേഹത്തോട് 'പ്രഭോ! ഞാൻ വിശപ്പുകൊണ്ടും ദാഹംകൊണ്ടും അത്യന്തം ക്ഷീണനായിത്തീൎന്നിരിക്കുന്നു. എനിക്കു സംസാരിക്കുവാൻ തന്നെയും ശക്തിപോരാ. അങ്ങല്ലാതെ എന്നെ ഈ അത്യാപത്തിൽനിന്നും കരകേററുവാൻ മററാരുമില്ല. ഞാൻ അങ്ങയെ ആത്മാൎത്ഥമായി വിശ്വസിക്കുന്നു' എന്നു പറഞ്ഞു. അപ്പോൾ അദ്ദേഹം ഉമറിന് ഒരു റൊട്ടി കൊടുത്ത് അതു ഭക്ഷിക്കുവാനും അതിനുശേഷം കുടിക്കുവാൻ വെള്ളം കൊടുക്കാമെന്നും പറഞ്ഞു. വളരെ ചെറിയ ഒരു റൊട്ടിയായിരുന്നു അതു്. തന്റെ വൎദ്ധിച്ച വിശപ്പടക്കുവാൻ അതു് ഒട്ടും ഉപകരിക്കുന്നതല്ലല്ലോ എന്നോൎത്തു് ഉമർ വിഷാദത്തോടുകൂടി അദ്ദേഹത്തോട് ഇങ്ങിനെ പറഞ്ഞു. 'നബിരത്നമെ! അങ്ങു ദൈവത്തിന്റെ ഒരു പ്രത്യേക ആളാണെങ്കിലും ഞാനും അദ്ദേഹത്തിന്റെ സൃഷ്ടിയിൽ ഒരുവനാണല്ലോ. എന്റെ താല്പ

ലികസ്ഥിതിയും അങ്ങേക്കനുഭവമാണല്ലോ. എന്നിട്ടും അങ്ങെന്നെ പരിഹസിക്കുന്നതുപോലെ തോന്നുന്നു. ഞാൻ മിക്കവാറും ഇവിടെ മരിക്കാറായി സ്ഥിതിചെയ്യുന്ന ഒരുവൻ. ആരുമൊരു തുണയില്ലാത്തവൻ. വിശപ്പും ദാഹവും സഹിയാത്തവൻ. വിശപ്പും ക്ഷീണവും മാറിട്ടായിരുന്നുവെങ്കിൽ എന്തു തമാശകളിലും ഇടപെട്ടു സമയം പോക്കാമായിരുന്നു. അല്ലാത്തപക്ഷം ഇനി ഞാൻ ഒരക്ഷരംപോലും ശബ്ദിക്കുവാൻ ശക്തനാകുമെന്നു തോന്നുന്നില്ല.'

നബി:— ഉമർ! നീ പറയുന്നതൊന്നും എനിക്കു മനസ്സിലാകുന്നില്ല. ഞാൻ നിന്നെ പരിഹസിക്കുവാൻ വന്നവനും മററുമല്ല. നിന്റെ വദ്ധിച്ചിരിക്കുന്ന വിശപ്പുകണ്ടു ഞാൻ നിനക്കു ഭക്ഷിക്കുവാൻ ഒരു റൊട്ടിതന്നു. അതു തിന്നുതീന്നശേഷം കുടിക്കുവാൻ വെള്ളവും തരാം. റൊട്ടി തിന്നുംമുൻപ വിശപ്പു തീരണമെന്നു ശഠിച്ചാൽ എന്താണു ചെയ്യുക. അതൊന്നും പോരാഞ്ഞു നീ എന്തൊക്കയോ ജല്പിക്കുകയും ചെയ്യുന്നു.

ഉമർ:—പ്രഭോ! വിശന്നു വലഞ്ഞുനില്ക്കുന്ന ഒരു ഒട്ടകത്തിന്റെ വായിൽ ഒരു കടുകുമണി ഇട്ടുകൊടുത്താൽ അതിന്റെ വിശപ്പു എത്രകണ്ടു തീരുമെന്നു് അങ്ങേക്കും ആലോചിച്ചാൽ അറിയാമല്ലോ. അതുപോലെ എന്തുതിന്നാലും എത്രതിന്നാലും മാറാത്തവിധം അത്ര വദ്ധിച്ച വിശപ്പോടുകൂടിയിരിക്കുന്ന എനിക്കു ഒരു ചെറിയ റൊട്ടി എത്രമാത്രം ഉതകുമെന്നു ഞാൻ പറഞ്ഞു് അങ്ങയെ അറിയിക്കേണ്ടതില്ലല്ലോ. അങ്ങു തന്ന ഈ ചെറുറൊട്ടി എന്റെ തൊണ്ടക്കുഴിയിൽ പുരളാൽകൂടി ഇല്ല.

നബി:—ഹേ, മനുഷ്യ! നീ ആദ്യമായി നിന്റെ ഹൃദയത്തെ സദ്വിചാരങ്ങളെക്കൊണ്ടു ശുദ്ധീകരിക്കുക. അനന്തരം ഈ റൊട്ടി തിന്നുക. അപ്പോൾ നിനക്കിതിന്റെ മഹിമ മനസ്സിലാകും. നീ എത്രകാലം തിന്നാലും ഈ റൊട്ടി മുഴുവൻ തീക്കാൻ സാധിക്കുന്നതല്ല. അതൊന്നും ആലോചിക്കാതെ വെറും മഠയന്മാരെപ്പോലെ നീ വായിൽതോന്നിയതൊക്കെ പറയുന്നുവല്ലോ.

ഉമർ യാതൊരു പ്രത്യുത്തരവും പറയാതെ അത്യാത്തിയോടുകൂടി റൊട്ടി തിന്നാൻ തുടങ്ങി വയറു നിറയുന്നതുവരെ തിന്നിട്ടും റൊട്ടി അതിന്റെ പൂവ്വരൂപത്തിൽതന്നെ ശേഷിച്ചിരിക്കുന്നതു കണ്ടു് അയാൾ വളരെ ആശ്ചയ്യപ്പെട്ടു. അപ്പോൾ നബി അവർകൾ ഒരു തോൽ സഞ്ചി നിറയെ വെള്ളവും ഉമറിനു കൊടുത്തു. ഉമർ അത്യന്തം കൃതാത്ഥനായി. അതിനുശേഷം നബി ചോദിച്ചു:— 'ഉമർ! നീ ആദ്യം അശേഷം ക്ഷമയില്ലാതെ പുലമ്പിയല്ലോ. ഞാൻ തന്ന റൊട്ടി മുഴുവൻ തിന്നു തീക്കാത്തതെന്താണു്?' ദാഹം തീരത്തക്കവണ്ണം ഉമർ വെള്ളം കുടി

ച്ചുവെങ്കിലും ആ തോൽസഞ്ചിയിലെ വെള്ളത്തിൽ ഒരു തുള്ളിപോലും കുറവു കണ്ടില്ല. ഇതെല്ലാം ദൈവമഹിമകളാണെന്നറിഞ്ഞ് ഉമർ അദ്ദേഹത്തെ ഭക്തിപൂർവ്വം വാഴ്ത്തി. അതിനുശേഷം ഉമർ നബിയോടു പറഞ്ഞു:- 'പ്രഭോ! വിശപ്പും ദാഹവും മനുഷ്യരിൽ ജന്മനാ കൂടികൊണ്ടിട്ടുള്ളതാണ്. അങ്ങ് ഇപ്പോൾതന്നെ ഇവിടം വിട്ടുപോകും. പിന്നെ എപ്പോൾ എന്തിനു ഇവിടേക്കു വരുമെന്ന് ആർക്കറിയാം. കുറെക്കഴിയുമ്പോൾ ഞാൻ പഴയസ്ഥിതിയിൽ വീണ്ടും വിശപ്പിനും ദാഹത്തിനും അധീനനായും തീരും. അപ്പോൾ ഞാൻ എവിടെപ്പോയി ആരോടാണു സഹായം അർത്ഥിക്കുക? അതുകൊണ്ട് ഈ റൊട്ടിയും ജലസഞ്ചിയും ദയചെയ്ത് അങ്ങു എനിക്കു തന്നുപോയാൽ ഞാൻ എങ്ങിനെയും ജീവിച്ചുകൊള്ളാം. അങ്ങു ചെയ്യു ഈ ഉപകാരം ഞാൻ ആജീവനാന്തം മറക്കുന്നതുമല്ല.'

നബി അവർകൾ ഉമറിൻെറ ആഗ്രഹാനുസരണം അവ അയാൾ തന്നെ എടുത്തുകൊള്ളുവാൻ സമ്മതിച്ച ശേഷം ഇങ്ങിനെ പറഞ്ഞു:— 'ഉമർ! ഈ റൊട്ടിയും ജലവും നിനക്കു പലേ അവസരങ്ങളിൽ ഉപകരിക്കും. ഇതാ ഈ ഇരിക്കുന്ന പെരുംപറയും ഇതിനോടു സംബന്ധപ്പെട്ട മററു വസ്തുക്കളും അമീർ അവർകൾക്കു കൊണ്ടുപോയി കൊടുക്കണം. ഇതിൽനിന്നും യാതൊന്നും നീ അപഹരിച്ചു പോകരുത്. ഭദ്രമായിരിക്കട്ടെ.'

ഉമർ:—അങ്ങയുടെ ആജ്ഞാനുസരണം പ്രവർത്തിക്കുവാൻ ഞാൻ സന്നദ്ധനാണ്. എന്നാൽ ഇതുവലിയ സാധനങ്ങൾ ഞാൻ ഏതു വിധത്തിലാണ് ഇവിടെനിന്നും വഹിച്ചുകൊണ്ടു പോകുന്നത്. ഞാൻ ഏകനായി ഇതിൻെറ ഭാരം വഹിക്കുന്നതുമല്ല.

ഉടനെ നബി അവർകൾ ഉമറിൻെറ പക്കൽ ഒരു കംബളം കൊടുത്തിട്ട് 'അതൊക്കെ ഇതിലാക്കി കെട്ടിക്കൊള്ളുക. എന്നാൽ നിനക്കു ലേശവും ഭാരവും പ്രയാസവും തോന്നുകയില്ല' എന്നു പറഞ്ഞു. ഉമർ സന്തോഷംകൊണ്ടു മതിമറന്നു. അയാൾ പെട്ടെന്നു സാമാനങ്ങളെല്ലാം ആ കംബളത്തിലാക്കി കെട്ടി തലയിൽ ഏററിനിന്നു. അപ്പോൾ നബി അവർകൾ ഉമറിനോടു തൻെറ പാദത്തിന്മേൽ കയറിനിന്ന് കണ്ണു നല്ലവണ്ണം അടച്ചുകൊള്ളുവാൻ പറഞ്ഞു. ഉമർ അപ്രകാരം ചെയ്തു. കുറച്ചു കഴിഞ്ഞു നബി പറഞ്ഞ പ്രകാരം ഉമർ കണ്ണു തുറന്നു. ഉമർ നോക്കിയപ്പോൾ താൻ സമുദ്രം വിട്ട് ഏതോ ഒരു കരയിൽ നില്ക്കുന്നതായി തോന്നി. അത്യാപത്തിൽനിന്നും ദൈവം തന്നെ ഇപ്രകാരം രക്ഷിച്ചതിന്ന് അയാൾ അദ്ദേഹത്തെ അനേകം പ്രാവശ്യം സ്തുതിച്ചശേഷം ഇനി എന്താണു പ്രവർത്തിക്കേണ്ടതെന്നു കുറെനേരം ആലോചിച്ചു. ഇതിന്നകം നബി അവർകൾ അന്തർദ്ധാനം ചെയ്കയും ചെയ്തു. ഉമർ കുറെനേരം ആലോചിച്ചശേ

ഷം അമീറും കൂട്ടരും ഇരിക്കുന്ന സ്ഥലമന്വേഷിച്ച് ഒരു മലംപ്രദേശത്തു കൂടി യാത്ര ആരംഭിച്ചു.

ഇനി നമുക്ക അമീറിനെയും കൂട്ടരേയും അനുഗമിക്കാം. അവൻ ശങ്കലാദ്വീപിൽ ചെന്നിറങ്ങിയ മാത്രയിൽ ദൈവനാമത്തിൽ പലേ വഴിപാട്ടുകളും ദസ്സാത്രങ്ങളും നടത്തി. അനന്തരം അമീർ തൻെറ കൂട്ടുകാരെ നോക്കി ഇങ്ങിനെ പറഞ്ഞു:— 'സ്നേഹിതന്മാരെ! നാം രണ്ടു മാസകാലത്തോളം ഇവിടെ താമസിച്ചു വിശ്രമിക്കുന്നതു നന്നായിരിക്കുമെന്നാണ് എൻെറ അഭിപ്രായം. മാത്രമല്ല, അതിനുള്ളിൽ എൻെറ സഹോദരനും നമ്മുടെയെല്ലാം ജീവനെ രക്ഷിച്ചവനുമായ ഉമർ വന്നു ചേരുമോ എന്നു പരിശോധിക്കുകയും ചെയ്യാം. വന്നുചേരാത്ത പക്ഷം അവൻ മരിച്ചുപോയതായി നമുക്ക തീർച്ചയാക്കാം. അനന്തരം അവന്നു വേണ്ട ഉദകക്രിയാദികൾ നാം നടത്താതിരുന്നാൽ അതു മഹാപാതകങ്ങളിൽ ഒന്നായിത്തീരും. അവൻെറ വിയോഗത്തിലുള്ള ഖേദത്തെ സൂചിപ്പിച്ച് നമുക്കു ഇന്നു മുതൽ കറുപ്പു വസ്ത്രങ്ങൾ വേണം ധരിക്കുവാൻ.'

അപ്പ്രകാരം എല്ലാവരും കറുപ്പു വസ്ത്രങ്ങൾ ധരിച്ചു ദുഃഖാചരണം നടത്തി. ഇങ്ങിനെ ഏതാനും ദിവസങ്ങൾ കഴിഞ്ഞു. കരയെത്തിയ ഉമർ കാട്ടുമാർഗ്ഗമായി യാത്ര പുറപ്പെട്ടിരിക്കയായിരുന്നുവല്ലോ. അയാൾ ആ കാട്ടിൻെറ മദ്ധ്യഭാഗത്തെത്തിയപ്പോൾ സമീപത്തൊരിടത്തായി ഒരു ദേവാലയവും അതിൽ നാലഞ്ചുപേർ ഈശ്വരപ്രാർത്ഥന നടത്തിക്കൊണ്ടിരിക്കുന്നതും കണ്ടു. അതു കണ്ടതോടുകൂടി ഉമറും അവരുടെ കൂട്ടത്തിൽ കൂടിച്ചേർന്നു ദേവാരാധന ചെയ്യാൻ തുടങ്ങി. കുറച്ചു കഴിഞ്ഞു ആരാധനയൊക്കെ അവസാനിക്കുകയും ഉറിനെ കൂടാതെ അഞ്ചുപേരുണ്ടായിരുന്നവരിൽ നാലുപേർ നാലു കുതിരപ്പുറത്തു കയറി അതിവേഗത്തിൽ ഓടിച്ചു പോകയുംചെയ്തു. ബാക്കിയുള്ള ഒരാൾ മാത്രം കാൽനടയായും നടന്നു. അപ്പോൾ ഉമറും എഴുന്നേററ് ആ കാൽനടക്കാരൻെറ ഒന്നിച്ചുകൂടി നടക്കുവാൻ തുടങ്ങി. കുറച്ചു വഴി ചെന്നതോടുകൂടി ഉമർ തൻെറ കൂടെയുള്ള ആളിനോടു വളരെ വിനയസ്വരത്തിൽ അയാളുടെ ചരിത്രങ്ങൾ ചോദിച്ചറിവാൻ തുടങ്ങി. ഉമറിൻെറ ചോദ്യത്തിനുത്തരമായി അയാൾ ഇങ്ങിനെ പറഞ്ഞു:— 'സ്നേഹിതാ! ഞങ്ങൾ അഞ്ചുപേരും ദൈവഭജനം ചെയ്തു ജീവിക്കുന്നവരാണ്. അവർ നാലുപേൎക്കും സ്വന്തം കുതിരകൾ ഉള്ളതിനാൽ അവർ കുതിരപ്പുറത്തും നിർദ്ധനനായ ഞാൻ ഇങ്ങിനെ കാൽനടയായും പോകുന്നു. എന്നാൽ, നിങ്ങൾ എനിക്കു ഒരുപകാരം ചെയ്യുന്നപക്ഷം ഞാനും അവരെപ്പോലെ കുതിരപ്പുറത്തു യാത്രചെയ്യുന്നതാണ്.' താൻ എന്തു സഹായമാണ് ചെയ്യേണ്ടതെന്ന് ഉമർ ചോദിച്ചപ്പോൾ അയാൾ വീണ്ടും പറഞ്ഞു:— 'ഇവിടെനിന്നും കുറച്ചു ദൂരം ചെല്ലുമ്പോൾ അവിടെ

ഒരു ചെറിയഗ്രാമവും എനിക്കവിടെ ഒരു വീടുമുണ്ട് ആ വീട്ടിൻെറ മുൻഭാഗത്തായി ഒരു വലിയ ഈന്തമരം നില്പുണ്ട്. അതിൻെറ ചുവട്ടിൽ രണ്ടായിരം തങ്കവരാഹൻ നിറച്ച ഒരു പാത്രവും ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. മററാക്കും കാണ്മാൻ സാധിക്കാതെ അതു കുഴിച്ചിട്ടിരിക്കയുമാണ്. നിങ്ങറം അതിനെ എടുത്തു മൂന്നായി ഭാഗിച്ച് ഒരുഭാഗം എൻെറ വീട്ടുകാക്കും കൊടുത്തു ഒരുഭാഗം നിങ്ങറക്കും എടുക്കാം. ബാക്കിയുള്ള ഒരു ഭാഗംകൊണ്ട് നിങ്ങറം എനിക്കു ഒരു കുതിരയും അതിന്മേൽ യാത്രചെയ്യാനുള്ള ഉപകരണങ്ങളും വാങ്ങിത്തന്നാൽമതി. നിങ്ങറം എനിക്കീ ഉപകാരം ചെയ്യുന്നപക്ഷം അതു ഞാൻ ഒരിക്കലുംമറക്കുന്നതുമല്ല.' എന്നിത്രയുംപറഞ്ഞു തൻെറ വീട്ടിൻെറ സകല അടയാളങ്ങളും വിശദമാക്കി ഗ്രഹിപ്പിച്ചു. ഉമർ ക്ഷണത്തിൽ ആ വക അടയാളങ്ങറം ഗ്രഹിച്ച് അയാളുടെ വീട്ടിനു സമീപം ചെന്നു സ്വൎണ്ണനാണയങ്ങറം കണ്ടെടുക്കുകയും കരാറനുസരിച്ച സകലതും ഭംഗിയായി നിൎവ്വഹിക്കുകയും ചെയ്തു.

അനന്തരം ഉമർ തൻെറ മാൎഗ്ഗത്തെത്തന്നെ ലക്ഷ്യമാക്കി ധൃതിയായി നടന്നു. ഇങ്ങിനെ കുറച്ചുദൂരം പോയതോടുകൂടി ഉമറിനു നല്ല ശരീരസുഖമില്ലാതായി. അതിനാൽ അയാറം സമീപമുള്ള ഒരു വൃക്ഷച്ചുവട്ടിലിരുന്നു കുറച്ചുനേരം വിശ്രമിച്ചു. അപ്പോറം തൻെറ സമീപം വലതുഭാഗത്തായി ഒരു വൃദ്ധമനുഷ്യൻ നില്ക്കുന്നതിനെ ഉമർ കണ്ടു. ഉമർ പെട്ടെന്ന് അദ്ദേഹത്തിൻെറ സമീപം ചെന്നു ബഹുമാനപൂൎവ്വം വന്ദിച്ചശേഷം അദ്ദേഹത്തോട് 'അങ്ങാരാണ്?' എന്നു വിനീതസ്വരത്തിൽ ചോദിച്ചു. വൃദ്ധൻ മറുപടി പറഞ്ഞു:—'ഉമർ! ദൈവനിയോഗപ്രകാരം ഞാൻ നിനക്കു ചില സാധനങ്ങറം കൊണ്ടുവന്നു തരുന്നതിലേക്കായി വന്നവനാണ്.' ഇത്രയുംപറഞ്ഞ് അദ്ദേഹം ഒരു വലയും ഒരു കമ്പളവും എടുത്തു ഉമറിൻെറ നേരെ നീട്ടിക്കൊണ്ടു വീണ്ടും പറഞ്ഞു:—'നീ ഈ ലോകം മുഴുവൻ എടുത്ത് ഈ വലക്കകത്താക്കിയാലും അത് ഇതിലൊതുങ്ങുകയും ലേശം പോലും ഭാരം തോന്നിക്കാതെ നിനക്കതിനെ എടുത്ത് ഇഷ്ടംപോലെ എവിടെവേണമെങ്കിലും സ്വാതന്ത്ര്യമായി കൊണ്ടുപോകാവുന്നതുമാണ്. ഈ കമ്പിളി നിൻെറ ശരീരത്തിൽ മൂടിപ്പുതച്ചാൽ ഈ ലോകത്തുള്ള ഒരു ജീവിക്കുപോലും നിന്നെ കാണ്മാനും സാധിക്കുന്നതല്ല. എന്നാൽ നിനക്കു എല്ലാവരേയും ശരിക്കു കാണുകയും ചെയ്യാം.' ഈ വിശിഷ്ടസാധനങ്ങറം രണ്ടും ഉമറിൻെറ പക്കൽ കൊടുത്തിട്ട് അദ്ദേഹം അന്തൎദ്ധാനം ചെയ്തു.

ഉമർ അത്യന്തം സന്തുഷ്ടനായി അവിടെനിന്നും നടന്ന് ഏതാനും ദിവസങ്ങറക്കു ശേഷം അമീറും കൂട്ടരും താമസിക്കുന്ന സ്ഥലത്തിനു സമീപം ചെന്നുചേൎന്നു. അയാറം കൂട്ടുകാരെയെല്ലാം നല്ലവണ്ണം നോക്കി അറിഞ്ഞശേഷം ഇങ്ങിനെ ചിന്തിച്ചു:—'ഇവരെല്ലാവരും ദുഃഖസൂചകമായ

കറപ്പു വസ്ത്രങ്ങൾ ധരിച്ചു കാണുന്നുവല്ലോ. ഇതിന്നു കാരണം എന്തായിരിക്കാം. ഏതായാലും ഇവരുടെ സമീപംചെന്നു പരിശോധിക്കുക തന്നെ ഉത്തമം' ഉമർ വേഗത്തിൽ ഒരന്യനാട്ടുപ്രാകൃതമനുഷ്യനെപ്പോലെ വേഷം ധരിച്ചു സൈന്യസംഘത്തിൻെറ സമീപം ചെന്നു് അതിൽ ഒരുവനെ സമീപം വിളിച്ചു് ഇങ്ങിനെ ചോദിച്ചു:—'ഈ സൈന്യങ്ങളെല്ലാം ആരുടേതാണ്? എല്ലാവരും ഇങ്ങിനെ കറപ്പുവസ്ത്രങ്ങൾ ധരിച്ചിരിക്കുന്നതെന്താണ്?' ഈ ചോദ്യം കേട്ട മാത്രയിൽ അവൻ വളരെ ഗൌരവത്തോടുകൂടി 'ഹേ, മനുഷ്യാ! ഇതാരുടെ സൈന്യമാണെന്നു നിനക്കറിഞ്ഞുകൂടെ? ഇതു പ്രസിദ്ധനായ അമീർഹംസ അവർകളുടെ സൈന്യസംഘമാണ്. കുറച്ചുനാളായി ഇവിടെ താവളമടിച്ചു താമസിക്കയുമാണ്. ഉമർ എന്നു പേരായി ഞങ്ങളുടെ അമീർ അവർകൾക്കു ഒരു പ്രിയ സഹോദരനുണ്ടായിരുന്നു. അദ്ദേഹത്തെ അമീർ തൻെറ സ്വന്ത ശരീരത്തെക്കാളും കൂടുതലായി സ്നേഹിച്ചിരുന്നു. ഞങ്ങൾ ഇവിടത്തേക്കു വരുംവഴി കപ്പലുകൾ ചുഴലിക്കാററിൽ അകപ്പെട്ടപ്പോൾ സമുദ്രത്തിൽ വീണ് അദ്ദേഹം മരിച്ചുപോയി. അതിനാൽ ഞങ്ങളുടെ അമീർ ആ ദുഃഖം ആചരിക്കുകയാണ്. ഞങ്ങളും അദ്ദേഹത്തോടൊപ്പം ദുഃഖത്തെ ആചരിക്കുന്നതിൻെറ ലക്ഷ്യമാണ് ഈ കറപ്പു വസ്ത്രങ്ങൾ. ഇന്നേക്കു ഉമർ അവർകളുടെ മരണശേഷം നാല്പതാം ദിവസമാണ്. ഇന്നു് അനവധി സാധുക്കൾക്കു ഭക്ഷണം കൊടുക്കുക, ഈശ്വരാരാധന നടത്തുക മുതലായ ഏപ്പാടുകളെല്ലാമുണ്ട്. അതിൻെറ ബഹളമാണ് ഈ കേൾക്കുന്ന ശബ്ദങ്ങൾ' എന്നു പറഞ്ഞു. വസ്തുതകൾ ഗ്രഹിച്ചതോടുകൂടി ഉമറിന്നു അടക്കവഹിയാത്ത ചിരിയുണ്ടായി. എങ്കിലും അതൊക്കെ ഉള്ളിൽ അടക്കിക്കൊണ്ട് അയാൾ മററു ഫക്കീറന്മാരോടൊന്നിച്ചു കൂടാരത്തിനുള്ളിൽ കടന്നു തൻെറ പേരിൽ കൊടുക്കപ്പെടുന്ന ധർമ്മച്ചോറു വാങ്ങി വയറു നിറയെ ഭക്ഷിച്ചു. അയാൾ അന്നു പകൽ മുഴുവൻ ഫക്കീർ വേഷത്തിൽ അവിടെയൊക്കെ ചുററി നടന്നു.

രാത്രിയിൽ എല്ലാവരും അവരവരുടെ കൂടാരങ്ങളിൽ കടന്നു നല്ല ഉറക്കമായി എന്നുകണ്ടപ്പോൾ, വഴിക്കുവച്ചു ദൈവദൂതൻ നൽകിയ പുതപ്പെടുത്തു ശരീരം നല്ലവണ്ണം മൂടിപ്പുതച്ചുകൊണ്ട് ആദ്യമായി ആദി എന്നു പേരായ സൈന്യനായകൻെറ കൂടാരത്തിലേക്കു പ്രവേശിച്ചു് അയാളുടെ നെഞ്ഞിൽ കയറി ഇരുന്നു. ഗാഢനിദ്രയിൽ ലയിച്ചിരുന്ന ആദി പെട്ടെന്നു ഞെട്ടി ഉണന്നു നോക്കുമ്പോൾ തൻെറ നെഞ്ഞിൽ ആരോ ശക്തനായ ഒരുവൻ കയറി ഇരിക്കുന്നതായി കണ്ടു പരിഭ്രമിച്ചു് 'നീയാരാണ്?' എന്നു ചോദിച്ചു. അതിന്നുമർ മറുപടി പറഞ്ഞതിപ്രകാരമായിരുന്നു:— 'ഞാൻ ജീവൻ കവരുന്ന കാലദൂതനാണ്. ഇന്നു് ഉമറിൻെറ നാല്പതാം ദിനമാകയാൽ അയാളുടെ ജീവനെ സ്വർഗ്ഗലോകത്തേക്കു കൊണ്ടുപോക

പ്പെട്ടു. അപ്പോൾ ആ ജീവൻ പറഞ്ഞതു് 'ഞാൻ തനിയെ സ്വർഗ്ഗത്തിലേക്കു വരുന്നതല്ല. എന്റെ ഏറ്റവും സ്നേഹിതനായ ആദി എന്നയാളുടെ ജീവനെക്കൂടി എനിക്കു തുണയായി കൊണ്ടുവരാത്തപക്ഷം ഞാൻ നിശ്ചയമായും വരുന്നതല്ല എന്നു ശഠിച്ചു. അതിന്നു ഞാൻ പല ഒഴികഴിവുകളും പറഞ്ഞുനോക്കീട്ടും അയാൾ സമ്മതിക്കുന്നില്ല. അപ്പോൾ ഞാൻ ആ ജീവനെ നോക്കി 'അല്ലയോ ജീവാത്മാവേ! ആദി എന്നയാൾക്കു ലോകജീവിതം നയിക്കേണ്ട കാലം വളരെ കൂടുതലുണ്ടു്. അതുകൊണ്ടു് അദ്ദേഹത്തെക്കൂടി വധിച്ചു ജീവൻ കവരുക അസാദ്ധ്യമാണു്. അതിനാൽ അങ്ങിനെ നിർബ്ബന്ധിക്കരുതു്.' എന്നു് എത്രതന്നെ കേണുപറഞ്ഞിട്ടും അനുസരിക്കുന്നില്ല. അപ്പോൾ എനിക്കു നിങ്ങളുടെ ജീവനെക്കൂടി കൊണ്ടുപോയ്ക്കൊള്ളുവാൻ ദൈവകല്പന ലഭിച്ചു. അതനുസരിച്ചു ഞാൻ നിങ്ങളുടെ ജീവനെ അപഹരിക്കുവാൻ വന്നിരിക്കയാണു്.' ഇതു കേട്ടു ഭയാക്രാന്തനായിത്തീർന്ന ആദി ഇങ്ങിനെ പറഞ്ഞു:—'അല്ലയോ കാലദൂതാ! എനിക്കും ആ ഉമറിനും തമ്മിൽ യാതൊരു വിധമായ സ്നേഹബന്ധവുമില്ല. ഏതവസരത്തിലും ഞങ്ങൾ തമ്മിൽ വിരോധമായിട്ടാണു കഴിഞ്ഞു വന്നിരുന്നതു്. ഞാൻ എപ്പോഴും ആ ഉമർ മരിക്കണമേ എന്നു ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടിരിക്കയായിരുന്നു.'

ഉമർ:—അങ്ങിനെയാണെങ്കിൽ നീ എനിക്കു എന്തെങ്കിലും തരുന്നപക്ഷം ഞാൻ നിന്നെ വിട്ടയച്ചേക്കാം. ഈ വിവരങ്ങൾ ഞാൻ ദൈവസമക്ഷം ബോധിപ്പിച്ചു കൊള്ളുകയുംചെയ്യാം.

ആദി:—അതാ, ആ പെട്ടിയിൽ നിറച്ചു സ്വർണ്ണനാണയങ്ങളാണിരിക്കുന്നതു്. അതു മുഴുവൻ നിങ്ങൾ എടുത്തുകൊണ്ടു എന്നെ വിട്ടേക്കുക.

ഉമർ അത്യധികമായ സന്തോഷത്തോടുകൂടി ആ നാണയങ്ങളും കൈക്കലാക്കിക്കൊണ്ടു് സുൽത്താൻബത് എന്ന സൈന്യനായകന്റെ കൂടാരത്തിലേക്കു തിരിച്ചു. ഉമർ ആദിയോടു പ്രയോഗിച്ച നയംതന്നെ അവിടെയും പ്രയോഗിച്ചു. അയാളും ആദി പറഞ്ഞതുപോലെതന്നെ ഉമറിനും തനിക്കുമായി യാതൊരു സ്നേഹബന്ധവുമില്ലെന്നും തന്നെ വിട്ടയക്കണമെന്നുംപറഞ്ഞു് അനവധി പണം കൊടുത്തു. ഇങ്ങിനെ ഉമർ അന്നു രാത്രിമുഴുവൻ എല്ലാ സേനാനായകന്മാരുടെയും കൂടാരങ്ങളിൽ കടന്നുകൂടി അവരെയെല്ലാം പററിച്ചു് ഒട്ടുവളരെ പണം സമ്പാദിച്ചു. പണമെല്ലാം തന്റെ കംബളത്തിലാക്കി സൂക്ഷിച്ചശേഷം ആരുമറിയാതെ ഒരു ഭാഗത്തു മറഞ്ഞിരുന്നു.

പിറേറ ദിവസം കാലദൂതനെ കണ്ട സേനാനായകന്മാരെല്ലാം ഭയത്താലുണ്ടായ ജ്വരബാധക്കധീനരായി നിശ്ശേഷം കിടപ്പിലുമായി. എങ്കിലും ആദി വല്ല വിധേനയും തപ്പിത്തടഞ്ഞെഴുന്നേററു അമീറിനെ ചെന്നു

കണ്ടു എന്നാൽ രാത്രിയിൽ നടന്ന വൃത്താന്തങ്ങളെല്ലാം അദ്ദേഹത്തെ അറിയിച്ചു. അതിന്നദ്ദേഹം, ഇതൊന്നും യഥാർത്ഥ സംഭവങ്ങളായിരിക്കയില്ലെന്നും ഏതോ ദുഃസ്വപ്നം കണ്ടതായിരിക്കാനേ ഇടയുള്ളുവെന്നും മററും അദ്ദേഹം അയാളെ പറഞ്ഞു സമാധാനപ്പെടുത്തി അയച്ചു. കുറച്ചു കഴിഞ്ഞപ്പോൾ അനവധി ആളുകൾ ആദിയെ തുടന്ന് അമീറിൻെറ സമീപം ചെല്ലുകയും വിവരങ്ങൾ അറിയിക്കുകയും ചെയ്തു. അമീർ അതേക്കുറിച്ചു വളരെനേരം ആലോചിച്ചശേഷം ഇങ്ങിനെ മറുപടി പറഞ്ഞു:— 'ഇവിടെ ഏതോ പിശാചിൻെറ ബാധയുണ്ടെന്നാണു തോന്നുന്നത്. സ്വപ്നംകണ്ടതായിരുന്നുവെങ്കിൽ എല്ലാവരും ഒരേതരത്തിൽ കാണ്മാനവകാശമില്ലല്ലോ. ഇതു തീർച്ചയായും ഏതോ പിശാചിൻെറ ഉപദ്രവംതന്നെ ആയിരിക്കണം. അതുകൊണ്ട് എല്ലാവരും ഉടനെ തങ്ങളുടെ കൂടാരങ്ങൾ ഇളക്കി കുറച്ചകലത്തൊരിടത്തായി ഉറപ്പിച്ച് അവിടെ താമസിക്കുന്നതാണുത്തമം?

അമീറിൻെറ ഈ ആജ്ഞ കിട്ടി എല്ലാവരും പിരിഞ്ഞപ്പോഴേക്കും നേരം അസ്തമിച്ചുപോകയാലും അന്നു കൂടാരം മാററിഅടിക്കുവാൻ സൌകര്യമില്ലാതിരുന്നതിനാലും എല്ലാവക്കും അന്നു രാത്രികൂടി അവിടെത്തന്നെ കഴിച്ചുകൂട്ടാതെ ഗത്യന്തരമില്ലായിരുന്നു. രാത്രി എല്ലാവരും ഉറക്കമായി എന്നു കണ്ടപ്പോൾ ഉമർ തൻെറ പുതപ്പും പുതച്ച് അമീറിൻെറ സമീപം അടുത്തുകൂടി. മററുള്ളവരെ ഉപദ്രവിച്ചമാതിരി അയാൾ അദ്ദേഹത്തേയും ശല്യപ്പെടുത്തുവാൻ തുടങ്ങി. 'എന്തൊരതിശയമാണിത്. ആളെമാത്രം കാണ്മാനില്ല. ശബ്ദത്തിന്നൊന്നും യാതൊരുവിധമായ വ്യത്യാസവുമില്ലതാനും' എന്നിങ്ങിനെ വിചാരിച്ചുകൊണ്ട് അദ്ദേഹം തൻെറ കൈകൾകൊണ്ടു മെല്ലെ ഒന്നു തലോടി പരിശോധിച്ചു. അപ്പോൾ ഒരു ശരീരം തൻെറ കൈകളിൽപെട്ടു. ഇപ്രകാരം തൻെറ കരങ്ങളിൽ അകപ്പെട്ട ആ ശരീരം വല്ല ജിന്നുകളുടേതുമായിരിക്കുമെന്നു തീർച്ചയാക്കി അദ്ദേഹം ഉമറിനെ പിടിച്ചു പൊന്തിച്ചു നിലത്തടിക്കുവാനായി ഉയർത്തിയമാത്രയിൽ 'ഹും, വേണ്ട, വേണ്ട, എടാ അറബി! സൂക്ഷിച്ചുകൊള്ളുക. എന്നെ നിലത്തടിക്കേണ്ട. നിൻെറ അടിപെട്ടുപോയാൽ എൻെറ ശരീരം തകന്നുപോകും.' എന്നു പറഞ്ഞു തൻെറ ശരീരത്തിൽ മൂടിയിരുന്ന പുതപ്പെഴിച്ചു മാററി. അപ്പോൾ ഉമറിൻെറ ശരീരം അമീറിൻെറ ദൃഷ്ടികളിൽ പെട്ടു. ഉമറാണതെന്നറിഞ്ഞപ്പോഴുണ്ടായ അമീറിൻെറ സന്തോഷത്തിന്നതിരില്ലായിരുന്നു. അദ്ദേഹം പെട്ടെന്നു ഉമറിനെ കെട്ടിപ്പിടിച്ചാലിംഗനംചെയ്തു. അനന്തരം ഉമർ സാവധാനത്തിൽ കഴിഞ്ഞ കഥകളെല്ലാം അമീറിനെ പറഞ്ഞു കേൾപ്പിച്ചു.

അനന്തരം, സമുദ്രമദ്ധ്യത്തിൽനിന്നും അമീർ അവർകൾക്കു കൊടുക്കുവാൻ ദൈവദൂതനാൽ ഏല്പിക്കപ്പെട്ടിരുന്ന പെരുമ്പറ മുതലായതുകൾ ഉമർ അദ്ദേഹത്തിന്നു കൊടുത്തശേഷം തനിക്കു ലഭിച്ച റൊട്ടി, ജലസഞ്ചി, പുതപ്പ്, വല മുതലായതുകൾ അമീറിനെ കാണിച്ച് അവ തനിക്കു ഇന്ന ഇന്ന ആളുകളാൽ നൽകപ്പെട്ടതാണെന്നും അവയുടെ വിശിഷ്ടത ഇന്നതൊക്കെയാണെന്നും അറിയിച്ചശേഷം അവയെല്ലാം തൻെറ കൈവശം തന്നെ സൂക്ഷിച്ചു. ഇനി അവിടെ താമസിച്ചു കാലം കളഞ്ഞിട്ടു പ്രയോജനമില്ലെന്നു തീർച്ചയാക്കി അടുത്തദിവസം രാവിലെ കൂടാരമെല്ലാം പൊളിച്ചു യാത്രപുറപ്പെടുവാൻ തൻെറ സംഘത്തോടാജ്ഞാപിച്ചു. അതനുസരിച്ച് എല്ലാവരും പുറപ്പെട്ട് വളരെദൂരം നടന്ന് ബാവാ ആദം അവർകളുടെ മലയടിവാരത്തിൽ കൂടാരമുറപ്പിച്ചു. ഇതിനകം, നൌഷർവാൻ ബാദുഷയുടെ മരുമകനായ അമീർ അവർകൾ ശങ്കലദീപിനെ പിടിച്ചടക്കുവാനായി തൻെറ വൻപിച്ച സേനാനിവഹത്തോടുകൂടി വന്നിരിക്കുന്ന വർത്തമാനം നാനാദിക്കുകളിലും മുഴങ്ങി. അതിനെതുടന്ന് അമീർകൂട്ടർ താവളമുറപ്പിച്ച ആ മലഅടിവാരത്തിൽ അനവധി ആളുകൾ വന്നുകൂടിത്തുടങ്ങി. അമീർ തൻെറ പാളയമടിച്ച അന്നു അവിടെ ഒരു വിശേഷദിവസവുമായിരുന്നു. ബാവാആദം അവർകളുടെ അനുസ്മരണാർത്ഥം അവിടെ കൊല്ലത്തിൽ ഒരു ദിവസം അന്നാട്ടുകാർ ഒരു വിശേഷപ്പെട്ട പെരുനാൾപോലെ കൊണ്ടാടിയിരുന്നു. വിചാരിച്ചിരിക്കാതെ അമീർ പാളയമുറപ്പിച്ച ആ ദിവസംതന്നെ ആ പെരുനാളും വരികയാൽ അവിടെ വിദേശികളായ അനേകായിരംപേർ വന്നു കൂടുന്നതിനും അമീറിൻെറ ആഗമനോദ്ദേശ്യത്തെപ്പററി അറിയുന്നതിന്നും ഇടയായി.

ഈ വദ്ധിച്ച ജനക്കൂട്ടം കണ്ടപ്പോൾ ഉമറിന്ന് ഇരിക്കപ്പൊറുതിയില്ലാതായി. അയാൾ അമീറിനെ നോക്കി 'എനിക്കനുവാദം തരുന്ന പക്ഷം ഞാൻ ഈ മലയുടെ മുകൾപ്പരപ്പിൽ പോയി അവിടെ നടക്കുന്ന വിശേഷങ്ങളൊക്കെ അറിഞ്ഞു വരാം എന്നു പറഞ്ഞു. അമീർ സന്തോഷപൂർവ്വം ഉമറിനു പോകാൻ സമ്മതവും കൊടുത്തു. ഉമർ പല വഴികളും ചുററിനടന്നു അടിവാരം മുഴവൻ പരിശോധിച്ചിട്ടും മലയുടെ മുകളിലേക്കു കടന്നുപോകാനുള്ള മാർഗ്ഗം കണ്ടുകിട്ടിയില്ല. എങ്കിലും അയാൾ നിരാശനാകാതെ വീണ്ടും പരിശോധിച്ചു. അപ്പോൾ സമീപത്തൊരിടത്തായി ഒരു ചെറിയ കുടിൽകണ്ടു. അടുത്തുചെന്ന് അതിനുള്ളിലേക്കു നോക്കിയപ്പോൾ അവിടെ ഒരിടത്തായി ഒരു വൃദ്ധമനുഷ്യൻ ഈശ്വരപ്രാർത്ഥന നടത്തിക്കൊണ്ടിരിക്കുന്നതായി ഉമർ കണ്ടു. ഉമർ അദ്ദേഹത്തെ നോക്കിയമാത്രയിൽ ആ വൃദ്ധൻ ഉമറിനെ നല്ലവണ്ണം ഒന്നു സൂക്ഷിച്ചിട്ട് 'ഹേ! ഉമർ!

സലാം,' എന്നു പറഞ്ഞു. 'ഇതെന്തൊരാശ്ചയ്യമാണ് ദൈവമേ! ഈ കിഴവൻ എന്നെ എങ്ങിനെ മനസ്സിലാക്കി. ഒരുപക്ഷെ ഇവൻ ആ സമുദ്ര മദ്ധ്യത്തിലുള്ള ദ്വീപിൽ വച്ചു കണ്ട തോൽക്കാലന്നോ മറേറാ ആയിരുന്നേക്കുമോ' എന്നിങ്ങനെ സംശയിച്ചിട്ടു തൻെറ വാൾ വലിച്ചൂരി കൈയിൽ ബലമായി പിടിച്ചുകൊണ്ടു് അയാളുടെ സമീപത്തേക്കടുത്തു. അപ്പോൾ വൃദ്ധൻ പറഞ്ഞു:—"ഉമർ നീ എന്നെ തോൽക്കാലനാണെന്നു തെററിദ്ധരിക്കേണ്ട. ഞാൻ നിൻെറ ശത്രുക്കളിൽ ആരുമല്ല. എപ്പോഴും നിന്നെ സഹായിക്കുവാൻ സന്നദ്ധനായ ദൈവദൂതരിൽ ഒരുവനാണു ഞാൻ. നീ ഇവിടേക്കു വരുന്നുണ്ടെന്നു കഴിഞ്ഞദിവസം രാത്രി ഞാൻ സ്വപ്നംകണ്ടു. അതാണു ഞാൻ നിന്നെ ആളറിവാൻ കാരണമായതു്. അതല്ലാത്തപക്ഷം, ഞാൻ നിന്നെയും നിൻെറ പേരും എങ്ങിനെയാണറിയുക.' അദ്ദേഹം ഇത്രയും പറഞ്ഞശേഷം ഒരു കോലെടുത്തു് ഉമറിൻെറ പക്കൽ കൊടുത്തിട്ടു വീണ്ടും പറഞ്ഞു:—'നീ ഈ കോലുകൊണ്ടു നിൻെറ പിൻഭാഗത്തു നീളത്തിൽ നാലടി അളന്നു് അവസാനിക്കുന്ന നിലത്തു കുഴിച്ചുനോക്കുക. അവിടെ ദൈവം നിനക്കായി എന്തെല്ലാം വിശേഷപ്പെട്ട സാധനങ്ങൾ വച്ചിട്ടുണ്ടെന്നു കാണാം. ആ സാധനങ്ങൾ നിനക്കെടുത്തുകൊള്ളുകയും ചെയ്യാം. എന്നാൽ, ദുരാശയോടുകൂടിയായിരിക്കരുതു് അതു പരിശോധിക്കുവാൻ.' ഉമർ അത്യന്തം സന്തുഷ്ടനായി ആ വയോധികൻ നിർദ്ദേശിച്ച സ്ഥലം താഴ്ത്തിനോക്കി. വളരെ വിശേഷപ്പെട്ടതും വിലയുയന്നതുമായ ഒരു മാണിക്കക്കല്ലു് ഉമറിനു് കണ്ടുകിട്ടി. അതിനെ ക്ഷണത്തിൽ ഉമർ തൻെറ സഞ്ചിയിലാക്കിയശേഷം വീണ്ടും നിലംമാന്തുവാൻതുടങ്ങി. വളരെനേരം അദ്ധ്വാനിച്ചിട്ടും കൈവിരലും നഖവും കേടുവന്നതല്ലാതെ പിന്നീടൊന്നും അയാൾക്കു കണ്ടുകിട്ടിയില്ല. ഉമർ വൃദ്ധൻെറ സമീപമടുത്തു തനിക്കു കിട്ടിയ മാണിക്കത്തെ അദ്ദേഹത്തിനു കാണിച്ചുകൊടുത്തു.

വൃദ്ധൻ ഉമറിനോടു പറഞ്ഞു:—'നീ ഈ മാണിക്യത്തെ കൈവശം വച്ചുകൊണ്ടു ഈ മലയുടെ മുകൾഭാഗത്തേക്കു കയറുക. അവിടെ ബാവാ ആദം അവർകളുടെ പാദം പതിഞ്ഞിട്ടുള്ള ഒരു പാറയുണ്ടു്. അതു ദശിക്കുവാനും അവിടെ പൂജാദികൾ നടത്തുവാനുമായിട്ടാണു് ഇന്നു് അനവധി ജനങ്ങൾ കൂടുന്നതു്. നീയും അതു ദശിച്ചു ഭക്തിപൂവ്വം വണങ്ങിവരിക.' മുകളിലേക്കു കയറിപ്പോകേണ്ട വഴി നിശ്ചയമില്ലാതിരുന്ന ഉമർ വൃദ്ധനോടു്:—'പ്രഭോ! മുകളിലേക്കു കയറിപ്പോകേണ്ട വഴി ഇവിടെയെങ്ങും കാണ്മാനില്ലല്ലോ. ഇതിൻെറ മുകളിലേക്കു നോക്കുമ്പോൾതന്നെ എൻെറ തല ചുററുന്നു.' എന്നു പറഞ്ഞു.

വൃദ്ധൻ:—(ദൂരത്തേക്കു ചൂണ്ടിക്കാണിച്ചിട്ട്) അതാ ഒരു ചെറിയ ഒററയടി പ്പാത കാണുന്നതു നോക്കുക. മനസ്സിൽ യാതൊരു ഭീതിയും കരു താതെഅതുവഴിക്കു നേരെ നടന്നുപോയാൽ മതി.

ഉമർ ക്ഷണത്തിൽ വൃദ്ധനോടു യാത്ര പറഞ്ഞു നടന്നു്, താൻ വിചാ രിച്ചിരുന്നമാതിരി ക്ലേശമൊന്നും കൂടാതെ മലമുകളിൽ ചെന്നുചേൻ. അതിൻെറ മുകൾഭാഗം മുഴുവൻ സമനിരപ്പായി നോക്കിയാൽ നോക്കെ ത്താത്തവിധം വിസ്തൃതമായികിടക്കുന്നതു കണ്ടു് ഉമർ വിസ്മയിച്ചു പോയി. ഉമർ അവിടെയെല്ലാം നടന്നുനോക്കി. ഒരിടം മററുസ്ഥലത്തെ അപേക്ഷിച്ച് കാഴ്ചക്കു അത്യന്തം രമണീയമായും അനവധി മനോഹരങ്ങ ളായ പുഷ്പലതാദികളും വൃക്ഷങ്ങളും നിബിഡമായി വളൎന്നു നില്ക്കുന്നതും ഉമർ കണ്ടു. പെട്ടെന്നയാൾ ആ സ്ഥലത്തോടടുത്തു പരിശോധിച്ചപ്പോൾ അവിടെ ഒരിടത്തായി വൃദ്ധൻ പറഞ്ഞ ശിലയും അതിൽ ബാവാആദം അവർകളുടെ പാദവും കണ്ടു. ഉമർ ആ പാദത്തിൽ സാഷ്ടാംഗപ്രണാമം ചെയ്യശേഷം അവിടെനിന്നും കുറച്ചു മണ്ണെടുത്തു സുറുമാപോലെ കണ്ണിൽ തേച്ചശേഷം വീണ്ടും അവിടമൊക്കെ ചുററിനടന്നു. ഇങ്ങിനെ നടക്കും വഴിക്കു ഒരിടത്തായി ഒരാൾ ഉയരത്തിൽ അനവധി നവരത്നങ്ങൾ കൂട്ടി യിരിക്കുന്നതായി ഉമർ കണ്ടു. ദ്രവ്യലോലുപനായ ഉമറിനു് അതിലുള്ള ആശ അടക്കവഹിയാതായി. ആ രത്നങ്ങൾ ഒന്നു ബാക്കിയില്ലാതെ അവിടെനിന്നും കടത്തിക്കൊണ്ടു പോകാനുള്ള മാൎഗ്ഗമെന്താണെന്നായി രുന്നു ഉമറിൻെറ പിന്നീടത്തെ വിചാരം. 'ഞാൻ ഇതൊക്കെ വാരിക്കൊ ണ്ടുപോയാൽ ആരാണു കാണുന്നതു്? എന്നെ ആർ തടുക്കും? യാതൊന്നും ശങ്കിക്കാനെയില്ല' എന്നിങ്ങിനെ തീൎച്ചയാക്കിക്കൊണ്ടു് ഉമർ ദൈവദൂത നിൽനിന്നും സമുദ്രമദ്ധ്യത്തിൽ വച്ചു തനിക്കു കിട്ടിയതും എത്ര സാധന ങ്ങൾ വേണമെങ്കിലും വാരിനിറച്ചു ലഘുവായി വഹിച്ചുകൊണ്ടുപോകാൻ സഹായിക്കുന്നതുമായ കമ്പിളി എടുത്തു വിരിച്ചു രത്നം മുഴുവൻ വാരി ക്കെട്ടി എടുത്തുകൊണ്ടു നടന്നു. ഉമർ എപ്പോൾ ആ രത്നഭാണ്ഡം ശിരസ്സി ലേററിയോ അപ്പോൾമുതൽ എന്തെന്നില്ലാത്ത ഒരു പരിഭ്രമവും ശരീരത്തി നാകമാനം ഒരു വിറയലുമുണ്ടായി. മാത്രമല്ല, തനിക്കു കടന്നുപോകേണ്ട വഴി ഏതാണെന്നും ഉമറിനു നിശ്ചയമില്ലാതായി. ഉമർ കുറേനേരം അങ്ങി ങ്ങുചുററിത്തിരിഞ്ഞു വളരെയധികം വിഷമിച്ചു. അനന്തരം അയാൾ അതെടുത്ത സ്ഥലത്തുതന്നെ തിരിച്ചുകൊണ്ടുപോയി ഇട്ടേച്ചുവന്നു. അതോടുകൂടി അയാൾക്കു വഴിയും നല്ല വിശദമായി കാണ്മാൻ കഴിഞ്ഞു.

രത്നം കൂടാതെ പോകുന്നതിനു് ഉമറിനു തെല്ലും ഇഷ്ടമില്ലായിരുന്നു. ഇനി എന്താണുപായമെന്നു കുറേനേരം ആലോചിച്ചതിനു ശേഷം ഇങ്ങി നെ തീൎച്ചയാക്കി. 'വഴി തകരാറായിട്ടാണല്ലോ കുഴപ്പം. അതുകൊണ്ടു മുൻ

കൂട്ടി കടന്നുപോകേണ്ട വഴിയിൽ ചില അടയാളങ്ങൾ വയ്ക്കുക; അനന്തരം രത്നങ്ങളും എടുത്തുകൊണ്ടു പോകാം. ഇതുതന്നെ നല്ല ഉപായം' എന്നിങ്ങിനെ ആലോചിച്ചുറച്ചുകൊണ്ട് വഴിയുടെ അങ്ങേ തലക്കൽ ചെന്ന് തന്റെ വിലയേറിയതും വിശേഷപ്പെട്ടതുമായ രത്നകിരീടം എടുത്ത് അടയാളമായി വച്ചിട്ട് നവരത്നങ്ങൾ കിടന്നിരുന്ന സ്ഥലത്തു മടങ്ങി എത്തി. അവിടെനിന്നു നോക്കിയാൽ താൻ അടയാളം വച്ചിട്ടുള്ള കിരീടം കാണുന്നുണ്ടോ എന്നു നോക്കി. അതു നല്ലവണ്ണം കാണാമായിരുന്നു. അനന്തരം വീണ്ടും അയാൾ ആ രത്നങ്ങൾ മുഴുവൻ തന്റെ കമ്പിളിയിൽ വാരിക്കെട്ടി എടുത്തുകൊണ്ടു നടന്നു. അടയാളം വച്ച സ്ഥലത്തെത്തി നോക്കിയപ്പോൾ അവിടെ കിരീടം കാണ്മാനില്ലന്നെല്ല, പിന്നീടുള്ള വഴിയും കാണ്മാനില്ലാതായി. ഇതു തനിക്ക് ഒന്നുകൊണ്ടും അഹമല്ലെന്നും അതുകൊണ്ടു "ഉപേക്ഷിക്കുയേ ഗത്യന്തരമുള്ളുവെന്നും തീർച്ചയാക്കി ഉമർ രത്നങ്ങൾ അതു കിടന്നിരുന്ന സ്ഥലത്തുതന്നെ വീണ്ടും കൊണ്ടുപോയി നിക്ഷേപിച്ചു. അതോടുകൂടി അയാളുടെ കിരീടവും വഴിയും ദൃഷ്ടിഗോചരമായി. രത്നത്തിലുള്ള ആശയേ ഉമറിൽനിന്നും വിട്ടുപോയി.

അപ്പോഴേക്കും ഈശ്വരപ്രാർത്ഥന നടത്തേണ്ട സമയമാകയാൽ ഉമർ അടുത്തുണ്ടായിരുന്ന അരുവിയിലിറങ്ങി കൈകാലുകൾ ശുദ്ധിചെയ്ത് സമീപത്തുതന്നെ ഒരു പരിശുദ്ധമായ സ്ഥലത്തു ഏകാഗ്ര ചിത്തനായി നിന്നു ഭക്തിപൂർവ്വം പ്രാർത്ഥന നടത്തി. ഭക്തിയിൽ ലയിച്ചുവശായ ഉമർ ഈ അവസരത്തിൽ തന്നെത്തന്നെയും നിശ്ശേഷം മറന്നുപോയി. അപ്പോൾ സ്വപ്നത്തിലെന്നവണ്ണം തന്റെ സമീപത്തായി ഏതാനും ദൈവദൂതന്മാർ പ്രസന്നവദനരായി നില്ക്കുന്നതു കണ്ടു. അക്കൂട്ടത്തിൽ ഉയരം കൂടിയയാളും വയോധികനുമായിരുന്ന ഒരാൾ ഒരു കുപ്പായം ഉമറിന്റെ പക്കൽ കൊടുത്തിട്ടിങ്ങിനെ പറഞ്ഞു:—'ഉമർ! നീ ഇതിനെ ധരിച്ചുകൊള്ളുക. ഇതു ധരിച്ചിരിക്കുന്നവൎക്കു യാതൊരാപത്തും നേരിടുന്നതല്ല. മാത്രമല്ല, ജിൻ, ചെയിത്താൻ തുടങ്ങിയ ദുഷ്ടദേവതകൾ അടുക്കുന്നതുമല്ല. കൂടാതെ ഇതിന്റെ കീശയിൽ കടൽ, ഭൂമി, പുഴ, മല, അരുവി, ആകാശം എന്തുതന്നെ പിടിച്ചിട്ടാലും അങ്ങിനെ ഒന്ന് ഇതിൽ ഉണ്ടെന്ന് ആൎക്കും മനസ്സിലാകുന്നതുമല്ല. ഇവകൾകൊണ്ടുമാത്രം ഇതിന്റെ ഗുണങ്ങൾ അവസാനിച്ചില്ല. ഇതിന്റെ കീശയിൽ കൈ ഇട്ട് "ദൈവമേ! ഞാൻ ഇന്ന രൂപത്തിലായിത്തീരണം എന്നു പറഞ്ഞാൽ ഉടനടി അതേ രൂപമായിത്തീരുകയും എന്തു ഭാഷ സംസാരിക്കണമെന്നു വിചാരിച്ചാലും ഉടനെ അതു തോന്നിക്കൊള്ളുകയും ചെയ്യും. ഇനി എന്റെ പേർകൂടി ഞാൻ പറഞ്ഞേക്കാം. ആദം എന്നാണു എന്റെ പേർ.'

ഉമർ വിനയാനതനായി ആദം അവർകളുടെ പാദത്തിൽ വീണു
ഭക്തിപൂർവ്വം നമിച്ചു. അദ്ദേഹം ഉമറിനെ വേണ്ടവിധത്തിൽ ആശീർവ്വദി
ക്കുകയും ചെയ്തു. അനന്തരം വേറൊരു ദൈവദൂതൻ ഒരു പാത്രമെടുത്തു
കൊടുത്തിട്ട് ഉമറിനോടു പറഞ്ഞു:—'ഇതിൽ എഴുതിയിട്ടുള്ള ദൈവവാ
ക്യങ്ങളെ നീ ഒരിക്കലും മറക്കരുത്. ഇതു ഭദ്രമായി സൂക്ഷിച്ചുകൊള്ളുക.
അനവധി സന്ദർഭങ്ങളിൽ ഇതു നിനക്കു വിലയേറിയ സഹായമായിരിക്കും.
എൻെറ പേർ ഇസാക്നബി എന്നാണ്.' അനന്തരം ദാവൂദ് നബി
എന്നു പേരായ മൂന്നാമത്തെ ആൾ ഒരു വീണയെടുത്തു കൊടുത്തശേഷം
ഉമറിനോടു പറഞ്ഞു:—'നീ ഇതു വായിച്ചാൽ ലോകത്തിൽ ഒരാൾപോ
ലും സംഗീതത്തിൽ നിന്നോടു ജയിക്കയില്ലെന്നല്ല, എത്ര മൂഢന്മാരെക്കൂ
ടിയും നിനക്കു വശീകരിക്കുവാൻ കഴിയും.' അതിനു ശേഷം നാലാമത്തെ
ആൾ ഉമറിൻെറ സമീപമടുത്ത് അയാളുടെ ശരീരത്തിൽ മെല്ലെ തലോ
ടിക്കൊണ്ടു പറഞ്ഞു:—'ഉമർ! ഓട്ടത്തിൽ നിന്നെ ജയിക്കുവാൻ മെക്കാപ
ട്ടണത്തിൽ ആരുമില്ലെന്നുള്ള പേർ നീ സമ്പാദിച്ചു കഴിഞ്ഞു. എന്നാൽ,
ഈ ലോകത്തിൽ ഒരു ജീവിയും അതിൽ നിന്നെ ജയിക്കയില്ലെന്നു മാത്ര
മല്ല, ഒരിക്കലും കിതപ്പോ ക്ഷീണമോ നിനക്കുണ്ടാകുന്നതുമല്ല.' അദ്ദേഹം
ഇത്രയും പറഞ്ഞവസാനിപ്പിച്ച മാത്രയിൽ ഒരു വാഹനം ആകാശത്തിൽ
നിന്നും ഇറങ്ങിവന്ന് അവരുടെ മുൻപാകെ നിന്നു. അതിൽ തേജോ
മയനായ ഒരു വൃദ്ധൻ ഇരുന്നിരുന്നു. അദ്ദേഹത്തെ ദർശിച്ച മാത്രയിൽ
ഉമർ ആനന്ദപുളകാഞ്ചിതനായിത്തീർന്നു. അദ്ദേഹം ഭൂമിയിലിറങ്ങിയ
ക്ഷണത്തിൽ ഉമറിൻെറ സമീപം നിന്നിരുന്ന നാലു നബിമാരും അദ്ദേ
ഹത്തെ ഭക്തിപൂർവ്വം വന്ദിച്ചു. ദിക്ഭ്രമം പൂണ്ടു നിന്നിരുന്ന ഉമർ മററുള്ള
നബിമാരോട് അദ്ദേഹം ആരാണെന്നു സാവധാനത്തിൽ ചോദിച്ചു.
'ഇദ്ദേഹമാണ് നബിനായകനായ മുഹമ്മദ്മുസ്തഫാ' എന്നവർ മറു
പടി പറഞ്ഞു. ഉമർ പെട്ടെന്നു വിനയാനതനായി അദ്ദേഹത്തെ ഭക്തി
പൂർവ്വം വന്ദിച്ചശേഷം ഇങ്ങിനെ പറഞ്ഞു:—'നബിരത്നമേ! ഈ നില്ക്കുന്ന
ദീർഘദർശിമാരെല്ലാം എനിക്കു ഓരോ വിശേഷപ്പെട്ട സാധനങ്ങൾ സമ്മാ
നമായി തന്നു. അങ്ങയുടെ ഒരെളിയ അടിമയായ എനിക്കു അങ്ങും എ
ന്തെങ്കിലും നൽകണം. അതു മറെറാന്നുമല്ല. ഞാൻ എൻെറ നാവുകൊ
ണ്ടു മൂന്നു പ്രാവശ്യം 'ഞാൻ മരിക്കട്ടെ' എന്നു പറയുന്നതുവരെ എനിക്കു
മരണമുണ്ടാകരുതു.' അദ്ദേഹം ഉമറിനെ നോക്കി ഒന്നു പുഞ്ചിരിച്ചുകൊണ്ടു
'ഈശ്വര കടാക്ഷമുണ്ടായി നിൻെറ അഭിമതം നിറവേറട്ടെ' എന്നനുഗ്ര
ഹിച്ചു. അതേ നിമിഷത്തിൽ ഉമറിനു സ്മരണയുണ്ടായി. കണ്ണുതുറന്നു
നോക്കിയപ്പോൾ താൻ സ്വപ്നത്തിൽ ദർശിച്ച നബിമാരെ ആരെയും

സമീപത്തു കാണ്മാനില്ലായിരുന്നു. എന്നാൽ അവർ തനിക്കു നൽകിയ വിശിഷ്ട സാധനങ്ങളെല്ലാം സമീപത്തുതന്നെ ഇരിക്കുന്നുമുണ്ടായിരുന്നു.

ഉമർ അത്യന്തം സന്തോഷത്തോടുകൂടി ആ സാധനങ്ങളെല്ലാം എടുത്തുകൊണ്ടു മലമുകളിൽനിന്നും താഴത്തേക്കിറങ്ങി. അടിവാരത്തിൽ താൻ ആദ്യം കണ്ട വൃദ്ധൻെറ സമീപം ചെന്നു നടന്ന സംഭവങ്ങളെല്ലാം വിവരിച്ചു പറഞ്ഞു കേൾപ്പിച്ചശേഷം അവരിൽനിന്നും കിട്ടിയ സാധനങ്ങളൊക്കെ കാണിച്ചുകൊടുക്കുകയും ചെയ്തു. പരമസന്തുഷ്ടനായിത്തീൎന്ന സലിം എന്ന ആ വൃദ്ധൻ ഉമറിനോടങ്ങിനെ പറഞ്ഞു:—'ഉമർ! നിൻെറ അഭിമതങ്ങളെല്ലാം ഭംഗിയായി നിറവേറി. നീ വേഗംപോയി അമീറിനെ ഇവിടേക്കു പറഞ്ഞയക്കുക. അവനു ലഭിക്കേണ്ട ചില വിശിഷ്ട വസ്തുക്കളുള്ളതു് അവനും ലഭിക്കട്ടെ.' ഉമർ അങ്ങിനെ ആകട്ടെ എന്നു വൃദ്ധനോടു യാത്ര പറഞ്ഞു തൻെറ കൂടാരത്തിലേക്കു തിരിച്ചു. പോകുംവഴി മലമുകളിൽനിന്നും ലഭിച്ച കുപ്പായത്തിൻെറ കീശയിൽ കൈകടത്തിക്കൊണ്ടു് 'ഞാൻ അത്യന്തം ഉയരവും അതിന്നനുസരിച്ച വണ്ണവും നല്ല കറപ്പു വൎണ്ണവുമുള്ള ഒരാളായിത്തീരട്ടെ. ഞാൻ വേണ്ടെന്നു വിചാരിക്കുന്ന സമയം വരെ ഇതേ രൂപം നിലനില്ക്കുകയും വേണം' എന്നു പറഞ്ഞു. അടുത്ത മാത്രയിൽതന്നെ ഉമറിൻെറ രൂപം അതിന്നനുസരണമായി വ്യത്യാസപ്പെട്ടു. ആകാശമാൎഗ്ഗത്തോളം ഉയരവും അതിനുതക്ക വണ്ണവുമുള്ള ഒരു പരുത്ത സ്വരൂപം. ഉമറിനുതന്നെ ആ രൂപം കണ്ടു ഭയമുണ്ടായി വീണ്ടും കുപ്പായക്കീശയിൽ കൈ ഇട്ടു പഴയ രൂപമാകാൻ പ്രാൎത്ഥിച്ചു. ഉമർ പൂൎവ്വരൂപത്തെ പ്രാപിക്കുകയും ചെയ്തു. താൻ വിചാരിക്കുന്ന രൂപം ഉടനടി മാറാൻ കഴിയുമെന്നു് ബോദ്ധ്യമായതോടുകൂടി ഉമറിനു് അളവററ സന്തോഷമുണ്ടായി.

അനന്തരം, ഉമർ വേറൊരപരിചിത രൂപം കൈക്കൊണ്ടു് തനിക്കു ദാവീദ് നബിയാൽ നൽകപ്പെട്ട വീണ എടുത്തു ശ്രുതിമധുരമാം വിധം വായിച്ചുകൊണ്ടു് സൈന്യത്താവളത്തിലേക്കു കടന്നുചെന്നു. ആ സംഗീധ്വനി സകല ജീവജാലങ്ങളേയും കന്നുപോലെ ആകൎഷിച്ചു അതു കേട്ടവരെല്ലാം തന്നത്താൻ മറന്നു് ഉമറിനെ അനുഗമിച്ചു. ഈ അവസരത്തിൽ ഏതാനും ചിലർ അമീറിൻെറ കൂടാരത്തിൽചെന്നു് 'പ്രഭോ! ഒരു സുമുഖനായ ഹിന്ദുദേശക്കാരൻ നമ്മുടെ പാളയത്തിൽ വന്നിരിക്കുന്നു. അവൻെറ പക്കൽ ഒരു വീണയിരിപ്പുണ്ടു്. അതിൻെറ നാദമാധുൎയ്യം പറഞ്ഞറിയിക്കത്തക്കതല്ല. ആ ശബ്ദം കേട്ടു സകലരും അവനെ വളഞ്ഞിരിക്കുന്നു. എല്ലാവരും അതിൽ ലയിച്ചു വശായിക്കഴിഞ്ഞു' എന്നറിയിച്ചു. അപ്പോൾ അവനെ തൻെറ സമീപം കൂട്ടിച്ചുകൊണ്ടുവരുവാനായി അമീർ ചില ഭൃത്യന്മാരെ പറഞ്ഞയച്ചു. അടുത്ത ക്ഷണത്തിൽതന്നെ അയാളെ അമീറി

ന്റെ മുൻപാകെ കൊണ്ടുവന്നു നിൎത്തി. അയാളെ അമീർ നല്ലവണ്ണം ഒന്നു സൂക്ഷിച്ചു നോക്കി. കുറച്ചുനേരം വീണവായിക്കുവാൻ പറഞ്ഞു. ഉമറിന്റെ സംഗീതമാധുരിയിൽ അമീറും കൂട്ടുകാരുമെല്ലാം ലയിച്ചു മതിമറന്നുപോയി. കുറച്ചുനേരം കഴിഞ്ഞ് അമീർ 'നിങ്ങൾ ഏതു രാജ്യക്കാരനാണ്? നിങ്ങളുടെ പേരെന്താണ്?' എന്നയാളോടു ചോദിച്ചു. അതിന്നു ഉമർ ഇങ്ങിനെ മറുപടി പറഞ്ഞു:—'എന്റെ പേർ മുഹമ്മദ് ശിയാത് എന്നാണ്. ഈ ശങ്കലദ്വീപിൽ തന്നെയാണ് എന്റെ പാൎപ്പ്. ഇവിടത്തെ രാജാവിന്നു് എന്നെ നല്ലവണ്ണമറിയാം. അദ്ദേഹത്തിന്നെന്റെ പേരിൽ വലിയ പ്രീതിയുമാണ്. എന്നാൽ, എന്റെ തൃപ്തിക്കനുസരണമായി യാതൊന്നും അദ്ദേഹത്തിൽ നിന്നും ലഭിക്കുന്നില്ല. അദ്ദേഹം എന്റെ ഇഷ്ടാനുസരണം വേണ്ടതു തന്നിരുന്നെങ്കിൽ എന്റെ ആവശ്യങ്ങൾക്കു ഞാൻ മററാരോടും ചെന്ന് യാതൊന്നും ആവശ്യപ്പെടാനിടയാകുമായിരുന്നുമില്ല.'

അമീർ ഉടനെ സുൽത്താൻബത്തിനെ അടുക്കൽ വിളിച്ചു 'ഈ മനുഷ്യനെ നമ്മുടെ ഖജാനയിൽ കൂട്ടിച്ചുകൊണ്ടുപോയി ഇയാൾക്കു വഹിച്ചുകൊണ്ടു പോകാൻ കഴിവുള്ളിടത്തോളം സ്വൎണ്ണവും വെള്ളിയുമായി നാണയങ്ങൾ, രത്നങ്ങൾ മുതലായവ കൊടുത്തു പറഞ്ഞയക്കുക' എന്നാജ്ഞാപിച്ചു. അതനുസരിച്ചു സുൽത്താൻബത് ഉമറിനെ കൂട്ടിച്ചു ഖജാനയിൽ കൊണ്ടുപോയി പെട്ടികൾ തുറന്നു 'ഹേ, മനുഷ്യാ! നിങ്ങൾക്കു എത്രകണ്ടു ചുമന്നുകൊണ്ടു പോകാൻ കഴിയുമോ അത്രത്തോളം ഇഷ്ടമുള്ള നാണ്യങ്ങളും, രത്നങ്ങളും ഇതിൽനിന്നും എടുത്തുകൊള്ളുക' എന്നു പറഞ്ഞു. ഉമർ തന്റെ കമ്പിളി എടുത്തു വിരിച്ച് ഖജാനയിലുണ്ടായിരുന്ന സകല ദ്രവ്യശേഖരം ചെയ്തിരുന്ന പെട്ടികളും ഒന്നു ബാക്കിയില്ലാതെ എടുത്തുവച്ചു ഭാണ്ഡം മുറുക്കി. അതുകണ്ടു അത്യാശ്ചൎയ്യസ്വരത്തിൽ സുൽത്താൻബത് ഉമറിനോടിങ്ങിനെ പറഞ്ഞു:—'ആയിരക്കണക്കായ ഒട്ടകങ്ങൾക്കുപോലും ഏററിക്കൊണ്ടു പോകാൻ പ്രയാസമായ ഈ പെട്ടികളെല്ലാം നിങ്ങൾ ഇങ്ങിനെ അടുക്കിവച്ചു കെട്ടിയാൽ നിങ്ങൾ ഒററക്കു എങ്ങിനെ കൊണ്ടുപോകും. എന്തൊരു ദുൎമ്മോഹമാണിതു്. നിനക്കു വഹിക്കുവാൻ കഴിയുന്നതു മാത്രം അതിൽനിന്നും എടുക്കുക. അമീറിന്റെ കല്പനയും അങ്ങിനെയാണ്. ലേശംപോലും ബാക്കിവയ്ക്കാതെ ഒക്കെക്കൂടി ഇങ്ങിനെ തട്ടിക്കൊണ്ടുപോയ്ക്കളയാമെന്നു കരുതുന്നതു ഭംഗിയാണോ?'

ഉമർ:—സാധുവിനോടു ദ്വേഷ്യം തോന്നരുത്. കല്പനയെ ലംഘിച്ചു ഞാൻ എന്തെങ്കിലും ചെയ്യുന്നുണ്ടോ എന്നാണു നിങ്ങൾ നോക്കേണ്ടതു്. ഞാൻ ഇതു തനിയെ ചുമന്നുകൊണ്ടു പോകുമോ അതല്ല, മററു വാഹനങ്ങളുടെ സഹായം അപേക്ഷിക്കുന്നുണ്ടോ എന്നു നോ

ക്കിയിട്ട സമാധാനം പറയത്തക്ക ക്ഷമ നിങ്ങൾക്കുണ്ടായില്ലല്ലോ.' എന്നിത്രയും പറഞ്ഞു തൻെറ ഭാണ്ഡം കയറുകൊണ്ടു നല്ലവണ്ണം വരിഞ്ഞുകെട്ടി. 'ഒരുപക്ഷെ, ഇവന്നു ബുദ്ധിക്കു സ്ഥിരതയില്ലായിരിക്കാം. ഈ വൻപിച്ച ചുമട് ഇവൻ തനിയേ എങ്ങിനെയാണു വഹിച്ചുകൊണ്ടു പോകുന്നതെന്നു കാണാമല്ലോ' എന്നിങ്ങിനെ തീച്ചയാക്കിക്കൊണ്ട് സുൽത്താൻബത് അതിൽതന്നെ ബദ്ധശ്രദ്ധനായി നിന്നു. ഉമറാകട്ടെ, കെട്ടുകളൊക്കെ മുറുക്കിയശേഷം വളരെ അലക്ഷ്യഭാവത്തിൽ അതിനെ നിസ്സാരമായി എടുത്തുപൊന്തിച്ചു തൻെറ ചുമലിൽ വച്ചുകൊണ്ടു മലംപ്രദേശത്തെ ലക്ഷ്യമാക്കി അതിവേഗത്തിൽ നടന്നു. ഈ കാഴ്ച കണ്ടുകൊണ്ടു നിന്നിരുന്നവരെല്ലാം സംഭ്രമിച്ചുപോയി. സുൽത്താൻബത് ഉമറിൻെറ പിന്നാലെ ഓടിച്ചെന്ന് അയാളെ തടഞ്ഞുനിർത്തിക്കൊണ്ട് 'നിങ്ങൾ ദയചെയ്തു കുറച്ചുനേരം ഇവിടെ നില്ക്കുക. ഞാൻ വിവരം എൻെറ യജമാനനെ അറിയിച്ചു വരട്ടെ. നിങ്ങൾക്കു പിന്നീടു പോകാം' എന്നു പറഞ്ഞു. ഉമർ ചുമടു താഴത്തിറക്കിവച്ച് അവിടെത്തന്നെ നിന്നു. സുൽത്താൻബത് ക്ഷണത്തിൽ അമീറിൻെറ സമീപംചെന്നു വിവരങ്ങളെല്ലാം വിശദമായി അറിയിച്ചു. വസ്തുത ഗ്രഹിച്ചതോടുകൂടി അമീറിനു പലേ സംശയങ്ങളും ജനിച്ചു. ഇതു് ഉമർതന്നെ ആയിരിക്കണമെന്ന് അദ്ദേഹം തീച്ചയാക്കി. അദ്ദേഹം ക്ഷണത്തിൽ ഉമർ നിന്നിരുന്ന സ്ഥലത്തു ചെന്ന് അയാളെ നോക്കി ഇങ്ങിനെ പറഞ്ഞു:—'പ്രിയ സഹോദര! നീ എപ്പോഴും ഞങ്ങളെ മഠയന്മാരും ഭ്രാന്തന്മാരുമാക്കിത്തീക്കയാണോ? ഞങ്ങളോട് നിനക്കെന്തുമാകും. ഏതവസരത്തിലും നീ നിൻെറ ഈ അതിസാമത്ഥ്യങ്ങളെല്ലാം ഞങ്ങളോടു മാത്രമാണല്ലോ കാണിച്ചു പെരുമ നടിക്കുന്നതു്.'

അമീറിൻെറ പരിഹാസപരമായ ഈ വാക്കുകൾ കേട്ട് പൊട്ടിച്ചിരിച്ചുകൊണ്ടു ഉമർ അദ്ദേഹത്തെ കടന്നുപിടിച്ചു മാറോടുചേർത്ത് അന്യോന്യം ആശ്ലേഷിച്ചു. അനന്തരം, ഉമർ താൻ മലക്കുപോയതും അവിടെ നബിമാരെ കണ്ടതും അവരിൽനിന്നും വിശേഷപ്പെട്ട വസ്തുക്കൾ സമ്മാനം ലഭിച്ചതുമായ എല്ലാ ചരിത്രങ്ങളും വിവരിച്ചു പറഞ്ഞു കേൾപ്പിച്ചശേഷം സലിം എന്ന ആ വൃദ്ധൻ അമീറിനെയും ഒന്നു കാണണമെന്നും, അവിടേക്കു വേഗം പറഞ്ഞയക്കണമെന്നും അദ്ദേഹം പറഞ്ഞയച്ച വിവരവും അറിയിച്ചു. വസ്തുതകൾ ഗ്രഹിച്ച അമീർ ആനന്ദപുളകിതനായിത്തീന്നു.

അവർ അന്നുരാത്രി കഴിച്ചുകൂട്ടി പിറേറദിവസം രാവിലെ അമീർ ഉമറിനെയും തൻെറ സൈന്യനായകന്മാരെയും കൂട്ടിക്കൊണ്ട് ബാവാആദം

അവർകളുടെ മലയെ ലക്ഷ്യമാക്കി നടന്നു. അവർ കുറേദൂരം വഴികടന്നു പോയപ്പോൾ ഒരിടത്തായി അനവധി മനോഹരങ്ങളായ അരുവികളും വൃക്ഷലതാദികളും സ്ഥിതിചെയ്യുന്ന ഒരു പരിശുദ്ധസ്ഥലം അവരുടെ ദൃഷ്ടികളിൽപെട്ടു. അവർ കുറച്ചുനേരം അവിടത്തെ തേജോമയമായ പ്രകൃതിരമ്യതകൾ കണ്ടു രമിച്ചശേഷം വീണ്ടും നടന്നു. അപ്പോൾ സമീപത്തൊരിടത്തായി അതിവിസ്തൃതമായ ഒരു മൈതാനമാണ് അവർ കണ്ടതു്. ആ സ്ഥലം മുഴുവൻ ചന്ദനം, പനിനീർ ഇവയുടെ സൌഗന്ധികം നിറഞ്ഞിരുന്നു. അമീറിനേയും കൂട്ടുകാരേയും അവിടത്തെ ശോഭായമാനമായ ഭൂപ്രകൃതി എന്തെന്നില്ലാതെ ആഹ്ലാദിപ്പിച്ചു. അവർ ആ മൈതാനപ്രദേശം മുഴുവൻ ചുററി പരിശോധിച്ചു. അപ്പോൾ അതിൻെറ ഒരു ഭാഗത്തായി ശിലാനിർമ്മിതങ്ങളും ഫയൽമാന്മാർ വ്യായാമത്തിനുപയോഗിക്കുന്നതുമായ ചില സാധനങ്ങൾ കിടക്കുന്നതായി കണ്ടു. കൂടാതെ ചില ആയുധങ്ങളും അവർ അവിടെക്കണ്ടു. അക്കൂട്ടത്തിൽ വളരെ വലിപ്പവും ഭാരവുമേറിയ ഒരു കരിശു് എന്ന ആയുധത്തിലാണ് അവരുടെ ശ്രദ്ധ സവിശേഷമായി പതിഞ്ഞതു്. അതിൻെറ സമീപത്തായി ചില ആയുധപാണികളായ കാവൽക്കാരും നിന്നിരുന്നു. അമീർ അവരിൽ ചിലരെ അടുക്കൽ വിളിച്ചു് ഈ സ്ഥലം ആരുടേതാണെന്നും ഈ ആയുധങ്ങൾ ഉപയോഗിക്കുന്ന ആൾ ആരാണെന്നും ചോദിച്ചു.

കാവൽക്കാരിൽ ഒരുവൻ:—ഇതു് ഇവിടത്തെ സുൽത്താനായ ലന്തൂർ അവർകളുടെ സ്ഥലവും ഈ കാണുന്ന സാധനങ്ങളെല്ലാം അദ്ദേഹം ഉപയോഗപ്പെടുത്തുന്നവയുമാണ്.

അമീർ:—(ഉമറിനെ നോക്കി) ഉമർ! ഈ കരുവികളൊക്കെ എടുത്തു ഞാനും ഒന്നു പരീക്ഷിച്ചുനോക്കിയാലോ.

ഉമർ:—അതിനെന്താണു തടസ്സം. ഇതെല്ലാം ദൈവം അങ്ങയുടെ അധിനത്തിൽ ആക്കിത്തീർക്കാതിരിക്കയില്ല.

അമീർ അവിടെ ഉണ്ടായിരുന്ന ഓരോ സാധനങ്ങളും എടുത്തു പരിശോധിച്ചു തൻെറ ശക്തിയെ പ്രകടിപ്പിച്ചു. എന്നാൽ കരിശുമാത്രം എടുത്തു പൊന്തിക്കുവാൻ അദ്ദേഹത്തിനു ശക്തിയുണ്ടായില്ല. അതോടുകൂടി ലജ്ജിതനായിത്തീർന്ന അമീർ പലതും ചിന്തിച്ചു. 'ഹാ, ദൈവമേ! ഈ കരിശെടുത്തു പൊന്തിക്കുവാൻ അപ്രാപ്തനായ ഞാൻ എങ്ങിനെയാണു ലന്തൂരിനോടെതിരിട്ടു വിജയംനേടുക' എന്നീ വിചാരങ്ങളോടുകൂടി എല്ലാവരുമായി സലിം എന്ന വൃദ്ധനബിയുടെ സമീപം ചെന്നുചേർന്നു. അമീറിനെ കണ്ടമാത്രയിൽ സലിം അദ്ദേഹത്തെ കെട്ടിത്തഴുകി സന്തോഷിച്ചശേഷം അടുത്തൊരുസ്ഥലം ചൂണ്ടിക്കാണിച്ചുകൊടുത്തിട്ടു പറഞ്ഞു:—അതാ അവിടെ കുഴിച്ചുനോക്കുക. ദൈവം നിനക്കായി എന്താണവിടെ

നിക്ഷേപിച്ചിട്ടുള്ളതെന്നറിയാം. അതിനെ നീ എടുത്തുകൊള്ളുക' അമീർ ആ സ്ഥലത്തു കുഴിച്ചുനോക്കിയപ്പോൾ അവിടെ ഒരു വിശേഷപ്പെട്ടതും വിലയുയന്നതുമായ രത്നം ഇരിക്കുന്നതായി കണ്ടു. അമീർ അതിനെ എടുത്തു സലീമിനെ കാണിച്ചു.

സലീം:—അമീർ! ഇതു നിനക്കുള്ളതുതന്നെയാണ്. ഇതിനെ കുപ്പായക്കീശയിലിട്ടുകൊണ്ട് മലമുകളിൽപോയി ബാവാആദം അവർകൾക്കു വേണ്ട പൂജാദികൾ നടത്തുക. ദൈവം നിന്നെ അനുഗ്രഹിക്കും. എത്തുവരെ ഈ മലമുകളിലേക്കു കടക്കുവാൻ ദൈവം നിനക്കു കല്പന നൽകാതിരിക്കുന്നുവോ അതുവരെ നിനക്കു ലന്തൂരിനെ ജയിക്കുവാനും സാധിക്കുന്നതല്ല.

സലീമിൻെറ അനുവാദവും ആശിർവ്വാദവും വാങ്ങിക്കൊണ്ട് അമീറും കൂട്ടുകാരും മലമുകളിലേക്കു നടന്നു. എല്ലാവരും അവിടെ എത്തി വിധിയാംവണ്ണം പൂജാദികൾ നടത്തിത്തുടങ്ങി. അമീർ ദൈവത്തിൽതന്നെ ഉറച്ച മനസ്സോടുകൂടി തന്നെത്തന്നെയും മറന്നിരിക്കുമ്പോൾ അദ്ദേഹത്തിനു സ്വപ്നംപോലെ ഒന്നുതോന്നി. അതായതു് ആകാശത്തിൽനിന്നും ഏതാനും തേജോമയന്മാരായ നബിരത്നങ്ങൾ ഇറങ്ങി അമീറിൻെറ സമീപം വന്നുനിന്നു. അതിൽ വയോവൃദ്ധനായ ഒരാൾ അമീറിനെ പേർപറഞ്ഞു വിളിച്ചു് ഒരു രക്ഷായന്ത്രമെടുത്തു കൊടുത്തിട്ടു് അതിനെ തൻെറ വലത്തു കൈയിൽ കെട്ടിക്കൊള്ളുവാൻ ആജ്ഞാപിച്ചശേഷം ഇങ്ങിനെ പറഞ്ഞു. ഇതു നീ ധരിച്ചിരിക്കുന്ന കാലത്തോളം നിന്നെ ആക്കും കീഴ്പ്പെടുത്തുവാൻ സാധിക്കുന്നതല്ല. എത്ര ശക്തിയേറിയ എതിരാളികളോടെതിരിട്ടാലും നിനക്കുതന്നെ വിജയം നിശ്ചയവുമാണ്. ഒരു കാര്യം പ്രത്യേകം ഓർമ്മവയ്ക്കണം. ശത്രുസംഘക്കാർ യുദ്ധസന്നദ്ധരായി പറമുഴക്കിയശേഷമല്ലാതെ നിൻെറ പറയിന്മേൽ തൊട്ടുപോകരുതു്. മാത്രമല്ല, എതിരാളി നിന്നെ മൂന്നു വെട്ടു വെട്ടുന്നതുവരെ നീ അങ്ങോട്ടു ആയുധം പ്രയോഗിച്ചുപോകരുതു്. യോഗ്യന്മാർ എപ്പോഴും യോഗ്യതയായിട്ടു വേണം പ്രവത്തിക്കുവാൻ. ഏതൊരുവൻ അഭയം അത്ഥിച്ചാലും അപ്പോൾ കൊടുക്കണം. തോറേറാടിയവരെ അനുഗമിക്കയോ ദുഃഖത്താൽ ക്ലേശിച്ചിരിക്കുന്നവരെ വീണ്ടും ഖേദിപ്പിക്കുവാൻ പര്യാപ്തമായ കൃത്യങ്ങൾ ചെയ്യുകയോ അരുതു്. ആതുരന്മാരെയും അത്ഥികളേയും ഒരിക്കലും വെറും കൈയോടെ തിരിച്ചയക്കരുത്. ഈ വക കാര്യങ്ങളിൽ നീ പ്രത്യേകം ശ്രദ്ധവച്ചു പ്രവത്തിക്കുന്നതായാൽ ഈ ലോകത്തിൽ നിനക്കു ശരി കീത്തിമിയന്നും യോഗ്യനുമായി മററാരുമുണ്ടായിരിക്കയില്ല. മാത്രമല്ല, ഈ ലോകത്തിലുള്ള സകല കാഫറീങ്ങനയും നിൻെറ വാളിനാൽ നശിപ്പിച്ചു് പരിശുദ്ധമായ ഇസ്ലാമിൻെറകീത്തിയെ എന്നെന്നും നിലനിത്താനും സാധിക്കും.

അതിനുശേഷം മററ നബിമാരും അമീറിൻെറ ശിരസ്സിൽ തങ്ങളുടെ കൈ അണച്ച് ആശിർവ്വദിച്ചശേഷം തിരോധാനംചെയ്തു. ഉമർ പരമസന്തുഷ്ടിയോടുകൂടി കണ്ണുതുറന്നു. തനിക്കു സ്വപ്നദശനമാണുണ്ടായതെങ്കിലും കാര്യം പരമാത്ഥമാണെന്നു ബോദ്ധ്യമായി. അദ്ദേഹം വീണ്ടും ഈശ്വരപ്രാത്ഥനാദികൾ നടത്തിയശേഷം എല്ലാവരുമായി മലയടിവാരത്തിൽ വന്നു സലീമിനെ കണ്ടു വിവരങ്ങളെല്ലാം അദ്ദേഹത്തെ ഗ്രഹിപ്പിച്ചു. സലിം അമീറിനെ വേണ്ടതരത്തിൽ ആശിർവ്വദിച്ചശേഷം പറഞ്ഞു:— 'എനിക്കു എൻെറ ജീവിതം അവസാനിപ്പിക്കേണ്ട ഘട്ടം ഏററവും സമീപിച്ചിരിക്കുന്നു. ഞാൻ ഇത്രയും കാലം ഇവിടെവന്നു പാത്തതു് നിന്നെ കാണ്മാനായിട്ടുമാത്രമാണ്. എൻെറ അഭിലാഷങ്ങൾ മുഴുവൻ ഇതാ നിറവേറി. ഇനി നീ എനിക്കുവേണ്ടി അല്പം ബുദ്ധിമുട്ടേണ്ടതുണ്ട്. അതായതു്, ഞാനിപ്പോൾ മരിക്കും. നീ എൻെറ മൃതശരീരം വേണ്ടതരത്തിൽ മറവുചെയ്യണം, അത്രമാത്രമേയുള്ളു' അദ്ദേഹം ഇത്രയും പറഞ്ഞവസാനിപ്പിച്ചശേഷം ദൈവത്തിൽതന്നെ ഉറച്ച മനസ്സോടുകൂടി കുറച്ചു നേരമിരുന്നു് ഏതാനും വേദവാക്യങ്ങൾ ഉച്ചരിച്ചു. അതോടുകൂടി അദ്ദേഹത്തിൻെറ ദേഹി ദേഹത്തിൽനിന്നും തിരോധാനം ചെയ്യുകയുംചെയ്തു.

അമീർ സലിം അവർകളുടെ മൃതശരീരം വിധിയാംവണ്ണം മറവുചെയ്തശേഷം എല്ലാവരുമായി പുറപ്പെട്ടു മുൻപുകണ്ട ലന്തൂരിൻെറ മല്ലരംഗമായ മൈതാനത്തിൽ ചെന്നുചേന്നു ആദ്യം താൻ പൊക്കിയതിൽ തെല്ലും പൊന്താതിരുന്ന ആയിരത്തി എഴുനൂറു ഭാരം വരുന്ന ആ കുരിശിനെ ഇത്തവണ വെറും പഞ്ഞിക്കെട്ടു കണക്കെ ഉയത്തിയെടുത്തു ആത്തു വിളിച്ചുകൊണ്ടു കുറച്ചുനേരം അവിടെയെല്ലാം ചുററിത്തിരിഞ്ഞശേഷം അതു് ആദ്യമിരുന്ന സ്ഥലത്തുനിന്നും വളരെ അകലത്തൊരിടത്തായി കൊണ്ടുചെന്നു വച്ചു. അനന്തരം അവർ തങ്ങളുടെ കൂടാരത്തിലേക്കു തിരിച്ചു പോകയും ചെയ്തു.

അമീർ കുരിശെടുത്തു പൊന്തിക്കുന്നതും മററും കണ്ടു സംഭ്രാന്തരായിത്തീന്ന കാവൽക്കാർ ക്ഷണനേരത്തിൽ ഓടി എത്തി ലന്തൂരിനെ കണ്ടു വിവരങ്ങൾ അറിയിച്ചു. വിവരമറിഞ്ഞു കോപാവിഷ്ടനായിത്തീന്ന ലന്തൂർ തൻെറ ഗോദായിൽ വന്നു നോക്കിയപ്പോൾ കുരിശു താൻ വച്ചിരുന്ന സ്ഥലത്തുനിന്നും വളരെ അകലത്തൊരിടത്തായി ഇരിക്കുന്നതുകണ്ടു അത്യന്തം ആശ്ചര്യപ്പെട്ടു. അയാൾ ഇങ്ങിനെ ആത്മഗതം ചെയ്തു. 'ഓഹോ, എനിക്കു വിപരീതമായി ആരോ ഒരുവൻ പുറപ്പെട്ടിരിക്കുന്നു. അതുകൊണ്ടു ഭദ്രമായി സൂക്ഷിക്കേണ്ടതാണ്. അവൻ ആരുതന്നെയായാലുംഅത്ര മോശക്കാരനായിരിക്കാൻ ഇടയില്ല.' (കാവൽക്കാരെ നോക്കി) 'എൻെറ ഈ കുരിശ് അതിരുന്ന സ്ഥലത്തുനിന്നും എടുത്തു മാററിവച്ച അവൻ ഇനി

ഒരിക്കൽ ഇവിടെയെങ്ങാനും വരുന്നതായാൽ നിങ്ങൾ അവനെഅപ്പോൾ തന്നെ എൻെറ സമീപം കൂട്ടിക്കൊണ്ടു വരണം. അല്ലാത്തപക്ഷം ഉടനെ നിങ്ങൾ എനിക്കു വിവരം അറിവു തരണം.'

ഇനി നമുക്കു ഉമറിൻെറ സ്ഥിതിഗതികൾ ആരായാം. അയാൾ, താൻ പുറമെ ഒന്നു ചുററിനടന്നു വരാം എന്ന് അമിറിനോടു പറഞ്ഞു സമ്മതവും വാങ്ങിക്കൊണ്ടു തൻെറ കൂടാരം വിട്ടു പുറത്തു കടന്നു. ഏതു വഴിക്കു പോയാലാണ് നേരം പോക്കിനു കൂടുതൽ വകയുണ്ടാകുന്നതെന്നാലോചിച്ചു. ഒടുവിൽ ഒരു വിദേശിയെപോലെ വേഷം ധരിച്ച് തൻെറ വീണയുമായി ലന്തൂരിൻെറ കൊട്ടാരവാതുക്കൽ ചെന്നുനിന്നു ശ്രുതിമധുരമായി വായിക്കുവാൻ തുടങ്ങി. ഉമറിൻെറ സംഗീതത്തിൽ ലയിച്ചു വശായ കാവൽക്കാരിൽ ഒരുവൻ അയാളുടെ സമീപംചെന്ന് 'നിങ്ങൾ ആരാണ്? നിങ്ങളുടെ പേരെന്ത്? രാജ്യമേത്?' എന്നു വളരെ വിനയസ്വരത്തിൽ ചോദിച്ചു.

ഉമർ:—ഞാൻ ദൂരദേശത്തുകാരനൊരുവനാണ്. ഇവിടെ വന്നപ്പോൾ നിങ്ങളുടെ ബാദുഷയെപ്പററി കേട്ടു. അപ്പോൾ അദ്ദേഹത്തെ ഒന്നു കണ്ടാൽ കൊള്ളാമെന്നു മോഹം തോന്നി. നിങ്ങൾ ദയചെയ്തു ഈ വിവരം അദ്ദേഹത്തെ അറിയിച്ച് എന്നെ അദ്ദേഹത്തിൻെറ സമീപത്തേക്കു കൂട്ടിച്ചു കൊണ്ടുപോയിരുന്നെങ്കിൽ നന്നായിരുന്നു.

കാവൽക്കാരൻ ഉമറിൻെറ അഭിമതങ്ങൾ അടുത്ത നിമിഷത്തിൽ തന്നെ ലന്തൂരിനെ അറിയിക്കുകയും ഉമറിനെ അകത്തേക്കു കൂട്ടിച്ചുകൊണ്ടു ചെല്ലുവാൻ കല്പന നല്കുകയും ചെയ്തു. അതനുസരിച്ച് ആ കാവൽക്കാരൻ ഉമറിനെ ലന്തൂരിൻെറ മുൻപാകെ കൊണ്ടുചെന്നു നിർത്തി. ലന്തൂർ ഉമറിനെ ആപാദചൂഡം ഒന്നു സൂക്ഷിച്ചുനോക്കി. താൻ ഇതേവരെ ഈ വേഷത്തിൽ ഇങ്ങിനെ ഒരാളെ കണ്ടിട്ടില്ലാതിരുന്നതിനാൽ അയാൾ ആശ്ചര്യപരതന്ത്രനായി ഉമറിനോട് 'നിൻെറ പേരെന്തു? തൊഴിൽ എന്തു? നിൻെറ രാജ്യമേത്?' എന്നു ഘനസ്വരത്തിൽ ചോദിച്ചു.

ഉമർ:—ബഹുമാനപ്പെട്ട ബാദുഷാ! എൻെറ പേർ 'തസ്ത്പുർത്' (കൈവശപ്പെട്ടതുനാവൻ എന്നാണ് ഈ വാക്കിൻെറ അർത്ഥം) എന്നാണ്. എൻെറ കുടുംബക്കാർ കറാസാൻ ദേശത്തു താമസിക്കുന്നു. ഞാൻ ദേശസഞ്ചാരാർത്ഥം പുറപ്പെട്ടു പോന്നതാണ്.

ലന്തൂർ:—നിൻെറ പേരു കേട്ടിട്ട് എനിക്കു വലിയ ആശ്ചര്യം തോന്നുന്നു. മാത്രമല്ല, നിൻെറ സംസാരത്തിലും സംശയലേശങ്ങൾ സ്ഫുരിക്കുന്നു. നീ എവിടെയോ ആരെയോ കൊലചെയ്തിട്ട് ഓടിപ്പോന്നവനായിരിക്കുമെന്നാണ് എനിക്കു തോന്നുന്നത്.

ഉമർ:—ബഹുമാനപ്പെട്ട ബാദുഷാ! ഇതാ നോക്കുക (വീണ എടുത്തു കാണിച്ചിട്ട്) ഞാൻ ഇതുകൊണ്ടു കാലക്ഷേപം ചെയ്യുന്ന ഒരു സാധു മനുഷ്യനാണ്. എന്റെ കൈവിരലുകൾ ഇതിന്റെ കമ്പികളിൽ പെരുമാറിയാൽ എനിക്കു വശപ്പെടാത്തവരില്ല. അതുകൊണ്ട് എന്റെ പേരു കേട്ട് അങ്ങു സംശയിക്കേണ്ട.

ലന്തൂറിന്ന് ഉമറിന്റെ പേരിൽ വളരെ സന്തോഷം തോന്നി വീണ ഒന്നു വായിക്കുവാൻ പറഞ്ഞു. ഉമറിന് ഇങ്ങിനെ ഒരാജ്ഞ ലഭിക്കേണ്ട താമസം മാത്രമേ ഉണ്ടായിരുന്നുള്ളു. അയാൾ ക്ഷണത്തിൽ രാജസദസ്സിൽ സംഗീതവിദ്വാന്മാർക്കായി ഒഴിച്ചിട്ടപ്പെട്ടിരുന്ന ഇരിപ്പിടങ്ങളിൽ ഏററവും ഉയൎന്ന ഒന്നിൽ ചെന്നിരുന്ന് സാവധാനത്തിൽ ശ്രുതിമീട്ടിത്തുടങ്ങി. അവിടെ ഇരിപ്പുണ്ടായിരുന്ന രാജസദസ്സിലെ സംഗീതവിദ്വാന്മാർ, ഉമർ തങ്ങളെക്കാൾ ഉയൎന്ന ഇരിപ്പിടത്തിൽ ലേശവും സങ്കോചം കൂടാതെ ഇരിക്കുന്നതുകണ്ട് അസൂയ സഹിക്കവഹിയാതെ ഉററുനോക്കി പല്ലുകൾ ഞെരിച്ചു തുടങ്ങി. അവരുടെ പല്ലുകൾ കേട്ട വന്നതല്ലാതെ മററു ഫലമൊന്നുമുണ്ടായില്ല. ഉമർ അതൊന്നും അത്ര ശ്രദ്ധിച്ചുംതയില്ല. എന്നാൽ അവരിൽ ചിലൎക്കു കോപം തെല്ലും അടങ്ങിയില്ല. ഒരുവൻ ലന്തൂറിനോട് 'ഇയാളിൽമാത്രം മററുള്ള ഞങ്ങളെ അപേക്ഷിച്ച് എന്തൊരു യോഗ്യതയും പഠിപ്പുമാണു കൂടുതലുള്ളതു്? ഞങ്ങളുടെയെല്ലാം യജമാനനെന്ന ഭാവത്തിൽ ഇയാൾ ഏററവും ഉന്നതമായ പീഠത്തിൽ കയറി ഇരിക്കുവാൻ അനുവദിക്കുന്നതു ഉചിതമാണോ?' എന്നു ചോദിച്ചു.

ലന്തൂർ:—സംഗീതവിദ്വാന്മാരെ! ഒന്നാമതു ആ മനുഷ്യൻ ഒരു ഇസ്ലാമാണ്. രണ്ടാമതു്, കാഴ്ചയിൽ ഒട്ടും മോശക്കാരനല്ലെന്നും തോന്നുന്നു. മൂന്നാമതു് ഇയാളുടെ സംഗീതോപകരണം ഈ മായാബന്ധത്തിൽ നിന്നെല്ലാം വേർപെട്ട ഫക്കീറന്മാൎക്കു ചേൎന്നവകളായുമിരിക്കുന്നു. അതുകൊണ്ടു എതുവിധത്തിലും ഇയാളുടെ മനസ്സിന്നു കൂടുതൽ സന്തുഷ്ടിയുണ്ടാകുന്നതിൽ എനിക്കു വളരെ സന്തോഷം തോന്നുന്നു. ഫക്കീറന്മാർ ലോകമെല്ലാം ചുററിസഞ്ചരിക്കുന്നവരാണ്. ഇയാളെ നാം വളരെ ബഹുമാനിച്ചയച്ചാൽ പലേ രാജ്യങ്ങളിലും എന്റെ കീൎത്തിയെ ഇയാൾ പരത്തും. ഞാൻ നിന്ദിച്ചു വിട്ടാൽ എന്നെ ദൂഷിക്കയും ചെയ്യും. അതുകൊണ്ട് നിങ്ങളാരും ഇയാളിൽ അസൂയ കരുതേണ്ട.

ലന്തൂർ അവരെ ഇങ്ങിനെ സമാധാനപ്പെടുത്തിയ ശേഷം ഉമറിനെ നോക്കി 'ഇനി നിങ്ങളുടെ വേല ആരംഭിക്കാം' എന്നു പറഞ്ഞു. ഉമർ വായിക്കുവാൻ തുടങ്ങി. ക്ഷണനേരത്തിനുള്ളിൽ ബാദുഷയും മന്ത്രിപ്രധാനികളും സംഗീതകോവിദന്മാരുമെല്ലാം ചിത്രത്തിൽ വരച്ച രൂപങ്ങളെന്നവണ്ണം നിശ്ചേഷ്ടരായി സ്ഥിതിചെയ്തു. ഈ അവസരത്തിൽ ഉമറിന്റെ

ശ്രദ്ധ മുഴുവൻ ലന്തൂറിന്റെ സിംഹാസനത്തിന്റെ നാലു മൂലകളിലും പച്ചമരതകത്തിൽ ചെയ്തുപിടിപ്പിച്ചിരുന്ന മയിൽ രൂപങ്ങളിലാണു പതിഞ്ഞിരുന്നതു്. കാഴ്ചക്കു അത്യന്തം മനോഹരങ്ങളും വിശിഷ്ടങ്ങളുമായ അവ സ്വാധീനപ്പെടുത്തുവാൻ എന്താണു വഴി എന്നു് അയാൾ പലതും ആലോചിച്ചു. ഇങ്ങിനെയിരിക്കെ ഉമറിന്റെ സംഗീതധ്വനിയിൽ ലീനചിത്തനായിരുന്ന ലന്തൂർ ഉമറിനെ നോക്കി 'നിനക്കെന്താഗ്രഹമുണ്ടെങ്കിലും ചോദിച്ചുകൊള്ളുക. അവ തരുവാൻ ഞാൻ സന്നദ്ധനാണു്' എന്നു പറഞ്ഞു.

ഉമർ:—'അങ്ങു ദീർഘകാലം ജീവിച്ചിരിക്കട്ടെ. അങ്ങയുടെ കൃപകൊണ്ടു നൌഷർവാൻബാദുഷ അവർകളുടെ മരുമകൻ എനിക്കു വേണ്ടതൊക്കെ നൽകീട്ടുണ്ടു്. ഇനിയും ആവശ്യമുള്ളതു തരികയും ചെയ്യും. ധനത്തോടു് എനിക്കുള്ള ആശ നിശ്ശേഷം തീരത്തക്ക വിധത്തിൽ ദ്രവ്യം അദ്ദേഹം എനിക്കു തന്നിരിക്കുന്നു.

ലന്തൂർ:—അതൊക്കെ ശരിയായിരിക്കാം. എന്നാൽ ഞാൻ നിനക്കു യാതൊന്നും തന്നിട്ടില്ലല്ലോ. അതുകൊണ്ടു് എനിക്കു ലേശവും തൃപ്തി തോന്നുന്നില്ല. നീ ആവശ്യമുള്ള എന്തെങ്കിലും ചോദിച്ചുകൊള്ളുക.

ഉമർ:—എനിക്കു നാണയങ്ങളിലൊന്നും ഒട്ടും ഇഷ്ടമില്ല. എന്നാൽ, അങ്ങയുടെ അനുവാദമുള്ളപക്ഷം നമുക്കൊരു സബ്ബത്തു കുടി നടത്തിക്കളയാമെന്നുമാത്രം മോഹമുണ്ടു്.

ഉടൻതന്നെ രാജസദസ്സിൽ സബ്ബത്തു മുതലായ പാനീയവസ്തുക്കൾ വിതരണം ചെയ്യുന്നവനെ വിളിച്ചു് ഉമറിന്റെ ഇഷ്ടാനുസരണമുള്ള സാധനങ്ങൾ ഒരുക്കിക്കൊടുക്കുവാനും അതു വിതരണം ചെയ്യേണ്ട ഭാരം ഉമറിനെ തന്നെ ഏല്പിക്കുവാനും ലന്തൂർ കല്പിച്ചു. അതുപ്രകാരം അടുത്ത ക്ഷണത്തിൽതന്നെ വലിയ സ്ഫടികപാത്രങ്ങൾ നിറയെ സബ്ബത്തും അതു പകർന്നു കുടിക്കുവാനുള്ള സ്വർണ്ണപാത്രങ്ങളും പരിചാരകൻ ഉമറിന്റെ മുൻപാകെ കൊണ്ടുവന്നു വച്ചു. ഉമർ അതിൽനിന്നും കുറെ എടുത്തു് ഇഷ്ടംപോലെ കുടിച്ചുശേഷം ബാക്കിയുള്ളതിൽ ഏതോ ചില ലഹരിവസ്തുക്കൾ കലർത്തി ലന്തൂറിനും ബാക്കി അവിടെ കൂടിയിരുന്നവർക്കെല്ലാം തൃപ്തിയാവോളം കൊടുത്തു. സബ്ബത്തു കുടിച്ചു കുറച്ചു കഴിഞ്ഞപ്പോഴേക്കും ലന്തൂറിന്റെ പ്രകൃതത്തിനാകമാനം ഒരു മാററം സംഭവിച്ചു. അയാളുടെ കണ്ണുകൾ അരുണവർണ്ണമായിത്തീർന്നു. ലന്തൂറിന്റെ ബുദ്ധി പതറി എന്നു കണ്ടപ്പോൾ തന്റെ ഉദ്ദേശ്യസാദ്ധ്യത്തിനു് ഇതുതന്നെ ശരിയായ അവസരമെന്നു കരുതി ഉമർ അയാളുടെ സിംഹാസനത്തോടടുത്തു് മെല്ലെ ഒരു കൈനീട്ടി സിംഹാസനത്തിൽ ഉറപ്പിച്ചിരുന്ന മരതകമയിലുകളിൽ ഒരെണ്ണം പൊട്ടിച്ചെടുത്തു തന്റെ കുപ്പായക്കീശയിലാക്കി. നല്ല മയക്കത്തിലെ

ങ്കിലും ലന്തൂർ അതുകണ്ടു. അയാഠം ഉമറിനോട് 'തസ്കർതേ! നീ എന്തു വേലയാണു ചെയ്യുത്. മയിലിനെ പൊട്ടിച്ചെടുത്തു കിശക്കുള്ളിലാക്കുന്നു അല്ലേ?' എന്നു ചോദിച്ചു.

ഉമർ:—കുറച്ചുനേരം മിണ്ടാതിരിക്കു. ആരെങ്കിലും കാണുകയോ കേഠക്കുകയോ ചെയ്യാൽ നമുക്കു കുറവല്ലേ?. അതുകൊണ്ടു ദയചെയ്യു നിങ്ങഠം ശബ്ദിക്കാതിരിക്കണം.

ലന്തൂർ:—(ചിരിച്ചുകൊണ്ട്) നീ ഒരു വല്ലാത്ത മനുഷ്യൻതന്നെ. എൻെറ സാധനം അപഹരിച്ചുകൊണ്ടു എന്നോടു മിണ്ടാതിരിക്കാൻ പറയുന്നു. ഞാൻ പറയുന്നതു കേഠക്കുക. ഇവിടെയുള്ള വസ്തുക്കളെല്ലാം എൻെറ വകയാണ്. അതുകൊണ്ട് ആരു കണ്ടാലും കേട്ടാലും ഒന്നും വരാനില്ല. എല്ലാം എൻെറ ഇഷ്ടംപോലെ മാത്രമേ നടക്കയുള്ളൂ. അതിൽ എനിക്കാരെയും ഭയപ്പെടാനുമില്ല. എങ്കിലും നിൻെറ കളവ് അസാമാന്യമെന്നു തന്നെ പറയണം. അങ്ങിനെയാണെങ്കിലും എനിക്കു നിൻെറ പേരിൽ കൂടുതൽ സന്തോഷമല്ലാതെ ലേശവും അതൃപ്തിയില്ല. മററ മൂന്നു മയിലുകളെക്കൂടി നീ എടുത്തുകൊള്ളുന്നതെനിക്കു സമ്മതമാണ്. ഞാൻ പൂൎണ്ണസമ്മതത്തോടുകൂടി അതു നിനക്കായി വിട്ടിരിക്കുന്നു.

ഉമറിന് ഇതിൽപരം സന്തോഷമുണ്ടാകാനില്ലായിരുന്നു. ലന്തൂറിന് കൈ നിവൎത്തി ഒരു സലാം കൊടുത്തിട്ട് ബാക്കിയുണ്ടായിരുന്ന മൂന്നു മയിൽ രൂപങ്ങളും എടുത്തു സഞ്ചിയിലാക്കി. ഇതുകൊണ്ടും ഉമർ തൃപ്തനായില്ല. രാജസദസ്സിലുള്ള വസ്തുക്കഠം ഒന്നായി അപഹരിച്ചുകൊണ്ടു പോകാനാണ് ഉമർ ലാക്കുനോക്കി നിന്നിരുന്നത്. അയാഠം വീണ്ടും കുറെ സബ്ബത്തുകൂടി ഒഴിച്ച് അതിൽ കൂടുതൽ ലഹരി കലൎത്തി അവിടെയുണ്ടായിരുന്ന എല്ലാവൎക്കും ഇഷ്ടംപോലെ കുടിക്കുവാൻ കൊടുത്തു. ഏതാനും നിമിഷം കഴിഞ്ഞതോടുകൂടി രാജസദസ്സു മുഴുവൻ നിശ്ശബ്ദമായിത്തീൎന്നു. ലന്തൂർ ഉഠംപ്പെടെ സകലരും ബോധരഹിതരായി നിലംപതിച്ചു. ഈ അവസരത്തിൽ ഉമർ അവിടെയുണ്ടായിരുന്ന വിലയേറിയ സാധനങ്ങഠം ഒന്നൊഴിയാതെ എടുത്തു തൻെറ വിരിപ്പിനുള്ളിലാക്കി ചുരുട്ടി എടുത്തുകൊണ്ടു കൂടാരത്തിലേക്കു തിരിച്ചു.

കൂടാരത്തിൽ എത്തിയ ഉമർ ലന്തൂരിൽനിന്നും അപഹരിച്ച സാധനങ്ങഠം ഓരോന്നോരോന്നായി എടുത്തു നിരത്തിവച്ച് വലിയ കുബേരപദവിയിൽ ആഹ്ലാദപൂൎവ്വം ഇരുന്നു. ഈ അവസരത്തിൽ ഉമറിനെ കാണാതായിട്ടു വളരെ നേരമാകയാൽ അമീർ തൻെറ ചില ഭൃത്യന്മാരെ വിളിച്ച് ഉമറിനെ കണ്ടിട്ടു സമയം ഏറെയായി. നമ്മുടെ കൂടാരത്തിൽ എവിടെയെങ്കിലും തന്നെ ഉണ്ടോ അതല്ല, പുറത്തെവിടെയെങ്കിലുമാണോ

എന്നറിയുന്നില്ല. നിങ്ങൾ പോയി അന്വേഷിച്ചു കണ്ടുപിടിച്ച് ഇവിടെ കൂട്ടിക്കൊണ്ടു വരിൻ” എന്നാജ്ഞാപിച്ചയച്ചു. അമീറിന്റെ കല്പന പ്രകാരം അവർ ഉമറിനെ അന്വേഷിച്ച് ആദ്യമായിത്തന്നെ അയാളുടെ കൂടാരത്തിലേക്കാണു പോയത്. അവിടെച്ചെന്നു നോക്കിയപ്പോൾ കൂടാരംമുഴുവൻ വളരെ വിലയുയൎന്ന വസ്തുക്കൾ നിരത്തിവച്ച് ആനന്ദിച്ചുകൊണ്ട് ഉമർ അവിടെ ഒരിടത്തായി ഇരിക്കുന്നതു കണ്ടു. ഭൃത്യന്മാർ പെട്ടെന്ന് ഉമറിന്റെ സമീപം ചെന്ന് ‘സർദാർ! അമീർ അവർകൾ അങ്ങയെ വളരെ നേരമായി കാത്തുകൊണ്ടിരിക്കുന്നു. അങ്ങയെ വേഗം അവിടേക്കു കൂട്ടിച്ചുകൊണ്ടു ചെല്ലുന്നതിലേക്കായിട്ടാണു ഞങ്ങളെ പറഞ്ഞയച്ചിരിക്കുന്നത്.

‘നിങ്ങൾ വേഗം പൊയ്ക്കൊള്ളുവിൻ. ഞാൻ ഈ സാധനങ്ങളൊക്കെ എടുത്തു സൂക്ഷിച്ചു വച്ചിട്ട ക്ഷണത്തിൽ വന്നേക്കാം’ എന്ന് ഉമർ അവരോടു പറഞ്ഞു. ‘പ്രഭോ! ഈ വസ്തുക്കൾകൂടി ഒന്നിച്ചു കൊണ്ടുവരുവാൻ അദ്ദേഹം ആജ്ഞാപിച്ചിട്ടുണ്ട്’ എന്നു ഭൃത്യന്മാർ പറഞ്ഞുകേട്ടപ്പോൾ ഉമർ അതെല്ലാം വാരിക്കെട്ടി കൈയിലെടുത്ത് അമീറിന്റെ സമീപത്തേക്കു പുറപ്പെട്ടു. ഉമർ അമീറിന്റെ സമീപം എത്തി തന്റെ പക്കലുണ്ടായിരുന്ന സാധനങ്ങൾ മുഴുവൻ അദ്ദേഹത്തിന്റെ മുമ്പിൽ നിരത്തിവച്ചു. അതുകണ്ട് അമീർ ആശ്ചര്യപ്പെട്ടു. ഉമർ ഇത് എവിടെനിന്നെങ്കിലും കൊള്ളയടിച്ചതായിരിക്കുമെന്നു കരുതി അദ്ദേഹം ഉമറിനോട് ‘ഉമർ! ഇവ നിനക്കെവിടെനിന്നു കിട്ടി?’ എന്നു ചോദിച്ചു.

ഉമർ:—ഇതെല്ലാം നമ്മുടെ ലന്തൂർ അവർകൾ എനിക്കു പാരിതോഷികമായി തന്നതാണ്.

അമീറിന് ഉമറിന്റെ ഈ വാക്കു വിശ്വാസമായില്ല. അതിനാൽ ആ സാധനങ്ങൾ മുഴുവൻ അദ്ദേഹം തന്റെ മേൽനോട്ടത്തിൽ സൂക്ഷിക്കുവാൻ ഏൎപ്പാടുചെയ്തു. നേരം പ്രകാശമായ ഉടനെ അമീർ ആദിയെ അരികിൽ വിളിച്ച് ഉമറിൽനിന്നും പിടിച്ചെടുത്തുവച്ചിരുന്ന വസ്തുക്കളും വേറെ ചില സാധനങ്ങളും എടുത്ത് അയാളുടെ പക്കൽ കൊടുത്തിട്ട് ഇങ്ങിനെ പറഞ്ഞു:—‘നീ ഈ വസ്തുക്കൾ ലന്തൂരിന്റെ പക്കൽ കൊണ്ടുപോയി കൊടുത്തിട്ട്, ഇതെല്ലാം നിങ്ങൾക്കു തരുവാനായി ഞാൻ തന്നയച്ചതാണ്. കഴിഞ്ഞ രാത്രി ഉമർ നിങ്ങളുടെ രാജസദസ്സിൽ വന്നിരുന്നപ്പോൾ ഇവയെല്ലാം നിങ്ങൾ അവനു സമ്മാനമായി കൊടുത്തതാണെന്നാണു പറഞ്ഞത്. എന്നാൽ, അതിൽ എനിക്കു ലേശവും വിശ്വാസമില്ല. ഇവയൊക്കെ നിങ്ങൾ ഉമറിനു പൂൎണ്ണമനസ്സാലെ കൊടുത്തതുതന്നെയാണോ? അവൻ നിങ്ങളുടെ അടുത്ത് ഏതു രൂപത്തിലാണു വന്നത്? ഉമർ പറയുന്ന വാക്കുകളിലൊന്നും എനിക്കു ലേശം വിശ്വാസമില്ല.

എന്തുകൊണ്ടെന്നാൽ അവൻ ലോകത്തിലെ ഒന്നാമത്തെ തമാശക്കാരനാണ്. അതുകൊണ്ട് ഈ സാധനങ്ങൾ മുഴുവൻ ഞാൻ നിങ്ങളുടെ അടുക്കലേക്കുതന്നെ കൊടുത്തയച്ചിരിക്കുന്നു. കൂടാതെ, ഞാൻ നിങ്ങൾക്ക് ഒരു ചെറിയ സമ്മാനംകൂടി കൊടുത്തയക്കുന്നു. അതിനെയും നിങ്ങൾ സ്വീകരിക്കണം. അതു നിങ്ങൾ സ്വീകരിക്കുന്നതു് നിങ്ങൾ എന്നെ ബഹുമാനിക്കുന്നതിനു ശരിയാണ്. ഉമർ അവിടെ നിങ്ങൾക്കു എന്തെങ്കിലും വിപരീതം പ്രവൃത്തിച്ചിട്ടുണ്ടെങ്കിൽ ആ വിവരം പറഞ്ഞയച്ചാൽ ഞാൻ അവനെ വേണ്ട വിധത്തിൽ ശിക്ഷിച്ചുകൊള്ളാം'.

അമീറിൻെറ ആജ്ഞാനുസരണം ആദി ആവക സാധനങ്ങളെല്ലാം ഏതാനും കുതിരകളുടേയും ഒട്ടകങ്ങളുടേയും ചുമലിൽ ഏററി ലന്തൂരിൻെറ കൊട്ടാരത്തിലേക്കു തിരിച്ചു.

ലന്തൂരിൻെറ സദസ്സിൽനിന്നും ഉമർ വേർപിരിഞ്ഞ ആ രാത്രി മുഴുവൻ എല്ലാവരും തെല്ലും ബോധമില്ലാതെ കിടന്നുറങ്ങി. നേരം പ്രഭാതമായി നോക്കുമ്പോൾ തൻെറ സദസ്സു മുഴുവൻ അലങ്കോലമായി കിടക്കുന്നതു കണ്ട് സംഭ്രമത്തോടും അടക്കവൊഴിയാത്ത ദേഷ്യത്തോടുംകൂടി ലന്തൂർ മററുള്ളവരെ നോക്കി 'ആ തസ്കർത് എവിടെ?' എന്നു ചോദിച്ചു.

അവർ മറുപടി പറഞ്ഞു:—'ബാദുഷ! അവൻ ഇവിടെ അലഞ്ഞു തിരിഞ്ഞു നടന്നിരുന്നു. ഇപ്പോൾ ഇവിടെയെങ്ങും കാണ്മാനുമില്ല. എവിടെപോയി എന്നു ഞങ്ങൾക്കാർക്കും അറിവില്ല". അവർ ഇങ്ങിനെ സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടക്കു ലന്തൂർ തൻെറ കഴുത്തിൽ ഒരു കഷണം എഴുതിയ കടലാസ്സു തൂങ്ങുന്നതായി കണ്ടു. അയാൾ അതെടുത്തു വായിച്ചു. 'രാത്രിയിൽ വന്നിരുന്ന തസ്കർത്. ഉമറാണ്' എന്നായിരുന്നു അതിൽ എഴുതിയിരുന്നതു്.

ലന്തൂർ തൻെറ വേഷമൊക്കെ ക്ഷണത്തിൽ മാററി രാജസദസ്സിനെ പൂർവ്വരൂപത്തിൽ അലങ്കരിക്കുവാൻ പരിചാരകന്മാൎക്കാജ്ഞ കൊടുത്തു. അവർ തങ്ങളുടെ ജോലി നടത്തികൊണ്ടിരിക്കുതിനിടയിൽ ഒരു കാവൽക്കാരൻ കടന്നു വന്നു 'ബാദുഷ! നൌഷർവാൻ ബാദുഷയുടെ മരുമകനായ അമീർ അവർകൾ അങ്ങേക്കു തരാനായി ഏതാ അനവധി വസ്തുക്കളും കൊടുത്തു ആദി എന്നു പേരായി ഒരാളെ ഇവിടേക്കയച്ചിരിക്കുന്നു. അയാൾ കൊട്ടാരവാതുക്കൽ വന്നു കാത്തുനില്ക്കുന്നു.' എന്നു പറഞ്ഞു. ഇതു കേട്ടമാത്രയിൽ ലന്തൂർ തൻെറ മന്ത്രിമുഖ്യന്മാരെ വിളിച്ച് 'നിങ്ങൾ ചെന്നു ബഹുമാനപൂർവ്വം അദ്ദേഹത്തെ കൂട്ടിച്ചു കൊണ്ടുവരിക' എന്നു പറഞ്ഞയച്ചു. രാജനിയോഗപ്രകാരം അവർ ആദിയെ ചെന്നുകണ്ട് അദ്ദേഹത്തെ യഥായോഗ്യം വന്ദിച്ച ശേഷം ലന്തൂരിൻെറ സമീപത്തേക്കു കൂട്ടിച്ചു കൊണ്ടുവന്നു.

ആദിയെ കണ്ടമാത്രയിൽ ലന്തൂർ സ്നേഹപൂർവ്വം ബഹുമാനിച്ചിരുത്തി. ഉടനെ ആദി അമീർ കൊടുത്തയച്ചിരുന്ന പാരിതോഷികവും ഉമർ അപഹരിച്ചു കൊണ്ടുപോയിരുന്ന വസ്തുക്കളും ലന്തൂരിനെ ഏല്പിച്ചിട്ട് അമീർ പറഞ്ഞയച്ച വസ്തുതകൾ മുഴുവൻ അറിയിച്ചു. ആദിയുടെ വിനയം, യോഗ്യത, ഇവകളൊക്കെകണ്ട് അത്യന്തം സന്തുഷ്ടനായി അയാളെ തന്റെ സേനാനായകന്മാരുടെ ഇരിപ്പിടങ്ങളിൽ ഏററവും ഉയൎന്ന ഒന്നിൽ ഇരുത്തി. അനന്തരം ലന്തൂർ ആദിയെ നോക്കി ഇങ്ങിനെ പറഞ്ഞു:—'സ്നേഹിതാ! അമീർ അവർകൾ എനിക്കു കൊടുത്തയച്ച സമ്മാനങ്ങൾ ഞാൻ സ്നേഹപൂർവ്വം സ്വീകരിച്ചിരിക്കുന്നു. എന്നാൽ, ഉമർ എന്റെ പക്കൽനിന്നും അപഹരിച്ചു കൊണ്ടുപോയിട്ടുള്ള വസ്തുക്കളെല്ലാം ഞാൻ അയാൾക്കായി പൂർണ്ണമനസ്സോടുകൂടി ഉപേക്ഷിച്ചവകളാണ്. അതുകൊണ്ട് നിങ്ങൾ അമീർ അവർകളോടു ചെന്നു പറയേണ്ടതു് 'ഉമറിന്റെ പേരിലോ പ്രവൃത്തിയിലോ എനിക്കു തെല്ലും കാലുഷ്യമില്ല. അയാൾ അക്രമങ്ങൾ ഇവിടെ പ്രവൎത്തിച്ചിട്ടുണ്ടെങ്കിലും അതൊക്കെ ഞാൻ സന്തോഷപൂർവ്വം സഹിച്ചിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ അയാളെ യാതൊരു തരത്തിലും ഉപദ്രവിക്കരുതു്. മാത്രമല്ല, ഉമറിനെ അയാളുടെ സ്വന്തരൂപത്തിൽ എനിക്കൊന്നു കണ്ടാൽ കൊള്ളാമെന്നു് അതിയായ മോഹമുള്ളതിനാൽ അയാളെ ഉമറിന്റെ രൂപത്തിൽതന്നെ ഇങ്ങോട്ടയച്ചു തരികയും വേണം' എന്നു മാത്രമാണ്.

ലന്തൂർ ആദിക്കു വളരെ വിലയുയൎന്ന സമ്മാനങ്ങളും മററും കൊടുത്തു സന്തോഷിപ്പിച്ച് തനിക്കു അമീർ അവർകളെക്കൂടി ഒന്നു നേരിൽ കാണ്മാനാഗ്രഹമുണ്ടെന്നും പ്രത്യേകമായി അറിയിച്ചു യാത്രയാക്കി. ആദി അമീറിന്റെ കൂടാരത്തിൽ മടങ്ങിയെത്തി വിവരങ്ങളെല്ലാം വിശദമായി അറിയിച്ചു. അമീറിനു അളവററ സന്തോഷമുണ്ടായി. അനന്തരം അദ്ദേഹം ഉമറിനെ അടുക്കെ വിളിച്ച് 'ഹേ തസ്ത്പൂർത്! നിങ്ങളെ ലന്തൂറിനു സ്വന്ത രൂപത്തിൽ ഒന്നു കണ്ടാൽ കൊള്ളാമെന്നു പറഞ്ഞയച്ചിരിക്കുന്നു. അവിടെ നിന്നു അപഹരിച്ചു കൊണ്ടുപോന്ന സാധനങ്ങൾ മടക്കി തരാനും സമ്മതിച്ചു കൊടുത്തയച്ചിരിക്കുന്നു.'

താൻ വിജയിയായിത്തീൎന്നതിലുള്ള സന്തോഷാധിക്യത്തോടുകൂടി ഉമർ ആ സാധനങ്ങളെല്ലാം ഒന്നായി വാരിക്കെട്ടി എടുത്തുകൊണ്ടു തന്റെ കൂടാരത്തിലേക്കു പോയി. സാമാനങ്ങളെല്ലാം ഭദ്രമായി സൂക്ഷിച്ചശേഷം ഉമർ ലന്തൂരിന്റെ കൊട്ടാരത്തിലേക്കു തിരിച്ചു. ഉമർ പോകുംവഴിക്കു ഒരു കൂട്ടം കച്ചവടക്കാർ പലേ വില്പനസാമാനങ്ങളുമായി പോകുന്നതായി കണ്ടു. ഉടനെ ഉമർ വളരെ ഉയൎന്ന തരത്തിലുള്ള വേഷങ്ങൾ ധരിച്ചു കൊണ്ടു് വ്യാപാരികളുമായി നന്നേ ചേൎന്നു നടന്നു. അപ്പോൾ അവരുടെ

പക്കൽ വളരെ വിശിഷ്ടവും ലക്ഷം വരാഹൻവരെ വിലമതിക്കത്തക്കതും നവരത്ന നിൎമ്മിതവുമായ ഒരു കിരീടം വില്പനയ്ക്കുണ്ടെന്നും ഇത്ര മഹത്തായ കിരീടം ഇതേവരെ ലോകത്താരും കണ്ടിട്ടുകൂടിയില്ലെന്നും ഉമർ അറിഞ്ഞു. ഏറത്താമസിയാതെ വ്യാപാരിസംഘം ബാദുഷയുടെ കൊട്ടാരവാതുക്കൽ ചെന്നുനിന്നു. അവർ തങ്ങൾ വന്നിരിക്കുന്ന വിവരം വാതൽ കാവൽക്കാരോടു പറയുകയും അവർ ബാദുഷയെ വസ്തുത ഗ്രഹിപ്പിക്കുകയും ചെയ്തു. ഉടനെ ലന്തൂർ, വ്യാപാരികൾ വില്പനക്കായി കൊണ്ടുവന്നിട്ടുള്ള സാധനങ്ങൾ വാങ്ങിക്കൊണ്ടു വരുവാനും കല്പനകൊടുത്തു. അവർ വന്നു വ്യാപാരികളോടു വിവരം പറയുകയും ബാദുഷക്കു പററിയ സാധനം ഇതൊന്നു മാത്രമേയുള്ളു. എന്നു പറഞ്ഞ് അവർ ആ കിരീടം കൊടുത്തയക്കുകയും ചെയ്തു.

കിരീടം കണ്ടമാത്രയിൽ ലന്തൂറിന് അതിൽ വളരെ ആഗ്രഹം ജനിച്ചു. അയാൾ ഉടനെ തന്റെ ഖജാൻജിയെ വിളിച്ച് അതിന്റെ ശരിയായ വിലക്കും പുറമേ വ്യാപാരികൾക്കു ചില സമ്മാനങ്ങളുംകൂടി കൊടുത്തയക്കുവാൻ ഏൎപ്പാടുചെയ്തശേഷം കിരീടമെടുത്ത് അപ്പോൾതന്നെ തന്റെ ശിരസ്സിൽ അണിയുവാൻ ഒരുമ്പെട്ടു. കച്ചവടക്കാരിൽ ഒരുവനെന്ന നാട്യത്തിൽ കാവൽക്കാരൊന്നിച്ചു ബാദുഷയുടെ സമീപംചെന്നു നിന്നിരുന്ന ഉമർ, അയാൾ കിരീടത്തെ ശിരസ്സിൽ വയ്ക്കുവാൻ ഭാവിച്ചപ്പോൾ തടഞ്ഞുകൊണ്ട് 'ബാദുഷ! ആദ്യമായി അതിന്റെ വില എന്റെ പക്കൽ തരിക. അതിനുശേഷം സന്തോഷപൂൎവ്വം കിരീടമെടുത്തു ശിരസ്സിലണിയാം. അതാണുത്തമവും' എന്നു പറഞ്ഞു. അതു കേട്ട ലന്തൂർ ഖജാൻജിയെ വിളിച്ചു കിരീടം അയാളുടെ പക്കൽ കൊടുത്തിട്ട് 'ഇതിന്റെ വില കച്ചവടക്കാൎക്കു കൊണ്ടുപോയി കൊടുത്ത് അവരുടെയും കൂട്ടിച്ചുകൊണ്ട് ഇതോടുകൂടി നീ എന്റെ അടുക്കൽ വരിക. ഞാൻ ആരുടെ മുതലും അക്രമമായി അപഹരിക്കുന്നവനല്ല' എന്നു പറഞ്ഞു. അതനുസരിച്ചു ഖജാൻജി കിരീടവുമായി പുറത്തുചെന്നു കച്ചവടക്കാരോട് അതിന്നെന്തു വിലയാണു വേണ്ടതെന്നു ചോദിച്ചു. അപ്പോഴേക്കും ഉമറും അക്കൂട്ടത്തിൽ എത്തി. അയാൾ ഖജാൻജിയോടടുത്ത് കിരീടം എന്റെ പക്കൽ തരിക. വെളിച്ചത്തു നല്ലവണ്ണം പരിശോധിച്ചു വില തീൎച്ചയാക്കാം. ഇതു ബാദുഷയുടെ സന്നിധാനമാണ് എന്തു വസ്തുവും നല്ലവണ്ണം പരിശോധിച്ചു വില കണക്കാക്കേണ്ടതാണ്. അല്ലാത്തപക്ഷം പലേ കുററാരോപണങ്ങൾക്കും കുറവുകൾക്കും ഇടയായേക്കും' എന്നു പറഞ്ഞു. 'നിങ്ങൾ പറഞ്ഞതു ശരിതന്നെയാണ്. പരിശോധിച്ചുതന്നെ വാങ്ങണം. വെളിച്ചത്തു കൊണ്ടുപോയി നല്ലവണ്ണം പരിശോധിച്ചു കൊണ്ടുവരിക' എന്നു പറഞ്ഞ് ഖജാൻജി കിരീടം ഉമറിന്റെ പക്കൽ കൊടുത്തു.

ഉമർ അതു കൈയിൽ വാങ്ങി വാതൽപ്പടി കടന്നു പുറത്തെത്തി ആകാശത്തിലേക്കു സൂക്ഷിച്ചു നോക്കീട്ട് 'ഇതെന്തൊരു ഇരുളടഞ്ഞമേഘം. കറുത്തിരുണ്ടിരിക്കുന്നു. കൊടുങ്കാററും മഴയും ഇപ്പോൾതന്നെ ഉണ്ടായേക്കുമെന്നാണു തോന്നുന്നതു്.' എന്നു പറഞ്ഞുകൊണ്ടു ഒരു ഭാഗത്തേക്കൊതുങ്ങി അതിവേഗത്തിൽ നടന്നു. ഉമറിന്റെ വാക്കുകേട്ടു കല്ലുവടക്കാരും ഖജാൻജിയും ആകാശത്തിലേക്കു നല്ലവണ്ണം സൂക്ഷിച്ചിട്ട് 'സ്നേഹിതാ! എന്തൊരു നുണയാണു നിങ്ങൾ പറയുന്നതു്. ആകാശമണ്ഡലത്തിൽ മേഘത്തിന്റെ ലാഞ്ഛനപോലും കാണ്മാനില്ലല്ലോ എന്നു പറഞ്ഞു ഉമറിനെ തിരിഞ്ഞു നോക്കിയപ്പോഴേക്കും കിരീടവുമായി ഉമർ വളരെ അകലത്തെത്തിക്കഴിഞ്ഞു. മാത്രമല്ല, അവരുടെ ദൃഷ്ടിപഥത്തിൽ നിന്നും അയാൾ മറഞ്ഞും കഴിഞ്ഞു. അവർ ക്ഷണത്തിൽ വിവരം ലന്ധൂരിനെ ഗ്രഹിപ്പിച്ചു. കോപാവിഷ്ടനായ ലന്ധൂർ പെട്ടെന്നു തന്റെ സൈന്യങ്ങളെ അണിനിരത്തി താൻ തന്റെ ആനപ്പുറത്തും കയറി അതിവേഗത്തിൽ ഉമറിനെ പിൻതുടർന്നു. ഉമർ വളരെ ദൂരത്തിൽ ഓടിപ്പോകുന്നതായി കുറേശ്ശ അവർക്കു കാണാമായിരുന്നു. ഇവർ തന്നെ പിൻതുടരുന്നുണ്ടെന്നുള്ള വസ്തുത മനസ്സിലാക്കിട്ടും ഉമറിനു ലേശവും സങ്കോചമില്ലായിരുന്നു. അയാൾ അതിവേഗത്തിൽ മുന്നോക്കം ഓടിക്കൊണ്ടുതന്നെയിരുന്നു. ഉമർ ഇങ്ങിനെ ചെല്ലുമ്പോൾ തന്റെ മാർഗ്ഗം അവിടെ അവസാനിച്ചതായും അതിനങ്ങേപ്പുറം ഭയങ്കരമായ കാടാണെന്നും മനസ്സിലായി. ഉമർ പെട്ടന്നവിടെ നിന്നു് വല്ല വഴിയും കാണ്മാനുണ്ടോ എന്നു പരിശോധിച്ചു. അപ്പോൾ തന്റെ ഏററവും അടുത്തായി ഒരു ചെറിയ കുടിലും അതിൽ ഒരുവൻ ഇരുന്നു് കൽപ്പണിചെയ്യുന്നതും കണ്ടു. ഉമർ പെട്ടെന്നു് അവന്റെ സമീപം ചെന്നു് 'ഹേ, മനുഷ്യാ! നിനക്കു വരാൻ പോകുന്ന ആപത്തുകളെ കളെപ്പററി വല്ലതും നീ അറിയുന്നുണ്ടോ? ലന്ധൂർ ബാദുഷ അവർകൾ ഏതോ ഒരു സ്വപ്നം കണ്ടിരിക്കുന്നുവത്രേ. അതിന്റെ പാവപരിഹാരത്തിന്നായി ഒരു കൽപ്പണിക്കാരന്റെ ശിരസ്സിലെ തോലെടുത്ത് അതിൽ ഏതോ ചിലതു പ്രവൃത്തിക്കണമെന്നും ചില വിദ്വാന്മാർ ബാദുഷയെ ധരിപ്പിച്ചിരിക്കുന്നു. അതനുസരിച്ച ബാദുഷയുടെ ആൾക്കാർ നിന്നെ പിടിക്കുവാനായി അതാ വരുന്നു.' എന്നു പറഞ്ഞു. ഇതു കേട്ടു ഭയന്നു വിറച്ചുകൊണ്ടു് അവൻ ഉമറിനോട് 'ഈ ആപത്തിൽനിന്നും രക്ഷപ്രാപിക്കുവാൻ ഞാൻ എന്തുചെയ്യണം' എന്നു ചോദിച്ചു. അതിന്നുമർ അവനോടിങ്ങിനെ മറുപടി പറഞ്ഞു:—എടാ ബുദ്ധികെട്ട കഴുത! വേഗം നിന്റെ വസ്ത്രങ്ങൾ അഴിച്ചു എനിക്കു തരിക. ഞാൻ അതു ധരിച്ചുകൊണ്ടു് നിന്നെപ്പോലെ ഇവിടെയിരുന്നു കൽപ്പണി എടുക്കാം. നിന്റെ ജീവനെ രക്ഷിക്കാനുള്ള തന്ത്രങ്ങളും ഞാൻ എടുത്തുകൊള്ളാം. നീ ശബ്ദി

ക്കാതെ വേഗം പോയി അതാ അടുത്തുള്ള ആ കളത്തിലിറങ്ങി ശ്വാസം മടക്കി വെള്ളത്തിൽ താഴ്ന്നു കിടന്നുകളയുക. അവർ വരുമ്പോൾ അവരോട് എന്തെങ്കിലും തന്ത്രം പറഞ്ഞു മടക്കി അയച്ചുകൊള്ളാം.' ഇതു കേട്ടു പരമാൎത്ഥമെന്നു ധരിച്ചു ആ സാധു തന്റെ വസ്ത്രങ്ങൾ അഴിച്ച് ഉമറിനു കൊടുത്തിട്ട് വേഗം ആ കളത്തിൽപോയി താഴ്ന്നു കിടന്നു. ഉമർ ക്ഷണത്തിൽ വേഷം മാറി കൽപ്പണിക്കാരനെന്ന നാട്യത്തിന്മേൽ കല്ലിന്മേൽ ഉളിവച്ചു തല്ലിക്കൊണ്ടിരുന്നു. അപ്പോഴേക്കും ഗജാരൂഢനായ ലന്തൂർ ആ കുടിലിനു സമീപം വന്ന് ആനപ്പുറത്തുനിന്നും ഇറങ്ങി കുടിലിനകത്തു കടന്ന് ഉമറിനെ നോക്കി 'എടാ, ഇവിടേക്ക കടന്നുവന്ന അവൻ എവിടെ?' എന്നു ചോദിച്ചു. ഉമർ ഭയഭാവം നടിച്ചുകൊണ്ട് കുളം ചൂണ്ടിക്കാണിച്ചിട്ടു 'അവൻ അതാ ആ കുളത്തിലിറങ്ങി മുങ്ങികിടക്കുന്നു' എന്നു മറുപടി പറഞ്ഞു. ലന്തൂർ പെട്ടെന്നു തന്റെ വസ്ത്രങ്ങളെല്ലാം അഴിച്ചു കരയ്ക്കൊരിടത്തു വച്ചിട്ട് അവനെ പിടിക്കുവാനായി വെള്ളത്തിലിറങ്ങി മുങ്ങി തപ്പിത്തുടങ്ങി. അപ്പോൾ ലന്തൂരൊന്നിച്ചു പുറപ്പെട്ടിരുന്ന ആളുകൾ വളരെ അകലത്തുനിന്നും വരുന്നതേ ഉണ്ടായിരുന്നുള്ളു. ലന്തൂർ വെള്ളത്തിൽ താഴ്ന്ന മാത്രയിൽ ഉമർ കരയ്ക്കിരുന്ന ലന്തൂരിന്റെ വസ്ത്രങ്ങളുമെടുത്തുകൊണ്ട് പിന്തുടൎന്നു വരുന്ന ലന്തൂരിന്റെ ആൾക്കാരെ അഭിമുഖീകരിച്ച് അതിവേഗത്തിൽ ഓടി. സൈന്യസംഘത്തിൽ എത്തിയമാത്രയിൽ ഉമർ ബദ്ധപ്പെട്ട് അവരോട് 'ഖജാൻജി എവിടെ? വേഗം ഒന്നു കാണിച്ചുതരിൻ,' എന്നു പറഞ്ഞു അയാളെ കണ്ടുപിടിച്ച് തന്റെ കൈവശമിരുന്നിരുന്ന ലന്തൂരിന്റെ അംഗവസ്ത്രങ്ങൾ അയാൾക്ക കാണിച്ചു കൊടുത്തിട്ട 'ബാദുഷാ അവർകൾ അടയാളമായി ഈ വസ്ത്രങ്ങൾ എന്റെ പക്കൽ തന്നയച്ചിട്ട് ആയിരം വരാഹൻ വേഗം തന്നയക്കാൻ പറഞ്ഞിരിക്കുന്നു. ഒട്ടും താമസം വരുത്താൻ പാടില്ല. ഒരു നിമിഷനേരത്തിനുള്ളിൽ അതുമായി മടങ്ങി എത്തണമെന്നാണ് അദ്ദേഹത്തിന്റെ കല്പന' എന്നറിയിച്ചു. കാൎയ്യം വാസ്തവമായിരിക്കുമെന്നു ധരിച്ച് ഖജാൻജി ആയിരം വരാഹനും എടുത്ത് ഉമറിന്റെ പക്കൽ കൊടുത്തു. ഉമർ അതും കൈയിൽ വാങ്ങിക്കൊണ്ടു നേരെ തന്റെ കൂടാരത്തിലേക്ക നടന്നു.

കുളത്തിൽ മുങ്ങിയ ലന്തൂർ തപ്പിത്തടഞ്ഞ് കൽപ്പണിക്കാരനെ പിടിച്ചു കരയ്ക്കു വലിച്ചെറിയുവാൻ തന്നാലാകുന്ന യത്നംചെയ്തുതുടങ്ങി. ഈ തരുണത്തിൽ പിടികൊടുക്കരുതെന്നു കരുതി വെള്ളത്തിനടിയിൽ പാഞ്ഞിരുന്ന ആ സാധു തന്നെ ലന്തൂർ പിടികൂടുമെന്നായപ്പോൾ അടുത്തുണ്ടായിരുന്ന ഒരു പാറമേൽ തന്റെ തല മുട്ടിച്ചു മുറിയുണ്ടാക്കിയശേഷം വെള്ളത്തിനുമീതെ പൊന്തി ലന്തൂരിനെ നോക്കി 'എന്റെ തല പാറമേൽ തട്ടി തോൽ പൊളിഞ്ഞിരിക്കുന്നതിനാൽ ഇനി എന്റെ തോലു

കൊണ്ടു ബാദ്ഷക്കു പ്രയോജനമില്ല. അതിനാൽ മറ്റേതെങ്കിലുമൊരു കൽപ്പണിക്കാരൻെറ ശിരസ്സിലെ തോൽ പൊളിച്ചെടുക്കുന്നതാണ് ഉത്തമം' എന്നുപറഞ്ഞു. അവൻെറ ഈ വാക്കുകൾ കേട്ട് ബാദ്ഷാ ആശ്ചര്യപ്പെട്ടു. അവൻ ബുദ്ധിക്കു സ്ഥിരതയില്ലാത്തവനോ മറ്റോ ആയിരുന്നേക്കാമെന്നേ അദ്ദേഹം കരുതിയുള്ളു. 'ഞാൻ അന്വേഷിച്ചു വന്നവൻ ഇവനല്ല. ഇവൻ ഏതോ സാധു, എന്നിങ്ങിനെ ലന്ധൂർ ഓരോന്നു ചിന്തിച്ചുകൊണ്ടു നില്ക്കുന്നതിനിടയിൽ തൻെറ ആൾക്കാരിൽ പലരും അവിടെ എത്തി. അവരോടു ലന്ധൂർ ഈവഴിക്കു ആരെങ്കിലും കടന്നുപോകയുണ്ടായോ എന്നു ചോദിച്ചു. 'വിശേഷിച്ചാരും പോയിട്ടില്ല. അങ്ങു വസ്ത്രങ്ങളും കൊടുത്ത് ആയിരം വരാഹൻ വാങ്ങി വരുവാൻ പറഞ്ഞയച്ചിരുന്നവൻ മാത്രം വരികയുണ്ടായി. അവൻ വരാഹനും വാങ്ങി നേരെ പോകയും ചെയ്തു.' എന്നു സമാധാനം പറഞ്ഞു.

ഈ വിദ്യകളൊക്കെ കാട്ടിയത് ഉമറല്ലാതെ മറ്റാരുമായിരിക്കയില്ലെന്നു ലന്ധൂർ തീർച്ചയാക്കി. അതോടുകൂടി അയാൾക്കു ഉമറിൻെറ പേരിൽ അത്യധികമായ പ്രീതിയും ജനിച്ചു. ഉടൻതന്നെ ലന്ധൂർ വേറെവസ്ത്രഭൂഷണാദികൾ കൊണ്ടുവരുവിച്ചു ധരിച്ചുകൊണ്ടു തൻെറ ആനപ്പുറത്തു കയറി ഏകനായി അമീറിൻെറ പാളയത്തിലേക്കു തിരിച്ചു. ലന്ധൂർ അമീറിൻെറ സൈന്യപ്പാളയത്തോട് ഏകദേശം സമീപിക്കാറായപ്പോൾ ചില ദൂതന്മാർ അമീറിൻെറ സമീപം ഓടിഎത്തി 'ലന്ധൂർ യാതൊരു പിൻതുണയും കൂടാതെ ഏകനായി ഇതാ നമ്മുടെ കൂടാരത്തിലേക്കു വരുന്നുണ്ട്.' എന്നറിയിച്ചു. വസ്തുത ഗ്രഹിച്ചു ഉമർ കാവൽക്കാരെ വിളിച്ചു ലന്ധൂർ വന്നാൽ യാതൊരു തടസ്സവും പറയാതെ തൻെറ സമീപത്തേക്കു വിട്ടയക്കുവാനും ഏർപ്പാടു ചെയ്തു.

ലന്ധൂർ അമീറിൻെറ കൂടാരത്തിനു കുറച്ചകലത്തു വന്നു ആനപ്പുറത്തുനിന്നും ഇറങ്ങി കാൽനടയായി നടന്നു കൂടാരത്തിൻെറ മുൻവാതുക്കൽ എത്തി. ഉടനെ അമീർ എഴുന്നേററുചെന്നു സ്നേഹബഹുമാനപൂർവ്വം ലന്ധൂരിനെ കൂട്ടിച്ചുകൊണ്ടുവന്ന് തൻെറ സ്വന്തം ഇരിപ്പിടത്തിൽ ഇരുത്തി അടുത്തായി താനും ഇരുന്നു. അതോടുകൂടി അമീറിൻെറ ആജ്ഞാനുസരണം പരിചാരകന്മാർ വേണ്ട ലഘുഭക്ഷണങ്ങളും പാനീയപദാർത്ഥങ്ങളും തയാർ ചെയ്കയും അമീറും ലന്ധൂരും അവയൊക്കെ സന്തോഷമായി ഭക്ഷിച്ചു തൃപ്തിപ്പെടുകയുംചെയ്തു. അതിനെത്തുടർന്നു ഒരു രാജസദസ്സിലെന്നവണ്ണമുള്ള വിനോദാദികളുംമററും ഭംഗിയായി നടത്തിച്ച് അമീർ ലന്ധൂറിനെ വളരെ സന്തോഷിപ്പിക്കുകയും ബഹുമാനിക്കയുംചെയ്തു. അതോടുകൂടി അമീറിൻെറ പേരിൽ ലന്ധൂരിനു തോന്നിയിരുന്ന പ്രീതി ശതഗുണീഭവിച്ചു.

ലന്തുർ:—'മാന്യരെ! നമ്മുടെ ഉമറിനെ ഈ കൂട്ടത്തിലെങ്ങും കാണ്മാനില്ലല്ലൊ. അയാളെവിടെ? വിളിപ്പിക്കുക. സാക്ഷാൽ രൂപത്തിൽ തന്നെ വരാനും ഏർപ്പാടുചെയ്യണം. എനിക്കു അയാളെ തനിവേഷത്തിൽ കാണ്മാൻ അതിയായ മോഹമുണ്ട്. ഏതപ്പോഴും എന്റെ സമീപത്തു വന്നാലും കൃത്രിമവേഷമേ അയാൾ കെട്ടാറുള്ളു.

ലന്തുർ ഇത്രയും പറഞ്ഞവസാനിപ്പിച്ചപ്പൊഴെക്കും അമീറിന്റെ ആജ്ഞാനുസരണം ഉമർ സാക്ഷാൽ ഉമറായിത്തന്നെ അവരുടെ സമീപമെത്തി ലന്തുരിനെ നല്ലവണ്ണം ഒന്നു സൂക്ഷിച്ചുനോക്കി അയാളോടു വളരെ ബഹുമാനാദരവുകൾ നടിച്ചശേഷം തന്റെ ഇരിപ്പിടത്തിൽ ഇരുന്നു. ഇതേ തരുണത്തിൽ സർബ്ബത്തു പെരുമാറുന്ന പരിചാരകന്മാർ രത്നനിർമ്മിതങ്ങളായ പാത്രങ്ങളിൽ വളരെ വിശേഷപ്പെട്ട സർബ്ബത്തുകൾകൊണ്ടുവന്നു അവരുടെ മുമ്പിൽ നിരത്തി. അമീർ തന്റെ മുൻപിൽനിന്നും ഒരു പാത്രം സർബ്ബത്തെടുത്തു സന്തോഷപൂർവ്വം ലന്തുരിനു സമ്മാനിച്ചശേഷം താനും ഒരു പാത്രമെടുത്തു കുടിച്ചു. അനന്തരം ലന്തുർ ഉമറിനോടു ഒരു പാട്ടുപാടുവാൻ പറഞ്ഞു. ഉമർ ഒട്ടും മടിക്കാതെ ക്ഷണത്തിൽ ദാവൂദ് നബിയാൽ ദത്തമായ വീണയെടുത്തു ശ്രുതികൂട്ടി അതിരസകരമായി പാടിത്തുടങ്ങി. പിന്നീടത്തെ അവിടെയുള്ള സംഭവങ്ങൾ പറയേണ്ടതില്ലല്ലൊ. സംഗീതലഹരിയിൽ ലയിച്ചുവശായ ലന്തുർ തന്റെ കഴുത്തിൽ അണിഞ്ഞിരുന്ന വിലയേറിയ ഒരു രത്നമാല അഴിച്ച് ഉമറിന്റെ കണ്ഠത്തിൽ ധരിപ്പിച്ചശേഷം 'ഉമർ നീ അപഹരിച്ചുകൊണ്ടു് ഓടിപ്പോന്ന ആ കിരീടവും ഞാൻ നിനക്കായിത്തന്നെ തന്നിരിക്കുന്നു' എന്നു പറഞ്ഞു. അതിനുശേഷം മററാരും കേൾക്കാതെ അമീറും ലന്തുരും തമ്മിൽ എന്തോ രഹസ്യമായി ചെകിട്ടിൽ സംസാരിച്ചുകൊണ്ടിരുന്നു. പിന്നീട് എല്ലാവരും കേൾക്കത്തക്ക വിധത്തിൽ വളരെ നേരം സന്തോഷപ്രദമായി പലതും പറഞ്ഞു.

ഒടുവിൽ ലന്തുർ അമീറിനോടു യാത്ര പറഞ്ഞു പിരിയുവാൻ വട്ടംകൂട്ടി അമീറിനെ നോക്കി 'മിത്രമേ! ഞാൻ പറഞ്ഞ കാര്യത്തിൽ താങ്കൾ എന്തു തീർച്ചയാക്കി' എന്നു ചോദിച്ചു.

അമീർ:—നാം തമ്മിലുള്ള ഇപ്പോഴത്തെ സ്നേഹപൂർവ്വമുള്ള ഇരിപ്പാലോചിച്ചാൽ ഞാൻ നിങ്ങളുടെ പക്ഷത്തോടു യോജിക്കേണ്ടതാണ്. എന്നാൽ നൌഷർവാൻബാദുഷാ എന്നെ ഇവിടെക്കയച്ചിരിക്കുന്നതു നിങ്ങളോടെതിരിട്ടു യുദ്ധംചെയ്തു വിജയം നേടുവാനാണ്. എന്നാൽ, ഇവിടെ വന്നു കാര്യങ്ങൾ ആലോചിക്കുമ്പോൾ എല്ലാം ആശ്ചര്യകരമായും വിപരീതകരമായിട്ടുമാണു കാണുന്നതു്. മാത്രവുമല്ല, വ്യസനത്തിനുതന്നെയും കാരണമായിരിക്കുന്നു.

ലന്തുർ:—അമീർ! നിങ്ങൾ യുദ്ധോദ്യമത്തിൽ നിന്നും പിൻതിരിഞ്ഞുകളയുക. നാം തമ്മിൽ സന്തോഷപൂർവ്വം രാജിപ്പെട്ടാൽ നമ്മുടെ മൈത്രിക്കും മേൽക്കാര്യങ്ങൾക്കും ഭംഗമില്ല. നമുക്കിരുകൂട്ടൎക്കും അതു ശ്രേയസ്കരവുമാണ്. വാസ്തവത്തിൽ നൌഷർവാൻ നിങ്ങളെ എന്നോടു യുദ്ധം ചെയ്യുവാൻ പറഞ്ഞയച്ചതല്ല. ഏതു വിധത്തിലും നിങ്ങളുടെ ജീവനെ നശിപ്പിക്കണമെന്നുള്ള ഏകോദ്ദേശ്യം മാത്രമാണദ്ദേഹത്തിന്നുള്ളതെന്നാണ ഞാൻ വിശ്വസിക്കുന്നത്. നിങ്ങൾ അയാളുടെ പരമവിരോധിയായിരിക്കണം. അതുകൊണ്ട് ഈ വഴിക്കയച്ചാൽ ഒന്നുകിൽ സമുദ്രത്തിൽ പെട്ടു തീർന്നുകൊള്ളും. അല്ലാത്തപക്ഷം എന്റെ കൈയാൽ കലാശിച്ചുകൊള്ളും. ഇതാണ് അയാൾ കണ്ട വിദ്യ. അതുകൊണ്ട് ഞാൻ പറയുന്നതിനെ നിങ്ങൾ കേൾക്കുക. യുദ്ധോദ്യമം നിർത്തിവച്ച് എന്നെക്കൂടി നിങ്ങൾ ഒന്നിച്ചു ആ നൌഷർവാന്റെ അടുക്കൽ കൂട്ടിച്ചുകൊണ്ടു പോകുക. എന്നെ ജയിച്ചു ചെല്ലണമെന്നല്ലേ അയാൾക്കു മോഹമുള്ളു. അതിന്ന് എന്നെ പിടിച്ച് അവിടെ കൊണ്ടുചെന്നേൽപ്പിച്ചാൽ പോരെ? ഞാൻ നിങ്ങളൊന്നിച്ചു വരാനും ഒരുക്കമാണ്. എന്നാലും നാം തമ്മിൽ ഒരിക്കലും യുദ്ധം ചെയ്യുവാൻ ഇടവരുത്തരുത്. എന്നെ നിങ്ങൾ ആ നന്ദികെട്ടവന്റെ അടുക്കൽ കൂട്ടിച്ചുകൊണ്ടു ചെല്ലാമെങ്കിൽ ഞാൻ അടച്ച കണ്ണു തുറക്കും മുൻപുതന്നെ അവനെ യുദ്ധത്തിൽ കീഴ്പെടുത്തി നിങ്ങളെ അവന്റെ സിംഹാസനത്തിന്നധിപതിയാക്കിത്തീർക്കുന്നതാണ്. നിങ്ങൾ ഭംഗിയായി അവിടെ ഭരണം നടത്തി ജീവിക്കുക.

അമീർ:—സ്നേഹിതാ! പ്രതിജ്ഞക്കു വിപരീതം പ്രവർത്തിക്കുക വീരപുരുഷന്മാൎക്കു യോജിച്ചതല്ലല്ലോ. ഞാൻ നിങ്ങളോടു പടപൊരുതി വിജയം നേടി വന്നുകൊള്ളാമെന്നു സത്യം ചെയ്തിട്ടാണ പോന്നിട്ടുള്ളത്. അതങ്ങിനെയിരിക്കെ ആ കരാറിനെ വിലംഘിക്കുന്നതെങ്ങിനെ? നിങ്ങളുമായി ഞാൻ എങ്ങിനെ യുദ്ധം ചെയ്യും? ഈ കുഴപ്പങ്ങൾ എന്റെ മനസ്സിനെ വല്ലാതെ ക്ലേശിപ്പിക്കുന്നു.

ലന്തുർ പെട്ടെന്നു തന്റെ അരപ്പട്ടമേൽ നിന്നും വാൾ വലിച്ചൂരി എടുത്ത് അമീറിന്റെ മുൻപാകെ വച്ചുകൊടുത്തിട്ട് തന്റെ തല താഴ്ത്തി കാണിച്ചുകൊടുത്തുകൊണ്ട് 'മാന്യമിത്രമേ! നിങ്ങൾക്കെന്നെ വെട്ടി വിജയം പ്രാപിക്കണമെന്നു മോഹമുണ്ടെങ്കിൽ ഇതാ ഇരിക്കുന്ന എന്റെ വാളുകൊണ്ടുതന്നെ എന്റെ ശിരസ്സു വെട്ടി എടുത്തുകൊണ്ടുപോയി നൌഷർവാനെ കാണിച്ചുകൊടുത്തു നിങ്ങളുടെ പ്രതിജ്ഞയെ നിറവേററിക്കൊള്ളുക' എന്നു പറഞ്ഞു. ആ കാഴ്ച അമീറിനെ രോമാഞ്ചകഞ്ചുകിതനാക്കി

ത്തീൎത്തു. അദ്ദേഹം പെട്ടെന്നു ചാടി എഴുന്നേററ് ലന്തൂരിന്റെ ശിരസ്സ് പിടിച്ചുയൎത്തി തന്റെ കഴുത്തുമായി ചേൎത്തണച്ചു ലന്തൂരിനു തന്റെ പേരിലുള്ള സ്നേഹം, വിശ്വാസം, ബഹുമാനം മുതലായതുകളെ കീൎത്തിച്ചു വളരെനേരം സംസാരിച്ചു ലന്തൂരിനെ ആശ്വസ്ഥചിത്തനാക്കിത്തീൎത്തു. അദ്ദേഹം തുടൎന്നു പറഞ്ഞു:—"അല്ലയോ ബലശാലിയായ ലന്തൂർ! യുദ്ധവീരന്മാരുടെ ലക്ഷണം ഇതല്ല. യുദ്ധത്തിന്റെ പൂൎവ്വ ചടങ്ങായ പടധ്വനി. മുഴക്കിച്ചിട്ട് നാളെ രാവിലെ യുദ്ധക്കളത്തിൽ വന്നു ചേരുക. അപ്പോഴത്തെ സന്ദൎഭം യാതൊന്നോ നമുക്കതിനനുസരിച്ചു വൎത്തിക്കാം."

ലന്തൂർ:—നിങ്ങളുടെ മോഹം അങ്ങിനെയാണെങ്കിൽ നിങ്ങൾതന്നെ മുൻകൂട്ടി ഇന്നു രാത്രി പെരുമ്പറയടിക്കുക. നാളെ രാവിലെ നമുക്കു മൈതാനത്തിൽ ഒന്നുചേരാം.

അമീർ:—നിങ്ങൾതന്നെ മുൻകൂട്ടി പറ മുഴക്കി നിങ്ങൾതന്നെ ആദ്യമായി രണക്കളത്തിൽ വരിക. അതിനുശേഷം ഞാൻ യുദ്ധസന്നദ്ധനായി അവിടെ വരാം.

അമീറിനോടു യാതൊന്നും സമാധാനം പറയുവാൻ കാണാതെ ലന്തൂർ അവിടംവിട്ടു തന്റെ സൈന്യസംഘത്തിൽ എത്തി പടനായകന്മാരെ വിളിച്ചു പടധ്വനി മുഴക്കുവാൻ ഏൎപ്പാടു ചെയ്തശേഷം എല്ലാ സൈന്യസംഘത്തോടും യുദ്ധത്തിനു തയാറായിക്കൊള്ളുവാൻ ആജ്ഞ കൊടുത്തു. ലന്തൂരിന്റെ പറശബ്ദം കേട്ട മാത്രയിൽ അമീർ തന്റെ, സമുദ്രമദ്ധ്യത്തിൽനിന്നും ലഭിച്ച ആ വിശേഷപ്പെട്ട പെരുമ്പറ ശക്തിമത്താംവിധം മുഴക്കുവാൻ തന്റെ ആൾക്കാൎക്കാജ്ഞ കൊടുത്തശേഷം സൈന്യനായകന്മാരെ വിളിച്ച് അടുത്ത ദിവസം യുദ്ധം ചെയ്യുവാൻ സൈന്യങ്ങളെ തയാറാക്കി നിൎത്തിക്കൊള്ളുവാനും കല്പിച്ചു.

അമീറിന്റെ സൈന്യപ്പാളയത്തിൽ നിന്നും പുറപ്പെട്ട പെരുമ്പറയുടെ നാദം സമീപപ്രദേശങ്ങളെ മുഴുവൻ കിടുകിടെ വിറപ്പിച്ചു. ഈ അവസരത്തിൽ ലന്തൂരിന്റെ സൈന്യങ്ങളുടെ ഒരുക്കം അതി കേമമായി നടക്കുന്നുണ്ടായിരുന്നു. ഓരോരുവരും തങ്ങളുടെ വളരെക്കാലമായി ഉപയോഗമില്ലാതെ തുരുമ്പുപിടിച്ചു കിടന്നിരുന്ന ആയുധങ്ങളെല്ലാമെടുത്തു തേച്ചുമിനുക്കി വെടിപ്പാക്കുവാൻ തുടങ്ങി. അമീറാണു പ്രതിയോഗിയെന്നു കേട്ടപ്പോൾ ചിലൎക്കു ഭയം അടക്കവഹിയാതായിത്തീൎന്നു. ചിലർ യുദ്ധം ചെയ്യാനുള്ള അത്യാസക്തി ഹേതുവാൽ സന്തോഷാധിക്യത്താൽ മതിമറന്നു. ഇരു സംഘത്തിലും അന്നു രാത്രി അതികോലാഹലം തന്നെയായിരുന്നു.

പിറേറ ദിവസം അമീറും ലന്തൂരും തമ്മിലുള്ള യുദ്ധം കണ്ടു രസിക്കുവാനെന്നവണ്ണം സൂൎയ്യനും പൂർവ്വദിങ്മുഖത്തിൽ ഉദയം ചെയ്തു. അതേ നിമിഷത്തിൽ ലന്തൂർ തൻെറ സൈന്യങ്ങളെ തയാർചെയ്തു പടക്കളത്തിലേക്കു നിയോഗിച്ചു. അമീർ തൻെറ ദിനകൃത്യങ്ങളെല്ലാം ഭംഗിയായി നിർവ്വഹിച്ചു പ്രധാന സേനാനായകന്മാരോടും അവരുടെ കീഴിലുള്ള വൻപിച്ച സേനാനിവഹത്തോടും കൂടി താനും പ്രസന്നവദനനായി യുദ്ധരംഗത്തിലേക്കു പുറപ്പെട്ടു. രണ്ടു സംഘവും രണ്ടു ഭാഗത്തായി അണിനിരന്നു. ഈ അവസരത്തിൽ ഒരു വലിയ ശബ്ദം കേട്ടു് എല്ലാവരും ശ്രദ്ധിച്ചപ്പോൾ തങ്ങൾക്കഭിമുഖമായി അതിവേഗത്തിൽ ഓടിച്ചുവരുന്ന കുതിരകളുടെ കാലടിശബ്ദമാണതെന്നു മനസ്സിലായി. ക്ഷണനേരത്തിനുള്ളിൽ ഒരു വൻപിച്ച അശ്വസൈന്യവും അതിന്നനുസരിച്ച കാലാൾസൈന്യവും കുസ്സും എന്ന പ്രസിദ്ധ രണമല്ലൻെറ നേതൃത്വത്തിൽ അവിടെ വന്നുചേൎന്നു. അവൻെറ ആകാശം തുളയത്തക്ക വിധത്തിൽ ഉയൎന്നുനിന്നിരുന്ന നാല്പതു കൊടിക്കൂറകൾ കണ്ടു് അവൻെറ സൈന്യസംഖ്യ നാല്പതിനായിരമെന്നു് അമീറും കൂട്ടരും തീർച്ചയാക്കി. തന്നിക്കു വിരോധിയായി മുന്നണിയിൽ വന്നുനിന്നിരുന്ന കുസ്സുമിനെ അമീർ ഉമറിന്നു കാണിച്ചുകൊടുത്തു. അപ്പോൾ ഉമറിനു തെല്ലും നില്ക്കപ്പൊറുതിയുണ്ടായില്ല. അവൻെറ അടുത്തുചെന്നു് ഏതെങ്കിലും തമാശയുണ്ടാക്കണമെന്നു കരുതി ഉമർ ക്ഷണത്തിൽ കൂട്ടത്തിൽനിന്നും വേർപിരിഞ്ഞു് കുസ്സുമിൻെറ സംഘത്തിൽ ചെന്നു് വളരെ വിനയഭാവം നടിച്ചു് കുസ്സുമിനോടടുത്തു് അവന്നൊരു സലാം കൊടുത്തു. അപ്പോൾ കുസ്സും ഉമറിനെ നോക്കി 'ഹോ ഹോ, ഉമർ! താങ്കൾക്കു സൌഖ്യംതന്നെയല്ലേ?' എന്നു ചോദിച്ചു. ഉമർ മറുപടി പറഞ്ഞു:—'എന്തുസുഖം. മണ്ണാങ്കട്ടിക്കുണ്ടോ സുഖം? അതിന്നുണ്ടോ മരണം? ഞാനും അങ്ങിനെ ഇങ്ങിനെ കഴിഞ്ഞുകൂടുന്നു. ഈ അറബിയുടെ സേവകവൃത്തിയിൽ ഏൎപ്പെട്ടുക നിമിത്തം സ്വന്തരാജ്യം ഉപേക്ഷിക്കേണ്ടി വന്നു. ഒരു നേരവുമില്ല, മനസ്സിന്നു സമാധാനം; പിന്നെയെന്തൊരു സൌഖ്യമാണുള്ളതു്.'

കുസ്സും:—അതു സങ്കടങ്ങൾക്കൊന്നും നിങ്ങൾക്കവകാശമില്ലല്ലോ.

ഉമർ:—ഇല്ലെന്നോ; അമീറവർകൾ നൌഷർവാൻെറ മരുമകനാകാൻ പോകുന്നു. അങ്ങിനെയിരിക്കെ അദ്ദേഹത്തിൻെറ കണ്ണുണ്ടോ.സാധുക്കളുടെ മേൽ പതിയാൻ പോകുന്നു. താൻ വിചാരിച്ചിരിക്കുന്നു് തന്നെ ജയിക്കുവാൻ ലോകത്തിൽ ഇനി ആരുമില്ലെന്നു്. മുൻപെല്ലാം അദ്ദേഹത്തിന്നു് എന്നെ വലിയ ഇഷ്ടമായിരുന്നു. ആസന്നങ്ങ

ളിൽഒപ്പം ഇരിക്കുവാനൊന്നും വിസമ്മതിച്ചിരുന്നില്ല. ഇപ്പൊഴാകട്ടെ ആ നിലയൊക്കെ പോയി. നല്ലസമയം നോക്കീട്ടു മാത്രമേ അടുക്കൽ ചെല്ലാൻപോലും ഇപ്പോൾ നിവൃത്തിയുള്ളു. യഥാൎത്ഥം പറകയാണെങ്കിൽ മേലാൽ അമീറൊന്നിച്ചു ജീവിക്കുവാൻ എനിക്കു ലേശം ഇഷ്ടമില്ല. ഏതെല്ലാം ആപൽഘട്ടങ്ങളിൽ ഞാൻ അയാൾക്കു സഹായിച്ചിരിക്കുന്നു. ഞാൻ ചെയ്ത ആവക സഹായങ്ങൾ മററാൎക്കാനുമാണു ചെയ്തിരുന്നതെങ്കിൽ അവർ എന്നെ ഒരിക്കലും മറക്കയോ കൈവെടിയുകയോ ചെയ്യുമായിരുന്നില്ല. ഇപ്പോൾ ഞാൻ വിചാരിക്കുന്നതു് മററാരുടെയെങ്കിലും കൂട്ടത്തിൽ കൂടിച്ചേരണമെന്നാണു്. അല്ലാത്തപക്ഷം ഏതെങ്കിലും രാജ്യത്തേക്കു പോയ്ക്കളയാമെന്നു തീൎച്ചയാക്കിയാണു ഞാനിപ്പോൾ പോന്നിട്ടുള്ളതു്.

കുസ്സൂം:—ഉമർ! നിങ്ങളെന്തൊക്കെയാണു പറയുന്നതു്. നിങ്ങൾ എവിടെ ഇരുന്നാലും ഒന്നിനും ഒരു കുറവുമുണ്ടാകുന്നതല്ലല്ലോ. നിങ്ങൾ എന്നോടൊന്നിച്ചു നില്ക്കാമെങ്കിൽ ഞാൻ നിങ്ങളെ എൻെറ ജീവനെക്കാളും വലുതായി കരുതുന്നതാണു്. നിങ്ങളുടെ ഭൃത്യപ്പണികൾ പോലും ചെയ്വാൻ ഞാൻ സന്നദ്ധനാണു്.

ഉമർ:—ഞാൻ അതേ ഉദ്ദേശത്തോടുകൂടിത്തന്നെയാണു നിങ്ങളെ അന്വേഷിച്ചു വന്നതും. എന്നാൽ നിങ്ങൾ ഇപ്പോൾ ഒന്നു ചെയ്യണം. അമീറിനെ ലന്തുരുമായി യുദ്ധത്തിനിപ്പോൾ ഇടകൊടുക്കാതെ നിങ്ങൾതന്നെ ആദ്യമായി ലന്തുരിനോടെതിൎക്കണം. യുദ്ധസന്നദ്ധനായി വന്നുനില്ക്കുന്ന അമീർ മിഴിയും തുറിച്ചു് അവിടെ നില്ക്കട്ടെ. അതുകണ്ടു് അയാളുടെ സൈന്യങ്ങളെല്ലാം നാണിച്ചു് തല കുനിക്കുന്നതു നിങ്ങൾക്കുതന്നെ കാണാം. ലന്തുർ വലിയ ആനയാണു്; കുതിരയാണു് എന്നൊക്കെ ആളുകൾ പറയുന്നതു വെറുതെയാണു്. ഞാൻ അവൻെറ പ്രധാന ആയുധമായ കുരിശു കണ്ടു. കാഴ്ചക്കാൎക്കു് അതു മുഴുവൻ ഇരിമ്പുകൊണ്ടുണ്ടാക്കിയതാണെന്നു തോന്നും. എന്നാൽ, അതു് മരംകൊണ്ടുണ്ടാക്കി മീതെ ഇരിമ്പു തകിടു പൊതിഞ്ഞതാണു്. അവനെപ്പോലെ ഇത്ര മഠയന്മാരായി ലോകത്തിൽ മററാരുമില്ലെന്നാണു ഞാൻ കരുതുന്നതു്. ഇത്ര നിസ്സാരനായ ഒരുവനോടെതിൎത്തു് അമീർ വിജയം നേടിയാൽ അയാൾ നൌഷർവാൻെറ മരുമകനായിത്തീരുകയും ചെയ്യും. അങ്ങിനെയായാലോ പിന്നെ അയാൾ നമ്മെ ലേശം കൂട്ടാക്കുന്നതുമല്ല.

കുസ്തം:—നിങ്ങൾ പറഞ്ഞതു ശരിതന്നെയാണ്. നിങ്ങൾകൂടി എന്നോടൊന്നിച്ച നിന്നുകൊള്ളുക. ഞാൻ ആ ലന്തൂരിനെ ഒരു വെട്ടിനു തകൎത്തിട്ട് അമീറിനേയും ഇരുകഷണമാക്കി വിട്ടേക്കാം. ഞാൻ നിങ്ങളോടു യാതൊന്നും മറച്ചു വയ്ക്കുന്നില്ല. എൻെറ ഉദ്ദേശ്യവും മിക്കവാറും ഇതുതന്നെയായിരുന്നു. ഞാൻ ബഹറാമിനെ നശിപ്പിച്ചിട്ട് ജാപൽ എന്ന ദിക്കിൽ പോയി വളരെ സൌഖ്യമായി ജീവിച്ചുവരികയായിരുന്നു. അപ്പോൾ എനിക്കു നൌഷർവാൻെറ ഒരു കത്തുകിട്ടി. അതിങ്ങിനെയായിരുന്നു 'നീ മുൻകൂട്ടി ചെന്നു ലന്തൂരിനെ കൊന്ന് വിജയം നേടി എൻെറ മനസ്സിനെ പ്രീതിപ്പെടുത്തിയശേഷം അമീറിനേയും കൊലചെയ്തിട്ട് എൻെറ സമീപം വരുന്നപക്ഷം ഞാൻ നിനക്കു എൻെറ മകളെ വിവാഹം ചെയ്തുതരുന്നതാണ്. അതോടൊപ്പം അനവധി സമ്മാനങ്ങളും ഞാൻ നിനക്കു തരുന്നതായിരിക്കും. കൂടാതെ ഞാൻ നിന്നെ എൻെറ ഒരു മകനെപ്പോലെ കരുതുന്നതുമായിരിക്കും.'

ഉമർ:—കൊള്ളാം. അങ്ങിനെയൊക്കെ കാൎയ്യമിരിക്കെയാണോ നിങ്ങൾക്കു പിന്നെയും ഇക്കാൎയ്യത്തിൽ ആലോചന. വേഗം പുറപ്പെടുക. പോകുന്ന പോക്കിൽതന്നെ ഒരൊററ വീശലിനു അവൻെറ തല ദൂരെ തെറിപ്പിച്ചിട്ടു മെഹർനികറിന്നവകാശിയായി ബാദുഷ എന്ന സ്ഥാനവും സമ്പാദിക്കുക.' ഇങ്ങിനെ ഓരോന്നു പറഞ്ഞു കുസ്തമിനെ ഉന്തിത്തള്ളി മുന്നോട്ടു വിട്ടിട്ട് ഉമർ മറെറാരു പുതിയ വേഷം കൈക്കൊണ്ട് അവൻെറ കുതിരയൊപ്പം യുദ്ധരംഗത്തിൽ അങ്ങിങ്ങായി ചുററിനടന്നു.

കുറച്ചു കഴിഞ്ഞു കുസ്തം തൻെറ കാണ്ടാമൃഗത്തിന്മേൽ കയറി യുദ്ധരംഗത്തിൻെറ മദ്ധ്യപ്രദേശത്തു കടന്നുനിന്ന് 'ലന്തൂരെന്നു പറയുന്നവൻ ആരാണ്. അവൻ ഒരു ധീരപുരുഷനാണെങ്കിൽ എന്നോടെതിൎത്ത് അവൻെറ ശക്തി പ്രദൎശിപ്പിക്കട്ടെ. എൻെറ വാളിൻെറ ശക്തിയും ഈ യുദ്ധരംഗത്തിൽ വച്ചുതന്നെ നല്ലവണ്ണം മനസ്സിലാക്കയും ചെയ്യാം.' എന്നിങ്ങിനെ അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞു. ഈ പോർവിളി കേട്ടമാത്രയിൽ രോഷാകുലനായിത്തീൎന്ന ലന്തൂർ തൻെറ മദയാനപ്പുറത്തു കയറി മല ഇളകിവറിഞ്ഞു വരുന്നതുപോലെ യുദ്ധഭൂമിയിൽ വന്നുനിന്നു കുസ്തമിനെ നോക്കി 'എടാ, അഹങ്കാരി! നീ എന്തൊക്കെയാണു വായിൽ വന്നതു വിളിച്ചുപറയുന്നത്. നീ പൌരുഷമുള്ളവനാണെങ്കിൽ എന്നോടെതിൎത്തു നിൻെറ യോഗ്യതകൾ വെളിപ്പെടുത്തുക.' എന്നു പറഞ്ഞു. ഇതു കേട്ടമാത്രയിൽ ഗൎവ്വിഷ്ഠനായ കുസ്തം തൻെറ വാൾ വലിച്ചൂരി ചുഴററി

വീശികൊണ്ട് ലന്തൂരിനോടടുത്ത് അയാളുടെ കഴുത്തിനെ ലക്ഷ്യമാക്കി ഒരു വെട്ടുവെട്ടി. ആ വെട്ടു തന്റെ കരിശുകൊണ്ടു ലന്തൂർ തടുത്തു. കുരിശിൽ വെട്ടുപെട്ട അവന്റെ വാൾ ഒന്നിനും കൊള്ളാതായിത്തീൎന്നു. ഉടനെ ലന്തൂർ തന്റെ കരിശു വലിച്ചു ചുഴററി കുസ്സുമിന്റെ ശിരസ്സിൽ ഒരടി കൊടുത്തു, കുസ്സും ആ അടിപെടാതെ ഒഴിഞ്ഞു മാറിയെങ്കിലും അതിന്റെ ഒരു ഭാഗം അവന്റെ തോളിന്മേൽ തടഞ്ഞു. അതേ നിമിഷത്തിൽ ആ ഭാഗത്തെ എല്ലുകൾ മുഴുവൻ ഞെരിഞ്ഞ് അവൻ ഇരിക്കാൻ ശക്തനല്ലാതെ കാണ്ടാമൃഗത്തിന്റെ പുറത്തുനിന്നും മുഖവും കുത്തി നിലം പതിച്ചു സ്മരണയില്ലാതായിത്തീരുകയുംചെയ്തു. പെട്ടെന്ന് അവന്റെ കൂട്ടുകാർ ചെന്ന് അവനെ താങ്ങിഎടുത്തു യുദ്ധം നിൎത്താനുള്ള പറശബ്ദം മുഴക്കിയ ശേഷം അവിടംവിട്ടോടിപ്പോയി. അഹങ്കാരത്തോടുകൂടി വന്ന കുസ്സുവും സൈന്യവും ഇങ്ങിനെ ആ യുദ്ധരംഗത്തിൽനിന്നും എന്നെന്നേക്കുമായി ഒഴിഞ്ഞു.

യുദ്ധം നിൎത്തിയശേഷം ലന്തൂർ അമീറിനെ നോക്കി 'അടുത്തദിവസം നിങ്ങളുടെ സാമൎത്ഥ്യവും പരീക്ഷിച്ചുകളയാം' എന്നു പറഞ്ഞു. അതുകേട്ട് അമീർ 'ഇന്നെന്തു തടസ്സമാണുള്ളത്? പിന്നേക്കു മാററിവച്ചിട്ടു വല്ല കാൎയ്യസാദ്ധ്യവും ഉണ്ടാകാനുണ്ടോ?' എന്നു ചോദിച്ചു. 'ഇന്നു വീണ്ടും യുദ്ധകാഹളം മുഴക്കി നാളെ വേണ്ട കരുതലോടുകൂടി പ്രവൎത്തിക്കുന്നതു നന്നായിരിക്കുമെന്നാണ് എന്റെ പക്ഷം' എന്നു ലന്തൂർ പറഞ്ഞതിനോട് എല്ലാവരും അനുകൂലിച്ചു. അതിനെതുടൎന്ന് ഇരുസംഘത്തിൽനിന്നും കാഹളധ്വനി പുറപ്പെട്ടു. അനന്തരം എല്ലാവരും അവരവരുടെ കൂടാരങ്ങളിലേക്കു മടങ്ങി.

യുദ്ധത്തിൽ തോററോടിയ കുസ്സും തന്റെ സൈന്യസംഘത്തോടുകൂടി വളരെ ദൂരത്തൊരിടത്തെത്തി വഴിയരുകിലുള്ള ഒരു കാട്ടുപ്രദേശത്ത് ഒളിഞ്ഞു താവളമുറപ്പിച്ചു താമസിച്ചു. അമീർ ലന്തൂറിനെ ജയിച്ചു മടങ്ങുന്നതു് അതു വഴിക്കായിരിക്കുമെന്നും മടക്കത്തിൽ വിചാരിച്ചിരിക്കാതെ കടന്നെതിൎത്താൽ അമീറിനെ വധിച്ച് അദ്ദേഹത്തിന്റെ സൈന്യങ്ങളെ മുഴുവൻ നശിപ്പിച്ച് വിജയം പ്രാപിക്കാമെന്നുമായിരുന്നു അയാളുടെ നിശ്ചയം.

രണ്ടാംഭാഗം കഴിഞ്ഞു.